# സഭാചരിത്രാന്വേഷണങ്ങൾ

**Sabhacharithranweshanangal**
Malayalam/ History
Author: P.Thomas, Piravom
First Published: 2012 December
Copies: 1000
Published by: Sophia Books, 2nd Floor,
Kandathil Building, Thirunakkara, Kottayam. 686001
Printing: Sophia Print House, Kottayam.
Price: ₹150

# സഭാചരിത്രാന്വേഷണങ്ങൾ

പി. തോമസ് പിറവം

സോഫിയാ ബുക്സ്
കോട്ടയം

## പി.തോമസ് പിറവം

പിറവം (വെട്ടുവഴി) വടക്കേ നെല്ലിക്കുഴിയിൽ പൈലിയുടെയും മുളക്കുളം ചെമ്മനത്തേൽ ശോശാമ്മയുടെയും മകൻ. പിറവം സെന്റ് മേരീസ് ഓർത്ത ഡോക്സ് വലിയപള്ളി ഇടവകാംഗം. കേരള വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എൻജിനിയറായിരുന്നു. ഓർത്തഡോക്സ് ക്രൈസ്തവയുവജനപ്രസ്ഥാനത്തിന്റെ പിറവം മേഖലാ ഓർഗനൈസർ, കണ്ടനാട് ഭദ്രാസനസെക്രട്ടറി, കേന്ദ്രക്കമ്മ റ്റിയംഗം തുടങ്ങിയ ചുമതലകൾ നിർവ്വഹിച്ചു. പിറവം എം.കെ.എം. സൺഡേ സ്കൂൾ അദ്ധ്യാപകനും ഡിസ്ട്രിക്ട് സൺഡേ സ്കൂൾ ഇൻസ്പെക്ടറുമായിരുന്നു. കോട്ടയം ഓർത്തഡോക്സ് സെമിനാരിയുടെ ദിവ്യബോധനം പഠനപദ്ധതിയിൽ ആദ്യബാച്ചിൽ ഡിപ്ലോമ നേടി. കണ്ടനാട് ഭദ്രാസനദിവ്യബോധനം ഡയറക്ട റായിരുന്നിട്ടുണ്ട്. ഓർത്തഡോക്സ് സഭാവിജ്ഞാനകോശത്തിന്റെ എഴുത്തു കാരിൽ ഒരാൾ. ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ പ്രസ്ഥാനത്തിനു വേണ്ടി ഗാനങ്ങളും പാഠങ്ങളും രചിച്ചു. ഓർത്തഡോക്സ് സഭാഗായകസംഘ ത്തിന്റെ കേന്ദ്ര ഭദ്രാസനപ്രവർത്തനങ്ങളിൽ ഭാഗഭാക്കാണ്. വചനത്തിന്റെ നീരു റവകൾ, കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ-വ്യക്തിയും കാലവും, പൗരസ്ത്യ ക്രൈസ്തവദർശന കർമ്മയോഗി, യുഗതേജസ്സ്, മലങ്കരസഭയുടെ സുവർണ്ണയുഗ ശില്പി, പാത്താമുട്ടം മാളികയിൽ എം.സി കുറിയാക്കോസ് റമ്പാൻ, മാവേലി ക്കര പടിയോല, മാർ ഒസ്താത്തിയോസ് അഞ്ചാമത്തെ സുവിശേഷം, പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയുടെ വെള്ളിനക്ഷത്രം എന്നീ പുസ്തകങ്ങളിൽ ലേഖ നങ്ങൾ എഴുതി. വൈഖരി-കണ്ടനാട് ഭദ്രാസനപഞ്ചരജതജൂബിലിസ്മരണിക, പ്രണാമം-സി.ടി. കുര്യാക്കോസച്ചൻ നൂറിന്റെ നിറവിൽ എന്നീ പ്രസിദ്ധീകര ണങ്ങളുടെ എഡിറ്ററായിരുന്നു. സഭാചരിത്രസംബന്ധമായി സഭാപ്രസിദ്ധീകര ണങ്ങളിൽ എഴുതാറുണ്ട്. 2002-2007 കാലയളവിൽ സഭാമാനേജിങ് കമ്മറ്റിയം ഗമായിരുന്നു. മലങ്കര ഓർത്തഡോക്സ് സഭാപ്രസിദ്ധീകരണവിഭാഗത്തിൽ പുസ്ത കങ്ങളുടെ അച്ചടിക്കു മുമ്പുള്ള ജോലികളിൽ സഹായിക്കുന്നു. വായനപ്പടി ഏവൻ ഗേല്യോൻ (2004) പ്രസിദ്ധീകരിക്കുന്നതിൽ സഹകരിച്ചു. ബൈബിൾ സൊസൈറ്റിയുടെ പഠനബൈബിൾ, തിരുവല്ല സത്യം പബ്ലീഷേഴ്സിന്റെ ഡേക്സ് ബൈബിൾ എന്നിവയ്ക്കു വേണ്ടി സഹകരിച്ചു. ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ പ്രവർത്തനങ്ങളിൽ പങ്കാളിയാണ്.

ഭാര്യ: പിറവം എം.കെ. എം. ഹൈസ്കൂളിൽ അദ്ധ്യാപികയായിരുന്ന ആക്കൽ തോട്ടോത്തു് എ.ജെ. മേരി. മക്കൾ: ലീന, ലിസ. ജാമാതാക്കൾ: സിറിയക് തോമസ് കാപ്പൻ, ജിജോ പീറ്റർ. പേരക്കുട്ടികൾ: തോമസ് ഗ്രെയ്സ്, ലിയാൻ, ജൂവൽ.

# പ്രസാധകക്കുറിപ്പ്

മലങ്കരസഭാചരിത്ര ഗവേഷണരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നല്കുന്നവർ ഇന്ന് വിരലിലെണ്ണാവുന്നവർ മാത്രമേയുള്ളു. ഇസ്സഡ്. എം. പാറേട്ടിന്റെയും മിങ്ങാനയുടെയും ചരിത്രഗ്രന്ഥങ്ങൾ ചർവ്വിതചർവ്വണം ചെയ്യുന്നവരാണ് ഇവരിൽ ഒരു കൂട്ടർ. ചില സുറിയാനിഗ്രന്ഥങ്ങൾ കൈവശം വച്ച് അതിനെ വ്യാഖ്യാനിച്ച് ഊഹാപോഹങ്ങളും അഭ്യൂഹങ്ങളും എഴുതി വിടുന്ന മറ്റൊരു കൂട്ടർ. പഴയ ഗ്രന്ഥങ്ങളും രേഖകളും കണ്ടെത്തി, സുറിയാനിയിലുള്ളവ പണ്ഡിതരെക്കൊണ്ട് തർജ്ജമ ചെയ്യിച്ച് പഠനങ്ങളോടെ പ്രസിദ്ധീകരിക്കുന്ന ഒരു പുതിയ തലമുറ മാത്രമാണ് ഇതിൽ പ്രതീക്ഷയ്ക്ക് അല്പമെങ്കിലും വക നൽകുന്നത്.

മേല്പറഞ്ഞ മൂന്നു വിഭാഗത്തിലും പെടാതെ ഒറ്റയാനായി സഭാചരിത്ര ഗവേഷണരംഗത്തു നില്ക്കുകയും, തനിക്ക് താല്പര്യമുള്ള ചുരുക്കം ചില വിഷയങ്ങളെക്കുറിച്ച് അന്വേഷിച്ച് പഴയ ഗ്രന്ഥപ്പുരകൾ കയറിയിറങ്ങുകയും, അങ്ങനെ ലഭിച്ച അറിവുകൾ ലേഖനരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന ഗവേഷകപ്രതിഭയാണ് പി. തോമസ് പിറവം. മറ്റുള്ളവർ കൈവയ്ക്കാത്ത ചില മേഖലകളിലുള്ള, വേറിട്ട അന്വേഷണമാണ് പി. തോമസിനെ ശ്രദ്ധേയനാക്കുന്നത്. സത്യമെന്ന് എല്ലാവരും വിളിച്ചു പറയുകയും കരുതുകയും ചെയ്യുന്ന ചില കാര്യങ്ങളെക്കുറിച്ച് അതല്ല സത്യമെന്ന് തോമസ് പറയുന്നത് ആരെയും പ്രകോപിപ്പിക്കാത്ത ഭാഷയിൽ തെളിവുകളുടെയും രേഖകളുടെയും പിൻബലത്തോടെയാണ്.

മലങ്കരസഭാസംബന്ധമായ ചരിത്രഗ്രന്ഥങ്ങളുടെയും രേഖകളുടെയും മുക്കാൽ ഭാഗമെങ്കിലും ഡിജിറ്റൽ രൂപത്തിൽ ഇന്ന് കോട്ടയം ഓർത്തഡോക്സ് സെമിനാരി ആർക്കൈവ്സിൽ ലഭ്യമാണ്. അന്വേഷണബുദ്ധിയുള്ള ആർക്കും ഇവ പ്രയോജനപ്പെടുത്തി സഭാചരിത്രഗവേഷണം നിർവ്വഹിക്കാൻ ഇന്നു സാധിക്കും. വൈദികഭവനങ്ങളിലും പുരാതന തറവാടുകളിലും പഴയ പള്ളികളിലും ചില വ്യക്തികളുടെ സ്വകാര്യകൈവശത്തിലും കിടന്ന് ചിതലിനും പുഴുവിനും ഇരയാകുന്ന ഗ്രന്ഥങ്ങളും രേഖകളും കൂടി ഡിജിറ്റൽ രൂപത്തിലാക്കാൻ സാധിച്ചാൽ മലങ്കരസഭാസംബന്ധമായ മുഴുവൻ രേഖകളും ആധുനിക സാങ്കേതികവിദ്യയിൽ ലഭ്യമാകും. നമ്മുടെ ചരിത്രഗവേഷകരുടെ ശ്രദ്ധ ഇക്കാര്യത്തിൽ തിരിയുമെന്ന് പ്രതീക്ഷിക്കാം.

സഭാചരിത്രരേഖകൾ വ്യാഖ്യാനിക്കുന്നത് പ്രാദേശിക സങ്കുചിതത്വ കാഴ്ചപ്പാടോടെയും ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലുമായാൽ അതു കൊണ്ട് ആർക്കും പ്രയോജനമുണ്ടാവുകയില്ല. ഗ്രന്ഥകാരന്റെ കാലശേഷം ആ ഗ്രന്ഥം ആരും തിരിഞ്ഞുനോക്കുകയുമില്ല. അബദ്ധത്തിൽ അത് ആരെ ങ്കിലും വായിച്ചാൽ അത് അവരെ വഴിതെറ്റിക്കുകയും ചെയ്യും. നൂറോ ഇരു നൂറോ കൊല്ലം മുമ്പുള്ള കാര്യങ്ങൾ വ്യാഖ്യാനിക്കുമ്പോൾ, അന്നത്തെ സാമൂഹ്യ സഭാസാഹചര്യങ്ങൾ എന്താണെന്ന് പഠിക്കാതെയും മനസ്സി ലാക്കാതെയും, ഇന്നത്തെ സാഹചര്യം വച്ച് വിലയിരുത്തിയാലും എഴുതി പ്പിടിപ്പിക്കുന്നതു മണ്ടത്തരമായിരിക്കും.

ഈ പുസ്തകത്തിന്റെ രചയിതാവായ ശ്രീ പി.തോമസ് പ്രതിസന്ധി നേരിട്ട മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് ഭദ്രാസനത്തിന്റെ ആദ്ധ്യാത്മിക കെട്ടുപണിയിൽ പുണ്യശ്ലോകനായ ജോസഫ് മാർ പക്കോ മിയോസ് തിരുമേനിയോടും വൈദികരോടും ഒപ്പം നിന്ന അന്മേനികളുടെ നിരയിൽ ശ്രദ്ധേയനായിരുന്നു.

തനിക്ക് അഭിഗമ്യമായ കോനാട്ട് ഗ്രന്ഥശേഖരവും മറ്റും പ്രയോജനപ്പെ ടുത്തിയിട്ടുള്ള പി. തോമസ്, പഴയ ഗ്രന്ഥങ്ങളും രേഖകളും കാണുകയും പഠി ക്കുകയും ചെയ്ത ഗവേഷകനാണ്. സ്വതസിദ്ധമായ ഉൾവലിയലും മടിയും മറ്റു ജോലിത്തിരക്കുകൾ മൂലമുള്ള സമയക്കുറവും മൂലം കഴിഞ്ഞ മുപ്പതു വർഷത്തിനിടയിൽ ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്ന ലേഖനങ്ങളേ അദ്ദേഹത്തിന് എഴുതുവാൻ കഴിഞ്ഞിട്ടുള്ളു (കോനാട്ട് മാത്തൻ മല്പാനെക്കു റിച്ച് ഒരു പഠനവും ഓർത്തഡോക്സ് ബൈബിൾ പ്രോജക്ടിലെ ജോലികളും വിസ്മരിക്കുന്നില്ല.) ഈ ലേഖനങ്ങൾ സമാഹരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ നിർബ്ബന്ധിച്ചതു് സഭാചരിത്ര ഗവേഷകനും പ്രസാ ധകനുമായ ജോയ്സ് തോട്ടയ്ക്കാടാണ്. സഭാചരിത്ര ഗവേഷണരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന ഡോ. എം. കുര്യൻ തോമസ്, വർഗീസ് ജോൺ തോട്ടപ്പുഴ, ജോയ്സ് തോട്ടയ്ക്കാട് ടീം ഒട്ടേറെ സഭാചരി ത്രരേഖകൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. പി. തോമസിന്റെ ഭാവിജീവിതവും അത്തരത്തിൽ സഭാചരിത്രരേഖകൾ കണ്ടെത്താനും പഠിക്കാനുമുള്ളതാ ക്കിത്തീർത്താൽ അത് സഭയ്ക്കും സമൂഹത്തിനും ഒരു മുതൽക്കൂട്ടായി മാറും.

പി. തോമസ് രചിച്ച 'സഭാചരിത്രാന്വേഷണങ്ങൾ' എന്ന ഈ പഠന ഗ്രന്ഥം സോഫിയാ ബുക്സ് സാഭിമാനം കാതോലിക്കേറ്റ് ശതാബ്ദി ഉപഹാ രമായി ലോകസമക്ഷം സമർപ്പിക്കുന്നു. ചർച്ചകൾക്കും പഠനങ്ങൾക്കും അന്വേഷണങ്ങൾക്കും ഈ ഗ്രന്ഥം പ്രയോജനപ്രദമാകുമെന്ന് പ്രത്യാശി

ക്കുന്നു. ഈ ഗ്രന്ഥം ദൈവതിരുനാമ മഹത്ത്വത്തിനും സർവ്വസൃഷ്ടികളു ടെയും നന്മയിലേക്കുള്ള നിറവിനും ഉതകുമെന്ന പ്രതീക്ഷയോടെ,

സോഫിയാ ബുക്സിനു വേണ്ടി

**ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്**
**ഫാ. ഡോ. റ്റി. പി. ഏലിയാസ്**
**ജോയ്സ് തോട്ടയ്ക്കാട്**

കോട്ടയം
ജനനപ്പെരുന്നാൾ 2012

# അവതാരിക

ശ്രീ പി. തോമസ് (പിറവം) രചിച്ച പതിനാറു ലേഖനങ്ങളുടെ ഈ സമാഹാരം വിജ്ഞാനപ്രദമാണെന്നതിന് രണ്ടു പക്ഷമില്ല. വൈവിദ്ധ്യമാർന്ന വിഷയങ്ങളെപ്പറ്റി പല പ്രസിദ്ധീകരണങ്ങളിലൂടെ വെളിച്ചം കണ്ടുകഴിഞ്ഞ ലേഖനങ്ങളാണെങ്കിലും ഇവ ഒരുമിച്ചു സമാഹരിച്ചിരിക്കുന്നത് പ്രയോജനപ്രദമാണ്. പ്രത്യേക വേദശാസ്ത്രപരിശീലനമോ, സഭാചരിത്രത്തിൽ ഉന്ന ബിരുദങ്ങളോ ഒന്നും നേടിയിട്ടില്ലാത്ത ആളായിരുന്നിട്ടും, തിരക്കേറിയ തന്റെ ഔദ്യോഗികജീവിതത്തിനിടയിൽ ഇത്തരത്തിലുള്ള ഗവേഷണങ്ങൾക്ക് സമയം കണ്ടെത്തി എന്നതുതന്നെ അദ്ദേഹത്തിന്റെ അന്വേഷണ കൗതുകത്തെ വ്യക്തമാക്കുന്നു. ലേഖനങ്ങൾ എല്ലാം ഈടുറ്റവയാണ്. ഉപരിപ്ലവങ്ങളായ നിഗമനങ്ങളിൽ എത്തുക എന്നതിലുപരി, ആഴമായി വിഷയങ്ങൾ പഠിക്കുവാനുള്ള താത്പര്യം ഓരോ ലേഖനത്തിലും ദൃശ്യമാണ്. ചരിത്രാഖ്യാനത്തിൽ പലപ്പോഴും തെറ്റിദ്ധാരണകൾ ഉണ്ടാകാറുണ്ട്. ഒരാൾ എത്തിച്ചേരുന്ന നിഗമനത്തിൽ എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ പോലും അതു ചിലപ്പോൾ മറ്റുള്ളവർ ആവർത്തിച്ച് കാലാന്തരത്തിൽ ചോദ്യം ചെയ്യപ്പെടാനാവാത്ത ചരിത്രസത്യമായി പരിണമിക്കാറുണ്ട്. ആദ്യം പറഞ്ഞയാൾ അടിസ്ഥാനപ്പെടുത്തിയ തെളിവുകളുടെ വിശ്വാസ്യത, പിന്നീടുദ്ധരിക്കുന്നവർ പലപ്പോഴും വിലയിരുത്തിയെന്ന് വരില്ല. അത്തരത്തിൽ രൂപപ്പെട്ടിട്ടുള്ള ചില തെറ്റിദ്ധാരണകളെയും അർദ്ധസത്യങ്ങളെയും ചോദ്യം ചെയ്യുവാനും, യഥാർത്ഥരേഖകളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളായി നമ്മൾ വിശ്വസിച്ചിരുന്ന ചില ചരിത്രസംഭവങ്ങളുടെ യാഥാർത്ഥ്യത്തെ പുറത്തുകൊണ്ടുവരുവാനുമുള്ള ചില പരിശ്രമങ്ങൾ ശ്രീ പി. തോമസ് നടത്തുന്നുണ്ട്. മാർ തോമ്മാ ശ്ലീഹായുടെ ഓർമ്മദിനത്തെ സംബന്ധിക്കുന്ന ലേഖനവും, കോനാട്ട് മാത്തൻ മൽപ്പാനെ സംബന്ധിക്കുന്ന ലേഖനവും ഇതിന്റെ രണ്ടുദാഹരണങ്ങൾ മാത്രമാണ്. നിഗമനങ്ങൾക്ക് അപ്രമാദിത്തമൊന്നും അവകാശപ്പെടുന്നില്ലെങ്കിലും ചില നൂതന ചിന്താഗതികൾക്കു വഴിമരുന്നിടുവാൻ സാധിച്ചിട്ടുണ്ട്. താരതമ്യേന അപ്രധാനമെന്ന് ഒറ്റനോട്ടത്തിൽ തോന്നാവുന്ന പിറവം കലണ്ടറിന്റെ പ്രസക്തി പൊതുശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചതും ഒരു നേട്ടം തന്നെയാണ്. ഈ ലേഖനസമാഹാരത്തിന് പൊതുജനങ്ങൾക്കിടയിൽ പ്രചരണം ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു. തുടർന്നും ഇതുപോലുള്ള ഗവേഷണങ്ങൾ ഏറ്റെടുത്തു പൂർത്തീകരിക്കുവാൻ ഗ്രന്ഥകാരനു കഴിയട്ടെ എന്ന പ്രാർത്ഥനയോടെ,

പാമ്പാക്കുട, **ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്**

യൽദോ പെരുന്നാൾ 2012.

# മുഖവുര

സഭാചരിത്രസംബന്ധമായ കുറച്ചു ലേഖനങ്ങൾ ചില നിർബ്ബന്ധിത സാഹചര്യങ്ങളിൽ പലപ്പോഴായി എഴുതിയിരുന്നു. ചിലതെല്ലാം മലങ്കര സഭ, മലങ്കരസഭാദീപം, ഒർത്തഡോക്സ് ഹെറാൾഡ്. ഇടവകപത്രിക മുത ലായ പ്രസിദ്ധീകരണങ്ങളിലൂടെ പുറത്തുവന്നു. മലങ്കര ഓർത്തഡോക്സ്. ടിവി എന്ന വെബ്സൈറ്റിൽ പലതും ചേർത്തിരുന്നു. ഈ വെബ്സൈറ്റിന്റെ മുഖ്യനടത്തിപ്പുകാരനായ എന്റെ പ്രിയ സ്നേഹിതൻ ശ്രീ ജോയ്സ് തോട്ട യ്ക്കാട്ട് ഇവയെല്ലാം പുസ്തകരൂപത്തിൽ പുറത്തിറക്കണമെന്ന് പലപ്പോഴും സ്നേഹപൂർവ്വം നിർബ്ബന്ധിച്ചിരുന്നതിനു വഴങ്ങിയാണ് ഇപ്പോൾ ഈ പ്രസി ദ്ധീകരണത്തിനു മുതിരുന്നത്.

സഭാചരിത്രാന്വേഷണത്തിനിടയിൽ എന്നെ എഴുതുവാൻ നിർബ്ബന്ധി ച്ചവരിൽ ആദ്യവ്യക്തി മലങ്കരസഭ മാസികയുടെ പത്രാധിപരായിരുന്ന ബ. ടി. ജി. സഖറിയാ അച്ചനാണ്. 1983 ഫെബ്രുവരി മുതൽ ചരിത്രഫലകങ്ങൾ എന്ന ശീർഷകത്തിൽ സഭാചരിത്രസംഭവങ്ങളുടെ തലക്കെട്ടുകൾ മാത്രം കാലാനുക്രമമായി തയ്യാറാക്കിയിരുന്നത് അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ബ. കോനാട്ട് ഡോ. ജോൺസ് എബ്രഹാം അച്ചൻ, പാമ്പാക്കുട ത്രീസായ് ശ്രുബഹോ സെന്ററിന്റെ സ്ഥാപനസ്മരണികയിൽ ചേർക്കുവാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പായെ അനുസ്മരിക്കുന്ന ഒരു ലേഖനം തയ്യാറാ ക്കുവാൻ ചുമതലപ്പെടുത്തി. ബ. ഡോ. ടി.പി. ഏലിയാസ് അച്ചൻ പലപ്പോഴും എഴുതുവാനുള്ള ഒരോ ചുമതലകൾ ഏല്പിച്ച് പ്രോത്സാഹനം തന്നിരുന്നു. ബ. തളിയച്ചിറ ടി.പി. കുര്യൻ അച്ചനാണ് മലങ്കരസഭാവിജ്ഞാനകോശത്തി ലേക്ക് ലേഖനങ്ങൾ എഴുതുവാൻ നിർബ്ബന്ധിച്ച് ഏതാനും ശീർഷകങ്ങൾ ഏല്പിച്ചത്. മേല്പറഞ്ഞവരുടെയും മറ്റു പലരുടെയും പ്രേരണയ്ക്കും പ്രോത്സാ ഹനത്തിനും എല്ലാവരോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു. ഇവിടെ ഉൾക്കൊ ള്ളിച്ചിരിക്കുന്ന ലേഖനങ്ങൾ വായനക്കാർക്ക് പഠനത്തിനുള്ള ഒരു നിമി ത്തമായാൽ ഞാൻ സന്തോഷിക്കും.

ഈ പുസ്തകത്തിന് ആത്മാർത്ഥമായ സ്നേഹത്തോടെ അവതാരികയെ ഴുതി ആശംസയർപ്പിച്ച ബ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് അച്ചനോടുള്ള ഹൃദയംഗമമായ കൃതജ്ഞത ഇവിടെ വെളിപ്പെടുത്തുന്നു. ഇതിന്റെ പ്രസിദ്ധീകരണത്തിന് സന്മനസ്സു കാണിച്ച കോട്ടയം സോഫിയാ ബുക്സ് പ്രവർത്തകരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

**പി.തോമസ് പിറവം.**

# ഉള്ളടക്കം


പ്രസാധകക്കുറിപ്പ് 6

അവതാരിക 8

മുഖവുര 9

1. മാർത്തോമ്മാശ്ലീഹായുടെ ചരമസ്മരണ ജൂലൈ മൂന്നിനു തന്നെ 11
2. ബൈബിളിന്റെ മലയാളവിവർത്തനകഥ 30
3. ബെയിലി ബൈബിളിന്റെ 1834-ലെ ലണ്ടൻപതിപ്പ് 46
4. ആറാം മാർത്തോമ്മാ കത്തോലിക്കരുമായി പുനരൈക്യപ്പെട്ടോ? 52
5. കേരളത്തിലെ ആദിമുദ്രണ പ്രസിദ്ധീകരണരംഗങ്ങളും ക്രൈസ്തവരുടെ സംഭാവനകളും 77
6. മലങ്കരസഭയുടെ സാമൂഹ്യപരിഷ്കരണശ്രമങ്ങളും പരുമലത്തിരുമേനിയും 89
7. മലങ്കരസഭയിലെ കാതോലിക്കാദിനപ്പിരിവിന്റെ ആരംഭം 97
8. മലങ്കരസഭയിലെ നവീകരണശ്രമങ്ങളും കോനാട്ട് അബ്രഹാം മല്പാനും പാലക്കുന്നത്തു മത്യൂസ് അത്താനാസ്യോസും 110
9. പുലിക്കോട്ടിൽ തിരുമേനിയും പാമ്പാക്കുട പഠിത്തവീടും 128
10. കോനാട്ട് മാത്തൻ മല്പാൻ: ഒരു വ്യത്യസ്തവീക്ഷണം 144
11. മലബാർ ത്രിസ്സേസ് ശുബഹോ സമൂഹം: മലങ്കരസഭയിലെ ആദ്യ ആദ്ധ്യാത്മികപ്രസ്ഥാനം 180
12. സുറിയാനി നമസ്കാരക്രമങ്ങളുടെ മലയാളതർജ്ജമയും കോനാട്ട് മാത്തൻ മല്പാനും 185
13. പിറവം പള്ളിയും മലങ്കരസഭയും പിറവത്തേക്കുള്ള നസ്രാണി കുടിയേറ്റവും പള്ളിസ്ഥാപനവും 192
14. നമ്മുടെ പെരുന്നാളുകളും പിറവം പള്ളിയിലെ പെരുന്നാൾപട്ടികയും 203
15. സഭാപാരമ്പര്യപശ്ചാത്തലത്തിൽ ഇടവകയും പൊതുസഭയും 207
16. യൂദകുലശേഖരൻ (അദീനായുടെ കത്തുകൾ) രണ്ടാംഭാഗം മലയാളത്തിൽ 214

# 1

# മാർത്തോമ്മാശ്ലീഹായുടെ ചരമസ്മരണ (ദുക്റോനോ) ജൂലൈ മൂന്നിനു തന്നെ

മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം മലങ്കരയിലുറപ്പിച്ചതിന്റെ ശതാബ്ദി കൊണ്ടാടുവാനുള്ള ഒരുക്കത്തിനിടയിൽ യഥാർത്ഥ ചരമ ദിനത്തിന്റെ കാര്യം ചരിത്രവസ്തുതകളുടെ പിൻബലത്തോടെ ഉറപ്പി ക്കേണ്ടതു് ഒരു കേവല അക്കാദമികാഭ്യാസമൊന്നുമല്ല. അതുകൊണ്ടു് മാർത്തോമ്മാശ്ലീഹായുടെ ചരമസ്മരണ എന്നാണെന്നതിനെപ്പറ്റി അന്വേ ഷണത്തിൽ കിട്ടിയ ചില കാര്യങ്ങൾ പങ്കുവയ്ക്കട്ടെ.

#### മാർത്തോമ്മാശ്ലീഹായുടെ ദുക്റാനയും അസ്ഥിമാറ്റവും

ഭാരതസഭാസ്ഥാപകനായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മപ്പെ രുന്നാൾ ഓർത്തഡോക്സ് സുറിയാനിക്കാരും സീറോ മലബാർ കത്തോലി ക്കരും കൽദായ കത്തോലിക്കരും പൗരസ്ത്യ സുറിയാനിക്കാരും (കൽദായ) ജൂലൈ 3 നും ലത്തീൻ കത്തോലിക്കർ ഡിസമ്പർ 21 നും (1972 മുതൽ ജൂലൈ 3) ഗ്രീക്കുസഭ ഒക്ടോബർ 6 നും ആചരിക്കുന്നു. ജൂലൈ 3 പെരു ന്നാളിന് കേരളീയർ "തോറാന' (ദുക്റാന എന്ന കൽദായ സുറിയാനി പദത്തിന്റെ തൽഭവം) എന്നാണ് പറഞ്ഞുവന്നതു്. ഇപ്പോൾ ഓർത്ത ഡോക്സ് സഭാകലണ്ടറിൽ ഡിസമ്പർ 21 മാർത്തോമ്മാശ്ലീഹായുടെ പെരുന്നാളായി ചേർക്കുകയും ചില പള്ളികളിൽ ആചരിക്കുകയും ചെയ്തു വരുന്നുണ്ടു്. ഈ നടപടിക്ക് വലിയ പഴക്കമില്ല. ഈ സഭയുടെ റോമൻ ബന്ധത്തിന്റെ അവശിഷ്ടമായി ഇക്കാര്യം തീർന്നിരിക്കുന്നു.

ഇതു സംബന്ധിച്ച് നമ്മുടെ തെറ്റായ ധാരണകളുടെ മാതൃകയായി രണ്ടു് വിജ്ഞാനകോശത്തിൽ നിന്ന് ഉദ്ധരിക്കട്ടെ.

1) മാർത്തോമ്മാ ശ്ലീഹാ: "... 4-ാം നൂറ്റാണ്ടിൽ ഭൗതികാവശിഷ്ടം എഡേസായിലേക്ക് കൊണ്ടുപോയത്രേ. പുതുഞായറാഴ്ചയും ഡിസം.18, 21 നും ജൂലൈ 3 നും അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ നടത്തുന്നു. രണ്ടാമത്തേതു് രക്തസാക്ഷിത്വമരണം. മൂന്നാമത്തേതു് എഡേസായിലേക്ക് തിരുശേഷിപ്പുകൾ കൊണ്ടുപോയ ദുക്റോനോ.' [1]

2) ദുക്റോനോ: "... മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് മൈലാപ്പൂരിൽനിന്ന് ഉറഹായിലേക്കു കൊണ്ടുപോയതിന്റെ അനുസ്മരണം മലങ്കരസഭയിൽ ആചരിക്കുന്നതു് ജൂലായ് 3 നാണ്."[2]

ജൂലൈ 3 പെരുന്നാൾ ഒഴിവാക്കി, ഡിസമ്പർ 21 മാത്രം ആചരിക്കത്തക്ക വിധം ഒരു പരിശ്രമം ഒർത്തഡോക്സ് സഭാകലണ്ടർ പ്രസിദ്ധീകരണ ചുമതല കൈയാളുന്നവർ ചെയ്തു. ഈദൃശ ചുമതലകളിൽ എത്തിപ്പെടുന്നവർ മതിയായ പരിശോധനയോ അന്വേഷണമോ കൂടാതെ ഇത്തരം ചില മാറ്റങ്ങളോ തിരുത്തലുകളോ ചെയ്തതിനാൽ അനേകർക്ക് വഴി തെറ്റിയതിനും അനാവശ്യതർക്കങ്ങൾ ഉത്ഭവിച്ചതിനും ചരിത്രമുണ്ട്.

"മാറാനായ' എന്ന നിലയിൽ ആചരിച്ചു വന്ന ജൂലൈ 3 ദുക്റാന പ്പെരുന്നാൾ 1983 മുതൽ "മാറാനായ പോലെ' എന്ന തരത്തിൽ മലങ്കര ഓർത്തഡോക്സ് സഭാ കലണ്ടറിൽ വന്നു. ഡിസമ്പർ 21 ആണ് ശ്ലീഹായുടെ ചരമദിനം എന്ന വാദവുമായി ചില ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ട് (മലങ്കരസഭ 1983 ഡിസ. 1984 ഫെബ്രുവരി, മെയ്, ജൂൺ, സെപ്റ്റമ്പർ ലക്കങ്ങൾ) സഭയുടെ ഔദ്യോഗിക മുഖപത്രമായ മലങ്കരസഭ മാസിക 1984 ജൂലൈയിലെ വിശേഷദിവസങ്ങളുടെ പട്ടികയിൽ നിന്ന് ദുക്റാന ഒഴിവാക്കി. ഈ വിഷയത്തെപ്പറ്റി കൂടുതൽ പഠനം ആവശ്യമാണെന്ന് ഇതിനിടയിൽ മലങ്കരസഭ മാസികയിൽ (1984 മാർച്ച്) എഴുതിയിരുന്നു. അക്കാലത്തും ഇന്നും മലങ്കരസഭ മാസികയിലും ഇതര ഗ്രന്ഥങ്ങളിലും പൊതുവേ നിരത്തപ്പെടുന്ന വസ്തുതകൾ എറെക്കുറെ ഇങ്ങനെ സംഗ്രഹിക്കാം.

1. മാർത്തോമ്മാ ശ്ലീഹാ ഡിസമ്പർ 18 ന് കുന്തമേൽക്കുകയും 21 ന് മരിക്കുകയും ചെയ്തു. ഈ ദിവസങ്ങൾ ഇൻഡ്യാക്കാർ പൂർവ്വകാലം മുതൽ ആചരിച്ചുവരുന്നു.

2. ജൂലൈ 3 തോമാശ്ലീഹായുടെ തിരുശേഷിപ്പ് എഡേസായിലേക്ക് കൊണ്ടുപോയി അവിടെ സ്ഥാപിച്ചതിന്റെ ഓർമ്മ മാത്രമാണ്. പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിൻ കീഴിൽ തിരുശേഷിപ്പ് സ്ഥാപിച്ചതിന്റെ ഓർമ്മയ്ക്ക് ഒരു പെരുന്നാൾ ഉത്ഭവിച്ചു. ആ സിംഹാസനത്തിന്റെ കീഴിലായിരുന്ന മലങ്കരസഭയിലും ആ പെരുന്നാൾ നടപ്പായി. ഇതു പേർഷ്യൻ സഭാ മേധാവിത്വം നിർബ്ബന്ധിതമാക്കിയതാണ്.

3. മേല്പറഞ്ഞ കാരണത്താൽ ഇവിടെ യഥാർത്ഥ ചരമദിനത്തിന്റെ (ഡിസ. 21) ഓർമ്മ മങ്ങിപ്പോയി.

പല സുറിയാനി സഭാചരിത്രകാരന്മാരും മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായ പ്രഗത്ഭമതികളും മറ്റും ഡിസ.21 മരണവാർഷിക ദിനമെന്നും ജൂലൈ 3 അസ്ഥിമാറ്റത്തിന്റെ ഓർമ്മയെന്നും പറഞ്ഞിട്ടുണ്ട്. നിലവിലുള്ള പെരുന്നാൾ പ്രാർത്ഥനക്രമത്തിലും (മലയാളം) മറ്റും ഇങ്ങനെതന്നെ പറയുന്നു.

മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പുകൾ എഡേസ്സായിലേക്കു മാറ്റി സ്ഥാപിച്ചു എന്നും അതിന്റെ പേരിൽ ജൂലൈ 3 ന് അവിടെ ഒരു

പെരുന്നാൾ കൊണ്ടാടുവാൻ കല്പന ഉണ്ടായി എന്നുമാണല്ലോ പറയപ്പെടുന്നത്. (കിഴക്കിന്റെ കാതോലിക്കായുടെ നേതൃത്വം ഇൻഡ്യൻ സഭ സ്വീകരിച്ചിരുന്നതിനാൽ ഇവിടെയും അപ്രകാരം പെരുന്നാൾ നിർബ്ബന്ധമാക്കിയത്രേ! കിഴക്കിന്റെ കാതോലിക്കായും ഈ സഭയുമായുള്ള ബന്ധത്തെപ്പറ്റി നിലവിൽ വന്ന തെറ്റ ധാരണകൾ സഭ വളരുന്നു എന്ന ഗ്രന്ഥത്തിൽ (പേ. 67) റവ.ഫാ. ഡോ. വി.സി.ശമുവേൽ തിരുത്തുന്നുണ്ട്.) മാർ അപ്രേമിന്റെ ഗീതത്തിലുള്ള ഒരു ഭാഗമാണ് പലരും ഇതിനു തെളിവായി കാണിക്കുന്നത്. എന്നാൽ തീയതി അദ്ദേഹം രേഖപ്പെടുത്തിയിട്ടില്ല. A pontiff assigns thee a feast എന്ന് പരിഭാഷയുള്ള ഭാഗമാണ് ആധാരം. മൂലകൃതി സുറിയാനിയാണല്ലോ. "കഹനാ അവദ് സൗഹാ' എന്നാണ് മൂലത്തിൽ. സൗഹാ എന്നതിന് ആഘോഷം, ആഘോഷത്തോടെയുള്ള പരിയാത്ര എന്നെല്ലാമേ അർത്ഥമുള്ളൂ. പെരുന്നാൾ എന്ന വാർഷികാഘോഷത്തിന് ഏദാ, അദ്ഏദാ, ദുക്റാന എന്നെല്ലാമെ സുറിയാനിയിൽ വരൂ. സൗഹാ തൽക്കാലാഘോഷം മാത്രമാണ് എന്നെല്ലാം വാദിക്കുന്നവരുണ്ട്.[3]

മാർ അപ്രേമിന്റെ ഗാനത്തിൽ തോമാശ്ലീഹായുടെ പെരുന്നാൾ ഇൻഡ്യയിലും എഡേസ്സയിലും ആഘോഷിക്കപ്പെടുന്നതായി വിവരിക്കുന്നുണ്ട്.[4] ഇൻഡ്യൻ ദുക്റാനത്തീയതി എഡേസ്സൻ തീയതിയുമായി വ്യത്യാസമുണ്ടായിരുന്നെങ്കിൽ അക്കാര്യം സൂചിപ്പിക്കുവാൻ സാദ്ധ്യതയുണ്ടായിരുന്നു. ഇൻഡ്യയിലും എഡേസ്സയിലും നിലവിലിരുന്ന പൂർവ്വിക തീയതിക്കു തന്നെയായിരിക്കണം സഭാദ്ധ്യക്ഷൻ സൗഹാ കല്പിച്ചത്. അതല്ലെങ്കിൽ അതുവരെ ആചരിച്ചു വന്ന മരണത്തിന്റെ ഓർമ്മപ്പെരുന്നാൾ തുടർന്നും ഏഡേസ്സായിൽ നിലനില്ക്കുകയും അവിടെ രണ്ടു പെരുന്നാളുകൾ തുടരുകയും ചെയ്യേനെ.

തീയതി രേഖപ്പെടുത്തിയിട്ടുള്ള എറ്റവും പഴയ രേഖ എഡേസ്സൻ നളാഗമമാണ്. അസ്സേമാനി "ബിബ്ലിയേത്തോക്കാ ഒരിയന്താളിസ്" (1-ാം വാല്യം 399-ാം പുറം) ൽ ഇതു ഉദ്ധരിക്കുന്നു. പൗളിനോസ് നല്കുന്നത് ഇപ്രകാരമാണ്. "യവനരുടെ 705-ാം വത്സരത്തിൽ (അതു ക്രിസ്തുവർഷം 394 ആകുന്നു) ആഗസ്റ്റ് മാസം 22 ന് മാർ കുറിലോസ് മെത്രാന്റെ നാളുകളിൽ മാർത്തോമ്മാശ്ലീഹായുടെ പേടകം അദ്ദേഹത്തിനു പ്രതിഷ്ഠിക്കപ്പെട്ട വലിയപള്ളിയിലേക്കു അവർ കൊണ്ടുവന്നു.'

മിഖായേൽ റാബോ, ബാർ എബ്രായ എന്നീ സുറിയാനി സഭാചരിത്രകാരന്മാരും, തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലും[5] പല മലയാള സഭാചരിത്ര ഗ്രന്ഥങ്ങളും[6] ഇതു ഉദ്ധരിക്കുന്നുണ്ട്. പല പാശ്ചാത്യചരിത്രകാരന്മാരും ഈ ഭാഗം അംഗീകരിക്കുന്നു. ഇതനുസരിച്ച് അസ്ഥികൾ കൊണ്ടുപോയി സ്ഥാപിച്ചതു 394-ൽ ആണെന്ന് പറയുകയും ചെയ്യുന്നു.

എഡേസ്സൻനളാഗമത്തിലെ മേൽപ്രസ്താവന തിരുശേഷിപ്പ് ഇൻഡ്യയിൽ നിന്ന് കൊണ്ടുപോയ ഉടനെ പ്രതിഷ്ഠിച്ചതിനെപ്പറ്റി അല്ലെന്ന് മാർ അപ്രേമിന്റെ ഗാനംകൊണ്ടുതന്നെ അറിയാം. അദ്ദേഹത്തിന്റെ മരണത്തിനും മുമ്പ് (373) അസ്ഥികൾ അവിടെ ഉണ്ടല്ലോ. ഇതിൽ പറയുന്ന തീയതി ജൂലൈ 3 അല്ല, ആഗസ്റ്റ് 22 ആണു താനും. Acta Thoma യുടെ രചനയ്ക്ക് 75 വർഷം മുമ്പെങ്കിലും അസ്ഥിമാറ്റം നടന്നുവെന്നും അപ്രേമിന്റെ ജീവിതകാലത്ത് അസ്ഥികൾ എഡേസായിൽ ഉണ്ടെന്നും A.C.പെരുമാലിൽ സമർത്ഥിക്കുന്നു.[7]

അസ്ഥിമാറ്റം 233-ൽ നടന്നതായി പൗളിനോസ് "ഇൻഡ്യാ ഒരിയന്താളിസ് ക്രിസ്ത്യാന'യിൽ പറയുന്നു.[8] 165 ലാണ് കൊണ്ടുപോയതെന്ന് J.N. ഫാർക്വർ സമർത്ഥിച്ചിരിക്കുന്നു.[9] അസ്ഥിമാറ്റം "തോമായുടെ നടപടികൾ' എന്ന ഗ്രന്ഥത്തിന്റെ രചനയ്ക്ക് കാരണമായി എന്ന് കത്തോലിക്കാ എൻസൈക്ലോപീഡിയ (Vol.V) അഭിപ്രായപ്പെടുന്നു. നടപടികൾ 180 നും 230 നും ഇടയ്ക്ക് രചിക്കപ്പെട്ടുവെന്ന് റവ. ഫാ.ഡോ. വി.സി.ശമുവേൽ സമ്മതിക്കുന്നുണ്ട്.[10] നടപടികളിലാണ് അസ്ഥിമാറ്റം നടന്നതായുള്ള ആദ്യ പരാമർശം. അപ്പോൾ 394 ൽ നടന്നത് അസ്ഥിമാറ്റമല്ല, പുനഃപ്രതിഷ്ഠ മാത്രമാണ്.

ഇറ്റലിക്കാരനായ റൂഫൈനസ് (അക്വില) 371 നും 396 നും ഇടയ്ക്ക് എഡേസ്സായിൽ താമസിച്ചിരുന്നു. അദ്ദേഹം പറഞ്ഞപ്രകാരം അക്കാലത്ത് മാർത്തോമ്മായുടെ തിരുശേഷിപ്പ് അവിടെയുണ്ട്.

സ്പയിൻകാരിയായ തീർത്ഥാടക ഈഗേറിയ 394 ൽ എഡേസ്സാ സന്ദർശിച്ച് അതിനടുത്ത കാലത്ത് നിർമ്മിച്ചതെന്നു തോന്നിയ ശവകുടീരം സന്ദർശിച്ച് ശ്ലീഹായെ സംബന്ധിച്ച ചില രേഖകൾ വായിച്ചതായി തെളിവുണ്ട്.[11] ഇത് തോമായുടെ നടപടികൾ ആയിരിക്കാം.[12]

രണ്ടാം നൂറ്റാണ്ടിൽ കൊണ്ടുപോയി സ്ഥാപിച്ച തിരുശേഷിപ്പിന് പല തവണ പുനഃപ്രതിഷ്ഠ നടന്നിരിക്കാം.[13] അതിലൊന്നിന് സൗഹാ പ്രഖ്യാപിക്കപ്പെട്ടിരിക്കാം. ഏതായാലും എഡേസ്സൻ നളാഗമത്തിലെ തീയതി (ആഗ.22) ഒരു പുനഃപ്രതിഷ്ഠയുടേതു മാത്രമാണ്.

സെവല്ലിയിലെ പ്സ്യൂഡോ ഇസിദോറിന്റെ (560-636) പ്രസ്താവനയാണ് തീയതിയുള്ള മറ്റൊരു രേഖ. അതിൽ ഇപ്രകാരമാണുള്ളത്. "He died at Calamina a town in India and is honourably buried there on the twelfth before the Kalends of January'[14] മലങ്കരസഭ മാസികയിലെ ഒരു ലേഖനത്തിൽ ശ്രീ ജോർജ്ജ് വറുഗീസ്, മദ്രാസ് twelfth എന്നുദ്ധരിച്ചിട്ട് December 21 എന്ന് കാണിച്ചത് എന്തുകൊണ്ടെന്ന് മനസ്സിലായില്ല.[15] അതിൽ ഉദ്ധരിച്ചുകണ്ടതുപോലെ Calender എന്നല്ല Kalends എന്നാണ് രേഖ.

റോമൻ കണക്കിൽ കണക്കു കൊടുക്കേണ്ട ദിവസം - ഒന്നാം തീയതി - യാണ് Kalends കൊണ്ടു സൂചിപ്പിക്കുന്നത്. ഏതായാലും 21-ാം തീയതി അവിടെ വരുന്നില്ല. (ഈ രേഖയിൽ കാണുന്നതിന്റെ മൂലം ജനവരി എന്ന് തന്നെയൊ എന്നും പരിശോധിക്കേണ്ടതുണ്ട്. കലണ്ടറിന്റെയും മാസങ്ങളുടെയും മാറ്റങ്ങൾ അതിനെ ബാധിച്ചോ എന്നാണ് അറിയേണ്ടത്.)

തീയതി സൂചിപ്പിക്കുന്ന ടൂർസിലെ വി.ഗ്രിഗറിയുടെ ഒരു രേഖയുണ്ട്. 590 നടുത്ത് തിയഡോർ എന്ന സഞ്ചാരിയിൽ നിന്നാണ് മാർത്തോമ്മായുടെ പെരുന്നാളിന്റെ വിവരണം അദ്ദേഹത്തിനു ലഭിച്ചത്. ഇൻഡ്യയിൽ അസ്ഥികൾ മാറ്റപ്പെടുന്നതിനു മുമ്പ് അതു സ്ഥിതിചെയ്തിരുന്ന സ്ഥലത്ത് ഒരു സന്യാസാശ്രമം ഉണ്ടായിരുന്നതായി അദ്ദേഹം പറയുന്നു. വി.ഗ്രിഗറിയുടെ "രക്തസാക്ഷിമഹത്ത്വം' എന്ന ഗ്രന്ഥത്തിൽ ശ്ലീഹായെ അടക്കം ചെയ്ത സ്ഥലത്തെ പെരുന്നാളിന്റെ വിവരണത്തിൽ അത് "അഞ്ചാം മാസത്തിൽ' കൊണ്ടാടുന്നതായി പറയുന്നു. ടൂർസ് ഉൾപ്പെടുന്ന രാജ്യങ്ങളിലെ പഞ്ചാംഗം അനുസരിച്ചാണെങ്കിൽ അത് ജൂലൈ ആണെന്ന് പാറേട്ട് പറയുന്നു.[16] "അഞ്ചാം മാസം' ഇന്നത്തെ ജൂലൈ തന്നെയെന്നത് സെപ്റ്റമ്പർ (7) ഒക്ടോബർ (8) നവമ്പർ (9) ഡിസമ്പർ (10) എന്നീ മാസങ്ങളുടെ പേരുകൾ കൊണ്ടുതന്നെ അറിയാമല്ലോ. മാർച്ചിലായിരുന്നു ആണ്ടുപിറപ്പ്. ഈ പെരുന്നാൾ ഇൻഡ്യയിലെയൊ എഡേസ്സായിലെയോ എന്നതിൽ ചരിത്രകാരന്മാരുടെയിടയിൽ യോജിപ്പില്ല.[17] രണ്ടു സ്ഥലത്തെയും പെരുന്നാളുകൾ വ്യത്യസ്ത തീയതികളിലായിരുന്നെങ്കിൽ അതു സൂചിപ്പിക്കപ്പെടുവാൻ ന്യായമുണ്ടായിരുന്നു.

വിദേശികളുടെ പ്രസ്താവനകളല്ലാതെ തദ്ദേശീയമെന്ന് പറയുവാൻ ഉള്ള ഒരു രേഖ മൈലാപ്പൂർ ശിലയിലുള്ളതാണ്. "ക്രൈസ്തവതത്ത്വങ്ങൾ ഭൂമിയിൽ ആവിർഭവിച്ചതിനു ശേഷം 30 സംവത്സരങ്ങൾ കഴിഞ്ഞു് ഡിസമ്പർ 25-ാം തിയതി മൈലാപ്പൂരിൽ വച്ച് വി.തോമസ് അപ്പൊസ്തലൻ ചരമം പ്രാപിച്ച്' എന്ന് ഇ.എം.പീലിപ്പോസ് ഇതു് ഉദ്ധരിക്കുന്നുമുണ്ട്.[18] മറ്റു പലരുടെ ഉദ്ധരണികളും ഡിസ.25 എന്ന് തന്നെയാണ്. എ.എം.മുണ്ടാടന്റെ Traditions of St.Thomas Christians എന്ന ഗ്രന്ഥത്തിൽ (പേ. 47) ഡിസമ്പർ 21 എന്നാണ്. ശ്രീ. ജോർജ്ജ് വറുഗീസ് മദ്രാസ് (മലങ്കരസഭ 1984 ജൂൺ) ധനു 21 എന്ന് ചേർത്തു കണ്ടു. ഈ ശില ഏതു കാലത്ത് സ്ഥാപിക്കപ്പെട്ടതാണ്? "മുപ്പതു സംവത്സരം കഴിഞ്ഞു് എന്ന് കാണുന്നതിനാൽ ക്രിസ്തുവർഷക്കണക്ക് പ്രാബല്യത്തിൽ വന്ന ശേഷമാണെന്നതിൽ സംശയം വേണ്ടല്ലോ. ആ കണക്ക് മൈലാപ്പൂർ പ്രദേശത്ത് വന്ന ശേഷം ആണ് ശില സ്ഥാപിതമായതെന്നതിനും തർക്കം വേണ്ട. ധനുവും ഡിസമ്പറും അതിൽ നിന്ന് വരുന്നു. ആ പ്രദേശത്തെ ആണ്ടു മാസങ്ങളുമായി അത് പൊരുത്തപ്പെടുന്നുമില്ല. അതു സ്ഥാപിക്കുകയോ വായിപ്പിക്കുകയോ മറ്റോ

ചെയ്ത ആളുകളുടെ അക്കാലത്തെ ധാരണ അതു പ്രതിഫലിപ്പിക്കുന്നു. ഇതിന്റെ മൂലം വായിച്ചു പറഞ്ഞത് എഴുതിയെടുത്ത മൂലരേഖയുടെ പകർപ്പാണ് ഇപ്പോൾ ആശ്രയിക്കുന്നത്. അതിന് തർക്കരഹിതമായ വ്യാഖ്യാനവുമില്ല. ചരിത്രപരമായി ഇതിന് വലിയ വില കല്പിക്കേണ്ട തില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളവരുമുണ്ട്.[19]

പൗരാണിക സഭാപഞ്ചാംഗങ്ങൾ പരിശോധിച്ചാൽ, പൗരസ്ത്യ സഭാകലണ്ടറിൽ "ജൂലൈ 3 - ഇൻഡ്യയിൽവച്ച് കുന്തത്താൽ കുത്തേറ്റ് മരണമടഞ്ഞ വിശുദ്ധ തോമ്മാ. അദ്ദേഹത്തിന്റെ ശരീരം ഖാബിൻ എന്ന വ്യാപാരി ഉറഹായിൽ കൊണ്ടുവന്നു സ്ഥാപിച്ചു. ഒരു വലിയ പെരുന്നാൾ' എന്ന് കാണാം.[20] ഇവിടെ മരണമടഞ്ഞതിന്റെ ഓർമ്മ എന്നാണ് സൂചി പ്പിക്കുന്നത്. അസ്ഥികൾ ഉറഹായിൽ സ്ഥാപിച്ചതിന്റെ ഓർമ്മയെന്നല്ല പറയുന്നത്. തിരുശേഷിപ്പു സ്ഥിതിചെയ്യുന്ന ഇടം സൂചിപ്പിക്കുക മാത്ര മാണ് ചെയ്തിരിക്കുന്നത്.

ഡിസമ്പർ 21 മരണദിനമായി ഹീരോണിയൻ മാർട്ടിയോളജി പറയുന്നുണ്ട്. ബിടേയുടെ മാർട്ടിയോളജി, റോമൻ മാർട്ടിയോളജി എന്നിവയിൽ ഡിസമ്പർ 21 മരണദിനവും ജൂലൈ 3 അസ്ഥിമാറ്റവുമായി പറയുന്നു.[21] എന്നാൽ ലത്തീൻസഭയിൽ ചിലയിടങ്ങളിൽ ജൂലൈ 3 ആണ് ചരമദിനമായി കൊണ്ടാടിവന്നത്. പൗരാണികമായ കാൾമാൻ ചക്രവർ ത്തിയുടെ പഞ്ചാംഗത്തിൽ ജൂലൈ 3 നാണ് ചരമസ്മരണ. പില്ക്കാലത്ത് ലത്തീൻസഭയിൽ ഡിസമ്പർ 21 ചരമദിനവും ജൂലൈ 3 അസ്ഥിമാറ്റ ദിനവുമായി അംഗീകരിക്കപ്പെട്ടു.[22]

മലങ്കരസഭയിൽ നിലവിലിരുന്നതും പൗരസ്ത്യസുറിയാനിക്കാർ ഉപയോഗിച്ചിരുന്നതുമായ പ്രാർത്ഥനക്രമത്തിൽ ജൂലൈ 3 പെരുന്നാളി നോടനുബന്ധിച്ചുള്ള പ്രത്യേക പ്രാർത്ഥനയിൽ ശ്ലീഹായുടെ രക്തസാക്ഷി ത്വമാണ് അനുസ്മരിക്കുന്നത്. ഇത് അഞ്ചാം നൂറ്റാണ്ടിനു മുമ്പ് രചിക്കപ്പെട്ട തായാണ് കരുതപ്പെടുന്നത്.[23] ഈ പെരുന്നാളിന്റെ വൈദികരുടെ കാനോ നനമസ്കാരത്തിൽ എട്ടു ദിവസത്തെ പ്രാർത്ഥനകൾ ഉണ്ട്. പോർട്ടുഗീസു കാർ തിരുത്താതെ അവശേഷിച്ചതിൽ ഒന്നാകയാൽ ഇതിന് വളരെ പ്രാധാന്യമുണ്ട്.[24] ഈ പെരുന്നാൾ പേർഷ്യയിൽ ഒരു ദിവസത്തേക്കു മാത്രമേ ഉള്ളൂ. പേർഷ്യയിൽ ഇത് കടമുള്ള ഒരു ദിവസമല്ല. അന്ത്യോഖ്യൻ സഭയ്ക്കും മാറാനായപ്പെരുന്നാളല്ല. മലങ്കരയിൽ ദുക്റാന കടമുള്ള ദിവസ മാണ്. മദ്ധ്യപൂർവ്വദേശങ്ങളിലേതിനെക്കാൾ പ്രധാന്യത്തോടെ ഇവിടെ ഈ പെരുന്നാൾ ആചരിക്കപ്പെട്ടിരുന്നതുകൊണ്ട് ഇത് പേർഷ്യയിൽ നിന്ന് പകർത്തിയതല്ലെന്ന് പറയാം.[25]

മാർത്തോമ്മാ ശ്ലീഹ രക്തസാക്ഷിയായത്, പുനരുത്ഥാനത്തിന് സാക്ഷ്യം വഹിച്ചത് (പുതു ഞായറാഴ്ച) എന്നിവ ആദി മുതലേ കേരളസഭ

ആചരിച്ചിരുന്നു. കേരളപ്രവേശവും ആചരിച്ചിരുന്നതായി പറയപ്പെടുന്നു. ജൂലൈ 3 മാർത്തോമ്മായുടെ "ചാത്ത' മായി കുടുംബങ്ങളിൽ പോലും ആചരിച്ചിരുന്നുവത്രേ.[26]

പേർഷ്യയിലും ഇൻഡ്യയിലും ഉപയോഗത്തിലിരുന്ന ജൂലൈ 3 ന്റെ പ്രാർത്ഥനക്രമങ്ങളിൽ ശ്ലീഹായുടെ പ്രവർത്തനങ്ങളും രക്തസാക്ഷിത്വവും സംബന്ധിച്ചുള്ള സൂചനകളല്ലാതെ അസ്ഥിമാറ്റത്തെപ്പറ്റി സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ മരണദിനം തന്നെയാണ് ജൂലൈ 3 എന്നനുമാനിക്കാം.

ഡിസമ്പർ 21 മരണദിനമായി പറയുന്ന രേഖകൾ ഇൻഡ്യയിൽ ഉത്ഭവിച്ചവയോ, ഇൻഡ്യക്കാരെഴുതിയതോ അല്ലാത്തതിനാൽ അവയ്ക്ക് ശ്ലീഹായുടെ പ്രവർത്തനങ്ങളും രക്തസാക്ഷിത്വവും സംബന്ധിച്ച് നേരിട്ട് വിവരമില്ലാത്തവയെന്ന കുറവുണ്ട്. നേരിട്ട വിവരമുള്ളവരുടെ പാരമ്പര്യത്തിനും ആരാധനക്രമങ്ങൾക്കുമാണ് പ്രഥമ പരിഗണനയും സാധുത്വവും നല്കേണ്ടത്. (ശ്ലീഹ ഒരു കുന്തം കൊണ്ടാണോ, കുന്തങ്ങൾ കൊണ്ടാണോ കുത്തേറ്റു മരിച്ചതെന്ന പ്രശ്നത്തിന് ഈ കാരണത്താൽ ജെ. എൻ. ഫാർകാർ ഇൻഡ്യൻ പാരമ്പര്യത്തിനാണ് പ്രഥമസ്ഥാനം നല്കുന്നത്. എന്നാൽ ചരമതീയതിക്കാര്യത്തിൽ അദ്ദേഹം ഈ ന്യായം അവലംബിച്ചില്ല.[27])

ശ്ലീഹായുടെ പ്രവർത്തനസ്ഥലമായ കേരളത്തിലെ പാരമ്പര്യങ്ങളും രേഖകളും ഇക്കാര്യത്തിൽ പരിശോധിക്കാം. പൗരാണികമെന്ന് പറയപ്പെടുന്ന റമ്പാൻ പാട്ടിൽ "എഴുപത്തിരണ്ടാം കർക്കടകത്തിൽ ... മൂന്നാം ദിവസം .. കാലം ചെയ്തിതു മാർത്തോമ്മ' എന്ന് കാണാം. റമ്പാൻ പാട്ടിന് അത്ര വലിയ പഴക്കമില്ലെന്ന് സമ്മതിച്ചാൽതന്നെ അതെഴുതിയ കാലത്ത് കർക്കടകം 3 മാർത്തോമ്മായുടെ ചരമദിനമായി കരുതിയെന്ന് വിശ്വസിക്കാമല്ലോ. കേരളപ്പഴമ "കർക്കടകം മൂന്നാം തീയതി മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളാകുന്നു' എന്ന് പറയുന്നു. (പേ.39) വത്തിക്കാൻ സിറിയക് കോഡക്സ് 22 -ൽ കർക്കടകം 3 ന് മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന ആചരിക്കുന്നതിനെപ്പറ്റി പറയുന്നുണ്ട്.[28] 1500-ൽ കബ്രാളിനോടൊപ്പം യൂറോപ്പിനു പോയ ഇൻഡ്യാക്കാരൻ ജോസഫ് കത്തനാർ ഇവിടെ കർക്കടകം 3 ന് ദുക്റാന ആചരിക്കുന്നതായി പറയുന്നു. ഇത് അക്രൈസ്തവർ പോലും ആചരിച്ചിരുന്നുവത്രേ.[29] 1504-ൽ മാർ യാക്കോബിനാൽ എഴുതപ്പെട്ട പഞ്ചാംഗത്തിലും കർക്കടകം 3 മാർത്തോമ്മ ശ്ലീഹായുടെ ദുക്റാനയാണ്.[30] 16-ാം നൂറ്റാണ്ടിൽ കർക്കടകം 3 ന് മാർത്തോമ്മാ ശ്ലീഹായുടെ ചരമവാർഷികത്തോടനുബന്ധിച്ച് നസ്രാണികൾ പറവൂരു നിന്ന് കൊടുങ്ങല്ലൂരേക്ക് തീർത്ഥയാത്ര നടത്തുമ്പോൾ പഴയ ചില പാട്ടുകൾ പാടിയതായി പോർട്ടുഗീസ് രേഖകളിൽ പറയുന്നുണ്ട്.[31] എന്നാൽ

ഇവിടെ ജൂലൈ 3 ആചരിക്കുന്നത് ശ്ലീഹായുടെ മരണവാർഷികമെന്ന നിലയ്ക്കല്ല, ശ്ലീഹാ മലബാറിൽ വന്നത് അനുസ്മരിച്ചാണെന്ന് പോർട്ടുഗീസു കാരൻ ഗുവയ പറഞ്ഞിട്ടുണ്ട്.[32] മലബാർ പാരമ്പര്യത്തിനു ഗുവയ ഒരു കാരണം കണ്ടെത്തേണ്ടിവന്നത് അദ്ദേഹത്തിന്റെ സഭ ഡിസമ്പർ 21 ന് മരണവാർഷികം ആചരിക്കുന്നതാണ് ശരി എന്ന ബോദ്ധ്യത്തിലാകണം. റോമൻ മാർട്ടിയോളജിയിൽ ജൂലൈ 3 അസ്ഥിമാറ്റത്തീയതിയായി പറഞ്ഞിരിക്കേ അദ്ദേഹം ഇപ്രകാരം പറഞ്ഞതെന്തുകൊണ്ട് എന്ന ചോദ്യമുണ്ട്. ഇക്കാര്യത്തിൽ ഗുവയെപ്പോലെ മറ്റാരും പറയുന്നില്ല.

പതിനൊന്നാം നൂറ്റാണ്ടിൽ മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ കർക്ക. 3 ന് ആയിരുന്നു. പാലാ മാർത്തോമ്മാ ശ്ലീഹായുടെ പള്ളിക്ക് കല്ലിട്ട് പണി ആരംഭിച്ചത് 1002 കർക്ക. 3-നാണ് എന്ന് കട്ടക്കയം കുടുംബചരിത്രത്തിൽ സി. മാത്യു കട്ടക്കയം എഴുതിയിരിക്കുന്നു.

1751-ൽ ഇവിടെ വന്ന മപ്രിയാന മാർ ബസ്സേലിയോസിന്റെ കത്തിൽ "കർക്കടകം 3 -ാം തിയതി മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ ദിവസം കമ്പനി വക ആളുകളോടും പട്ടാളക്കാരോടും ഹെസക്കിയേൽ എന്ന യൂദനോടും കൂടി കൊച്ചിരാജാവിനെ കാണ്മാൻ ഞങ്ങളെ അയച്ച്' എന്ന് കാണുന്നു.[33]

ഇടവകപത്രിക പ്രസിദ്ധീകരിച്ചു തുടങ്ങിയ കാലം (1892 മകരം) മുതലുള്ള കുറെ കൊല്ലങ്ങളിലെ ലക്കങ്ങൾ പരിശോധിച്ചതിൽ അതതു മാസത്തിലെ വിശേഷദിവസങ്ങളുടെ പട്ടികയിലോ പഞ്ചാംഗത്തിലോ ഡിസമ്പർപെരുന്നാൾ ഉൾപ്പെടുത്തി കണ്ടില്ല. മലങ്കരസഭ അക്കാലത്ത് ഡിസമ്പർ പെരുന്നാൾ പരിഗണിച്ചിരുന്നില്ലെന്നർത്ഥം. ഇതിന്റെ പത്രധിപ രായിരുന്ന ഇ.എം.പീലിപ്പോസ് തന്റെ പുസ്തകത്തിൽ പെരുന്നാളുകളെപ്പറ്റി പറയുന്നിടത്ത് ശ്ലീഹായുടെ ദുക്റാന ഒരു തീയതിക്കും ചേർക്കാതെ വിട്ടുകളഞ്ഞിരിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതുണ്ട്.[34] മരണത്തീയതി ഒക്ടോബർ 6 എന്നാണ് ചേർത്തത്.[35]

ചുരുക്കിപ്പറഞ്ഞാൽ ജൂലൈ 3 മാർത്തോമ്മാ ശ്ലീഹായുടെ മരണ വാർഷിക ദുക്റാനയായി മലങ്കരസഭ ആചരിച്ചുവന്നു എന്നതാണ് സത്യം. ഉദയംപേരൂർ സുന്നഹദോസു വരെ ധനു 21 ഇവിടെങ്ങും ആചരിക്കപ്പെട്ടി രുന്നില്ല.[29] ധനു 21 ആചരണം തുടങ്ങിയത് ഉദയംപേരൂരിനു ശേഷം ആയ തിനാൽ റോമൻ പാരമ്പര്യം പകർത്തിയതു മാത്രമാണ്. ഉദയംപേരൂർ സുന്നഹദോസ് തുടങ്ങിവച്ചതു പോലും ഇവിടത്തെ പാരമ്പര്യത്തിന്റെ തെളിവായി ചിലർ പറയുന്നത് ലജ്ജാകരം എന്നേ പറയാവൂ.[36]

ഉദയംപേരൂർ സുന്നഹദോസ് ആചരിക്കേണ്ട പെരുന്നാളുകളെപ്പറ്റി ചെയ്ത തീരുമാനങ്ങളിൽ മാർത്തോമ്മാശ്ലീഹായെ സംബന്ധിക്കുന്നവ

ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

In July, ... the third being the feast of the glorious Apostle St.Thomas, which by some is said to be the day of his translation, by others of his arrival in these parts, and which has by ancient custom been still kept in this bishoprick; ...

In December, ... the eighteenth being the day whereon the Holy Cross of the Apostle St.Thomas did swept: The twenty-first being the feast of the same holy apostle St.Thomas ...[37]

ധനു 18 ശ്ലീഹാ കുന്തമേറ്റതിന്റെ ഓർമ്മയാണെന്നതിന് റോമൻസഭയ്ക്കു പോലും പാരമ്പര്യമില്ല. 1547-ൽ മൈലാപ്പൂരിൽ കണ്ടെടുത്ത കുരിശ് അത്ഭുതകരമായി ഡിസമ്പർ 18 ന് (on th feast of Expectation of Our Lady) വിയർപ്പു ചിന്തിയതിനെത്തുടർന്ന് രൂപംകൊണ്ട ഒരാശയത്തിന്റെ പേരിൽ ശ്ലീഹാ കുന്തമേറ്റ ദിവസമെന്ന് വ്യാഖ്യാനം നല്കി സഭാനേതൃത്വം നിർബ്ബന്ധത്താൽ നടപ്പാക്കാൻ ശ്രമിച്ചതാണ് ഈ പെരുന്നാളാചരണം.[38] ഡിസമ്പർ 18 കുരിശു വിയർത്ത പെരുന്നാളാണെന്ന് ഫാ. പ്ലാസിഡ് പറഞ്ഞിട്ടുണ്ട്.[39] കുരിശു വിയർക്കും മുമ്പ് ആ തീയതിയ്ക്ക് ഒരു പെരുന്നാൾ ഉണ്ടായിരുന്നെങ്കിൽ ആചരിക്കണമെന്ന് നിർദ്ദേശിച്ച് മെനസ്സീസ് കല്പന പുറപ്പെടുവിക്കില്ലായിരുന്നു.

18-ാം തീയതി ശ്ലീഹ കുന്തമേറ്റതായും 21-ാം തീയതി മരണമടഞ്ഞതായും മലങ്കരസഭയിൽ ഈ പെരുന്നാളുകൾ നടപ്പിലുണ്ടായിരുന്നതായും പറയുന്നത് യാതൊരു പൗരാണികരേഖകളെയും ആശ്രയിക്കാതെയാണ്. പോർട്ടുഗീസുകാർ ഉണ്ടാക്കി പ്രചാരണം നല്കിയവ അവജ്ഞയോടെ തള്ളിക്കളയേണ്ടതുണ്ട്.

ഉദയംപേരൂർ സുന്നഹദോസ് റോമൻകണക്കിൽ ചരമത്തിന്റെ ഓർമ്മയായി ഡിസമ്പർ 21 നടപ്പാക്കാൻ ശ്രമിച്ചെങ്കിലും ജൂലൈ 3 ദുക്റാനയായി കൊണ്ടാടിവന്ന സഭയിൽ അതിന് വേണ്ടത്ര അംഗീകാരമുണ്ടായില്ല. റോമൻഭരണത്തിലുണ്ടായിരുന്നവർ പോലും ആ മാറ്റം ഉൾക്കൊണ്ടില്ല. അക്കാലത്തിനു ശേഷം എഴുതപ്പെട്ട പിറവം പള്ളിയിലെ പെരുന്നാൾ പട്ടികയിൽ (ചുമരെഴുത്ത്) "കർക്കടകം 3 മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ' എന്നുതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. (ഈ പള്ളിയിൽ അക്കാലത്ത് പുത്തൻകൂർ പഴയകൂർ വിഭാഗങ്ങൾക്ക് ആരാധന വെവ്വേറെ ഉണ്ടായിരുന്നു.) ഇതിൽ "ധനു 21 ന് ഉറഹായുടെ പള്ളിയിൽ മാർത്തോമ്മാ ശ്ലീഹ കബറടങ്ങിയ ഗോഷിപ്പിനുടെ പെരുന്നാൾ' എന്നാണ് കാണുന്നത്. പോർട്ടുഗീസുകാർ ജൂലൈ 3 ന് നല്കിയ പുതുവ്യാഖ്യാനം സ്വീകരിക്കാതെ അത് അവരുടെ തീയതിക്ക് തിരികെ വച്ചുകൊടുത്തിരിക്കുന്നത് ശ്രദ്ധി

ക്കുക. ധനു 18 നാകട്ടെ "ആദമ്പ മലയിൽ സ്ലീബ കണ്ടെത്തിയ പെരുന്നാൾ എന്നാണ് കുറിപ്പ്. ഇവിടെ കുന്തമേറ്റ കാര്യം പറഞ്ഞിട്ടില്ല. രക്തം വിയർത്ത കുരിശു കണ്ടെത്തിയ കാര്യമാണ് സൂചിപ്പിക്കുന്നത്, ഉദയംപേരൂർ കാനോനയിലുള്ളതുപോലെ. ധനു 18 പെരുന്നാൾ സൂചിപ്പിച്ചിട്ടുള്ളതിനാൽ ഈ പട്ടിക എഴുതി വയ്ക്കുന്നതിൽ റോമൻ വിഭാഗത്തിന് മുൻകൈ ഉണ്ടായിരുന്നതായി കരുതാം. "കുരിശു വിയർത്ത പെരുന്നാൾ' കൊണ്ടാടുവാൻ മെനസ്സീസ് കല്പന പുറപ്പെടുവിച്ചിരുന്നല്ലോ. മുളന്തുരുത്തിയിൽ വച്ചെഴുതപ്പെട്ട നമ്മുടെ സഭയുടെ പെരുന്നാൾ പട്ടികയിൽ ധനു 18 ന് മൈലാപ്പൂർ കുരിശിന്റെ വിയർപ്പു തിരുന്നാൾ എന്നുണ്ട്. കണ്ടനാട്ടു പള്ളിയിലും മേല്പറഞ്ഞ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു.[40] ഇതിൽനിന്നെല്ലാം ഉദയംപേരൂരിന്റെ സ്വാധീനത്തിലാണ് ഇവിടെ ദുക്റാനപ്പെരുന്നാളിന്റെ മാറ്റങ്ങൾ വന്നതെന്ന് മനസ്സിലാക്കാം.

1879 മാർച്ച് 15-ാം തീയതി മോൺസിഞ്ഞോർ മെല്ലാന പ്രസിദ്ധപ്പെടുത്തിയ സുറിയാനിക്കാരുടെ നിയമങ്ങളിൽ അവർ പരമ്പരയാ ആഘോഷിച്ചുവന്ന വിശുദ്ധ തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാളിനെപ്പറ്റി അതു ജൂലായ് 3-ാം തീയതി എന്നുള്ള സൂചന മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് കാർഡിനൽ തിസ്സരാങ് എഴുതി. കുരിശു വിയർത്തതിന്റെ തിരുനാൾ ഡിസം. 18 ന് എന്ന് ഉദയംപേരൂരിൽ നിശ്ചയിച്ചു എന്നും അദ്ദേഹം വെളിപ്പെടുത്തി.[41]

ധനു 21 മരണദിനമായി ഇവിടെ ആചരിച്ചുവന്നത് പേർഷ്യൻ സ്വാധീനത്തിൽ ജൂലൈ 3 ലേക്ക് മാറി എന്ന് പറയുന്നവർ ഒഴുക്കൻ മട്ടിൽ പറയുന്നുവെന്നല്ലാതെ അതിന് ആധാരമൊന്നും ചൂണ്ടിക്കാണിക്കാറില്ല. പേർഷ്യയിൽ ജൂലൈ 3 പെരുന്നാളുള്ളതും റോമൻ പാരമ്പര്യവുമായി കൂട്ടിപ്പിടിപ്പിക്കുന്നുവെന്നു മാത്രം. ഈ മാറ്റം ഉണ്ടായ കാലവും ആർക്കും തിട്ടമായി പറയുവാനാകുന്നില്ല.

ഡിസമ്പർ 21 നോമ്പുകാലമാണല്ലോ. ഈ നോമ്പിൽ മാർത്തോമ്മാശ്ലീഹായുടെ പെരുന്നാൾ നേരത്തേതന്നെ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ വലിയ നോമ്പിൽ ദൈവമാതാവിന്റെ വചനിപ്പു പെരുന്നാൾ (മാർച്ച് 25) ആചരിക്കുന്നതിന് ക്രമീകരണം ഉള്ളതു പോലെ, ദുക്റാനപ്പെരുന്നാൾ നോമ്പിൽ ആചരിക്കുന്നതിന്റെ ക്രമീകരണം സഭയിൽ ഉദ്ഭവിക്കുകയും അതു പാരമ്പര്യമായി അറിയാൻ ഇടവരുകയും ചെയ്യുമായിരുന്നു. അപ്രകാരം ഒരു പാരമ്പര്യം നാം അറിയുന്നില്ലല്ലോ.

പടിഞ്ഞാറൻസഭകളിലും അവരുടെ രേഖകളിലും ഡിസമ്പർ 21 പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും കിഴക്കൻസഭകളൊന്നും ആ തീയതിക്ക് പ്രധാന്യം കല്പിക്കുന്നില്ല. അന്ത്യോഖ്യൻ സുറിയാനി ആരാധനക്രമത്തിൽ ജൂലൈയിലാണ് ദുക്റാനപ്പെരുന്നാൾ വരുന്നത്. ഡിസമ്പറിലെങ്കിൽ

പെങ്കീസായിൽ യൗസേപ്പിന്റെ വെളിപാടിനു ശേഷം മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ വരേണ്ടതാണല്ലോ. (പെങ്കീസ, വാല്യം 1, യൂലിയോസ് പ്രസ്സ്, പാമ്പാക്കുട, 1963 നോക്കുക.) പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മയുടേതു കഴിഞ്ഞ് ജൂലൈ 3 ന് നടത്തുന്ന മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനയുടെ ക്രമം പെങ്കീസായിൽ ചേർത്തിരിക്കുന്നു. (പെങ്കീസ, വാല്യം 3, യൂലിയോസ് പ്രസ്സ്, പാമ്പാക്കുട, 1963.) ദുക്'റോനോ (ഓർമ്മ) നടത്തുന്നതു് ജൂലൈ 3 ന് എന്ന് തന്നെ അതിൽ കാണാം. അതിലെ ഗീതഭാഗങ്ങളിലെ കന്തമേറ്റതിനെക്കുറിച്ചുള്ള പരാമർശങ്ങൾ മൂലത്തിലുള്ളതു തന്നെയോ എന്ന് സംശയിക്കുന്നു. ഡിസമ്പർ പെരുന്നാൾ അന്ത്യോഖ്യൻ സഭയ്ക്കില്ല. ആ സഭ പേർഷ്യൻ സഭയുടെ കീഴിലായിരുന്നെന്നോ പേർഷ്യൻ സ്വാധീനത്തിൽ ജൂലൈ 3 ആചരിച്ചുവെന്നോ പറയാൻ സാധിക്കുമോ?

പൗരസ്ത്യസഭകളുടെ നേരിട്ടുള്ള അറിവിലും പാരമ്പര്യത്തിലും ഉള്ള വസ്തുത തെറ്റാണെന്ന് സ്ഥാപിക്കുവാൻ എണ്ണത്തിൽ കൂടുതലുള്ള പടിഞ്ഞാറൻ രേഖകൾ ആശ്രയിക്കുകയാണ് പലരും ചെയ്തു കാണുന്നത്. കത്തോലിക്കാ എൻസൈക്ലോപീഡിയ (വാല്യം 14. പേ.101) ഡിസമ്പർ 21 നെ സംബന്ധിച്ച് "ലത്തീൻസഭയിൽ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മ' എന്നേ പറയുന്നുള്ളൂ. ലത്തീൻസഭയിൽ എന്നത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

പടിഞ്ഞാറൻ സഭയ്ക്കു തുല്യം പൗരാണികതയുള്ള ഗ്രീക്കു സഭ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ ആചരിക്കുന്നതു് ഒക്ടോബർ 6 ന് ആണ്. അതാണ് യഥാർത്ഥചരമദിനം എന്ന് വാദിക്കുവാൻ ആളില്ലാത്തതു് അവരിവിടെ ആധിപത്യത്തിനു വരാതിരുന്നതിനാലും അവരുടെ രേഖകൾ എണ്ണത്തിൽ കുറവായതിനാലും ആയിരിക്കണം!

മലങ്കരസഭയിൽ കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ മാർത്തോമ്മാ ശ്ലീഹായുടെ ചരമദിനം സംബന്ധിച്ചുള്ള ചരിത്രാന്വേഷണങ്ങളും നടപടികളും ശരിയായ ദിശയിൽ ആയിരുന്നില്ല. സ്വന്തപിതാവിന്റെ മരണവാർഷികദിനം സംബന്ധിച്ച് തങ്ങളുടെ പാരമ്പര്യത്തിലുപരി കേട്ടറിവു മാത്രമുള്ളവരുടെ ശബ്ദത്തിന് വില കല്പിക്കുന്നതു് എത്ര കഷ്ടം! സത്യമറിയുവാൻ ഇവിടെയുണ്ടായിരുന്ന പൗരാണിക ആരാധനക്രമങ്ങളും രേഖകളും പാരമ്പര്യങ്ങളും പരിശോധിക്കുകയാണ് വേണ്ടതു്. പഞ്ചാംഗങ്ങൾ മാറി മറിയുകയും ദേശങ്ങൾ കടന്നു പോകുകയും ചെയ്തപ്പോൾ പിശകുകൾ വന്നിട്ടുണ്ടാകാം. മാർത്തോമ്മാ മറ്റു ദേശക്കാർക്ക് ശ്ലീഹരിൽ ഒരുവൻ മാത്രമാണ്. ശ്ലീഹായുടെ പ്രവർത്തനമണ്ഡലവും മറ്റും അവർക്ക് തർക്കവിഷയമാണ്. എന്നാൽ നമുക്ക് ശ്ലീഹാ നമ്മെ ക്രിസ്തുവിൽ ജനിപ്പിച്ച് ഈ മണ്ണിൽ അലിഞ്ഞുചേർന്ന പിതാവാണ്.

കേരളീയ ആചാരപ്രകാരം മരിച്ചവരുടെ ആണ്ടുശ്രാദ്ധം പ്രധാന ചടങ്ങാണ്. ഈ സഭ ആചരിച്ചുവന്ന കർക്കടകം 3 അതുകൊണ്ടുതന്നെ മരണദിനത്തിന്റെ സുപ്രധാന തെളിവാണ്. അപ്രകാരമൊരു തീയതി സഭാനേതൃത്വം ഭേദപ്പെടുത്തിയാൽ നടപ്പാകുക വിഷമമാണെന്ന് കണ്ടു കഴിഞ്ഞു. പഴയ കലണ്ടർ മാറ്റി പുതിയതു സ്വീകരിച്ചിട്ടും ഇന്നും ചില പള്ളികളിലെ ചില പെരുന്നാളുകൾ പഴയ കണക്കിൽതന്നെ പോകുന്നതു യാഥാർഥ്യമാണല്ലോ. (പഞ്ചാംഗങ്ങൾ മാറിമാറി വന്നപ്പോൾ ഏതാനും ദിവസങ്ങളുടെ വ്യത്യാസം വന്നുപോയിട്ടുണ്ട്. ദ്രാവിഡക്കണക്ക്, സുറിയാനിക്കണക്ക്, കൊല്ലവർഷക്കണക്ക്, ഇംഗ്ലീഷുകണക്ക് എന്നീ മാറ്റങ്ങളിലൂടെയാണ് ഇന്ന് ജൂലൈ 3 ൽ വന്നു നില്ക്കുന്നത്.)

വിവിധ സഭകളുടെ പെരുന്നാൾ പട്ടികകളും പഞ്ചാംഗങ്ങളും പരിശോധിച്ചാൽ ആഗ.22 ശ്ലീഹായുടെ അസ്ഥിസംസ്കാരം, സെപ്റ്റ.10 ശ്ലീഹായുടെ അസ്ഥിയുടെ സ്ഥലംമാറ്റം, ഒക്ട.6 ശ്ലീഹായുടെ ഓർമ്മ (ഗ്രീക്ക്) നവ.21 മലങ്കരപ്രവേശം, ഡിസ.18 കുന്തമേറ്റത്, 21. രക്തസാക്ഷിത്വം (ലത്തീൻ) എന്നീ പെരുന്നാളുകളും, പുതുഞായറാഴ്ച, ഓഗ.22, 23, 24, സെപ്റ്റ.17 തുടങ്ങിയ തീയതികളിലും മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളുകൾ കാണാം. വിവിധ പ്രദേശങ്ങളിലെ സഭകളും റീത്തുകളും പല തീയതികളിൽ പെരുന്നാളുകൾ കൊണ്ടാടുന്നു. പ്രത്യേക സംഭവങ്ങൾ അനുസ്മരിച്ചുള്ളതും, ശരിയായ വാർത്താവിനിമയ സൗകര്യക്കുറവിനാൽ തെറ്റുധാരണ മൂലം തുടങ്ങിവച്ച് പിന്തുടർന്നു പോരുന്നതും എല്ലാം ഇവയിൽ പെടും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ പള്ളികളിൽ ഡിസമ്പർ പെരുന്നാൾ ആഘോഷിക്കുവാൻ പ്രചാരണവും ശ്രമവും തുടങ്ങിയതു 1952 ലെ മാർത്തോമ്മാ ജൂബിലിയാഘോഷത്തോടനുബന്ധിച്ചാണ്. നല്ല ഉദാഹരണം മുളന്തുരുത്തി പള്ളിയിലെ ജൂബിലിപ്പെരുന്നാളാണ്.

**വിവാദം ചരിത്രബോധമില്ലായ്മയാൽ**

മാർ തോമാശ്ലീഹായുടെ ദുക്റോനോ ആചരണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഡോ. കെ.എം. ജോർജ് അച്ചൻ മലങ്കരസഭാ മാസികയിൽ (സെപ്റ്റമ്പർ 2009) ലേഖനം എഴുതിയതിനെ വിമർശിച്ച് ഒരു പ്രസിദ്ധീകരണത്തിൽ എഡിറ്റോറിയലും, "ജൂലൈ 3 മലങ്കരസഭയുടെ കരിദിനം' എന്നൊരു കുറിപ്പും ശ്ലീഹായുടെ ഓർമ്മയെപ്പറ്റി ഒരു വൈദികന്റേതടക്കം ചില ലേഖനങ്ങളും വന്നു. ഒരു ലക്കംതന്നെ ആ പ്രസിദ്ധീകരണം ഇതിനായി നീക്കിവച്ചതുപോലെ തോന്നി. അടുത്തകാലത്ത് ഈ വിഷയത്തെപ്പറ്റി വേറെയും ചിലത് പ്രസിദ്ധീകരിച്ചു കണ്ടു. മാർതോമ്മാ ശ്ലീഹായുടെ ചരമസ്മരണ ഡിസമ്പർ 21 എന്ന് ചിന്തിക്കുന്ന ധാരാളം പേരുണ്ട്. ബഹുമാനപ്പെട്ട ഡോ. കെ.എം. ജോർജ് അച്ചൻതന്നെ "ശ്ലീഹായുടെ തിരുശേഷിപ്പുകൾ ഇൻഡ്യയിൽ നിന്ന് കൊണ്ടുപോയ

ജൂലൈ 3' എന്നാണ് എഴുതിയത്. നമ്മുടെ സഭയിൽ ഉണ്ടായ ആദ്യ കാലത്തെ ചില ഗുളികരൂപ ചരിത്രരചനകളെ കണ്ണടച്ചു വിശ്വസിക്കുകയും തദനുസൃതം ഇന്നും ചരിത്രം പകർത്തുകയും ഏറ്റുപാടുകയും ചെയ്യുന്നവരും കുറവല്ല. അവർ ചരിത്രം വിശദമായി നോക്കുന്നില്ല. പിൽക്കാലത്തുണ്ടായ പഠനങ്ങൾക്കു നേരേ മുഖം തിരിക്കുകയും ചെയ്യുന്നു.

സ്വന്തം പിതാവിന്റെ ചാത്തപ്പെരുന്നാൾ തീയതി, എവിടെയോ ഉള്ളവർ, "കണ്ട നീയല്ല; കേട്ട ഞാൻ" എന്ന മട്ടിൽ പറഞ്ഞതെല്ലാം ഏറ്റു പാടാനേ ഈ 21-ാം നൂറ്റാണ്ടിലും കഴിയുന്നുള്ളല്ലോ എന്നോർത്ത് മലങ്കരസഭയേ, നിനക്കു ലജ്ജിക്കാം. മാർത്തോമ്മാശ്ലീഹായുടെ ചരമ തീയതി വിവിധ സഭകളിൽ വ്യത്യസ്തമാണെങ്കിലും, ഇ.എം. ഫിലിപ്പി നെപ്പോലുള്ളവർ ഒരു തീയതിയും സൂചിപ്പിക്കുന്നില്ലെങ്കിലും, മാർ തോമ്മാ ശ്ലീഹായുടെ യഥാർത്ഥ ചരമദിനം (ദുക്റോനോ) ജൂലൈ 3 ആണെന്നതിൽ സംശയിക്കേണ്ട ഒരു കാര്യവുമില്ല.

ഇക്കാര്യത്തിൽ ദുക്റോനോ എന്ന വാക്കിന്റെ ഉത്പത്തിയും ചരിത്രവും കൂടി അന്വേഷിക്കണം. പോർട്ടുഗീസ് കാലഘട്ടത്തിനു മുമ്പുള്ള ഈ സഭയുടെ ആരാധനക്രമങ്ങളിലും പാരമ്പര്യത്തിലും ചരിത്രരേഖകളിലും കർക്ക. 3 നെ പറ്റി കാണുന്നതെന്തെന്ന് നോക്കാതെ, പാശ്ചാത്യരേഖകൾ അപ്രമാദിത്വമുള്ളതായി കരുതരുത്.

പെങ്കീസാ ക്രമത്തിൽ പന്ത്രണ്ടു ശ്ലീഹന്മാരുടെ പെരുന്നാളിനു ശേഷ മാണല്ലോ, (യൽദോ പെരുന്നാളിനു മുമ്പല്ല) ദുക്റോനോ കാണുക. അത് ആ തീയതിക്ക് എങ്ങനെ സ്ഥാനം പിടിച്ചുവെന്ന് ചിന്തിക്കുക. പോർട്ടു ഗീസുകാരുടെ വരവിനു മുമ്പുള്ള ആരാധനക്രമങ്ങളും നമ്മോടു ബന്ധപ്പെട്ട സഭകളുടെ ആരാധനക്രമങ്ങളും പെരുന്നാൾപട്ടികകളും താരതമ്യം ചെയ്തു നോക്കിയാണ് തീരുമാനമെടുക്കേണ്ടത്.

ചില റോമൻസഭാരേഖകളിൽ, അക്കൂട്ടർ അക്കാലത്ത് കൊണ്ടാടി വന്ന ഡിസം. 21 ആണ് ശരിയായ ചരമദിനം എന്ന മിഥ്യാധാരണയിൽ, ഇവിടെ ആചരിച്ചു വന്ന കർക്ക. (ജൂലൈ) 3 ന് അസ്ഥിമാറ്റദിനമെന്ന വ്യാഖ്യാനം നൽകി. ആ കഥ വിശ്വസിച്ചാണ് "കർക്ക. (ജൂലൈ) 3 കരിദിനം' എന്നൊ ക്കെ ചിലർ പറയുന്നത്.

ചിലർ ധനു 18 ന് നോമ്പാചരിച്ച് 21 ന് സമാപിക്കുന്ന പാരമ്പര്യത്തെ ക്കുറിച്ച് പറയാറുണ്ട്. ധനു 1 മുതൽ 25 വരെയുള്ള യെൽദോ നോമ്പാ ചരണത്തിന്റെ കാര്യം മറന്നാണോ ഇങ്ങനെയൊക്കെ പറയുന്നത്? യെൽദോ നോമ്പിൽ ഇപ്രകാരം ഒരു പെരുന്നാൾ 1900 നൊക്കെ മുമ്പ് മലങ്കര യിലെ പള്ളികളിൽ വ്യാപകമായി കൊണ്ടാടിയിരുന്നതായി എന്തെങ്കിലും പള്ളിചരിത്രമോ പെരുന്നാൾപട്ടികകളോ ഇതര രേഖകളോ (റോമൻ രേഖകളും അതിന്റെ കോപ്പിയടികളും ഒഴികെ) കാണിക്കാനുണ്ടോ?

കോനാട്ട് മാത്തൻ മല്പാന്റെ ഡയറിയിൽ മാർ തോമ്മാശ്ലീഹായുടെ പെരുന്നാൾ സംബന്ധിച്ച് എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്: "ഈ പെരുന്നാൾ ശീമകളിൽ ഇല്ല. അവർക്കു വിവരമില്ലാഞ്ഞിട്ട് ഈ പെരുന്നാൾ ആചരിക്കാത്തതാണെന്നും അതിനാൽ നാം ആചരിക്കണമെന്നും ഒരു പഴയ"കവിഥ' അതിനു സാക്ഷിയുണ്ടെന്നും കൊച്ചപ്പൻ മാർ യൂലിയോസ് മെത്രാപ്പോലീത്താ കല്പിച്ചു. ഇപ്രകാരം എന്നെ ചൊല്ലി കേൾപ്പിച്ചു. "ധനുമാസം പതിനെട്ടിൽ ചതിവാലെ കുന്തമേറ്റു; കിടന്നു മൂന്നു ദിനം, മരിച്ചങ്ങിരുപത്തൊന്നിൽ. ഈ പെരുന്നാൾ ശരിയായി ആചരിക്കണമെന്ന് ഞാനും വിചാരിക്കുന്നു.'[42]

മേൽക്കാണിച്ചിരിക്കുന്നതിൽ പ്രധാനകാര്യം 19-ാം നൂറ്റാണ്ട് ഒടുവിൽ പോലും സുറിയാനിസഭയിൽ ധനു / ഡിസം. 21 പെരുന്നാൾ നടപ്പിലില്ലെന്നതാണ്. അക്കാലത്ത് മലങ്കരസഭയിലും ശീമരാജ്യത്തും ധനു 21 പെരുന്നാൾ ആചരിച്ചിരുന്നില്ല.

1900 നു മുമ്പ് ഏതെങ്കിലും പഴയ സുറിയാനിപ്പള്ളികളിൽ ജൂലൈ 3 അല്ലാതെ, മാർത്തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ആചരിച്ചു വന്നതായി ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ചില റോമൻപ്രചാരണങ്ങളെ വിശ്വസിച്ച് (കോനാട്ടു മല്പാൻ കണ്ടെത്തിയപോലെ) ഈ സഭയിൽ അവിടവിടെ ധനു 21 പെരുന്നാൾ ആചരിച്ചുതുടങ്ങി. അതും 1952-ലെ തോമാശ്ലീഹാ ജൂബിലിയാഘോഷങ്ങളെ തുടർന്നാണ് കാര്യമായി വേരു പിടിച്ചത്. മാർ തോമ്മാശ്ലീഹായുടെ നാമത്തിലുള്ള മുളന്തുരുത്തിപ്പള്ളിയിലെ പെരുന്നാളിന് അക്കാരണത്താൽ ജൂബിലിപ്പെരുന്നാളെന്നാണ് പറയുന്നത്.

ധനു 18 ന് മൈലാപ്പൂരിലെ ആദമ്പമലയിലെ (സെന്റ് തോമസ് മൗണ്ട്) കുരിശു വിയർത്തതായി പറയുകയും ആ തീയതിക്ക് ശ്ലീഹാ കുന്തമേറ്റു കൊണ്ടാണ് 1547 ൽ കണ്ടെടുത്ത കുരിശ് രക്തം വിയർത്തതെന്ന് ഒരു കഥ പ്രചരിപ്പിക്കുകയും ചെയ്തു് തങ്ങളുടെ സഭയുടെ ഓർമ്മപ്പെരുന്നാൾ തീയതിയെ റോമൻ മിഷനറിമാർ ബലപ്പെടുത്തി. എന്നാൽ ആരംഭ സമയത്ത് കുന്തമേറ്റ പെരുന്നാൾ എന്നല്ല, കുരിശു വിയർത്ത പെരുന്നാൾ എന്നാണ് അവർ പറഞ്ഞിരുന്നത്.

ശരിയായ ചരമതീയതി തങ്ങൾ ആഘോഷിക്കുന്ന ഡിസം. 21 ആണെന്ന് കരുതിയ അക്കൂട്ടർ ജൂലൈ മൂന്ന് പെരുന്നാളിനെ അസ്ഥിമാറ്റവുമായി ബന്ധപ്പെടുത്തി. മൈലാപ്പൂരിലെ ആദമ്പ മലയിൽ കുരിശിൽ രക്തം വിയർത്ത കഥ പ്രചരിപ്പിച്ച് ഡിസ. 18 കുരിശു വിയർത്ത തിരുനാളായി റോമൻ സഭാധികാരികൾ കൊണ്ടുവന്നതായി രേഖകളുണ്ട്.

പക്ഷെ അക്കാലത്ത് ഈ സഭ അതിനെ എങ്ങനെ കണ്ടുവെന്നതിന് പിറവം കലണ്ടർ (പെരുന്നാൾ പട്ടിക) സാക്ഷ്യം നൽകും.

കർക്ക. 3 മാർത്തൊമ്മാ ശ്ലീഹായുടെ പെരുന്നാൾ എന്നും, ധനു 18 ആദമ്പമലയിൽ സ്ലീബാ കണ്ടെത്തിയ പെരുന്നാൾ എന്നും ധനു 21 ഉറഹായുടെ പള്ളിയിൽ മാർതൊമ്മാ ശ്ലീഹാ കബറടങ്ങിയ ഗോഷിപ്പിന്റെ പെരുന്നാൾ എന്നുമാണ് അതിൽ കാണുന്നത്. അസ്ഥിമാറ്റകഥയുടെ സൂചനയുള്ള ഉറഹാപള്ളിയിലെ പെരുന്നാൾ റോമൻപെരുന്നാളായ ധനു 21 ന് ചാർത്തിയിരിക്കുന്നു. (ധനു പെരുന്നാൾ ഇതിൽ കടന്നുകൂടിയത് റോമൻ സ്വാധീനകാലത്ത് എഴുതപ്പെട്ടതുകൊണ്ടാണ്.)

ഇടവകപത്രികയുടെ ലക്കങ്ങളിലൂടെ കണ്ണോടിച്ചാൽ അക്കാലത്ത് മാർ തോമ്മാശ്ലീഹായുടെ പെരുന്നാൾ കർക്ക. 3 ന് മാത്രമേ കണ്ടെത്താനാകൂ. എന്നാൽ പിൽക്കാലത്ത് സഭ വക പഞ്ചാംഗങ്ങളിലും മറ്റും തീയതിയും വിവരണങ്ങളും മാറി മാറി വരുകയുണ്ടായി. ഇന്നും തുടരുന്നുമുണ്ട്. ഇപ്പോൾ വേദവായനക്കുറിപ്പിലേക്കും അത് പകർന്നിരിക്കുന്നു. അവയുടെ ചുമതല കളിൽ വരുന്നവർ അബദ്ധചരിത്രങ്ങൾ മുൻപിൻ നോക്കാതെ ഏറ്റുപാടു ന്നതുകൊണ്ടാണ് ഇങ്ങനെ വരുന്നത്. അന്വേഷണങ്ങൾക്കു മുതിരാതെ പഴയ ചരിത്രപുസ്തകങ്ങളിലെ അബദ്ധങ്ങൾ അപ്പാടെ വിഴുങ്ങുന്നതു കൊണ്ടുള്ള കുഴപ്പമാണത്.

എഡേസായിൽ (ഉറഹായിൽ) കർക്ക. 3 പെരുന്നാൾ കൊണ്ടാടിയതും പള്ളി പണിതതും സംബന്ധിച്ച് ചിലർ വാചാലരാകുന്നു. അത് എപ്പോൾ, എങ്ങനെ എന്നൊക്കെ ശ്രദ്ധയോടെ അന്വേഷിക്കണം. മതിയായ അന്വേഷണം കൂടാതെ ആദ്യം എഴുതിക്കണ്ട അബദ്ധം വിശ്വസിച്ചാൽ കുഴപ്പമാണ്.

**ദുക്റോനോ: പുനർവായന വേണ്ടതു് സത്യമറിയുവാൻ**

മലങ്കരസഭ മാസികയുടെ 2010 ജൂലൈ ലക്കത്തിൽ ദുക്റോനോ സംബന്ധിച്ച് എഴുതിയതിന് "മറുമൊഴി'യായി ആഗസ്റ്റ് ലക്കത്തിൽ "വി. തോമാശ്ലീഹായുടെ ദുക്റോനോ ദിനം: ഒരു പുനർവായന' എന്ന ബ. ഫാ. വിൽസൺ മാത്യു, ബേസിൽ ദയറ എഴുതിയ ലേഖനം വന്നിരുന്നു. മാർത്തോമ്മാശ്ലീഹാ ഡിസംബർ 21 ന് രക്തസാക്ഷിയായെന്നും തിരു ശേഷിപ്പ് ജൂലൈ 3 ന് എഡേസായിലേക്ക് മാറ്റപ്പെട്ടുവെന്നും നാം വിശ്വസിക്കുന്നു എന്ന് പ്രാരംഭത്തിൽതന്നെ എഴുതിക്കണ്ടു. രേഖകളും പകർപ്പും നോക്കി വിശകലനം ചെയ്യേണ്ടതില്ല; വിശ്വാസവും പാരമ്പര്യവും ഒക്കെയാണ് പ്രസക്തമായതെന്നും പറഞ്ഞിരിക്കുന്നു. അത് മനസ്സിലുറ ച്ചതും നിഷ്കളങ്കവും ചോദ്യം ചെയ്യാനാകാത്തതുമായ അനുഭവമാണ് എന്നും സൂചിപ്പിച്ചിരുന്നു.

**ചരിത്രം വിശ്വാസകാര്യമല്ല**

ചരിത്രം എന്നതു് എതാനുമാളുകളുടെ വിശ്വാസത്തിന്റെ കാര്യമല്ല. വിശ്വാസം ചരിത്രമായി തെറ്റിദ്ധരിക്കപ്പെടുന്ന ദയനീയത കേരള

ക്രിസ്ത്യാനികളുടെ ദുര്യോഗമായി തോന്നുന്നു. പരശുരാമൻ മഴുവെറിഞ്ഞാണ് കേരളമുണ്ടായതെന്ന് വിശ്വസിക്കുന്ന ഒട്ടനവധി ശുദ്ധാത്മാക്കളുണ്ട്. മാർത്തോമ്മാശ്ലീഹാ നമ്പൂതിരിമാരെ മാനസ്സാന്തരപ്പെടുത്തിയെന്നത് വിശ്വാസസത്യമായി ഗണിക്കുന്നവരുണ്ട്. കേരളസഭ ആദിമുതലേ റോമാപാപ്പായുടെ കൈക്കീഴായിരുന്നുവെന്ന് വിശ്വസിക്കുന്നവരുണ്ട്. കൂനൻകുരിശ് വന്നാണ് കേരളസഭയ്ക്ക് അന്ത്യോക്യാപാത്രിയർക്കീസിന്റെ നിർദ്ദേശപ്രകാരം പട്ടത്വകൈവെപ്പും മറ്റും ശരിയാക്കി തന്നതെന്ന് വിശ്വാസമായി ഏറ്റുപറയുന്ന വലിയൊരു കൂട്ടമുണ്ട്. പറങ്കികൾ കൊച്ചിക്കടലിൽ കൊട്ടിത്താഴ്ത്തിക്കൊന്നത് അന്ത്യോഖ്യായിലെ പാത്രിയർക്കീസിനെയാണെന്ന് വിശ്വസിക്കുന്നവരുമുണ്ട്. അവരൊക്കെ അക്കാര്യങ്ങൾ ആവർത്തിച്ച് പകർത്തി എഴുതുന്നുമുണ്ട്. അങ്ങനെയുള്ള വിശ്വാസങ്ങൾ സ്ഥാപിക്കുവാൻ പറ്റിയ ചരിത്രപുസ്തക പരാമർശങ്ങൾ അനേകം കണ്ടെത്തി ഉദ്ധരിക്കുവാനും കഴിഞ്ഞേക്കും.

എന്നാൽ ചരിത്രപരാമർശങ്ങൾ അടിസ്ഥാനരേഖകളെ ആശ്രയിച്ചാണോ, മുമ്പേ എഴുതപ്പെട്ടു കണ്ടതിന്റെ വെറും ആവർത്തനമാണോ എന്നത് ചരിത്രവിദ്യാർത്ഥി പരിശോധിക്കുന്നില്ലെങ്കിൽ ചതിക്കുഴിയിൽ ചെന്നു വീഴും.

മാർത്തോമ്മാശ്ലീഹായുടെ ചരമദിനം എതെന്ന കാര്യത്തിൽ പോർട്ടുഗീസുകാരുടെ വരവിനു മുമ്പ് കേരളക്രിസ്ത്യാനിക്ക് ഒരു സംശയവുമുണ്ടായിരുന്നില്ല. പൗരസ്ത്യ സുറിയാനിക്കാർക്കും, പാശ്ചാത്യ സുറിയാനിക്കാർക്കും ജൂലൈ 3 (കർക്കടകം 3) മാത്രമായിരുന്നു മാർത്തോമ്മാശ്ലീഹായുടെ പെരുന്നാൾ. സുറിയാനിസഭകളിലെങ്ങും ജൂലൈ 3 അല്ലാതെ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ കൊണ്ടാടിയിരുന്നില്ല. പൗരസ്ത്യദേശങ്ങളിൽ സുവിശേഷവെളിച്ചം വിതച്ച ശ്ലീഹായുടെ ചരമതീയതി അസ്ഥി മാറ്റിയതിനു മുമ്പും പിമ്പും ഒന്നേയുണ്ടായിരുന്നുള്ളൂ. അവിടങ്ങളിൽ ഡിസംബർ 21 നും ജൂലൈ 3 നും രണ്ടു പെരുന്നാൾ എന്തുകൊണ്ട് ആവിർഭവിച്ചില്ല എന്നാണ് ഒരു ചരിത്രാന്വേഷി ചിന്തിക്കേണ്ടത്. അന്നത്തെ പാരമ്പര്യവും വിശ്വാസവും ഇളകിത്തുടങ്ങിയത് റോമൻ പാരമ്പര്യങ്ങൾ ഇവിടെ ഇറക്കുമതി ചെയ്യപ്പെട്ടതോടെയാണ്.

### റോമൻരേഖകൾ സുറിയാനിക്കാർ അംഗീകരിച്ചില്ല

റോമൻരേഖകളുടെ അണക്കെട്ട് തുറന്നുവിട്ട് തെറ്റായ ധാരണ സ്ഥിരീകരിക്കാൻ ആണ് ചില പണ്ഡിതമ്മന്യർ ശ്രമിക്കുന്നത്. റോമൻസുറിയാനി കത്തോലിക്കരായ ബ. ഫാ. ബർണാഡ്, ഫാ. പ്ലാസിഡ് തുടങ്ങിയ പണ്ഡിതന്മാർ അത്തരം രേഖകൾ കാണാത്തവരൊന്നുമായിരുന്നില്ല. അവരെപ്പോലെയുള്ളവർക്ക് ജൂലൈ 3 ആണ് ചരമതീയതി എന്നതിൽ സംശയവുമുണ്ടായിരുന്നില്ല. ഡിസംബർ 21 ചരമതീയതി എന്ന റോമൻ

നിലപാടിനെ കേരളസുറിയാനിക്കാരുടെ പുത്തൻകൂർ വിഭാഗവും പഴയകൂർ വിഭാഗവും അക്കാലത്തുതന്നെ അംഗീകരിച്ചിരുന്നില്ല. അക്കാലത്തെ ചില രേഖകളിൽ ഡിസംബർ 21 നെ അസ്ഥിമാറ്റ തീയതിയായി രേഖപ്പെടുത്തിയിട്ടുണ്ട്. പിറവം കലണ്ടറിന്റെ കാര്യം ആദ്യമേ സൂചിപ്പിച്ചു. അതുകൊണ്ടൊക്കെയാകാം കേരളകത്തോലിക്കർ ആകമാനം ഇപ്പോൾ ജൂലൈ 3 തിരുനാളായി ആഘോഷിക്കുന്നത്. ഇടക്കാലത്ത് അവർക്കുണ്ടായ തീയതിപ്പിണക്കം അവർ 1972 ൽ തിരുത്തി. മഴ തീർന്നു. പക്ഷെ ഇവിടെ മരം പെയ്തുകൊണ്ടേയിരിക്കുന്നു. ചരിത്രവും വിശ്വാസവും തമ്മിൽ കൂടിക്കുഴയുമ്പോൾ ശാസ്ത്രീയവും യുക്തിപരവും ചരിത്രപരവുമായി അന്വേഷണം നടത്തി തീരുമാനമെടുക്കുന്ന രീതി അവർക്കുണ്ട്. പ. ഗീവർഗീസ് പുണ്യവാളന്റെ കാര്യത്തിൽ ആ സഭ എടുത്ത തീരുമാനം ഇവിടെ ശ്രദ്ധേയമാണ്.

റോമാക്കാരുടെ വരവു വരെ ഈ സഭയിൽ മാർത്തോമ്മാശ്ലീഹായുടെ ദുക്റോനോയെ സംബന്ധിച്ചുണ്ടായിരുന്ന വിശ്വാസപാരമ്പര്യങ്ങൾ ഈവിധം തെറ്റിദ്ധരിപ്പിക്കുവാൻ അവർക്കു കഴിഞ്ഞു. ആ തെറ്റിദ്ധാരണ ഇന്ന് വിശ്വാസമാണെന്ന് ചിലരൊക്കെ ലജ്ജയില്ലാതെ ഘോഷിക്കുന്നു.

ഈ വിഷയത്തെപ്പറ്റി നേരത്തേ മലങ്കരസഭ മാസികയിലും (1984 മാർച്ച്), കണ്ടനാട് ഭദ്രാസന പഞ്ചരജതജൂബിലി സ്മരണികയിലും (വൈഖരി 2003) കുന്നംകുളം ഇടവകപത്രിക 2004 സെപ്റ്റമ്പർ മുതൽ 2005 ജനുവരി വരെ ലക്കങ്ങളിൽ ഖണ്ഡശ്ശഃയായും എഴുതിയിരുന്നു. http://www.malankaraorthodox.tv/writers/P. Thomas എന്ന സൈറ്റിൽ ഇതിനെപ്പറ്റിയുള്ള ലേഖനവും കിടപ്പുണ്ട്. പിറവം പെരുന്നാൾ പട്ടികയുടെ ഒരു പഠനവും അതിൽതന്നെ നോക്കാം. പ്രകാശം പബ്ലിക്കേഷൻസിന്റെ വിജ്ഞാനകോശത്തിൽ പലയിടങ്ങളിലായി വിലപ്പെട്ട വിവരങ്ങൾ കണ്ടെത്താം. ജോസഫ് കുർമ്മാങ്കലിന്റെ "തെക്കുംഭാഗരും വടക്കുംഭാഗരും' എന്ന പുസ്തകത്തിൽ (ശ്രീ. ജോസഫ് ചാഴികാടന്റെ പുസ്തകത്തിന്റെ ഖണ്ഡനം) സുപ്രധാനവിവരങ്ങൾ വർഷങ്ങൾക്ക് മുമ്പേ എഴുതിയിട്ടുണ്ട്. തങ്ങൾ പഠനം തുടങ്ങിയ കാലത്ത് പരിമിതമായ സൗകര്യങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങൾ അവസാനവാക്കാണെന്ന് കരുതിക്കൂടെന്നാണ് ഈയുള്ളവന്റെ പക്ഷം. ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച പിതാവിന്റെ ചാത്തപ്പെരുന്നാളിന്റെ തീയതി, ശ്ലീഹായെ നേരിട്ടറിയാത്തവർ പറഞ്ഞതു കേട്ട് മാറ്റി എന്ന് സമ്മതിക്കുന്നതുതന്നെ വിവരക്കേടാണ്.

ഓർത്തഡോക്സ് സഭാകലണ്ടർ പരിഷ്കരണം സംബന്ധിച്ച് ഫാ. ടി.പോൾ വറുഗീസ് (പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത) പറഞ്ഞിട്ടുണ്ട്. "It is indeed a pity that while one part of the Orthodox Church is celebrating the Great feast of the Ressurection of our Lord, another part

should still fasting. Even Christmas is no longer celebrating all the orthodox on the same day ...

... In order to introduce some uniformity in the world wide Christian calender it seems essential that the Orthodox Churches understand the basis of their own present practice and then proceed to whatever reforms they regard as necessary and useful'[43]

ദുക്റാനയുടെ തീയതി സംബന്ധിച്ചും ഇതേ ആശയമാണ് പരിഗണി ക്കേണ്ടത്.

കേരളത്തിൽ വിവിധ വിഭാഗം ക്രൈസ്തവസഭകൾ വ്യത്യസ്തതീയതി കളിൽ സഭാസ്ഥാപകന്റെ ഓർമ്മ നടത്തുന്നത് അഭികാമ്യമല്ലല്ലോ. 1972 മുതൽ കത്തോലിക്കാസഭയിലെ ലത്തീൻ വിഭാഗവും ഡിസമ്പർ 21 വിട്ടിട്ട് ജൂലൈ 3 ചരമദിനമായി ആചരിക്കുവാൻ തീരുമാനമായി. അവരുടെ സുറിയാനിവിഭാഗം നമ്മെപ്പോലെ ജൂലൈ 3 തന്നെ ആചരിക്കുന്നവരാണ്. ഓർത്തഡോക്സ് സുറിയാനി സഭയും കഴിഞ്ഞ കാലത്ത് നാം പിന്തുടർന്നു വന്ന രീതി ഉപേക്ഷിക്കാതിരിക്കുന്നതാണ് ഭംഗി. ഉപേക്ഷിക്കുന്നെങ്കിൽ ഒരു നല്ല പാരമ്പര്യം കളഞ്ഞുകുളിച്ചതിന് വരുംതലമുറ നമ്മെ പഴിക്കു മെന്നതിന് സംശയമില്ല.

**കുറിപ്പുകൾ**

1 ഫാ.ഡോ. ജോസഫ് ചീരൻ, സഭാചരിത്രവിജ്ഞാനകോശം, കോട്ടയ്ക്കൽ പബ്ലീ ഷേഴ്സ്, മാങ്ങാനം, 2007.പേ. 409, 620

2 മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശം, ഓർത്തഡോക്സ് സെമിനാരി, കോട്ടയം, 1993. പേ.404.

3 ജോസഫ് കുർമ്മാങ്കൻ, തെക്കുംഭാഗരും വടക്കുംഭാഗരും, സി.കെ.എം.പ്രസ്, ആലപ്പുഴ, പേ.326

4 ഫാ. ബർണാഡ്, മാർത്തോമ്മാക്രിസ്ത്യാനികൾ ഒന്നാം ഭാഗം. പേ.141

5 തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ, വാല്യം 1 പേ.465, 655, 656

6 നെടുന്തള്ളിൽ ഗീവറുഗീസ് കത്തനാർ, മലങ്കര സഭയും വി. തോമ്മസ് അപ്പ സ്തോലനും 1949. പേ.56, 81, Quote. History of Syrian Church Vol.I p.165

7 A.C. Perumalil, Apostle in India p. 91, 92

8 Z.M. പാറേട്ട് മലങ്കര നസ്രാണികൾ വാല്യം I പേ.417

9 J.N.Farquhar, The Apostal Thomas in India p.65

10 റവ. ഫാ.ഡോ. വി.സി.ശമുവേൽ, സഭ വളരുന്നു. പേ.11

11 Jacob Vellian, in introduction to J.N.Farquhar, The Apostal Thomas in India p.ii, iv

12 Do. p.ii

13 Z.M. പാറേട്ട്, മലങ്കര നസ്രാണികൾ വാല്യം I പേ.175

14 A.C.Perumalil, The Apostles in India. p.179, 180, 185

15 ജോർജ്ജ് വറുഗീസ്, മദ്രാസ്, മലങ്കരസഭ മാസിക 1984 ജൂൺ

16 Z.M. പാറേട്ട്, മലങ്കര നസ്രാണികൾ വാല്യം I, പേ.392
17 Rt.Rev.Herman D'souza, In the Steps of St.Thomas, p.30
18 മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ. പേ.77
19 A. Mathias Mundadan, History of Christianity in India, Vol.1 Bangalore, 1984. p. 48, 77
20 V.C.George, Apostalate & Martyrdom of St.Thomas, p.153. Z.M. പാറേട്ട്, മലങ്കര നസ്രാണികൾ വാല്യം I പേ.170
21 Rt.Rev.Herman D'souza, In the Steps of St.Thomas, p.9,10
22 ക്രൈസ്തവവിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻസ്, ആലപ്പുഴ. പേ.113, 114, 115
23 Rev.Romeo Thomas in introduction to V.C.George, Apostalate & Martyrdom of St.Thomas, p.20. Also p.164, 168, 174; റവ. ഡോ. സേവ്യർ കൂടപ്പുഴ, എഡിറ്റർ, തിരുസഭാചരിത്രം, Oriental Institute of Religious Studies, Vadavathoor, Kottayam, 1984 p. 147, 148
24 ഫാ.ബർണാഡ്, മാർത്തോമ്മാക്രിസ്ത്യാനികൾ, ഒന്നാം ഭാഗം, പേ.19,20,21,31,139
25 ക്രൈസ്തവവിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻസ്, ആലപ്പുഴ. പേ.113,114
26 ദുക്റാന, 1981 ജൂലൈ ലക്കം., A. Mathias Mundadan, History of Christianity in India, Vol.1 Bangalore, 1984. p. 34
27 J.N.Farquhar, The Apostal Thomas in India p.58
28 ക്രൈസ്തവ വിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻസ്, ആലപ്പുഴ. പേ.114
29 ക്രൈസ്തവ വിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻസ്, ആലപ്പുഴ. പേ.114
30 ടി.
31 V.C.George, Apostalate & Martyrdom of St.Thomas, p.20.
32 ജോർജ്ജ് വറുഗീസ്, മദ്രാസ്, മലങ്കരസഭ 1984 ജൂൺ
33 ഇ.എം.പീലിപ്പോസ്, മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ. പേ.166
34 ടി പേ. 350
35 ടി പേ.408
36 ഫാ. ബർണാഡ്, മാർത്തോമ്മാക്രിസ്ത്യാനികൾ ഒന്നാം ഭാഗം. പേ.146
36 പി.വി. ചാക്കോ, മലങ്കരസഭ, 1984 സെപ്റ്റംബർ
37 Scaria Zacharia, The Acts and Decrees of the Synod of Diamper. p.185
38 ക്രൈസ്തവ വിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻസ്, ആലപ്പുഴ. പേ.113, Z.M. പാറേട്ട് മലങ്കര നസ്രാണികൾ വാല്യം I. പേ.202, പീത്തോമ്മാ, മലങ്കരസഭ 1984 മാർച്ച്, പി.തോമസ്, ഓർത്തഡോക്സ് ഹെറാൾഡ്, മാർച്ച് 14, 1984
39 (ഫാ. പ്ലാസിഡ്, കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ. പേ.294
40 ദുക്റാന, 1981 ജൂലൈ, നവമ്പർ, ഡിസമ്പർ
41 ഇൻഡ്യയിലെ പൗരസ്ത്യക്രൈസ്തവരുടെ കഥ പേ. 198, 206
42 ഡയറി ബുക്ക് നമ്പർ 374, 1064 ധനു 21/1889
43. Fr.T.Paul Varghese, Date of Easter & Calender revision in the Orthodox Churches. p.2,4

# 2

# ബൈബിളിന്റെ മലയാള വിവർത്തനകഥ

ബൈബിളിന്റെ ആദ്യഭാഗമായ പഴയനിയമത്തിന്റെ മൂലഭാഷ എബ്രായയും ചുരുക്കം ഭാഗങ്ങൾ അറമായയും, പുതിയനിയമത്തിന്റെ മൂലഭാഷ ഗ്രീക്കുമാണല്ലോ. അതിൽ നിന്ന് ലോകത്തിലെ പ്രധാനപ്പെട്ട എല്ലാ ഭാഷകളിലേക്കും ഇന്ന് ബൈബിൾ വിവർത്തനം ചെയ്തിട്ടുണ്ട്.

**സെപ്റ്റ്വജിന്റ് വിവർത്തനം** (Septuagint)

ബൈബിളിലെ പഴയ നിയമം (യഹൂദതിരുവെഴുത്തുകൾ) പ്രധാനമായും എബ്രായഭാഷയിലും ചുരുക്കം ചില ഭാഗങ്ങൾ അരമായ ഭാഷയിലുമായിരുന്നു. (ശലോമോന്റെ ജ്ഞാനം, 2 മക്കാബി ഇവയുടെ മൂലം ഗ്രീക്കാണ്.) പാലസ്തീനു പുറത്ത് ചിതറിപ്പാർക്കേണ്ടിവന്ന യഹൂദന്മാരുടെ പിൻതലമുറ എബ്രായഭാഷ മറന്നപ്പോൾ അവർക്ക് തിരുവെഴുത്തുകൾ കൈകാര്യം ചെയ്യുവാൻ സാധിക്കാതെയായി. അതിനു പരിഹാരമായാണ് അന്ന് സാർവ്വത്രികമായിരുന്ന ഗ്രീക്കു ഭാഷയിലേക്ക് തിരുവെഴുത്തുകൾ വിവർത്തനം ചെയ്തത്. ടോളമി ഫിലാദൽഫസ് (ബി.സി. 285-247) എബ്രായഭാഷാ പണ്ഡിതരായ 72 പേരെ ഈജിപ്റ്റിൽ വരുത്തി ഫാരോസ് ദ്വീപിൽ താമസിപ്പിച്ച് തിരുവെഴുത്തുകൾ വിവർത്തനം ചെയ്യിപ്പിച്ചു. യേശുവിന്റെ കാലത്ത് ഈ തർജ്ജമ ഉപയോഗിക്കപ്പെട്ടിരുന്നു. ഉത്തര കാനോനിക ഗ്രന്ഥങ്ങൾ (Dutero canonical) അഥവാ അപ്പോക്രിഫ എന്ന് ഇന്നു വിളിക്കപ്പെടുന്ന ഗ്രന്ഥങ്ങൾ (തോബിത്, യൂദിത്, ബാരൂക്, ജ്ഞാനം, പ്രഭാഷകൻ, 1, 2 മക്കാബി ഇങ്ങനെ ഏഴും, എസ്തേർ, ദാനിയേൽ എന്നിവയുടെ പരിശിഷ്ടങ്ങളും) യഹൂദതിരുവെഴുത്തിന്റെ ഈ വിവർത്തനത്തിൽ ഉൾപ്പെടുത്തിയിരുന്നു. A.D.90 ൽ ജാമ്നിനിയായിൽ ചേർന്ന യഹൂദകൗൺസിലാണ് ഇവയെ യഹൂദതിരുവെഴുത്തിന്റെ ഭാഗമല്ലെന്ന് തീരുമാനിച്ചതെന്ന വസ്തുത ഓർക്കണം. അതുവരെ ക്രൈസ്തവരും യഹൂദരും അവയെ തിരുവെഴുത്തുകളായിത്തന്നെ കരുതിയിരുന്നു.

**പ്ശീത്താ വിവർത്തനം**

ബൈബിളിന്റെ ആദ്യവിവർത്തനങ്ങളിൽ എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്നതാണ് സുറിയാനിഭാഷയിലേക്കുണ്ടായ വിവർത്തനം. ഒന്നും രണ്ടും നൂറ്റാണ്ടുകളിലായി മിക്ക പുസ്തകങ്ങളും സുറിയാനിയിലേക്കു തർജ്ജമ ചെയ്യപ്പെട്ടു. 2 പത്രോസ്, 3 യോഹന്നാൻ, യൂദാ, വെളിപാട് എന്നിവ ആദ്യ

വിവർത്തനത്തിൽ പെട്ടിരുന്നില്ല. അഞ്ചാം നൂറ്റാണ്ട് പൂർവ്വാർദ്ധത്തോടെ എഡേസാ മെത്രാനായ റാബുളായുടെ നിയോഗത്താൽ സുറിയാനി വിവർത്തനം പൂർത്തിയായി എന്ന് കരുതപ്പെടുന്നു. പ്ശീത്താ (ലളിതം) എന്ന പേരിലാണ് ഈ സുറിയാനിവിവർത്തനം (പെഷിറ്റോ) അറിയപ്പെടുന്നത്. 508 ൽ ഇത് പരിഷ്കരിച്ചു. പൊതുലേഖനങ്ങൾ അപ്പോളാണ് പുതിയനിയമ കാനോനിൽ ഉൾപ്പെടുത്തിയത്. വേദപുസ്തകത്തിന്റെ ഏറ്റവും പുരാതനമായ രണ്ടു കൈയെഴുത്തുപ്രതികൾ ഇന്നു ലഭ്യമായിട്ടുള്ളത് 5-ാം നൂറ്റാണ്ടിലെ പ്ശീത്തായുടേതാണ്. പാശ്ചാത്യബൈബിളിന്റെ പുസ്തകക്രമമല്ല സുറിയാനി ബൈബിളിന്റേത്. സുറിയാനി സഭകളുടെ അംഗീകൃതവും ആധികാരികവുമായ ഗ്രന്ഥമാണ് പ്ശീത്ത. ഇതിലെ പഴയനിയമഭാഗം ഹീബ്രുവിൽ നിന്നുള്ള പരിഭാഷയാണ്. പ്ശീത്തായിലെ ഉത്തര കാനോനിക ഗ്രന്ഥങ്ങൾ (Dutero canonical) അഥവാ അപ്പോക്രിഫ എന്ന് ഇന്നു വിളിപ്പെടുന്നവ സെപ്റ്റ്വജിന്റിൽ നിന്നും തർഗുമിൽ നിന്നും തർജ്ജമ ചെയ്തതാണ്.

**വുൾഗാത്താ വിവർത്തനം (Vulgate)**

വിശുദ്ധ ജറോം ലത്തീനിലേക്കു നടത്തിയ വിവർത്തനം എ.ഡി. 405 ൽ പൂർത്തിയായി. സെപ്റ്റ്വജിന്റിലെ ഉത്തരകാനോനിക ഗ്രന്ഥങ്ങൾ (അപ്പൊക്രിഫാ / Dutero canonical) - തോബിത്ത്, യൂദിത്ത്, മക്കാബികൾ 1, 2, ബാറൂക്ക്, ജ്ഞാനം, പ്രഭാഷകൻ എന്നിവ - ജറോം ഈ വിവർത്തനത്തിൽ ഉൾപ്പെടുത്തി. 1546 ൽ ട്രെന്തോസ് കൗൺസിൽ കത്തോലിക്കാ സഭയുടെ ഔദ്യോഗിക ബൈബിൾ വുൾഗാത്തായാണെന്ന് പ്രഖ്യാപിച്ചു.

1456 ൽ ഗുട്ടൻ ബർഗ് ജർമ്മനിയിൽ ലത്തീൻ ബൈബിളാണ് ആദ്യമായി അച്ചടിച്ചത്.

**ഇംഗ്ലീഷ് വിവർത്തനങ്ങൾ**

ഇന്ത്യൻ ഭാഷകളിലേക്കുള്ള ബൈബിൾ വിവർത്തനത്തിൽ ഇംഗ്ലീഷ് വിവർത്തനങ്ങളുടെ സ്വാധീനം ഉണ്ടായിട്ടുണ്ട്. അതിനാൽ ആ ചരിത്രവും മനസ്സിലാക്കണം.

1380 ൽ ഇംഗ്ലീഷുകാരനായ വിക്ലഫ്, ലത്തീൻ വുൾഗാത്തായിൽ നിന്ന് പുതിയനിയമം ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തു. 1382 ൽ പഴയനിയമവും. മാർപ്പാപ്പായുടെ ഒരു കമ്മീഷൻ ഇതു നിരോധിച്ചു. വിക്ലഫിനെ ശപിച്ച് സഭയിൽ നിന്ന് പുറംതള്ളുകയും ചെയ്തു.

1522 ൽ വില്യം റ്റിൻഡേൽ, വേദപുസ്തകം ഗ്രീക്കിൽ നിന്ന് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്ത് ജർമ്മനിയിലെ കൊളോനിൽ അച്ചടിപ്പിച്ച് ഇംഗ്ലണ്ടിലേക്ക് കയറ്റി അയച്ചു. ഈ ഗ്രന്ഥങ്ങൾ അധികാരികൾ പിടിച്ചെടുത്തു നശിപ്പിച്ചു. കൂടാതെ 1536 ൽ വില്യം റ്റിൻഡേലിനെ ജീവനോടെ ദഹിപ്പിക്കുകയും ഉണ്ടായി.

1535 ൽ അഗസ്റ്റീനിയൻ സന്യാസി കവർഡെയിൽ, ഇംഗ്ലണ്ടിനു പുറത്തുവച്ച് ബൈബിൾ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചു. അത് ഹെൻട്രി എട്ടാമൻ രാജാവിനു സമർപ്പിക്കപ്പെട്ടതുകൊണ്ടു മാത്രം കവർഡെയിൽ വധിക്കപ്പെടാതെ രക്ഷപെട്ടു.

1537 ൽ ജോൺ റോജേഴ്സ് എന്നയാൾ തോമസ് മാത്യു എന്ന തൂലികാനാമത്തിൽ ബൈബിൾ തർജ്ജമ ചെയ്ത് ഇംഗ്ലണ്ടിനു പുറത്തുവച്ച് അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തി. ഇത് ആദ്യം ഇംഗ്ലണ്ടിൽ അംഗീകരിക്കപ്പെട്ടെങ്കിലും പിന്നീട് നിരോധിക്കപ്പെട്ടു.

മേല്പറഞ്ഞ വിവർത്തനങ്ങൾക്കൊന്നും കത്തോലിക്കാസഭയുടെ അംഗീകാരം ഉണ്ടായിരുന്നില്ല. സഭ ഔദ്യോഗികമായി അംഗീകരിച്ച ആദ്യ ഇംഗ്ലീഷ് വിവർത്തനം Duoay Bible ആണ്. (Rheims College 1582 ൽ പുതിയനിയമവും Duoay College 1609 ൽ പഴയനിയമവും ലത്തീൻ വുൾഗാത്തായിൽ നിന്ന് പുറത്തിറക്കി.)

1611 ൽ ഉണ്ടായ King James Version പൊതു അംഗീകാരം നേടിയ ഇംഗ്ലീഷ് വിവർത്തനമാണ്. ജയിംസ് രാജാവിന്റെ കാലത്തുണ്ടായ ഈ പരിഭാഷ ആധികാരികമായി (Authorised Version) അംഗീകാരം നേടി.

തുടർന്ന് ഇതിന്റെ ഒരു Revised Version (KJV 1885) വെളിച്ചം കണ്ടു.

പിന്നീട് Revised Standard Version പുറത്തുവന്നു. 1946 ൽ പുതിയനിയമവും 1952 ൽ പഴയനിയമവും ഉത്തരകാനോനിക ഗ്രന്ഥങ്ങൾ (അപ്പൊക്രിഫാ / Duetro canonical) 1957 ലും ആണ് പുറത്തുവന്നത്. പൊതുവേ അംഗീകരിക്കപ്പെടുന്ന ഇതിന്റെ കത്തോലിക്കാ പതിപ്പും (1966 ൽ) ഉണ്ട്.

വളരെ ജനസമ്മതിയുള്ള ഒന്നാണ് 1966 ൽ പുറത്തിറങ്ങിയ അമേരിക്കൻ ബൈബിൾ സൊസൈറ്റിയുടെ Good News Bible: Today's English Version.

ബ്രിട്ടീഷ് ആന്റ് ഫോറിൻ ബൈബിൾ സൊസൈറ്റിയും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സും ചേർന്നു പുറത്തിറക്കിയ ന്യൂ ഇംഗ്ലീഷ് ബൈബിൾ പിന്നീടു വന്നതാണ്. 1961 ൽ പുതിയനിയമവും 1970 ൽ പഴയനിയമവും അപ്പൊക്രിഫായും വന്നു.

ജറുസലേം ബൈബിൾ എന്ന പേരിൽ മൂലഭാഷയിൽനിന്ന് ഫ്രഞ്ചിലേക്ക് ഒരു വിവർത്തനം ഉണ്ടായിട്ടുണ്ട്. ഇതിന് ഇംഗ്ലീഷ് വിവർത്തനവും ഉണ്ട്.

ഇന്റർനാഷണൽ ബൈബിൾ സൊസൈറ്റിയുടെ New International Version (1973) എന്ന പേരിൽ ഒരു ഇംഗ്ലീഷ് വിവർത്തനം ഉണ്ട്.

**ഭാരതീയ ഭാഷകളിലേക്ക്**

ഭാരതീയ ഭാഷകളിൽ ബൈബിൾ തർജ്ജമ ആദ്യമായുണ്ടായത് തമിഴിലേക്കാണ്. തഞ്ചാവൂരിലെ ജർമ്മൻ മിഷനറി സീഗൻ ബാൾഗ് 1714 ൽ

പുതിയനിയമഭാഗങ്ങൾ പ്രസിദ്ധം ചെയ്തു. 1726 ൽ ബഞ്ചമിൻ ഷൂൾട്സ് സമ്പൂർണ്ണ തമിഴ് വേദപുസ്തകം പ്രസിദ്ധീകരിച്ചു.

1793 ൽ കൽക്കട്ടയിൽ എത്തിയ വില്യം കേറി, സുഹൃത്തുക്കളുമായി ചേർന്ന് സെറാമ്പൂർ കേന്ദ്രമാക്കി ബാപ്റ്റിസ്റ്റ് മിഷന്റെ സഹായത്തോടെ ഹിന്ദി, മറാട്ടി, ഒറിയ, അസമിയ, പഞ്ചാബി, കന്നട, ഉറുദു വിവർത്തനങ്ങൾ പുറത്തിറക്കി.

**ബൈബിൾ മലയാളത്തിൽ**

എ.ഡി. 190 ൽ ഇന്ത്യ സന്ദർശിച്ച അലക്സന്ത്രിയൻസഭയിലെ പന്തീനസ് ഇവിടെനിന്ന് എബ്രായഭാഷയിലുള്ള ഒരു സുവിശേഷം കൊണ്ടുപോയ തായി സഭാചരിത്രകാരനായ യൗസേബിയോസ് പറയുന്നുണ്ട്. അക്കാ ലത്ത് ഈ സഭയിൽ വേദപുസ്തകം ഉപയോഗത്തിൽ ഉണ്ടായിരുന്നു എന്ന തിനു ശക്തമായ തെളിവാണത്.

കേരളത്തിൽ ക്രിസ്ത്യാനികൾ ഉപയോഗിച്ചു വന്നത് സുറിയാനി വേദ പുസ്തകമായിരുന്നു. ആറാം മാർത്തോമ്മായുടെ (വലിയ മാർ ദീവന്നാ സ്യോസ് ഒന്നാമൻ) കാലത്ത് കൽക്കട്ട ഫോർട്ട് വില്യം കോളജിലെ ലക്ച റും ഈസ്റ്റ് ഇൻഡ്യ കമ്പനി ചാപ്ലയിനും ആയിരുന്ന റവ.ഡോ.ക്ലോഡി യസ് ബുക്കാനൻ 1806 ഒക്ടോബർ നവമ്പറിൽ (1806 തുലാം 29 മുതൽ) തിരു വിതാംകൂർ സന്ദർശിച്ചു. മലങ്കരസഭയിലെ കായങ്കുളം, മാവേലിക്കര, ചെങ്ങന്നൂർ, കല്ലിശ്ശേരി, പുത്തൻകാവ്, മാരാമൺ, കോഴഞ്ചേരി, റാന്നി, നിരണം, ആലപ്പുഴ, ചങ്ങനാശ്ശേരി, പുളിങ്കുന്ന്, കണ്ടനാട്ട്, ഉദയംപേരൂർ, അങ്കമാലി, കൊടുങ്ങല്ലൂർ, പറവൂർ, വരാപ്പുഴ ആലങ്ങാട്ട്, ഇടപ്പള്ളി തുടങ്ങിയ സ്ഥലങ്ങളും പള്ളികളും സന്ദർശിച്ചു. മലങ്കരയിൽ 1400 ഓ അതിലധികമോ വർഷം പഴക്കമുള്ള (സുറിയാനി) വേദപുസ്തകം കൈവശമുണ്ടായിരുന്ന തായി മാവേലിക്കരയിലെ യോനാ കത്തനാർ പറഞ്ഞതായി ബുക്കാനൻ എഴുതിയിട്ടുണ്ട്. ബുക്കാനൻ സന്ദർശിച്ച മിക്ക സ്ഥലങ്ങളിലും സുറിയാനി വേദഭാഗങ്ങളുടെ പുരാതന പ്രതികളോ ഭാഗങ്ങളോ ചുരുക്കം സ്ഥലങ്ങളിൽ വേദഭാഗങ്ങൾ മുഴുവനും തന്നെയോ കണ്ടതായി രേഖപ്പെടുത്തി. 1806 നവ. 23, 24 നു (982 വൃശ്ചികം) കണ്ടനാട്ട് വച്ച് അദ്ദേഹവും ആറാം മാർത്തോമ്മാ യുമായി കൂടിക്കാഴ്ച നടന്നു. (രണ്ടാം തവണത്തെ മലബാർ സന്ദർശനത്തിൽ (1807 ഡിസമ്പർ, 1808 ജനുവരി) തൃശ്ശൂർ, നസ്രാണിപുരം എന്ന കുന്നങ്കുളം ആർത്താറ്റ്, കോഴിക്കോട്ട് എന്നിവിടങ്ങൾ സന്ദർശിച്ചിരുന്നു.) രണ്ടാമത്തെ തവണ ബുക്കാനൻ ആറാം മാർത്തോമ്മായെ സന്ദർശിച്ചപ്പോൾ (1806 ഡിസ. 14 നു) ആയിരം വർഷം പഴക്കമുള്ളമുള്ളതും കട്ടിയുള്ള തോലിൽ ഒരു പേജിൽ മൂന്നു കോളങ്ങളായി തിരിച്ച് എഴുതിയതും അങ്കമാലിയിൽ സൂക്ഷിച്ചിരുന്നതും ചില്ലറ കേടുപാടുകൾ ഉള്ളതുമായ സുറിയാനി സമ്പൂർണ്ണബൈബിൾ കണ്ടനാട്ടു വരുത്തി ബുക്കാനനു സമ്മാനിച്ചു. (ഡിസ.

14 ന് തുകലിലെഴുതിയ 1000 വർഷം പഴക്കമുള്ള എസ്ത്രംഗല സുറിയാനി വേദപുസ്തകം അങ്കമാലിയിൽ വച്ച് ബുക്കാനന്ന നല്കിയെന്നും പറയപ്പെടുന്നുണ്ട്. എന്നാൽ ബുക്കാനന്റെ തന്നെ രേഖ അതു ശരി വയ്ക്കുന്നില്ല. പഴക്കം സംബന്ധിച്ചും ബുക്കാനന്ന് അഭിപ്രായവ്യത്യാസമുണ്ട്.) അത് അദ്ദേഹം ഇംഗ്ലണ്ടിലേക്കു കൊണ്ടുപോയി. ആ വേദപുസ്തകം ഇന്നും ഇംഗ്ലണ്ടിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ സൂക്ഷിച്ചിരിക്കുന്നു. അദ്ദേഹം അത് പിന്നീട് അച്ചടിപ്പിച്ച് നൂറു പ്രതികൾ ഇവിടെ പള്ളികൾക്കു വിതരണം ചെയ്തു.

വേദപുസ്തകം മലയാളത്തിലേക്കു വിവർത്തനം ചെയ്യുവാൻ ബുക്കാനനാണ് പ്രേരിപ്പിച്ചത്. സുറിയാനി പ്ശീത്തായിൽ നിന്ന് 1806 നവമ്പറിൽ മലയാളത്തിലേക്കുള്ള വിവർത്തനം ആരംഭിച്ചു. കണ്ടനാട്ടു വച്ച് ദീവന്നാസ്യോസ് ഒന്നാമൻ ബുക്കാനന്റെ സാന്നിദ്ധ്യത്തിൽ രണ്ടു കത്തനാരന്മാരെ ചുമതല ഏല്പിച്ചു. കണ്ടനാട്ടു വച്ച് ജോലികൾ നടന്നു. 1808 ൽ വിവർത്തനം പൂർത്തിയായി. കായങ്കുളം പീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് (യൗസേഫ്) റമ്പാനുമായിരുന്നു പ്രധാന ചുമതല. അവർ രണ്ടുപേരും, വേറൊരു കത്തനാരും സംസ്കൃത (തമിഴ്) പണ്ഡിതനായ തിമ്മാ(പ്പാ)പിള്ളയും അതിൽ പങ്കെടുത്തു. കൊച്ചിയിൽ വച്ച് പരിചയപ്പെട്ട എബ്രായഭാഷാപണ്ഡിതനായ മോശ ഇസ്സാർഫതി എന്ന യഹൂദനെയും (പിന്നീട് ക്രിസ്ത്യാനിയായി) ബുക്കാനൻ മലയാള വിവർത്തനത്തിന് കണ്ടനാട്ടേയ്ക്കയച്ചു. വിവർത്തനരീതി മനസ്സിലാക്കിക്കൊടുക്കുവാൻ തഞ്ചാവൂരിലെ മിഷനറി ഷാർട്ട്സിന്റെ ഉപദേശിയായ പാസ്കലിനെ ഒരു മാസം കണ്ടനാട്ട് നിറുത്തി. ജർമ്മൻ മിഷനറി ഫാബ്രിഷ്യസ് വിവർത്തനം ചെയ്ത 1796 ലെ സമ്പൂർണ്ണ തമിഴ് ബൈബിളിന്റെ കോപ്പി ഈ വിവർത്തനത്തിന് സഹായകമായി ബുക്കാനൻ എത്തിച്ചുകൊടുത്തു. ബുക്കാനന്റെ നിർദ്ദേശപ്രകാരം കേണൽ മെക്കാളെ ശമ്പളംകൊടുത്തും പ്രോത്സാഹിപ്പിച്ചും വിവർത്തനത്തിന്റെ പൂർണ്ണ ചുമതല വഹിച്ചു. ബോംബെ കൂറിയർ പ്രസിൽ അത് അച്ചടിക്കുവാൻ കൊടുത്തതും ബുക്കാനൻ തന്നെ. ബോംബെ കൂറിയർ പ്രസ് ഒരു ബഹുഭാഷാമുദ്രണാലയമായിരുന്നു. അതിലെ ജീവനക്കാരനായ ജീജീഭായി ചാച്ഘർ (ബെഹ്റാംജി ജീജീഭായ്) അച്ചുനിർമ്മാണവിദഗ്ധനായിരുന്നു. അദ്ദേഹം 1799-ൽ തന്നെ മലയാളം അച്ചുകൾ ലോഹത്തിൽ നിർമ്മിച്ചിരുന്നു. ഈ പുസ്തകത്തിന്റെ അച്ചടിവേളയിൽ മലയാള അക്ഷരങ്ങൾ രൂപപ്പെടുത്തുവാൻ കണ്ടനാട്ടുകാരൻ കൊച്ചിട്ടി എന്നൊരു നസ്രാണിയെയും അച്ചടിയിൽ സഹായിക്കുവാൻ തിമ്മപ്പാ പിള്ളയെയും ബോംബെക്കു കൊണ്ടുപോയിരുന്നു. അച്ചടി പൂർത്തിയാക്കുവാൻ മൂന്നു കൊല്ലമെടുത്തു. 1811 നവ. 13 നാണ് അതു പൂർത്തിയായത്. ഇതിനുള്ള മുഴുവൻ ചെലവും ബുക്കാനനാണ് വഹിച്ചത്. (ഇതിന്റെ അച്ചടിക്കുള്ള കടലാസ് ബ്രിട്ടീഷ് ആന്റ് ഫോറിൻ ബൈബിൾ സൊസൈറ്റി നല്കിയതായി പറയപ്പെടുന്നു?) മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യ ഗദ്യപുസ്തകവും വേദ

പുസ്തകവും ഇതാണ്. അന്നേദിവസം കായങ്കുളം പീലിപ്പോസു റമ്പാൻ നിര്യാതനായി. നാലു സുവിശേഷങ്ങൾ മാത്രമാണ് ഇതിലുള്ളത്. സുറിയാനിമയമായിരുന്ന ഈ വിവർത്തനം എന്ന് പിന്നീട് ആക്ഷേപമുണ്ടായി.

ഈ ബൈബിളിൽ അർദ്ധവിരാമം, വിരാമം, ചോദ്യം (. , ?) ഇത്യാദി ചിഹ്നങ്ങൾ ഒന്നുമില്ല. ചന്ദ്രക്കല (ˇ) മലയാളത്തിൽ ഉപയോഗത്തിൽ വന്നിരുന്നില്ല. വാക്യത്തിനു ശേഷം ഒത്തുവാക്യം ചേർത്തിരുന്നു. അന്ന് ഉപയോഗത്തിലിരുന്ന ഭാഷ, ലിപി, അക്കങ്ങൾ മുതലായവയെക്കുറിച്ചു പഠിക്കുവാൻ ഇതിനെ നമുക്കിന്ന് ആശ്രയിക്കാം. ചതുരവടിവിലുള്ള ലിപിയായിരുന്നു ഇതിന് ഉപയോഗിച്ചത്.

1804 ൽ ബ്രിട്ടീഷ് ആന്റ് ഫോറിൻ ബൈബിൾ സൊസൈറ്റി ലണ്ടനിൽ രൂപം കൊണ്ടു. ഈ സൊസൈറ്റി വേദപുസ്തക വിവർത്തന പ്രസിദ്ധീകരണരംഗത്ത് വലിയ സംഭാവനകൾ ചെയ്തു.

1811 ൽ ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ കൽക്കട്ടയിൽ സ്ഥാപിച്ചു.

1820 ൽ ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ മദ്രാസ് ഓക്സിലിയറി നിലവിൽ വന്നു.

1813 ആയപ്പോൾ ബൈബിൾ മുഴുവനും തമിഴ് പണ്ഡിതനായ തിമ്മപ്പാ പിള്ള തമിഴിൽനിന്ന് മലയാളത്തിലേക്കു വിവർത്തനം ചെയ്തെങ്കിലും അതു പരിഷ്കരിക്കുന്നതിലുണ്ടായ വിഷമത അതിന്റെ പ്രസിദ്ധീകരണം വൈകിച്ചു.

1817 ൽ സുറിയാനിയിൽ നിന്നുള്ള മലയാള വേദപുസ്തകം പരിഷ്കരിക്കണമെന്നും ബൈബിൾ മുഴുവൻ തർജ്ജമ ചെയ്ത് കോട്ടയത്ത് അച്ചടിച്ച് പ്രസിദ്ധീകരിക്കണമെന്നും ബൈബിൾ സൊസൈറ്റി തീരുമാനിച്ചു. ചർച്ച് മിഷനറി സൊസൈറ്റി (സി.എം.എസ്.) റവ. ബഞ്ചമിൻ ബെയിലിയുടെ സേവനം അതിനു വിട്ടുകൊടുത്തു. അക്കാലത്തെ മികച്ച ഭാഷാപണ്ഡിതരായ എട്ടു സുറിയാനിക്കത്തനാർമാർ, മലയാള സംസ്കൃത ഭാഷകളിൽ പണ്ഡിതനും മലബാറിലെ തഹസീൽദാറുമായിരുന്ന ചാത്തു മേനോൻ, (ഇദ്ദേഹം പിന്നീട് ക്രിസ്ത്യാനിയായി ജോസഫ് ഫെൻ എന്ന പേരു സ്വീകരിച്ചു) സംസ്കൃത പണ്ഡിതൻ വൈദ്യനാഥയ്യർ തുടങ്ങിയവരാണ് ഈ പദ്ധതിയിൽ പങ്കെടുത്തത്. കൊച്ചിയിലെ മോശ ഇസ്സാർഫതി (Mosesis Arphati) എന്ന ബഹുഭാഷാപണ്ഡിതനായ ജൂതനും ഹീബ്രു ഭാഷാസംബന്ധമായ സംശയങ്ങൾ തീർക്കുവാൻ ബെയിലിക്കു സഹായിയായി ഉണ്ടായിരുന്നു. മുപ്പതോളം ഭാഷാപണ്ഡിതരുടെ സേവനം ബെയിലി ഉപയോഗിച്ചു. തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കേണൽ മൺറോയുടെ പിന്തുണയും ഈ പദ്ധതിക്കു കിട്ടി. ബൈബിൾ സൊസൈറ്റി ഇതിനു ധനസഹായം നല്കി.

വിവർത്തനത്തിന് ഇംഗ്ലീഷ് വിവർത്തനത്തെയാണ് ബെയിലി ആശ്രയിച്ചത്. പദാനുപദ വിവർത്തനരീതി അദ്ദേഹം ഇതിന് അവലംബിച്ചു.

ദക്ഷിണേന്ത്യയിൽ ആദ്യമായി അച്ചടിയന്ത്രം സ്ഥാപിച്ചത് കോട്ടയം പഴയ സെമിനാരിയിലാണ്, 1820 ൽ. ഇവിടെ മരംകൊണ്ടുള്ള ഒരു പ്രസ് ബഞ്ചമിൻ ബെയിലി ഉണ്ടാക്കിക്കുകയായിരുന്നു. (അത് ഇന്നും കോട്ടയം സി.എം.എസ്. പ്രസിൽ സൂക്ഷിച്ചിരിക്കുന്നു.) അദ്ദേഹം മലയാള അക്ഷരങ്ങൾ വാർപ്പിക്കുകയും ചെയ്തു. 1821 ഒക്ടോബറിൽ ഒരു പ്രസ് ഇംഗ്ലണ്ടിൽ നിന്ന് കൊണ്ടുവന്നു. ബെയിലി 1825 ൽ മത്തായിയുടെ സുവിശേഷം മലയാളത്തിൽ അച്ചടിച്ച് പുറത്തിറക്കി. 1828 ൽ രണ്ട് അച്ചടിയന്ത്രങ്ങൾ കൂടി ഇംഗ്ലണ്ടിൽ നിന്ന് കൊണ്ടുവന്നു.

1829 ൽ ബൈബിൾ സൊസൈറ്റിയുടെ മദ്രാസ് ഓക്സിലിയറി, പുതിയ നിയമത്തിന്റെ ബെയിലിയുടെ മലയാള തർജ്ജമ (സുവിശേഷങ്ങളും പ്രവൃത്തികളും മാത്രം. 128, 144, 342 പേജ് 21x14 ) കോട്ടയം സി.എം.എസ്. പ്രസിൽ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തി. പിന്നീട് 1834 ൽ ഒരു പതിപ്പ് ലണ്ടനിൽ അച്ചടിച്ചു. (അതിൽ സുവിശേഷങ്ങളും പ്രവൃത്തികളും മാത്രം ഉൾക്കൊള്ളിച്ചിരുന്നു. 1829 ലെ കൃതിയുടെ രണ്ടാം പതിപ്പ് 368 പേജ്). 1837 ൽ തോമസ് നോർട്ടൻ സങ്കീർത്തനങ്ങളുടെ ഒരു വിവർത്തനം തയ്യാറാക്കിയെന്ന് പറയപ്പെടുന്നുണ്ട്. 1839 (മോശയുടെ 5 പുസ്തകങ്ങൾ, സങ്കീർത്തനങ്ങൾ), 1840 (പഴയനിയമം രണ്ടാം ഭാഗം, പഴയനിയമം യൊശുവാ മുതൽ എസ്ഥേർ വരെ), 1841 (പഴയനിയമം യോബ് മുതൽ ദീർഘദർശികൾ വരെ) എന്നീ വർഷങ്ങളിൽ പഴയനിയമം മൂന്നു ഭാഗങ്ങളായി പ്രസിദ്ധീകരിച്ചു. 1841 ൽ ബെയിലിയുടെ സമ്പൂർണ്ണ മലയാള വേദപുസ്തകം പുറത്തുവന്നു. (1842?) ബൈബിൾ സൊസൈറ്റിയുടെ മദ്രാസ് ഓക്സിലിയറിയാണ് ഈ സമ്പൂർണ്ണ ബൈബിൾ പ്രസിദ്ധീകരിച്ചത്. കോട്ടയം സി.എം.എസ്. പ്രസിൽ ഇത് അച്ചടിച്ചു. 1843 ൽ പുതിയനിയമത്തിന്റെ ഒരു പതിപ്പ് സി.എം. എസ്. പുറത്തിറക്കി. 1859 ൽ പഴയനിയമവും ബെയിലി ബൈബിളിന്റെ ഒരു പരിഷ്കരിച്ച പതിപ്പും പുറത്തിറക്കി. 1863 ൽ ബൈബിൾ സൊസൈറ്റി "സത്യവേദപുസ്തകം' എന്ന പേരിൽ പുതിയനിയമം ബ്രിട്ടനിൽ അച്ചടിച്ച് ഇവിടെ വിതരണം ചെയ്തു. 1866 ൽ പുതിയനിയമം ഒത്തുവാക്യങ്ങളോടുകൂടി സി.എം.എസ്. പ്രസിദ്ധീകരിച്ചു. 1867 ൽ ബൈബിൾ സൊസൈറ്റിക്കു വേണ്ടി "വിശുദ്ധ വേദം' എന്ന പേരിൽ സമ്പൂർണ്ണ ബൈബിൾ (3 ഭാഗങ്ങൾ) കോട്ടയം സി.എം.എസ്. പ്രസ്സിൽ നിന്ന് പ്രസിദ്ധീകരിച്ചു. ഇതിൽ ഒത്തുവാക്യങ്ങൾ, ഖണ്ഡിക, തലക്കെട്ട് എന്നിവ ചേർത്തിരുന്നു. (1867 ൽ തന്നെ പുതിയനിയമവും സങ്കീർത്തനങ്ങളും ഒത്തുവാക്യങ്ങളോടെ മുദ്രണം ചെയ്തു?) 1876 ൽ "നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പുതിയ നിയമം' ഒത്തുവാക്യങ്ങളോടു കൂടി പ്രസിദ്ധീകരിച്ചു.

ബെയിലി വിവർത്തനത്തിന്റെ രണ്ടു കുറവ് മലബാറിലെ മിഷനറിമാർ കണ്ടെത്തി. സംസ്കൃതത്തിന്റെ സ്വാധീനം കൂടുതലാണെന്നും, തിരുവിതാംകൂറിലെ മലയാളമാകയാൽ മലബാറുകാർക്കു പറ്റുന്നതല്ലെന്നുമായിരുന്നു അവരുടെ കണ്ടെത്തൽ.

ബയിലിയുടെ ബൈബിൾ തർജ്ജമയുടെ കുറവു പരിഹരിക്കുവാൻ ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യ കമ്പനിയുടെ ചാപ്ലയിനായി തലശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന ക്യാപ്റ്റൻ സ്പ്രിങ് സംസ്കൃതത്തിൽനിന്ന് മലയാളത്തിലേക്കു വിവർത്തനം ചെയ്യുവാനുള്ള ചുമതല ഏറ്റെടുത്തു. അദ്ദേഹത്തിന്റെ പരിഭാഷ ബൈബിൾ സൊസൈറ്റിയുടെ മദ്രാസ് ആക്സിലിയറി പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു. പ്രാദേശിക ഭാഷാപണ്ഡിതരുടെ സഹായത്തോടെ 1822 ൽ നടന്ന ആ പരിഭാഷ പ്രസിദ്ധീകൃതമായില്ല.

ബെയിലി വിവർത്തനത്തിന്റെ ഭാഷ പരിഷ്കരിക്കുവാൻ മദ്രാസിലെ ബൈബിൾ സൊസൈറ്റി ഒരു കമ്മറ്റിയെ നിയോഗിച്ചു. അതിന്റെ അദ്ധ്യക്ഷൻ ബാസൽ മിഷന്റെ പ്രവർത്തകനായിരുന്ന ഡോ. ഹെർമ്മൻ ഗുണ്ടർട്ട് ആയിരുന്നു. കമ്മറ്റിയിൽ ഏകാഭിപ്രായം ഉണ്ടായില്ല. പരിഷ്കരണത്തെ ബെയിലി അനുകൂലിച്ചതുമില്ല. അങ്ങനെ വേണ്ടത്ര സ്വാതന്ത്ര്യം കിട്ടായ്കയാൽ ഗുണ്ടർട്ട് ഒരു സ്വതന്ത്ര വിവർത്തനത്തിന് ശ്രമമാരംഭിച്ചു. ബെയിലി വിവർത്തനത്തിൽ ഗുണ്ടർട്ട് കണ്ടെത്തിയ ന്യൂനതകൾ, ഹീബ്രു മൂലത്തോടു വിശ്വസ്തത പുലർത്താതെ ഇംഗ്ലീഷ് വിവർത്തനത്തെ അത്യധികം അനുകരിച്ചു; വാക്കുകൾ വേണ്ടതിലധികം പരത്തിപ്പറഞ്ഞു എന്നെല്ലാമായിരുന്നു. ഈ കുറവുകൾ പരിഹരിച്ച് ഗ്രീക്കിൽ നിന്ന് തർജ്ജമ ചെയ്ത് കല്ലച്ചിൽ അച്ചടിച്ച മലയാളം പുതിയനിയമം 1852 ൽ തലശ്ശേരിയിലെ മിഷൻ പ്രസിൽ നിന്ന് ഗുണ്ടർട്ട് പുറത്തിറക്കി. നേരത്തേ 1849 ൽ സുവിശേഷങ്ങൾ ഉൾക്കൊള്ളിച്ച് "സുവിശേഷ സംഗ്രഹം' തലശ്ശേരി "ഛാവിദ'ത്തിൽ നിന്ന് ഗുണ്ടർട്ട് പുറത്തിറക്കിയിരുന്നു. 1852 ലും 1854 ലും ബാസൽ ഇവാഞ്ചലിക്കൽ ലൂഥറൻ മിഷൻ തലശ്ശേരിയിൽ നിന്ന് കല്ലച്ചിലടിച്ച് ഗുണ്ടർട്ടിന്റെ പുതിയനിയമത്തിന്റെ പുതിയ തർജ്ജമകൾ പ്രസിദ്ധീകരിച്ചു. 1857 ൽ "പവിത്രലേഖകൾ' എന്ന പേരിൽ പഴയനിയമം (ഇയ്യോബ്, സങ്കീർത്തനം, ശലോമോന്റെ) തലശ്ശേരിയിൽ മിഷൻ പ്രസിൽ നിന്ന് പ്രസിദ്ധം ചെയ്തു. (1859 ൽ പഴയനിയമവും ഗുണ്ടർട്ട് പ്രസിദ്ധം ചെയ്തു?) 1868 ൽ മംഗലാപുരത്തുനിന്ന് ഗുണ്ടർട്ട് പുതിയനിയമം (രണ്ടാം പതിപ്പ്) പ്രസിദ്ധം ചെയ്തു. 1880 ൽ സങ്കീർത്തനങ്ങൾ മാത്രം ഒരു പുസ്തകമായി മംഗലാപുരത്തുനിന്ന് ഗുണ്ടർട്ട് പ്രസിദ്ധം ചെയ്തു. (അങ്ങനെ 1880 ൽ പഴയനിയമം പൂർണ്ണമായി?) 1881 ൽ പുതിയനിയമം പരിഷ്കരിച്ച് മംഗലാപുരത്തുനിന്ന് പുറത്തിറക്കി. ഇൻഡ്യയിലെ സേവനത്തിൽനിന്ന് വിരമിച്ച ശേഷം ജർമ്മനിയിൽ താമസിച്ചുകൊണ്ട് 1881 ൽ പഴയനിയമത്തിലെ കവിതാഭാഗങ്ങൾ ഗുണ്ടർട്ട്

പ്രസിദ്ധം ചെയ്തു. പഴയനിയമത്തിലെ കാവ്യഭാഗങ്ങൾ കാവ്യഭംഗിയോടെ തന്നെയാണ് ഗുണ്ടർട്ട് തർജ്ജമ ചെയ്തത്. 1886 ൽ പ്രവാചകലേഖകൾ എന്ന പേരിൽ പഴയനിയമഭാഗങ്ങൾ മംഗലാപുരത്തുനിന്ന് പ്രസിദ്ധീകരിച്ചു. മംഗലാപുരത്ത് ബാസൽ മിഷൻ പ്രസിലായിരുന്ന ഗുണ്ടർട്ട് ഇവ അച്ചടിച്ചത്. 1888 ൽ പഴയനിയമത്തിലെ പ്രവചനഗ്രന്ഥങ്ങളും ഗുണ്ടർട്ട് പ്രസിദ്ധപ്പെടുത്തി. (1885 ൽ ഗുണ്ടർട്ടിന്റെ മലയാളം ബൈബിൾ പുറത്തുവന്നതായി ചില രേഖകളിൽ കണ്ടു.)

1880 ൽ ബയിലി ഗുണ്ടർട്ടുമാരുടെ വേദപുസ്തകങ്ങളുടെ ഒരു ഐക്യവിവർത്തനം നടന്നു. ജെ.എം.ഫെർട്ടി (J.M ഫ്രിറ്റ്സ്) അദ്ധ്യക്ഷനായി, എൽ.എം.എസ്., ബി. എം.എസ്., സി. എം.എസ്., യാക്കോബായ എന്നീ സഭാപ്രതിനിധികൾ ഉൾപ്പെട്ട ഒരു സമിതി 1871 മുതൽ ഇതിനായി പ്രവർത്തിച്ചിരുന്നു. ബാസൽ മിഷനിലെ W. ഡിൽഗർ, റവ. സ്റ്റീഫൻ ചന്ദ്രൻ സി.എം.എസ്. മിഷനറി റിച്ചാർഡ്സ്, ആർച്ച് ഡീക്കൻ കോശി കോവൂരച്ചൻ, കിട്ടായി മേനോൻ എന്നിവർ അതിൽ അംഗങ്ങളായിരുന്നു. അതിന്റെ ഫലമായി 1880 ൽ പൊതുവായ ഒരു പുതിയനിയമം പ്രസിദ്ധം ചെയ്തു. ഗുണ്ടർട്ടിന്റെ പരിഭാഷയായിരുന്നു ഇതിന്റെ അടിസ്ഥാനം. (1889 ൽ സമ്പൂർണ്ണ ബൈബിൾ പുറത്തു വന്നു?) 1899 ൽ പരിഷ്കരിച്ച പതിപ്പുണ്ടായി.

1904 ൽ ബ്രിട്ടീഷ് ആന്റ് ഫോറിൻ ബൈബിൾ സൊസൈറ്റിയുടെ മദ്രാസ് ആക്സിലിയറി "പഴയതും പുതിയതുമായ നിയമങ്ങൾ അടങ്ങിയിരിക്കുന്ന വിശുദ്ധ വേദം' (The Holy Bible Containing the Old and New Testaments Translated into the Malyalam Language) കോട്ടയം സി.എം.എസ്. പ്രസിൽ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തി. ഇതിൽ ഒത്തു വാക്യങ്ങൾ ചേർത്തിരുന്നു. പുസ്തകങ്ങളുടെ പേരുകളിൽ ചിലത് ഇന്നത്തേതു പോലെയല്ല. (ആദ്യപുസ്തകം, നളാഗമം, യോബ്, സുഭാഷിതങ്ങൾ, പ്രസംഗക്കാരൻ, ശലോമോന്റെ പാട്ട്, ഹെസക്കിയേൽ എന്നിത്യാദിയാണ് വ്യത്യാസങ്ങൾ. 1114+345 പേജ്)

1908 ൽ നമ്മുടെ കർത്താവും രക്ഷിതാവും ആയ യേശുക്രിസ്തുവിന്റെ പഴയ പുതിയ നിയമങ്ങൾ ചേർന്ന പൂർണ്ണ ബൈബിൾ ബ്രിട്ടീഷ് ആന്റ് ഫോറിൻ ബൈബിൾ സൊസൈറ്റിയുടെ മദ്രാസ് ആക്സിലിയറി പ്രസിദ്ധപ്പെടുത്തി. ആദ്യപുസ്തകം ലേവിയ, നളാഗമം, യോബ്, സുഭാഷിതങ്ങൾ, പ്രസംഗക്കാരൻ, ശലോമോന്റെ പാട്ട്, ഹെസക്കിയേൽ എന്നിങ്ങനെ പുസ്തങ്ങളുടെ പേരുകൾ ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായി കാണാം. ഓരോ അദ്ധ്യായത്തിന്റെയും തുടക്കത്തിൽ അതിലെ ഉള്ളടക്കം സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. വാക്യങ്ങൾ ഓരോ ഖണ്ഡികയായിട്ടാണ് അച്ചടിച്ചിരുന്നത്.

1910 ൽ ഇംഗ്ലീഷിലെ Revised Version (KJV 1885) അടിസ്ഥാനപ്പെടുത്തി പരിഭാഷപ്പെടുത്തിയ "സത്യവേദപുസ്തകം' (Common Version) ബൈബിൾ

സൊസൈറ്റി പുറത്തു കൊണ്ടുവന്നു. 1914 ൽ വീണ്ടും ഒരു പരിഷ്കാരം കൂടി അതിനു വന്നു.

ഇതുവരെ സൂചിപ്പിച്ചതെല്ലാം ഇംഗ്ലീഷ് മിഷനറിമാരുടെ സഹായത്തോടെ നടന്ന ബൈബിൾ വിവർത്തന പ്രവർത്തനങ്ങളായിരുന്നു. ഇതിലൊന്നും ഉത്തരകാനോനിക ഗ്രന്ഥങ്ങൾ ഉൾക്കൊള്ളിച്ചിരുന്നില്ല.

1956 ൽ ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ കേരള ഓക്സിലിയറി കോട്ടയത്ത് രൂപം കൊണ്ടു.

1960 ൽ ഒരു ബൈബിൾ പരിഷ്കരണക്കമ്മറ്റി ഡോ. എഫ്. മൂളിയിലിന്റെ നേതൃത്വത്തിൽ രൂപംകൊണ്ടു. 1969 നും 1972 നും ഇടയിൽ സുവിശേഷങ്ങൾ പരിഷ്കരിച്ച് താത്ക്കാലിക പതിപ്പായി പ്രസിദ്ധീകരിച്ചു.

1960 ൽ ഡോ. ഫ്രെഡറിക് മൂളിയിൽ ഗ്രീക്ക് മൂലത്തിൽനിന്ന് പുതിയനിയമം നേരിട്ട് മലയാളത്തിലേക്കു വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു (മേരീലാന്റ് പബ്ലീഷേഴ്സ്). 1981 ൽ ഇതിന്റെ പുനഃപ്രസിദ്ധീകരണവും നടന്നു.

ദീർഘ ഇടവേളയ്ക്കു ശേഷം ബൈബിൾ സൊസൈറ്റി പുതിയനിയമത്തിന് 1980 (1981) ൽ ഒരു ആധുനിക വിവർത്തനം പ്രസിദ്ധപ്പെടുത്തി. 2003 (2002) ൽ പഴയ സത്യവേദപുസ്തകം പുതിയ മലയാളലിപിയിൽ (New script) പുറത്തിറക്കി. 2004 ൽ പഴയ പതിപ്പിന്റെ ഭാഷയിൽ ചില മാറ്റങ്ങൾ വരുത്തി സത്യവേദപുസ്തകം (Re-edited) പുതിയ ലിപിയിൽ പ്രസിദ്ധം ചെയ്തു. 2006 ൽ ബൈബിൾ സൊസൈറ്റി മാറ്റങ്ങൾ വരുത്തിയ പാഠം ഉൾക്കൊള്ളിച്ച് ഒരു പഠനബൈബിൾ പുറത്തിറക്കി.

**ഓർത്തഡോക്സ് സുറിയാനിസഭയിൽ**

ബുക്കാനന്റെ സന്ദർശനവേളയിൽ മാവേലിക്കര വച്ച് അവിടത്തെ കല്ലറയ്ക്കൽ തോമാ (ദിദിമൂസ്) കത്തനാർ മലയാളത്തിലുള്ള മത്തായിയുടെ സുവിശേഷം കാണിച്ചതായി അദ്ദേഹം പറഞ്ഞിട്ടുണ്ട്. അത്തരം തർജ്ജമകൾ അവിടവിടെ തയ്യാറാക്കിയിരുന്നതായി ഇതിൽനിന്ന് മനസ്സിലാക്കാം.

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്, പഴയ സെമിനാരി സ്ഥാപിച്ച ശേഷം സുവിശേഷമൊഴിച്ചുള്ളവയെല്ലാം വിവർത്തനം ചെയ്തു. സുറിയാനിപദങ്ങളുടെ ആധിക്യവും ഭാഷാവൈകല്യവുംകൊണ്ട് ബെയിലിക്ക് ഈ വിവർത്തനം ഭംഗിയുള്ളതായി തോന്നിയില്ലത്രേ. അല്ലായിരുന്നെങ്കിൽ ബെയിലി അത് പ്രസിദ്ധപ്പെടുത്തിയേനെ.

1870 (1045) ൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്, മതപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ സെന്തോമസ് പ്രസ് കൊച്ചിയിൽ സ്ഥാപിച്ചു. അദ്ദേഹം കുർബ്ബാനക്രമവും സങ്കീർത്തനങ്ങളും മലയാളത്തിലേക്കു വിവർത്തനം ചെയ്തു. ഇവയിൽ സങ്കീർത്തനങ്ങൾ അച്ചടിയിലല്ലാതെ പ്രചരിച്ചിരുന്നതായി പറയപ്പെടുന്നു.

വായനപ്പടി ഏവൻഗേല്യോൻ സുറിയാനിയിൽ നിന്ന് തർജ്ജമചെയ്ത് (1957?) പ്രസിദ്ധപ്പെടുത്തി. അത് പല തവണ പരിഷ്കരിച്ചിട്ടുമുണ്ട്. 1977, 1993, 2004 വർഷങ്ങളിലാണ് അവസാനം നടന്ന പരിഷ്കരണങ്ങൾ.

സുറിയാനിയിൽ നിന്ന് പാമ്പാക്കട കോനാട്ട മാത്തൻ കോർ എപ്പി സ്കോപ്പായുടെ നേതൃത്വത്തിൽ ഔഗേൻ റമ്പാനും ഇട്ടീരാ മല്പാനും ചേർന്ന് തർജ്ജമ ചെയ്ത പുതിയനിയമം പാമ്പാക്കടയിൽ അച്ചടിച്ച് പുറത്തിറക്കി.

കടവിൽ മാർ അത്താനാസ്യോസ് (1907 ൽ കാലം ചെയ്തു) വേദപുസ്തകം ഭാഗികമായി വിവർത്തനം ചെയ്തതായി പറയപ്പെടുന്നു. പക്ഷെ പ്രസിദ്ധ പ്പെടുത്തിയില്ല.

1994 ൽ കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പ, പ്ശീത്തായിൽ നിന്ന് വിവർത്തനം ചെയ്ത പ്രസിദ്ധപ്പെടുത്തിയ ബൈബിളിനു "വിശുദ്ധ ഗ്രന്ഥം' എന്നാണു പേര്. ഉത്തരകാനോനിക ഗ്രന്ഥങ്ങൾ അഥവാ അപ്പൊ ക്രിഫാ എന്ന് വിളിക്കപ്പെടുന്ന ഗ്രന്ഥങ്ങൾ (ത്രുബീദ് / തോബിയാസ്, യഹൂ ദിത്ത് / യൂദിത്ത്, എസ്ഥേർ (പരിശിഷ്ടം), മഹാജ്ഞാനം, യേശു ബാർ ആസിറേ, എറമിയായുടെ ലേഖനം, 1, 2 ബാറൂക്ക്, ദാനിയേൽ – ശ്രൂശാൻ, 1, 2 മക്കാബ്യർ) ഇതരകാനോനിക ഗ്രന്ഥങ്ങൾ എന്ന പേരിൽ പ്രത്യേക വിഭാഗമായി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പാശ്ചാത്യബൈബിളിലെ പുസ്തകങ്ങളുടെ ക്രമമല്ല, സുറിയാനി വേദപുസ്തകത്തിലുള്ളത്.

കടവിൽ മാർ അത്താനാസ്യോസ് ശ്ലീഹാവായനകൾ മാത്രം സുറിയാ നിയിൽ നിന്നു തർജ്ജമ ചെയ്ത് വായനപ്പടിയായി 1998 ൽ പുറത്തിറക്കി.

**കത്തോലിക്കാ സഭയിൽ**

1893 ൽ മഞ്ഞുമ്മൽ കർമ്മലീത്താ സന്യാസാശ്രമത്തിൽ സുവിശേഷ ങ്ങളും നടപടികളും വുൾഗാത്തായിൽനിന്ന് വിവർത്തനമാരംഭിച്ച് വ്യാഖ്യാ നത്തോടെ 1894 ൽ പൂർത്തിയാക്കി. ഫാ. അലോഷ്യസ് ആസാൻക്താ മരിയ (ലൂയിസ്) ഫാ. മൈക്കിൾ ആസാൻക്താ പമീലിയ, ഫാ. പോളികാർപ്പ് ആസാൻക്താ അന്ന എന്നീ കർമ്മലീത്താ സന്യാസസഭയിലെ ലത്തീൻ റീത്തു വൈദികരാണ് ഈ പരിപാടിയിൽ പ്രവർത്തിച്ചത്. കത്തോലിക്ക രുടെ വക ആദ്യത്തെ മലയാള വിവർത്തനം 1905 ലാണ് എറണാകുളം ഐ. എസ്. പ്രസിൽ അച്ചടിക്കപ്പെട്ടത്. മഞ്ഞുമ്മൽ വിവർത്തനം എന്ന് ഇത് അറിയപ്പെടുന്നു. ഇതിന് പിന്നീട് ഒരു പരിഷ്കരിച്ച പതിപ്പും ഉണ്ടായി. 1926 ൽ ഫാ. അലോഷ്യസും ഫാ. മൈക്കിളും ചേർന്ന് വെളിപാടുപുസ്തകം വിപുലമായ വ്യാഖ്യാനസഹിതം വിവർത്തനം ചെയ്ത പ്രസിദ്ധീകരിച്ചു. 1931 ൽ സുവിശേഷങ്ങൾ മാത്രവും, 1953 ൽ സുവിശേഷങ്ങളും നടപടികളും ഒരു മിച്ചും, പരിഷ്കരിച്ച പതിപ്പുകൾ മഞ്ഞുമ്മൽ നിന്ന് ഉണ്ടായി.

1924 ൽ മാന്നാനം സുറിയാനി കർമ്മലീത്താ ആശ്രമത്തിൽ നിന്ന്

മാണിക്കത്തനാർ (അഞ്ചുമാലിൽ മാണി) വിവർത്തനത്തിനു നേതൃത്വം നല്കി പുറത്തിറക്കിയ പഴയനിയമം പഞ്ചഗ്രന്ഥി (പ്ശീത്തായിൽ നിന്ന്) വിസ്തൃതമായ വ്യാഖ്യാനത്തോടെ ഉള്ളതായിരുന്നു. ഈ സംഘംതന്നെ പിന്നീട് യോശുവ, ന്യായാധിപന്മാർ മുതലായതും വിവർത്തനം ചെയ്തു. മാണിക്കത്തനാരുടെ പൗരോഹിത്യ ജൂബിലി സ്മാരകമായി 1935 ൽ നാലു സുവിശേഷങ്ങൾ പ്ശീത്തായിൽ നിന്ന് തർജ്ജമ ചെയ്ത് പുറത്തിറക്കി. പിന്നീട് അദ്ദേഹംതന്നെ പുതിയനിയമം മുഴുവനും വ്യാഖ്യാനത്തോടുകൂടി 1940 ൽ പ്രസിദ്ധം ചെയ്തു. മാന്നാനം ആശ്രമത്തിൽ നിന്ന് ഫാ. ചാൾസ് 1931 ൽ സങ്കീർത്തനങ്ങൾ പുറത്തിറക്കിയിരുന്നു. ഇവയിൽ മാണിക്കത്തനാരുടെ പുതിയനിയമം കൂടുതൽ ജനപ്രീതി നേടി.

1924 ൽ പുത്തൻപള്ളി സെമിനാരിയിലെ സുറിയാനി മല്പാൻ വടക്കയിൽ മത്തായിക്കത്തനാർ നേതൃത്വം നല്കി, പഴയനിയമ പ്രവചനഗ്രന്ഥങ്ങളും മക്കബായക്കാരുടെ രണ്ടു പുസ്തകങ്ങളും പ്രസിദ്ധം ചെയ്തു. 1929 ൽ രാജാക്കന്മാരുടെ പുസ്തകവും പുറത്തിറക്കി. 1949 ൽ സുവിശേഷങ്ങളും വിവർത്തനം ചെയ്തു. ഇവയെല്ലാം വുൾഗാത്തായിൽ നിന്നാണ് തർജ്ജമ ചെയ്തത്. എസ്. എച്ച്. ലീഗ് ഇവ പ്രസിദ്ധം ചെയ്തു.

1924 ൽ മോൺ. അന്തോണി പുതുശ്ശേരി വിശുദ്ധ പൗലോസിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. വുൾഗാത്തയും, സുറിയാനി, ഇംഗ്ലീഷ്, തമിഴ് വിവർത്തനങ്ങളും ഇതിന് ആധാരമാക്കി. 1927 ൽ പഴയ നിയമം (സുഭാഷിതങ്ങൾ, പ്രസംഗകൻ, പാട്ടുകളുടെ പാട്ട്, ബോധജ്ഞാനം എന്നിവ) വുൾഗാത്തയിൽ നിന്ന് പരിഭാഷ ചെയ്തു.

1935 ൽ ഫാ. സെറാഫിൻ ബെനഡിക്ട് "യേശുവിന്റെ സുവിശേഷം' എന്ന പേരിൽ പുതിയനിയമ വിവർത്തനം തയ്യാറാക്കി, നാലു സുവിശേഷങ്ങളിൽ കാണുന്ന യേശുവിനെ ക്രമപ്രകാരം അവതരിപ്പിച്ചു.

1930, 1934, 1939 വർഷങ്ങളിൽ ഫാ. മാത്യു വടക്കേലിന്റെ നേതൃത്വത്തിൽ പഴയനിയമ വിവർത്തനം മൂന്നു വാല്യങ്ങളായി വെളിച്ചം കണ്ടു.

1948 ൽ എൽ. എം. തോമസ്, സുവിശേഷഭാഗങ്ങൾ വിവർത്തനം ചെയ്ത് തേവര ലിറ്റിൽ ഫ്ലവർ പ്രസിൽ നിന്ന് പുറത്തിറക്കി.

1948 ൽ മയ്യനാട്ട് എ. ജോൺ മത്തായി, സുവിശേഷങ്ങൾ ഇംഗ്ലീഷിൽ നിന്ന് വിവർത്തനം ചെയ്തു. കൂടാതെ പുതിയനിയമം പൂർണ്ണമായും പഴയനിയമ ഭാഗങ്ങളും ഇദ്ദേഹം വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

1953 ൽ ഫാ. സി.കെ.മറ്റം പുതിയനിയമഭാഗങ്ങൾ "പ്രതിദിനസുവിശേഷം' അഥവാ "ഗുരുഗീത' എന്ന പേരിൽ വിവർത്തനം ചെയ്തു. അമേരിക്കൻ സൈനികർക്കായി പുറത്തിറക്കിയ ഒരു ഇംഗ്ലീഷ് വിവർത്തനത്തെയാണ് ഇതിന് ആശ്രയിച്ചത്.

1954 ൽ നാലു സുവിശേഷങ്ങളുടെ ഉള്ളടക്കം, സുവിശേഷകന്മാരുടെ വാക്കുകളിൽ, ആവർത്തനം കൂടാതെ ക്രമീകരിച്ച ഒരു വിവർത്തനം "സുവിശേഷസമാധാനം' എന്ന പേരിൽ ഫാ. മാത്യു നടയ്ക്കൽ പ്രസിദ്ധീകരിച്ചു. 1970 ൽ പുതിയനിയമ സംഹിതയും 1975 ൽ പഴയനിയമ സംഹിതയും ഇദ്ദേഹം പ്രസിദ്ധം ചെയ്തു.

1962 ൽ ചേർത്തല പട്ടണക്കാട്ടു നിന്ന് "ആധുനിക മലയാള ബൈബിൾ – പുതിയ ഉടമ്പടി' എന്ന ഭാഷാപരമായ വ്യത്യസ്തതകളുള്ള ഒരു വിവർത്തനം പുറത്തു വന്നിരുന്നു. ചില പദപ്രയോഗങ്ങളെച്ചൊല്ലി ഇതിന്റെ അംഗീകാരം സഭാധികാരികൾ പിന്നീട് പിൻവലിച്ചു.

1962 ൽ മോൺ. ജേക്കബ് നടുവത്തുശ്ശേരി ജനറൽ എഡിറ്ററായി എറണാകുളം പ്രതിമാസ ഗ്രന്ഥ ക്ലബ്ബ് (Book a month Club) പുതിയനിയമ വിവർത്തനം പുറത്തിറക്കി.

1963 ൽ ഫാ. തോമസ് മൂത്തേടൻ സമ്പൂർണ്ണ ബൈബിൾ തർജ്ജമ പുറത്തിറക്കി. കത്തോലിക്കരുടെ ആദ്യത്തെ സമ്പൂർണ്ണബൈബിളാണിത്. ഗ്രീക്ക് മൂലത്തിന്റെയും, വുൾഗാത്ത, പ്ശീത്ത, ആർ.എസ്.വി., ജറുസലേം ബൈബിൾ എന്നിവയുടെയും സഹായത്തോടെ നടത്തിയ ഈ പരിഭാഷ പൊതുവെ എല്ലാ ക്രൈസ്തവവിഭാഗങ്ങളുടെയും അംഗീകാരം നേടി.

1971 ൽ ഫാ. ആബേൽ മത്തായിയുടെ സുവിശേഷം വിവർത്തനം ചെയ്തു. പ്ശീത്ത, ജറുസലേം ബൈബിൾ, ഇംഗ്ലീഷ് ബൈബിൾ എന്നിവ അദ്ദേഹം ആധാരമാക്കി. "മുക്തിമാർഗ്ഗം' എന്ന പേരിലാണ് ഇതു പുറത്തിറക്കിയത്.

1978 ൽ മൂലഭാഷയിൽ നിന്ന് വിവർത്തനം ചെയ്ത "വിശുദ്ധഗ്രന്ഥം പുതിയനിയമം' മാന്നാനത്തു നിന്ന് വെളിച്ചം കണ്ടു.

1981 ൽ കേരള കത്തോലിക്കാ മെത്രാന്മാരുടെ കൗൺസിലിന്റെ വക പി.ഒ.സി. ബൈബിൾ പുറത്തുവന്നു. ഇന്ന് ഇതാണ് കത്തോലിക്കരുടെ ഔദ്യോഗിക മലയാള വേദപുസ്തകം. ഇതിൽ ഉത്തരകാനോനിക ഗ്രന്ഥങ്ങളും – (തോബിത് (Tobit) യൂദിത്ത് (Judith) 1, 2 മക്കബായർ (Maccabees) ജ്ഞാനം (Wisdom) പ്രഭാഷകൻ Sirach / Ecclesiasticus) ബാറൂക്ക് (Baruch) – ഉണ്ട്.

1987 ൽ ഡോ. തോമസ് കയ്യാലപ്പറമ്പിൽ പ്ശീത്തായിൽ നിന്ന് പരിഭാഷപ്പെടുത്തിയ പുതിയനിയമം വടവാതൂർ സെമിനാരി പ്രസിദ്ധപ്പെടുത്തി.

പിന്നാലെ റവ. മാത്യു ഉപ്പാണി CMI തർജ്ജമ ചെയ്ത് ദീപിക ബുക്ക് ഹൗസ് പ്രസിദ്ധം ചെയ്ത പ്ശീത്താ ബൈബിൾ 1997 ൽ വെളിച്ചം കണ്ടു. ഇതിൽ 1, 2 ബാറോക് (Baruch) ഈഹുദിസ് (Judith) ഥോബീത്ത് 1, 2 മക്കബായർ (Maccabees), സുജ്ഞാനം (Wisdom) ഈശോബർസീറ (Sirach / Ecclesiasticus) എന്നീ അപ്രാമാണിക ഗ്രന്ഥങ്ങൾ അല്ലെങ്കിൽ ഉത്തര

കാനോനിക ഗ്രന്ഥങ്ങൾ (Duetro canonical) അഥവാ അപ്പോക്രിഫ എന്ന് ഇന്നു വിളിക്കപ്പെടുന്ന പുസ്തകങ്ങൾ ഉണ്ട്.

**മറ്റു തർജ്ജമകൾ**

1963 ൽ പുറത്തുവന്ന New English Bible ന്റെ ഒരു വിവർത്തനം (സുവിശേഷങ്ങളും പ്രവർത്തനങ്ങളും മാത്രം) റവ. ഇ.ജെ. ചാക്കോ വിദ്യാർത്ഥി മിത്രം വഴി 1974 ൽ പ്രസിദ്ധീകരിച്ചു.

1980 ൽ കോട്ടയം ലിവിങ് ലിറ്ററേച്ചർ സെന്റർ, "ദിവ്യസന്ദേശം: പുതിയനിയമം ലളിതഭാഷയിൽ' എന്ന ബൈബിൾ പരിഭാഷ പുറത്തിറക്കി. ഡോ. കെന്നത്ത് ടെയ്ലറിന്റെ ലിവിങ് ബൈബിളാണ് (ഇംഗ്ലീഷ്) ഇതിന്റെ ആധാരം.

1984 ൽ ഇന്ത്യ ബൈബിൾ ലിറ്ററേച്ചർ, മദ്രാസ് പുതിയനിയമം ഇവാഞ്ചലിക്കൽ പതിപ്പ് പ്രസിദ്ധപ്പെടുത്തി.

1983 ൽ CRL സൊസൈറ്റി പ്രസിദ്ധീകരിച്ച മലയാളം ബൈബിൾ (ഓശാന) പുറത്തുവന്നു. ഉത്തര കാനേനികഗ്രന്ഥങ്ങൾ (സെപ്റ്റ്വജിന്റിൽ ഉൾക്കൊള്ളുന്ന തോബിത്ത്, യൂദിത്ത്, എസ്തേർ (പരിശിഷ്ടം), വിജ്ഞാനം, പ്രഭാഷകൻ, ബാറുക്ക്, യിരെമ്യായുടെ കത്ത്, അസര്യായുടെ പ്രാർത്ഥനയും മൂന്നു യുവാക്കന്മാരുടെ ഗീതവും, സൂസന്ന, ബേലും മഹാസർപ്പവും, (മൂന്നും ദാനിയേലിന്റെ ഭാഗം) 1, 2 മക്കാബിയർ) ഇതിൽ പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തിയിരുന്നു. ഇതിനെക്കുറിച്ച്, "കത്തോലിക്കർ ഒഴികെയുള്ള ക്രൈസ്തവർ പഴയനിയമത്തിന്റെ ഭാഗമായി കണക്കാക്കുന്നില്ല' എന്നൊരു മുണ്ടത്തരവും ഓശാന ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഓർത്തഡോക്സ് സഭകളുടെ കാനോനിൽ ഇവ ഉൾപ്പെടുന്നുവെന്ന പരമാർത്ഥം ഇനി എന്നാണാവോ അതിൽ രേഖപ്പെടുത്തുവാൻ പോകുന്നത്?

പഴയനിയമവും പുതിയനിയമവും അടങ്ങിയ സത്യവേദപുസ്തകം ഇൻഡ്യ ബൈബിൾ പബ്ലീഷേഴ്സ് തിരുവല്ല പുതുമലയാളം ലിപിയിൽ പുറത്തിറക്കി.

പഴയനിയമവും പുതിയനിയമവും ഉൾപ്പെട്ട സത്യവേദപുസ്തകം ഭാരത് ബൈബിൾ സൊസൈറ്റി, തൃശ്ശൂർ എബനേസർ പ്രിന്റേഴ്സിൽ അച്ചടിച്ച് പുറത്തിറക്കി. വിഷയസംഗ്രഹം ഉൾപ്പെടുത്തി മലയാളം പുതുലിപിയിലാണ് ഈ പുസ്തകം.

1993 ൽ ഇന്റർനാഷണൽ ബൈബിൾ സൊസൈറ്റി, ഇന്ത്യ, New International Version പരിഭാഷ അവലംബിച്ച് പുറത്തിറക്കിയ പുസ്തകത്തിൽ മത്തായിയുടെയും മർക്കോസിന്റെയും സുവിശേഷങ്ങൾ ഉൾപ്പെടുന്നു.

1994 ൽ ദാനിയേൽ റഫറൻസ് ബൈബിൾ പുറത്തുവന്നു.

2003 ൽ ഡോ. മാത്യു വർഗീസ് സത്യവേദപുസ്തകത്തിലെ ഭാഷയും പാഠ

ത്തിനും ചില്ലറ മാറ്റംവരുത്തി പുതുമലയാളലിപിയിൽ "വിശുദ്ധ സത്യവേദപുസ്തകം' എന്ന പേരിൽ പഠനക്കുറിപ്പുകളോടെ (വേർഡ് ടു വേൾഡ് ഫൗണ്ടേഷൻ) പ്രസിദ്ധപ്പെടുത്തി.

പഴയനിയമവും പുതിയനിയമവും അടങ്ങിയ സത്യവേദപുസ്തകം രചന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പഴയ മലയാളലിപിയിൽ ജി.എഫ്.എ. ബൈബിൾ സൊസൈറ്റി, തിരുവല്ല ബിലീവേഴ്സ് ചർച്ച് പ്രസിൽ അച്ചടിച്ച് 2005 ൽ പ്രസിദ്ധീകരിച്ചു. ഇപ്പോൾ മൂന്നു പതിപ്പുകൾ ഇറങ്ങിയ ഇതിൽ ഓരോ പുസ്തകത്തെപ്പറ്റിയും ചെറു വിശദീകരണക്കുറിപ്പ് ചേർത്തിട്ടുണ്ട്. സത്യവേദപുസ്തകത്തിലെ അച്ചടിപ്പിഴകൾ പോലും മുഴുവനും തിരുത്താൻ മുതിരാതെ മൂലത്തിന്റെ അതേ പാഠം ഇതിൽ നിലനിറുത്തിയിരിക്കുന്നു.

തിരുവല്ല സത്യം പബ്ലിക്കേഷൻസ് ഫിനിക്സ് ജന്നിംഗ്സ് ഡേക്കിന്റെ "ഡേക്ക് ബൈബിൾ' (ഇംഗ്ലീഷ്) മലയാളത്തിലേക്ക് തർജ്ജമചെയ്ത് 2007 ൽ പ്രസിദ്ധം ചെയ്തു. വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ചേർത്തിട്ടുള്ള ഈ പുസ്തകത്തിൽ വേദഭാഗമായി ചേർത്തിട്ടുള്ളത് പുതിയ ലിപിയിലുള്ള സത്യവേദപുസ്തകം തന്നെയാണ്.

ഏതാണ്ട് ഇത്രയുമാണ് ബൈബിളിന്റെ മലയാള വിവർത്തനത്തിന്റെ ചരിത്രം.

ബൈബിളിന്റെ ആദ്യമലയാള തർജ്ജമ നടത്തിയ ഓർത്തഡോക്സ് സുറിയാനി സഭ പിന്നീട് മിഷനറിമാരുടെ വിവർത്തനശ്രമങ്ങളോടു സഹകരിക്കയും അങ്ങനെ പുറത്തുവന്ന വേദപുസ്തകം ആരാധനയ്ക്കും കൂദാശകൾക്കും ഒഴികെ പൊതുവേ ഉപയോഗിക്കുകയും ചെയ്തുവരുന്നു. ഔദ്യോഗികമായി പ്ശീത്താ വേദപുസ്തകമാണ് സഭയുടേതെങ്കിലും 1914 നു ശേഷം കാലാനുസൃതം പരിഷ്കരിക്കപ്പെടാതെ ഇരിക്കുന്ന സത്യവേദപുസ്തകമാണ് ഇന്നും സാധാരണ ഉപയോഗത്തിലുള്ളത്. സഭയുടെ കാനോൻപ്രകാരമുള്ള മുഴുവൻ ഗ്രന്ഥങ്ങൾ അതിൽ ഇല്ലാതിരുന്നിട്ടും, മൂലത്തോടു യോജിക്കാത്തതും മനഃപൂർവ്വം വരുത്തിയതെന്ന് സംശയിക്കാവുന്നതുമായ കുറവുകൾ തർജ്ജമയിൽ ഉണ്ടായിട്ടും, അതുതന്നെ ഉപയോഗിക്കുകയായിരുന്നു. തലമുറകൾ ഉപയോഗിച്ചു തഴകിയ സത്യവേദപുസ്തകം പരിഷ്കരിക്കുവാൻ ബൈബിൾ സൊസൈറ്റി തുടങ്ങിവച്ച പരിശ്രമം പുതിയനിയമത്തിന്റെ പരിഷ്കാരത്തോടെ നിന്നു പോയെന്ന് തോന്നുന്നു. പരിചയിച്ചത് മാറിയാൽ തിരസ്കരിക്കുന്ന യഥാസ്ഥിതികത്വവും കാലാനുസൃതമായ ഭാഷാപരിഷ്കാരത്തിന് തടസ്സം ആണ്. സത്യവേദപുസ്തകം ഉപയോഗിക്കുന്ന ചുരുക്കം ചില ശുദ്ധാത്മാക്കളെങ്കിലും ആ വേദപുസ്തകത്തിനു പരിഷ്കാരം വരുത്തുന്നത് ശാപം വരുത്തുന്ന വലിയ തെറ്റായി കരുതുന്നുണ്ട്. അവർ മലയാള വേദപുസ്തകത്തിന്റെ ഉദ്ഭവ പരിണാമങ്ങളിൽ അജ്ഞരാണെന്നത് ദയനീയമായ ഒരു സത്യം. ഏതായാലും അതിലെ പഴയ ഭാഷാപ്രയോഗങ്ങൾ മനസ്സി

ലാകാത്ത പുതിയ തലമുറയെ കണക്കിലെടുക്കേണ്ട കാലം എന്നേ വന്നു. ഒരു നൂറ്റാണ്ടിനിടെ പുതിയ പരിഭാഷ ഉണ്ടാകാത്ത ബൈബിൾ സത്യവേദപുസ്തകം മാത്രമായിരിക്കാം. 1821 മുതൽ 1914 വരെ നിരന്തരം നടന്ന വിവർത്തന പരിഷ്കരണപ്രക്രിയ അതിനു ശേഷം ശരിക്കും നിലച്ചുപോയി.

**ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ**

എന്നാൽ സഭയിലെ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം അതിന്റെ ശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി, മൂലഗ്രന്ഥത്തോടു വിശ്വസ്തതയുള്ളതും ഓർത്തഡോക്സ് സഭയുടെ കാനോൻപ്രകാരമുള്ള മുഴുവൻ ഗ്രന്ഥങ്ങളും ഉൾക്കൊള്ളുന്നതുമായ ഒരു സ്റ്റഡി ബൈബിൾ പ്രസിദ്ധീകരിക്കുവാനുള്ള യത്നം നടത്തുന്നു. നമ്മുടെ സഭയ്ക്ക് അതു പൂർത്തീകരിക്കുവാനുള്ള ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**അവലംബം:**


റവ. ഡോ. എം.ജെ. ജോസഫ്, മലയാള വേദപുസ്തകത്തിന്റെ ചരിത്രം, വേദപുസ്തക ഭാഷ്യം, സി.എൽ. എസ്. 1979

Bible Society of India Annual Report, 1992

സഭാവിജ്ഞാനകോശം, ഓർത്തഡോക്സ് സെമിനാരി, കോട്ടയം. 1993

പ്രൊഫ. ഫാ. ഡോ. ജോസഫ് ചീരൻ, മലങ്കരസഭയും കേരള സംസ്കാരവും, 1994

ഡോ. സിബി തരകൻ, ചരിത്രത്തിന്റെ വെളിപാടുകൾ, മിത്രാ ബുക്സ്, മാവേലിക്കര, 1995

ഡോ. റോസി തമ്പി, ബൈബിളും മലയാളവും, ഡി.സി.ബുക്സ്, കോട്ടയം, 1996

ഡോ. ഡി. ബാബു പോൾ, വേദശബ്ദരത്നാകരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1997

ഡോ. ഡി. ബഞ്ചമിൻ, ബൈബിളിന്റെ സ്വാധീനത മലയാളസാഹിത്യത്തിൽ, വേദശബ്ദരത്നാകരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1997

കെ.എം. ഗോവി, ആദിമുദ്രണം - ഭാരതത്തിലും മലയാളത്തിലും, കേരള സാഹിത്യ അക്കാദമി, 1998

പി.വി. ജോസഫ്, മലയാളബൈബിൾ വിവർത്തനത്തിന്റെ അടിസ്ഥാനശില്പികൾ (ബുക്കാനൻ) സി.എസ്.എസ്., തിരുവല്ല. 2000

വറുഗീസ് അങ്കമാലി, ജോമോൻ തച്ചിൽ, അങ്കമാലിരേഖകൾ, മെറിറ്റ് ബുക്സ്, എറണാകുളം. ജൂൺ 2002

പഠനബൈബിൾ, ബൈബിൾ സൊസൈറ്റി, കോട്ടയം, 2006.

## 3

# ബെയിലി ബൈബിളിന്റെ 1834–ലെ ലണ്ടൻപതിപ്പ്

കേരളത്തിലെ ലൈബ്രറികളിൽ ചുരുക്കം ചിലയിടത്തുമാത്രം കണ്ടേക്കാവുന്ന പുതിയനിയമത്തിന്റെ ലണ്ടനിൽ അച്ചടിച്ച ഒരു പുസ്തകമുണ്ട്. ആങ്ഗ്ലിക്കൻ മിഷനറിയായ ബഞ്ചമിൻ ബെയിലി 1829 ൽ കോട്ടയത്ത് അച്ചടിച്ച് പ്രസിദ്ധീകരിച്ച ആദ്യത്തെ മലയാളവേദപുസ്തകത്തിന്റെ രണ്ടാം പതിപ്പാണിത്. ലണ്ടനിലെ കിങ്സ് കോളജ് ലൈബ്രറിയിൽ ഈ പുസ്തകം കണ്ടതായി റവ.ഫാ. എബ്രാഹാം തോമസ് ഈയിടെ (2008) അറിയിച്ചു. ബൈബിൾ തർജ്ജമയുടെയും മലയാളഭാഷയുടെയും പുരോഗമനചരിത്രം മനസ്സിലാക്കുവാൻ ഉതകുന്ന ഒന്നാണ് ഈ പുസ്തകം.

'നമ്മുടെ കർത്താവും രക്ഷിതാവുമായ യെശുക്രിസ്തുവിന്റെ പുതിയനിയമം മലയാളഭാഷയിൽ പരിഭാഷപ്പെട്ടത രണ്ടാം അച്ചടിപ്പ ലൊന്തൊൻ നഗരത്തിൽ ബ്രിത്തിഷ എന്നും പരദെശമെന്നുമുള്ള ബൈബൽ സൊസെയിട്ടിക്കു വെണ്ടി അച്ചടിക്കപ്പെട്ടത മെശിഹാസംവത്സരം ൧൮൩൪' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച ഈ മലയാളം പുതിയനിയമത്തിന്റെ ഒന്നാം ഭാഗത്തിൽ നാലു സുവിശേഷങ്ങളും അപ്പൊസ്തൊലന്മാരുടെ നടപ്പുകളും ഉൾക്കൊള്ളുന്നു. ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് ടൈറ്റിൽ പേജ് ഇപ്രകാരമാണ്. The New Testament of our Lord and Saviour Jesus Christ. Translated into the Malayalam Language. First Part. Containing the four Gospels and the Acts of the Apostles. Second edition. London: Printed for the British and Foreign Bible Society, by R. Watts, Crown Court, Temple Bar. 1834.

21X13.5 c.m. അളവിൽ 368 പേജുണ്ട് ഗ്രന്ഥത്തിന്. മലയാളം അച്ചുകൾ കൊണ്ട് അച്ചടിച്ചിരിക്കുന്നു. ശീർഷകങ്ങൾക്കും അദ്ധ്യായാരംഭത്തിലുള്ള ഉപശീർഷകങ്ങൾക്കും പാഠത്തിനും ഒരേ വലുപ്പമുള്ള അക്ഷരങ്ങളേയുള്ളു. മാർജിനിലാണ് വാക്യനമ്പരുകൾ. ചന്ദ്രക്കല ഉപയോഗിച്ചിട്ടില്ല. അന്ന് അത് ഉപയോഗത്തിൽ വന്നിരുന്നില്ലല്ലോ. ഇന്ന് ഉപയോഗത്തിലുള്ള 1914 ലെ സത്യവേദപുസ്തകത്തിൽ പോലും അത് അപൂർവ്വമെന്ന് ഓർക്കാം. അതുകൊണ്ട് പരിഭാഷപ്പെട്ടത, അച്ചടിക്കപ്പെട്ടത എന്നിങ്ങനെയേ ഇതിൽ കാണുവാനാകൂ. വ്യഞ്ജനങ്ങളുടെ ദീർഘ ഏ കാരങ്ങളും ഓ കാരങ്ങളും ഉപയോഗിച്ചിട്ടില്ല. യെശുക്രിസ്തു, പരദെശം, വെണ്ടി എന്നിങ്ങനെ ശീർഷകത്തിൽ തന്നെ കാണുന്നവ ഉദാഹരണം. ഇന്നത്തെ വായനക്കാരൻ

ഇതിൽ സാത്താനെ ഇവിടെനിന്നു പൊക എന്നു കാണുന്നതു് സാത്താനേ ഇവടെനിന്ന് പോക എന്ന് മനസ്സിലാക്കണം. ഈ എന്ന ആക്ഷരം പഴയ രീതിയിൽ ഠരം എന്നു കാണാം. പൂർണ്ണവിരാമചിഹ്നവും മറ്റു ചിഹ്നങ്ങളും ഉപയോഗിച്ചിട്ടില്ല. എന്നാൽ വേദവാക്യങ്ങൾക്കൊടുവിലും മറ്റും നക്ഷത്ര ചിഹ്നം (*) കാണുന്നു.

#### ഇതരഭാഷാപദങ്ങൾ ലിപ്യന്തരണം ചെയ്തു

പല ഗ്രീക്കപദങ്ങളും അങ്ങനെതന്നെ ലിപിമാറ്റി ചേർത്തതായി കാണാം. സത്യവേദപുസ്തകത്തിൽ ഈ പദങ്ങളുടെ സ്ഥാനത്ത് മലയാള സംസ്കൃത വാക്കുകളാണ്. ബപ്തിസ്ത (സ്നാപകൻ) ബപ്തീസ്മ (സ്നാനം) എപ്പിസ്കോപ്പ (അദ്ധ്യക്ഷൻ) എവൻഗെലിയൊൻ (സുവിശേഷം) മാർത്തൂർ (സാക്ഷി) എന്നിവ ഉദാഹരണം. സുറിയാനി സഭാംഗങ്ങൾ ഉപയോഗിച്ചു പരിചിതമായിരുന്ന ഇത്തരം പദങ്ങൾ എന്തെങ്കിലും ഗൂഢലക്ഷ്യത്തിലാണോ പിന്നീടു നടന്ന വേദപുസ്തക പരിഷ്കരണത്തിൽ മാറ്റിയതെന്ന് സംശയിക്കാം.

സ്ഥലനാമങ്ങൾ വ്യക്തിനാമങ്ങൾ മുതലായവ ഇന്നു കാണുന്നതുപോലെയല്ല ഇതിൽ കാണപ്പെടുന്നതു്. എറൊദെസ (ഹേരോദാ) യെറുശലെം (യേരുശലേം) യൊന (യോന) ലെബി (ലേവി) പറിശന്മാർ (പരീശന്മാർ) സാദൊക്കയക്കാർ (സാദൂക്യർ) ബെതാനിയ, ബെതാനി (ബഥാനിയ) ബെതപാഗ, ബെതപ്പാഗെ (ബേത്ത്ഫഗ) സിയൊൻ (സീയോൻ) ഗതസെമാനെ (ഗെത്ത്ശെമന) മഗ്ദലെനെ (മഗ്ദലന) എന്നിവ ഉദാഹരണം.

#### ലിപിയും ഭാഷയും

ഇതിൽ കാണുന്ന മലയാളപദങ്ങളുടെ അക്ഷരവിന്യാസം ഇന്നത്തെ നോട്ടത്തിൽ തെറ്റാണ്. ഉദാഹരണത്തിന് മ്ലെച്ശാത്മാവ (അശുദ്ധാത്മാവ്) മ്ലെച്ശത (മ്ലേച്ഛത) ഉച്ശിക്കുക (ഉച്ഛിക്കുക) ഇച്ശ (ഇച്ഛ) മുളം (മുഴം) പടവിൽ (പടകിൽ) ഇനിക്ക (എനിക്ക്) എഴുനീറ്റ (എഴുന്നേറ്റു) മിഴുങ്ങുക (വിഴുങ്ങുക) കവുണ വീണ (കമഴ്ന്നു വീണു) നിമിർന്ന (നിവിർന്ന്) വഹിയാതെ (വയ്യാതെ) ഉപൊഷിക്കുക (ഉപവസിക്കുക) പങ്ക്തി (പന്തി) മുതലായവ ഇതിൽ കാണാം.

സന്യാസികൾ (ഷണ്ഡന്മാർ) അസംഗതി (യാദൃച്ഛികം) പകുതി ചെയ്യുന്നവൻ (ഭാഗം ചെയ്യുന്നവൻ) പരിഗ്രഹിക്കുക (സ്വീകരിക്കുക) പരിഗ്രഹിപ്പാൻ (കേൾപ്പാൻ) ഇറവരി (തലവരി) യത്നദിവസം (ഒരുക്കനാൾ മത്താ. 27.62, മർക്കോ.15.42) വാഴുവിൻ (നിങ്ങൾക്കു വന്ദനം മത്താ.28.9) ഈറം (നനവ്) കല്ലു (പാറ) വിചാരിച്ചു (രക്ഷ ചെയ്തു ലൂക്കോ.10.34) നിശിഭൊജനം (അത്താഴം) കൊറടാവു (ചമ്മട്ടി) ഒറപ്പുഴ (പുഴു) ഉപാസിപ്പാൻ (നമസ്കരിപ്പാൻ) യൊഗക്കെട്ട (കൂട്ടുകെട്ട്) വിടുതിസ്ഥലം (പാർപ്പിടം?) കല്യാണസ്ത്രീ (മണവാട്ടി) സത്യവന്ദനക്കാർ (സത്യനമസ്കാരികൾ) അന്യോന്യത

(കൂട്ടായ്മ) മറുത്ത പറയും (തള്ളിപ്പറയും) സ്വഛതപ്പെട്ടുക (സൗഖ്യമാകുക) സ്വസ്ഥം (സൗഖ്യം) ചിന്നപ്പെട്ടുക (ചൊരിയുക) കൊണ്ടു (വാങ്ങി) അപാന (മലദ്വാരം) ഇങ്ങനെ ചില പ്രയോഗങ്ങളും കാണുവാനാകും. ഇതിൽ ശെലൊത്തെസായ ശീമോൻ (എരിവുകാരനായ അ.പ്ര.1.13), ഉപാദ്ധ്യ യന്മാർ (ശാസ്ത്രിമാർ) ദൈവസഭ (പള്ളി) നഹമാൻ (നയമാൻ) എന്നൊക്കെ യാണ് ചേർത്തിരിക്കുന്നത്.

ഭാഷയുടെ പ്രത്യേകത സൂചിപ്പിക്കുവാൻ മത്താ. സുവിശേഷത്തിലെ കർത്തൃപ്രാർത്ഥന ഉദ്ധരിക്കാം. ഞങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവെ നിന്റെ നാമം പരിശുദ്ധമാക്കപ്പെടെണമെ * നിന്റെ രാജ്യം വരെണമെ സ്വർഗ്ഗത്തിലെ പൊലെ ഭൂമിയിലും നിന്റെ ഇഷ്ടം ചെയ്യപ്പെടെണമെ * ഞങ്ങൾക്ക ദിനംപ്രതിയുള്ള അപ്പം ഇന്ന ഞങ്ങൾക്ക തരെണമെ * ഞങ്ങ ളുടെ നെരെ കുറ്റം ചെയ്യുന്നവരൊടു ഞങ്ങൾ ക്ഷമിക്കുന്നതുപൊലെ ഞങ്ങ ളുടെ കുറ്റങ്ങളെ ഞങ്ങളൊടും ക്ഷമിക്കെണമെ * ഞങ്ങളെ പരീക്ഷയിലെക്ക അകപ്പെടുത്താതെ ഞങ്ങളെ ദൊഷത്തിൽ നിന്ന രക്ഷിക്കയും ചെയ്യണമെ രാജ്യവും ശക്തിയും മഹത്വവും എന്നെക്കും നിനക്കുള്ളതല്ലൊ ആകുന്നത ആമെൻ *

**പദാനുപദ പരിഭാഷ**

ഇങ്ഗ്ലീഷ് വേദപുസ്തകത്തിലെ വാക്കുകൾ കഴിയുന്നത്ര തത്തുല്യപദ ങ്ങളാൽ പരിഭാഷ ചെയ്യുവാനുള്ള ശ്രമം ഇതിൽ നടത്തിയിട്ടുണ്ട്.

ലൂക്കോ.1.35 ൽ നിന്നിൽ നിന്ന ജനിപ്പാനിരിക്കുന്ന പരിശുദ്ധവസ്തു ദൈവ ത്തിന്റെ പുത്രൻ എന്ന വിളിക്കപ്പെടും. holy thing (King James Version) എന്ന താണ് പരിശുദ്ധവസ്തു (വിശുദ്ധപ്രജ).

കർത്താവാകുന്നു എന്ന ശിമൊൻ പത്രൊസ കെട്ടപ്പൊൾ (താൻ നഗ്ന നായിരിക്കകൊണ്ട) തന്റെ മാത്സിക വസ്ത്രം ചുറ്റികെട്ടി കടലിലെക്ക ചാടി. (യോഹ.21.7) fishers coat എന്നതിനുള്ള തർജ്ജമയാണ് മാത്സിക വസ്ത്രം. സത്യവേദപുസ്തകത്തിൽ അങ്കി എന്നാണല്ലോ.

**പരിഭാഷാസവി ശേഷ തകൾ**

പരിഭാഷയ്ക്ക് ചില സവിശേഷതകൾ ഉണ്ട്. മത്താ.5.3 ൽ ആത്മാവിൽ സാധുക്കളായവർ ഭാഗ്യവാന്മാർ എന്നാണുള്ളത്. ദരിദ്രർ എന്നാണല്ലോ സാധാരണ കാണുന്ന തർജ്ജമ.

മത്താ. 15.17 ൽ വയറ്റിലെക്ക ചെന്ന പിന്നെ അപാന വഴിയായി പുറ ത്തുപോകുന്നു എന്ന് കാണാം. (വയറ്റിൽ ചെന്നിട്ടു മറപ്പുരയിൽ പോകുന്നു എന്നാണ് സത്യവേദപുസ്തകത്തിൽ. മർക്കോ.7.19 ലും ഇപ്രകാരം തന്നെ.)

സക്കായിയെ ബദ്ധപ്പെട്ട ഇറങ്ങിവരിക (ലൂക്കോ.19.5) എന്നതിന് വേഗം ഇറങ്ങിവാ എന്നാണ് സത്യവേദപുസ്തകത്തിൽ.

നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കി എന്ന് മർക്കോ. 10.52 ൽ

കാണാം. made thee whole (King James Version) എന്നതിന്റെ മൂലത്തോട്ട് യോജിക്കുന്ന ഈ ശരിയായ പരിഭാഷ ഇന്നത്തെ സത്യവേദപുസ്തകത്തിൽ ഇല്ല; രക്ഷിച്ചിരിക്കുന്നു എന്നാണ് ഉള്ളത്.

ലൂക്കൊ.10.24 ൽ നല്ല ശമരിയാക്കരൻ മുറിവേറ്റവനെ തന്റെ സ്വന്ത മൃഗത്തിന്മേൽ കയറ്റി (വാഹനത്തിൽ എന്നല്ല) എന്ന് മൂലത്തിലുള്ളതുപോലെ തന്നെ ഇതിൽ പ്രയോഗിച്ചിരിക്കുന്നു.

ലൂക്കൊ. 19.30 ൽ ഒരുത്തനും ഒരുനാളും കെറിട്ടില്ലാത്ത ഒരു കഴുത ആൺകുട്ടി എന്നാണ് ഉള്ളത്. സത്യവേദപുസ്തകത്തിൽ കഴുതക്കുട്ടി എന്നല്ലാതെ ആണോ പെണ്ണോ എന്ന് സൂചനയില്ല. ഇങ്ഗ്ലീഷിൽ Colt എന്നാണല്ലോ.

**ദുരുദ്ദേശ്യം**

മർക്കോ.9.29 ൽ പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ മറ്റൊന്നിനാലും ഈ ജാതി പുറപ്പെട്ടുവരുവാൻ കഴിയുന്നതല്ല എന്ന് കാണാം. ഇവിടെ സത്യവേദപുസ്തകത്തിൽ ഉപവാസത്താലും എന്ന പദം നീക്കം ചെയ്തിരിക്കുന്നു. അതിന്റെ തർജ്ജമയ്ക്ക് ആധാരമാക്കിയ ഇംഗ്ലീഷ് ബൈബിളിൽ ഉപവാസം (fasting) എന്നുണ്ട്. അത് പ്രത്യേക താല്പര്യത്തിൽ ഒഴിവാക്കിയതാകാം.

അപ്പൊ. നടപ്പുകൾ 8.23 ൽ പരിശുദ്ധാത്മാവിന്റെ ദാനം ദ്രവ്യംകൊണ്ട് സമ്പാദിക്കുവാൻ തുനിഞ്ഞ ശീമോനോട് പത്രൊസ് പറഞ്ഞത്, നീ കയ്പുള്ള പിത്തത്തിലും അവനീതിയുടെ കെട്ടിലും ഇരിക്കുന്നു എന്നാണ്. സത്യവേദപുസ്തകത്തിൽ കയ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും ഇരിക്കുന്നു എന്നും.

നിന്റെ മാർത്തുറായ സ്തെഫാനൊസിന്റെ രക്തം ചിന്നപ്പെട്ടപ്പൊൾ (അ.പ്ര. 22.20) എന്ന് ഇതിൽ കാണുന്നത് സത്യവേദപുസ്തകത്തിൽ സാക്ഷിയായ സ്തെഫാനൊസ് എന്നാണ്. ഇവിടെ martyer എന്നത് ലിപിമാറ്റംചെയ്ത് ഉപയോഗിച്ചിരിക്കുന്നു.

യോഹ.2.4 ൽ യെശു അവളൊടു സ്ത്രീയെ ഇനിക്കും നിനക്കും എന്ത എന്റെ സമയം ഇനിയും വന്നില്ല എന്ന പറയുന്നു എന്നാണുള്ളത്. പിൽക്കാലത്ത് പരിഷ്കരിക്കപ്പെട്ട സത്യവേദപുസ്തകത്തിൽ എനിക്കും നിനക്കും തമ്മിൽ എന്തു? എന്ന് കാണുന്നല്ലോ. തമ്മിൽ എന്ന പദം ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന ഇതര ഭാഷകളിലെ ബൈബിളിലോ പരിഭാഷയ്ക്ക് ആധാരമാക്കിയ ഇങ്ഗ്ലീഷ് ബൈബിളിലോ കാണുന്നില്ല. അങ്ങനെ ചേർത്തതിൽ ദുരുദ്ദേശ്യം ആരോപിക്കാവുന്നതാണ്.

ലൂക്കൊ.11.27, 28. നിന്നെ ചുമന്ന ഗർഭപാത്രവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ എന്ന ശബ്ദമിട്ടു പറഞ്ഞു. എന്നാറെ അവൻ ദൈവത്തിന്റെ വചനം കെട്ടു അതു കാത്തുകൊള്ളുന്നവരല്ലോ അധികമായി ഭാഗ്യവന്മാർ എന്ന

പറഞ്ഞു. സത്യവേദപുസ്തകത്തിൽ, അതിന് അവൻ: അല്ല, ദൈവത്തിന്റെ വചനം കേട്ട് പ്രമാണിക്കുന്നവരത്രേ ഭാഗ്യവാന്മാർ എന്നാണ്. തർജ്ജമയ്ക്ക് ആധാരമാക്കിയ ഇംഗ്ലീഷ് വേദപുസ്തകത്തിൽ അല്ല എന്നതില്ലാത്തതിനാൽ, അല്ല എന്ന പദം ദുരുദ്ദേശത്തോടെ കൂട്ടിച്ചേർത്തതായി ആരോപിക്കാം.

അപ്പൊ.നടപ്പുകൾ 2.42 ൽ പിന്നെ അവർ അപ്പൊസ്തോലന്മാരുടെ ഉപദെശത്തിലും അന്ന്യോന്ന്യതയിലും അപ്പം മുറിക്കുന്നതിലും പ്രാർത്ഥനകളിലും സ്ഥിരപ്പെട്ടിരുന്നു എന്നാണുള്ളത്. അന്ന്യോന്ന്യത എന്ന പ്രയോഗം മൂലഭാഷയിലെ കൊയിനോണിയയുടെ (കൂട്ടാളിത്തം, സംബന്ധം) പരിഭാഷയാണ്. മനുഷ്യനും മനുഷ്യനും തമ്മിലും ദൈവവും മനുഷ്യനും തമ്മിലും ഉള്ള ഏറ്റവും തീവ്രമായ ബന്ധത്തെ സൂചിപ്പിക്കുന്ന കൊയിനോണിയായ്ക്ക് തത്തുല്യമായ പദം കണ്ടെത്തുക എളുപ്പമല്ല. എന്നാലും കൂട്ടായ്മ ആശയപൂർണ്ണത തരുന്നില്ല. കൂട്ടുള്ള അവസ്ഥ എന്ന ആശയത്തിലാകാം കൂട്ടായ്മ എന്ന പ്രയോഗം. പക്ഷെ ഇല്ലാത്ത അവസ്ഥയ്ക്ക് ഇല്ലായ്മ എന്നതുപോലെയല്ലേ കൂട്ടായ്മ എന്ന് തോന്നാം. devoted എന്നതിനു പകരം സ്ഥിരപ്പെട്ടിരുന്നു എന്ന് ഉപയോഗിച്ചത് കൂടുതൽ അർത്ഥവ്യാപ്തി തരുന്നുണ്ട്. സത്യവേദപുസ്തകത്തിൽ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു എന്നാണ്. പോന്നു എന്ന പ്രയോഗം സ്ഥിരപ്പെട്ടിരുന്നു എന്നതിനെക്കാൾ എത്രയോ ലഘുവാണ്.

അപ്പൊ. നടപ്പുകൾ 20.28 ൽ തന്റെ സഭയെ മെയ്പാനായിട്ട പരിശുദ്ധാത്മാവ എതിൻമെൽ നിങ്ങളെ മെൽവിചാരകരാക്കി വെച്ചിരിക്കുന്നുവൊ ആ ആട്ടുക്കൂട്ടത്തെ എല്ലാറ്റിനെയും സൂക്ഷിച്ചുകൊൾവിൻ എന്നാണ്. സത്യവേദപുസ്തകത്തിൽ നിങ്ങളെ അദ്ധ്യക്ഷരാക്കിവച്ച എന്നാണ് പ്രയോഗം. അദ്ധ്യക്ഷൻ എന്ന സംസ്കൃതപദത്തിന് ശരിക്കും ഗ്രീക്കിലെ എപ്പിസ്കോപ്പ എന്നതിനുള്ളതുപോലെ മേൽവിചാരകൻ എന്നുതന്നെയാണ് അർത്ഥം. മേൽവിചാരകൻ എന്ന പദത്തിന് കുറെക്കൂടി ആശയപുഷ്ടിയും ലാളിത്യവും ഉണ്ട്. അത് തോന്നിപ്പിക്കാതെയിരിക്കുവാനാണോ അദ്ധ്യക്ഷനെ കൊണ്ടുവന്നത് എന്ന സംശയം അസ്ഥാനത്തല്ല.

ലൂക്കോ. 7 ന്റെ ഉപശീർഷകം മഗ്ദലെനെ മറിയ ക്രിസ്തുവിന്റെ കാലുകളെ കഴുകിയത എന്ന് വ്യാഖ്യാനപരമായി ചേർത്തിരിക്കുന്നു. കാലുകൾ കഴുകിയത് ഒരു സ്ത്രീ എന്നല്ലാതെ മറിയ എന്ന് പാഠത്തിൽ ഇല്ലല്ലോ. ലൂക്കോ. 15 ന്റെ ഉപശീർഷകത്തിൽ മുടിയനായ പുത്രൻ എന്ന പ്രയോഗമുണ്ട്. നഷ്ടമായ നാണയവും നഷ്ടപ്പെട്ട ആടും വിട്ടുപോയ പുത്രനുമല്ലേ ആ ഭാഗത്തിലുള്ളു. മുടിയനായ പുത്രൻ എന്നത് മൂത്തവനോ ഇളയവനോ ആർക്കാണ് ചേരുക?

**അറിയാതെയുമിരുന്നു; പരി ഗ്രഹിച്ചില്ല**

മത്താ.1.25 ൽ അവൾ അവളുടെ പ്രഥമപുത്രനെ പ്രസവിക്കുവൊളത്തിന്ന

അവൻ അവളെ അറിയാതെയുമിരുന്നു എന്നാണ് കാണുന്നത്. മൂലത്തോട്ട് വിശ്വസ്തമാണ് ഈ പരിഭാഷ. സത്യവേദപുസ്തകത്തിൽ പരിഗ്രഹിച്ചില്ല എന്നാണല്ലോ. അറിഞ്ഞില്ല എന്ന് മതിയാകുന്നിടത്ത് പരിഗ്രഹിച്ചില്ല എന്ന് ചേർത്തത് സംസ്കൃതമാക്കിയാൽ കുറേക്കൂടി ശരിയാകും എന്ന് ചിന്തിച്ചിട്ടോ, ദുർവ്യാഖ്യാനസാദ്ധ്യത്തിനോ എന്നറിഞ്ഞുകൂടാ. ലൂക്കോ.24.31 ൽ ... അപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു അവർ അവനെ അറിഞ്ഞു' എന്ന് കാണുന്നു. (എമ്മവൂസിലേക്കു പോയവർ യേശുവിനെ അറിഞ്ഞു എന്ന് സത്യവേദപുസ്തകത്തിലും കാണാം.) അറിയുക എന്ന അർത്ഥത്തിൽ തന്നെയാണ് സത്യവേദപുസ്തകത്തിൽ അവൻ അവളെ പരിഗ്രഹിച്ചില്ല എന്ന് ചേർത്തിരിക്കുന്നതെന്ന് വിചാരിക്കുവാനാണ് ന്യായം. ഈ പുസ്തകത്തിൽ പരിഗ്രഹിക്കുക എന്ന് ചേർത്തിരിക്കുന്ന ഇതരഭാഗങ്ങളിൽ നിന്ന് ഇത് വ്യക്തമാക്കാം. നിങ്ങൾക്ക പരിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ ഇവൻ വരുവാനിരിക്കുന്ന ഏലിയാ ആകുന്നു (മത്താ. 11.14). എന്നാൽ പാറയുള്ള സ്ഥലങ്ങളിൽ വിത്ത കൈക്കൊണ്ടവൻ വചനം കെട്ട ഉടനെ അതിനെ സന്തൊഷത്തൊടെ പരിഗ്രഹിക്കുന്നവനാകുന്നു (മത്താ.13.20). ഇതു പരിഗ്രഹിപ്പാൻ കഴിയുന്നവൻ പരിഗ്രഹിക്കട്ടെ (മത്താ.19.12). ഉല്പ. 4.1 ൽ ... മനുഷ്യൻ ... ഹവ്വയെ അറിഞ്ഞു എന്നുള്ളത് പരിഗ്രഹിച്ചു എന്നാണ് സത്യവേദപുസ്തകത്തിൽ കാണുന്നത്. ആ അർത്ഥത്തിൽ ഉള്ള പ്രയോഗവും ഈ പുസ്തകത്തിൽ കാണാം. എന്തുകൊണ്ടെന്നാൽ യൊഹന്നാൻ അവനൊടു അവളെ പരിഗ്രഹിപ്പാൻ നിനക്ക ന്യായമല്ല എന്ന പറഞ്ഞിട്ടുണ്ടായിരുന്നു (മത്താ.14.4) എന്നത് ഉദാഹരണം. അന്നെരം മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിലെക്ക പരിഗ്രഹിക്കയും ചെയ്തു എന്നാണ് ഈ പുസ്തകത്തിൽ കാണുന്നത് (യോഹ.19.27). ഇവിടെ പരിഗ്രഹിക്കുക എന്നതിന് ഏതർത്ഥമാണ്?

മലയാളത്തിലേക്ക് രണ്ടാമതായി നടന്ന ഈ ബൈബിൾ പരിഭാഷ, ഭാഷയുടെയും ബൈബിൾ തർജ്ജമയുടെയും ചരിത്രം പഠിക്കുന്നവർക്ക് ഏറെ സഹായകമാണെന്നതിന് സംശയമില്ല. മലയാള വേദപുസ്തകത്തിന്റെ പിൽക്കാല പരിഷ്കരണത്തിൽ നവീകരണ ഉപദേശങ്ങളുടെ സാധൂകരണത്തിന് ഉതകുംവിധം വ്യാഖ്യാനപരമായും മറ്റും വേണ്ട മാറ്റങ്ങൾ സത്യവേദപുസ്തകത്തിൽ വരുത്തി എന്നത് ഈ പുസ്തകം നോക്കിയാൽ വ്യക്തമാണ്. ആദ്യ മലയാളപരിഭാഷയായ റമ്പാൻ ബൈബിൾ (1811) സുറിയാനിയിൽ നിന്നുള്ള വിവർത്തനമായിരുന്നു. ബെയിലിയുടെ തർജ്ജമ ഇങ്ഗ്ലീഷ് ബൈബിൾ ആണ് ആധാരമാക്കിയത്. രണ്ടും പുതിയനിയമത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ നിന്ന് നേരിട്ടുള്ളതല്ലെന്ന കാര്യവും ശ്രദ്ധിക്കേണ്ടതാണ്.

*(മലങ്കരസഭ 2008 ആഗസ്റ്റിൽ പ്രസിദ്ധീകരിച്ചത്)*

# 4

# ആറാം മാർത്തോമ്മാ കത്തോലിക്കരുമായി പുനരൈക്യപ്പെട്ടോ?

ആറാം മാർത്തോമ്മാ (വലിയ മാർ ദീവന്നാസ്യോസ്) റോമൻ കത്തോലിക്കാസഭയോട് പുനരൈക്യപ്പെട്ടുവെന്ന് കത്തോലിക്കർ പ്രസ്താവിക്കാറുണ്ട്. ഔദ്യോഗിക റോമൻ കത്തോലിക്കാസഭയുമായല്ല അദ്ദേഹം ബന്ധം ഉണ്ടാക്കിയതും പിന്തിരിഞ്ഞു പോന്നതും. ശീശ്മയിലായിരുന്ന അന്നത്തെ പഴയകൂർ വിഭാഗവുമായാണ് അവസാനഘട്ട കൂടിയാലോചനകൾ നടന്നതും സമ്മർദ്ദതന്ത്രങ്ങളിൽപെട്ട് അദ്ദേഹം ഒത്തുതീർപ്പുണ്ടാക്കേണ്ടിവന്നതും. യഥാർത്ഥ റോമൻവിഭാഗത്തിന് അഭിമാനിക്കുവാനും അവകാശപ്പെടുവാനും അതിൽ ഒന്നുമില്ല. റോമൻസഭയുമായുള്ള ഐക്യത്തിന് അത്യന്തം ആഗ്രഹിച്ചിരുന്ന എന്ന് റോമൻ കത്തോലിക്കാചരിത്രകാരന്മാർ ഉന്നയിക്കുന്ന വാദത്തിന്റെ വസ്തുനിഷ്ഠമായ പരിശോധനയ്ക്ക് തുനിയുകയാണിവിടെ.

**റോമൻ വിഭാഗം ഉന്നയിക്കുന്ന വാദം**

റോമിലെ പൗരസ്ത്യ തിരുസംഘത്തിന്റെ ആലോചനക്കാരനായിരുന്ന പണ്ഡിതനായ ബ. പ്ലാസിഡ് അച്ചന്റെ വാക്കുകൾ കാണുക. "1771 മുതൽ മാർ തോമസ് ആറാമൻ (മാർ ഡയനീഷ്യസ് ഒന്നാമൻ) സാധുവായ മെത്രാൻ പട്ടം ഏറ്റ ശേഷവും വളരെ പ്രാവശ്യം പുനരൈക്യത്തിനായി റോമിലേക്കു ശ്രമിച്ചു. മെത്രാന്മാരുടെ സംശയം, കർമ്മലീത്തരുടെ അവിശ്വാസം, റോമുമായി കത്തിടപാടുകൾ നടത്താനുള്ള വൈഷമ്യം, പ്രൊപ്പഗാന്ത മുന്നോട്ടുവച്ച വ്യവസ്ഥകൾ എന്നിവ മൂലം അദ്ദേഹത്തിന്റെ ആദ്യസമീപനങ്ങൾ ഫലമണിഞ്ഞില്ല. 1778 ൽ ഇക്കാര്യമെല്ലാം ഫാ. ജോസഫ് കരിയാറ്റിയും ഫാ.തോമസ് പാറേമ്മാക്കലും ഏറ്റെടുത്തു. പല ചർച്ചകൾക്കു ശേഷം 1799 ജൂൺ 21 ൽ മെത്രാൻ പുനരൈക്യപ്പെടാൻ തീരുമാനിച്ചു. തനിക്കു കത്തോലിക്കാ സഭയിൽ കിട്ടിയേക്കാവുന്ന സ്ഥാനത്തെക്കുറിച്ച് സംശയം തോന്നിയതുകൊണ്ട് ആറു മാസത്തിനു ശേഷം ശീശ്മയിലേക്ക് തിരികെപ്പോയി. മൺറോയ്ക്കു മുമ്പേ തന്നെ അദ്ദേഹം ആംഗ്ലിക്കൻ മിഷനറിമാരുമായി ധാരണയിൽ പ്രവേശിച്ചു, പ്രത്യേകിച്ചു ധാരണകളൊന്നും കൂടാതെ'.[1] അദ്ദേഹംതന്നെ മറ്റൊരിടത്ത് പറയുന്നു. "... 1799 ൽ പാറേമ്മാക്കലിന്റെ മരണത്തിനു ശേഷം മാർത്തോമ്മാ ആറാമൻ പോൾ പണ്ടാരി മെത്രാന്റെ സാന്നിദ്ധ്യത്തിൽ കത്തോലിക്കാ സഭയിൽ ചേർന്നു. പണ്ടാരി

മെത്രാനും അനുയായികളും അന്ന് സഭയിൽ ഭിന്നിച്ചു നിന്നിരുന്നതുകൊണ്ട് മാർത്തോമ്മാ മെത്രാനെ സഭയിലേക്ക് സ്വീകരിച്ചത് യഥാർത്ഥ അർഹതയുള്ളവർ ആയിരുന്നില്ല. അതിനാൽ ആറു മാസങ്ങൾക്കു ശേഷം അദ്ദേഹം യാക്കോബായസഭയിലേക്ക് തിരിച്ചുപോയി'.[2]

ഡോ. സേവ്യർ കൂടപ്പുഴ ഇപ്രകാരം പറയുന്നു. "ലത്തീൻ മെത്രാന്മാരുടെ നിസ്സഹകരണം മൂലം കത്തോലിക്കാ സംസർഗ്ഗത്തിൽ തുടരുന്നതിന് പ്രതിബന്ധങ്ങളുണ്ടാവുകയും ഡിസമ്പർ മാസത്തിൽ അദ്ദേഹം (മാർത്തോമ്മാ 6) യാക്കോബായ സഭയിലേക്ക് തിരിച്ചു പോകയും ചെയ്തു."[3]

ശ്രീ. സി. മാത്യു കട്ടക്കയം എഴുതുന്നു. "കട്ടക്കയം അബ്രാഹം മല്പാന്റെ തെരഞ്ഞെടുപ്പുതർക്കങ്ങളും മാത്തുത്തരകന്റെ അധഃപതനവും മാർ ദിവന്നാസ്യോസിന്റെ തിരികെപ്പോക്കിനു കാരണമായി.[4]

ചരിത്രകാരനായ ശ്രീ. എം.ഒ. ജോസഫ് പറഞ്ഞു: "... പുത്തൻകൂർ സമുദായത്തിന്റെ പുനരൈക്യത്തിനുവേണ്ടി ഉറ്റു പരിശ്രമിച്ചിരുന്നവരിൽ ഒരാളായിരുന്നു തരകൻ. ... 1799 ജൂൺ 22-ാനു മാർത്തോമ്മാ പല വൈദികരോടും ജനപ്രതിനിധികളോടുംകൂടി തത്തംപള്ളിയിൽ ചെല്ലുകയും മാത്തുത്തരകൻ മുതലായവരുമായി ആലോചിച്ച് ഒരുടമ്പടി എഴുതിവയ്ക്കുകയുമുണ്ടായി. അതനുസരിച്ച് ... പുത്തൻകൂർവിശ്വാസമുപേക്ഷിച്ച് കത്തോലിക്കാ വിശ്വാസം സ്വീകരിക്കുകയും ചെയ്തു. ... എന്നാൽ കൊച്ചിമെത്രാൻ വാഗ്ദാനംപോലെ മാർത്തോമ്മായെ ഒരു മെത്രാനായി അംഗീകരിക്കുവാൻ വിസമ്മതിച്ചു. തന്മൂലം നിരാശനായ മാർത്തോമ്മായും അനുചരന്മാരും ഉടമ്പടിയിൽ സമ്മതിച്ചിരുന്നതുപോലെ തിരുവിതാംകൂർ സർക്കാർ നിശ്ചയിച്ച പിഴകെട്ടി പുത്തൻകൂറിലേക്കു തിരിച്ചുപോകുന്നതിനു സംഗതിയായി'.[5]

മേൽ ഉദ്ധരിച്ചിരിക്കുന്നതുപോലെ മാർത്തോമ്മാ ആറാമനെപ്പറ്റി റോമൻ കത്തോലിക്കാ ഗ്രന്ഥകാരന്മാർ പുറപ്പെടുവിക്കുന്ന പ്രസ്താവനകൾ ധാരാളമുണ്ട്.

**പോർട്ടുഗീസ് ബന്ധം**

പൗരസ്ത്യ (കൽദായ) സുറിയാനി പാരമ്പര്യമുള്ള പേർഷ്യൻ സഭയുമായി ബന്ധത്തിൽ കഴിഞ്ഞുവന്ന കേരളസഭയിൽ പോർട്ടുഗീസ് മിഷനറി പ്രവർത്തനംകൊണ്ട് ഭിന്നതയും തർക്കങ്ങളും ഉണ്ടായി. പൗരസ്ത്യ പാരമ്പര്യങ്ങളെപ്പറ്റിയുള്ള അജ്ഞതയും മുൻവിധിയും മൂലം, പോർട്ടുഗീസുകാർ അവയെ നിരോധിക്കുകയും, തങ്ങളുടെ വൈദികമേലധികാരത്തിൻ കീഴിൽ ഈ സഭയെ കൊണ്ടുവരുകയും ചെയ്തു. കൽദായമെത്രാന്മാർ ഇവിടെ വരാതിരിക്കുവാൻ നടപടികളുണ്ടായി. അവരുടെ ഒടുവിലത്തെ ആസ്ഥാനമായ അങ്കമാലി മെത്രപ്പോലീത്താ ആസ്ഥാനം ഗോവ അതിമെത്രാസനത്തിന്റെ സാമന്തരൂപതയാക്കി. (1599 ഡിസമ്പർ 20) "പെദ്രൊവാദൊ' അങ്കമാലിക്ക് ബാധ

കമാക്കി. (1600 ആഗ.4) പരാതിപ്പെട്ടപ്പോൾ 1608 ഡിസ. 22 ന് അങ്കമാലി യുടെ അതിമെത്രാസന സ്ഥാനം പുനഃസ്ഥാപിച്ചു. 1609 ഡിസ. 3 ന് അങ്ക മാലി അതിമെത്രാസനാസ്ഥാനം കൊടുങ്ങല്ലൂരേക്ക് മാറ്റി സ്ഥാപിച്ചു. പര മ്പരാഗതമായ "ജാതിക്കു കർത്തവ്യൻ' സ്ഥാനം പാശ്ചാത്യസഭയിലെ പ്പോലെ മെത്രാന്റെ കീഴുള്ള അർക്കദിയാക്കോൻ (Arch deacon) സ്ഥാന മായി തരംതാഴ്ത്തി. അതുതന്നെ പിന്നീട് നിർത്തൽ ചെയ്തു. ഇതെല്ലാം പോർട്ടു ഗീസ് മിഷനറിമാർ രാജകീയ പിൻബലത്തിൽ നടപ്പിൽ വരുത്തിയ താണ്. ഇന്ന് റോമൻകത്തോലിക്കരിൽ പലരും അഭിപ്രായപ്പെടുന്ന പോലെ "ക്രമരഹിതമായും, അനധികൃതമായും ഗോവൻ ആർച്ച് ബിഷപ്പ് നടത്തിയ ഉദയംപേരൂർ സുന്നഹദോസ്" മൂലം ആണ് ഔദ്യോഗികമായി പോർട്ടുഗീസ് വൈദികാധികാരത്തിൻകീഴ് റോമിനോട് കേരളസഭയെ ബന്ധപ്പെടുത്തിയത്. എന്നാൽ ആരംഭം മുതലേ പോർട്ടുഗീസ് കൈകടത്ത ലുകൾ ഇവിടുത്തെ സഭാംഗങ്ങൾ ചെറുത്തു കൊണ്ടാണിരുന്നത്.

**കൂനൻകുരിശു സത്യം**

അഹത്തള്ള എന്ന പൗരസ്ത്യപിതാവ് കേരളത്തിലേക്കു വരുംവഴി അദ്ദേ ഹത്തെ പോർട്ടുഗീസുകാർ തടവിലാക്കി. കൊച്ചിയിൽവച്ച് അദ്ദേഹത്തെ കട ലിൽ താഴ്ത്തി കൊന്നുകളഞ്ഞു എന്ന വാർത്തയിൽ കേരളസഭാംഗങ്ങൾ പ്രകോ പിതരായി. അവർ മട്ടാഞ്ചേരിയിൽ ഒത്തുചേർന്ന് "സാമ്പാളുകാർ പറങ്കികളെ സ്വാധീനമാക്കി സുറിയാനി മേല്പട്ടക്കാരനെ അപായം വരുത്തുകകൊണ്ട് സാമ്പാളുകാരെ ജാതിയജമാനന്മാരായിട്ട് കൈക്കൊള്ളുകയില്ല' എന്ന് സത്യം ചെയ്തു (1653 ജനു.3). ഈ സത്യവാചകം ചരിത്രകാരന്മാർ തങ്ങളുടെ താല്പ ര്യാനുസരണം പല രീതിയിൽ വ്യാഖ്യാനിച്ചു പറയുന്നുണ്ട്. തുടർന്ന് 1653 മേയ് 22 ന് കേരളസഭാംഗങ്ങൾ ആലങ്ങാട്ട് പള്ളിയോഗം ചേർന്ന് അർക്ക ദിയാക്കോൻ തോമസിനെ മെത്രാൻസ്ഥാനത്തേക്കുയർത്തി. മാർത്തോമ്മ ഒന്നാമൻ എന്ന് ഇദ്ദേഹത്തെ വിളിക്കുന്നു. നാനൂറു പേരൊഴികെ മുഴുവൻ സുറിയാനിക്കാരും മാർത്തോമ്മായോടൊപ്പം നിന്നു. എന്നാൽ പിന്നീട് റോമൻപ്രൊപ്പഗാന്ത നിയോഗിച്ച കർമ്മലീത്താ മിഷനറിമാർ രാജകീയാ ധികാരികളുടെ പിന്തുണയോടെ പ്രവർത്തിച്ച് അതിൽ ഭൂരിപക്ഷം പേരെയും റോമൻകത്തോലിക്കാപക്ഷത്തേയ്ക്ക് കൊണ്ടുപോയി.

**പൂർവ്വപാരമ്പര്യ പുനരുത്ഥാനശ്രമങ്ങൾ**

പിഌാലത്ത് മാർത്തോമ്മായുടെ കക്ഷി – പുത്തൻകൂറ്റുകാർ എന്ന് വിളി ക്കപ്പെട്ടവർ – അന്ത്യോഖ്യൻ സിറിയൻ പാത്രിയർക്കീസിന്റെ കീഴുള്ള മെത്രാന്മാരുമായി ബന്ധപ്പെട്ട് പൂർവ്വസ്ഥിതിയിലേക്കു മടങ്ങുവാൻ പരിശ്ര മിച്ചു. എന്നാൽ പാശ്ചാത്യസുറിയാനിക്കാരുമായുള്ള നിരന്തരസമ്പർക്കം കൽദായസുറിയാനി പാരമ്പര്യം ഇവിടെ അതേപടി പുനരുദ്ധരിക്കുന്നതിന് സഹായകമായില്ല. പോർട്ടുഗീസ് ഭരണത്തിൻകീഴ് റോമൻ ആധിപത്യ

ത്തിലൊതുങ്ങിയ "പഴയകൂറ്റ്'കാരാകട്ടെ ലത്തീൻപാരമ്പര്യങ്ങളോടു യോജിച്ചു. കൽദായ ആരാധനഭാഷയും ലത്തീൻപാരമ്പര്യങ്ങളും അവലംബിച്ചു പോകുവാൻ അവർ നിർബ്ബന്ധിതരായി. അക്കൂട്ടർക്കും പുരാതന സുറിയാനിപാരമ്പര്യത്തിലേക്കു മടങ്ങുക എന്നതു് ആകർഷണീയമായിരുന്നു.

കൂനൻകുരിശുസത്യത്തിനു തൊട്ടു പുറകേയുള്ള കാലഘട്ടത്തിൽ ഇരുകൂറ്റുകാരും തമ്മിൽ വിശ്വാസകാര്യങ്ങളിലോ, മതാനുഷ്ഠാനങ്ങളിലോ കാര്യമായ വ്യത്യാസങ്ങളുണ്ടായിരുന്നില്ല. കക്ഷിതിരിവിന്റെ പേരിൽ ചില്ലറ പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇരു കക്ഷികളും തങ്ങളുടെ കർമ്മങ്ങൾ ഒരേ ദേവാലയത്തിൽതന്നെ തവണമുറയ്ക്കു് നടത്തിവന്നിരുന്നു. ഒരു കുടുംബത്തിലെ രക്തബന്ധത്തിൽ പെട്ടവർതന്നെ ഇരുപക്ഷത്തുമായി നിന്നിരുന്നു. ചേരിതിരിവ് ഗണ്യമാക്കാതെ വിവാഹബന്ധങ്ങൾ ഉണ്ടാക്കിയിരുന്നു. പില്ക്കാലത്തു് പഴയ കൂറ്റുകാർ റോമാവിശ്വാസാചാരങ്ങളിലും പുത്തൻകൂറ്റുകാർ പാശ്ചാത്യ സുറിയാനി (ഓർത്തഡോക്സ്) പാരമ്പര്യങ്ങളിലും ഉറച്ചു. കൂനൻകുരിശുസത്യത്തെത്തുടർന്നുണ്ടായ വേർപിരിവു മാറ്റി യോജിച്ച് ഒന്നാകുവാൻ ഇരുപക്ഷവും താല്പര്യപ്പെട്ടിരുന്നു.

**പഴയക്രൂറ്റുകാരുടെ അവസ്ഥ**

പ്രൊപ്പഗാന്ത സമൂഹം നിയോഗിച്ച വൈദികാധികാരികൾ കൂനൻകുരിശു സത്യത്തിലേർപ്പെട്ടവരെ ചതുരുപായങ്ങൾ ഉപയോഗിച്ച് തങ്ങളുടെ പക്ഷത്തേക്കു നയിച്ചെങ്കിലും വിദേശാധികാരത്തിൽ കീഴിൽ പഴയകൂറ്റുകാർ സംതൃപ്തരായിരുന്നില്ല. നില്ക്കക്കള്ളിയില്ലാത്ത ഒരു പരിതഃസ്ഥിതിയിൽ മെത്രാൻസ്ഥാനം ലഭിച്ച പറമ്പിൽ ചാണ്ടി മെത്രാന് സ്വദേശീയനായ ഒരു പിൻഗാമിയെ വാഴിക്കുവാനായില്ല. അതേ സമയം, മാർത്തോമ്മായുടെ കക്ഷി സ്വദേശമെത്രാന്മാരുടെ നേതൃത്വത്തിലായിരുന്നു.

1773 ജൂലൈ 26 ന് വരാപ്പുഴ വികാരി അപ്പസ്തോലിക്കാ മാർ ഫ്ലാരൻസിയൂസ് മെത്രാൻ (1750–1773) കാലം ചെയ്തപ്പോൾ ശവസംസ്കാരത്തിൽ സംബന്ധിക്കുവാനെത്തിയ സുറിയാനിക്കാരെ – അവർ വരാപ്പുഴ കൊടുങ്ങല്ലൂർ രൂപതകളിലായിരുന്നു – കർമ്മലീത്തർ കീഴ്നടപ്പു പോലെ സഹകരിപ്പിച്ചില്ല. ശവസംസ്കാരച്ചടങ്ങുകളിൽ സുറിയാനിക്കാർക്ക് അർഹമായ പ്രാതിനിധ്യം കർമ്മലീത്ത വൈദികർ നിഷേധിച്ചതായി പരാതിയുണ്ടായി. 50 ഓളം (73?) പള്ളികളിലെ പ്രതിനിധികൾ പിന്നീട് അങ്കമാലിയിൽ യോഗം ചേർന്നു. മിഷനറിമാർ ഫാ. യുസ്തിനിയാനിയെ അയച്ച് രമ്യതയ്ക്കു ശ്രമിച്ചു. സ്വദേശമേലദ്ധ്യക്ഷൻ ഇല്ലാത്തതിന്റെ പോരായ്മ അവിടെ ചർച്ചാവിഷയമായി. മിഷനറിമാർ തന്ത്രപരമായി ഇടപെട്ട് ഒത്തുതീർപ്പുണ്ടാക്കി. ആലങ്ങാട്ടു സെമിനാരിയിലെ കരിയാറ്റിൽ യൗസേഫ് മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും ലിസ്ബണിലേക്ക് പോകുവാൻ അവിടെ തീരുമാനമുണ്ടായി. പിന്നീട് സുറിയാനിക്കാരിൽ നിന്ന് ഒരു അർക്കദി

യാക്കോൻ വേണമെന്ന ആവശ്യം വികാരി അപ്പസ്തോലിക്കാ നിരസിച്ചു.

ഫ്ലാരൻസിയൂസിനു ശേഷം വന്ന ജർമ്മനിക്കാരൻ ഫ്രാൻസിസ്കോസ് സലെസ്, ഇറ്റാലിയൻ കർമ്മലീത്തർക്ക് സമ്മതനായിരുന്നില്ല. അതിനാൽ വരാപ്പുഴയിൽ കഴിഞ്ഞുകൂടുവാൻ നിവൃത്തിയില്ലാതെ വന്ന പ്പോൾ ഡോ. കരിയാറ്റിൽ മല്പാനും തച്ചിൽ മാത്തു തരകനും മറ്റും ഇടപെട്ട് അദ്ദേഹത്തെ ആലങ്ങാട്ട് താമസിപ്പിച്ചു. ഇക്കാര്യത്തിൽ മിഷനറിമാർ ഒത്തുതീർപ്പിനു തയ്യാറാകാതെ വന്നതും സ്വന്തക്കൂറ്റിൽ മെത്രാനില്ലാത്തതു കൊണ്ടാണെന്ന് പഴയകൂർസുറിയാനിക്കാർക്കു തോന്നി.

ഇത്തരുണത്തിലാണ് മാർത്തോമ്മാ ആറാമന്റെ കീഴിൽ പുത്തൻകൂറ്റു കാരും പഴയകൂറ്റുകാരും യോജിക്കുന്നതു സംബന്ധിച്ച ആലോചനകൾ തുട ങ്ങുന്നത്.

**കൂനൻ കുരിശു സത്യത്തിൽ ഉറച്ചുനിന്ന വിഭാഗത്തിന്റെ സ്ഥിതി**

പുത്തൻകൂർവിഭാഗത്തിൽ ആറാം മാർത്തോമ്മായുടെ മുൻഗാമി അഞ്ചാം മാർത്തോമ്മായുടെ ഭരണാരംഭത്തിനു ശേഷം (1728) അദ്ദേഹ ത്തിന്റെ സ്ഥാനസാധുതയെച്ചൊല്ലി ഒരു വിവാദം ഉണ്ടായിരുന്നു. ഒന്നാം മാർത്തോമ്മായുടെ കാലം മുതലേ റോമൻപക്ഷം ഇങ്ങനെ ഒരു വാദം ഉന്ന യിക്കാറുമുണ്ടായിരുന്നു. ഇതു സംബന്ധമായ പരാതി തീർക്കുവാൻ കൊച്ചി രാജാവ് ഡച്ചുകാർ വഴി സിറിയൻ പാത്രിയർക്കീസിനെഴുതി. 18 വർഷ ത്തിനു ശേഷം ബസ്രായിൽ നിന്ന് ഈവാനിയോസ് എന്ന മെത്രാൻ ഇവിടെ വന്നു. ഇദ്ദേഹത്തിന്റെ നടപടികൾ മെത്രാനും ജനങ്ങൾക്കും തൃപ്തി കരമായിരുന്നില്ല. മുമ്പ് ഗബ്രിയേൽ എന്നൊരു നെസ്തോർ മെത്രാനും ഇവിടെ വന്ന് വിശ്വാസപരമായ തർക്കങ്ങൾക്ക് ഇട വരുത്തിയിരുന്നു. ആയതുകൊണ്ട് "പണ്ഡിതനായ ഒരു മേല്പട്ടക്കാരനെ' അയച്ചുതരുവാൻ മാർത്തോമ്മാ അഞ്ചാമൻ സിറിയൻ പാത്രിയർക്കീസിനെഴുതി. യാത്രച്ചെ ലവ് വഹിക്കാമെന്ന് മാർത്തോമ്മാ ഡച്ചുകമ്പനിയോട്ട് ഉടമ്പടിചെയ്തു സമ്മ തിച്ചിരുന്നു. 1751 മേടം 14 ന് മാർ ബസ്സേലിയോസ് ശക്രള്ളായുടെ നേതൃ ത്വത്തിൽ മാർ ഗ്രീഗോറിയോസ് എന്ന മെത്രാനും യോഹന്നാൻ എന്ന റമ്പാനും (ഇദ്ദേഹത്തെയാണ് മാർ ഈവാനിയോസ് എന്ന പേരിൽ സക്രള്ള പിന്നീട് മെത്രാനാക്കിയത്) ഡച്ച കപ്പലിൽ കൊച്ചിയിലെത്തി. കച്ചവടക്കാരനായ അന്തോണിയോസ് ശെമ്മാശ്ശനായിരുന്നു ഇതിന്റെ ഇട നിലക്കാരൻ. അഞ്ചാം മാർത്തോമ്മാ വീണ്ടും പട്ടമേല്ക്കണമെന്ന ഈ വിദേ ശികളുടെ നിർദ്ദേശം 23 വർഷമായി സഭയെ നയിച്ചുവന്ന മാർത്തോമ്മായെ ക്ഷോഭിപ്പിച്ചിരിക്കണം. തുടർന്ന് കപ്പൽക്കൂലി കൊടുക്കാത്തതിന് മാർത്തോമ്മായുടെ പേരിൽ വ്യവഹാരമുണ്ടായി. 1754 ധനു 18 ന് ലന്തക്കാ രുടെ സ്വാധീനത്തിൽ മാർത്തോമ്മായും വിദേശമെത്രാന്മാരുമായി സന്ധി യുണ്ടായി. ഇതിൽ മാർത്തോമ്മായുടെ സ്ഥാനം സാധുതയുള്ളതായി അംഗീ

കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ അനുമതി കൂടാതെ വിദേശികൾ ഇവിടെ പട്ടം കൊടുത്തുകൂടെന്ന് തീരുമാനമായി. ഇതു സംബന്ധമായി ഉണ്ടായ ഉടമ്പടിയിൽ ആദ്യമായി സിറിയൻ പാത്രിയർക്കീസിന്റെ അധികാരം പരോക്ഷമായി ഉന്നയിക്കപ്പെട്ടു.

വിദേശമെത്രാന്മാരുമായി തർക്കം നടന്നുവന്ന കാലത്ത് വിദേശമെത്രാന്മാർ തമ്മിലുണ്ടായ തർക്കം മുതലെടുത്ത് മാർത്തോമ്മാ ബസ്രായിൽ നിന്നെത്തിയ ഈവാനിയോസിനെ ലന്തക്കാരുടെ സഹായത്തോടെ മടക്കി അയപ്പിച്ചു. പരദേശികൾ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായ നേരത്ത് ലന്തക്കാരിൽ അവരുടെ സ്വാധീനം കുറഞ്ഞപ്പോൾ മാർത്തോമ്മാ തന്റെ അനന്തരവനെ 1761ൽ (നിരണംഗ്രന്ഥവരി 936മിഥുനം 29) നിരണത്തു വച്ച് പിൻഗാമിയായി (ആറാം മാർത്തോമ്മാ) വാഴിച്ചു.

വിദേശികളുമായി രമ്യതയിലെത്തിയപ്പോൾ അഞ്ചാം മാർത്തോമ്മാ പിരിവെടുത്തും മറ്റും കപ്പൽകൂലി കൊടുത്തുതീർത്തു. 1763 ഒക്ടോ.20 -ന് മാർ ശക്രുള്ളായും 1765-മേയ് 8-ന് അഞ്ചാം മാർത്തോമ്മായും കാലം ചെയ്തു. മാർത്തോമ്മാ ആറാമൻ പുത്തൻകൂർ വിഭാഗത്തിന്റെ നേതൃത്വത്തിലെത്തി. അദ്ദേഹം തിരുവിതാംകൂർ മഹാരാജാവിനെ കണ്ട് പ്രത്യേക അധികാരാവകാശങ്ങൾക്ക് "അടിയറ തീർത്ത്" അംഗീകാരം നേടി. അദ്ദേഹവുമായി വിദേശമെത്രാന്മാർ രമ്യതയിലായിരുന്നില്ല, ഇക്കാലത്ത്. രാജകീയാംഗീകാരം നേടിയ മാർത്തോമ്മായുമായി ഇടഞ്ഞു നില്ക്കുന്നത് പന്തിയല്ലെന്ന് പിന്നീട് അവർക്കു തോന്നിയിരിക്കാം. കല്ലിശ്ശേരി പള്ളിയിൽ വച്ച് മാർത്തോമ്മായും മാർ ഈവാനിയോസും രമ്യതയിലായി. അതിൻപ്രകാരം 1770 ജൂലൈ 10 (945 മിഥുനം 29 നിരണംഗ്രന്ഥവരി, 1770 ഇടവം 29/ 27 ഇ.എം.പീലിപ്പോസ്) നിരണത്തു വച്ച് മാർ ഗ്രീഗോറിയോസും മാർ ഈവാനിയോസും ചേർന്ന് ആറാം മാർത്തോമ്മാ മെത്രാനെ മെത്രാപ്പോലീത്താസ്ഥാനത്തേക്കുയർത്തി. വിദേശികൾക്ക് മാർത്തോമ്മാ എന്ന പേര് അതൃപ്തിയാകയാലോ എന്തോ മാർ ദീവന്നാസ്യോസ് എന്ന പേരും വിളിച്ചു. മാർത്തോമ്മാ ആറാമൻ വലിയ മാർ ദീവന്നാസ്യോസ് (ഒന്നാമൻ) എന്ന് ചരിത്രത്തിൽ അറിയപ്പെടാൻ ഇത് കാരണമായി. ഈ സംഭവത്തെ "വീണ്ടും പട്ടം കൊടുത്തു' എന്ന് വിവരിക്കുന്നവരുണ്ട്. അസ്വസ്ഥത പരിഹരിക്കുവാൻ മാർത്തോമ്മായുടെ ഒരു വിട്ടുവീഴ്ചയായി ഇതിനെ കാണാം.

എന്നാൽ പരദേശമെത്രാന്മാർ ഇടപെടൽ ഉപേക്ഷിച്ചിരുന്നില്ല. വിദേശമെത്രാൻ മാർ ഗ്രീഗോറിയോസ് കാട്ടുമങ്ങാട്ടു കുടുംബത്തിലെ (ഈ കുടുംബത്തിൽ നിന്ന് 1678 ൽ വന്ന മാർ അന്ത്രയോസിന്റെ സഹോദരൻ വിവാഹം ചെയ്തിരുന്നു) കുര്യൻ (ഗീവറുഗീസ്?) കത്തനാരെ 1772 വൃശ്ചികം 17 ന് (വെള്ളി നിരണം ഗ്രന്ഥവരി) മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാനാക്കി വാഴിച്ചു. ഇദ്ദേഹത്തെ മാർ ശക്രുള്ള റമ്പാനാക്കിയിരുന്നു. 1766

നവമ്പർ 28 (942 വൃശ്ചികം 17 വെള്ളി) ന് മാർ ഗ്രീഗോറിയോസ് യൂഹാനോൻ, കാട്ടുമങ്ങാട്ട് അബ്രഹാം (കുര്യൻ?) റമ്പാനെ മാർ കൂറീലോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചുവെന്ന് കരുതുന്നവരുമുണ്ട്. ഈ സംഭവം 1767 ന മുമ്പെന്ന് തൊഴിയൂർ സഭാചരിത്രകാരൻ ഫാ. കെ.സി.വറുഗീസ് പറയുന്നത്രേ. 1772 /947 വൃശ്ചികം 17 എന്ന് നിരണംഗ്രന്ഥവരി. 1771 എന്നും പറയപ്പെടുന്നുണ്ട്. 947 എങ്കിൽ 1771 നവമ്പർ 28 വരും) 971 ൽ കൂറീലോസ് ശക്തൻ തമ്പുരാന് സമർപ്പിച്ച രേഖയിൽ 947 എന്നാണുള്ളത്. "947-ൽ കൂറിലൊസ് മെത്രാന് പട്ടവും സ്ഥാനവും തികച്ചുകൊടുത്തു. പെരുമ്പടപ്പിൽ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചനുവദിച്ച മോതിരവും ഇടീച്ച് മലങ്കര പുത്തൻകൂറിലുള്ള പള്ളി എടവകക്ക് ഒക്കെയും മെത്രാന്റെ സ്ഥാനങ്ങൾ നടത്തിക്കൊള്ളത്തക്കവണ്ണം കല്പിച്ചു നീട്ടൂരവും കൊടുത്ത് നടത്തിച്ചുപോരുകയും ചെയ്തു'.[6] മാർത്തോമ്മായുടെ സമ്മതം ഇതിനുണ്ടായിരുന്നില്ല. ഇടവകപ്പള്ളികളിൽ തന്ത്രപരമായി ഇടപെട്ട് കാട്ടുമങ്ങാട്ട് കൂറീലോസ് അധികാരം സ്ഥാപിക്കുവാനൊരുങ്ങിയപ്പോൾ തിരുവിതാംകൂർ കൊച്ചി രാജാക്കന്മാരെ ഇടപെടുവിച്ച് പാലിയത്തച്ചനും കുമദോരും പള്ളിക്കാരെയും കാട്ടുമങ്ങാട്ടു മെത്രാനെയും വിസ്തരിച്ച് മലങ്കരമെത്രാന കീഴ് ചെലവുപറ്റി കഴിയണമെന്ന് തീരുമാനിച്ച് ഉത്തരവുണ്ടാക്കിച്ച് കുപ്പായം ഊരിച്ചു.[7] ഈ മെത്രാൻ കോഴിക്കോട്ടു സാമൂതിരിയുടെ അതിർത്തിയിൽ അഞ്ഞൂര് തൊഴിയൂരിൽ പള്ളി പണിയിച്ച് ആസ്ഥാനമാക്കി (1774). അടിയറ തീർത്ത് താൻ നേടിയ അധികാരം ആർക്കും അടിയറ വയ്ക്കുവാൻ ആറാം മാർത്തോമ്മാ ഒരുക്കമല്ലായിരുന്നു.

**ആറാം മാർത്തോമ്മായും 'പുനരൈക്യവും'**

വിദേശമെത്രാന്മാരുമായുള്ള അപസ്വരങ്ങൾക്ക് വിരാമമിടുവാൻ വേണ്ടതു ചെയ്തിട്ടും അവർ പുതിയ പ്രശ്നങ്ങൾക്ക് വിത്തിട്ടത് മാർത്തോമ്മായ്ക്ക് നീരസമായിക്കാണണം. കൂറുകൾ തമ്മിലുള്ള അനൈക്യമാണ് പ്രശ്നത്തിന്റെ മൂലകാരണം എന്നദ്ദേഹം കണ്ടെത്തി. നസ്രാണിപരിഷ ഒന്നടങ്കം തന്നെ അംഗീകരിക്കുമെങ്കിൽ അതിനായി റോമിന്റെ വൈദികമേലധികാരം വകവച്ചുകൊടുക്കുവാൻ അദ്ദേഹം തയ്യാറായി. അത് പുത്തൻകൂറിലും പഴയകൂറിലുമായി വേറിട്ടു നില്ക്കുന്ന സുറിയാനിക്കാരുടെ ഐക്യം ഉണ്ടാക്കുവാനായിരുന്നു. അതിനദ്ദേഹം സ്വീകരിച്ച നടപടികളെ "റോമൻ കത്തോലിക്കാ സഭയിലേക്കുള്ള പുനരൈക്യം' എന്നാണ് കത്തോലിക്കാ ചരിത്രകാരന്മാർ വിളിക്കുന്നത്. തങ്ങളുംകൂടി പങ്കാളികളായിരുന്ന കൂനൻകുരിശു സത്യത്തിൽ നിന്നുമകന്ന് വാക്കുമാറിയവർ എന്ന ദുഷ്പേരൊഴിവാക്കുവാൻ അക്കൂട്ടർ പുനരൈക്യപ്പെട്ടവർ എന്ന് സ്വയം വിളിക്കാറുണ്ടോ?

മുമ്പു സൂചിപ്പിച്ചതു പോലെ വരാപ്പുഴ ഫ്ലോരൻസിയൂസ് മെത്രാന്റെ ശവസംസ്കാരച്ചടങ്ങിനെ തുടർന്നുണ്ടായ സംഭവവികാസങ്ങളും സലൈസ്

മെത്രാൻ വരാപ്പുഴനിന്ന് ആലങ്ങാട്ടേക്ക് താമസം മാറ്റേണ്ടിവന്ന സാഹചര്യങ്ങളും മൂലം റോമാസുറിയാനിക്കാർക്ക് സ്വദേശമെത്രാനില്ലാതെ വന്നതിന്റെ പോരായ്മ ബോദ്ധ്യമായി. മാർത്തോമ്മായെ ജാതിയജമാനനായി കിട്ടുന്നത് അവർക്ക് സമ്മതമായിരുന്നു. ഉദാഹരണത്തിന് "6-ാം മാർത്തോമ്മാ റോമൻ വിഭാഗത്തിൽ നിന്ന മാതാപിതാക്കളിൽ ആണ് ജനിച്ചത്. അമ്മാവനായ 5-ാം മാർത്തോമ്മാ പുത്തൻകൂർ ആചാരങ്ങളിൽ വളർത്തി"[8] അദ്ദേഹം കുറവിലങ്ങാട്ട് പകലോമറ്റം കുടുംബത്തിൽ കത്തോലിക്കാപക്ഷത്തു നിന്ന മാതാപിതാക്കളുടെ സന്താനമായിരുന്നു എന്നത് അവർക്ക് ആശ്വാസമരുളുന്ന കാര്യമായിരുന്നു.[9] ഇക്കാര്യം വർത്തമാനപ്പുസ്തകവും ശരി വയ്ക്കുന്നു.

വർത്തമാനപ്പുസ്തകം പറയുന്നത്, "ശുദ്ധമാന കത്തോലിക്കാപ്പള്ളി കൈക്കൊണ്ടിരിക്കുന്ന കുറവിലങ്ങാട്ടു പള്ളി ഇടവകയിൽ "സ്തുതി ചൊവ്വാക്കപ്പെട്ട' കാരണവന്മാരിൽ നിന്ന് പിറന്ന് അവിടെ മാമോദീസ കൈക്കൊണ്ട് അവിടെ വളർന്നതിനാംപക്കം ഇന്ന് അയാൾക്ക് പഴയതിൽ വഴങ്ങാനുള്ള മനസ്സുണ്ടായത് തന്റെ അറിവിന്റെ ശക്തിയാലല്ല, പിന്നെയോ തന്റെ നല്ല മനസ്സോടും തന്റെ കാരണവന്മാരിൽ നിന്നും പാലോടുകൂടെ താൻ കുടിച്ച വളർത്തിപ്പിനുടെയും വിശ്വാസത്തിന്റെയും ശക്തികൊണ്ടും ആകുന്നു.' എന്നാണ്.[10] ഈ പുസ്തകത്തിന്റെ പുതിയ ഭാഷാന്തരം ഇങ്ങനെ:

"... അദ്ദേഹം വിശുദ്ധ കത്തോലിക്കാവിശ്വാസം കൈക്കൊണ്ടിരിക്കുന്ന കുറവിലങ്ങാട്ട് പള്ളിയിടവകയിലെ പാവനചരിതരായ മാതാപിതാക്കളിൽ നിന്ന് ജനിച്ച് കത്തോലിക്കാജ്ഞാനസ്നാനം സ്വീകരിച്ച് കുറെ നാൾ കത്തോലിക്കനായി വളർന്നവനാണ്".[11] ഇവിടെ ആധുനികഭാഷാന്തരം ചെയ്ത ബഹുമാന്യദേഹം ഒരു സൂത്രം ഒപ്പിച്ചതായി തോന്നുന്നു. മൂലത്തിൽ സ്തുതിചൊവ്വാക്കപ്പെട്ട മാതാപിതാക്കളിൽ നിന്ന് ജനിച്ച എന്നത് "പാവന ചരിതരായ മാതാപിതാക്കളിൽ നിന്ന് ജനിച്ച്' എന്നാക്കിയിരിക്കുന്നു. (സ്തുതി ചൊവ്വാക്കപ്പെട്ട - ഓർത്തഡോക്സ്- എന്ന പദം തമസ്കരിച്ചതാകാം.)

അഞ്ചാം മാർത്തോമ്മായുടെ അനന്തരവനായ ആറാം മാർത്തോമ്മായുടെ പൂർവ്വകഥ യഥാർത്ഥമാണ്. അക്കാലത്തെ സഭാഭിന്നത ഇന്നത്തേതുപോലെ തൊട്ടുകൂടായ്മ പുലർത്തിയിരുന്നതല്ല. ഇക്കാര്യം പിൽക്കാലത്തും സൂചിപ്പിക്കുന്നുണ്ട്. കുറുപ്പംപടി പള്ളിയുടെ ചരിത്രത്തിലെ പരാമർശം കാണുക. "... പകലോമറ്റം തറവാട്ടിൽപെട്ട കുറവിലങ്ങാട്ടുള്ള അർക്കദയാക്കോന്റെ കുടുംബം 5-ാം മാർത്തോമ്മായുടെ ശേഷം മുഴുവനായി പഴയകൂറ്റിൽ ഉൾപ്പെട്ടിരുന്നതുകൊണ്ടും ആ താവഴി ഉള്ള മാർത്തോമ്മാ മെത്രാന്മാരുടെ ബന്ധുക്കൾ പറങ്കി ശീശ്മയിൽ പെട്ടിരുന്നതിനാലും ...'[12]

**ഡോ. കരിയാറ്റിയുടെ യത്നങ്ങൾ**

ഐക്യശ്രമങ്ങൾക്ക് 1771 ആഗസ്റ്റ് 31-ലെ മാർത്തോമ്മാ 6-ാമന്റെ കത്തിന് റോമിലെ കർദ്ദിനാൾ സംഘത്തിന്റെ മറുപടി, ആദ്ദേഹത്തെ ആശ്രയിച്ച നിൽക്കുന്നവരുടെ മേൽ ആത്മീയഭരണമൊഴികെയുള്ള ലൗകി കാധികാരവും പ്രോനോട്ടറി എന്ന പദവിയും വാഗ്ദാനംചെയ്തുകൊണ്ടുള്ളതാ യിരുന്നു.

1772 ൽ മാർത്തോമ്മാ 6-ാമന്റെ മറ്റൊരു കത്തിന് റോമിന്റെ മറുപടി, ഉപജീവനത്തിന് വർഷികമായി 100 സ്കൂദി നാണയവും ആശ്രയിച്ച നിൽക്കു ന്നവരുടെ മേൽ ആത്മിയാധികാരമൊഴികെയുള്ള ലൗകികാധികാരവും നല്കാമെന്നായിരുന്നു.

മാർത്തോമ്മാ നിരണത്തു താമസിക്കവേ കരിയാറ്റിൽ മല്പാനുമായി യോജിപ്പ സംബന്ധിച്ച് പ്രാഥമികചർച്ചകൾ നടന്നതായി കത്തോലിക്കാ ചരിത്രകാരന്മാരും സമ്മതിക്കുന്നുണ്ട്. വിദേശമെത്രാനും മിഷനറിമാരും അതിനെതിരാണെന്ന് കരിയാറ്റിക്ക് ബോദ്ധ്യമായിരുന്നു. എന്നാലും കാര്യങ്ങൾ വിശദമായി സലൈസ് മെത്രാന് എഴുതി അയയ്ക്കുവാൻ ഡോ. കരിയാറ്റിൽ മെത്രാനോടപേക്ഷിച്ചു. അതു് സഹോദരീപുത്രൻ കല്ലറയ്ക്കൽ കൊച്ചീപ്പൻ തരകൻ വഴി മാർത്തോമ്മാ സാലൈസിന് എത്തിച്ചു. അദ്ദേഹം ഡോ. കരിയാറ്റിയെ മാർത്തോമ്മായുമായി സംസാരിക്കുവാൻ നിയോഗിക്കുമ്പോൾ മാർത്തോമ്മായ്ക്ക് മെത്രാനടുത്ത ബഹുമാനവും വഴക്കവും കൊടുത്തു പോകരുതെന്ന് നിർദ്ദേശിച്ചതിനെ വർത്തമാനപ്പുസ്ത കത്തിൽ ശകാരിച്ചിട്ടുണ്ട്. ("... ഇതിനു ശേഷം മാർത്തോമ്മാമെത്രാൻ (6-ാം) സല്ലേസ് മെത്രാനു കുറിയും എഴുതി തന്റെ മരുമകനാകുന്ന മലങ്കരയിടവക യിലുള്ള ബഹുമാനപ്പെട്ട ചങ്ങനാശ്ശേരിക്കാരൻ കുഞ്ഞീപ്പത്തരകനെ അയച്ചാറെ സല്ലേസ് മെത്രാൻ നല്ല മനസ്സോടെ അയാളെ കൈക്കൊണ്ടില്ല. .. അസഭ്യങ്ങളും പറകകൊണ്ട് ... ഇടത്തുട്ടുകാരൻ എങ്കിലും ജാതിയിൽ അന്നുള്ളതിലും ബഹുമാനപ്പെട്ടവനായിരിക്കുന്ന മാർത്തോമ്മാ മെത്രാൻ ... ബഹുമാനപ്പെട്ട ആളായിരിക്കുന്ന കല്ലറയ്ക്കൽ തരകന്റെ കൈയിൽ കൊടു ത്തയച്ചാറെ ഒരു തെല്ലുപോലും ആചാരവും ബഹുമാനവും കൂടാതെ അന്യാ യവും അസഭ്യവും നിറഞ്ഞ വാചകങ്ങൾ അയാളോടു പറഞ്ഞതും ...' (വർത്തമാനപ്പുസ്തകം). അതിനു ശേഷം കരിയാറ്റിയുടെ റിപ്പോർട്ടിന്മേൽ സാലൈസ് മൗനം ദീക്ഷിച്ചു. മുട്ടിപ്പായി കരിയാറ്റിൽ ചോദിച്ചപ്പോൾ "മാർത്തോമ്മായെ മെത്രാനായി സ്വീകരിക്കില്ല' എന്ന് അദ്ദേഹം മറുപടി നല്കി. സ്വദേശമെത്രാന്മാരെ ഇവിടെ നിയമിക്കുന്നതിന് വിദേശ വൈദികാ ധികാരികൾ എതിരാണെന്നറിയാമായിരുന്നതുകൊണ്ട് സാലൈസ് മെത്രാൻ വേണ്ടതു ചെയ്യുന്നില്ലെങ്കിൽ മാർത്തോമ്മായെ സ്വീകരിക്കുന്ന തിന് വേണ്ട നടപടികൾക്കായി താൻ വീണ്ടും റോമിൽ പോകാമെന്ന് കരി യാറ്റിൽ മാർത്തോമ്മയ്ക്ക് എഴുതി. (വർത്തമാനപ്പുസ്തകം.പദം 12)

1777 ൽ (953 ചിങ്ങം 30 /സെപ്റ്റ. 11?) കരിയാറ്റിൽ യൗസേഫ് മല്പാനും ശിഷ്യനും കൂടി മാർ തോമ്മാ 6 ൽ നിന്ന് റോമിലേയ്ക്ക് 6-ാം പീയൂസ് പാപ്പായ്ക്ക് എഴുത്ത് വാങ്ങിയതായി നിരണം ഗ്രന്ഥവരി പറയുന്നു. (മാർ തോമ്മാ 6 ന്റെ കത്തിന്റെ തീയതി 1778 മീനം 10 /മാർച്ച് 21 എന്നും കാണുന്നുണ്ട്.)

1778 മേയ് 7 ന് കരിയാറ്റിൽ യൗസേഫ് മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും കൂട്ടരും കൂടി മാർത്തോമ്മായെയും കൂടെയുള്ള 80000 ജനങ്ങളെയും തങ്ങളോടു യോജിപ്പിക്കുന്നതിന് മിഷനറിമാരുടെ ഭാഗത്തു നിന്നുള്ള പ്രതിബന്ധങ്ങൾ നീക്കിക്കിട്ടുന്നതിനായി ആലങ്ങാട്ടുനിന്ന് റോമിലേക്കു യാത്രയായി. ഇത് അവരുടെ പള്ളിയോഗ തീരുമാനപ്രകാരമായിരുന്നു.[13] വർത്തമാനപ്പുസ്തകവും കരിയാറ്റിയുടെ റോമായാത്രയുടെ ലക്ഷ്യം ഇതായിരുന്നു എന്ന് വെളിവാക്കുന്നുണ്ട്. അവർ 1778 ഒക്. 14 ന് മദ്രാസിൽ നിന്ന് പോയി. 1779 ജൂലൈ 18 ന് ലിസ്ബണിൽ എത്തി. 1779 ഒക്. 4 ന് റോമിലേയ്ക്ക് പുറപ്പെട്ടു. 1780 ജനു.3 ന് റോമിൽ എത്തി.

പഴയകൂർ സുറിയാനിക്കാരുടെ താല്പര്യാനുസരണം മാർത്തോമ്മായുമായുള്ള ഐക്യത്തിന് അനുകൂലമായ റിപ്പോർട്ടുകൾ മിഷനറിമാർ മേലധികാരികൾക്ക് അയച്ചിരുന്നില്ല. 1774 ജൂലൈ 23 ന് മാർത്തോമ്മായുടെ സ്വീകരണത്തിന് അനുകൂലമായി പ്രൊപ്പഗന്ത റോമിൽ നിന്നയച്ച ഒരു കത്ത് വരാപ്പുഴ വികാരി അപ്പൊസ്തോലിക്കാ വെളിയിൽ വരാതെ മുക്കിയിരുന്നു.[14]

മാർത്തോമ്മായുടെ കാര്യത്തിൽ പഴയകൂർ സുറിയാനിക്കാർ ചെയ്ത നടപടികൾ, ഇരുകൂറ്റുകാരും യോജിച്ച് ബാബേൽ സിംഹാസനത്തിനു വിധേയപ്പെട്ടു സുറിയാനി ഭരണം പുനഃസ്ഥാപിക്കുന്നതിനുള്ളതായും മാർത്തോമ്മായെ ദേശീയ സുറിയാനിമെത്രാനായി അംഗീകരിക്കുന്നതിനുള്ളതായും പാശ്ചാത്യർ കരുതി. (കൽദായഭരണം ഇൻഡ്യയിൽ തുടരുവാൻ അനുവദിക്കുകയില്ലെന്ന് മാർ അബ്ദീശോ പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിൽ ത്രെന്തോസിൽവച്ച് പോർട്ടുഗീസ് രാജകീയപ്രതിനിധി പ്രസ്താവിച്ചിരുന്നു. 1575-ൽ അന്നത്തെ അങ്കമാലി മെത്രാൻ മാർ അബ്രഹാം സംബന്ധിക്കാതിരുന്ന രണ്ടാം ഗോവാ സുന്നഹദോസിൽ കൽദായ പാത്രിയർക്കീസ് അയയ്ക്കുന്ന മെത്രാനല്ല, പദ്രൊവാദൊ പ്രകാരം പോർട്ടുഗീസുകാർ നിയമിക്കുന്ന മെത്രാനാണ് മലങ്കര ഭരിക്കേണ്ടതു് എന്ന് തീരുമാനിച്ചിരുന്നു.) മാർത്തോമ്മായുടെ വിശ്വാസപ്രഖ്യാപനങ്ങൾ പൊള്ളയാണെന്ന് അവർ ആരോപിച്ചു. കരിയാറ്റിക്കും കൂട്ടർക്കും എതിരായി ഇത്തരം ആരോപണങ്ങൾ കൊച്ചിമെത്രാൻ സൊളിദാദെ ലിസ്ബണിലേക്കും റോമിലേക്കും എഴുതി.[15] മാർത്തോമ്മാ തിരുസഭയിൽ ചേർന്നാലും അദ്ദേഹത്തിന്റെ ജനങ്ങൾ മാർ കൂറിലോസിനെ (അഞ്ഞൂർ) വിളിച്ച് വേറൊരു മെത്രാനെ വാഴിക്കുകയേ ഉള്ളൂ എന്ന് അതിൽ സൂചിപ്പിച്ചു.

ഇക്കാരണങ്ങളാൽ കരിയാറ്റിയും പാറേമ്മാക്കലും, ലിസ്ബണിൽ പദ്രൊവാദൊ അധികാരികളുടെ അടുക്കലും (1779 ജൂലൈ) റോമിലും (1780 ജനുവരി) മാർത്തോമ്മായുടെ കാര്യത്തിൽ ചെയ്ത അപേക്ഷകൾക്ക് അനുകൂലമായ മറുപടി ലഭിച്ചില്ല. മാർത്തോമ്മായെ മെത്രാനായി സ്വീകരിച്ചാൽ വരാപ്പുഴവികാരി അപ്പൊസ്തോലിക്കാ അസ്ഥാനത്താകുമെന്ന് റോം കരുതി.

മാർത്തോമ്മായുടെ കാര്യത്തിലും മറ്റ് അപേക്ഷകളിലും പ്രൊപ്പഗന്ത അനുകൂലതീരുമാനമെടുക്കാതെ വന്നതിനാൽ കരിയാറ്റിയും പാറേമ്മാക്കലും ലിസ്ബണിലേക്കു മടങ്ങി. (1780 ജൂൺ 20) ഒഴിവായിക്കിടക്കുന്ന കൊടുങ്ങല്ലൂർ മെത്രാന്റെ നിയമനം സംബന്ധിച്ച് ഒരു പറങ്കിയെ വാഴിക്കണമെന്ന് ഇവർ മലങ്കരയോഗ തീരുമാനപ്രകാരം ആദ്യം പോർട്ടുഗീസ് രാജ്ഞിയോട് അപേക്ഷിച്ചിരുന്നു. അതിനും അനുകൂലതീരുമാനം ഉണ്ടാകാതെ വന്നപ്പോൾ ധർമ്മം തെണ്ടീട്ടെങ്കിലും തുർക്കിയിൽ കൽദായ പാത്രിയർക്കീസ് മാർ യൗസേപ്പിനെ കണ്ട് കേരളസഭയെ അന്യജനങ്ങളുടെ അടിമത്തം, നിഷേധം എന്നിവയിൽ നിന്ന് രക്ഷപെടുന്നതിന് ശ്രമിച്ചേ മതിയാകൂ എന്ന് അവർ തീരുമാനിച്ചതായി വർത്തമാനപ്പുസ്തകത്തിൽ കാണുന്നു.[16] 1781 ൽ പഴയകൂറ്റുകാർ മാർ തോമ്മാ ആറാമനുമായി (മാർ ദീവന്നാസ്യോസുമായി) സഭായോജിപ്പിന് ഇവിടെ കൂടിയാലോചന നടത്തിയിരുന്നു.

**മാർത്തോമ്മാപ്രശ്നം ഒതുക്കിയ പോർട്ടുഗീസ് തന്ത്രം**

കൊടുങ്ങല്ലൂർ മെത്രാന്റെ പദവി നോട്ടമിട്ടിരുന്ന ഒരു ഗോവക്കാരൻ പാതിരി കരിയാറ്റിയുടെ കൂടെക്കൂടി രാജ്ഞിസമക്ഷം ചില ചരടുവലികൾ നടത്തിയിരുന്നു. തന്റെ അടവ് ഫലിക്കാതെ വന്നപ്പോൾ ഈ പാതിരി കരിയാറ്റിയെത്തന്നെ മെത്രാൻ സ്ഥാനത്തേക്ക് ശുപാർശ ചെയ്തു. മാർത്തോമ്മായുടെ പ്രശ്നം തൽക്കാലത്തേക്ക് മാറ്റിനിർത്തുവാനുള്ള വഴി കണ്ടെത്തിയ പോർട്ടുഗൽ, പദ്രൊവാദൊ അധികാരം കൈവിട്ടുപോകാത്തവിധം കരിയാറ്റിയെത്തന്നെ മെത്രാനാക്കുവാൻ രാജകല്പന പുറപ്പെടുവിച്ചു. (1780 ജൂലൈ 16) 1782 ജൂലൈയിൽ അങ്കമാലി ആസ്ഥാനമായ കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തായായി കരിയാറ്റിയെ പോർട്ടുഗീസ് രാജ്ഞി നിയമിച്ചു. ഇത് 1782 ഡിസമ്പർ 16 ന് മാർപ്പാപ്പ (ക്ലമന്റ് 21 പീയൂസ് 6) അംഗീകരിച്ചു. ഡോ. കരിയാറ്റിൽ 1783 ഫെബ്രുവരി 14 ന് കൊടുങ്ങല്ലൂർ പദ്രൊവാദോ മെത്രാനായി ലിസ്ബണിൽ വച്ച് അഭിഷിക്തനായി. അദ്ദേഹത്തിന്റെ റീത്ത് ലത്തീൻ ആക്കിയാണ് അഭിഷേകം നടന്നത്. നേരത്തെയുള്ള സിറോ-കൽദയ റീത്തിലേക്കു മടങ്ങുന്നത് നിരോധിക്കുകയും ചെയ്തിരുന്നു.[17] മാർത്തോമ്മായുടെ കാര്യം പോർട്ടുഗൽ റോമിനു വിട്ടു. റോം അക്കാര്യം കരിയാറ്റിയുടെ തീരുമാനത്തിനു വിട്ടു. അക്കാര്യം ഗോവയിൽ ചെന്നിട്ട് തീരുമാനിച്ചാൽ മതിയെന്ന് പോർട്ടുഗീസ് രാജ്ഞി എഴുതി. 1784

ഏപ്രിൽ 10 കരിയാറ്റിൽ നിർദ്ദേശിച്ചപ്രകാരം പാറേമ്മാക്കൽ തോമ്മാക്കത്തനാർ മലങ്കരപ്പള്ളിക്കാർക്ക് വിവരങ്ങൾക്ക് കത്തയച്ചു. 1785 ഏപ്രിൽ 20 ന് കരിയാറ്റിൽ മെത്രാപ്പോലീത്തായും പാറേമ്മാക്കൽ തോമ്മാക്കത്തനാരും ലിസ്ബണിൽ നിന്ന് മടങ്ങി.

തങ്ങളുടെ യഥാർത്ഥദൗത്യം നിറവേറ്റപ്പെടാതെ തന്ത്രപൂർവ്വം തങ്ങളെ വഴി മാറ്റിയതു് ബോദ്ധ്യപ്പെട്ടാണോ കരിയാറ്റിയും പാറേമ്മാക്കലും മടങ്ങിയതെന്ന് അറിയാൻ മാർഗ്ഗമില്ല. പുത്തൻകൂർ പഴയകൂർ ഐക്യമെന്ന ആശയം പോർട്ടുഗീസ് തന്ത്രാനുസൃതം കരിയാറ്റിൽ മെത്രാനായതോടെ ഉപേക്ഷിക്കേണ്ടി വന്നു, പഴയകൂറ്റുകാർക്ക്.

യോജിപ്പിനുള്ള സാഹചര്യങ്ങൾ നഷ്ടപ്പെട്ടെങ്കിലും സ്വദേശമെത്രാനെ ലഭിച്ചതിൽ പഴയകൂറ്റുകാർ അത്യാഹ്ലാദം കൊണ്ടു. കരിയാറ്റിൽ ബോംബെയിൽ എത്തിയ വാർത്ത വന്നതോടെ ഇവിടെ മിഷനറിമാർ ആക്രമിക്കപ്പെടുക പോലുമുണ്ടായി.

1785 അവസാനം കർമ്മലീത്ത വികാരി ജനറൽ ഫാ. പോൾ മാർത്തോമ്മായെ സന്ദർശിച്ച് റോമാസഭാപ്രവേശനം സംബന്ധിച്ച് ചർച്ച ചെയ്തു. ചേരുന്ന കാര്യം പിന്നീട് ആലോചിക്കാമെന്നും, എന്നാൽ തന്റെ അനന്തരവൻ തനിക്ക് പിൻഗാമിയായി വരണമെന്ന് നിർബ്ബന്ധമുണ്ടെന്നുമാണ് മാർത്തോമ്മാ മറുപടി നല്കിയതു്. (നിവൃത്തികേടു മൂലം പറമ്പിൽ ചാണ്ടികത്തനാർക്ക് സ്ഥാനം നല്കിയിട്ട് അദ്ദേഹത്തിന്റെ കാലശേഷം വീണ്ടും വിദേശഭരണത്തിൽ സഭയെ അമർത്തിക്കൊണ്ടു പോയ തന്ത്രം മാർത്തോമ്മാ തിരിച്ചറിഞ്ഞോ?)

**റോമാസുറിയാനിക്കാരുടെ സ്വാതന്ത്ര്യസമരം**

1786 മെയ് 1 ന് കരിയാറ്റിൽ മെത്രാപ്പോലീത്തായും പാറേമ്മാക്കൽ തോമ്മാക്കത്തനാരും ഗോവയിൽ ആണ്ടുശമ്പളവും മറ്റും ശരിയാക്കാൻ എത്തി. കേരളത്തിലേക്കുള്ള യാത്രാമദ്ധ്യേ ഗോവയിലെത്തിയ കരിയാറ്റിൽ മെത്രാൻ 1786 സെപ്തമ്പർ 9 ന് ആകസ്മികമായി നിര്യാതനായി.[18] (കബർ, ഗോവ കത്തീഡ്രൽ. 1786 സെപ്റ്റ.23 എന്ന് ചിലർ. സെപ്റ്റ. 9 എന്നും പറയുന്നു. മെയ് 1?) യൂറോപ്യൻ മെത്രാന്മാരാണ് ഈ അകാലമൃത്യുവിന് ഉത്തരവാദികൾ എന്ന് ജനങ്ങൾ കരുതി. ഗോവ മെത്രാപ്പോലീത്തവല്ലാതെ ഭയപ്പെടത്തക്കവണ്ണം ഗുരുതരമായ പ്രക്ഷോഭണം മലങ്കരയിൽ ഉണ്ടായി. അതു് ശാന്തമാക്കുവാൻ പാറെമ്മാക്കൽ തോമ്മാക്കത്തനാരെ കൊടുങ്ങല്ലൂർ അഡ്മിനിസ്റ്റേറ്റർ ആയി ഗോവ മെത്രാപ്പോലീത്ത നിയമിച്ചു. മരിക്കുംമുമ്പ് കരിയാറ്റിൽ മെത്രാൻ സഹചാരിയായ പാറേമ്മാക്കൽ തോമ്മാക്കത്തനാരെ കൊടുങ്ങല്ലൂർ ഗവർണദോരായി നിയമിച്ചിരുന്നു. ഇതു് ഗോവ മെത്രാപ്പോലീത്ത അംഗീകരിക്കുകയാണത്രേ ഉണ്ടായതു്.

**അങ്കമാലി പടിയോല**

1786 ൽ പാറേമ്മാക്കൽ ഗവർണ്ണദോർ കേരളത്തിലെത്തി കൊടുങ്ങല്ലൂർ ഭരണമേറ്റു. (1787/ 962 മകരം /ജനവരിയിൽ ഗോവ മെത്രാപ്പോലീത്തായിൽ നിന്ന് അംഗീകാരം നേടി പാറേമ്മാക്കൽ ഗവർണദോർ തലശ്ശേരിയിൽ എത്തിയതായി ചില രേഖകളിലുണ്ട്.)

1787 ഫെബ്രുവരി 12 ന് റോമൻ സുറിയാനിക്കാരായ 84 പള്ളിക്കാർ അങ്കമാലിയിൽ യോഗം ചേർന്ന് സുപ്രധാനമായ ചില തീരുമാനങ്ങളെടുത്ത് പടിയോല എഴുതി. അതിലെ പ്രസക്തമായ ഭാഗം കാണുക.

" ... മറ്റുള്ള നാടുകളിലും ... അവരുടെ മേല്പട്ടക്കാരു് വാഴുന്ന പോലെ നമ്മുടെ പരിഷയ്ക്കും മേല്പട്ടക്കാർ നമ്മിൽതന്നെ ഉണ്ടാകണമെന്ന് റോമായിലും പോർട്ടുഗലിലും ബോധിക്കകൊണ്ടും മേലിൽ നമ്മുടെ പരിഷയിൽ തന്നെ മേല്പട്ടക്കാർ ഉണ്ടായേ കഴിയൂ എന്ന് നാം വിശ്വസിക്കകൊണ്ടും നമ്മുടെ പരിഷയിൽ മേല്പട്ടക്കാർ ഉണ്ടായിവരുന്നതിനകം ബ. ഗവർണദോരിന്റെ ... പട്ടും സൈത്തും വാങ്ങിക്കുന്നതല്ലാതെ, നമ്മുടെ മേല്പട്ടക്കാരനായിട്ട് മറ്റൊരു ജാതിയെ കൈക്കൊള്ളുന്നതല്ലെന്നും, ഇപ്പോൾ നമ്മുടെ മേൽ ഗവർണരായിട്ട് വന്നിരിക്കുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാരച്ചനെ മെത്രാപ്പോലീത്താ ആയിട്ട് വാഴിപ്പാൻ നാമെല്ലാവരുംകൂടെ നിശ്ചയിച്ചിരിക്കകൊണ്ട് അപ്രകാരം എത്രയും വിശ്വാസമുള്ള പോർട്ടുഗൽ രാജസ്ത്രീയോട്ട് അപേക്ഷിച്ചും നമ്മുടെ അപേക്ഷ കൈയ്യ്ക്കൊണ്ടില്ലെങ്കിൽ പോർട്ടുഗൽ രാജാവിന് മലങ്കര എടവക വഴങ്ങുന്നതിനു മുമ്പ് നമ്മുടെ കാരണവന്മാരു് കണ്ടിരുന്നപോലെ ശുദ്ധമാനപ്പള്ളിക്കു വഴക്കമുള്ള കൽദായരുടെ മാർ യൗസേപ്പ് എന്ന പേരുള്ള പാത്രിയർക്കീസിനെ വഴങ്ങി അവിടെനിന്നും മെത്രാന്മാരെ വരുത്തി ബ. ഗവർണ്ണദോറിനെ വാഴിച്ചുകൊള്ളുമാറും ഇക്കാര്യത്തിനു നിദാനം വരുത്തുന്നതിനു മുമ്പിൽ ഒരു മുടക്കു വന്നാൽ അനുസരിക്കുകയില്ലെന്നും .. "[19]

ഇക്കാര്യം അംഗീകരിക്കുന്ന ആധുനികചരിത്രകാരന്മാരുണ്ട്. "1787 ഫെബ്രു.12 (പഴയ കണക്കിൽ കുംഭം 1 നിഗ്രവ) അങ്കമാലിയിൽ റോമൻ സുറിയാനിക്കാരായ 84 പള്ളിക്കാരുടെ പള്ളിപ്രതിപുരുഷയോഗം നടന്നു. പാറേമ്മാക്കൽ ഗവർണദോരെയല്ലാതെ വെള്ളക്കാരായ മെത്രാന്മാരെയും പാതിരിമാരെയും മേലാൽ അനുസരിക്കയില്ലെന്ന് പടിയോല എഴുതി. 12 പേരെ കാനോനിസ്തന്മാർ (വൈദികസമിതി) ആയി തെരഞ്ഞെടുത്തു. (81 പള്ളികളുടെ ലിസ്റ്റിൽ അങ്കമാലി, കുറവിലങ്ങാട്ട്, കാരക്കുന്നത്ത്, വടയാറ്റ്, വൈക്കത്ത്, എലഞ്ഞിയിൽ, ആരക്കുഴെ, നാഗപ്പുഴ, ചുങ്കത്തിൽ, രാമപുരം, പാലായി, തെക്കൻപറവൂര്, കൊതമംഗലം, ഉദിയമ്പെരൂർ, താഴത്തു കടത്തുരുത്തിയിൽ, മുട്ടുചിറെ, പൊറവത്ത്, മുളക്കുളത്ത്, വടകരെ, മൈലക്കൊമ്പ്, മുതലക്കോടം, കണ്ടനാട്ട (2) ചെമ്പിൽ, എടപ്പള്ളി, തുടങ്ങിയവ

യുണ്ട്. പൊറവത്തുപള്ളിയിൽ നിന്ന് ഒരു ശെമ്മാശൻ കാനോനിസ്തന്മാരുടെ പടിയോലയിൽ ഒപ്പു വച്ചു'.[20]

പടിയോല (പടി = നിശ്ചയം, ചട്ടം, പതിവ്. പടിയോല = അവ രേഖപ്പെടുത്തിയ ഓല, അഥവ രേഖ) പ്രകാരം പാറേമ്മാക്കലിനെ മെത്രാപ്പോലീത്തയാക്കി വാഴിക്കുവാൻ പോർട്ടുഗലിലേക്ക് അപേക്ഷിച്ചുവെങ്കിലും പാറേമ്മാക്കൽ യോഗ്യനല്ലെന്ന് കർമ്മലീത്തർ ശുപാർശ ചെയ്തതിനാൽ റോം അതിന് അനുവാദം നല്കിയില്ല. മാത്രമല്ല, ഇദ്ദേഹത്തിന് മെത്രാൻ സ്ഥാനം നല്കുന്നതല്ലെന്ന് പോർട്ടുഗൽ റോമിന് ഉറപ്പുകൊടുക്കേണ്ടതായും വന്നു. പടിയോലപ്രകാരം അനന്തരനടപടികൾക്കായി പാറേമ്മാക്കൽ മുമ്പോട്ടിറങ്ങിയതായി കാണുന്നില്ല. അദ്ദേഹം തനിക്കു ലഭിച്ച സ്ഥാനം കൊണ്ട് തൃപ്തനാകേണ്ട സാഹചര്യത്തിലായിപ്പോയിരിക്കാം.

**റോമാ സുറിയാനിക്കാരുടെ പ്രക്ഷോഭവും ശീശ്മയും**

എന്നാൽ മാർത്തോമ്മായുടെ യോജിപ്പു സംബന്ധിച്ച് 1787 മേയ് 7 ന് വരാപ്പുഴ വികാരി അപ്പൊസ്തോലിക്കാ റോമിലേക്കെഴുതിയ കത്തിൽ മാർത്തോമ്മായുടെ നിലപാട് സ്പഷ്ടമാക്കിയിട്ടുണ്ട്. മെത്രാപ്പോലീത്തായായി തനിക്ക് അംഗീകാരം വേണമെന്നതും തന്റെ അനന്തരവനെ പിൻഗാമിയായി ഉടൻ സ്വീകരിക്കണമെന്നതും വ്യവസ്ഥകളായി മാർത്തോമ്മാ ഉന്നയിച്ചിരുന്നുവെന്ന് അതിൽ സൂചിപ്പിച്ചു.[21]

ഇതിനിടെ 1787 ചിങ്ങം 28 ന് കൊച്ചി കൊടുങ്ങല്ലൂർ വരാപ്പുഴ രൂപതകൾക്ക് റോമാസുറിയാനിക്കാരിലുള്ള അധികാരം ഒഴിഞ്ഞതായി തിരുവിതാംകൂർ രാജസന്നിധിയിൽ ഉടമ്പടി ഉണ്ടായി. തോമ്മാ ഗവർണദോരെ മെത്രാനാക്കുവാൻ റോമിൽ നിന്ന് അനുവാദം വാങ്ങാൻ കൊല്ലം മെത്രാന് ചുമതല നല്കുകയും ചെയ്തു.

അങ്കമാലി പടിയോലയുടെ തീരുമാനങ്ങൾ അനുസരിച്ച് പഴയകൂർ സുറിയാനിപ്പള്ളിക്കാർ കൽദായ പാത്രിയർക്കീസിന് ഒരു ഹർജി തയ്യാറാക്കി. അതുമായി പണ്ടാരി ഔസേഫ്, പുത്തൻചിറ പണ്ടാരി പൗലോസ് എന്നീ മല്പാന്മാർ ബാഗ്ദാദിലേക്ക് യാത്ര തിരിച്ചു. ഇവർ എത്തിയപ്പോൾ 4-ാം ഔസേഫ് പാത്രിയർക്കീസ് (1751-81?) റോമിലായിരുന്നു. പണ്ടാരി പൗലോസ് മല്പാനെ മാർ അബ്രാഹം എന്ന പേരിൽ കൽദായ പാത്രിയർക്കീസിന്റെ സിംഹാസനത്തിലെ ചുമതലക്കാരൻ മൂസൽ മെത്രാപ്പോലീത്ത മാർ യോഹന്നാൻ മെത്രാനായി വാഴിച്ച് അയച്ചു (1789). മാർ യോഹന്നാൻ പാത്രിയർക്കീസ് വാഴിച്ചതായി പില്ക്കാല രേഖകളുമുണ്ട്. [22] എന്നാൽ ഈ നടപടിയിൽ റോമിന് അതൃപ്തിയായിരുന്നു. പണ്ടാരി മെത്രാൻ കേരളത്തിലെത്തി അങ്കമാലിയിൽ താമസിച്ചു. പാറേമ്മാക്കൽ ഗവർണ്ണദോർ ഇദ്ദേഹവുമായി സഹകരിച്ചതായി തോന്നുന്നില്ല, പഴയകൂറ്റുകാർ ഒന്നടങ്കം സ്വീകരിച്ചതായും. ഇക്കാര്യംതന്നെ മറ്റൊരു പുസ്ത

കത്തിൽ ഇങ്ങനെ കാണാം. "1796 കൽദായ പാത്രിയർക്കീസിന് (നാലാം ഔസേപ്പ്) മെത്രാനെ വാഴിച്ചുതരുവാനുള്ള അപേക്ഷയുമായി തച്ചിൽ മാത്തു തരകന്റെ കപ്പലിൽ പുത്തൻചിറ പണ്ടാരി ഔസേഫ്, പണ്ടാരി പൗലോസ് എന്നിവർ ബാഗ്ദാദിലേക്കു പോയി. പാത്രിയർക്കീസ് റോമിലായിരുന്നു. ചുമതലക്കാരൻ മൂസൽ മെത്രാപ്പോലീത്ത മാർ യോഹന്നാൻ റോമിലേക്കെഴുതി. മറുപടിയില്ലായ്കയാൽ 16 മാസങ്ങൾക്കു ശേഷം പണ്ടാരി പൗലോസിനെ മാർ അബ്രാഹം എന്ന പേരിൽ മാർ യോഹന്നാൻ മെത്രാനാക്കി. (അങ്കമാലിയിൽ താമസിച്ചിരുന്ന ഇദ്ദേഹം പാറേമ്മാക്കൽ ഗവർണദോർ മരിക്കുംവരെ സഭാഭരണത്തിൽ ഇടപെട്ടിരുന്നില്ല. കേരളിയ സുറിയാനിക്കാർക്ക് ഇദ്ദേഹത്തോട്ട് താല്പര്യമില്ലായിരുന്നു. കേരള സഭാപ്രശ്നങ്ങൾ കാരണം മാനിക്കപ്പെടാതിരുന്നതിലുള്ള മാനസികതകർച്ചയിൽ പില്ക്കാലത്ത് യൂറോപ്പിലേക്കു പോയി. കോൺസ്റ്റാന്റിനോപ്പിളിൽ നിര്യാതനായി. ചിലർക്കു പട്ടം കൊടുത്തതായി പറയപ്പെടുന്നു. വരാപ്പുഴ വികാരി അപ്പൊസ്തോലിക്കായ്ക്കു കീഴ്പ്പെട്ടിരുന്നതായും'.[23]

1799 മാർച്ച് 20 ന് പാറേമ്മാക്കൽ മരിച്ചു. അങ്കമാലി യോഗം തെരഞ്ഞെടുത്തിരുന്ന കാനോനിസ്തന്മാർ (വൈദികസമിതി) 12 പേരും യോഗം ചേർന്ന് (ചങ്ങനാശ്ശേരിയിൽ വച്ച്. നിരണം ഗ്രന്ഥവരി) കട്ടക്കയം അബ്രഹാം കത്തനാരെ (12 പേരിൽ ഒരാൾ ഇദ്ദേഹമായിരുന്നു) ഗവർണദോർ സ്ഥാനത്തേക്കുയർത്തി. (1799 മേടം 10) പണ്ടേരി മെത്രാനും, (പൗലോസ്. നിരണം ഗ്രന്ഥവരി) അദ്ദേഹത്തോടോപ്പം ബാബേലിൽ നിന്നയച്ച ഹുറമീസ് കശ്ശീശായും, തച്ചിൽ മാത്തു തരകനും ഇതിൽ പങ്കാളികളായിരുന്നു. "വിപരീതമായിരിക്കുന്ന ലത്തീൻകാർ ഒരു മുടക്കു വച്ചാൽ അങ്കമാലി പടിയോലപ്രകാരം അനുസരിക്കരുതെന്നും' കാനോനിസ്തന്മാർ തീരുമാനിച്ചു.[24]

കട്ടക്കയം അബ്രഹാം മല്പാൻ കൊടുങ്ങല്ലൂർ അതിരൂപതാ ഗവർണ്ണദോർ എന്ന നിലയിൽ ഭരണം തുടങ്ങി. ഏതാനും മാസങ്ങൾക്കകം ആ തെരഞ്ഞെടുപ്പിന്റെ സാധുത വിദേശാധികാരികൾ ചോദ്യം ചെയ്തു. പാറേമ്മാക്കൽ ഗവർണ്ണദോർ രൂപീകരിച്ച സ്വദേശീയ വൈദികസംഘം (കാനോനിസ്റ്റുകൾ) മാർപ്പാപ്പായാൽ അംഗീകൃതരായിരുന്നില്ല എന്നതായിരുന്നു വാദം. അതിനാൽ കട്ടക്കയം അബ്രഹാം മല്പാനെ ഗവർണ്ണദോരാക്കിയതു് ഛിദ്മം (Schism) എന്ന് പോർട്ടുഗീസ് അധികാരികൾ നിശ്ചയിച്ചു.

കൊച്ചി അഡ്മിനിസ്റ്റേറ്റർ അലോഷ്യസ് റബിമർ എന്ന വൈദികന് കൊടുങ്ങല്ലൂർ രൂപതഭരണം കൂടി ഗോവ മെത്രാപ്പോലീത്ത നല്കി. അദ്ദേഹം മാത്തു തരകന്റെ സഹോദരൻ തച്ചിൽ അബ്രഹാം മല്പാനെ കൊടുങ്ങല്ലൂർ ഗവർണ്ണദോരായി കട്ടക്കയത്തിന്റെ സ്ഥാനത്ത് നിയമിച്ചു. എന്നാൽ അതു് അദ്ദേഹം സ്വീകരിച്ചില്ല.

**ശീശ്മ വിഭാഗവും മാർത്തോമ്മാ ആറാമനും**

അങ്കമാലി യോഗം തെരഞ്ഞെടുത്ത കാനോൻ സംഘത്തിന്റെ നിർദ്ദേശപ്രകാരം കട്ടക്കയം അബ്രഹാം മല്പാൻ കൊടുങ്ങല്ലൂർ അഡ്മിനിസ്ട്രേറ്റർ ആയിരിക്കുന്ന കാലത്താണ് മാർത്തോമ്മാ ആറാമൻ അവരോടു ചേർന്നത്. കരിയാറ്റിൽ മല്പാന്റെ കാലത്ത് തുടങ്ങിയ ശ്രമങ്ങൾ അദ്ദേഹത്തിന്റെ മെത്രാൻസ്ഥാനലബ്ധിയോടെ ഉപേക്ഷിക്കപ്പെട്ടു. എന്നാൽ കട്ടക്കയത്തിന്റെ കാലത്ത് സുറിയാനിക്കാരനായ സ്വദേശമെത്രാൻ ലഭ്യമാകുന്നത് പഴയകൂറ്റുകാർക്ക് നേട്ടമായിരുന്നു. കാരണം അവർ ശീശ്മയിലാണെന്ന് പദ്രൊവാദൊ അധികാരികൾ വിധിച്ചിരുന്നു. അതുകൊണ്ട് സുറിയാനിജാതിയുടെ ഐക്യം എന്ന മാർത്തോമ്മായുടെ തീവ്രാഭിലാഷം മുതലെടുക്കുവാൻ അവർ ശ്രമിച്ചു.

തച്ചിൽ മാത്തു തരകൻ പഴയകൂർ വിഭാഗത്തിലെ സമുന്നതനേതാവും, തിരുവിതാംകൂറിലെ കാർത്തികതിരുനാൾ രാജാവിൽ സ്വാധീനമുള്ള മികച്ച ധനാഢ്യനും ആയിരുന്നു. രാജാവിനെ തരകൻ സാമ്പത്തികമായിപ്പോലും സഹായിച്ചിരുന്നു. അദ്ദേഹമാണ് മാർത്തോമ്മായുടെ യോജിപ്പിന് തീവ്രയത്നം നടത്തിയവരിൽ പ്രധാനി.

പാറേമ്മാക്കൽ ഗവർണ്ണദോരുടെ കാലത്ത് മാർത്തോമ്മായുമായി ചില ഐക്യചർച്ചകൾ നടന്നു. മാത്തുത്തരകൻ മുഖേന പാറേമ്മാക്കലും ഗോവാമെത്രാന്റെ പ്രതിനിധിയായ കൊച്ചിമെത്രാനയച്ച ദൂതനും (കൊല്ലം മാമ്പള്ളി മെത്രാനും ഒരു പാതിരിയും. നിരണം ഗ്രന്ഥവരി) ചെങ്ങന്നൂരു വച്ച് 1791 ഫെബ്രുവരിയിൽ (966 കുംഭം 25) മാർത്തോമ്മായെ കണ്ടു. വീണ്ടും അതേ വർഷം സെപ്റ്റമ്പർ (967 കന്നി 20, നിരണം ഗ്രന്ഥവരി) 20 ന് കായങ്കുളത്തും അവർ സമ്മേളിച്ചു. തരകന്റെ അമ്മയുടെ (മകളുടെ. നിരണം ഗ്രന്ഥവരി) നിര്യാണത്താൽ സംഭാഷണം നിർത്തിവച്ചു. "1791 ൽ മാർ ഈവാനിയോസും ആറാം മാർത്തോമ്മായും പാറെമ്മാക്കൽ ഗവർണ്ണദോരച്ചനും കൂടി സഭായോജിപ്പിന്റെ സാദ്ധ്യതകളെപ്പറ്റി പല പര്യാലോചനകൾ നടത്തി. 1791 സെപ്റ്റ.20 ന് കായങ്കുളത്തുവച്ച് മാത്തുത്തരകന്റെ ഉത്സാഹത്തിൽ ആലോചന നടത്തുവാൻ നിശ്ചയിച്ചു. തരകന്റെ അമ്മ മരിച്ചതായി അറിവു കിട്ടുകയാൽ ആലോചന വേണ്ടെന്നു വച്ചു".[25]

അതേ കൊല്ലം നവമ്പർ 22 ന് (വൃശ്ചികം) പാറേമ്മാക്കലും മാർത്തോമ്മായും നാലു ദിവസം നിരണത്തു കൂടി. മാർത്തോമ്മായെക്കൊണ്ട് കൽദായക്രമത്തിൽ പത്തീറാ വച്ച് കുർബ്ബാന ചൊല്ലിക്കുവാൻ വേണ്ട സാമിഗ്രികൾ പോലും റോമൻവിഭാഗം അന്ന് കരുതിയിരുന്നു. വിശ്വാസപരമായ ഒരു തരം തർക്കങ്ങളാണ് സംഭാഷണത്തിൽ നടന്നതെന്ന് തോന്നുന്നു. തിരുവിതാംകൂർ രാജാവിലുള്ള തരകന്റെ സ്വാധീനവും മറ്റും മാർത്തോമ്മായുടെ മേൽ സമ്മർദ്ദമായി ഉണ്ടായിരുന്നു. തരകന്റെ പുത്രൻ (ഔസേപ്പ് നിരണം

ഗ്രന്ഥവരി) മരിച്ചതിനാൽ സംഭാഷണം തടസ്സപ്പെട്ടു. പിന്നീട് വീട്ടുകാര്യങ്ങൾ കൊണ്ടോ മറ്റോ തരകൻ കുറെക്കാലത്തേക്ക് ഇക്കാര്യങ്ങളിൽ നിന്ന് വിട്ടുനിന്നു.

1795 മേടത്തിൽ ചെങ്ങന്നൂരു വച്ച് നടന്ന ചർച്ചയിൽ മാത്തുത്തരകനും സഹോദരൻ ഇട്ടിയവിരാക്കത്തനാരും കട്ടക്കയം അബ്രഹാം കത്തനാരും മാർത്തോമ്മായും പങ്കെടുത്തു.

1796 ൽ കൊച്ചിമെത്രാന്റെ സാന്നിദ്ധ്യത്തിൽ കൊല്ലത്ത് മാർത്തോമ്മാ 6-ാമനുമായി സഭൈക്യ ചർച്ച നടന്നു (972 ചിങ്ങം 20 ന് 15 ദിവസം. നിഗ്രവ). 1797 ആദ്യം കായംകുളത്തും ചർച്ചയുണ്ടായി. 1797 നവമ്പറിൽ ആലപ്പുഴ സ്ലീബാപ്പള്ളിയിൽ വച്ചു നടന്ന ചർച്ചയിൽ മെത്രാൻ എന്ന നിലയിൽ മാർത്തോമ്മായെ (മാർത്തോമ്മാ മെത്രാന്റെ കുടുംബ പാരമ്പര്യാവകാശം) സ്വീകരിക്കുകയില്ലെന്ന നിലപാട് കൊച്ചിമെത്രാൻ എടുത്തതിനാൽ ചർച്ച പരാജയപ്പെട്ടു.

1791 മുതൽ ആരംഭിച്ച ഐക്യചർച്ചകൾക്കിടയിൽ 1796 (971) മേടം 24 പെരുന്നാളിന് തന്റെ അനന്തരവൻ മാത്തൻ റമ്പാനെ ചെങ്ങന്നൂർ വച്ച് മാർത്തോമ്മാ എന്ന പേരിൽതന്നെ പിൻഗാമിയായി മാർത്തോമ്മാ ആറാമൻ വാഴിച്ചിരുന്നു. (971 മേടം 23 /1796 മെയ് 4 ഗീവർഗ്ഗീസ് സഹദായുടെ പെരുന്നാളിനും ആകാം.) തനിക്ക് സ്ഥാനം നല്കിയെന്ന് വാദിച്ചിരുന്ന സിറിയൻ മേല്പട്ടക്കാരുടെ കാലശേഷം ഐക്യചർച്ചകളുടെ ഇടയ്ക്ക് പിൻഗാമിയെ വാഴിച്ച മാർത്തോമ്മായുടെ നടപടി റോമൻഐക്യം ഏതു നിലയിൽ അദ്ദേഹം കണ്ടു എന്നതിന് തെളിവാണ്.

1797 ആഗ. 20 മുതൽ കായംകുളത്ത് പണ്ടാരി പൗലോസ് മെത്രാന്റെ നേതൃത്വത്തിൽ 15 ദിവസം സഭൈക്യ ചർച്ച നടന്നു.[26]

1798 ഫെബ്രുവരിയിൽ (972 കുംഭം 6) കാർത്തിക തിരുനാൾ രാജാവ് നാടുനീങ്ങി. തരകന് ഐക്യചർച്ചകളിൽ പങ്കെടുക്കുവാൻ പറ്റിയില്ല. 1799 മാർച്ച് 20 ന് പാറേമ്മാക്കലിന്റെ നിര്യാണാനന്തരം കട്ടക്കയത്തെ ഗവർണ്ണദോരായി ചുമതലപ്പെടുത്തിയത് ഓർക്കുക. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അക്കൊല്ലം മാർച്ചിൽ ആലോചനകൾ പുനരാരംഭിച്ചു. മാർത്തോമ്മാ ഉദയംപേരൂർ നിശ്ചയങ്ങൾ അംഗീകരിക്കുന്നില്ലെന്ന് പറഞ്ഞാണ് യൂറോപ്യൻമെത്രാന്മാർ ഐക്യത്തിന് തടസ്സം നിന്നത്. കട്ടക്കയം ഇക്കാര്യത്തിൽ മാർത്തോമ്മായെ അനുനയിപ്പിച്ചു. പദ്രൊവാദൊ അധികാരികളെക്കൂടാതെ മാർത്തോമ്മായുമായി അദ്ദേഹം ഐക്യത്തിനു ശ്രമിച്ചു. പദ്രൊവാദൊ കട്ടക്കയത്തെ അംഗീകരിച്ചിരുന്നില്ല എന്നോർക്കണം.

അക്കൊല്ലം 15 ദിവസത്തോളം കായംകുളത്തുവച്ച് ഐക്യാലോചനകൾ നടന്നു. വാദപ്രതിവാദങ്ങൾ ഫലിക്കാതെ വന്നപ്പോൾ തരകൻ തിരുവി

താംകൂർ രാജാവിനെ സ്വാധീനിച്ചതായി പറയപ്പെടുന്നു. പിരിച്ചുവിടപ്പെട്ട ഒരു ദിവാന്റെ (നീലകണ്ഠൻ ചെമ്പ്രാപ്പിള്ള കാര്യക്കാരുടെ. നിരണം ഗ്രന്ഥവരി) സ്വത്തുക്കൾ അപഹരിച്ചതായി ആരോപിച്ച് മാർത്തോമ്മായ്ക്ക് 25000 രൂപ രാജാവ് പിഴ കല്പിച്ചു. പള്ളിവക വസ്തുക്കളും (നിരണം, - 974 ഇടവം 3- ചെങ്ങന്നൂർ, - ഇടവം 8 - പുത്തൻകാവ് പള്ളികളുടെ. നിരണം ഗ്രന്ഥവരി) മെത്രാപ്പോലീത്തായുടെ അംശവടി സ്ലീബാ തുടങ്ങിയവയും കണ്ടു കെട്ടി 5000 രൂപ വസൂലാക്കി. 5000 രൂപ മെത്രാപ്പോലീത്ത ഒടുക്കി. ശേഷം സംഖ്യ പള്ളിക്കാർ പിരിവെടുത്ത് അടച്ചു. ഇത്തരുണത്തിൽ മാർത്തോമ്മായും കൂട്ടരും റോമാ വിശ്വാസം സ്വീകരിച്ച് ഉടമ്പടി ചെയ്താൽ പിഴ മോചിപ്പിച്ചു കൊടുക്കാമെന്ന് മാത്തുത്തരകൻ വാഗ്ദാനം ചെയ്തു. പൂർവ്വികവിശ്വാസം ത്യജിക്കുവാൻ തയ്യാറില്ലെന്ന് മെത്രാപ്പോലീത്താ അറിയിച്ചു.

**മാർത്തോമ്മായുടെ ഉടമ്പടി**

ഈവകകൊണ്ടൊന്നും കാര്യനടപ്പില്ലെന്ന് കണ്ട് തരകൻ അവസാന അടവ് പയറ്റി. മെത്രാപ്പോലീത്തായെയും സമുദായപ്രമുഖരെയും ബലമായി തടവിലാക്കിച്ച് ആലപ്പുഴയിൽ തരകന്റെ വാസസ്ഥലത്ത് കൊണ്ടുപോയി പീഡിപ്പിച്ചു. ഗത്യന്തരമില്ലാതെ മെത്രാപ്പോലീത്തായും മറ്റും വഴങ്ങി. 1799 മേയ് 20 ന് (974 ഇടവം 25) ഉടമ്പടിയുണ്ടാക്കി. അതിന്റെ പ്രസക്തഭാഗം ഇപ്രകാരമാണ്:

"മാർ ദീവന്നാസ്യോസും കീഴുള്ള പള്ളിക്കാരും കൽദായ പാത്രിയർക്കീസിനാൽ നിയുക്തനായ അബ്രാഹം മെത്രാനും കൊടുങ്ങല്ലൂർ ഭരണാധികാരിയും കീഴുള്ള പള്ളിക്കാരും പാത്രിയർക്കീസിന്റെ പ്രതിപുരുഷനായ ഉറുമീസ് കശ്ശീശ്ശായും കൂടി ദൈവകൃപയാലും വിശുദ്ധ റോമാസഭയുടെ കല്പനയാലും ആലോചിച്ച് തീരുമാനിക്കുന്നത്:

... നമ്മുടെ കാരണവന്മാരായി ശുദ്ധമാന മാർപ്പാപ്പായെ കീഴ്‌വണങ്ങി ഈശോമിശിഹായുടെ 1589 -ാം കാലത്തോളവും റോമാപ്പള്ളിക്കു വഴക്കമുള്ള കൽദായസുറിയാനിക്കാരുടെ ക്രമം പോലെ എല്ലാവരും അനുസരിച്ച് നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ നിന്നും റോമാവഴക്കമുള്ള മേല്പട്ടക്കാർ ഇല്ലാതിരിക്കുമ്പോൾ ഗോവായുടെ മാർ അല്ലേസോസ് മെത്രാപ്പോലീത്താ, മാർപ്പാപ്പായുടെ കല്പനയാലെ മലങ്കര വന്ന് ഉദയംപേരൂർ സുന്നഹദോസ് കൂടി കല്പിച്ചിരിക്കുന്ന പ്രകാരം, 1652 -ാം കാലത്തോളം നാം എല്ലാവരും ഏകോത്തുവിച്ചു നടന്നുവരുമ്പോൾ, സുറിയാനിക്കാരിൽ ഒരു മേല്പട്ടക്കാരൻ വന്നാറെ, സാമ്പാളൂകാർ അന്നു കൊച്ചീക്കോട്ടയിൽ പ്രമാണമായിരിക്കുന്ന പറങ്കികളെ സ്വാധീനമാക്കി, അപായം വരുത്തുകകൊണ്ട് മലങ്കര എടവകക്കാരു് എല്ലാവരും മട്ടാഞ്ചേരി പള്ളിയിൽ കൂടി, സാമ്പാളൂകാരെ ജാതിയജമാനന്മാരായിട്ട് കൈക്കൊള്ളുകയില്ലെന്ന് സത്യവും ചെയ്തു. ഉടനെ ആലങ്ങാട്ടു പള്ളിയിൽ വച്ച് മേല്പട്ടക്കാർ കൂടാതെ യോഗമായിട്ട്

തോമാ അർക്കദയാക്കോനെ മെത്രാനായിട്ട് വാഴിച്ചതിന്റെ ശേഷം ഓരോരു കർമ്മങ്ങൾകൊണ്ടു് വിവാദിച്ച് രണ്ടു തലസ്ഥാനമായിട്ടും രണ്ടു ക്രമമായിട്ടും നടന്നുവരുമ്പോൾ, മുമ്പേ നമ്മുടെ കാരണവന്മാർ എകോത്തുവിച്ചു നടന്നുവന്നതിന്മണ്ണം ശുദ്ധമാന മാർപ്പാപ്പായെ കീഴ്‌വഴങ്ങി ഉദയംപേരൂർ സുന്നഹദോസിൽ കല്പിച്ചതിന്മണ്ണം കുർബ്ബാനയും നമസ്കാരവും നോയ്മ്പും ശേഷം കാര്യങ്ങളും ക്രമങ്ങളും നാം രണ്ടു കൂറ്റുമ്പുറത്തുള്ളവരും ഒന്നായിട്ടു അനുസരിച്ചു നടന്നുകൊള്ളത്തക്കവണ്ണവും ശുദ്ധമാന മാർപ്പാപ്പായുടെ തിരുമനസ്സറിയിച്ച് അനുവാദം വരുത്തിക്കൊണ്ടു് ശുദ്ധറോമാപ്പള്ളിക്കു് വഴക്കമുള്ള കൽദായക്രമം പോലെ എല്ലാ കാര്യങ്ങളും നടന്നുകൊള്ളത്തക്കവണ്ണവും ഇപ്പോൾ യാക്കോബായക്കാരുടെ വിശ്വാസവും ക്രമവും എടുത്തു നടന്നുവരുന്നതു് ഉപേക്ഷിച്ച് ഉർബനോസ് എന്ന 8-ാമത്തെ മാർപ്പാപ്പായുടെ കാലത്തിൽ കിഴക്കിനടുത്ത പള്ളിക്കാർക്കു് കല്പിച്ചിരിക്കുന്ന വിശ്വാസസത്യത്തിനു തക്കവണ്ണം അനുസരിച്ച് സത്യവും ചെയ്തു് മാർപ്പാപ്പായുടെ കല്പനപോലെ വഴങ്ങി നടന്നുകൊള്ളുമാറു് സമ്മതിച്ച് മിശിഹാ പിറന്നിട്ടു് 1799-ാം കാലം പഴയ കണക്കിൽ എടവം 20-ാനു ആലപ്പുഴ സ്ലീവാപള്ളിയിൽ വച്ച് ബാവായുടെയും പുത്രന്റെയും റൂഹാദക്കുദിശായുടെയും നാമത്താലെ രണ്ടു കൂറ്റുമ്പുറത്തുള്ളവരും കൂടി സത്യമായിട്ടു് എഴുതിവച്ച പടിയോല.'[27]

ഈ ഉടമ്പടി മാർത്തോമ്മാ ലംഘിച്ചാൽ 30,000 രൂപ പിഴയായി സർക്കാരിൽ ഒടുക്കണമെന്നായിരുന്നു വ്യവസ്ഥ. ഉടമ്പടിപ്രകാരം വിശ്വാസസത്യം ചെയ്തു് മാർത്തോമ്മായും മറ്റു പ്രമുഖ പുത്തൻകൂർ വൈദികരും, തത്തമ്പിള്ളി, കല്ലൂർക്കാട്ട് മുതലായ കത്തോലിക്കാ പള്ളികളിലും, ചെങ്ങന്നൂർ, പുത്തൻകാവ് മുതലായ പുത്തൻകൂർ പള്ളികളിലും റോമൻക്രമപ്രകാരം "പത്തീറ എടുത്തു്" കുർബ്ബാന ചൊല്ലി. മാർത്തോമ്മാ 1799 ജൂൺ 22 ന് (974 മിഥുനം 8. നിരണംഗ്രന്ഥവരി. ഇടവം 29 തിങ്കൾ) തത്തമ്പള്ളി റോമാപ്പള്ളിയിലാണ് കുർബ്ബാന ചൊല്ലിയതു്.

പണ്ടാരി പൗലോസ് അബ്രാഹം മെത്രാനും, കൊടുങ്ങല്ലൂർ ഗവർണദോർ എന്നു് വിളിക്കപ്പെട്ട കട്ടക്കയം അബ്രാഹം മല്പാനും മറ്റും ചേർന്നാണ് മാർത്തോമ്മായെ കത്തോലിക്കാ സഭയിലേയ്ക്കു് സ്വീകരിച്ചതു്. അവർ ഇക്കാര്യത്തിന് അർഹരോ ചുമതലപ്പെടുത്തപ്പെട്ടവരോ ആയിരുന്നില്ല. ഇക്കാര്യം പ്രശസ്തപണ്ഡിതനും ചരിത്രകാരനുമായ ഡോ. പ്ലാസിഡു് പൊടിപാറ CMI സമ്മതിക്കുന്നതായി തുടക്കത്തിൽ പറഞ്ഞല്ലോ.

അദ്ദേഹത്തിന്റെ അഭിപ്രായം വേറെയും രേഖയിലുണ്ടു്. "1794 ആഗ. 27 ന് മാർപ്പാപ്പ ഗോവാ മെത്രാപ്പോലീത്തായ്ക്കു കൊടുത്ത അധികാരവും ഒന്നാം മാർ ദീവന്ന്യാസ്യോസിനെ ഒരു വൈദികനായി സ്വീകരിക്കുന്നതിൽ കവിഞ്ഞു പോയിരുന്നില്ല. കൊച്ചിമെത്രാനും ഇതറിഞ്ഞിരുന്നു'.[28]

എന്നാലും മാർത്തോമ്മായുടെ റോമൻ സഭാപ്രവേശം "പുനരൈക്യം' എന്ന് വിശേഷിപ്പിക്കുന്നതാണ് റോമൻശൈലി. വാസ്തവത്തിൽ അന്നത്തെ ഔദ്യോഗിക റോമൻവിഭാഗവുമായി ഇടഞ്ഞുനിന്ന ശീശ്മക്കാരുമായാണല്ലോ മാർത്തോമ്മാ ഐക്യമുണ്ടാക്കിയത്. അതിൽ ഔദ്യോഗിക റോമൻസഭയ്ക്ക് അവകാശപ്പെടുവാൻ ഒന്നുമില്ല. കട്ടക്കയവും കൂട്ടരും അക്കാലത്ത് പ്രൊപ്പഗൻഡയാലൊ പദ്രൊവാദെയാലൊ അംഗീകൃതരായിരുന്നില്ല. അക്കാരണത്താൽതന്നെയാണ് ഒരു സ്വദേശി സുറിയാനി മെത്രാനെ അവർ വശപ്പെടുത്തിയതും. "കൽദായ പാത്രിയർക്കീസിനാൽ നിയുക്തനായ അബ്രാഹം മെത്രാനും കൊടുങ്ങല്ലൂർ ഭരണാധികാരിയും കീഴുള്ള പള്ളിക്കാരും പാത്രിയർക്കീസിന്റെ പ്രതിപുരുഷനായ ഉറുമീസ് കശ്ശീശ്ശായും കൂടി' എന്ന ഉടമ്പടിവാചകം ശ്രദ്ധിക്കുക.

ഇക്കാര്യത്തിൽ അശ്രാന്തപരിശ്രമം ചെയ്ത് ചതുരുപായങ്ങൾ പയറ്റിയ മാത്തുത്തരകന് ആ ചടങ്ങിൽ സംബന്ധിക്കുവാനാകാഞ്ഞത് വിധിവൈപരീത്യം തന്നെ. തിരുവിതാംകൂറിൽ അപ്പോഴുണ്ടായ രാഷ്ട്രീയതകിടം മറിച്ചിലിൽ അയാൾക്ക് രാജകീയസ്വാധീനം നഷ്ടപ്പെട്ടു.[29] വിപ്ലവകാരികളിൽ നിന്ന് രക്ഷ നേടുവാൻ അയാൾ അഞ്ചുതെങ്ങിൽ ബ്രിട്ടീഷ് റസിഡന്റിന്റെ അടുത്ത് അഭയം തേടേണ്ടിവന്നു. പിന്നീടുള്ള തരകന്റെ അധഃപതനം റോമൻവിഭാഗങ്ങൾ തമ്മിലുള്ള ഭിന്നത തീരുവാൻ കാരണമായി.

1800-ൽ കൊച്ചി അഡ്മിനിസ്ട്രേറ്റർ റബീമർ ആലപ്പുഴ സ്ലീബാ പള്ളിയിൽ പള്ളിയോഗം കൂട്ടി. ശങ്കുരിക്കൽ ഗീവർഗീസ് മല്പാനെ ഗവർണദോരായി നിയമിച്ചു. കട്ടക്കയം മല്പാൻ പിന്മാറി. ഭിന്നത ശമിച്ചു. പണ്ടാരി മെത്രാൻ നാടുവിട്ടു. അന്യനാട്ടിൽ അദ്ദേഹം ചരമമടഞ്ഞു. (പണ്ടാരി ഓസ്തി കൂടാതെ കുർബ്ബാന ചെല്ലി ഭ്രാന്തായി നടക്കുന്നു. കട്ടക്കയം അവിരാക്കത്തനാർ ഗവർണദോറിന്റെ സ്ഥാനം ഒഴിഞ്ഞു കുപ്പായം ഊരി. നിരണം ഗ്രന്ഥവരി)

**മാർത്തോമ്മാ ഊരാക്കുടുക്കിൽനിന്ന് പുറത്തേക്ക്**

അബ്രാഹം മല്പാന്റെ തെരഞ്ഞെടുപ്പു തർക്കങ്ങളും, മാത്തുത്തരകന്റെ അധഃപതനവും, മാർത്തോമ്മാ അകപ്പെട്ടുപോയ ഊരാക്കുടുക്കിൽ നിന്ന് ഊരിപ്പോരുവാൻ സഹായകമായി. പുത്തൻകൂർ സമുദായം പൂർണ്ണമായും മാർത്തോമ്മായുടെ നടപടികൾ അംഗീകരിച്ചിരുന്നില്ലെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്.

അതു സംബന്ധിച്ച നിരീക്ഷണം നോക്കുക. "... പകലോമറ്റം തറവാട്ടിൽപെട്ട കുറവിലങ്ങാട്ടുള്ള അർക്കദയാക്കോന്റെ കുടുംബം 5-ാം മാർത്തോമ്മായുടെ ശേഷം മുഴുവനായി പഴയകൂറ്റിൽ ഉൾപ്പെട്ടിരുന്നതുകൊണ്ടും ആ താവഴി ഉള്ള മാർത്തോമ്മാ മെത്രാന്മാരുടെ ബന്ധുക്കൾ പറങ്കി ശീശ്മയിൽ പെട്ടിരുന്നതിനാലും ആ തറവാട്ടിൽ പെട്ടവരെ മെത്രാന്മാരായി വാഴിച്ചാൽ

ശീശ്മയിലേക്ക ജനങ്ങളെ വഴിനടത്തും എന്ന് വിചാരിച്ചും താവഴിയായി ഒരു കുടുംബത്തിൽതന്നെ മെത്രാൻ ആയിരിക്കുന്നത് ശരിയല്ലാത്തതി നാലും എട്ടും ഒമ്പതും മാർത്തോമ്മാമാർ പെൺവഴിക്കാരായതിനാലും പക ലോമറ്റം തറവാടിനെ മലങ്കരസഭ ഉപേക്ഷിച്ചു.'[30]

റോമൻ സുറിയാനിക്കാരിലും ശീശ്മയിൽ ഉൾപ്പെട്ടിരുന്നവരേ ഐക്യം അംഗീകരിച്ചുള്ളൂ. യൂറോപ്യൻ ഭരണാധികാരികൾ മാർത്തോമ്മായെ അംഗീ കരിച്ചില്ല.

"ഒന്നാം മാർ ദീവന്ന്യാസ്യോസ് എട്ടാം ഉർബൻ മാർപ്പാപ്പാ ഫോർമുല പ്രകാരം വിശ്വാസപ്രഖ്യാപനം ചെയ്യുകയും ... ഉദയംപേരൂർ സുന്നഹദോസ് സ്വീകരിക്കുകയും ചെയ്തു. വികാരി അപ്പസ്തോലിക്കായോ മറ്റാരെങ്കിലുമോ ഇക്കാര്യത്തിൽ യാതൊന്നും ചെയ്തില്ല. ഒന്നാം മാർ ദീവന്ന്യാസ്യോസിനെ ഒരു വൈദികനായിപ്പോലും കത്തോലിക്കാസഭയിലേയ്ക്കു നിയമാനുസൃതം സ്വീകരിക്കുവാൻ കണ്ടില്ല. ... ഈ സംഗതികൾ റോമ യഥാകാലം അറി ഞ്ഞതായി കാണുന്നില്ല.'[31]

രണ്ടു സഭകളും യോജിക്കുന്നത് മലങ്കരസഭയ്ക്ക് അഭിവൃദ്ധിക്ക ഹേതു വെന്ന് വിചാരിച്ചും, ഇപ്രകാരമുള്ള യോജിപ്പോടുകൂടി പറങ്കി (റോമ) ശീശ്മയിൽ നിന്ന് വേർപെട്ട് പഴയകൂറ്റുകാരെ പുനരൈക്യപ്പെടുത്താം എന്ന് കരുതിയും 6-ാം മാർത്തോമ്മാ ഇതിനു സമ്മതിച്ചു. പക്ഷെ യാത്രയ്ക്കു പുറ പ്പെട്ടത് എന്ത് ഉദ്ദേശ്യത്തോടുകൂടിയാണോ അത് കരിയാറ്റിക്ക് നേടുവാ നായോ? മാർപ്പാപ്പായുടെ അംഗീകരണം 6-ാം മാർത്തോമ്മായ്ക്കു വാങ്ങിക്കാ മെന്ന് പറഞ്ഞു് കരിയാറ്റിൽ അച്ചൻ യാത്രയ്ക്ക് കുറെ പണം മാർത്തോമ്മാ യോടു വാങ്ങിയിരുന്നു.

തിരുവിതാംകൂറിലെ മാറിയ രാഷ്ട്രീയപരിതഃസ്ഥിതിയിൽ ചെങ്ങന്നൂരു വച്ച് ബാലരാമവർമ്മ രാജാവിന്റെ അടുക്കൽ മാർത്തോമ്മാ തരകന്റെ ഉപ ദ്രവങ്ങളെപ്പറ്റി അറിയിച്ചു. 4000 കലിപ്പണം അടിയറ വച്ച് "റോമായുടെ എട ത്തുടിൽ' ചേരുന്നത് സങ്കടമെന്നറിയിച്ചു. "സുറിയാനിക്കാർ നമ്മുടെ പുരാ തന കുടിയാനവന്മാരും സത്യജനവും എന്ന് പൂർവ്വികന്മാർക്ക് ബോദ്ധ്യം വന്ന് മതിയായ സ്ഥാനപദവികളും മറ്റും സിദ്ധിച്ച് ബഹുമാനമായി നടന്നു വരുന്നവരാകയാൽ അവർ തങ്ങളുടെ വേദത്തലവനെ അനുസരിച്ച് സ്വന്ത മതാചാരപ്രകാരം നടന്നുകൊള്ളണമെന്നും, ചെങ്ങന്നൂർ മുതലായ പള്ളി കളിൽ നിന്നും ബലമായി എടുത്തിരിക്കുന്ന മുതലുകളും തിരിച്ചു തന്നുകൊ ള്ളാമെന്നും' കല്പിച്ച് നീട്ടുരമുണ്ടായി.[32] 975-ൽ മകരമാസം പണ്ടാരവക തീർത്തു. മേടമാസം കൃംതാപെരുന്നാൾ ദിവസം പഴയപോലെ "അമ്മീറ എടുത്ത്' മാർത്തോമ്മാ കുർബ്ബാന ചൊല്ലി.[33] റോമൻരീതികൾ സ്വീകരി ച്ചതിൽ മെത്രാപ്പോലീത്ത പരസ്യമായി ക്ഷമായാചന നടത്തി. പാപവി

മോചനാർത്ഥം സ്വന്ത ചെലവിൽ സകല പള്ളികളിലും വിശുദ്ധ കുർബ്ബാന നടത്തിച്ചു.

**മാർത്തോമ്മായുടെ മഹത്ത്വം**

കേരളത്തിലെ സുറിയാനി സമുദായത്തെ ഒരുമിപ്പിച്ച് പുരോഗതിലേയ്ക്കു നയിക്കുവാൻ അദ്ദേഹത്തെ അനുവദിച്ചിരുന്നെങ്കിൽ, ജാത്യൈക്യപ്രേമത്താൽ മാർത്തോമ്മാ വലിയ വിട്ടുവീഴ്ചകൾക്ക് തയ്യാറായേനെ. അതല്ലാതെ റോമാ വിശ്വാസത്തോട് പ്രത്യേക ആഭിമുഖ്യമൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. കൽക്കട്ടയിലെ ഫോർട്ട്‌വില്യം കോളേജിലെ ഡോ. ക്ലോഡിയസ് ബുക്കാനൻ എന്ന ആംഗ്ലേയപുരോഹിതൻ ബംഗാൾ ഗവണ്മെന്റ് നിയോഗിച്ചപ്രകാരം ക്രിസ്തീയാന്വേഷണങ്ങൾക്ക് കേരളം സന്ദർശിച്ചപ്പോഴുണ്ടായ സംഭവങ്ങൾ ഇതിനു തെളിവാണ്. സുറിയാനിസഭയും ആംഗ്ലിക്കൻസഭയുമായി യോജിക്കുന്നതു സംബന്ധിച്ച് ബുക്കാനനുമായി നടന്ന ചർച്ചകളിൽ, റോമാസഭയുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തിനെതിരെ സുറിയാനിക്കാരെ സഹായിക്കാമെന്ന വാഗ്ദാനത്തിന്, ഞങ്ങളുടെ സഭയുടെ നൈർമ്മല്യത്തെയും അന്തസ്സിനെയും ഹനിക്കുന്ന എന്തെങ്കിലും ചെയ്യുവാൻ ആവശ്യപ്പെടാത്ത പക്ഷം, ഐക്യത്തിനായി എന്തു ത്യാഗവും ചെയ്യാമെന്ന് മെത്രാപ്പോലീത്താ വാക്കു കൊടുത്തു. "ഐക്യമോ യോജിപ്പോ സാധിച്ചാൽ മഹാഭാഗ്യം. അത് ഇൻഡ്യയിൽ മതത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വളരെ സഹായിക്കും' എന്നതായിരുന്നു മാർത്തോമ്മായുടെ ചിന്ത.[34] തന്റെ നടപടികൾ കൊണ്ട് സുവിശേഷപുരോഗതിയും സഭൈക്യവും ആണ് മാർത്തോമ്മാ അഭിലഷിച്ചത്. റോമൻസഭയോടുള്ള സമീപനവും ഇതുപോലെതന്നെയായിരുന്നു. എന്നാൽ റോമൻപക്ഷം മറ്റെന്തോ നേടുവാൻ അഭിലഷിച്ചിരുന്നു.

സഭാപുരോഗതിക്കും ഐക്യത്തിനുമായി മാർത്തോമ്മാ ആറാമൻ സ്വീകരിച്ച നടപടികൾ കാരണം അദ്ദേഹം ചരിത്രത്തിൽ മഹാൻ എന്നറിയപ്പെടുന്നു. സുറിയാനിവേദപുസ്തകം അച്ചടിപ്പിച്ച് വിതരണം ചെയ്യുന്നതിനും, മലയാളത്തിൽ വേദപുസ്തകം തർജ്ജമ ചെയ്ത് അച്ചടിപ്പിക്കുന്നതിനും, സഭാപുരോഗതിക്ക് സാമ്പത്തികഭദ്രതയുണ്ടാകുംവിധം വട്ടിപ്പണം ഖജനാവിൽ നിക്ഷേപിക്കുന്നതിനും മറ്റും അദ്ദേഹം പരിശ്രമിച്ചത് പ്രധാന സംഭവങ്ങളാണ്. സഭാപുരോഗതിക്കായി അദ്ദേഹം സ്വീകരിച്ച അനേക മാർഗ്ഗങ്ങളിൽ ഒന്നു മാത്രമായിരുന്നു റോമൻ വിഭാഗവുമായി ഐക്യപ്പെടുന്നതിന് ചെയ്ത ശ്രമം. (അതിൽ തുറന്ന മനസ്സില്ലാതെ ഇടപെട്ട റോമൻ വിഭാഗങ്ങൾ പല ഒളിച്ചുകളികളും നടത്തി. ഇന്നും പുനരൈക്യം എന്ന് കൊട്ടിഘോഷിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ മാർത്തോമ്മായെ സ്വീകരിച്ച് തങ്ങളുടെ നില സംരക്ഷിക്കേണ്ടത് വിദേശമെത്രാന്മാരോട് വിഘടിച്ചുനിന്ന റോമൻവിഭാഗത്തിന്റെ ആവശ്യമായിരുന്നു. ആറാം മാർത്തോമ്മായ്ക്ക്

മുൻകൈ എടുക്കേണ്ട ആവശ്യവും ഉണ്ടായിരുന്നില്ല.) മാർത്തോമ്മായുടെ സഭൈക്യശ്രമം മറ്റൊരർത്ഥത്തിൽ വ്യഖ്യാനിക്കുന്നത് ചരിത്രത്തോടുള്ള അനാദരവാണ്.

**ആശ്രയിച്ച ഗ്രന്ഥങ്ങൾ**


1. നിരണംഗ്രന്ഥവരി. തിരുവനന്തപുരം മാനസ്ക്രിപ്റ്റ് ലൈബ്രറിയിലെ മൂലഗ്രന്ഥത്തിന്റെ പകർപ്പ് അവിടെത്തന്നെ തയ്യാറാക്കിയത്.
2. നിരണംഗ്രന്ഥവരി, Ed. M. Kurian Thomas.
3. വർത്തമാനപ്പുസ്തകം. പാറേമ്മാക്കൽ തോമ്മാക്കത്തനാർ.
4. വർത്തമാനപ്പുസ്തകം പ്രത്യേകപതിപ്പ്, പാറേമ്മാക്കൽ തോമ്മാക്കത്തനാർ, ഭാഷാന്തരം പ്രൊ. മാത്യു ഉലകംതറ, IICS, ഓശാന മൗണ്ട്, ഇടമറ്റം.
5. സുറിയാനി സമൂഹവൃത്താന്തം, പാലപ്പിള്ളി അബ്രാഹം കത്തനാർ, സെന്തോമസ് അച്ചുക്കൂടം കൊച്ചി, 1877
6. മാർത്തോമ്മാക്രിസ്ത്യാനികൾ, ഫാ. ബർണാഡ്
7. മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ, ഇ.എം.ഫീലിപ്പോസ്.
8. മാത്തുത്തരകൻ, എം.ഒ.ജോസഫ്, കാത്തലിക് പബ്ലീഷിങ് ഹൗസ്, 1947
9. തൊഴിയൂർ സഭാചരിത്രം, ഫാ. കെ.സി.വറുഗീസ്.
10. കട്ടക്കയം കുടുംബചരിത്രം, സി.മാത്യു കട്ടക്കയം, Nava Bharath Press, Kottayam.1961
11. പാറേമ്മാക്കൽ ഗവർണദോർ, ഫാ. തോമസ് മൂത്തേടൻ, ദീപിക ബുക്ക് ഹൗസ്, കോട്ടയം. 1972
12. മലങ്കരനസ്രാണികൾ 3, Z.M.പാറേട്ട്.
13. മാർത്തോമ്മാക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും, ഡോ. പ്ലാസിഡ് പൊടിപാറ, Translated by Prof. K.V.Joseph, Ashramam Press, Manganam, 1981.
14. The efforts for re-union in Malankara South India, Fr.Placid .
15. കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ, Rev.Dr. പ്ലാസിഡ് ജെ. പൊടിപാറ CMI, പ്രകാശം പ്രസിദ്ധീകരണ സംഘം, ആലപ്പുഴ. 1974.
16. തിരുസഭാചരിത്രം, എഡിറ്റർ, ഡോ. സേവ്യർ കൂടപ്പുഴ, 2nd edition, 1984 No.70, Oriental Institute of Religious Studies, Vadavathoor, Kottayam.
17. അങ്കമാലിരേഖകൾ, വറുഗീസ് അങ്കമാലി, ജോമോൻ തച്ചിൽ, മെറിറ്റ് ബുക്സ്, എറണാകുളം 2002
18. ശക്തൻ തമ്പുരാൻ, പുത്തേഴത്ത് രാമമേനോൻ.
19. കുറുപ്പമ്പടി പള്ളിയുടെ ചരിത്രം, റൈറ്റ് റവ. ഗീവറുഗീസ് ആത്തുങ്കൽ, Evangelical Association of the East, Press and Publication Committe, 1981.
20. മലങ്കരയിലെ മാതൃസഭ, ജോർജ്ജ് കാക്കനാടൻ, ഭാരത് പ്രസ്, തിരുവനന്തപുരം 1946.
21. ഇൻഡ്യയിലെ പൗരസ്ത്യക്രൈസ്തവരുടെ കഥ, കാർഡിനൽ തിസ്സരാങ്


**കുറിപ്പുകൾ**

1. Fr.Placid, The efforts for re-union in Malankara South India
2. ഡോ. പ്ലാസിഡ് പൊടിപാറ, മാർത്തോമ്മാക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും.

Translated by Prof. K.V.Joseph, Ashramam Press, Manganam, 1981. പേജ് 105 Foot note

3. ഡോ. സേവ്യർ കൂടപ്പുഴ, എഡിറ്റർ, തിരുസഭാചരിത്രം. 2nd edition, 1984 No.70, Oriental Institute of Religious Studies, Vadavathoor, Kottayam. പേ. 893

4 സി. മാത്യു കട്ടക്കയം, കട്ടക്കയം കുടുംബചരിത്രം, Nava Bharath Press, Kottayam.1961 പേ. 82

5. എം.ഒ.ജോസഫ്, മാത്തുത്തരകൻ, കാത്തലിക് പബ്ലീഷിങ് ഹൗസ്, 1947 പേ. 11

6. ശക്തൻ തമ്പുരാൻ പേ.285-290

7 പാലപ്പിള്ളി അബ്രാഹം കത്തനാർ, സുറിയാനി സമൂഹവൃത്താന്തം, സെന്തോമസ് അച്ചുക്കൂടം കൊച്ചി, 1877 പേ.51, 52

8. ഡോ. പ്ലാസിഡ് ജെ. പൊടിപാറ, കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രകാശം പ്രസിദ്ധീകരണ സംഘം, ആലപ്പുഴ, 1974. പേ.305

9. ഫാ. ബർണാഡ് പേ. 192,193

10. വർത്തമാനപ്പുസ്തകം 12-ാം അദ്ധ്യായം, പേ.141

11. പാറേമ്മാക്കൽ തോമ്മാക്കത്തനാർ, വർത്തമാനപ്പുസ്തകം പ്രത്യേകപതിപ്പ്, ഭാഷാന്തരം പ്രൊ. മാത്യു ഉലകംതറ, IICS, ഓശാനമൗണ്ട്, ഇടമറ്റം. പേ.36, 37.

12. റൈറ്റ് റവ. ഗീവറുഗീസ് ആത്തുങ്കൽ, കുറുപ്പമ്പടി പള്ളിയുടെ ചരിത്രം, 1981, Evangelical Association of the East, Press and Publication Committe. പേ.118

13. ഫാ. ബർണാഡ് 2 പേ. 197, 209

14. ഫാ. തോമസ് മൂത്തേടൻ, പാറേമ്മാക്കൽ ഗവർണദോർ, ദീപിക ബുക്ക് ഹൗസ്, കോട്ടയം. 1972. പേ.7; കാർഡിനൽ തിസ്സരാങ്, ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ, പു, 102

15. ഡോ. സേവ്യർ കൂടപ്പുഴ, എഡിറ്റർ, തിരുസഭാചരിത്രം. 2nd edition, 1984 No.70, Oriental Institute of Religious Studies, Vadavathoor, Kottayam. പേ. 893, 898

16. വർത്തമാനപ്പുസ്തകം പേ.373, 374

17. ഡോ. പ്ലാസിഡ് പൊടിപാറ, മാർത്തോമ്മാക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും. Translated by Prof. K.V.Joseph, Ashramam Press, Manganam, 1981. പേ.59

18. 962 കന്നി 12 നിരണംഗ്രന്ഥവരി; സെപ്റ്റ.10 നിരണംഗ്രന്ഥവരി, M. Kurian Thomas, ഫുട്ട് നോട്ട് 85, പേ. 209

19. സി. മാത്യു കട്ടക്കയം, കട്ടക്കയം കുടുംബചരിത്രം, Nava Bharath Press, Kottayam.1961 പേ.79

20. വറുഗീസ് അങ്കമാലി, ജോമോൻ തച്ചിൽ, അങ്കമാലിരേഖകൾ, മെറിറ്റ് ബുക്സ്, എറണാകുളം 2002. പേ.110, 113

21. Z.M. പാറേട്ട്, മലങ്കര നസ്രാണികൾ 3, പേ.46

22. സി.മാത്യു കട്ടക്കയം, കട്ടക്കയം കുടുംബചരിത്രം, Nava Bharath Press, Kottayam.1961 പേ.67

23. വറുഗീസ് അങ്കമാലി, ജോമോൻ തച്ചിൽ, അങ്കമാലിരേഖകൾ, മെറിറ്റ് ബുക്സ്, എറണാകുളം 2002. പേ.117

24. സി.മാത്യു കട്ടക്കയം, കട്ടക്കയം കുടുംബചരിത്രം, Nava Bharath Press, Kottayam.1961 പേ.68, 69

25. ജോർജ്ജ് കാക്കനാടൻ, മലങ്കരയിലെ മാതൃസഭ, ഭാരത് പ്രസ്, തിരുവനന്തപുരം 1946. പേ.83
26. ജോർജ്ജ് കാക്കനാടൻ, മലങ്കരയിലെ മാതൃസഭ, ഭാരത് പ്രസ്, തിരുവനന്തപുരം 1946. പേ.84
27. സി. മാത്യു കട്ടക്കയം, കട്ടക്കയം കുടുംബചരിത്രം, Nava Bharath Press, Kottayam. 1961 പേ. 72,73 പി. കുര്യൻ. - മാർത്തോമ്മ നസ്രാണികളുടെ സത്യവിശ്വാസം. പേ.200, 201 ഉദ്ധരിച്ച്
28. Rev.Dr. പ്ലാസിഡ് ജെ. പൊടിപാറ CMI, കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രകാശം പ്രസിദ്ധീകരണ സംഘം, ആലപ്പുഴ. 1974.പേ.247
29. നിരണം ഗ്രന്ഥവരി. 974 മിഥുനം 19 ന് വിപ്ലവത്തിൽ തരകന്റെ ചെവി ചെത്തി.
30. റൈറ്റ് റവ. ഗീവറുഗീസ് ആത്തുങ്കൽ, കുറുപ്പമ്പടി പള്ളിയുടെ ചരിത്രം, 1981, Evangelical Association of the East, Press and Publication Committe. പേ.118
31. Rev.Dr. പ്ലാസിഡ് ജെ. പൊടിപാറ CMI, കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രകാശം പ്രസിദ്ധീകരണ സംഘം, ആലപ്പുഴ. 1974. പേ.248
32. പാലപ്പിള്ളി അബ്രാഹം കത്തനാർ, പേ.58,59
33. Z.M.പാറേട്ട്, മലങ്കരനസ്രാണികൾ 3 പേ.74
34. ഇ.എം.പീലിപ്പോസ്. മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ, പേ.174, 175

# 5

# കേരളത്തിലെ ആദിമുദ്രണ പ്രസിദ്ധീകരണരംഗങ്ങളും ക്രൈസ്തവരുടെ സംഭാവനകളും

സംസ്കാരിക സാങ്കേതികവളർച്ചയിലും പുരോഗതിയിലും ഭാരതത്തിലെ ക്രൈസ്തവരുടെ പങ്ക് ഗണനീയമാണെന്നതിൽ തർക്കമുണ്ടെന്ന് തോന്നുന്നില്ല. അച്ചടിയിലും പ്രസിദ്ധീകരണരംഗത്തും അത് തെളിഞ്ഞുകാണാം. വിദേശമിഷനറിമാരുടെ പങ്കും ഒട്ടും ചെറുതല്ല.

### തുടക്കം കൊല്ലത്ത്

കേരളത്തിലെ അച്ചടിയുടെ ചരിത്രം തുടങ്ങുന്നത് 1578 ൽ കൊല്ലത്ത് (തങ്കശ്ശേരി) ദിവ്യരക്ഷകന്റെ കലാലയത്തിൽ അച്ചടിച്ച ഡോക്ട്രിന ക്രിസ്ത എന്ന തമിഴ് വേദോപദേശപുസ്തകത്തിൽ നിന്നാണ്. ഇത് വി. ഫ്രാൻസിസ് സേവ്യറുടെ പോർച്ചുഗീസ് കൃതിയുടെ തർജ്ജമയായിരുന്നു. (ഗോവയിൽ നിർമ്മിച്ച അച്ചുകളാണ് ഇതിനുപയോഗിച്ചത്.) കൺഫഷനറിയോ എന്നൊരു തമിഴ് പുസ്തകം (1580 മെയ് 31) കൊച്ചിയിൽ മുദ്രണം ചെയ്തു. ആദ്യമുദ്രണമെല്ലാം തമിഴിലായിരുന്നു.

### മിഷനറിമാരുടെ പങ്ക്

ചാലക്കുടിക്കടുത്ത അമ്പഴക്കാട്ട് 1601-1670 കാലത്ത് ജസ്വിട്ട് ആസ്ഥാനമായ സെന്റ് പോൾ സെമിനാരിയിൽ ആദ്യമലയാളം അച്ചടി നടന്നതായി കൊച്ചിരാജ്യചരിത്രം പറയുന്നു (പു.569, 570). പക്ഷെ അവയിലൊന്നുംതന്നെ ഇന്ന് ലഭ്യമല്ല. എന്നാൽ പാതിരിമാർ തമിഴ് പുസ്തകങ്ങൾ അവിടെ അച്ചടിച്ചിട്ടുണ്ട്. സെന്റ് പോൾ എന്നതിൽ നിന്ന് ആ സ്ഥലം സാമ്പളൂർ (< സെന്റ് പോൾ ഊർ) എന്ന് അറിയപ്പെട്ടു. 1678 ൽ തമിഴിലുള്ള നോബിലിയുടെ ജ്ഞാനയുപദേശം നാലു ഭാഗങ്ങൾ അവിടെ അച്ചടിക്കുകയുണ്ടായി. അച്ചടിച്ച നിഘണ്ടുക്കളിൽ ആദ്യത്തേതായ പ്രിൻസായുടെ തമിഴ്-പോർച്ചുഗീസ് നിഘണ്ടു 1679 ൽ അമ്പഴക്കാട്ടാണ് മുദ്രണം ചെയ്തത്.

ജെസ്വിട്ട് മിഷനറിമാർ 1602 ൽ വൈപ്പിൻകോട്ട സെമിനാരിയിൽ സുറിയാനി അച്ചുകൂടം സ്ഥാപിച്ചു. മാർപ്പാപ്പായിൽനിന്ന് അവിടേക്ക് പ്രസും കൽദായ സുറിയാനി അച്ചുകളും ലഭിച്ചിരുന്നു. വൈദികർക്കുള്ള ആരാധനപുസ്തകങ്ങൾ അവിടെ അച്ചടിച്ചു. എന്നാൽ ഇന്ന് ലഭ്യമല്ല. ഈ പ്രസ് പിന്നീട് 1605 ൽ കൊടുങ്ങല്ലൂരേക്ക് മാറ്റി.

**മലയാളം അച്ചടി യൂറോപ്പിൽ**

1678-1693 നിടയ്ക്ക് പന്ത്രണ്ട് വാല്യങ്ങളായി ഹോർത്തൂസ് മലബാറിക്കൂസ് (ലത്തീൻ) ആംസ്റ്റർഡാമിൽ പ്രസിദ്ധീകരിച്ചു. ഒന്ന് വട്ടെഴുത്തിലും മറ്റൊന്ന് മലയാളലിപിയിലുമായി രണ്ടു പ്രസ്താവനകളും സസ്യങ്ങളുടെ പേരുകളും ബ്ലോക്കുപയോഗിച്ച് അച്ചടിച്ചു. ഇതാണല്ലോ മലയാളലിപി ആദ്യം അച്ചടിക്കപ്പെട്ട ഗ്രന്ഥം.

മലയാളത്തിലെ ആദ്യ അച്ചടിഗ്രന്ഥമായ ക്ലമന്റ് പിയാനൂസ് പാതിരിയുടെ നസ്രാണികൾ ഒക്കെക്കും അറിയേണ്ടുന്ന സംക്ഷേപവേദാർത്ഥം 1772 ൽ റോമിലെ ബഹുഭാഷാ മുദ്രാലയത്തിൽ അച്ചടിച്ചു. ഇതിൽ ചതുരവടിവുള്ള അക്ഷരങ്ങളാണ് ഉപയോഗിച്ചത്.

**മലയാളം അച്ചടി ബോംബേയിൽ**

ഭാരതത്തിൽ മലയാളം അച്ചുകൾ ആദ്യമായി വാർത്ത ബോംബേ കൂരിയർ പ്രസിന് ഈസ്റ്റ് ഇൻഡ്യാ കമ്പനി 1798 ൽ ധനസഹായം ചെയ്യുകയും 1799 ൽ അച്ചുകൾ വാർക്കുകയും ചെയ്തു. ആ വർഷം അവിടെ മലയാളം അച്ചടി ആദ്യമായി നടന്നു. A specimen of Malabar type എന്ന ബ്രോഡ്ഷീറ്റും ഡ്രുമണ്ടിന്റെ വ്യാകരണവുമാണ് അവിടെ മലയാളത്തിൽ ആദ്യം അച്ചടിച്ചത്. അതേ പ്രസിലാണ് 1811 ൽ മലയാളം പുതിയനിയമം (നാലു സുവിശേഷങ്ങൾ) അച്ചടിച്ചത്. അതിനുള്ള അച്ച് കൊത്തിയുണ്ടാക്കുന്നതിൽ നസ്രാണിയായ കണ്ടനാട്ട് കൊച്ചിട്ടിയുടെ കൈയുണ്ടായിരുന്നു.

**അച്ചടി കോട്ടയം സെമിനാരിയിൽ**

കോട്ടയത്ത് ഒരു അച്ചടിശാല തുടങ്ങുവാൻ കേണൽ മൺട്രോ ഇങ്ഗ്ലീഷ് മിഷനറിമാർക്ക് 1818 മേയിൽ നിർദ്ദേശം നൽകി. 1821 ഒക്ടോബറിൽ ഇങ്ഗ്ലണ്ടിൽ നിന്ന് പ്രസ് എത്തി. കോട്ടയം സെമിനാരിയിലാണ് അതു സ്ഥാപിച്ചത്. 1822 ൽ മദ്രാസ് സെന്റ് ജോർജ് കലാലയത്തിൽ നിന്ന് (1812 ൽ സ്ഥാപിതം) മലയാളം ടൈപ്പുകൾ കോട്ടയത്തെത്തി. 1822-1824 കാലത്ത് ബെയിലിയാണ് അച്ചടിശ്രമങ്ങൾ ചെയ്തത്. ആദ്യമായി മെത്രാന്റെ കല്പന, ഗിരിപ്രഭാഷണം എന്നിവ മുദ്രണം ചെയ്തു. 1824 ൽ ബെയിലി നിർമ്മിച്ച അച്ചുപയോഗിച്ച് ചെറുപൈതങ്ങൾ എന്ന കേരളത്തിലെ ആദ്യ മലയാള പുസ്തകം പുറത്തിറങ്ങി. ഇങ്ഗ്ലീഷിൽനിന്ന് തർജ്ജമ ചെയ്ത കഥകളായിരുന്നു അതിന്റെ ഉള്ളടക്കം. 1929 ൽ മലയാളം പുതിയനിയമം (സുവിശേഷങ്ങളും പ്രവൃത്തികളും) മുദ്രണം ചെയ്തു. ഇതിന്റെ രണ്ടാം പതിപ്പ് ലണ്ടനിൽ നിന്ന് 1834 ൽ ഇറങ്ങി. 1839 ൽ മോശയുടെ 5 പുസ്തകങ്ങളും സങ്കീർത്തനങ്ങളും പുറത്തുവന്നു.

**കോട്ടയം സി.എം.എസ്. പ്രസ്**

സുറിയാനിക്കാരുമായുള്ള സി.എം.എസ്. മിഷനറിമാരുടെ ബന്ധം വഷളായ ശേഷം കൊച്ചി പഞ്ചായത്തു വിധി മൂലം (1840 ഏപ്രിൽ 14) കോട്ടയം സെമിനാരിയിൽ നിന്ന് മിഷനറിമാർ വിട്ടുപോയി. സെമിനാരിയിലെ പ്രസ് തുടർന്നും അവിടെ പ്രവർത്തിച്ചു. എന്നാൽ മിഷനറിമാർ 1840 ന്റെ ശേഷം സി.എം.എസ് പ്രസ് സെമിനാരിക്കു പുറത്തു സ്ഥാപിച്ച് പ്രവർത്തനം തുടർന്നു. ബെയിലിയുടെ ശ്രമഫലമായി 1839, 1853, 1868 കാലത്ത് പഴയനിയമം 3 വാല്യങ്ങൾ ഇറങ്ങി. 1849 ൽ ബെയിലിയുടെ ഇങ്ഗ്ലീഷ് മലയാളം നിഘണ്ടു മുദ്രണം ചെയ്തു. മത്തായിയുടെ സുവിശേഷ വ്യാഖ്യാനം 1860 ൽ വന്നു. മലയായ്മയുടെ വ്യാകരണം, സത്യവേദഖേടം എന്നീ ജോർജ്ജ് മാത്തൻ കൃതികൾ 1863 ൽ പുറത്തിറങ്ങി. ഒത്തുവാക്യങ്ങളോടുകൂടിയ പുതിയനിയമം പുറത്തു വന്നത് 1866 ലാണ്. സുറിയാനിക്കാരുടെ അവകാശക്രമത്തിന്റെ കാനോൻ 1870 ൽ ഇറങ്ങി. സുറിയാനി സഭയെക്കുറിച്ചുള്ള ഈപ്പൻ പാദ്രിയുടെ വിരുതുപ്രകരണം 1871 ലും കുരിയൻ പാദ്രിയുടേത് 1872 ലും വന്നു. സുറിയാനിക്കാരുടെ കുർബ്ബാനക്രമം 1872 ൽ ഇവിടെ അച്ചടിച്ചു. ചർച്ച് മിഷൻ സൊസൈറ്റിയുടെ മുഖപത്രമായി ജ്ഞാനനിക്ഷേപം 1848 നവമ്പർ മുതൽ പ്രസിദ്ധീകരിച്ചിരുന്നു. 1865 മുതൽ കോട്ടയം കോളജ് മാസികയായ വിദ്യാസംഗ്രഹം (1865 മുതൽ ?) വെളിച്ചം കണ്ടു.

സി.എം.എസ്. പ്രസിൽ നിന്ന് മൂർ സായ്പിന്റെ ഉടമസ്ഥതയിൽ രണ്ടു പത്രങ്ങൾ 1867 ൽ പുറത്തുവന്നു. സന്ദിഷ്ടവാദി, ട്രാവൻകൂർ ഹെറാൾഡ് എന്നിവയാണവ.

കോട്ടയം സുറിയാനി സെമിനാരിയിലെ അച്ചുകൂടത്തിൽ കുർബ്ബാനക്രമം 1845 ലും പിന്നീട് 1856 – 1875 കാലത്തും അച്ചടിച്ചു. പിന്നീട് അതു മാർ ത്തോമ്മാ പ്രസ് എന്നും അറിയപ്പെട്ടു.

1836 ൽ തിരുവനന്തപുരത്ത് സർക്കാർ വക പ്രസ് തുടങ്ങി. നാഗർ കോവിലിലെ LMS മിഷനറിമാരായിരുന്നു ഇതിനു സഹായിച്ചത്. അവിടേക്ക് മലയാള അച്ചുകൾ കൊടുത്തത് ബെയിലിയായിരുന്നു.

1840 ൽ കൊല്ലത്ത് LMS ന്റെ പ്രസ് തുടങ്ങിയെങ്കിലും നിന്നു പോയി. അവർക്ക് നാഗർകോവിലിൽ അതിനു മുമ്പേ പ്രസുണ്ടായിരുന്നു.

**മംഗലാപുരം**

1842 ൽ മംഗലാപുരത്ത് മിഷൻ പ്രസ് തുടങ്ങി. 96 പുറങ്ങളുള്ള ഗീതങ്ങൾ, മനുഷ്യചോദ്യങ്ങൾക്ക് ദൈവം കല്പിച്ച ഉത്തരങ്ങൾ എന്നീ പുസ്തകങ്ങൾ അവിടെ അച്ചടിച്ചു. അവിടെ നിന്നാണ് 1843 ൽ കേരളോല്പത്തി പുറത്തിറങ്ങിയത്. 1845 ൽ പഴഞ്ചൊൽമാല മുദ്രണം ചെയ്തു. എല്ലാം കല്ലച്ചി

ലായിരുന്നു. (ഗുണ്ടർട്ടിന്റെ സത്യവേദചരിത്രസാരം ബോംബെയിലെ കല്ലച്ചിലാകാം 1840 ൽ അച്ചടിച്ചത്.) ലോഹംകൊണ്ടുള്ള അച്ചുകൾ ഉപയോഗിച്ചു തുടങ്ങിയത് 1864 ലാണ്. ഗുണ്ടർട്ടിന്റെ നളചരിതസാരശോധന അതുപയോഗിച്ച് അച്ചടിച്ചു. ഹെർമൻ മോഗ്ലിന്റെ മതവിചാരണ (1865) ഗുണ്ടർട്ടിന്റെ വ്യാകരണ ചോദ്യോത്തരം (1867) മാനുഷഹൃദയം (1867) ആയിരം പഴഞ്ചൊല്ലുകൾ (1868) ചാണക്യസൂത്രം (1868) മലയാളഭാഷാ വ്യാകരണം (1868) ഗുണ്ടർട്ടിന്റെ മലയാളം-ഇങ്ഗ്ലീഷ് നിഘണ്ടു (1872) എന്നിവയൊക്കെ അവിടെയാണ് പിറന്നത്.

**മാന്നാനം**

മാന്നാനത്ത് മാർ യൗസേപ്പ് പുണ്യവാള ആശ്രമത്തിൽ 1844 ൽ അച്ചുകൂടം തുടങ്ങി. തിരുവനന്തപുരത്തെ സർക്കാർ പ്രസിന്റെ മാതൃകയിൽ അവിടെ മരപ്രസ് ഉണ്ടാക്കിച്ചത് ചാവറയച്ചനായിരുന്നു. ചതുരവടിവിലുള്ള അക്ഷരങ്ങളാണ് വാർപ്പിച്ചത്. നസ്രാണിദീപിക (1887 ഏപ്രിൽ) കർമ്മല കുസുമം എന്നീ പ്രസിദ്ധീകരണങ്ങളും കത്തോലിക്കാമതപുസ്തകങ്ങളും അവിടെ അച്ചടിക്കപ്പെട്ടു. 1898 ൽ പാലപ്പിള്ളിൽ അബ്രഹാം കത്തനാരുടെ സുറിയാനി മലയാള നിഘണ്ടു അവിടെ മുദ്രണം ചെയ്തു. (കെ.എം ഗോവി സൂചിപ്പിക്കുന്ന പ്രകാരം 1848 ൽ ഈ നിഘണ്ടു അവിടെ അച്ചടിച്ചെങ്കിൽ, അതിനു സാദ്ധ്യത കുറവാണ്, 1898 ലേത് രണ്ടാം പതിപ്പാകാം. എന്നാൽ പ്രസ്തുത പുസ്തകത്തിൽ അത് രണ്ടാം പതിപ്പാണെന്ന സൂചനയില്ല.)

**തലശ്ശേരി**

1845 ഒക്ടോബർ 23 ന് തലശ്ശേരിയിൽ മിഷൻ പ്രസ് തുടങ്ങി. അവിടെ നിന്ന് നവമ്പർ 1 ന് ആദ്യപുസ്തകം പുറത്തിറങ്ങി. ദൈവവിചാരണ, സഞ്ചാരിയുടെ പ്രയാണചരിത്രചുരുക്കം (1849) ക്രിസ്തന്റെ അവതാരം, ക്രിസ്താവതാരപ്പാട്ട്, നല്ല ഇടയന്റെ അന്വേഷണചരിത്രം, സുവിശേഷസംഗ്രഹം, പുതിയനിയമം ഗുണ്ടർട്ടിന്റെ പരിഭാഷ (1852) സത്യവേദസംക്ഷേപചരിത്രം, മനുഷ്യചോദ്യങ്ങൾക്ക് ദൈവം കൽപ്പിച്ച ഉത്തരങ്ങൾ (കല്ലച്ചിൽ 1853) എന്നിവ തലശ്ശേരി ഛാപിതത്തിൽ അച്ചടിച്ചു. രാജ്യസമാചാരം (1847 ജൂൺ) പശ്ചിമോദയം (1847 ഒക്ടോബർ) എന്നീ പത്രികകൾ ഇല്ലിക്കുന്നിലെ കല്ലച്ചിൽ നിന്നാണ് ഇറങ്ങിയത്. പഞ്ചതന്ത്രം (1847) പഞ്ചതന്ത്രം കിളിപ്പാട്ട് (1857) എന്നിവയും തലശ്ശേരിയിൽ അച്ചടിച്ചു. 1851 ൽ ഗുണ്ടർട്ടിന്റെ മലയാളഭാഷാവ്യാകരണം പുറത്തുവന്നു.

**തിരുവനന്തപുരത്ത്**

തിരുവനന്തപുരത്ത് ഈശ്വരപിള്ള വിചാരിപ്പുകാർ 1853 ൽ കേരള വിലാസം പ്രസ് ആരംഭിച്ചു. സാഹിത്യകൃതികളുടെ അച്ചടിയായിരുന്നു അവിടത്തെ മുഖ്യപ്രവർത്തനം.

**കൊച്ചിയിൽ**

കൊച്ചിയിൽ സർക്കാർ പ്രസ് തുടങ്ങിയതു് 1845 ലാണ്.

കൊച്ചിയിൽ സെഞ്ചോൺ പ്രസ് 1860 ൽ സ്ഥാപിതമായി. മാനുവൽ പഞ്ഞിക്കാരനായിരുന്നു സ്ഥാപകൻ (1850). നസ്രാണിഭൂഷണം മാസിക അവിടെ അച്ചടിച്ചിരുന്നു. അമൃതനിക്ഷേപം (1860) പ്രതിദിന സുകൃത നമസ്കാരങ്ങൾ (1860) കുമ്പസാരം എന്ന കൂദാശയിന്മേലുള്ള തർക്കങ്ങൾ (1861) എന്നിവയും അഷ്ടാംഗഹൃദയം ഭാഷാവിവർത്തനവും അവിടെ മുദ്രണംചെയ്തു.

**മഞ്ചേരിയിൽ**

മഞ്ചേരിയിൽ വിദ്യാവിലാസം എന്ന പേരിൽ ഒരു ലറ്റർപ്രസ് കൊ.വ.1036 (1860/61) ൽ കാളഹസ്തിയപ്പ മുതലിയാർ സ്ഥാപിച്ചു. അവിടെ നിന്ന് മഹാഭാരതം എന്ന കൃതി പുറത്തുവന്നു. (ഇതിന്റെ ആദ്യഭാഗം അച്ചടിച്ചതു് തിരുവനന്തപുരത്തെ കേരളവിലാസത്തിലായിരുന്നു.) ഈ അച്ചടിശാല തന്നെയാണ് കോഴിക്കോട്ടേക്ക് പിന്നീടു മാറ്റപ്പെട്ടതു്.

**കോഴിക്കോട്ട്**

കാളഹസ്തിയപ്പ മുതലിയാർ വിദ്യാവിലാസം പ്രസ് കോഴിക്കോട്ടേക്കു മാറ്റിയതു് 1862 നു ശേഷമാണ്. ഹിന്ദുമതസംബന്ധിയായ പുസ്തകങ്ങളാണ് പ്രധാനമായും അവിടെ അച്ചടിച്ചിരുന്നതു്. എന്നാൽ പുലിക്കോട്ടിൽ യൗസേപ്പ് കത്തനാർ സുറിയാനിക്രിസ്ത്യാനികളുടെ നമസ്കാരക്രമം ഇവിടെ അച്ചടിപ്പിച്ചു. നവീകരണവിഭാഗത്തിന്റെ കൈവശമായിരുന്ന കോട്ടയം സെമിനാരിയിൽനിന്ന് പ്രസിദ്ധീകരിച്ച നമസ്കാരക്രമത്തിനു് ഒരു ബദലായിരുന്നു ഇതു്. അദ്ദേഹം മെത്രാപ്പോലീത്താ ആയ ശേഷം അതിന്റെ പുനഃപ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. (ഫാ. ജോസഫ് ചീരൻ, മലങ്കരസഭയും കേരളസംസ്കാരവും, 1994, പു.200, എം.പി. വർക്കി, മാർ ദീവന്നാസ്യോസ്, പു.113, 114)

**മട്ടാഞ്ചേരിയിൽ**

മട്ടാഞ്ചേരിയിൽ ദേവ്ജി ഭീംജി കേരളമിത്രം എന്ന കല്ലച്ചു മുദ്രണാലയം 1864 ൽ ആരംഭിച്ചു. പിന്നീട് അദ്ദേഹവും പങ്കുകാരും ചേർന്ന് 1865 ൽ വെസ്റ്റേൺ സ്റ്റാർ എന്ന ലെറ്റർ പ്രസ് മട്ടാഞ്ചേരിയിൽത്തന്നെ തുടങ്ങി. ഇങ്ഗ്ലീഷിൽ ഒരു വർത്തമാനപ്പത്രം ആരംഭിക്കാനും അതിനു് നല്ല ഒരു പ്രസ് സ്ഥാപിക്കുവാനുമുള്ള ദേവ്ജി ഭീംജിയുടെ ആഗ്രഹഫലമായിരുന്നു ഇതു്. കൊച്ചിയിൽ അന്ന് പ്രസിദ്ധരായിരുന്ന കുര്യൻ റൈറ്റർ, ഇട്ട്യേര റൈറ്റർ, ഇട്ടൂപ്പ് റൈറ്റർ എന്നീ സുറിയാനിക്രിസ്ത്യാനി ഉദ്യോഗസ്ഥരെയും മറ്റു ചിലരെയും (ഇംഗ്ലീഷുകാരൻ പോൾ മെൽവിൻ വാക്കർ അതിലൊരാളായിരുന്നു) കൂട്ടുടമസ്ഥരാക്കി അദ്ദേഹം വെസ്റ്റേൺ സ്റ്റാർ എന്ന

ഇംങ്ഗ്ലീഷ് പത്രം (1040 /1864) തുടങ്ങി. (1860 ൽ എന്ന് വിശ്വവിജ്ഞാന കോശം 8. 322എ) പശ്ചിമതാരക എന്ന പേരിൽ (പിന്നീട് പശ്ചിമ താരക-കേരളപതാക) മലയാളപത്രവും പിന്നീട് 1864 ൽ വന്നു. (സാഹിത്യ ചരിത്രത്തിൽ ഈ പത്രത്തിന്റ പേരും തുടക്കവും തർക്കമുള്ളതാണ്.) കേരളപതാക എന്ന ദ്വൈവാരിക 1048 ചിങ്ങം 1 മുതൽ (1872) കൊച്ചി സെന്തോമസിൽ നിന്ന് പുറത്തുവന്നുവെന്നത് കണക്കിലെടുക്കണം. അവ തമ്മിൽ സംയോജനം നടന്നിരുന്നു എന്ന് വിശ്വവിജ്ഞാനകോശം (8.322) സൂചിപ്പിക്കുന്നു. ഇതിന്റെ പത്രാധിപന്മാരായി ഇട്ടൂപ്പ് റൈറ്റർ, ഉമ്മൻ പീലിപ്പോസ് എന്നീ പേരുകൾ കാണാം. (പിന്നീട് കുര്യൻ റൈറ്ററുടെ സഹോദരപുത്രനായ കുര്യന്റെ ഉടമസ്ഥതയിൽ വെസ്റ്റേൺ സ്റ്റാർ തിരുവനന്തപുരത്തേക്കു മാറ്റി, പത്രം അവിടെ നിന്ന് പുറത്തിറക്കി.) വെസ്റ്റേൺ സ്റ്റാറിൽ നിന്ന് ആൾമാറാട്ടം (1866) മലയാഴ്മ-ലത്തീൻ ഗ്രാമത്തി (1868) ശലോമോന്റെ സുഭാഷിതങ്ങൾ (1868) മലയാളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം (1869) സുറിയാനിക്രിസ്ത്യാനികളുടെ കുർബ്ബാന ക്രമത്തിന്റെ തർജ്ജമ (1869) സുറിയാനിസഭയെക്കുറിച്ചുള്ള കുരുവിള കുരുവിള പാദ്രിയുടെ വിരുതുപ്രകരണം (1872) മുതലായവ ആദ്യകാലത്ത് പുറത്തിറങ്ങി.

ദേവ്ജി ഭീംജി കേരളമിത്രം ഫോർട്ടുകൊച്ചിയിലേക്കു മാറ്റിയ ശേഷം ഒരു വർത്തമാനപത്രിക (വൃത്താന്തവാരിക, ആദ്യ മലയാള പത്രം) തുടങ്ങി. കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ പ്രേരണ ഇതിനുണ്ടായിരുന്നു. 1881 ജനുവരി മുതൽ എല്ലാ ശനിയാഴ്ചയും പുറത്തിറങ്ങിയിരുന്ന ഇതിന്റെ ആദ്യപത്രാധിപർ കണ്ടത്തിൽ വറുഗീസ് മാപ്പിളയായിരുന്നു. ഈ പ്രസ് പിന്നീട് തിരുവനന്തപുരത്തേക്ക് മാറ്റി.

**കുന്നംകുളത്ത്**

കുന്നംകുളത്ത് പുലിക്കോട്ടിൽ യൗസേഫ് കത്തനാർ തുടങ്ങിയ ജോസഫ് കത്തനാഴ്സ് കല്ലച്ചുകൂടത്തിൽ നിന്ന് മാമോദീസാ, വിവാഹ ക്രമങ്ങൾ ചേർന്ന കുർബ്ബാനതക്സ സുറിയാനിയിൽ അച്ചടിച്ചു. പ്രാർത്ഥനാക്രമവും അച്ചടിച്ചു. അദ്ദേഹം മേല്പട്ടം എറ്റ ശേഷം കൊച്ചി കേന്ദ്രമായി പ്രവർത്തിച്ചപ്പോൾ 1045 (1869) ൽ അച്ചുകൂടം അവിടേക്കു മാറ്റി, സെന്തോമസ് പ്രസ് എന്ന് പേരിട്ടു. പ്രസിനായി 200 രൂപയ്ക്ക് അച്ച് മുതലായത് വാങ്ങുകയും അതിന്റെ നടത്തിപ്പിന് ഭാഗ്യചിട്ടി നടത്തുന്നതിനായി തന്റെ വക കല്ലച്ച് പ്രസ് മുളന്തുരുത്തിയിൽ കൊണ്ടുവന്ന് ടിക്കറ്റ്, പരസ്യം മുതലായവ അച്ചടിക്കുകയും ചെയ്തു. ഈ കല്ലച്ച് പിന്നീട് വെട്ടിക്കലും തുടർന്ന് പരുമല സെമിനാരിയിലും എത്തി.

**കൊച്ചി സെന്തോമസ് പ്രസ്**

പുലിക്കോട്ടിൽ മെത്രാപ്പോലീത്താ സെന്തോമസ് പ്രസ് സ്ഥാപിച്ച്

കേരളപതാകയും മറ്റു പ്രസിദ്ധീകരണങ്ങളും അച്ചടിച്ചിരുന്നത് പനയ്ക്കൽ അയ്യൂരു മുതലാളിയുടെ പാണ്ടികശാലയിലായിരുന്നുവെന്ന് ശീമോൻ മാർ ദീവന്നാസ്യോസിന്റെ കണ്ടനാട്ട് ഗ്രന്ഥവരിയുടെ അവതാരികയിൽ അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ പറയുന്നു. (പു. XVII) കേരളപതാക 1048 ചിങ്ങം 1 (1872) മുതലാണ് ദ്വൈവാരികയായി പുറത്തുവന്നത്. (ടി. പു.183, 550) എന്നാൽ കേരളപതാക 1870 ൽ മംഗലത്തു കുഞ്ഞുണ്ണി ആശാന്റെ പത്രാധിപത്യത്തിൽ ആരംഭിച്ചു; പിന്നീട് യോജിപ്പിച്ച് പശ്ചിമതാരക-കേരളപതാക എന്ന പേരായി എന്ന് വിശ്വവിജ്ഞാനകോശം (8.322) പറയുന്നുണ്ട്.

**സുറിയാനി അച്ചടി**

കൊച്ചി സെന്തോമസിൽ മലയാളം സുറിയാനി, ഇങ്ഗ്ലീഷ് അച്ചടി വേലകൾ നടന്നു. ക്രിസ്തുമതസംബന്ധമായ പുസ്തകങ്ങൾ ഇവിടെ അച്ചടിച്ചിരുന്നു. പാലപ്പിള്ളിൽ അബ്രഹാം കത്തനാർ സുറിയാനി കുർബ്ബാനക്രമം 500 എണ്ണം ഇവിടെ അച്ചടിപ്പിച്ചു. സുറിയാനി ആദ്യാക്ഷര പുസ്തകവും (ഒന്നാം പാഠം) അവിടെ അച്ചടിച്ചതിൽ പെടും. പാലപ്പിള്ളിൽ അബ്രഹാം കത്തനാരുടെ മാർതൊമ്മാചരിത്രം, സുറിയാനി സമൂഹവൃത്താന്തം (പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ കല്പിച്ചതിനാൽ സുറിയാനി കൈയെഴുത്തു പുസ്തകത്തിൽ നിന്ന് മലയാളത്തിലേക്ക് തർജ്ജമ ചെയ്ത ചരിത്രപുസ്തകം, 1877) എന്നിവ ഇവിടെ അച്ചടിച്ചു. കൂടാതെ പാത്രിയർക്കീസ് ബാവായുടെ ഒരു കല്പന (1874) കോനാട്ടു മാത്തൻ ശെമ്മാശന്റെ സാരാംശങ്ങൾ (1877) എന്നിവയും.

മാർ ദീവന്നാസ്യോസ് അഞ്ചാമൻ 1869 ൽ സെന്തോമസ് പ്രസ് തുടങ്ങിയെന്ന് ക്രൈസ്തവവിജ്ഞാനകോശത്തിൽ (1976) കാണുന്നു. (1833 ൽ പുലിക്കോട്ടിൽ ജനിച്ച് 1853 ൽ വൈദികനായി പിന്നീട് 1864 ൽ മെത്രാനായതാണ് സ്ഥാപകൻ എന്നും.) പാറമേൽ ഇട്ടൂപ്പ് 1862 ൽ ബ്രിട്ടീഷ് കൊച്ചിയിൽ സെന്റ് തോമസ് അച്ചുകൂടം സ്ഥാപിച്ചുവെന്നും അവിടെ രാമായണം മുതലായ കൃതികൾ അച്ചടിച്ചുവെന്നും പി.ജെ.തോമസ് എഴുതി. പിൽക്കാലത്ത് വിദ്യാരത്നപ്രഭ (VRP) പ്രസ് സ്ഥാപിച്ച ഉട്ടൂപ്പ് എന്ന ദേഹത്തെ സെന്തോമസുമായി അദ്ദേഹം ബന്ധിപ്പിച്ചിരിക്കുന്നു, ഇട്ടൂപ്പ് എന്ന പേരോടെ. 1037 നും 1040 നും ഇടയിൽ (1862-65) സെന്തോമസ് പ്രസ് സ്ഥാപിക്കപ്പെട്ടുവെന്ന് കേരളസാഹിത്യചരിത്രത്തിൽ ഉള്ളൂർ പറഞ്ഞു. എന്നാൽ, സാഹിത്യകൃതികൾ അവിടെ മുദ്രണം ചെയ്തു; കൈക്കുളങ്ങര രാമവാര്യരുടെ സേവനം സെന്തോമസ് നേടി; അദ്ദേഹത്തിന്റെ വ്യാഖ്യാനത്തോടെ കാളിദാസകൃതികൾ അവിടെനിന്ന് വെളിച്ചം കണ്ടു; 1872-1880 കാലത്തെ പുസ്തകങ്ങൾ ലഭ്യമാണ്; അതുകൊണ്ട് 1869-ലാകാം സ്ഥാപിച്ചത്; പുസ്തകങ്ങൾക്ക് അവതാരിക എഴുതിച്ചേർത്തത് ഉടമയായ പി.കെ.

ഉട്ടൂപ്പാണ്; ഉള്ളൂരൊഴികെയുള്ളവർ ഇട്ടൂപ്പ് എന്നെഴുതി, എന്നെല്ലാം കെ.എം.ഗോവി എഴുതിയിരിക്കുന്നു. (ആദിമുദ്രണം ഭാരതത്തിലും മലയാള ത്തിലും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1998. പു.142, 143). വൈദി കനായ സെന്തോമസിന്റെ സ്ഥാപകനെ അദ്ദേഹത്തിനും മാറിപ്പോയി, പി.ജെ.തോമസിനെന്നപോലെ.

പാറമേൽ (കുത്തൂർ) ഉട്ടൂപ്പിന്റെ വകയായി കുന്നംകുളങ്ങരയിൽ വിദ്യാരത്നപ്രഭ (VRP) എന്ന അച്ചടിശാല ആരംഭിച്ചു. കൊച്ചിയിലെ പ്രസ് കുന്നംകുളത്തേക്ക് മാറ്റിയെന്ന് ഉള്ളൂർ. രണ്ടും ഒരേ കാലത്ത് ഉണ്ടായി രുന്നതായി പുസ്തകസാക്ഷ്യമുണ്ടെന്ന് കെ.എം. ഗോവി. 1880-നടുത്താകാം വിദ്യാരത്നപ്രഭ കുന്നംകുളത്ത് ഉണ്ടായത്. കൊച്ചിയിലെ ഉട്ടൂപ്പിന്റെ പുസ്തകങ്ങളുടെ തുടർപതിപ്പുകൾ ഈ അച്ചുകൂടത്തിന്റെ പേരിൽ പുറത്തി റങ്ങിയിട്ടുണ്ടെന്നും അദ്ദേഹം പറയുന്നു.

പിൽക്കാലത്തെ കുന്നംകുളം അക്ഷരരത്നപ്രകാശിക (ARP) പ്രസിന്റെ സ്ഥാപകൻ പുലിക്കോട്ടിൽ ഇട്ടൂപ്പും, വിദ്യാരത്ന പ്രഭ (VRP) പ്രസിന്റെ സ്ഥാപകൻ പാറമേൽ (കുത്തൂർ) ഉട്ടൂപ്പും കൊച്ചി സെന്തോമസിലെ പ്രധാന ജീവനക്കാരായിരുന്നതായി പറയപ്പെടുന്നു. (ടി. കണ്ടനാട്ട് ഗ്രന്ഥവരി പു. 168, 280, 546, 550, 563, 594)

കുന്നംകുളത്ത് പുലിക്കോട്ടിൽ യൗസേഫ് കത്തനാർ സ്ഥാപിച്ച പ്രസ് അദ്ദേഹം മെത്രാനായ ശേഷം (1864) പ്രവർത്തനരംഗം കൊച്ചിയി ലാക്കിയപ്പോൾ അവിടേക്കു മാറ്റി സെന്തോമസ് പ്രസ് എന്ന് പേരിട്ടു. അദ്ദേഹം കോട്ടയം സെമിനാരിയിലേക്കു മാറിയതിനടുത്ത കാലത്ത് കൊച്ചി സെന്തോമസ് പ്രസിന്റെ ചുമതല വഹിച്ചയാളാകാം കാളിദാസ കൃതികളുടെ പ്രസാധകനായിരുന്ന പാറമേൽ പി.കെ ഇട്ടൂപ്പ്. കുന്നംകുളത്തു കാരുടെ ഉട്ടൂപ്പ് തെക്കുള്ളവർക്ക് ഇട്ടൂപ്പ് ആണ്. ഉള്ളൂർ, പി.ജെ.തോമസ്, കെ.എം.ഗോവി എന്നിവരുടെ പ്രസ്താവനകളിലെ പൊരുത്തക്കേടുകൾക്ക് (വിജ്ഞാനകോശത്തിലെയും) ഇങ്ങനെ വിശദീകരണമാകാമെന്ന് തോന്നുന്നു.

**പാമ്പാക്കുടയിൽ**

എറണാകുളം ജില്ലയിലെ പാമ്പാക്കുടയിൽ തുമ്പമൺ മെത്രാപ്പോലീത്ത (കോനാട്ട്) ഗീവർഗീസ് മാർ യൂലിയോസ് 1879 ൽ അച്ചുകൂടം (കേരളദീപം) സ്ഥാപിച്ച് സുറിയാനിയിലും മലയാളത്തിലും അച്ചടി തുടങ്ങി. സുറിയാനി ആദ്യാക്ഷരപുസ്തകവും നമസ്കാരപ്പുസ്തകവും കൊച്ചി സെന്തോമസിൽ അച്ചടിപ്പിക്കുവാൻ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ ആദ്യം ചുമതലപ്പെടുത്തിയതു് ഇദ്ദേഹത്തെ ആയിരുന്നുവല്ലോ. അച്ചടിവേല യിലുള്ള സന്തോഷത്താൽ സെന്തോമസ് പ്രസ് സ്ഥാപകനായ പുലിക്കോ ട്ടിൽ മെത്രാച്ചൻ സുറിയാനി അക്ഷരങ്ങളുടെ ചെമ്പ് പാമ്പാക്കുടയ്ക്ക് കൊടു

ത്തയച്ചിരുന്നു. എന്നാൽ ഉപയോഗിച്ചത് പാമ്പാക്കുടയിൽ കൊത്തിച്ചതാണ്. മലയാളം അച്ചുകൾ കൊച്ചിയിലെ ദേവ്ജി ഭീംജിയിൽ നിന്ന് വിലയ്ക്കു വാങ്ങുകയും ചെയ്തു. അമ്പതു നോമ്പിലെ നമസ്കാരവും എവൻഗേലിയോന്റെ കുറിപ്പും (സുറിയാനി) അച്ചടിച്ച് പള്ളികൾക്ക് (1055 തുലാം) അയച്ചുകൊടുത്തു. പിന്നീട് പുത്തൻക്രമം അന്നീദായും മലയാളത്തിൽ നമസ്കാരക്രമവും അച്ചടിച്ചു. (മാത്തൻ മല്പാന്റെ ഡയറി ഒന്നാം പുസ്തകം, നമ്പർ 372) അന്ത്യോഖ്യൻ ആരാധനക്രമങ്ങൾ മലങ്കരയിൽ പ്രചരിക്കുന്നതിന് ഈ അച്ചുകൂടം മുഖാന്തരമായതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിന്നുപോയിട്ട് സഹോദരപുത്രൻ കോനാട്ട് മാത്തൻ മല്പാൻ 1896 ൽ മാർ ജൂലിയോസ് പ്രസ് എന്ന പേരിൽ അത് പുനരാരംഭിച്ചു.

**തൃശ്ശൂരിൽ**

തൃശ്ശൂരിൽ 12 ക്രിസ്ത്യാനികളുടെ കൂട്ടുടമസ്ഥതയിൽ കേരളകല്പദ്രുമം 1886 ൽ സ്ഥാപിച്ചു. 1062 മിഥുനം 1 ന് പാറമേൽ (കുത്തൂർ) ഉട്ടൂപ്പിന്റെ സഹായിയായിരുന്ന മാളിയമ്മാവ് കുഞ്ഞുവറീത് അവിടെ മാനേജരായി.

കൊല്ലത്ത് അക്കൊല്ലമാണ് (1886) എസ്.റ്റി. റെഡ്യാർ പ്രസ് തുടങ്ങിയത്.

തൃശ്ശൂർ ഭാരതവിലാസം പ്രസ് 1904 സെപ്റ്റമ്പർ 12 (1080 ചിങ്ങം 28) ന് തുടങ്ങി. ഉട്ടൂപ്പ് മുതലാളിയുടെ സഹായിയായ മാളിയമ്മാവ് കുഞ്ഞുവറീത് സ്ഥാപിച്ചതാണിത്. ഇദ്ദേഹം നേരത്തേ മട്ടാഞ്ചേരി കേരളമിത്രത്തിലും തൃശ്ശൂരിലെ കേരളകല്പദ്രുമത്തിലും ജോലി ചെയ്തിരുന്നു.

**കൂനമ്മാവിൽ മലയാളലിപി പരിഷ്കാരം**

കൂനമ്മാവിലെ അമലോത്ഭവമാതാവിന്റെ പ്രസിനെ 19-ാം നൂറ്റാണ്ടിലെ അച്ചടിശാലകളുടെ കൂട്ടത്തിൽ മറന്നുകൂടാ. ഇവിടെ മലയാളം, സുറിയാനി, ഇങ്ഗ്ലീഷ് അച്ചടികൾ നടന്നിരുന്നു. കത്തോലിക്കാ മതഗ്രന്ഥങ്ങളാണ് അച്ചടിച്ചുവന്നത്. ഇവിടെ ഇട്ടൂപ്പ് റൈട്ടറുടെ സുറിയാനി സഭാചരിത്രത്തിന്റെ വിമർശനകൃതിയായ ജ്ഞാനദീപം (1870) അച്ചടിച്ചു. പിന്നീട് അതിന്റെ തുടർച്ചയെന്നോണം കെരളരാജ്യത്തിലെ സത്യവേദചരിത്രം എന്ന പുസ്തകം ഇറങ്ങി (1872). ഈ പുസ്തകം മലയാളലിപിപരിണാമചരിത്രത്തിൽ ശ്രദ്ധിക്കേണ്ട സവിശേഷതയുള്ളതാണ്. മലയാളം ടൈപ്പ് റൈറ്ററിനും കംപ്യൂട്ടറിനും വേണ്ടി മലയാളലിപികളെ, പ്രത്യേകിച്ച് കൂട്ടക്ഷരങ്ങളെ, അംഗഭംഗം വരുത്തിയ പരിഷ്കാരത്തിനു വളരെ മുമ്പ് ഉ, ഊ കാരങ്ങൾക്ക് രൂപം കൊടുത്താണ് കൂനമ്മാവുകാർ ഈ പുസ്തകം മുദ്രണം ചെയ്തത്. ഏതാണ്ട് 3 എന്ന അക്കം പോലെ ഉ കാരവും 3 ന്റെ മുകളിലും താഴെയും ഉള്ള അഗ്രങ്ങൾ ഉള്ളിലേക്കു വളച്ചുകൂട്ടി ഊ കാരവും അവർ നിർമ്മിച്ചു. അച്ചടിചരിത്രങ്ങളിലും ലിപിപരിഷ്കരണവിവരണങ്ങളിലും സഭാചരിത്രഗ്രന്ഥങ്ങളിലും ഒന്നുംതന്നെ ഈ പുസ്തകത്തെക്കുറിച്ച് സൂചി

പ്പിച്ചുകണ്ടിട്ടില്ല. (ഒരു കോപ്പി കൈവശമുണ്ട്. മാതൃക കാണുക.) പക്ഷേ പിൽക്കാല അച്ചടിയിൽ കൂനമ്മാവുകാർ തങ്ങൾ വരുത്തിയ പരിഷ്കാരം തുടർന്നുപോയതായി കാണുന്നില്ല.

കൂനമ്മാവിൽനിന്ന് ഇറ്റാലിയൻ കർമ്മലീത്താ മിഷനറിമാർ പാക്ഷികമായി സത്യനാദകാഹളം പ്രസിദ്ധീകരിച്ചുവന്നു. 1869 ൽ തുടങ്ങിയ ഈ പ്രസ് 1880 ൽ വരാപ്പുഴയ്ക്കും അവിടെ നിന്ന് 1897 ൽ എറണാകുളത്തേക്കും മാറ്റി.

19-ാം നൂറ്റാണ്ടിലെതന്നെ കൊച്ചി ഇശ്ലാശ്രു് അച്ചുകൂടം (അർണോസ് പാതിരിയുടെ പുത്തൻപാന 1862 ൽ ഇവിടെയാണ് മുദ്രണം ചെയ്തത്) കോട്ടയം ക്നാനായപ്രദീപിക, മലയാള മനോരമ (1890 മാർച്ച് 28), കോട്ടയം സുറിയാനി സെമിനാരി പ്രസ്, തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ്, വരാപ്പുഴ മലബാർ പ്രിന്റിങ് കമ്പനി, എന്നിവയെല്ലാം ക്രൈസ്തവരുടെ ചുമതലയിലുള്ളവയായിരുന്നു.

ആദിമുദ്രണചരിത്രം വിസ്തരിച്ചു പ്രതിപാദിച്ച കെ.എം. ഗോവിയും, വിവിധ വിജ്ഞാനകോശങ്ങൾ, ഡയറക്ടറികൾ മുതലായവകളും മലയാള സുറിയാനി പുസ്തകങ്ങൾ അച്ചടിച്ച കൊച്ചി സെന്തോമസിനെപ്പറ്റി കൃത്യമായും, മതഗ്രന്ഥങ്ങൾ മാത്രം അച്ചടിച്ചിരുന്നതിനാലാകാം പാമ്പാക്കുട കേരളദീപം (മാർ ജൂലിയോസ്) പ്രസിനെയും, ഗ്രന്ഥസൂചികളിലും, മ്യൂസിയം ക്യാറ്റ്ലോഗുകളിലും സ്ഥാനം പിടിക്കാത്തതുകൊണ്ടോ എന്തോ, വേണ്ടവിധം സൂചിപ്പിച്ചിട്ടില്ല. സുറിയാനി അച്ചടി ആ ഭാഷയുടെ ഉദ്ഭവ ദേശങ്ങളിൽ ആരംഭിക്കുന്നതിന് ദശകങ്ങൾക്കു മുമ്പേ കേരളത്തിൽ നടപ്പായിരുന്നു.

**ഇങ്ഗ്ലീഷ് പത്രങ്ങൾ**

ഇങ്ഗ്ലീഷുകാരനായ വില്യം ബ്രുണ്ടൻ (ബ്രുണ്ടൻ കമ്പനി സ്ഥാപകൻ) കൊച്ചിൻ ആർഗസ് എന്നൊരു കമ്പനി സ്ഥാപിച്ച് അതേ പേരിൽ ഒരു ഇങ്ഗ്ലീഷ് പത്രം 1860 ൽ കൊച്ചി റോസ് സ്ട്രീറ്റിൽ നിന്ന് പ്രസിദ്ധീകരിച്ചു. കോട്ടയം സി.എം.എസിൽ നിന്ന് 1867 ൽ ഡബ്ലിയു. എച്ച്. മൂർ 1867 ൽ ട്രാവൻകൂർ ഹെറാൾഡ് എന്ന പത്രം തുടങ്ങി. മലബാർ സ്പെക്ടേറ്റർ, (1879) വെസ്റ്റ് കോസ്റ്റ് സ്പെക്ടേറ്റർ, (1879) എന്നീ പത്രങ്ങൾ പൂവാടൻ രാമൻ വക്കീൽ മലബാർഭാഗത്തു് തുടങ്ങി. ഞാറയ്ക്കലെ ഇട്ടൂപ്പ് മാമ്പിള്ളി (1881-1970) മുൻപറഞ്ഞ കൊച്ചിൻ ആർഗസ് എന്ന പത്രത്തിൽ പ്രവർത്തിച്ചു. പിന്നീട് അദ്ദേഹം ഏതാനും പങ്കുകാരെ ചേർത്തു് മദ്രാസിൽ നിന്ന് ഒരു പ്രസ് വാങ്ങി 1902 ഓഗ. 4 ന് കൊച്ചി പീറ്റർ സെല്ലി സ്ട്രീറ്റിൽ സ്ഥാപിച്ചു. യൂണിയൻ പ്രസ് എന്ന ഈ സ്ഥാപനത്തിൽ നിന്ന് 1905 ഫെബ്രു. 25 ന് മലബാർ ഹെറാൾഡ് എന്ന പത്രം പുറത്തുവന്നു.

മലയാളം അച്ചടിയുടെയും പ്രസിദ്ധീകരണങ്ങളുടെയും രംഗത്ത് ക്രിസ്ത്യാനികളുടെ സംഭാവന ഒട്ടും ചെറുതായിരുന്നില്ലെന്ന് ഇത്രയും സൂചിപ്പിച്ചതിൽനിന്ന് വ്യക്തമായല്ലോ.

**കടപ്പാട്:**

ശ്രീ കെ. എം. ഗോവി, ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

**അവലംബം**

1. വിശ്വവിജ്ഞാനകോശം, എൻ. ബി. എസ്.
2. ശെമവൂൻ മാർ ദീവന്നാസ്യോസ്, കണ്ടനാട്ട് ഗ്രന്ഥവരി, എഡി. ഫാ. ഡോ.ജോസഫ് ചീരൻ.



ഈ. മ. യൗ.

കെരള രാജ്യത്തിലെ

സത്യവെദ ചരിത്രം

അതായത

തൊമ്മാശ്ലീഹാ ഇന്ത്യായിൽ സത്യവെദം
അറിയിച്ച നാൾ മുതൽ ഇന്നോളവും
മലയാളത്തിൽ വെദസംബന്ധമായി
നടന്ന വൃത്താന്തങ്ങൾ

ഇത

കർമ്മെലീത്താ മിസ്സ്യോനാരിമാരിൽ
ഒരുത്തനാൽ ഉണ്ടാക്കപ്പെട്ടു

കൂനമ്മാവു ആശ്രമത്തിലെ

അമലോത്ഭവമാതാവിന്റെ നാമധെയത്തിൽ
സ്ഥാപിക്കപ്പെട്ട അച്ചുകൂട്ടത്തിൽ
അച്ചടിക്കപ്പെട്ടത.

മെല്പട്ടക്കാരുടെ അനുവാദപ്രകാരം

൧൮൭൨

CUNEMAU
*Ex Tipographia Imm. Concept.*
1872

കൂനമ്മാവിൽ ലിപി പരിഷ്കരിച്ച് മുദ്രണം ചെയ്ത പുസ്തകത്തിന്റെ ആദ്യപുറം

# 6

# മലങ്കരസഭയുടെ സാമൂഹ്യപരിഷ്കരണശ്രമങ്ങളും പരുമലത്തിരുമേനിയും

ഭാരതം ജാതിവ്യവസ്ഥയുടെ പിടിയിൽ നിന്ന് ഇനിയും പൂർണ്ണമായി മോചിതയായിട്ടില്ല. ജാതിവ്യവസ്ഥ തുടക്കത്തിൽ സദുദ്ദേശപരമായിരുന്നു എന്ന് പറയുന്നവരുണ്ട്. പില്ക്കാലത്ത് അസമത്വത്തിനും ചൂഷണത്തിനും ജാതിവ്യവസ്ഥ കാരണമായിത്തീർന്നു.

കേരളത്തിൽ ജാതിസമ്പ്രദായം ഉരുത്തിരിഞ്ഞപ്പോൾ ക്രിസ്ത്യാനികളും ജാതികളിലൊന്നായി. ഏതാണ്ട് സവർണ്ണർക്കൊപ്പമായിരുന്നു നസ്രാണികളുടെ സ്ഥാനം.

ചതുർവ്വർണ്ണവ്യവസ്ഥയിൽ ജാതികൾക്കിടയിൽത്തന്നെ തൊഴിലടിസ്ഥാനത്തിൽ ഉപവിഭാഗങ്ങൾ ഉണ്ടായിരുന്നു. അന്യോന്യസമ്പർക്കം മൂലം ഉപജാതികൾ തമ്മിൽപോലും ലയിക്കാതിരിക്കുവാൻ ഒന്നിച്ചുള്ള ഭക്ഷണവും വിവാഹവുമൊക്കെ വിലക്കപ്പെട്ടിരുന്നു.

നായർക്കു നമ്പൂതിരിയെ സമീപിക്കാം. പക്ഷെ തൊട്ടുകൂടാ. ഈഴവൻ നമ്പൂതിരിയുടെ മുപ്പതടി അകലെയേ നില്ക്കാവൂ. ചോവൻ നായരുടെ പന്ത്രണ്ടടി അകലെ നില്ക്കണം. നായർസ്ത്രീകൾ ഉയർന്ന ജാതിക്കാരുടെ മുമ്പിൽ മാറു മറച്ചുകൂടാ. ഈഴവസ്ത്രീകളും മറ്റും മാറു മറയ്ക്കുന്നതും ചിലയിനം ആഭരണം ധരിക്കുന്നതും വിലക്കപ്പെട്ടിരുന്നു.

ഉയർന്നവർ അശുദ്ധരാകാതെയിരിക്കുന്നതിന് തങ്ങളുടെ സാന്നിദ്ധ്യം അറിയിക്കുവാൻ താണ ജാതിക്കാർ പ്രത്യേക വാക്ക് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു സഞ്ചരിക്കേണ്ടിയിരുന്നു. തന്മൂലം പൊതുവഴി വിട്ട് ഇടവഴികളും കാടുകളുമേ അവർക്ക് യാത്രക്ക് ഉതകുമായിരുന്നുള്ളൂ.

ക്ഷേത്രങ്ങളിൽ സവർണ്ണർക്കു മാത്രമേ പ്രവേശനം ഉണ്ടായിരുന്നുള്ളു. അയിത്തജാതിക്കാർക്ക് അങ്ങോട്ടുള്ള വഴി പോലും നിഷിദ്ധമായിരുന്നു.

വസ്ത്രധാരണം, ആഭരണങ്ങൾ, സാമൂഹ്യാചാരങ്ങൾ, എന്തിന് ഭാഷ പോലും ഓരോ ജാതിക്കും പ്രത്യേകമായിരുന്നു. "അധമഭാഷ'യായിരുന്നു, താണജാതിക്കാരുടേത്. അന്നൊക്കെ പുലയൻ രാത്രിക്ക് കഞ്ഞികുടിച്ച് വീട്ടിൽ ഉറങ്ങുകയല്ല, ചാത്രിക്ക് കരിക്കാടി മോന്തി മാടത്തിൽ നടു നീർക്കുകയേ ഉള്ളൂ. ജാതിവ്യവസ്ഥയുടെ ചട്ടങ്ങൾ ലംഘിക്കപ്പെട്ടാൽ കഠിനശിക്ഷ ഉറപ്പായിരുന്നു.

താണജാതക്കാരെ അടിമകളായി ഗണിച്ചിരുന്നു. 1855 ലാണ് തിരുവിതാംകൂറിൽ അടിമക്കച്ചവടം നിറുത്തലാക്കിയത്. അതും മിഷനറിമാർ തങ്ങളുടെ അടിമകളെ സ്വതന്ത്രരാക്കിയതിന്റെ പരിണതഫലമായിരുന്നു.

മിഷനറിമാരുടെ സുവിശേഷവേലയും പാശ്ചാത്യവിദ്യാഭ്യാസ പ്രചാരണവും കേരളസമുദായത്തിൽ വൻപരിവർത്തനത്തിന് കാരണമായി. 1865 വരെ തിരുവിതാംകൂറിലെ സർക്കാർ സ്കൂളുകൾ സവർണ്ണർക്കു മാത്രമുള്ളതായിരുന്നു. എന്നാൽ മിഷൻസ്കൂളുകളിൽ അവർണ്ണർക്കു പ്രവേശനം സിദ്ധിച്ചിരുന്നു. സി.എം.എസുകാർ അടിമകളെ വിദ്യാഭ്യസം ചെയ്യിക്കുകവഴി രാജ്യത്തെ നശിപ്പിക്കുന്നുവെന്ന് സുറിയാനിക്രിസ്ത്യാനികൾ പോലും പരാതിപ്പെട്ടിരുന്നു. വിദ്യാഭ്യാസം നേടിയ അടിമകളെ നിയന്ത്രിക്കുക ബുദ്ധിമുട്ടാണെന്നത്രേ അവർ കരുതിയത്.

മിഷനറിമാരുടെയും മറ്റും സ്കൂളുകളിൽ പഠിച്ച് പുറത്തുവന്ന അധഃകൃതർ തന്നെയാണ് ജാതിവ്യവസ്ഥയുടെ ശക്തരായ എതിരാളികളായത്. വിദ്യാഭ്യാസം നേടിയവരുടെയെല്ലാം പ്രതികരണം ഒരുപോലെയായിരുന്നില്ല. ഒരു കൂട്ടർ ജാതിവ്യവസ്ഥ അംഗീകരിക്കുന്ന ഹിന്ദുമതം ഉപേക്ഷിച്ച് മറ്റു മതത്തിൽ ചേർന്നു. ചിലർ മതവിരോധികളായി യുക്തിവാദ പ്രസ്ഥാനത്തിനുതന്നെ കാരണക്കാരായി. ഹിന്ദുമതം യഥാർത്ഥത്തിൽ ജാതിവ്യവസ്ഥ അംഗീകരിക്കുന്നില്ലെന്ന് വാദിച്ച് ഹിന്ദുമതത്തിന്റെ തന്നെ പരിഷ്കരണത്തിനു തുനിഞ്ഞു മറ്റൊരു വിഭാഗം.

അയിത്തജാതിക്കാരുടെ സാമൂഹ്യോന്നമനത്തിന്റെ ആദ്യചലനം സുവിശേഷപ്രവർത്തകരിൽ നിന്നായിരുന്നു. പിന്നോക്കജാതിക്കാർക്ക് പൊതുവഴിയിലൂടെ നടക്കുവാനും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർന്നു പഠിക്കുവാനും മറ്റുള്ളവരെപ്പോലെതന്നെ അവകാശമുണ്ടെന്ന് സമൂഹം പില്ക്കാലത്ത് അംഗീകരിച്ചു. വസ്ത്രധാരണം ആഭരണമണിയൽ മുതലായവയിലുള്ള വിവേചനം അനാവശ്യമെന്ന ബോധം സമൂഹത്തിൽ ക്രമേണ ഉളവായി. അയിത്തത്തിന്റെ പേരിൽ അകറ്റിനിറുത്തപ്പെട്ടവർക്ക് ക്ഷേത്രപ്രവേശനം അനുവദിക്കേണ്ടിവന്നു. സ്ത്രീകൾക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം സർവ്വസമ്മതമായി.

കേരളത്തിൽ താണജാതിക്കാരുടെ ഇടയിൽ ആദ്യമായി സുവിശേഷ പ്രവർത്തനം നടത്തി അവരെ ക്രൈസ്തവമതത്തിൽ സംഘടിതമായി ചേർത്തത് 15-ാം നൂറ്റാണ്ടിൽ ഫ്രാൻസിസ് സേവ്യറുടെ നേതൃത്വത്തിൽ ജസ്യൂട്ട് മിഷനറിമാരാണ്. 19-ാം നൂറ്റാണ്ടാരംഭത്തിൽ എൽ.എം.എസ്, സി.എം.എസ്, ബസൽമിഷൻ പ്രവർത്തകരുടെ വരവോടെയാണ് കേരളത്തിലെ സാമൂഹ്യവ്യവസ്ഥിതി തകിടം മറിച്ച പുരോഗമനപ്രവർത്തനങ്ങൾ ശക്തി പ്രാപിച്ചത്. ക്രിസ്ത്യാനികൾ നടത്തിവന്ന സ്കൂളുകൾക്ക് ഈ പ്രവർത്തനത്തിലുള്ള പങ്ക് പരക്കെ അംഗീകരിക്കപ്പെട്ടതാണ്.

മിഷനറിമാരുമായി ബന്ധം പുലർത്തിയവർ ക്രിസ്തുമതത്തിൽ ആകൃഷ്ടരായി. ക്രിസ്തുവിനെക്കുറിച്ചുള്ള അറിവും വിശ്വാസവും മിഷനറിമാരുടെ പെരുമാറ്റവും ആയിരുന്നു ഇതിനാധാരം. എന്നാൽ അയിത്തജാതിക്കാർ ക്രിസ്തുമതം മാത്രമാണ് സത്യമതം എന്ന ബോദ്ധ്യംകൊണ്ടു മാത്രമല്ല സഭയിൽ ചേർന്നത്. തങ്ങളുടെ സാമൂഹ്യപിന്നാക്കാവസ്ഥയ്ക്ക് പരിഹാര മാർഗ്ഗവും ജീവിതച്ചുറ്റുപാടുകളുടെ ചങ്ങലയിൽ നിന്നുള്ള വിടുതലും ആയി മതപരിവർത്തനത്തെ അവർ കണ്ടു. അന്ന് ജാതിഹിന്ദുക്കളും നസ്രാണികളിൽ ചിലരും മുഖം കറുപ്പിച്ചെങ്കിലും മിഷനറിമാർ മഹൽകൃത്യമാണ് നിർവ്വഹിച്ചതെന്ന് നിഷ്പക്ഷമതികൾ ഇന്നു സമ്മതിക്കും.

എന്നാൽ സഭയ്ക്കുള്ളിൽ പുതുതായി പ്രവേശനം നേടിയവർക്ക് പൂർവ്വികരോടൊപ്പം പൂർണ്ണസമത്വം ആദ്യകാലത്ത് ലഭിച്ചില്ല. ഇന്നും സമത്വം പൂർണ്ണമായിട്ടുമില്ല.

എങ്കിലും അന്ന് സാമൂഹ്യാസമത്വം ഒരളവിൽ ക്രൈസ്തവമതപ്രവേശം കൊണ്ട് പരിഹരിക്കപ്പെട്ടുമായിരുന്നു. അയിത്തം മുതലായ സാമൂഹ്യതിന്മകൾക്ക് ഒരു പരിധി വരെ പരിഹാരമായിരുന്നു അന്ന് ക്രിസ്തുമതാംഗത്വം. വ്യക്തിയുടെ മതവിശ്വാസം മാറിയാൽ അധമസ്ഥിതി പൊയ്പ്പോകും എന്നായിരുന്നു സ്ഥിതി.

അർത്ഥശൂന്യമായിരുന്ന ഒരാചാരത്തെ തങ്ങളുടെ പ്രവൃത്തിയാൽ വിളംബരം ചെയ്തവരുടെ അനന്തരതലമുറ ഇന്ന് മറ്റൊരു തരത്തിൽ സാമൂഹ്യാനീതിക്ക് പാത്രമാകുന്നുണ്ട്. മതപരിവർത്തനം ചെയ്തവർക്ക് അങ്ങനെയല്ലാത്തവർക്കു ലഭിക്കുന്ന സർക്കാരാനുകൂല്യങ്ങൾ ഇന്ന് ലഭിക്കുന്നില്ല. തിരികെപ്പോയാൽ ലഭിക്കുംതാനും. സാമൂഹ്യനീതിക്കായി ഇക്കൂട്ടർ പുതിയ മതംമാറ്റം നടത്തണം പോലും! എന്താണ് നമ്മുടെ ധാർമ്മികനിലവാരം?

വിദേശമിഷനറിമാർ മാത്രമല്ല കേരളത്തിൽ സാമൂഹ്യപരിവർത്തനത്തിന്റെ കാറ്റു വിതച്ചത്. സ്വദേശികളായ ചുരുക്കം ചിലരെങ്കിലും സമുദായാംഗങ്ങളിൽ നിന്നുള്ള എതിർപ്പിനെ മറികടന്ന് അധഃകൃതോന്നമനത്തിന് വഴികാട്ടിയിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ട് പിറന്നുവീഴുന്നതിന് ഏതാനും വർഷം മുമ്പാണ് സംഭവം. കൃത്യമായി പറഞ്ഞാൽ 1895 ഇടവത്തിൽ. ഏതാണ്ട് മൂന്നുമാസം കൊണ്ട് വിശുദ്ധനാടുകൾ സന്ദർശിച്ച് മടങ്ങിയെത്തിയ ഒരാളെ കാണുവാൻ നല്ല ജനക്കൂട്ടമുണ്ടായിരുന്നു. കേരളീയനായ ഒരു മെത്രാപ്പോലീത്താ ആദ്യം വിശുദ്ധനാടു സന്ദർശിക്കുകയായിരുന്നു. വിശുദ്ധ കബറിങ്കലേക്കുള്ള ഭക്തന്മാരുടെ വഴിപാടുകൾ അദ്ദേഹം കൊണ്ടുപോയിരുന്നു. ആ ശ്രേഷ്ഠ ഇടയൻ അന്നത്തെ തലമുറയുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിച്ച പുണ്യദേഹമായിരുന്നു. "കൊച്ചുതിരുമേനി' എന്ന് വിഖ്യാതനായ

ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ. ദീർഘയാത്രക്കു ശേഷം പരുമലയിൽ ദിവ്യകളരിമുറ്റത്തെത്തുമ്പോൾ അദ്ദേഹത്തെ കാണുവാൻ ആളെത്തിയില്ലെങ്കിലേ അത്ഭുതത്തിനവകാശമുള്ളൂ.

വന്നുകൂടിയ ജനങ്ങളോട് ആ പുണ്യാത്മാവ് യാത്രാവിശേഷങ്ങൾ അരുളാതിരുന്നില്ല. അന്നത്തെ ദിവ്യമൊഴികളിലൂടെ പരതുമ്പോൾ കാണാനാകുന്നത് ദൗത്യബോധമുണർന്ന ഒരു യഥാർത്ഥ ക്രിസ്തീയ ഇടയശ്രേഷ്ഠനെയാണ്. ആ ഭക്തവചനം ഇങ്ങനെ:

"... ഈ നാട്ടിൽ ക്രിസ്ത്യാനികളുടെയിടയിൽ മാത്രമല്ല മറ്റു മതക്കാരുടെ ഇടയിലും ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നത് സുവിശേഷപ്രചാരണത്തിന് ഉത്തമമായ മാർഗ്ഗമാണ്. ദൈവാനുഗ്രഹം സിദ്ധിച്ചിട്ടുള്ള മഹാന്മാർ ഇംഗ്ലീഷിലെഴുതിയ പുസ്തകങ്ങളായിരിക്കുമല്ലോ വിദ്യാർത്ഥികൾ സ്കൂളിൽ പഠിക്കുന്നത്. ആ മഹാന്മാർ ക്രിസ്ത്യാനികളാണല്ലോ. അവരുടെ പുസ്തകങ്ങൾ പഠിക്കുമ്പോൾ യഥാർത്ഥമായ ക്രിസ്തീയതത്ത്വങ്ങൾ വിദ്യാർത്ഥികളിൽ വേരൂന്നാതിരിക്കുന്നതെങ്ങനെ? പിന്നെ ഈ വിദ്യാർത്ഥികൾ കേവലം വേഷം കൊണ്ടു തൃപ്തിപ്പെട്ടുവരുന്നുവെന്ന് ഒരു വിശ്വാസം പരന്നു കാണുന്നതിൽ നാം വ്യസനിക്കുന്നു. ഇവർ മതം, സന്മാർഗ്ഗനിഷ്ഠ ഇവയ്ക്കു വിപരീതമായ ഒരു നില അവലംബിക്കുന്നു എന്ന് കേൾക്കുന്നുണ്ടെങ്കിലും അതു നാം തീരെ വിശ്വസിക്കുന്നില്ല. അങ്ങനെ വരികയാണെങ്കിൽ ഈ അഭ്യസനം കൂടിയേ തീരൂ എന്നില്ല. ഈവക പുസ്തകങ്ങൾ പഠിച്ച അനവധി ഇംഗ്ലീഷുകാർ ഇങ്ങനെ ആയിത്തീർന്നില്ലല്ലോ. ഇവിടെ മാത്രം പുസ്തകങ്ങളും അഭ്യസനവും ദോഷകരമായിത്തീരുമോ? ഒരിക്കലുമില്ല. ആയതിനാൽ ഇംഗ്ലീഷ് സ്കൂളുകൾ ഇനിയും സ്ഥാപിക്കണം ...'

പാശ്ചാത്യവിദ്യാഭ്യാസം സാധാരണമായിക്കഴിഞ്ഞിരുന്നില്ല അന്ന്. വിദ്യാഭ്യാസംകൊണ്ടു സന്മാർഗ്ഗനിഷ്ഠ, സ്വഭാവരൂപവല്ക്കരണം എന്നിവ സാധിക്കും എന്ന് പറഞ്ഞുവച്ചിട്ട് അന്നുള്ള പലർക്കും ദഹിക്കാത്ത ചില ആശയങ്ങൾ സാമൂഹ്യപരിഷ്കരണം ലക്ഷ്യമാക്കി അവിടന്ന് ശക്തിയായി ആവർത്തിച്ചു. കാരണം, തുടങ്ങിവച്ച പുരോഗമന നടപടികൾ ശക്തിയായി തുടരേണ്ടിയിരുന്നു. ആ വചസ്സുകൾ ഇങ്ങനെ:

"... ക്രിസ്ത്യാനികളായ നാം ചെയ്യേണ്ടതു് എന്താണെന്നാലോചിക്കാം. ഈ നാട്ടിൽ അജ്ഞാനികളായ, ദാരിദ്ര്യത്തിൽ മുഴുകി പാപം ചെയ്തും കഷ്ടപ്പെട്ടും വസിക്കുന്ന അനവധി ആളുകളുണ്ട്. താഴ്ന്നജാതിക്കാരെന്ന് പറഞ്ഞുവരുന്ന പുലയർ മുതലായവർക്ക് രാജപാതയിൽ കൂടി സഞ്ചാരമോ സമസൃഷ്ടങ്ങളോടുള്ള അടുപ്പമോ സാദ്ധ്യമല്ലാതെയാണിരിക്കുന്നത്. ഈ സാധുക്കൾക്ക് സത്യമായ ദൈവവിശ്വാസം ഉണ്ടാക്കേണ്ടതും അവരുടെ കഷ്ടപ്പാടുകൾ തീർക്കേണ്ടതും അവർക്ക് അറിവുണ്ടാക്കിക്കൊടുത്ത് അവരെ പാപങ്ങളിൽ നിന്നും കുറ്റങ്ങളിൽ നിന്നും രക്ഷിക്കേണ്ടതും നമ്മുടെ

മുഖ്യമായ കർത്തവ്യമാകുന്നു. ഇവരെ ക്രിസ്തുമതത്തിൽ ചേർത്തു് ഇവർക്കു് പ്രത്യേകം പള്ളികൾ തല്ക്കാലം ഉണ്ടാക്കി കൊടുക്കണം. ഇവരുടെ ഇപ്പോഴത്തെ താഴ്ന്ന സ്ഥിതിയിൽ നിന്നും ഇവർ ഉയർന്നു വരുന്നതോടുകൂടി ഇവരെയും നമ്മുടെ പള്ളികളിൽ പ്രവേശിപ്പിച്ചുകൊള്ളാം. പള്ളിക്കൂടങ്ങളും ആദ്യം പ്രത്യേകമായും പിന്നീടു് സാധാരണമായും കൊടുക്കണം. ... ഈ വിഷയത്തിൽ നാം ചെയ്യിട്ടുള്ള ശ്രമം വളരെ വളരെ വർദ്ധിപ്പിക്കാനുണ്ടു്. ഇവരുടെ ഇടയിൽ സുവിശേഷപ്രസംഗങ്ങൾ നടത്തണം.'

അയിത്തവും അടിമത്തവും മൂലം സാമൂഹ്യാസമത്വം അനുഭവപ്പെട്ടുന്നവർക്കു് വിമോചനം കൊടുക്കാൻ ക്രൈസ്തവദൗത്യബോധം കൊടുക്കുകയാണിവിടെ. ഈ വഴിക്കു് നേരത്തെ ചില നീക്കങ്ങൾ സഭാതലത്തിൽ നടന്നുവെന്നു് ഇതിനും മൂന്നുകൊല്ലം മുമ്പു് നിരണം, കൊല്ലം, തുമ്പമൺ മെത്രാസന ഇടവകകളിലെ പള്ളികൾക്കു് തിരുമേനി അയച്ച കല്പനയിൽ നിന്നറിയാം. 1892 കുംഭം 29-ൽ നിരണത്തു നിന്നയച്ച നിർദ്ദേശങ്ങളിൽ വൈദികപ്രതിനിധിസംഘത്തിനു് നിർദ്ദേശിച്ച ചുമതലകൾ ഇങ്ങനെ:

1. സഞ്ചാരപ്രസംഗം
2. പുസ്തകമെഴുത്തും തർജ്ജമയും പ്രസിദ്ധീകരണവും
3. പള്ളിക്കൂടങ്ങളുടെ സ്ഥാപനവും നടത്തിപ്പും
4. വിശ്വാസപരിശീലനം
5. പുറജാതികൾക്കിടയിൽ ഉപദേശം

വൈദികസംഘവും ഇടവകബഹുജനയോഗവും പ്രത്യേകം ശ്രദ്ധിക്കേണ്ടതു് വിദ്യാഭ്യാസവിഷയത്തിലാണെന്നു് അതിൽ തിരുമേനി ഊന്നിപ്പറഞ്ഞു.

"ദൈവികതത്വത്തിലും ലൗകികതത്വത്തിലും പ്രകാശവും ജീവനുമായിട്ടുള്ളതു് പഠിത്തം ... അതിനു സമമായി മറ്റൊന്നുമില്ല. ... മശിഹാ തമ്പുരാൻ ഒന്നാമതായി നടത്തിയതും ശിഷ്യരെ പ്രത്യേകം ഭരമേല്പിച്ചതും പഠിത്തമാണു്... മഹാരാജാവും രാജ്യം മുഴുവനും ഉന്നതനിലയിൽ നടത്തുന്നതും പഠിത്തം തന്നെ.'

ഇതര സഭാവിഭാഗങ്ങളായ റോമാക്കാരും പ്രൊട്ടസ്റ്റന്റുകാരും സെമിനാരികളും പള്ളിക്കൂടങ്ങളും നടത്തിവരുന്ന കാര്യം തിരുമേനി സൂചിപ്പിച്ചു.

പൂർവ്വിക അപ്പസ്തോലിക സഭ എന്ന മഹത്ത്വം കൊട്ടിഘോഷിക്കുന്നതല്ലാതെ യാതൊരു വേലയും ഉപദേശവും നാം ചെയ്യുന്നില്ലെന്ന കുറ്റപ്പെടുത്തലും ആ കല്പനയിലുണ്ടു്. അതിനുള്ള അറിവും ശേഷിയും നമുക്കില്ലെന്ന വാസ്തവം തിരുമേനി വെളിപ്പെടുത്തി. തൽക്കാലസ്ഥിതിയെപ്പറ്റി "നിർജ്ജീവാവസ്ഥ' എന്നാണദ്ദേഹം എഴുതിയതു്. അതിനു കാരണം

വൈദികശ്രേണിയിലുള്ളവരുടെ ഭരണദോഷമല്ലാതെ ആട്ടിൻകൂട്ടത്തിന്റെ കുറ്റമല്ലെന്നും അദ്ദേഹം വിലയിരുത്തി.

തിരുസഭയുടെ ഭരണക്കാരും സഹോദരന്മാരും കൂട്ടുകാരുമായ വൈദികർ കർത്താവിന്റെ വേലയ്ക്കായി ഒരുങ്ങുവിൻ എന്ന് വേദവചനങ്ങൾ ഉദ്ധരിച്ച് തിരുമേനി ഉദ്ബോധിപ്പിച്ചു.

ഈ കല്പനാനന്തരം അക്കൊല്ലം മിഥുനം 30-ന് ഈ കാര്യങ്ങൾക്കായി വൈദികയോഗം ചേർന്നു. തദനന്തരം 1892 കർക്കടകം 23-ന് പരുമലയിൽ നിന്നെഴുതിയ കല്പനയിലും വിദ്യാഭ്യാസത്തിനും സാമൂഹ്യപരിഷ്കരണ ശ്രമങ്ങൾക്കുമുള്ള ഉദ്ബോധനങ്ങൾ കാണാം. അതിങ്ങനെ സംഗ്രഹിക്കാം.

1. എല്ലാ പള്ളികളിലും സ്കൂളുകളിലും ഞായറാഴ്ച തോറും വേദോപദേശവും കൂടിപ്രാർത്ഥനയും നടത്തുക.

2. സഞ്ചാരപ്രസംഗത്തിന് ആളുകളെ തെരഞ്ഞെടുത്തയക്കുക.

3. പുറജാതികളോടു സുവിശേഷമറിയിച്ച് അവരെ മശിഹായിലേക്കു തിരിക്കുക.

4. വിശ്വാസസ്ഥിരതയ്ക്കും അറിവിനും പറ്റിയ പുസ്തകങ്ങൾ തർജ്ജമ ചെയ്തും മറ്റും ഉണ്ടാക്കുക.

ഈവക കാര്യങ്ങൾക്കായി പിടിയരിപ്പിരിവ് പുതുവർഷം മുതൽ ആരംഭിക്കുവാൻ തിരുമേനി കല്പിച്ചു. അതിൽ പകുതി സെമിനാരിക്കും ബാക്കി ഇടവകതലത്തിൽ പഠിത്വത്തിനും പുറജാതികളോടുള്ള ആത്മിയ വേലയ്ക്കും ഉപയോഗിക്കുവാനായിരുന്നു നിർദ്ദേശം.

"നിങ്ങളുടെ ഇടവകയ്ക്കടുത്തുള്ള പുറജാതികളോടു സുവിശേഷം പ്രസംഗിക്കുകയും എളുപ്പത്തിൽ നേടുവാൻ ദൈവം കാണിച്ചു തന്നിട്ടുള്ള പുലയർ, പറയർ, കുറവർ മുതലായ ഹിന്ദുക്കളെ വേദം പഠിപ്പിച്ച് ദൈവത്തിനുള്ളവരായി തീർക്കേണ്ടതിന് അവരോടും പ്രത്യേകം അവരുടെ രക്ഷാധിപന്മാരായ നമ്മിൽ തന്നെയുള്ള ജനത്തോട് ഉപദേശിക്കുകയും വേണം എന്നിങ്ങനെയാണ് കല്പനയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

മലങ്കരസഭയിൽ ഒരു വൈദികസംഘമായി 1888 തുലാം 14-ന് സംഘടിപ്പിക്കുകയും പിന്നീട് 18 വയസ്സു പൂർത്തിയായ പുരുഷന്മാർക്കെല്ലാം അംഗമാകാൻ കഴിയും വിധം പുനഃസംഘടിപ്പിക്കുകയും ചെയ്ത "മലബാർ ത്രിസ്സേസ് ശൂബഹോ സമൂഹം' സാമൂഹ്യപരിഷ്കരണശ്രമങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. സഭയിലെ പ്രഥമ ആദ്ധ്യാത്മികപ്രസ്ഥാനമെന്ന് വിശേഷിപ്പിക്കാവുന്ന ഇതിന്റെ സംഘാടകൻ കോനാട്ട് മാത്തൻ മല്പാൻ ആയിരുന്നു. ഈ സംഘത്തിന്റെ 1892 കന്നിയിൽ ചേർന്ന കോതമംഗലം യോഗത്തിൽ പുറജാതികളുടെ ഇടയിൽ സുവിശേഷവേല

നടത്തി അവരെ സഭയിൽ ചേർക്കണമെന്ന് തീരുമാനമെടുത്തു. ഈ സുവിശേഷവേലയ്ക്ക് മാത്തൻ മല്പാനും എതാനും വൈദികപ്രമുഖരും സ്വമനസ്സാലെ തയ്യാറായപ്പോൾ സമൂഹം സന്തോഷത്തോടെ അവരെ അംഗീകരിച്ചു. ഈ സംഘത്തിന്റെ ശാഖകൾ മാവേലിക്കര, തിരുവല്ല, കോട്ടയം, കുന്നങ്കുളം, മുളന്തുരുത്തി മുതലായ സ്ഥലങ്ങളിൽ ഉണ്ടാകുവാൻ പരുമലത്തിരുമേനി സഹായിച്ചു.

കോതമംഗലംയോഗത്തിനു ശേഷം "മലങ്കര സുറിയാനി സുവിശേഷ സമൂഹം' എന്ന പേരിൽ പ്രവർത്തനമാരംഭിച്ച പ്രസ്ഥാനത്തിന്റെ പരിപാടി സണ്ടേസ്കൂളുകൾ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു. ഈ സ്കൂളുകൾക്ക് ഗ്രാന്റു നല്കുമെന്ന് 1892 മിഥുനം ലക്കം ഇടവകപത്രികയിൽ പരസ്യപ്പെടുത്തി. ഹിന്ദുക്കുട്ടികൾ പഠിക്കുന്നെങ്കിൽ കൂടുതൽ ഗ്രാന്റ് നല്കുമായിരുന്നു.

ഇതിന്റെയെല്ലാം ഫലമായി പലയിടങ്ങളിൽ സ്കൂളുകൾ നടന്നുവന്നു. കല്ലുങ്കത്തറയിൽ 200 ൽ അധികം ഹിന്ദുക്കൾ സഭയിൽ ചേരുകയും അവർക്കു വേണ്ടി 1893-ൽ പള്ളി പണിയുകയും ചെയ്തു. മാന്തുരുത്തേൽ, കണ്ടനാട്ട്, മാന്നാർ, ചെങ്ങന്നൂർ, മല്ലപ്പിള്ളി, പുതുപ്പള്ളി മുതലായ സ്ഥലങ്ങളിൽ പുലയർ പറയർ മുതലായവരെ പരുമലത്തിരുമേനി മാമോദീസാ മുക്കി സഭയിൽ ചേർത്തു.

കേരളത്തിൽ സാമൂഹ്യപരിഷ്കർത്താക്കളായി അറിയപ്പെടുന്ന ശ്രീനാരായണഗുരു, അയ്യങ്കാളി, കേളപ്പൻ, സഹോദരൻ അയ്യപ്പൻ, തുടങ്ങിയവരുടെ പരിശ്രമങ്ങൾക്കു മുമ്പാണ് മാത്തൻ മല്പാനും പരുമലത്തിരുമേനിയും മറ്റും അധഃകൃതോദ്ധാരണാർത്ഥം പ്രവർത്തിച്ചത്. (ശ്രീനാരായണഗുരു 1896-നു ശേഷമേ പ്രശസ്തനായുള്ളു. 1899-ലാണ് പൊതുനിരത്തിലെ സഞ്ചാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ആദ്യമായി അയ്യങ്കാളി പൊതുരംഗത്തെത്തുന്നത്. 1914 ലാണ് കേളപ്പന്റെ പൊതുപ്രവർത്തനം തുടങ്ങുന്നത്. 1917 ലേ സഹോദരൻ അയ്യപ്പൻ പൊതുരംഗത്ത് വന്നുള്ളു. 1920 ലേ അംബേദ്കർ പ്രവർത്തനം തുടങ്ങിയുള്ളു.) ഇവരുടെ പരിശ്രമങ്ങൾ വിലയിരുത്തപ്പെടാതെ പോയതിനു കാരണം അവർ മതപരിവർത്തനം നടത്തിയതാകാം. പക്ഷെ അയിത്തജാതിക്കാർ തങ്ങളുടെ സാമൂഹ്യനില ഉയരുവാൻ സഭാപ്രവേശം പ്രയോജനമുള്ളതായി അന്നു കരുതിയിരുന്നു. അയിത്തജാതിക്കാരുടെ സമ്പർക്കം മൂലം തങ്ങളുടെ സാമൂഹ്യനില അധഃപതിച്ചു പോകുമെന്ന് സഭാംഗങ്ങൾ തെറ്റി ധരിച്ചിരുന്നപ്പോളാണ് ത്യാഗമനസ്സോടെ ഈ സാമൂഹ്യസേവനത്തിന് മുൻപറഞ്ഞവരുടെ നേതൃത്വത്തിൽ മലങ്കരസഭ മുന്നോട്ടു പോയത്. അവർ തെളിച്ച പാതയിലൂടെയാണ് പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി മുന്നോട്ടു പോയതും. സഭയുടെ സാമൂഹ്യപരിഷ്കരണശ്രമങ്ങൾ മതവേലിക്കെട്ടിനു പുറത്ത് വിലയിരുത്തപ്പെടേണ്ടതായുണ്ട്.

പരുമലത്തിരുമേനി സാമൂഹ്യപരിഷ്കരാണാശയം തൊട്ടുത്തുവിട്ട കാലത്തിനോടടുത്ത് മലങ്കരസഭയിൽ മാറ്റത്തിന്റെ കാറ്റ് വീശിത്തുടങ്ങിയിരുന്നു. 1051 ൽ (1876) പുതുപ്പള്ളിയിൽ വികാരി എളന്തുരുത്തിൽ പീലിപ്പോസ് കോറെപ്പിസ്കോപ്പ ( ഇദ്ദേഹം മുളന്തുരുത്തി സുന്നഹദോസിൽ സംബന്ധിച്ചു. സെമിനാരിക്കേസിൽ വാദിഭാഗം രണ്ടാം സാക്ഷിയായി മൊഴി കൊടുത്തു) അടിമകളായ അനേകശതം പുലയരെ സഭയിൽ ചേർത്തു. പത്രോസ് തൃതീയൻ പാത്രിയർക്കീസ് അവരുടെ മാമോദീസ നടത്തി. അവർക്കു പള്ളിക്കൂടവും, ശവമടക്കാൻ സ്ഥലവും ഉണ്ടാക്കിക്കൊടുത്തു. (Z.M.പാറേട്ട്, പുതുപ്പള്ളിപ്പള്ളി, പബ്ലി. ജേക്കബ് മാത്യു, ചെമ്മാരപ്പിള്ളി, 1972. പേ. 208, 209)

പില്ക്കാലത്ത് മലങ്കരസഭയിൽ അധഃകൃതരെ പള്ളിയിൽ കൂട്ടി സമഭാവനയിൽ ആരാധനയിൽ സംബന്ധിപ്പിക്കുന്ന തലത്തിലേക്ക് പുരോഗമനമുണ്ടായി. വടക്കൻ മേഖലയിൽ വേങ്ങൂർ പള്ളിയിലാണ് ഈ മാറ്റം ആദ്യമായി ഉണ്ടായതെന്ന് (1088/1913) റൈറ്റ് റവ. ഗീവറുഗീസ് ആത്തുങ്കൽ കുറുപ്പമ്പടി പള്ളിയുടെ ചരിത്രത്തിൽ പറയുന്നു. ആലിയാട്ടുകുടിയിൽ പൗലോസ് കത്തനാർ, വെമ്പള്ളിയിൽ പൗലോസ് ഉപദേശി, വേങ്ങൂർ പള്ളി കൈക്കാരൻ ആത്തുങ്കൽ വർക്കി ഇട്ടൂപ്പ് എന്നിവരാണ് ഇതിനു ശ്രമിച്ചവർ. അവർ 1090 ൽ (1915) അനേകം അധഃകൃതരെ ക്രിസ്തീയ മാർഗ്ഗത്തിൽ ചേർത്തു. .. അവരുടെ പുരക്കുദാശ നടത്തിക്കൊടുക്കുന്നതിന് .. പട്ടക്കാർ ഉദാസീനത കാണിച്ചെങ്കിലും ഔഗേൻ റമ്പാച്ചൻ .. നടത്തിക്കൊടുത്തു എന്നും അദ്ദേഹം രേഖപ്പെടുത്തി. (റൈറ്റ് റവ. ഗീവറുഗീസ് ആത്തുങ്കൽ, കുറുപ്പമ്പടി പള്ളിയുടെ ചരിത്രം, 1981, Evangelical Association of the East, Press and Publication Committe. പേ.165, 202)

*(തുരുത്തിക്കര മാർ ഗ്രീഗോറിയോസ് ചാപ്പൽ സിൽവർ ജൂബിലി സ്മരണികയിൽ (1994) പ്രസിദ്ധീകരിച്ചത്)*

# 7

# മലങ്കരസഭയിലെ കാതോലിക്കാദിനപ്പിരിവിന്റെ ആരംഭം

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിൽ ഇന്നത്തെ കാതോലിക്കാദിനപ്പിരിവിന്റെ ആരംഭം എന്നായിരുന്നെന്നും അതിന്റെ രീതി എന്തായിരുന്നെന്നും ഈ തലമുറയിലെ പലർക്കും, തൊണ്ണൂറിനു് അടുത്ത് പ്രായമില്ലാത്തവർക്കാർക്കും, നേരിട്ടുള്ള അറിവ് ഉണ്ടാകില്ല. ആദ്യത്തെ 'പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കരനിധി' പിരിവ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്നു. (പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കര നിധി 1110, പ്രസാധകന്മാർ ദിവ്യശ്രീ എം.സി.കുര്യാക്കോസ് കശ്ശീശ ബി.എ., റാവു സാഹിബ് ഒ.എം. ചെറിയാൻ, മലയാളമനോരമ പ്രസ്, കോട്ടയം, 1936)

**ഉള്ളടക്കം**

പത്രത്തിന്റെ അരത്താൾ വലിപ്പത്തിൽ ആണ് ഈ ഗ്രന്ഥം അച്ചടിച്ചിട്ടുള്ളത്. ആദ്യ പേജുകളിൽ പ.അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവ, പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ, പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത എന്നിവരുടെ ചിത്രങ്ങൾ മേനിക്കടലാസിൽ അച്ചടിച്ചിരിക്കുന്നു. ശേഷംപുറങ്ങൾ പത്രക്കടലാസിലാണുള്ളത്. നിധി സെക്രട്ടറിമാരായ റാവു സാഹിബ് ഒ.എം.ചെറിയാൻ ബി.എ.എൽ.റ്റി., (തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പിൽ ചീഫ് ഇൻസ്പെക്ടർ, സഭാഭരണഘടന നിർമ്മാണക്കമ്മറ്റി കൺവീനർ) ദിവ്യശ്രീ എം.സി.കുര്യാക്കോസ് കശ്ശീശ ബി.എ., പാത്താമുട്ടം (പിൽക്കാലത്ത് റമ്പാൻ, 1943 മുതൽ 46 വരെ സമുദായ സെക്രട്ടറി) എന്നിവർ 1111 മേടം 3 ന് എഴുതിയ അവതാരികയും, റാവു സാഹിബ് ഒ.എം.ചെറിയാൻ മലങ്കര സഭാചരിത്രം സംബന്ധിച്ച് എഴുതിയ ലേഖനവും, നിധിപിരിവ് സംബന്ധിച്ച നിർദ്ദേശങ്ങളും ഒരുക്കങ്ങളും ഉൾപ്പെടുത്തി പുറത്തിറക്കിയ ഒൻപതു വിജ്ഞാപനങ്ങളും, പിരിവിനെപ്പറ്റി പുറത്തിറക്കിയ മറ്റൊരു വിജ്ഞാപനവും, പിരിവിനു സന്നദ്ധസേവനം ചെയ്ത ഗ്രൂപ്പ് ലീഡർമാരുടെ റിപ്പോർട്ടുകളും, ഭദ്രാസനം തിരിച്ച് പള്ളികളിൽ നിന്ന് സംഭാവന ചെയ്തവരുടെ ലിസ്റ്റും, ഒരു കാതോലിക്കേറ്റ് നിധി വഞ്ചിപ്പാട്ടും റിപ്പോർട്ടിലുണ്ട്. അവതാരികയിൽ കാതോലിക്കായും മെത്രാന്മാരുമുള്ള ഒരു ഗ്രൂപ്പ് ഫോട്ടോയും, നിധിഭാരവാഹികളും ബാവായും മെത്രാന്മാരും ഉൾക്കൊള്ളുന്ന മറ്റൊരു ഗ്രൂപ്പ് ഫോട്ടോയും ഒന്നാം കാതോലിക്കാ ബാവായുടെ

പൂർണ്ണകായചിത്രവും നിധി ട്രസ്റ്റിമാരുടെയും (കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, എ.എം.വർക്കി, കെ.സി. ചാക്കോ എന്നിവർ) നിധിപിരിവിൽ കാര്യമായി സഹകരിച്ച രണ്ടുപേരുടെ ചിത്രങ്ങളും ഉൾപ്പെടുത്തി. റാവു സാഹിബ് ഒ.എം.ചെറിയാൻ "മലങ്കരസഭ' എന്ന ശീർഷകത്തിൽ എഴുതിയ ലേഖനം, ഒർത്തോദുക്സോ എന്നതാണ് ഈ സഭയുടെ ശരിയായ പേരെന്നും യാക്കോബായ എന്നത് സാരമായ ഒരിടത്തും കാണുകയില്ലെന്നും തെളിയിക്കുന്നു. അതോടൊപ്പം ബാറെ ബ്രായയുടെ സഭാചരിത്രം ആധാരമാക്കി കാതോലിക്കേറ്റിന്റെ ചരിത്രവും മലങ്കരയിലെ കാതോലിക്കേറ്റിന്റെ സ്ഥാപനത്തെപ്പറ്റിയുള്ള വിശദീകരണവും സമർത്ഥമായി വിവരിക്കുന്നു. പ. അബ്ദേദ് മശിഹാ പാത്രിയർക്കീസും ഒന്നാം കാതോലിക്കാ ബാവായും അന്നത്തെ നാലു മെത്രാന്മാരും ഉൾക്കൊള്ളുന്ന ഗ്രൂപ്പ് ഫോട്ടോയും, പ. വട്ടശ്ശേരിൽ തിരുമേനി, തീമോത്തിയോസ് മെത്രാപ്പോലീത്താ, കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ, ഇ.ജെ.ജോൺ എം.എ. ചാക്കോ എന്നിവരുടെ ഫോട്ടോകളും ചേർത്തിട്ടുണ്ട്. അബ്ദുള്ള പാത്രിയർക്കീസ് ബാവ മലങ്കരയിലേക്കു വരുന്നതിലുള്ള ആശങ്കയും മറ്റും വിവരിച്ച് കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ അബ്ദേദ് മശിഹാ പാത്രിയർക്കീസിനയച്ച കത്തിന്റെ ഫോട്ടോയും ഇതിന്റെ കൂടെ ഉണ്ട്.

32 ഗ്രൂപ്പുകളിൽ നിന്ന് 30 ലീഡർമാരുടെ റിപ്പോർട്ടും അവരിൽ പലരുടെയും ഫോട്ടോകളും ചേർത്തിട്ടുണ്ട്. ചില ഗ്രൂപ്പുകൾക്ക് A, B, C വിഭാഗങ്ങൾ ഉണ്ടായിരുന്നു. അഞ്ചൽ, തലവടി ഗ്രൂപ്പുകളുടെ റിപ്പോർട്ട് ലഭിക്കാഞ്ഞതിനാൽ ചേർത്തിരുന്നില്ല. അക്കാലത്തെ പ്രശസ്തരായ സഭാനേതാക്കളുടെ രൂപവും, സഭയെപ്പറ്റിയും അവരുടെ ഗ്രൂപ്പുകളിലെ പള്ളികളെപ്പറ്റിയും ഉള്ള അവരുടെ വിലയിരുത്തലും അതിൽ കണ്ടെത്താം. അക്കാലത്തെ പ്രഗത്ഭരായ സമുദായനേതാക്കളുടെ മുഖങ്ങളാണ് ഗ്രൂപ്പ് റിപ്പോർട്ടുകളിൽ വെളിപ്പെടുന്നത്.

### ഗ്രൂപ്പുകളും ലീഡർമാരും

#### കൊല്ലം ഭദ്രാസനം

കൊല്ലം – റ്റി.ഒ. കോശി വൈദ്യൻ ബി.ഡി. (തിരുവനന്തപുരം ഇടവക – കെ.എം.ജോർജ്ജ് ബി.എ.), കുണ്ടറ – മോടിശ്ശേരിൽ എം.പി. മാത്യൂസ് കശ്ശീശ, ചങ്ങരമ്പള്ളിൽ കെ. ഗീവറുഗീസ് ശെമ്മാശൻ, കൊട്ടാരക്കര – ടി.എസ്. വറുഗീസ് ബി.എ.എൽ.റ്റി. അയിരൂർ, അഞ്ചൽ – പി.സി. അലക്സാണ്ടർ കത്തനാർ, പത്തനാപുരം – എം. ഐപ്പ് ബി.എ.എൽ.റ്റി., കെ.റ്റി. സക്കറിയ ബി.എ., കടമ്പനാട്ട് – റ്റി.ജി. എബ്രഹാം ബി.എ. കടമ്പനാട്ട്, അടൂർ – ഡോ. സി.റ്റി. ഈപ്പൻ എം.എ. ബി.എസ്.സി. പി.എച്ച്.ഡി. അടൂർ, കായംകുളം – സി.ജി. വറുഗീസ് ബി.എ.എൽ.റ്റി.

തിരുവല്ല, മാവേലിക്കര - ജേക്കബ് കുര്യൻ, മാവേലിക്കര.

**തുമ്പമൺ ഭദ്രാസനം**

തുമ്പമൺ - റവ. റ്റി.ജി. കോശി കത്തനാർ എം.എ., പന്തളം - പി.വി. വറുഗീസ് ബി.എ.എൽ.റ്റി., ഓമല്ലൂർ - വി.ജി. തോമസ് ബി.എ.ബി.ഡി., കൈപ്പട്ടൂർ, കൈപ്പട്ടൂർ - കെ.ജി. ചെറിയാൻ ബി.എ.എൽ.റ്റി. പുത്തൻകാവ്, കോന്നി - വി.ജി. ജോർജ്ജ് ബി.എ.എൽ.റ്റി., കൈപ്പട്ടൂർ, കുമ്പഴ - എ.ജി. എബ്രഹാം കത്തനാർ, മൈലപ്ര, റാന്നി - കെ.എ. ഫിലിപ്പ് ബി.എ.എൽ.റ്റി. കോഴഞ്ചേരി (കണക്കിൽ പി.എ. പൈലൊ ബി.എ.എൽ.റ്റി.), അയിരൂർ - ഡബ്ലിയു. സി. ഗീവറുഗീസ് കത്തനാർ ബി.എ.എൽ.റ്റി. ഇടത്വാ, കോഴഞ്ചേരി - റ്റി.എസ്. അബ്രഹാം കത്തനാർ ബി.എ.എൽ.റ്റി. അയിരൂർ, ചെങ്ങന്നൂർ - സി.എം. ജോൺ എം.എ. പുലിയൂർ, പുത്തൻകാവ് - ഫാ. കെ. ഡേവിഡ് ബി.എ.ബി.ഡി. ചന്ദനപ്പള്ളി.

**നിരണം ഭദ്രാസനം**

നിരണം - വക്കീൽ സി.എം. മാത്യൂ തിരുവല്ല, കാർത്തികപ്പള്ളി - കെ.എം. മാമ്മൻ മാപ്പിള തിരുവല്ല, തലവടി - അടങ്ങപ്പുറത്ത് ദിവ്യശ്രീ ബഹനാൻ കത്തനാർ, തിരുവല്ല A - പി.എം. ജേക്കബ് തിരുവല്ല, തിരുവല്ല B - കെ. ജോർജ്ജ് ബി.എ.എൽ.റ്റി. തിരുവല്ല, കവിയൂർ - കെ.എം. സക്കറിയ എം.എ.എൽ.റ്റി. പള്ളം, മല്ലപ്പിള്ളി - എം.കെ. ജോസഫ് ശെമ്മാശൻ, നിലയ്ക്കൽ, പുതുപ്പള്ളി.

**കോട്ടയം ഭദ്രാസനം**

കോട്ടയം A (മാങ്ങാനം) - മാളേയ്ക്കൽ എം.എം. എബ്രഹാം, കോട്ടയം, കോട്ടയം B - കെ.എ. മാത്യൂ ബി.എ.എൽ.റ്റി. ഒളശ്ശ, പള്ളം - വി.സി. മാത്യൂ ബി.എ.എൽ.റ്റി. പുതുപ്പള്ളി, വാകത്താനം - ചെറിയമഠത്തിൽ സ്കറിയ കശ്ശീശ, വൈദികസിമ്മനാരി, കോട്ടയം, പുതുപ്പള്ളി A - പാറേട്ട് മാത്യൂസ് കശ്ശീശ, പുതുപ്പള്ളി B (നിലയ്ക്കൽ പള്ളി) - റ്റി.സി. ഉമ്മൻ ബി.എ.എൽ.റ്റി. പുതുപ്പള്ളി, പുതുപ്പള്ളി C - പി.കെ. വർക്കി, പാമ്പാടി - കെ. പീലിപ്പോസ് ശെമ്മാശ്ശൻ, കോട്ടയം, വാഴൂർ - പി.എം. മാണി, നട്ടാശ്ശേരിയിടം, കോട്ടയം.

ഇതിന്റെ പ്രസിദ്ധീകരണത്തിനും പിരിവിനും അഹോരാത്രം ദീർഘ നാൾ പ്രവർത്തിച്ച നിധി സെക്രട്ടറിമാരുടെ ഒറ്റയ്ക്കുള്ള പടങ്ങൾ ചേർത്തി ട്ടില്ലെന്നത് തെല്ല് അദ്ഭുതത്തോടെ സൂചിപ്പിക്കുന്നത് ഇന്നത്തെ രീതി യോടുള്ള താരതമ്യം കൂടിയാണ്. നിധിപിരിവിന്റെ ചുമതലക്കാരുടെ ഗ്രൂപ്പ് ഫോട്ടോയിൽ മാത്രമേ അവരെ കണ്ടെത്താനാകൂ.

കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം എന്നീ ഭദ്രാസനങ്ങളിലെ പള്ളികളിൽ നിന്ന് പിരിവു തന്നവരുടെ പേരുവിവരം ഗ്രൂപ്പു തിരിച്ചാണ് ചേർത്തിട്ടുള്ളത്. വടക്കൻ ഭദ്രാസനങ്ങളിൽ നിന്നും കേരളത്തിനു പുറത്തു

നിന്നും ലഭിച്ചതിന്റെ പേരുവിവരം പ്രത്യേകം ചേർത്തു.

ഇത്രയും വിശദമായി എഴുതിയതു് ചരിത്രപരമായി പ്രാധാന്യമുള്ള ഈ പ്രസിദ്ധീകരണം അധികം പേർക്ക് ഇന്നു് കാണുവാൻ സൗകര്യമില്ലെന്നു് ഓർത്തിട്ടാണ്.

**സെക്രട്ടറിമാരുടെ അവതാരിക**

ഭരണഘടനയും സമുദായനിധി സംഭരണവും മലങ്കര ഓർത്തോദുക്സോ സഭയുടെ രണ്ടു് അത്യാവശ്യങ്ങളാണ്. 1106 ൽ നിധിസംഭരണത്തെക്കുറിച്ചും അതിനു വേണ്ട വ്യവസ്ഥയുണ്ടാക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും പ്രധാനപട്ടക്കാരും അല്മായരും ഒരുമിച്ച് പ. കാതോലിക്കാബാവാ തിരുമനസ്സിനെ അറിയിച്ചു. സമുദായഭരണഘടനയ്ക്കു മുമ്പ് നിധിക്ക് ഒരു പ്രത്യേക ഭരണക്രമവും കമ്മറ്റിയും ഉണ്ടായാൽ സമുദായ ഭരണചക്രവുമായി ഇണങ്ങാതെ പിണങ്ങിപ്പോയോക്കുമെന്ന ഭയം ബാവ വെളിപ്പെടുത്തി. നിധിസംഭരണതല്പരർ അങ്ങനെ പിൻവാങ്ങി.

ഭരണഘടന പാസ്സായപ്പോൾ പ്രധാനവിഘാതം നീങ്ങിയതിനാൽ താമസം കൂടാതെ നിധിസംഭരണത്തിനുള്ള നിശ്ചയങ്ങൾ ഉണ്ടായി. 1110 ധനു 11 ന് കൂടിയ മാനേജിങ് കമ്മറ്റിയാണ് മലങ്കരസഭയുടെ നിലനില്പിനും പുരോഗതിക്കും ഒരു ധനശേഖരപദ്ധതി അനുവദിച്ചത്.

ഈ പദ്ധതിയുടെ അവതാരകൻ ശ്രീ കെ.സി. മാമ്മൻ മാപ്പിളയും അനുവാദകൻ ഒ.എം. ചെറിയാനും ആയിരുന്നു.

**ധനശേഖരപദ്ധതി**

1. സ്ഥിരമാസപ്പടിയോ ആദായമോ ഉള്ളവരെ നേരിട്ടു കണ്ടോ കത്തിടപാടിലൂടെയോ പണപ്പിരിവിനായി ശ്രീ.കെ. സി.മാമ്മൻ മാപ്പിള, എ.എം. വർക്കി എന്നിവരെയും, (ഇതിലേക്ക് പത്രോസ് മത്തായി, കെ.എം. മാത്തൻ മാപ്പിള, സി.പി. തരകൻ, പി.എ. ജയിക്കബ് എന്നിവരെയും 1111 കുംഭം 9 ലെ കമ്മറ്റി ചേർത്തു) ഒരു ക്ലിപ്തദിവസം സകല സഭാംഗങ്ങളുടെയും ഭവനങ്ങളിൽ ആളുകളെ അയച്ച് ശക്ത്യാനുസരണമുള്ള സംഖ്യ സ്വരൂപിക്കുന്നതിന് വേണ്ട ഏർപ്പാടുണ്ടാക്കുവാൻ ദിവ്യശ്രീ എം.സി. കുര്യാക്കോസ് കശ്ശീശ, റാവു സാഹിബ് ഒ.എം.ചെറിയാൻ എന്നിവരെയും സബ്കമ്മറ്റികളായി നിയമിച്ചു.

2. സബ്കമ്മറ്റികൾ വസൂലാക്കുന്ന തുക ട്രസ്റ്റിമാരായ കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെയും എ.എം. വർക്കി, കെ.സി. ചാക്കോ എന്നിവരുടെയും പേരിൽ അംഗീകരിക്കപ്പെട്ട ബാങ്കുകളിൽ അപ്പപ്പോൾ നിക്ഷേപിക്കും.

3. ഈ സംഖ്യയിൽ 25% ൽ കുറയാത്ത ഒരു സംഖ്യ മിഷനറി ജോലിക്ക് വിനിയോഗിക്കേണ്ടതാണ്. ശേഷമുള്ളതു് കാതോലിക്കാബാവ, മേല്പട്ട

ക്കാർ എന്നിവരുടെ ആവശ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനും പട്ടക്കാർക്ക് ആവശ്യമായ വരവുണ്ടാക്കുന്നതിനും ഒരു വൈദികപാഠശാല സ്ഥാപിച്ചു നടത്തുന്നതിനും സമുദായനിലനില്പിനും പുരോഗതിക്കും ഒഴിവാക്കുവാനാകാത്ത മറ്റാവശ്യങ്ങൾക്കും വിനിയോഗിക്കണം.

4. മേൽവിവരിച്ച തത്ത്വങ്ങൾക്കനുസരണം സംഖ്യ ഇന്നിന്ന പോലെ വിനിയോഗിക്കണമെന്നതിന് മാനേജിങ് കമ്മറ്റിക്ക് ശുപാർശ ചെയ്യുവാൻ മാർ ഗ്രീഗോറിയാസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനും ഫാ. അലക്സിയോസ്, ഫാ. എം.സി. കുര്യക്കോസ്, എ.എം. വർക്കി, കെ.സി. ചാക്കോ എന്നിവർ അംഗങ്ങളായും ഒരു സബ്കമ്മറ്റിയെ വച്ചു. (പിന്നൊരിക്കൽ ഇതിലേക്ക് ടി.എസ്. അബ്രാഹാം കത്തനാരെയും ചേർത്തു)

കമ്മറ്റിനിർദ്ദേശപ്രകാരമോ അതിൽ കുറഞ്ഞതോ ആയ സംഖ്യ അനുവദിക്കുകയോ കമ്മറ്റിനിർദ്ദേശം വിസമ്മതിക്കുകയോ ചെയ്യുവാൻ പരമാധികാരം മാനേജിങ് കമ്മറ്റിക്കുണ്ട്. എന്നാൽ കമ്മറ്റിനിർദ്ദേശങ്ങളിൽ പെടാത്തവയ്ക്ക് സംഖ്യ വിനിയോഗിക്കുന്നതിനോ ശുപാർശയ്ക്കപ്പുറം സംഖ്യ അനുവദിക്കുന്നതിനോ മാനേജിങ് കമ്മറ്റിക്ക് അധികാരമില്ല.

**പിരിവുദിനം**

1110 മേടം 20-ാം തീയതി വെള്ളിയാഴ്ച (1935 മെയ് 3) മോറാൻ മോർ ബസേലിയോസ് പൗലോസ് കാതോലിക്കാ ബാവാ തിരുമനസ്സിലെ ഓർമ്മദിവസം സർവ്വഗൃഹങ്ങളിലും നിന്ന് പിരിവ് നടത്തണം എന്നാണ് തീരുമാനിച്ചത്.

ആദ്യത്തെ കാതോലിക്കേറ്റ് നിധിപ്പിരിവിന്റെ തീയതി (1110 മുപ്പത്തിയാറാം ഞായറാഴ്ച എന്ന്) ശ്രീ Z.M. പാറേട്ട് രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റാണ്. (മലങ്കര നസ്രാണികൾ 5, പേജ് 73-77) 1110 മേടം 20 വെള്ളിയാഴ്ചയായിരുന്നല്ലോ പിരിവ്. റിപ്പോർട്ടിന്റെ പകർപ്പ് (24 X 16 ഇഞ്ച് വലുപ്പത്തിൽ അച്ചടിച്ച കാതോലിക്കാ നിധി നിത്യ റിക്കാർഡ് പുസ്തകം) കണ്ടതുപോലെ തോന്നിപ്പിക്കുന്ന അദ്ദേഹത്തിന് ഈ തെറ്റുപറ്റിയതെങ്ങനെ എന്ന് അദ്ഭുതപ്പെടുന്നു. ആ വർഷം വലിയനോമ്പുവീടൽ മേടം 15 നായിരുന്നു (വിജ്ഞാപനം 7).

നിധിപിരിവിന്റെ ആദ്യനടപടി, അതിനായി കാതോലിക്കാ ബാവ 1935/1110 മകരം 24 ന് കല്പന (നമ്പർ 55) പുറപ്പെടുവിച്ചതാണ്. പിന്നീട് നിധിക്കമ്മറ്റി അദ്ധ്യക്ഷനും ട്രസ്റ്റികളിൽ എപ്പിസ്കോപ്പാ പ്രസിഡണ്ടുമായ കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും 1935/1110 മകരം 26 ന് ഒരു കല്പന (നമ്പർ 294) അയച്ചു. മറ്റു തിരുമേനിമാർ കല്പന അയയ്ക്കുകയും വേണ്ട പ്രേരണ നല്കുകയും യോഗങ്ങൾ വിളിച്ചു ചേർക്കുകയും ചെയ്തു.

നിധിസംഭരണത്തിന് ഓരോ ഇടവകയും നടത്തിയ പ്രവർത്തനങ്ങൾ ഏതാണ്ട് ഇപ്രകാരമായിരുന്നു. ഇടവകയെ വലിപ്പമനുസരിച്ച് വാർഡുകളായി തിരിച്ച് അതിലുൾപ്പെടുന്ന വീടുകളുടെ സെൻസസിന് ആളുകൾ നിയുക്തരായി. അവർ ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര നിധി ഓഫീസിലേക്ക് അയയ്ക്കേണ്ടിയിരുന്നു. ഓരോ വീടിന്റെയും മുഖത്ത് ഒട്ടിക്കുന്നതിന് വികാരിയുടെ പേരിലുള്ള ഒരു നോട്ടീസ് അച്ചടിപ്പിച്ച് ആഫീസിൽനിന്ന് പള്ളികൾക്ക് അയച്ചുകൊടുത്തു. പുരവാതിൽപിരിവ് എന്നാണ് ഇതിനെ വിളിച്ചത്.

പിരിവ് നടക്കേണ്ട മേടം 20 ന് മുമ്പ് ഓർഗനൈസിങ് സെക്രട്ടറി ഏറെ സ്ഥലങ്ങളിൽ പോയി സഭാംഗങ്ങളെ പ്രബോധിപ്പിച്ചു. അദ്ദേഹത്തിന്റെ കൂടെ പല സ്ഥലങ്ങളിലും അതിനായി ക്ഷണിക്കപ്പെട്ട പ്രഗത്ഭരായ കശ്ശീശന്മാരും ശെമ്മാശന്മാരും അന്മേനികളും ഉണ്ടായിരുന്നു. പലരും സെക്രട്ടറിയെ കൂടാതെതന്നെ അത്തരം സന്ദർശനങ്ങൾ നടത്തി. (പി.എം. മാമ്മൻ, പി.എം. ജയിക്കബ്, കെ.റ്റി. സ്കറിയ ബി.എ., എം.സി. കുര്യാക്കോസ് കശ്ശീശ ബി.എ., ഇലഞ്ഞിക്കൽ ഉണ്ണൂണ്ണി, കെ.എ. മാമ്മൻ വക്കീൽ, സി.ജി. വറുഗീസ് ബി.എ.എൽ.റ്റി., കെ.റ്റി. ചെറിയാൻ, എം.എം. അബ്രാഹാം, റവ.ഫാ. ഡേവിഡ് ബി.എ.ബി.ഡി., റവ.ഡീക്കൻ ജോസഫ് എം.എ., ചെറിയമഠത്തിൽ സ്കറിയ മല്പാൻ, വടക്കേടത്ത് ഗീവറുഗീസ് കത്തനാർ, കല്ലട വറുഗീസ് കത്തനാർ, സി.ഒ. ഉമ്മൻ, കൂടത്തുംമുറിയിൽ വറുഗീസ്, കെ.ഐ. വറുഗീസ് മാപ്പിള, ജേക്കബ് കുര്യൻ, കെ.പി. വറുഗീസ് മാപ്പിള, വി.ജി. ജോർജ്ജ് ബി.എ.എൽ.റ്റി., കെ.എം. മാത്തൻ മാപ്പിള ബി.എ., ഇ.ജെ. പീലിപ്പോസ് ബി.എ.ബി.എൽ., ഇടിച്ചാണ്ടിപ്പണിക്കർ, കെ.സി. മാമ്മൻ മാപ്പിള, എ.എം. വർക്കി, കുറ്റിക്കണ്ടത്തിൽ അലക്സന്ത്രയോസ് കത്തനാർ, കുണ്ടറ ഉണ്ണൂണ്ണിത്തരകൻ, കിഴക്കേവീട്ടിൽ ഉണ്ണൂണ്ണി മുതലാളി എന്നീ സമുദായനേതാക്കളാണ് അത്തരം സേവനത്തിൽ ഏർപ്പെട്ടവർ.)

ഈയാവശ്യത്തിന് ഓർഗനൈസിങ് സെക്രട്ടറി മിക്കപ്പോഴും സഞ്ചാരത്തിലായതിനാൽ വിജ്ഞാപനങ്ങളും എഴുത്തുകളും മറുപടികളും തയ്യാറാക്കുകയും ഇടവകകളിൽ എത്തിക്കുകയും ചെയ്യേണ്ട ഭാരം മുഴുവനും ഓഫീസ് സെക്രട്ടറി ദിവ്യശ്രീ എം.സി. കുര്യാക്കോസ് കശ്ശീശ തന്നെ ഭരമേറ്റു. (ഒ.എം. ചെറിയാൻ തന്റെ ഉത്സാഹവും കാര്യനിർവ്വഹണ ശക്തിയും നിധി പിരിവിലേക്ക് തിരിച്ചുവിട്ടു. അവ പകരുന്ന രോഗം പോലെ അടുത്തുചെന്നവരിൽ പകർന്നു. പ്രകൃത്യാ ശാന്തനായ എം.സി. കുര്യാക്കോസ് കശ്ശീശയ്ക്കു് ഒരു തലയെടുപ്പും ചുറുചുറുക്കും അദ്ദേഹം അറിയാതെതന്നെ ഉണ്ടായി എന്ന് ഇസഡ്.എം. പാറേട്ട് എഴുതിയിട്ടുണ്ട് (മല.നസ്രാണികൾ V, പേ.74). ഒ.എം. ചെറിയാന്റെ നിധിപ്രസ്ഥാനത്തിൽ

സഹകരിച്ച് ആപ്പീസിലിരുന്ന് കാര്യങ്ങൾ നടത്തുന്നതിന് സമർത്ഥ നാണെന്ന സമ്മതി സമ്പാദിച്ച എം.സി. കുര്യാക്കോസ് റമ്പാനെ സമുദായ സെക്രട്ടറിയായി നിയമിച്ചു എന്നും അദ്ദേഹം എഴുതി. (ടി. പേ.223) പുരവാതില്ക്കൽ പതിവിനുള്ള നോട്ടീസ് 25,000 പ്രതികളും, രസീതുകൾ 75,000 പ്രതികളുമാണ് ഓഫീസ് സെക്രട്ടറി അയച്ചത്. മുന്നൂറോളം പള്ളി കളും 25,000 വീടുകളും സംബന്ധിച്ച എഴുത്തുകുത്തുകൾ രാപകലില്ലാതെ ചെയ്തു അദ്ദേഹം കിടപ്പിലാകുകപോലുമുണ്ടായി. ഏതാനും ദിവസങ്ങൾ ക്കകം സുഖം പ്രാപിച്ച് പഴയപടി ബദ്ധപ്പെട്ടു. 25,000 ത്തോളം ആളുകളുടെ ലിസ്റ്റ് എഴുതുന്നതിനു മാത്രമേ ശമ്പളത്തിന് ആളെ വച്ചുള്ളു.

തിരുവിതാംകൂറിലെ പള്ളികളെ 32 ഗ്രൂപ്പുകളായാണ് തിരിച്ചിരുന്നത്. ഗ്രൂപ്പുകളിൽ ഒന്നിലധികം പള്ളികൾ ഉൾപ്പെട്ടിരുന്നു. ഏറ്റവും കൂടുതൽ പള്ളികൾ ഉണ്ടായിരുന്നത് (18) കൊല്ലം ഗ്രൂപ്പിലായിരുന്നു.

വളന്റിയർമാർക്ക് നിർദ്ദേശങ്ങളും ചുമതലകളും നിശ്ചയിക്കുക, എല്ലാ വീടുകളിലും പിരിവു നടന്നെന്ന് നിശ്ചയം വരുത്തുക, രസീതു കൊടുക്കുക, പിരിയുന്ന പണം കോട്ടയത്തെത്തിക്കുക എന്നിവയ്ക്കു ഒരോ ഗ്രൂപ്പിനും ലീഡർമാരെ നിശ്ചയിച്ചിരുന്നു. മേടം 1 ന് അവർ ഗ്രൂപ്പുകളിൽ ചെന്ന് പ്രാരംഭക്രമവത്കരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. രണ്ടോ മൂന്നോ പേരൊഴികെ എല്ലാ ലീഡർമാരും അപ്രകാരം ചെയ്തു.

എല്ലാ അച്ചന്മാരും ലീഡർമാരും നാലായിരത്തിലധികം വാളന്റിയർ മാരും ഏകശ്വാസമായി പണിത് എട്ടു മണിക്കൂർകൊണ്ടു 20,000 രൂപ പിരിച്ച് വേറെ ചെലവുചെയ്തു മോട്ടോർ കാറുകളിൽ കോട്ടയത്ത് എത്തിച്ച മഹാപ്രയത്നമാണ് നിധിപിരിവിൽ നടന്നത്.

കൊച്ചിരാജ്യത്തെ പള്ളികളിലും തിരുവിതാംകൂറിന്റെ വടക്കേ അതിരടുത്തുള്ള ഏതാനും പള്ളികളിലും മേടം 20 ന് പിരിവ് നടന്നില്ല. സമുദായകേന്ദ്രത്തിൽ നിന്നുള്ള അകലമായിരുന്നു പ്രധാനകാരണം. 1110 അവസാനം പ്ലേഗ് പടർന്നതും കാരണമായി. വടക്ക് ലീഡർമാർ മുഖേന പിരിവ് അസാദ്ധ്യമെന്ന് കണ്ടതിനാൽ ഓർഗനൈസിങ് സെക്രട്ടറി അവിടങ്ങളിൽ ചെന്നു താമസിച്ച് 1111 തുലാം മുതൽ കുംഭം വരെ പിരിവു നടത്തി. കുന്നംകുളം, വടക്കാഞ്ചേരി, ചേലക്കര, കോട്ടപ്പടി, പറവൂർ, പള്ളി ക്കര, തൃപ്പൂണിത്തുറ, കണ്ടനാട്ട്, മുളന്തുരുത്തി, പിറവം , ആരക്കുന്നം, മാന്തുരു ത്തേൽ എന്നീ ഇടവകകളിലാണ് അദ്ദേഹം ഇക്കാര്യത്തിന് നേരിട്ടു പോയത്. വടക്കുള്ള പല സമുദായനേതാക്കളും ഇതിന് സഹായികളായി കൂടെയുണ്ടായിരുന്നു.

1110 മകരം 1 മുതൽ 1111 മേടം 10 വരെയുള്ള കണക്ക് പ്രസിദ്ധീ കരിച്ചതിൽ വരവ് 19819 രൂപ 13 ചക്രം ഉണ്ടായിരുന്നു. അച്ചടി, സ്റ്റേഷനറി, തപാൽ, യാത്രപ്പടി, ശമ്പളം എന്നിവ അടക്കം 1961 രൂപ 10 ചക്രം 48 കാശ്

ചെലവുണ്ടായി. 17858 രൂപ 2 ചക്രം 16 കാശാണ് നിധിവകയിൽ നേട്ടമുണ്ടായത്.

**വിജ്ഞാപനങ്ങൾ**

നിധിസംഭരണത്തിന്റെ ഒരുക്കങ്ങൾക്കായി 9 വിജ്ഞാപനങ്ങൾ കേന്ദ്രത്തിൽ നിന്ന് അയച്ചു. ഒന്നാമത്തെ വിജ്ഞാപനം 1935/1110 ധനു 19 ന് സെക്രട്ടറി ഒ.എം. ചെറിയാൻ എഴുതി. നിധിസംഭരണത്തിനുള്ള 1110 ധനു 11 ലെ അസോസ്യേഷൻ നിശ്ചയത്തെക്കുറിച്ച് സൂചിപ്പിച്ചിട്ട് പിരിവിൽ സകലരും പങ്കെടുക്കണമെന്ന് അതിൽ അഭ്യർത്ഥിച്ചു. തോൾ കൊടുക്കാഞ്ഞാൽ ഭാരമറിയില്ല; ഭാരമറിഞ്ഞാൽ തോൾ കൊടുക്കും എന്നായിരുന്നു ആഹ്വാനം. കാതോലിക്കേറ്റ് നിധിയിലേക്ക് കാശെങ്കിലും കൊടുക്കാത്ത ഒരു ഗൃഹമോ ആളോ ശേഷിക്കരുതെന്ന് എരിവോടെ അദ്ദേഹം എഴുതി. പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥിരപ്പെട്ട് ബലപ്പെടണമെന്നല്ലാതെ നേതാക്കൾക്കും ഈ പ്രസ്ഥാനം രൂപപ്പെടുത്തിയവർക്കും മറ്റൊരു ലക്ഷ്യവുമില്ലെന്ന് വെളിപ്പെടുത്തി. സഭാംഗങ്ങൾ ഇതു സംബന്ധമായി നിരൂപണങ്ങളും പിശകുകളും ചൂണ്ടിക്കാണിക്കുവാൻ നിർദ്ദേശിച്ചു. പുറംനാടുകളിലും മറ്റും ഒറ്റപ്പെട്ടുകിടക്കുന്നവരെ പിരിവിൽ സംബന്ധിപ്പിക്കുവാൻ അവരെക്കുറിച്ചുള്ള വിവരങ്ങൾ നേതാക്കന്മാർക്ക് ബന്ധപ്പെടത്തക്കവിധം എത്തിക്കണമെന്ന് ആവശ്യപ്പെട്ടു. സാഹചര്യങ്ങൾ നിമിത്തം അന്യോന്യൻ ഭാഗത്തു നില്ക്കുന്നവരും സഹായിക്കണം; അവരും ലേഖനങ്ങൾ അയയ്ക്കണം. സ്ത്രീകൾ ഇതു സംബന്ധമായ ആശയങ്ങൾ എഴുതി അറിയിക്കണം. നമ്മുടെ വീടുകളുടെ സംഖ്യ ഒരു ലക്ഷം; പിരിയേണ്ട സംഖ്യ ഒരു ലക്ഷം എന്ന ലക്ഷ്യമാണ് അതിൽ പ്രഖ്യാപിച്ചത്. "യുവജനങ്ങൾ ഇതിനായി തീ പിടിച്ചു നില്ക്കണം; അച്ചന്മാർ പ്രയത്നിക്കണം' എന്നും ഉദ്ബോധിപ്പിച്ചു. ഇടവകയെ രണ്ടോ നാലോ അംശങ്ങളായി തിരിച്ച് ഗൃഹങ്ങളുടെയും നായകന്മാരുടെയും പേരുകൾ എഴുതി ലിസ്റ്റ് യുവാക്കൾ തയ്യാറാക്കുവാനാണ് നിർദ്ദേശിക്കപ്പെട്ടത്. ഇടവകയിലെ പിരിവ് നിരീക്ഷിക്കുവാൻ ഇടവകക്കാരല്ലാത്ത രണ്ടു പേർ വാളന്റിയർമാരായി ഉണ്ടായിരിക്കണം എന്നും ആവശ്യപ്പെട്ടു.

രണ്ടാം വിജ്ഞാപനം മകരം 15 ന് സെക്രട്ടറിമാർ പുറപ്പെടുവിച്ചു. കാതോലിക്കേറ്റ് നിധി ഓഫീസ് രൂപപ്പെട്ടതായി എഴുതി. പ്രാർത്ഥനായോഗങ്ങൾ, വായനശാലകൾ, മർത്തമറിയം സമാജം ശാഖകൾ, സമുദായം വക സ്ഥാപനങ്ങൾ എന്നിവകൾക്ക് എത്തിക്കുവാൻ പിരിവിനുള്ള വിജ്ഞാപനത്തിന്റെ എത്ര പ്രതികൾ വേണമെന്ന് അച്ചന്മാർ അറിയിക്കണമെന്ന് ഇതിൽ ആവശ്യപ്പെട്ടു. ഇടവകയിൽ പിരിവ് നടത്തുവാൻ വികാരിയുടെ അദ്ധ്യക്ഷതയിൽ 15/20 പേരടങ്ങുന്ന കമ്മറ്റി ഉണ്ടാക്കണം; അതിന്റെ ലിസ്റ്റ് ആഫീസിൽ എത്തിക്കണം; അവർ

ഇടവകയിലെ ഭവനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കണം; ഒരണയ്ക്ക് നാലുവീതം കിട്ടുന്ന കടലാസിന്റെ അരഷീറ്റിൽ മഷികൊണ്ടു് നല്ല കൈപ്പടയിൽ പേരുകൾ പത്തിപത്തിയായി എഴുതണം; രണ്ടുവശവും എഴുതരുത് എന്നി ങ്ങനെ കൃത്യമായ നിർദ്ദേശമാണ് നല്കപ്പെട്ടതു്. 15 ദിവസത്തിനകം 500 പള്ളികളിലെ ഈ ലിസ്റ്റ് ആഫീസിൽ വന്നുചേരണമെന്ന് അറിയിച്ചു. ഈ നടപടിക്ക് പ്രായോഗികപ്രയാസം വരുമോ എന്നറിയാൻ കുഴിമറ്റം ഇടവക യിൽ പരീക്ഷണവും നടത്തിയതായി വിജ്ഞാപനം വെളിപ്പെടുത്തുന്നു.

സെക്രട്ടറിമാരുടെ മൂന്നാം വിജ്ഞാപനം മകരം 23 നായിരുന്നു. അടുത്ത 29 നകം പിരിവിന്റെ ലിസ്റ്റ് വന്നുചേരണമെന്ന് അതിൽ നിർബ്ബന്ധിച്ചു. മേടം 20 രാവിലെ 7 മണി മുതൽ വൈകിട്ട് 4 മണി വരെയുള്ള പരിശ്രമം കൊണ്ടു് മലങ്കരസമുദായം അഭിവൃദ്ധിയുടെ ആധാരം പ്രതിഷ്ഠിക്കണമെന്ന പ്രതീക്ഷ അതിൽ വെളിപ്പെടുത്തി. വാളന്റിയർമാരായി 1500 പേരെ വേണം. അങ്ങനെ പ്രവർത്തിക്കുവാൻ തയ്യാറുള്ളവർ തങ്ങളുടെ മേൽവിലാസം അറിയിക്കണം. ഏതിടവകയിലും പോകുവാൻ അവർ സന്നദ്ധരായി രിക്കണം. പോകുവാൻ സൗകര്യമുള്ള ഇടവകകൾ ഏതെന്ന് അയയ്ക്കുന്ന എഴുത്തിൽ കാണിക്കണം. അതിനുള്ള സാമ്പിൾ ഫാറം അയയ്ക്കുന്നുണ്ടു്. അതിൽ വികാരയച്ചൻ ഒപ്പിട്ടിരിക്കണം. വിഘ്നങ്ങൾ ഉണ്ടാകാതിരിക്കു വാനാണ് ഈ സാക്ഷ്യപ്പെടുത്തൽ. വാളന്റിയർസംഘത്തിലേക്ക് കോളജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, വക്കീലന്മാർ എന്നിവരുടെ പ്രത്യേക ശ്രദ്ധ വേണമെന്ന് സെക്രട്ടറിമാർ അഭ്യർത്ഥിച്ചു. നിധിപിരിവിന്റെ തലേന്ന് വാളന്റിയർമാർ നിർദ്ദിഷ്ട ഇടവകയിൽ ചെല്ലണം. പിരിവിന്റെ ഏർപ്പാടു് അപൂർണ്ണമെന്നു കണ്ടാൽ അവർ ഉണ്ണരുതു്; ഉറങ്ങരുതു്; രാത്രിതന്നെ പിറ്റേന്നത്തെ പരിപാടി നിശ്ചയിച്ച് നിർവ്വഹിക്കണം. പിരിവുകാരോടുകൂടി ഇറങ്ങി നടക്കണം. 20-ാം തീയതി നാലു മണിയോടെ പിരിഞ്ഞ സംഖ്യയുടെ വിവരം കുറിച്ച് വികാരിയുടെയും കമ്മറ്റിക്കാരിൽ ഏതാനും പേരുടെയും ഒപ്പുകളോടെ ആപ്പീസിലേക്ക് അയയ്ക്കണം. പിരിവ് വിജയിപ്പിക്കുന്നതിന് അതതിടവകകളിൽ അത്യാവശ്യം ഉണ്ടായിരിക്കേ ണ്ടവർ വാളന്റിയർമാരാകരുതെന്നും നിർദ്ദേശിച്ചിരുന്നു.

കുംഭം 15 ന് ഇറക്കിയ നാലാം വിജ്ഞാപനം പ്രവർത്തനക്കമ്മറ്റി രൂപീകരിച്ചു കഴിഞ്ഞുള്ള ഘട്ടമായിരിക്കുന്നുവെന്ന് വെളിപ്പെടുത്തി. ഓരോ വീടിന്റെയും നായകന്റെ പേരു് ഓഫീസിൽ കിട്ടണമെന്ന് അറിയിച്ചു. നടപ്പിലായ ഭരണഘടനപ്രകാരം ഇടവകയിലെ ആളുകളുടെ സെൻസസ് എടുക്കേണ്ടതുണ്ടു്. അതിന് ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന ലിസ്റ്റിന്റെ ഒരു പ്രതി പള്ളിയിൽ സൂക്ഷിക്കുന്നതു് നല്ലതാണെന്ന് നിർദ്ദേ ശിച്ചു. വീടിന്റെ പേരു കുറിക്കുവാൻ പോകുന്നവർ വിജ്ഞാപനത്തോ ടൊപ്പം അയയ്ക്കുന്ന അച്ചടിച്ച അറിയിപ്പിന്റെ പ്രതി പുരയുടെ മുൻവശത്ത്

പ്രധാനസ്ഥാനത്ത് പതിക്കണം. പിരിവിനു ചെല്ലുന്ന വിവരവും അറിയിക്കണം. പിരിവ് ആദ്യമാദ്യം ധനവാന്മാരിൽനിന്നല്ല, ദരിദ്രരിൽനിന്ന് വേണമെന്ന് വിജ്ഞാപനം നിർദ്ദേശിച്ചു. (ദരിദ്രരുടെ വിഹിതത്തെക്കാൾ ധനവാന്മാരുടേതു് കവിഞ്ഞതായിയിരിക്കണമെന്ന ചിന്തയായിരുന്നു ഇതിനു പിന്നിൽ.) ദാനസംഖ്യ സ്ഥിരറിക്കാർഡാക്കി സൂക്ഷിക്കുവാനുള്ള ആലോചനയും ഇതിൽ വെളിപ്പെടുത്തിയിരുന്നു.

അഞ്ചാമത്തെ വിജ്ഞാപനത്തിൽ (മീനം 5) പ്രാരംഭനടപടികളെല്ലാം മേടം 5 നകം നടന്നിരിക്കണമെന്ന് നിർദ്ദേശിച്ചു. വീടുകളുടെ ലിസ്റ്റെടുപ്പും അറിയിപ്പിന്റെ പുരവാതില്ക്കൽ പതിപ്പിക്കലും നടത്തേണ്ടതിന്റെ ഓർമ്മപ്പെടുത്തലും അതിൽ ചേർത്തു. കമ്മറ്റിക്കാരുടെയും ഗൃഹനായകരുടെയും ലിസ്റ്റും ഉടൻ അയയ്ക്കണമെന്നും ഓർമ്മിപ്പിച്ചു. ഈ വിജ്ഞാപനം പ്രവർത്തകകമ്മറ്റിയെ നിയമിക്കുവാൻ വൈകിയ പള്ളിക്കാർക്കു മാത്രമേ അയച്ചുള്ളു.

മീനം 12 ന് പുറപ്പെടുവിച്ച ആറാം വിജ്ഞാപനത്തിൽ നിധിപിരിവിനുള്ള കമ്മറ്റിയിൽ 15 വീടിന് 2 പേർ വീതമെങ്കിലും ഉണ്ടാകണമെന്നും ആളുകൾ കുറവുണ്ടെങ്കിൽ കൂടുതൽ പേരെ ചേർക്കണമെന്നും നിർദ്ദേശിച്ചു. ഓരോരുത്തരും കൊടുക്കേണ്ട സംഖ്യ എത്രയെന്നുള്ളത് പലരും ചോദിച്ചു. ധനം കുറഞ്ഞവർക്ക് കുടുംബത്തിൽ ഏറ്റവും അടുത്ത കാലത്ത് കൊടുക്കുകയോ വാങ്ങുകയോ ചെയ്ത സ്ത്രീധനത്തിന്റെ ഇരുന്നൂറിൽ ഒരു ഭാഗം നിധിയിലേക്കു കൊടുക്കേണ്ട തോതായി നിശ്ചയിച്ചിരിക്കുന്നു എന്ന് നിർദ്ദേശിച്ചു. ഇതു് ധനം കുറഞ്ഞവർക്കു മാത്രമാണ് ബാധകമായിരിക്കുക. മേടം 20 ന് ഇടവകയിൽനിന്ന് ഇന്ന സംഖ്യ കിട്ടുമെന്നുള്ള കണക്ക് 10 ദിവസത്തിനകം അറിയിക്കണമെന്ന് അഭ്യർത്ഥിച്ചു. അച്ചടിച്ച രസീതുകൾ സകലർക്കും കൊടുക്കത്തക്കവിധം അയയ്ക്കും; രസീതു കിട്ടാതെ പണം കൊടുക്കരുതു്; വാങ്ങുകയുമരുതു് എന്ന് കർശനമായി പറഞ്ഞിരുന്നു. സംഭാവന തന്നവരുടെ പേരുവിവരമുള്ള പുസ്തകം ഓഫീസിൽ സൂക്ഷിക്കത്തക്കവിധം പള്ളിക്ക് അയയ്ക്കും; കാതോലിക്കാബാവ, മെത്രാപ്പോലീത്താമാർ എന്നിവരുടെ ആഫീസിലും അതു് സൂക്ഷിക്കും; ഒരു രൂപയോ അതിലധികമോ കൊടുക്കുന്നവരുടെ പേരു് ഇടവക തിരിച്ച് രേഖപ്പെടുത്തിയ പുസ്തകം ഉണ്ടാക്കും എന്നീ കാര്യങ്ങളും ഇതിൽ വെളിപ്പെടുത്തി.

മീനം 29 ലെ ഏഴാം വിജ്ഞാപനത്തിൽ വീടുകളുടെ ലിസ്റ്റും വാഗ്ദാന ലിസ്റ്റും അയച്ചുതരാത്ത പള്ളിക്കാരുള്ളതിൽ മനസ്താപിച്ചു. ഇതുവരെ അയയ്ക്കാത്തവർ അവ രണ്ടും ഒരുമിച്ച് അയയ്ക്കണമെന്ന് നിർദ്ദേശിച്ചു. സുറിയാനി സഭയിൽ ജനിച്ചു വളർന്ന ഒരുവൻ പോലും ഒന്നും കൊടുത്തില്ലെന്നു വരരുതു്; വെള്ളിനാണയം – രൂപ – വേണം കൊടുക്കുവൻ എന്നൊക്കെ നിർദ്ദേശിച്ചു. മേടം 10 നു മുമ്പ് വീടുകളുടെ സംഖ്യ കിട്ടണം; അതിനു

നുസരിച്ച് വേണം രസീതുകൾ അയയ്ക്കുവാനെന്നും പറഞ്ഞു. നോമ്പു വീടുന്നത് മേടം 15-ാം തീയതിയാണ്. അതു മുതൽ പിരിവു നടക്കേണ്ട വെള്ളിയാഴ്ച വരെ ഇടവകകളിൽ നാടകം, അടിയന്തിരം, വർഷസമ്മേളനം യാതൊന്നുമരുത് എന്നും ആഹ്വാനം ചെയ്തു. മേടം 19 നു തുടങ്ങേണ്ട വിദ്യാർത്ഥിസമ്മേളനം മാറ്റിവച്ചത് അനുകരണോചിതം എന്ന് രേഖ പ്പെടുത്തി. യുവജനങ്ങളുടെ ചുമതല ഓർമ്മിപ്പിച്ച പ്രയോഗം ഇങ്ങനെ: "യുവജനങ്ങൾ തീ പിടിച്ച് തികന്നുനിന്ന് എല്ലാ വിഷയങ്ങളിലും ദൃഷ്ടി പതിപ്പിച്ച് സർവ്വകാര്യങ്ങളും സാധിക്കണം'. ഓരോ പള്ളിക്കാർക്കും പകർപ്പ് എത്തിച്ചുകൊടുക്കത്തക്കവിധം ഈ വിജ്ഞാപനത്തിന്റെ പകർപ്പുകൾ ലീഡർമാർക്കാണ് അയച്ചത്.

മേടം 7 ന് എട്ടാം വിജ്ഞാപനം പുറത്തുവന്നു. അന്യ ഇടവക കളിൽനിന്ന് പിരിവുകാര്യത്തിന് ആളുകൾ വരണമെന്ന് നിർബ്ബന്ധം വരുന്നുണ്ട്. ഇവിടെനിന്ന് ആളുകളെ നിയമിച്ച് അയയ്ക്കുന്നുണ്ട്. ഓരോ ഇടവകയ്ക്കും ഓരോ ആളെ ലഭിക്കുവാൻ പ്രയാസമാകയാൽ പത്തുപന്ത്രണ്ട് ഇടവകകളെ ഗ്രൂപ്പായി തിരിച്ച് ഒരു ഗ്രൂപ്പിന് ഒരു ലീഡറെയാണ് അയച്ചിരിക്കുന്നത്. ലീഡർക്ക് സഹായികളെ വയ്ക്കുവാൻ അനുവാദമുണ്ട്. ലീഡർ ആരെന്നത് ബന്ധപ്പെട്ട വികാരിമാരെ അറിയിച്ചിട്ടുണ്ട്. ലീഡർമാർ ഉള്ളതുകൊണ്ട് സ്ഥലത്തുള്ളവർക്ക് ഭാരം കുറഞ്ഞുവെന്ന് തെറ്റിദ്ധരി ക്കരുതെന്ന് പ്രത്യേകം ഉപദേശിച്ചു. തുമ്പമൺ ഭദ്രാസനത്തിൽ മെത്രാ പ്പോലീത്താ തിരുമനസ്സ് ചട്ടംകെട്ടിയവർ ലീഡർമാരെ സഹായിച്ചു പ്രവർത്തിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. 37 ഗ്രൂപ്പുകളായാണ് ഭദ്രാസന ങ്ങളെ തിരിച്ചിരുന്നത്. തിരുവനന്തപുരം ഗ്രൂപ്പിൽ ആ പള്ളി മാത്രമാണ് ഉണ്ടായിരുന്നത്. ലീഡർമാരുടെ ലിസ്റ്റിൽ കത്തനാർമാരും ഉണ്ടായിരുന്നു.

മേടം 9 ന് അയച്ച ഒൻപതാം വിജ്ഞാപനം ലീഡർമാർക്ക് രസീതുകളും സംഭാവന തരുന്നവരുടെ പേരുകൾ എഴുതുവാനുള്ള നമ്പരിട്ട അച്ചടി ഷീറ്റുകളും അയച്ചുകൊണ്ടുള്ളതായിരുന്നു. എങ്ങനെ രസീതെഴുതണം; അച്ചടിഷീറ്റിൽ പേരും രസീതു തുകയും എപ്രകാരം ചേർക്കണം എന്നെല്ലാം വിശദമായി ഇതിൽ വിവരിച്ചിരുന്നു. വാർഡുകളിൽ നിന്നുള്ള പിരിവ് വികാരിമാർ അഥവാ പ്രധാനികൾക്ക് ചെന്നുചേരണം; അവർ തുക ഒത്തുനോക്കണം; പണവും രസീതുകുറ്റിയും അച്ചടിഷീറ്റും റിപ്പോർട്ടും ബലമുള്ള സഞ്ചിയിലോ കോടിക്കുറിയിലോ കെട്ടണം; ആ കെട്ടിന്റെ കെട്ടിന് മുദ്ര വയ്ക്കണം; അതിന് ചരടും കോലരക്കും അയയ്ക്കുന്നുണ്ട്; ആ കെട്ടിൽ ലീഡറോടു വാങ്ങിയ എല്ലാ രസീതുകുറ്റികളും ഉപയോഗിക്കാത്ത രസീതുകളും ഉണ്ടായിരിക്കണം; ഒരു പള്ളിക്ക് ഒരു ഭാണ്ഡം മതി തുടങ്ങിയ നിർദ്ദേശങ്ങളും നല്കിയിരുന്നു. തയ്യാറായ കെട്ടുകൾ ലീഡർക്ക് എത്തി ക്കണം; ലീഡർ ഓരോ കെട്ടും ഏതു് ഇടവകയുടേതെന്ന് എഴുതി കെട്ടിൽ

ളുക്കണം; ആ കെട്ടുകൾ എത്രയും വേഗം എം.ഡി. സിമ്മനാരിയിൽ എത്തിക്കണം; വെള്ളിയാഴ്ച 4/5 മണി മുതൽ കെട്ടുകൾ എത്തണം; പിറ്റേന്ന് ശനിയാഴ്ച 3 മണിക്കു മുമ്പ് കെട്ടുമായി വന്നുചേരാത്ത ലീഡർ ഉണ്ടാകരുത് എന്നിങ്ങനെ കർശനവും വ്യക്തവുമായ അറിയിപ്പാണ് നല്കിയത്. ലീഡർമാരുടെ പക്കലേക്ക് പിരിവ് കൊണ്ടുപോകുന്നവർ വിശ്വസ്തരായിരിക്കണമെന്ന് പ്രത്യേകം സൂചിപ്പിച്ചു. നിധിപിരിവിൽനിന്ന് ഒരു കാശെങ്കിലും ചോദിക്കുവാൻ ഒരുവനും അവകാശമില്ല; നിധിയിൽ നിന്ന് ചെലവ് ചെയ്യുവാൻ ലീഡർക്ക് അർഹതയില്ല; അത്യാവശ്യം വേണ്ട പണം ലീഡർക്ക് അയച്ചുകൊടുക്കും എന്നെല്ലാം അറിയിച്ചിരുന്നു.

ഈ വിജ്ഞാപനം കിട്ടുന്നതുമുതൽ പണവും മറ്റുമായി തിരികെ പോരുന്നതുവരെ ഗ്രൂപ്പ് ലീഡർമാർ ഗ്രൂപ്പുകളിൽതന്നെ താമസിക്കണമെന്നായിരുന്നു നിർദ്ദേശം.

നിധിപ്പണം പോസ്റ്റൽ സേവിങ്സ് ബാങ്ക്, ഇംപീരിയൽ ബാങ്ക് ഇവയിൽ നിക്ഷേപിക്കുമെന്നും വ്യക്തമാക്കിയിരുന്നു.

മേടം 25 ന് പുറപ്പെടുവിച്ച പത്താം വിജ്ഞാപനം ആദ്യമായി നടത്തിയ നിധിപിരിവിന്റെ ആവേശകരമായ നടത്തിപ്പിന്റെ യഥാതഥ വർണ്ണന ഉൾക്കൊള്ളുന്ന റിപ്പോർട്ടാണ്. ലീഡർമാർ ഇടവകകളുടെ ആത്മികനില, സൺഡേസ്കൂൾ, അച്ചന്മാരുടെ ആത്മികലൗകികാവസ്ഥ, സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള വിദ്യാഭ്യാസ സൗകര്യം, അത്മായരുടെ സമുദായ ഭക്തി, പള്ളിക്കെട്ടിടങ്ങളുടെ രീതി, പുതിയ പള്ളികളുടെ ആവശ്യം, ഉദ്ധാരണമാർഗ്ഗങ്ങൾ എന്നിങ്ങനെ എഴുതണമെന്നുള്ളതെല്ലാം വിവരമായി റിപ്പോർട്ട് എഴുതണം; തിരുമേനിമാരുടെ സന്ദർശനം ആവശ്യമെങ്കിൽ അതും സൂചിപ്പിക്കണം; ഈ റിപ്പോർട്ടുകൾ ബാവാ തിരുമനസ്സിലേക്കു സമർപ്പിക്കും; അത് ഇടവം 15 ന മുമ്പ് കിട്ടിയിരിക്കണം എന്നിങ്ങനെ അറിയിച്ചിരുന്നു.

അഞ്ചൽ, തലവടി ഗ്രൂപ്പുകളുടേതൊഴികെ 30 ഗ്രൂപ്പ്ലീഡർമാരുടെ ഇത്തരം റിപ്പോർട്ടുകൾ ലീഡർമാരുടെ ചിത്രങ്ങളോടെ നിധിയുടെ ഈ പ്രസിദ്ധീകരണത്തിൽ ചേർത്തിരുന്നു. കശ്ശീശന്മാർ ശെമ്മാശന്മാർ, ബിസിനസുകാർ, അദ്ധ്യാപകർ, വക്കീലന്മാർ, തറവാട്ടുകാരണവന്മാർ, പ്ലാന്റർമാർ, പത്രാധിപന്മാർ, ഉദ്യോഗസ്ഥന്മാർ എന്നുവേണ്ട ജീവിതത്തിന്റെ നാനാതുറകളിൽപെട്ടവർ അക്കൂട്ടത്തിൽ ഉണ്ട്. സഭയെക്കുറിച്ചുള്ള അവരുടെ കരുതലും കാഴ്ചപ്പാടും പുരോഗമനനിർദ്ദേശങ്ങളും എല്ലാം ആ റിപ്പോർട്ടുകളിലുണ്ട്.

**ഭദ്രാസനം തിരിച്ചുള്ള പിരിവ്**

കൊല്ലം 4057 രൂപ 12 ചക്രം 8 കാശ്, തുമ്പമൺ 5031 രൂപ 3 ചക്രം 3

കാശ്, നിരണം 5455 രൂപ 15 ചക്രം 11 കാശ്, കോട്ടയം 4583 രൂപ 22 ചക്രം 8 കാശ്, വടക്കൻ ഇടവകകൾ 674 രൂപ 27 ചക്രം 8 കാശ്.

കാതോലിക്കാദിനപ്പിരിവ് ഒന്നാം കാതോലിക്കാബാവായുടെ ഓർമ്മ ദിവസത്തിൽ നിന്ന് പിൽക്കാലത്ത് നോമ്പിന്റെ മുപ്പത്തിയാറാം ഞായറാഴ്ചയിലേക്കു മാറ്റി. നിധി സെക്രട്ടറിയായിരുന്ന എം.സി. കുര്യാക്കോസ് കശ്ശീശാ 1944 ൽ സമുദായസെക്രട്ടറിയായിരിക്കുമ്പോഴാണ് ഈ മാറ്റമുണ്ടായത്. അദ്ദേഹത്തിന്റെ മുൻഗാമി എ.എം. വർക്കി ഇത് ആസൂത്രണം ചെയ്തിരുന്നുവെങ്കിലും നടപ്പിലാക്കിയത് കുര്യാക്കോസ് കശ്ശീശായാണ്. ഒരു പക്ഷെ നോമ്പുകാലത്തെ ജനങ്ങളുടെ പള്ളിഹാജർ വർദ്ധന കണക്കിലെടുത്താകാം മാറ്റം വരുത്തിയത്. അതിനു തൊട്ടു മുമ്പ് 1943 ൽ മുപ്പത്തിയാറാം ഞായറാഴ്ച സെമിനാരിദിനമായി ആഘോഷിക്കുവാൻ കാതോലിക്കാബാവ കല്പന പുറപ്പെടുവിച്ചിരുന്നു.

ഇപ്പോഴത്തെ പിരിവിന്റെ ഒരുക്കവും യഥാർത്ഥപിരിവും നടക്കുന്നത് പള്ളി മാനേജിങ് കമ്മറ്റിയുടെ ചുമതല കൈമാറ്റം നടക്കുന്നതിനിടയിലാണ്. അതിനാൽ പഴയ കമ്മറ്റിക്കാർക്കും പുതിയവർക്കും പരസ്പരം പഴി ചാരി ഒഴിഞ്ഞുമാറുവാനുള്ള പഴുതുണ്ടെന്ന് പറയുന്നവരുണ്ട്. ആരു മാറിയാലും വികാരി മാറുന്നില്ലല്ലോ എന്ന് സമാധാനം പറയുന്നവരുമുണ്ട്. ജനപങ്കാളിത്തമില്ലെങ്കിലും കുഴപ്പമില്ല; വൈദികാധിപത്യം മതി എന്ന ചിന്തയാകാം ഈ ആശ്വസിക്കലിനു കാരണം. ആദ്യപിരിവിലെ ജനപങ്കാളിത്തത്തിന്റെ ശക്തിയും പ്രയോജനവും മനസ്സിൽ വയ്ക്കേണ്ടതാണെന്നു തോന്നുന്നു.

പ്രഥമ കാതോലിക്കാനിധി പിരിവിന്റെ ഈ റിപ്പോർട്ട് കണ്ടപ്പോൾ അന്നത്തെ അമ്മേനിമാരുടെ സഭയോടുള്ള താല്പര്യവും സഭയ്ക്കായി കഷ്ടപ്പെടുന്നതിൽ അവർക്കുണ്ടായിരുന്ന ആവേശവും അത് പ്രയോജനപ്പെടുത്തുന്നതിൽ വൈദികശ്രേണിയിലുള്ളവരുടെ സഹകരണവും എത്ര മാതൃകാപരമായിരുന്നു എന്ന ചിന്തയാണ് മനസ്സിൽ ഉണർന്നത്. ഇന്ന് അമ്മേനിമാരുടെ പങ്കാളിത്തം വേണ്ടപോലെ ഇല്ലെന്നതിന് കാരണം അവരുടെ ഉത്സാഹക്കുറവോ അവരെ പങ്കെടുപ്പിക്കുന്നതിലുള്ള വിമുഖതയോ എന്ന് തുറന്ന മനസ്സോടെ വിമർശനം ചെയ്യണം. വൈദികകേന്ദ്രീകൃതവും സ്ഥാപനാത്മകവും മാത്രമായ പ്രവർത്തനശൈലി സാധാരണ ജനങ്ങളെ സഭയിൽ നിന്ന് അകറ്റും എന്ന സത്യം ഏവരും കരുതേണ്ടതുണ്ട്.

*സ്ലീബാപ്പള്ളി പാത്താമുട്ടം വെരി.റവ.എം.സി.കുര്യാക്കോസ് റമ്പാൻ-ചരമസുവർണ്ണജൂബിലി സുവനീറിൽ (2008) പ്രസിദ്ധീകരിച്ചത്*

# 8

# മലങ്കരസഭയിലെ നവീകരണശ്രമങ്ങളും കോനാട്ട് അബ്രഹാം മല്പാനും പാലക്കുന്നത്ത് മത്യൂസ് അത്താനാസ്യോസും

*എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച മാവേലിക്കര പടിയോല എന്ന ഗ്രന്ഥത്തിൽ കോനാട്ട് അബ്രഹം മല്പാൻ എന്ന ശീർഷകത്തിൽ ചേർത്ത ലേഖനം*

മലങ്കരസഭയെ നവീകരണപാതയിലേക്ക് കൊണ്ടുപോകണമെന്ന ഇംഗ്ലീഷ് മിഷനറിമാരുടെ നീക്കങ്ങളെ എതിർത്ത് പാരമ്പര്യ സത്യ വിശ്വാസപാതയിൽ ഉറപ്പിച്ചു നിറുത്തുവാനുള്ള യത്നത്തിൽ സുപ്രധാന നേതൃത്വം നൽകിയ ദേഹമാണ് കോനാട്ട് അബ്രഹാം മല്പാൻ.

കോനാട്ട് മല്പാന്മാരുടെ പൂർവ്വികതറവാട് പിറവത്തിനടുത്തുള്ള മാമ്മലശ്ശേരിയിലാണ്. ശക്രുള്ള ബാവായുടെ കീഴിൽ അഭ്യസിച്ച കോനാട്ട് മല്പാൻ മാമ്മലശ്ശേരിയിൽ ഒരു പഠിത്തവീട് സ്ഥാപിച്ചു.[1] മുൻകാലത്തെ ഒരു കോനാട്ട് യാക്കോബ് മല്പാൻ തിരുവാങ്കോട്ട് പള്ളിയിൽ കബറട ങ്ങിയതായി (1766?) പറയപ്പെടുന്നു. ആറാം മാർത്തോമ്മായാണ് അദ്ദേഹത്തെ അവിടേക്ക് അയച്ചത്. പരമഭക്തനായിരുന്ന ഈ മല്പാന് രോഗശാന്തിവരമുണ്ടായിരുന്നതായും കുലശേഖരപുരത്ത് പേയ്ബാധയിൽ നിന്ന് ഒരു സ്ത്രീയെ സുഖപ്പെടുത്തിയതായും പറയപ്പെടുന്നു. സ്ത്രീയുടെ കാരണവർ ഈ പുണ്യാത്മാവിന് ജ്ഞാനിയാർപൊറ്റ (താപസക്കുന്ന്) എന്ന സ്ഥലത്ത് ഒരു ദേവാലയം പണിയുവാൻ അഞ്ചേക്കർ സ്ഥലവും നിർമ്മാണത്തിനുള്ള ധനവും ഏല്പിച്ചു. അവിടെ മല്പാന് പിൻഗാമിയില്ലാതെ വന്നതിനാൽ ദേവാലയവും സ്ഥലവും അന്യാധീനത്തിലായത്രേ.[2]

മാമലശ്ശേരിൽ കോനാട്ട് ഉണ്ണിട്ടൻ കത്തനാരുടെ സഭാപ്രവർത്തന ങ്ങളെപ്പറ്റി ആത്തുങ്കൽ ഗീവറുഗീസ് കോർ എപ്പിസ്കോപ്പ കുറുപ്പമ്പടി പ്പള്ളി ചരിത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.[3] ലഭ്യമായ ചരിത്രത്തിൽ കോനാട്ടു കുടുംബത്തിലെ 17-ാമത് മൽപ്പാൻ ഗീവറുഗീസ് കത്തനാരുടെ (+ 1822) അനന്തരവനായ പാമ്പാക്കുട ഇട്ടൂഞ്ചേരിൽ (പരീക്കമോളേൽ) അബ്രഹാം (ഉണ്ണിട്ടൻ) കത്തനാരുടെ കാലത്താണ് കോനാട്ട് മല്പാൻഭവനം പാമ്പാ ക്കുടയിലേക്കു പറിച്ചു നട്ടത്.

അബ്രഹാം മല്പാന്റെ മുൻഗാമിയുടെ മരണപത്രത്തിൽ ഇങ്ങനെ കാണുന്നു: "... എന്റെ കുടുംബത്തിൽ എന്റെ അനന്തരവനായിരിപ്പാൻ പട്ടമേൽപ്പിക്കുന്നതിന് യോഗ്യരായ പൈതങ്ങളില്ലാത്തതുകൊണ്ട് എന്റെ പെങ്ങളെ കെട്ടിച്ചയച്ചിരിക്കുന്ന ഇട്ടഞ്ചേരി കുടുംബത്തിൽനിന്ന് എന്റെ പെങ്ങളുടെ മകനായ നിന്നെ ഞാൻ ഇവിടെ കൊണ്ടുവന്ന് പാർപ്പിച്ചു. എന്റെ കുടുംബത്തിൽപെട്ട ഒരു സന്തുവും തറവാട്ടുകാരനും എന്റെ പിറകാലെയുള്ള മകനുമാക്കി നിശ്ചയിച്ചിട്ട് ശമ്മാശപ്പട്ടവും കത്തനാരു പട്ടവും ഏൽപ്പിച്ചതുകൊണ്ട് എന്റെ പിറകാലെയുള്ള അനന്തരവനായിട്ട് കോനാട്ട് അബ്രഹാം കത്തനാരെന്ന് വിളിക്കപ്പെടണമെന്നും ... താൻ മുഖാന്തരം തന്റെ ചേട്ടനും സന്തതിക്കും ഈ കുടുംബപ്പേരു തന്നെ യായിരിക്കട്ടെ ... കോനാട്ടു കുടുംബത്തിൽ പട്ടക്കാരനായ 17-ാമത്തവനായ ഞാൻ ഒന്നാമനായിട്ട് ഞാൻ തന്നെ ഏർപ്പെടുത്തുകയും ചെയ്തതുപോലെ തന്റെ കുടുംബത്തിന് യോഗ്യമായ പൈതലിനെ തെരഞ്ഞെടുത്ത് പഠിപ്പിച്ച് പട്ടം കൊടുപ്പിച്ച് മുടക്കം കൂടാതെ നടന്നുകൊള്ളുകയും വേണം.'[4]

ഈ അബ്രഹാം മല്പാൻ (1780-1865) പാമ്പാക്കുടയിൽ മാർ യോഹന്നാൻ ശ്ലീഹായുടെ നാമത്തിൽ പള്ളി പണിതു് മാമലശ്ശേരി മാർ മിഖായേൽ പള്ളിയിൽ നിന്ന് ഇടവക പിരിഞ്ഞു.

പാമ്പാക്കുട പള്ളിയുടെ ശിലാസ്ഥാപനം 1824 ഒകേടോബർ 11 ന് നടത്തിയതു് പുന്നത്ര മാർ ദീവന്നാസ്യോസ് ആയിരുന്നു. അദ്ദേഹത്തിന് വട്ടിപ്പണത്തിന്റെ അഞ്ചു വർഷത്തെ പലിശ ഒന്നിച്ചു കിട്ടിയതിൽ നിന്ന് 2000 രൂപ ഈ പള്ളിപണിക്കായി നൽകി. ആംഗ്ലിക്കൻ മിഷനറിമാരായ ബേക്കർ, ബെയിലി, ഫെൻ എന്നിവരും 200 രൂപ വീതം ധനസഹായം നൽകി. ദേവാലയം ആങ്ഗ്ലിക്കൻ മാതൃകയിൽ പണിയണം എന്ന താല്പര്യമായിരുന്നു മിഷനറിമാർക്ക്. പുന്നത്ര മാർ ദീവന്നാസ്യോസിനു ശേഷം മലങ്കരമെത്രാനായ ചേപ്പാട്ട് മാർ ദീവന്നാസ്യോസും പള്ളിപണിക്ക് ധനസഹായം നൽകി.

പള്ളിസ്ഥാപകൻ 1863 ഒക്ടോബർ 28 ന് മരണമടഞ്ഞ ശേഷം അദ്ദേഹത്തിന്റെ ഓർമ്മദിനത്തിനാണ് ഇവിടത്തെ പ്രധാന പെരുന്നാൾ ഇപ്പോൾ കൊണ്ടാടുന്നതു്.

മാമലശ്ശേരി കോനാട്ട് ഗീവറുഗീസ് മല്പാന്റെ കാലശേഷം അബ്രഹാം മല്പാനെ മലങ്കരമല്പാനായി പ്രഖ്യാപിച്ചതു് പുന്നത്ര മാർ ദീവന്നാസ്യോസ് ആയിരുന്നു. ഇദ്ദേഹം കോട്ടയം സെമിനാരി അദ്ധ്യാപകനായി പ്രവർത്തിച്ചിരുന്നു.

ആദ്യത്തെ മലയാള വേദശാസ്ത്രഗ്രന്ഥം രചിച്ച പണ്ഡിതനാണ് അബ്രഹാം മല്പാൻ. മലയാളഭാഷയിലുള്ള ഈ രചന 1860 ലാണ്. വിശ്വാസം, ആചാരം, പാരമ്പര്യം, അനുഷ്ഠാനം തുടങ്ങിയവയെപ്പറ്റി ചോദ്യോത്തര

രൂപത്തിലാണ് എഴുതിയത്. സുറിയാനിഗ്രന്ഥങ്ങളിലെ ആശയങ്ങൾ ലളിതമായ മലയാളത്തിൽ ചേർത്തിരിക്കുന്ന ഈ ഗ്രന്ഥം മല്പാന്റെ ഇരുഭാഷയിലുമുള്ള പാണ്ഡിത്യത്തിന്റെ തെളിവാണ്. ഇദ്ദേഹം നമസ്കാര പുസ്തകത്തിലെ വേദപുസ്തകസൂചനകൾ കണ്ടെത്തി ഗ്രന്ഥരൂപത്തിലാക്കിയിട്ടുമുണ്ട്. നല്ല ഒരു ഗ്രന്ഥശേഖരം ഇദ്ദേഹത്തിനുണ്ടായിരുന്നു.

വൈദികവിദ്യാഭ്യാസം നൽകിയിരുന്ന മല്പാന്മാർ മലയാളത്തിലേക്ക് നമസ്കാരക്രമങ്ങളും വേദപുസ്തക സങ്കീർത്തനഭാഗങ്ങളും തർജ്ജമ ചെയ്ത് ഉപയോഗിച്ചിരുന്നവ ശിഷ്യന്മാരും മറ്റും പകർത്തി അവിടവിടെ ഉപയോഗിച്ചിരുന്നുവെന്ന് കരുതുവാൻ തക്ക തെളിവുകൾ ചരിത്രത്തിൽ കാണാം. ആങ്ഗ്ലിക്കൻ മിഷനറിമാർ ബുക്ക് ഓഫ് കോമൺ പ്രെയർ മലയാളത്തിലാക്കി അച്ചടിക്കുന്നതിനു മുമ്പ് സെമിനാരി മല്പാന്മാർ തർജ്ജമ ചെയ്ത മലയാളത്തിലുള്ള പ്രാർത്ഥനക്രമം പലയിടത്തും ഉപയോഗിക്കപ്പെട്ടിരുന്നുവെന്നാണ് തോന്നുന്നത്. ഇത്തരം ഒരു നമസ്കാരക്രമം കോനാട്ട് അബ്രഹാം മല്പാൻ സെമിനാരിയിൽ വച്ച് 1820 ൽ തർജ്ജമ ചെയ്ത് എഴുതിയുണ്ടാക്കിയത് കോനാട്ട് ഗ്രന്ഥശേഖരത്തിലുണ്ട്. ഇത്തരം കൈയെഴുത്ത് പ്രതികൾ ഭവനങ്ങളിലും ഉപയോഗിച്ചിരുന്നു. അത്തരത്തിൽ ഒന്ന് കോനാട്ട് മല്പാന്മാരിലൊരാളുടെ സഹോദരൻ ഉപയോഗിച്ചിരുന്നതും കോനാട്ട് ലൈബ്രറിയിൽ കാണാനുണ്ട്. അച്ചടി പ്രചാരത്തിൽ വരുന്നതിനു മുമ്പ് അക്ഷരജ്ഞാനമുള്ളവർ പുസ്തകങ്ങൾ പകർത്തിയെഴുതിയാണല്ലോ സ്വന്തമാക്കിയിരുന്നത്.

ആങ്ഗ്ലിക്കൻ മിഷനറിമാരുമായുള്ള മലങ്കരസഭയുടെ ബന്ധം പുരോഗമിക്കുമ്പോൾ കോനാട്ട് അബ്രഹാം മല്പാന്റെ സജീവസാന്നിദ്ധ്യവും ഇടപെടലും ശ്രദ്ധയിൽ പെടും.

1816 മെയ് 8 ന് സി.എം.എസിലെ ആദ്യമിഷനറി റവ. തോമസ് നോർട്ടൻ ആലപ്പുഴയിൽ വന്നു. ജൂൺ 19 ന് കോട്ടയത്തും. നവമ്പറിൽ ബെഞ്ചമിൻ ബെയിലി വന്നു. മലബാറിലെ പുരാതനസഭയ്ക്ക് നാശം വരുത്തുന്നതൊന്നും ചെയ്യരുതെന്നായിരുന്നു മിഷനറിമാർക്ക് സി.എം.എസ്. കൊടുത്ത നിർദ്ദേശം.[5]

മാർത്തോമ്മാ 8-ാമന് വട്ടിപ്പണത്തിന്റെ പലിശ രണ്ടാമത് നൽകുന്നതിനെപ്പറ്റി പുലിക്കോട്ടിൽ റമ്പാനും പള്ളിക്കാരിൽ ചിലരും മൺറോയ്ക്ക് 1811 ൽ പരാതി നൽകിയിരുന്നു. മലങ്കര മെത്രാനെ ഏല്പിക്കേണ്ട വട്ടിപ്പണത്തിന്റെ നാലു കൊല്ലത്തെ പലിശ, പുലിക്കോട്ടിൽ റമ്പാനെ 988 /1813 മകരത്തിൽ ഏല്പിച്ചതിനെത്തുടർന്നുണ്ടായ പ്രശ്നം പരിഹരിക്കപ്പെടുന്നതിന്റെ ഭാഗമായുംകൂടിയാണല്ലോ 1815 മാർച്ച് 22 ന് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാനായത്. തൊഴിയൂർ പീലക്സീനോസ് അഞ്ചുരു വച്ചാണ് അദ്ദേഹത്തെ വാഴിച്ചത്. 1816 ഫെബ്രു. 2 /991 മകരം 21 ൽ

തത്സംബന്ധമായ വിളംബരം ഉണ്ടായി. 1816 നവ. 25 (992 വൃശ്ചി. 12) ന് അദ്ദേഹം ചരമം പ്രാപിച്ചു.

തുടർന്ന് മിഷനറി നോർട്ടൻ, റസിഡണ്ട് മൺട്രോയെ കണ്ട് തൊഴിയൂർ പീലക്സീനോസ് ആണ് പറ്റിയ പിൻഗാമി എന്ന് നിർദ്ദേശിച്ചു. കത്തനാർ മാരുടെ പൊതുസമ്മതം ആരാഞ്ഞു വേണ്ടതു ചെയ്യുവാൻ റസിഡണ്ട് സമ്മതിച്ചു. ഇക്കാര്യം ആലോചിക്കുവാൻ നോർട്ടൻ പീലക്സീനോസിനെ ആലപ്പുഴയിൽ വിളിച്ചുവരുത്തി, മിഷനറിമാരുമായി സഹകരിച്ചുപോകു വാൻ വേണ്ട വ്യവസ്ഥകൾ നിർദ്ദേശിച്ചു. അതു സമ്മതിച്ചതിനാൽ പീലക്സീനോസിന് അധികാരം നൽകി.

അതേത്തുടർന്ന് 1817 ജനു. 7 (992 ധനു 26) ൽ തൊഴിയൂർ കിടങ്ങൻ പീലക്സീനോസിനെ മെത്രാനായി അംഗീകരിച്ച് രാജവിളംബരം ഉണ്ടായി.

മിഷനറിമാർക്ക് വേണ്ടത്ര സഹായം നൽകുവാൻ പീലക്സീനോസിന് പ്രായാധിക്യത്താൽ പ്രാപ്തിയില്ലാത്തതിനാൽ അർക്കദിയാക്കോനായ പുന്നത്ര കത്തനാരെ മെത്രാനായി വാഴിച്ച് ആയാസകരമായ ജോലികൾ അദ്ദേഹത്തെ ഏല്പിക്കണമെന്ന് മിഷനറിമാർ ശുപാർശ ചെയ്തു.

993 തുലാം 7 (1817 ഒക്. 18) ന് പുന്നത്ര (ഗീവർഗീസ് / കുര്യൻ) ദീവന്നാ സ്യോസ് മെത്രാനായി. (1817 ഒക്. എന്ന് ബ്രൗൺ, 993 തുലാം 26 എന്ന് ഇട്ടൂപ്പ്. 1819 /995 തുലാം എന്ന് ഇ.എം. ഫിലിപ്പ്.) 1818/ 993 ധനു 18 ന് അംഗീ കാരവിളംബരം ഉണ്ടായത്രേ. 1825 മെയ് 17 (1000 ഇടവം 5) ന് ഇദ്ദേഹം കോളറാ മൂലം കാലം ചെയ്തു.

പുന്നത്ര ദീവന്നാസ്യോസും മിഷനറിമാരുമായി സൗഹാർദ്ദമായിരുന്നു. നസ്രാണിവിശ്വാസാചാരങ്ങളിൽ ഇടപെടരുതെന്ന ധാരണ മിഷനറിമാർ അന്ന് മാന്യമായി പാലിച്ചിരുന്നു. മിഷനറിമാർക്കും കുടുംബാംഗങ്ങൾക്കു മായി കർമ്മം നടത്തുവാൻ നസ്രാണിപ്പള്ളികളിൽ മിഷനറിമാരെ അനുവ ദിച്ചിരുന്നു. (അക്കാലത്ത് റോമൻസഭയിലെ വൈദികരെയും ഇപ്രകാരം അനുവദിച്ചിരുന്നു.) ഇതു മിഷനറി ആരാധനയോ ഉപദേശങ്ങളോ സ്വീകരിപ്പിക്കുവാനായിരുന്നില്ല. ആഗതരായ മിഷനറിമാരിൽ ഒരാൾ സെമിനാരിതലവനും ഒരാൾ മെത്രാനോടൊപ്പം സഹമാനേജരുമായി.

പക്ഷേ, ഇപ്പോൾ നവീകരണസഭാവിഭാഗം പുന്നത്ര ദീവന്നാസ്യോ സിന്റെ സൗഹാർദ്ദമനോഭാവത്തെ വിലയിരുത്തുന്നത് എങ്ങനെയെന്ന തിന് ചില ഉദാഹരണങ്ങൾ നോക്കുക: "മലങ്കരസഭയിൽ നവീകരണ ത്തിന് മുന്നോടിയായിരുന്നവരിൽ എന്തുകൊണ്ടും പ്രാധാന്യം അർഹി ക്കുന്നവരാണ് പുന്നത്ര മാർ ദീവന്നാസ്യോസും താഴത്ത് പുന്നത്ര ചാണ്ട പ്പിള്ള കത്തനാരും. സഭയുടെ ദുഃഖസ്ഥിതിയെപ്പറ്റി വ്യാകുലപ്പെട്ടുകയും ഒരളവിലെങ്കിലും ശുചീകരിച്ച് സഭയെ പുതുക്കുകയും ചെയ്യണമെന്ന് അബ്രഹാം മല്പാനെപ്പോലെ (പാലക്കുന്നത്ത്) ചിന്തിക്കുകയും പ്രവർ

ത്തിക്കുകയും ചെയ്തു മറ്റു പലരുമുണ്ട് ... പുന്നത്ര ദീവന്നാസ്യോസ് അതിനായി ശ്രമിച്ച ഒരു മഹൽ വ്യക്തിയായിരുന്നു."[6]

"മിഷനറിമാരുടെ ഉത്സാഹം മൂലം .. സഭയിൽ നിലവിലിരുന്ന മൂഢവിശ്വാസങ്ങളെയും ദുരാചാരങ്ങളെയും പറ്റി അനേകം വ്യക്തികൾക്ക് ഒരു പുതിയ ദർശനം ഉണ്ടായി. സഭയെ ശുചീകരിക്കേണ്ടതിനെപ്പറ്റി ബോധവാന്മാരായി. ഇതിൽ മുൻകൈയെടുത്തത് പുന്നത്ര മാർ ദീവന്നാസ്യോസ് തിരുമേനിയായിരുന്നുവെന്നത് പലർക്കും അറിഞ്ഞുകൂടാ."[7]

"994 വൃശ്ചികമാസത്തിൽ കോട്ടയത്തിനു തെക്കുള്ള പള്ളികളുടെ ഒരു പ്രതിനിധിയോഗം മാവേലിക്കര വിളിച്ചുകൂട്ടുകയും ... സഭയിൽ വന്നിട്ടുള്ള തെറ്റായ ഉപദേശങ്ങളെയും ആചാരങ്ങളെയും കുറിച്ച് ഫെൻ സായ്പ് യോഗത്തിൽ പ്രസംഗിക്കുകയുമുണ്ടായി. ഏതെല്ലാം കാര്യങ്ങളിൽ നവീകരണം ആവശ്യമുണ്ടെന്ന് ചർച്ച ചെയ്തു ശുപാർശ ചെയ്യുന്നതിനായി ആറു വൈദികരെ ഒരു കമ്മറ്റിയായി മെത്രാപ്പോലീത്താ നിശ്ചയിക്കുകയും ചെയ്തു. .. കലമണ്ണിൽ കെ.ഇ. ഉമ്മനച്ചൻ പറഞ്ഞതുപോലെ നവീകരണത്തിന്റെ അടിസ്ഥാനക്കല്ലിട്ടത് എബ്രഹാം മല്പാനല്ല, പുന്നത്ര മാർ ദീവന്നാസ്യോസ് തിരുമേനിയാണെന്ന് മനസ്സിലാക്കാം."[8]

ഇതെല്ലാം മലങ്കരയിൽ നവീകരണവിഭാഗം വാസ്തവത്തിൽ രൂപം കൊണ്ടതിനു ശേഷമുള്ള കാലത്ത് പഴയകാലസംഭവങ്ങളെ തെറ്റായി വിലയിരുത്തുന്ന രീതിക്ക് ഉദാഹരണമാണെന്നല്ലാതെ യഥാർത്ഥമല്ല.

1818 ൽ മാവേലിക്കര പള്ളിയോഗത്തിന്റെ അദ്ധ്യക്ഷവേദിയിൽ മെത്രാനോടൊപ്പം ബെയിലി, ഫെൻ എന്നീ മിഷനറിമാർ ഇരുന്നു. മലങ്കരസഭയുടെ പള്ളിയോഗത്തിൽ മുഖ്യസ്ഥാനത്ത് അവരെ ഇരുത്തിയതു് ആതിഥ്യമര്യാദയുടെ മകുടോദാഹരണമാണ്. നിർഭാഗ്യവശാൽ അത്തരം നടപടികൾ വിദേശികൾ കലാകാലങ്ങളിൽ മുതലെടുത്തിട്ടുണ്ട്. നസ്രാണി ആരാധനകളും കർമ്മങ്ങളും വേദപുസ്തകാനുയോജ്യമോ എന്ന് പരിശോധിച്ച് നവീകരിക്കുന്നതിന് മെത്രാനോടു ചേർന്നു പ്രവർത്തിക്കുവാൻ കത്തനാർസംഘത്തെ നിയോഗിക്കണമെന്ന് ഫെൻ അവിടെ അഭിപ്രായപ്പെട്ടു. (മിഷനറിമാരിൽ അതൃപ്തി വളരുകയായിരുന്നു. കന്യക മറിയാം പുരുഷനെ അറിയാത്ത നിത്യകന്യകയായിരുന്നു എന്ന് മെത്രാൻ ശക്തിയായി വാദിച്ചതു് ശരിയായിരിക്കാം എന്ന് ഫെൻ സമ്മതിച്ചെങ്കിലും വിവാഹജീവിതത്തെക്കാൾ അവിവാഹജീവിതമാണ് ഉത്തമമെന്ന് വാദിച്ചത് ഫെൻ സമ്മതിച്ചുകൊടുത്തില്ല എന്ന് രേഖയുണ്ട്.[9] ഫെൻ വച്ച നിർദ്ദേശത്തെ കോനാട്ട് അബ്രഹാം മല്പാൻ തുറന്ന് എതിർത്ത് നവീകരണത്തിനെതിരേ ശക്തമായ നിലപാടെടുത്തു.

പുന്നത്ര (ഗീവർഗീസ് / കുര്യൻ) ദീവന്നാസ്യോസിന്റെ പിൻഗാമിയെ തെരഞ്ഞെടുക്കുന്നതിൽ മിഷനറിമാർ ചരടുവലി നടത്തിയെന്നാണ്

തോന്നുന്നത്. (പുലിക്കോട്ടിൽ അവർക്ക് സമ്മതനായിരുന്നു. തുടർന്ന് തൊഴിയൂർ പീലക്സീനോസിനെ അംഗീകരിപ്പിക്കുന്നതിലും അവരുടെ താല്പര്യം കാണാം. പുന്നത്ര ദീവന്നാസ്യോസും ആദ്യം മിഷനറിമാർക്ക് സമ്മതനായിരുന്നു.) മിഷനറിമാർക്കു സമ്മതനല്ലാത്ത ഒരാൾ പിൻഗാമി യായി വരുന്നത് ഒഴിവാക്കാൻ അവർ ശ്രമിക്കുകയും ഒരാളെ രംഗത്ത് കൊണ്ടുവരികയുമുണ്ടായി. തെക്കരും വടക്കരും ഓരോരുത്തരെ കൊണ്ടു വന്നു. സ്ഥാനാർത്ഥികൾ മൂന്നു പേരുണ്ടായി എന്നും, കോനാട്ട് അബ്രഹാം മല്പാൻ, ചേപ്പാട്ട് പീലിപ്പോസ് കത്തനാർ, അടങ്ങപ്പുറത്ത് യൗസേപ്പ് കത്തനാർ, എരുത്തിക്കൽ മർക്കോസ് കത്തനാർ ഇങ്ങനെ നാലു പേരു ണ്ടായിരുന്നുവെന്നും രേഖകളുണ്ട്. പുന്നത്ര ദീവന്നാസ്യോസിന്റെ നാല്പ തടിയന്തിരത്തിന് കോട്ടയം ചെറിയ പള്ളിയിൽ വച്ചായിരുന്നു തെര ഞ്ഞെടുപ്പ്. (പള്ളിക്കരയിൽ വച്ചായിരുന്നു പള്ളിയോഗവും തെരഞ്ഞെടുപ്പും എന്ന് ചിലർ പറയുന്നു.) കുറിയിട്ട് തീരുമാനിക്കാമെന്ന് നിശ്ചയിച്ച് കുറിയിട്ടപ്പോൾ ചേപ്പാട്ട് പീലിപ്പോസ് കത്തനാർക്കാണ് കുറി വീണത്. തർക്കം മൂലം കുറിയിടൽ വീണ്ടും നടത്തി. ചേപ്പാടനു തന്നെ വീണ്ടും കുറി വീണു.

1825 ആഗ.27 (1001 ചിങ്ങം 15 ന്) ചേപ്പാട്ട് പീലിപ്പോസ് കത്തനാരെ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി തൊഴിയൂർ പീലക്സീനോസ് വാഴിച്ചു. (വാങ്ങിപ്പു പെരുന്നാളിന് പള്ളിക്കര വച്ചായിരുന്നു വാഴ്ച എന്ന് ചിലർ പറയുന്നു.) തൊഴിയൂർ പീലക്സീനോസിന്റെ മരണശേഷം 1004 കുംഭം 30 ന് പുതിയ വിളംബരം ഉണ്ടാകുന്നതുവരെ പീലക്സീനോസിന്റെ സഹായി എന്ന നിലയ്ക്കാണ് അദ്ദേഹം ഭരണം നടത്തിയത്. 1829 ഫെബ്രു. 5 (1004 മകരം 5) ന് തൊഴിയൂർ പീലക്സീനോസ് കാലം ചെയ്തു. 1004 കുംഭം 30 ന് ചേപ്പാട്ട് പീലിപ്പോസ് ദീവന്നാസ്യോസിനെ അംഗീകരിച്ച് രാജകീയ വിളംബരമുണ്ടായി.

മിഷനറിമാർക്ക് വേണ്ടത്ര സഹായം നൽകുവാൻ പീലക്സീനോസിന് പ്രായാധിക്യത്താൽ പ്രാപ്തിയില്ല; അതിനാൽ അർക്കദിയാക്കോനായ പുന്നത്ര കത്തനാരെ മെത്രാനായി വാഴിച്ച് ആയാസകരമായ ജോലികൾ അദ്ദേഹത്തെ ഏല്പിക്കണമെന്ന് നേരത്തേ ശുപാർശ ചെയ്ത മിഷനറിമാർ, ഒമ്പതു വർഷം കഴിഞ്ഞപ്പോൾ, മുമ്പ് അപ്രാപ്തനെന്ന് വിലയിരുത്തിയ ആളെ സ്ഥാനത്തുതന്നെ ഇരുത്തി പുതുതായി തെരഞ്ഞെടുക്കപ്പെട്ടയാളെ സഹായിയായി ഒതുക്കിയത് എന്തുകൊണ്ടായിരിക്കാം? തെരഞ്ഞെടുപ്പിന്റെ ബാക്കിപത്രമെന്ന് തോന്നാം. പക്ഷേ മിഷനറിതാല്പര്യം തള്ളിക്കളയാമോ? മിഷനറിമാരോടും ദീവന്നാസ്യോസിനോടും ഐക്യമില്ലാത്തവർ അക്കാ ലത്ത് സഭയിൽ ഉണ്ടായിരുന്നു.

ഈ സാഹചര്യത്തിലാണ് മാർ അത്താനാസ്യോസ് അബ്ദ്മ്ശിഹ്

എന്ന മെത്രാൻ പാത്രിയർക്കീസിന്റെ നിയോഗപ്രകാരം എന്ന് അവകാശ പ്പെട്ട് 1000 (1825) വൃശ്ചികം 3 ന് (1001 വൃശ്ചികം 3?) കൊച്ചിയിൽ വന്നത്. മാർത്തോമ്മാ 7, 8 എന്നിവരുടെ കാലത്തോ, പുലിക്കോട്ടിൽ ദീവന്നാ സ്യോസ്, തൊഴിയൂർ പീലക്സീനോസ്, പുന്നത്ര ദീവന്നാസ്യോസ് എന്നിവരുടെ കാലത്തോ ഉന്നയിക്കപ്പെടാതിരുന്ന, ശരിയായ കൈ വെപ്പിന്റെയും പാത്രിയർക്കീസിന്റെ അധികാരത്തിന്റെയും പേരിൽ പുതിയ തർക്കങ്ങൾ ഉണ്ടായി. മെത്രാന്മാരുടെ ചുവപ്പുകുപ്പായം വലിച്ചുകീറും; വീണ്ടും പട്ടം കൊടുക്കും എന്നെല്ലാം മാർ അത്താനാസ്യോസ് അവകാശ പ്പെട്ടു. പാത്രിയർക്കീസിന്റെ സ്ഥാത്തിക്കോനുള്ളയാൾ എന്ന പ്രചാരണം ചില കോളിളക്കങ്ങൾ ഉണ്ടാക്കി. കോനാട്ട് അബ്രഹാം മല്പാനും ഇടവഴി ക്കൽ പീലിപ്പോസ് കത്തനാരും അക്കൂട്ടത്തിൽ പെട്ടു. കണ്ടനാട്, കരി ങ്ങാച്ചിറ, തുടങ്ങി അഞ്ചു വടക്കൻപള്ളിക്കാർ അദ്ദേഹത്തെ കാണുവാൻ കൊച്ചിയിൽ ചെന്നു. റസിഡണ്ടിനെ കണ്ട് നിലവിലുള്ള മെത്രാന്മാരെ നീക്കണം; തനിക്കു വിളംബരം കിട്ടണം എന്നെല്ലാം മാർ അത്താനാ സ്യോസ് ആവശ്യപ്പെട്ടു. രണ്ടും അംഗീകരിക്കാതെ പള്ളികൾ സന്ദർ ശിക്കുന്നതിനു മാത്രം അംഗീകാരം നൽകി. അതനുസരിച്ച് മാർ അത്താനാ സ്യോസ് കോട്ടയത്തെത്തി. അദ്ദേഹത്തിനും കൂടെ വന്ന റമ്പാച്ചനും കോട്ടയം സെമ്മിനാരിയിൽ പോകുന്നതിനും ഭക്ഷണത്തിനും മറ്റുമുള്ള ചെലവ് കരിങ്ങാച്ചിറ, കണ്ടനാട്, മുളന്തുരുത്തി, പറവൂർ, കുറുപ്പമ്പടി പള്ളിക്കാർ വഹിക്കണമെന്ന് കോനാട്ട് അബ്രഹാം മല്പാനും മറ്റും നിർ ദ്ദേശിക്കുകയുണ്ടായി.

ഇവിടത്തെ മെത്രാന്മാരെ വിളിച്ചിട്ട് അവർ വരാതിരുന്നതിനാൽ അവരെ അത്താനാസ്യോസ് മുടക്കി. കോട്ടയത്തു നടന്ന പള്ളിക്കാരുടെ യോഗത്തിൽ വച്ച്, പീലക്സീനോസിനെയും ദീവന്നാസ്യോസിനെയും തിരസ്കരിക്കുകയും തന്നെ സ്വീകരിക്കുകയും ചെയ്യുന്ന രേഖയിൽ പള്ളി ക്കാർ ഒപ്പിടണമെന്ന് അത്താനാസ്യോസ് നിർബ്ബന്ധിച്ചു. അതിനു വഴങ്ങാതിരുന്നവരെ അദ്ദേഹം പള്ളിയകത്ത് പൂട്ടിയിട്ടു. സമ്മതിക്കാതെ പുറത്തു വിടില്ലെന്ന് ശഠിച്ചു. മെത്രാപ്പോലീത്തായുടെ സഹായിയായി പാത്രിയർക്കീസ് നിയോഗിച്ചയാളാണ് അത്താനാസ്യോസ് എന്ന് സമ്മതിക്കുന്നുവെന്ന് പറഞ്ഞ് പള്ളിക്കാർ തർക്കം രാജിയാക്കി.

പക്ഷേ, അത്താനാസ്യോസ് വൈദികർക്ക് പുനരായി പട്ടം കൊടുക്കുക, വിവാഹിതർക്ക് പുനരായി വിവാഹകൂദാശ നടത്തുക മുതലായ നടപടി കളിലേർപ്പെട്ടു. വൈദികരുടെ തലയിൽ പട്ടംവെട്ടി നിറുത്തുക, വെള്ള ക്കുപ്പായം ധരിക്കുക എന്നിവ തെറ്റായ നടപടിയാണെന്ന് വിധിച്ച് പട്ടംവെട്ടിയത് ചിരച്ച് മക്കിത്തൊപ്പി ഇടുക, വെള്ളക്കുപ്പായത്തിനു പകരം കറുത്ത കുപ്പായം ധരിക്കുക എന്നിവ വേണമെന്ന് നിർബ്ബന്ധിച്ചു.

ജനങ്ങൾ കാണിച്ച ഭയഭക്തികൾ കണ്ടു് എന്തും ചെയ്യുകളയാമെന്ന മുഷ്കിൽ സെമിനാരി ബലമായി കൈവശപ്പെടുത്തുവാൻ ഈ വിദേശ മെത്രാൻ തുനിഞ്ഞു. അപ്പോൾ സർക്കാർ ഇടപെട്ടു. മിഷനറിമാരുടെ പിന്തുണയോടെ തിരുവിതാംകൂർ സർക്കാർ അദ്ദേഹത്തെ നാടുകടത്തി. തിരികെ നാട്ടിൽ ചെന്ന അദ്ദേഹത്തെ ഇവിടെ കലഹമുണ്ടാക്കിയതിന് പാത്രിയർക്കീസ് സ്ഥാനഭ്രഷ്ടനാക്കിയത്രേ. പാത്രിയർക്കീസിന്റെ സ്ഥാത്തിക്കോനുമായി വന്നുവെന്ന് പറഞ്ഞ ഈ മെത്രാനെ തള്ളിപ്പറയുവാൻ അന്ന് ഇവിടത്തെ മെത്രാന്മാർ ഒരുങ്ങിയതു് അതു കൈയേറ്റതന്ത്രമാണെന്ന് അറിയാമായിരുന്നതുകൊണ്ടാണ്.

വിദേശത്തു നിന്ന് വന്ന ഈ അത്താനാസ്യോസിൽ നിന്ന് പുനരായി പട്ടമേറ്റ കത്തനാർമാരെ സർക്കാർ ശിക്ഷിച്ചു. രാജകീയാംഗീകാരമുണ്ടായിരുന്ന നാട്ടുമെത്രാനെ അവഗണിച്ച് പുനരായി പട്ടമേറ്റതിന്റെ പേരിൽ ഭീമമായ പിഴയും തടവുമായിരുന്നു ശിക്ഷ. കോനാട്ട് അബ്രഹാം മല്പാനും ഇടവഴിക്കൽ പീലിപ്പോസ് കത്തനാർക്കും 540 കലിപ്പണം വീതവും കോട്ടയം തെക്കേ തലയ്ക്കൽ കത്തനാർക്കും പാലക്കുന്നത്ത് അബ്രഹാം കത്തനാർക്കും 250 കലിപ്പണം വീതവും പിഴയും പത്തു മാസം തടവും നൽകി.[10]

വിദേശികളോടുള്ള നസ്രാണികളുടെ കമ്പം മിഷനറിമാർക്കു മനസ്സിലാകുവാൻ ഇവയെല്ലാം ഒരവസരമായി. അത്താനാസ്യോസിന്റെ പിന്നിൽ നിന്ന പ്രമാണികളെ മാർ പീലക്സീനോസ് വിളിച്ചുവരുത്തി തെറ്റു തിരുത്തിക്കുവാൻ ശ്രമിച്ചതായി പി. ചെറിയാൻ എഴുതിയിട്ടുണ്ട്.

തൊഴിയൂർ പീലക്സീനോസിന്റെ മരണശേഷം മിഷനറിമാരും ചേപ്പാട്ട് മാർ ദീവന്നാസ്യോസുമായി വളരെ വേഗം അകന്നു. മെത്രാന് സെമിനാരിഭരണത്തിനായി 70 രൂപ മാസം തോറും പ്രതിഫലം കൊടുത്തുവന്നതു് അദ്ദേഹം മിഷനറിമാരുടെ കീഴുള്ള ഒരു സ്ഥാനിയാണെന്ന് കരുതുവാൻ അവരെ പ്രേരിപ്പിച്ചു. നാട്ടിലെ രാജാക്കന്മാരിൽ അവർക്കുണ്ടായിരുന്ന സ്വാധീനവും അവരുടെ അഹന്ത വർദ്ധിപ്പിച്ചു. നസ്രാണികളുടെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തിരുത്തിക്കുവാൻ അതുവരെ നേരിട്ടു ശ്രമിക്കാതിരുന്നതു മണ്ടത്തരമായി; കുറ്റങ്ങളും കുറവുകളും തെളിച്ചുകാട്ടി പള്ളികളിൽ പ്രസംഗിക്കുകയാണ് ശരിയായ വഴി എന്ന് നവമിഷനറിമാർ ചിന്തിച്ചുതുടങ്ങി.

മിഷനറിമാർക്ക് പള്ളികളിൽ ആരാധനമദ്ധ്യേ പ്രസംഗിക്കുവാൻ അനുവാദമുണ്ടായിരുന്നുവല്ലോ. അവർക്ക് അനാചാരമെന്നോ അന്ധവിശ്വാസമെന്നോ തോന്നുന്നതെന്തും ആരാധനയിൽ കണ്ടാൽ അപ്പോൾ തന്നെ തിരുത്തിക്കുന്നതിന് അവർ തുനിഞ്ഞു തുടങ്ങി.

അക്കുട്ടത്തിൽ തീവ്രവാദിയായിരുന്ന റവ. ജോസഫ് പീറ്റ് കോട്ടയം സെമിനാരിയിലെത്തിയതു് 1833 ലാണ്. പ്രകോപനമുണ്ടാക്കുംവിധം അദ്ദേഹം പള്ളികളിൽ പ്രസംഗിച്ചിരുന്നു. ആരാധനയ്ക്ക് കുളിച്ചു ശുദ്ധമായി വരുന്ന രീതി അന്ധവിശ്വാസമായി അദ്ദേഹം കരുതിയിരുന്നു. അങ്ങനെ വരുന്നവരെ തൊട്ടു് അശുദ്ധമാക്കുന്ന കുസൃതി ഇദ്ദേഹത്തിനുണ്ടായിരുന്നു.

പീറ്റ് എന്ന മിഷനറിയുടെ നവീകരണോപദേശങ്ങൾക്കതിരേ കോനാട്ടു് അബ്രഹാം മല്പാൻ പ്രസംഗിച്ചിരുന്നു. കന്യാസ്ത്രീയമ്മ യേശുവിന്റെ ജനന ശേഷം പ്രസവിച്ചുവെന്ന് ഒരു ഞായറാഴ്ച സെമിനാരിയിൽ റവ. പീറ്റ് അനേക യുക്തികൾ കൊണ്ടു് തെളിയിക്കുവാൻ ശ്രമിച്ചു. കേൾവിക്കാർക്ക് അതേറെ ദുസ്സഹമായി. പ്രസംഗം കഴിഞ്ഞു് അദ്ദേഹം വള്ളം കയറി താമസ സ്ഥലത്തേക്കു പോയി. അല്പം കഴിഞ്ഞ് ഏതോ കാരണത്താൽ അദ്ദേഹം തിരികെ വരുമ്പോൾ കോനാട്ടു് അബ്രഹാം മല്പാൻ മിഷനറിയുടെ യുക്തി കളെ ഖണ്ഡിച്ചു് പ്രസംഗിക്കുന്നതും കേൾവിക്കാർ താല്പര്യത്തോടെ ശ്രദ്ധി ക്കുന്നതും കണ്ടു. കോപിഷ്ടനായ പീറ്റ് അകത്തു ചെന്ന് ഒന്നുകിൽ മല്പാ നിവിടെ, അല്ലെങ്കിൽ ഞാനിവിടെ എന്ന് പറഞ്ഞുവത്രേ. അന്നുതന്നെ മല്പാനെ സെമിനാരിയിൽ നിന്ന് പുറത്താക്കി.

മിഷനറിമാരുടെ ഹുങ്കിന് ഉദാഹരണമായി ജോർജ്ജ് വറുഗീസ്, മദ്രാസ് എഴുതിയ മാത്യൂസ് അത്താനാസ്യോസ് ഒരു പഠനം എന്ന ഗ്രന്ഥത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ടു്. 1845 ൽ പീറ്റ് സായ്പ് മാവേലിക്കര ആറാട്ടുകടവിൽ സി.എം.എസ്. പള്ളി പണിയിക്കുകയായിരുന്നു. വടക്കൻ തിരുവിതാംകൂറിൽനിന്ന് തിരുവനന്തപുരം സർക്കാർ ഖജനാവിലേക്ക് മാസം തോറും പണം മുദ്ര വച്ച "കലശക്കുട"ങ്ങളിൽ അധികാരികളുടെയും സായുധസൈനികരുടെയും അകമ്പടിയോടെ ചുമട്ടുകാർ സംഘമായി കൊണ്ടുപോകുമായിരുന്നു. ഓരോ പോലീസ് ഠാണാവുകളിലും കൃത്യ സമയത്തു് ഹാജരു വച്ചു് ക്ലിപ്തനേരത്തു് തിരുവനന്തപുരത്തു് അവ എത്തി ക്കേണ്ടിയിരുന്നു. വീഴ്ച വന്നാൽ കർശനമായ അന്വേഷണവും ശിക്ഷയും ഉറപ്പായിരുന്നു. പീറ്റ് സായ്പിന്റെ പള്ളിപണിക്കാർക്ക് കൂലികൊടുക്കുന്ന തിനുള്ള പണം വന്നുചേരുന്നതിന് താമസം വന്നതിനാൽ കൂലി കൊടുക്കു വാനാകാതെ വിഷമിച്ചിരിക്കുമ്പോഴാണ് മാവേലിക്കര താവളത്തിൽ പണം എത്തിക്കേണ്ട കലശച്ചുമട്ടുകാർ ആറാട്ടുകടവിലെത്തിയതു്. അദ്ദേഹം പണച്ചുമടുകൾ താഴെ വയ്ക്കുവാൻ ആജ്ഞാപിച്ചു. മേൽനോട്ട ക്കാരായ ഉദ്യോഗസ്ഥർ സംഭ്രമിച്ചു. സായ്പിന്റെ കൈയേറ്റം തടഞ്ഞാൽ തങ്ങളെ ആരും സഹായിക്കാനുണ്ടാകയില്ലെന്നും തടയാതിരുന്നാൽ സർവ്വ സ്വത്തുക്കളും കണ്ടുകെട്ടുമെന്നും ജയിൽശിക്ഷ ഉറപ്പാണെന്നും തീർച്ച യാണ്. മാവേലിക്കര ഠാണാവിൽ ഹാജരു കൊടുത്ത ശേഷം എതുവിധവും പ്രവർത്തിച്ചുകൊള്ളുവാൻ അവർ കേണപേക്ഷിച്ചതു് അദ്ദേഹം ചെവി

ക്കൊണ്ടില്ല. ഓരോ കുടത്തിലെയും തുക ചോദിച്ചറിഞ്ഞ ശേഷം 1500 രൂപായുടെ ഒരു കലശമെടുത്ത് മുദ്ര പൊട്ടിച്ച് പണമെടുത്തിട്ട് അത്യാവശ്യത്താൽ തുക താൻ എടുത്തിരിരിക്കുന്നുവെന്നും തുക ബ്രിട്ടീഷ് ഗവണ്മെന്റിലേക്ക് തിരുവിതാംകൂർ സർക്കാർ അടക്കേണ്ട കപ്പത്തിൽ വകവച്ചതായി റസിഡണ്ടിനെക്കൊണ്ട് സമ്മതിപ്പിച്ചുകൊള്ളാമെന്നും ഒരു കുറിപ്പെഴുതി ഒപ്പിട്ട് കലശക്കുടത്തിലിട്ട് സംഘത്തെ പറഞ്ഞയച്ചു. മാവേലിക്കര മണ്ഡപത്തുംവാതില്ക്കൽനിന്നും വിവരങ്ങൾ എഴുതിപ്പോയതല്ലാതെ ഒരു നടപടിയും മിഷനറിക്കെതിരേ ഉണ്ടായില്ലത്രേ.[11]

സുറിയാനിസമുദായത്തിൽ മറ്റൊരു സുറിയാനിസമുദായത്തെ സൃഷ്ടിക്കുന്നതിനായിരുന്നു റവ.ജോസഫ് പീറ്റ് ശ്രമിച്ചതെന്ന് ജോർജ്ജ് വറുഗീസ്, മദ്രാസ് എഴുതിയിട്ടുണ്ട്.[12] അന്ന് മിഷനറിമാർക്ക് റസിഡണ്ടിന്റെയും ഗവർണർമാരുടെയും മേൽ വലിയ നിയന്ത്രണം ഉണ്ടായിരുന്നു. നാട്ടുരാജാക്കന്മാർക്കും ദിവാന്മാർക്കും മിഷനറിമാരുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുവാൻ കഴിയുമായിരുന്നില്ല. മിഷനറിമാർ ഇടപെട്ട കാര്യങ്ങളിൽ അവരുടെ ഭാഗത്തിനനുകൂലമായല്ലാതെ നീതി നടത്തിക്കിട്ടുവാൻ മാർഗ്ഗമില്ലായിരുന്ന കാലത്താണ് സുറിയാനിസഭയ്ക്ക് അവരോടു സംബന്ധം വിച്ഛേദിക്കേണ്ടിവന്നത്.

ഇപ്രകാരം കലുഷിതമായ നേരത്താണ് കൽക്കത്താബിഷപ്പ് വിത്സൺ 1835 നവമ്പറിൽ ഇവിടെ വന്നത്. നസ്രാണികളുടെ അനാചാരങ്ങൾ അവർതന്നെ പരിഹരിക്കുവാനും മിഷൻപ്രവർത്തനത്തിനു സഹായകരമായ മാർഗ്ഗം ഉണ്ടാകുവാനും ശ്രമിക്കണമെന്ന് ബിഷപ്പ് തീരുമാനിച്ചു. മിഷനറി ബെയിലിയുടെ വസതിയിൽ റസിഡണ്ടിന്റെ അസിസ്റ്റന്റിന്റെ സാന്നിദ്ധ്യത്തിൽ മെത്രാനും ഉപദേഷ്ടാക്കളുമായും കൂടിക്കണ്ടു സഭയിൽ ഉടനെ വരുത്തേണ്ട ആറിന പരിഷ്കാരങ്ങൾ ബിഷപ്പ് നിർദ്ദേശിച്ചു. 1. മെത്രാൻ സെമിനാരിപഠനം കഴിഞ്ഞ സർട്ടിഫിക്കറ്റുള്ളവർക്കേ കശ്ശീശാപ്പട്ടം കൊടുക്കാവൂ. 2. പള്ളികളിലെ കണക്ക് ഓഡിറ്റിനായി ബ്രിട്ടീഷ് റസിഡണ്ടിനു നൽകണം. 3. പട്ടക്കാർക്ക് മാന്യമായ ജീവിതവരുമാന മാർഗ്ഗമുണ്ടാക്കണം. മരിച്ചവർക്കു വേണ്ടിയുള്ള കർമ്മത്തിൽനിന്നുള്ള അനിശ്ചിത വരുമാനമാർഗ്ഗത്തിനു പകരം ഒരു സ്ഥിരഫണ്ട് ഏർപ്പെടുത്തണം. 4. കഴിവനുസരിച്ച് എല്ലാ പള്ളികളിലും വിദ്യാലയങ്ങൾ തുടങ്ങണം. 5. സി.എം.എസുകാരെപ്പോലെ ഞായറാഴ്ച വൈദികർ സുവിശേഷം മലയാളത്തിൽ വ്യാഖ്യാനിച്ചുകൊടുക്കണം. 6. ജനങ്ങൾക്ക് സുറിയാനി അറിവില്ലാത്തതിനാൽ ഹ്രസ്വമായ തക്സാ ഉണ്ടാക്കി മലയാളത്തിൽ ആരാധന നടത്തണം.

മിതഭാഷയിൽ സൗമ്യമായാണ് വ്യവസ്ഥകൾ വച്ചതെങ്കിലും അതിന്റെ പിമ്പിലെ നിഗൂഢലക്ഷ്യവും ബ്രിട്ടീഷ് കോയ്മയുടെ സമ്മർദ്ദത്തിന്റെ

ശക്തിപ്രകടനവും വ്യക്തമായിരുന്നു. മാർ അത്താനാസ്യോസിനെ നാടുകടത്തിയതിൽ അതു പ്രകടമായിരുന്നല്ലോ. അതുകൊണ്ട് ഇക്കാര്യങ്ങൾ പട്ടക്കാരുമായി ആലോചിക്കാമെന്ന് മെത്രാൻ മറുപടി കൊടുത്തു.

പ്രത്യക്ഷത്തിൽ ആകർഷകമായ ഈ വ്യവസ്ഥകൾ ഇരുകൂട്ടരുമായുള്ള അകൽച്ച പരിഹരിക്കാനതകിയില്ല. മെത്രാൻ പ്രതിഫലം വാങ്ങി പട്ടം കൊടുക്കുന്നുണ്ട്; അതുകൊണ്ട് തങ്ങൾ യോഗ്യരെന്ന് പറയുന്നവർക്കു മാത്രമേ പട്ടം കൊടുക്കാവൂ എന്നായിരുന്നു മിഷനറിമാരുടെ ലാക്ക്. മെത്രാന്റെ അധികാരത്തിൽ മിഷനറിമാരുടെ നിയന്ത്രണത്തിനുള്ളതാണ് നിർദ്ദേശമെന്ന് വ്യക്തമായിരുന്നു. പള്ളിപ്പണം ധൂർത്തടിക്കുന്നത് ഒഴിവാക്കണമെന്നും മിഷനറിമാർ കരുതി. എവിടെനിന്നോ വന്നവർ തങ്ങളുടെ മേൽവിചാരകരാകുന്നത് നസ്രാണിക്ക് പത്ഥ്യമായില്ല. കുർബ്ബാനപ്പണത്തിനു പകരം കത്തനാർമാർക്ക് ശമ്പളവ്യവസ്ഥ ഉണ്ടാക്കണമെന്ന നിർദ്ദേശം എണ്ണിച്ചുട്ട അപ്പം പോലെ കിട്ടുന്ന ക്ലിപ്തവേതനത്തോട് തൃപ്തിയില്ലാത്ത പട്ടക്കാരെ ആകർഷിച്ചില്ല. മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്ന നടപടി ഇല്ലാതാക്കുവാനുള്ള വളഞ്ഞ വഴിയായി അതു മെത്രാനും പട്ടക്കാരും തിരിച്ചറിഞ്ഞു.

നിർദ്ദേശങ്ങളിൽ ഒന്നുംതന്നെ മിഷനറിമാരെ ബാധിക്കുന്നതായിരുന്നില്ല. തുടക്കത്തിലുണ്ടായിരുന്ന അവരുടെ ഉള്ളിലിരിപ്പ് എന്തായിരുന്നാലും ആദ്യകാലത്തെ, നസ്രാണികളുടെ ആചാരാനുഷ്ഠാനങ്ങൾക്ക് നാശം വരുത്തുന്നതൊന്നും മിഷനറിമാർ ചെയ്യുകൂടെന്നുള്ള പ്രഖ്യാപനത്തിൽ നിന്ന് അവർ പിന്മാറിയതിനെപ്പറ്റി ഒന്നുംതന്നെ നിർദ്ദേശങ്ങളിലുണ്ടായിരുന്നില്ല.

ഈ പരിതസ്ഥിതിയിലാണ് മാവേലിക്കര സുന്നഹദോസ് 1836 ജനുവരി 16 (1011 മകരം 5) ന് കൂടിയത്. ചേപ്പാട് മാർ ദീവന്നാസ്യോസ്, തൊഴിയൂർ മാർ കൂറീലോസ് എന്നിവരും തെക്കും വടക്കും നിന്നുള്ള വൈദികരും പള്ളിപ്രതിപുരുഷന്മാരും അതിൽ സംബന്ധിച്ചു.

ആ യോഗം അംഗീകരിച്ച പടിയോല ബിഷപ്പ് വിത്സന്റെ നിർദ്ദേശങ്ങൾ നസ്രാണികൾ നിരാകരിച്ച രേഖയാണ്. അന്ത്യോഖ്യയുടെ പാത്രിയർക്കീസിന്റെ വാഴ്ചക്കീഴ് ഉൾപ്പെട്ടവരും അദ്ദേഹത്തിന്റെ കല്പനയാൽ അയയ്ക്കപ്പെട്ട മേല്പട്ടക്കാരാൽ നടത്തപ്പെട്ട പള്ളിക്രമങ്ങളും ചട്ടങ്ങളും അനുസരിച്ച് നടന്നുവരുന്നതുമായ യാക്കോബായ സുറിയാനിക്കാരായ നമ്മുടെ പള്ളികളിൽ ആയതിനു വ്യത്യാസം വരുത്തുകയില്ല. ഒരു മതക്കാരുടെ പള്ളികളിൽ മറ്റു മതക്കാർ അറിയിക്കയും പഠിപ്പിക്കുകയും ചെയ്യുവാൻ അധികാരമില്ല. പാത്രിയർക്കീസിന്റെ കല്പനയാൽ അയയ്ക്കപ്പെട്ട മേല്പട്ടക്കാരുടെ സഹായത്താലും ഇടവകജനങ്ങളുടെ മനസ്സാലും പണിയിക്കപ്പെട്ട പള്ളികളിലെ നടവരവുകളുടെ കണക്ക് മറ്റു ദിക്കുകളിൽ നടന്നു

വരുന്നപോലെ നമ്മുടെ മേല്പട്ടക്കാരെ കേൾപ്പിക്കുന്നപ്രകാരമല്ലാതെ വ്യത്യാസമായി നടക്കുന്നതിനും നടത്തിക്കുന്നതിനും സമ്മതമല്ല. മെത്രാപ്പോലീത്തായെ ബോധിപ്പിക്കാതെ മിഷനറിമാർ സെമിനാരിക്കാര്യങ്ങൾ നടത്തുന്നതും മെത്രാൻ രസീതു കൊടുത്തു വാങ്ങുന്ന വട്ടിപ്പണപ്പലിശ അവർ തന്നിഷ്ടംപോലെ കൈകാര്യം ചെയ്യുന്നതും ഛിദ്രങ്ങൾ ഉണ്ടാക്കുന്നതും ശരിയല്ല. സുറിയാനിക്കാരുടെ പഠിത്തത്തിലും ക്രമവിശ്വാസത്തിലുമല്ലാതെ വേറൊന്നും അനുസരിക്കുകയില്ല എന്നിങ്ങനെയെല്ലാം പടിയോല പ്രഖ്യാപനം ചെയ്തു.

അന്ത്യോഖ്യാപാത്രിയർക്കീസിന്റെ വാഴ്ചക്കീഴായിരുന്ന മലങ്കരസഭ എന്ന പടിയോലപ്രഖ്യാപനം ചരിത്രപരമായി തെറ്റായിരുന്നു. എന്നാൽ മിഷനറിതാല്പര്യങ്ങളോടെതിരിടുവാൻ ആ പ്രഖ്യാപനം അന്നത്തെ പരിതസ്ഥിതിയിൽ ഒരു കച്ചിത്തുരുമ്പായിരുന്നു. തൊട്ടു മുമ്പ് പാത്രിയർക്കീസിന്റെ സ്ഥാത്തിക്കോനുമായി വന്നുവെന്ന് പറഞ്ഞ മാർ അത്താനാസ്യോസിനെ നാടുകടത്തിയിരുന്നല്ലോ. യാക്കോബായ എന്ന പദപ്രയോഗം റോമൻകത്തോലിക്കർ മലങ്കരസഭയെ അധിക്ഷേപിക്കുവാൻ ആദ്യം ഉപയോഗിച്ചതാണ്. പുത്തൻകൂറ്റുകാർ എന്നായിരുന്നു മറ്റൊരു അധിക്ഷേപം. കാലത്തിന്റെ കുത്തൊഴുക്കിൽ സമൂഹം അതു് ഏറ്റുപാടുകയും ഒടുവിൽ ഈ രേഖയിൽ സഭ സ്വയം യാക്കോബായ എന്ന് വ്യവഹരിക്കുകയും ചെയ്തിരിക്കുന്നു. നേതൃത്വപദവികളിൽ എത്തിപ്പെടുന്നവരുടെ അജ്ഞതയും ദീർഘവീക്ഷണമില്ലായ്മയും മുട്ടുശാന്തിക്രിയകളും ദോഷം വരുത്തുന്നതിന്റെ ഉദാഹരണമായി ഇതിനെ കരുതാം.

ബിഷപ്പ് ഡാനിയൽ വിത്സന്റെ നിർദ്ദേശങ്ങൾ തള്ളിക്കളഞ്ഞ മാവേലിക്കര പടിയോല, 1816 ൽ കേണൽ മൺട്രോ മുഖാന്തരം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസും (ഒന്നാമൻ) റവ. തോമസ് നോർട്ടനുമായി ഉണ്ടാക്കിയ ബന്ധം അവസാനിപ്പിച്ച രേഖയാണ്. ഈ തീരുമാനത്തിനു ശേഷമാണ് മെത്രാന്റെയും മിഷനറിയുടെയും പൂട്ടിൽ ആയിരുന്ന നസ്രാണികളുടെ ചെപ്പേടുകളും ആധാരങ്ങളും മറ്റു രേഖകളും മെത്രാൻ ചെറിയ പള്ളിയിൽ പോയ തക്കത്തിന് മിഷനറി പീറ്റ് താഴ പൊളിച്ച് കൈവശപ്പെടുത്തിയതു്. ഭരണകേന്ദ്രത്തിലെ സ്വാധീനത്തിന്റെ ഹുങ്കാണ് അതിനു ധൈര്യം നൽകിയതെന്നതിന് സംശയം വേണ്ടല്ലോ. മെത്രാൻ പണം വാങ്ങിക്കൊണ്ടു് പട്ടം കൊടുക്കുന്നു; വേദപുസ്തകത്തിനും കാനോനുകൾക്കും എതിരായി പള്ളികളിൽനിന്ന് പല വിധത്തിൽ പണം വാങ്ങുന്നു; പള്ളികളിൽ വഴക്കുണ്ടാക്കുന്നു; സർക്കാർതലത്തിൽ തീരുമാനം ചെയ്യേണ്ട കാര്യങ്ങളിൽ അനധികൃതമായി ഇടപെട്ട് ദ്രവ്യലാഭം ഉണ്ടാക്കുന്നു; അതിനാൽ മെത്രാനെ മാറ്റിക്കിട്ടണമെന്ന് പാലക്കുന്നത്തു് അബ്രഹാം മല്പാൻ, കൈതയിൽ ഗീവറുഗീസ് കത്തനാർ ആദിയായവർ 1836 ൽ (1012

ചിങ്ങം 21) റസിഡണ്ടിന് പരാതി കൊടുത്തു. 1837 മാർച്ച് 9 ന് മിഷനറിമാർ മല്ലപ്പിള്ളിയിൽ സ്വന്തമായി പള്ളി സ്ഥാപിച്ചു. അതോടെ നസ്രാണികളുടെ പള്ളികളിൽ പ്രസംഗിക്കുന്നതിന് മിഷനറിമാർക്കു നല്കിയിരുന്ന അനുവാദം മെത്രാൻ പിൻവലിച്ച് കല്പന പുറപ്പെടുവിക്കയും ചെയ്തു.

പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് കൊച്ചിയിൽ വന്നു ചേർന്നപ്പോൾ (1018 ഇടവം 3/1843 മാർച്ച്) കോനാട്ട് അബ്രഹാം മല്പാൻ പോയി കാണുകയും സ്ഥാത്തിക്കോൻ വായിച്ച് പരിശോധിക്കുകയും അതിൽ, നിങ്ങളിൽ നിന്ന് "മത്തായി കശ്ശീശാ" ഞങ്ങൾക്കുടുത്തു എന്നതു കണ്ടതിലുള്ള പൊരുത്തക്കേട് നിരണത്ത് പോയി ചേപ്പാട് മാർ ദീവന്നാസ്യോസിനെ അറിയിക്കയും അദ്ദേഹം പള്ളിയോഗം വിളിക്കുകയും ചെയ്തു.[13]

മത്യൂസ് അത്താനാസ്യോസിനെ മെത്രാനായി ജനങ്ങൾ സ്വീകരിക്കാനിടയുണ്ട്; എന്നാൽ മതപരിഷ്കാരം തുടങ്ങിയാൽ അതു സാധിക്കയില്ലെന്ന് കോനാട്ട് അബ്രഹാം മല്പാൻ ആദ്യമേതന്നെ ഉപദേശിച്ചതായി മത്യൂസ് അത്താനാസ്യോസിന്റെ ജീവചരിത്രകാരൻ സൂചിപ്പിച്ചിട്ടുമുണ്ട്.[14]

ഇടവഴിക്കൽ പീലിപ്പോസ് കത്തനാരും കോനാട്ടു മല്പാനും അക്കാലത്ത് രമ്യതയിലല്ലായിരുന്നു; ചേപ്പാട്ട് ദീവന്നാസ്യോസിനോട് ഇരുവർക്കും വൈരമുണ്ടായിരുന്നു; പുതിയ മെത്രാനോട് അടുത്തുകൂടി അദ്ദേഹത്തെ ആയുധമാക്കി ചേപ്പാട്ട് ദീവന്നാസ്യോസിനോട് എതിരിടണമെന്ന് വച്ച് കോനാട്ട് അബ്രഹാം മല്പാനും സഖാക്കളും കൊച്ചിയിൽ എത്തിയിരുന്നു എന്നെല്ലാം മാത്യൂസ് അത്താനാസ്യോസിന്റെ ജീവചരിത്രകാരൻ ശ്രീ ജെ. വറുഗീസ് എഴുതിയിട്ടുണ്ട്.[15] കോനാട്ട് മല്പാനും വടക്കുള്ള ശ്രേഷ്ഠരായ ചില പട്ടക്കാരും ഉപദേശിച്ച പ്രകാരം പാലക്കുന്നത്ത് മെത്രാൻ മാർ ദീവന്നാസ്യോസിനെ പോയി കണ്ടു. സ്ഥാത്തിക്കോൻ വായിച്ചു കേൾക്കുന്നതിന് നിരണത്തു വിളിച്ച പള്ളിയോഗം ഇടവഴിക്കൽ കത്തനാർ കൗശലപൂർവ്വം കലക്കി എന്നൊക്കെ ജീവചരിത്രകാരൻ സൂചിപ്പിക്കുന്നു. സ്ഥാത്തിക്കോൻ അപഹരിക്കാൻ ശ്രമിക്കണമെന്ന് അദ്ദേഹം പലരെയും കൂട്ടി ആലോചിച്ചത്രേ. പിന്നീട് കണ്ടനാട്ട്യോഗത്തിനു മുമ്പായി സ്ഥാത്തിക്കോൻ വായിച്ചു നോക്കാൻ കൊടുത്തയയ്ക്കണമെന്ന മാർ ദീവന്നാസ്യോസിന്റെ ആവശ്യം, പരസ്യമായി വായിക്കുവാനല്ലാതെ കൊടുത്തയയ്ക്കുവാൻ നിവൃത്തിയില്ലെന്ന് പറഞ്ഞു് പാലക്കുന്നത്ത് മെത്രാൻ നിരസിച്ചുവത്രേ.[16] അതേ ചരിത്രകാരൻതന്നെ, കോനാട്ട് മല്പാൻ മുതലായവരുടെ ജഡമയമായ ആലോചനയ്ക്കു വഴിപ്പെട്ട് (ആരാധനക്രമ) പരിഷ്കാരത്തിന് പൂർണ്ണമായി വഴിപ്പെടാതെ മട്ടാഞ്ചേരിപ്പള്ളിയിൽ വച്ച് ശുശ്രൂഷ നടത്തിയതിലുള്ള പാലക്കുന്നത്ത് അബ്രഹാം മല്പാന്റെ വ്യാകുലത്തെക്കുറിച്ചും എഴുതി.[17] ജീവചരിത്രകാരൻ പരസ്പര

വിരുദ്ധമായി എഴുതിയെന്നതു് വ്യക്തമാണല്ലോ. പാലക്കുന്നത്തു് മെത്രാന്റെ വരവിൽത്തന്നെ കോനാട്ടു് മല്പാൻ സ്ഥാത്തിക്കോൻ കണ്ടുവെന്ന സത്യം കല്ലുങ്കത്ര പടിയോല ശരി വയ്ക്കുന്നുണ്ടു്.[18] കണ്ടനാട്ടുയോഗം (1019 ചിങ്ങം 3) സ്താത്തിക്കോൻ വായിക്കാനിടയാകാതെയും പാലക്കുന്നത്തു മെത്രാനെ അംഗീകരിക്കാതെയും പിരിയുകയായിരുന്നല്ലോ.

പാലക്കുന്നത്ത് മെത്രാനെതിരേയുള്ള നീക്കങ്ങളുടെ ഭാഗമായി വന്നു ചേർന്ന (1024 കുംഭം /1849) സ്തേഫാനോസ് മാർ അത്താനാസ്യോസ് മെത്രാനുമായും കോനാട്ടു് അബ്രഹാം മല്പാൻ ഇടവഴിക്കൽ പീലിപ്പോസ് കത്തനാരോടൊപ്പം കൊച്ചിയിൽ വച്ചു് ബന്ധപ്പെടുകയും സഭാസ്ഥിതി ഗതികൾ ധരിപ്പിക്കുകയുമുണ്ടായി. മദിരാശിയിൽ ആവലാതിപ്പെട്ടു് പരിഹാരത്തിനു ശ്രമിക്കാമെന്ന് മാർ അത്താനാസ്യോസ് പറഞ്ഞു.[19]

മത്യൂസ് അത്താനാസ്യോസ് നവീകരണാശയങ്ങളോട് ഒട്ടും അടുപ്പം കാണിച്ചിരുന്നില്ല; മരണപര്യന്തം അദ്ദേഹം സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തിൽ ഉറച്ചു നിന്നിരുന്നു എന്നെല്ലാം എം.ഓ.സി. പബ്ലിക്കേഷൻസിന്റെ മാത്യൂസ് അത്താനാസ്യോസ് എന്ന കൃതിയിൽ ഏറെ പുറങ്ങളിൽ ആവർത്തിച്ചു പ്രതിപാദിച്ചിട്ടുള്ളതു് മിതമായി പറഞ്ഞാൽ കണ്ണടച്ചിരുട്ടാക്കുന്ന സൂത്രമാണ്. കുർബ്ബാനയിൽ അധികഭാഗവും മലയാളത്തിൽ തർജ്ജമ ചെയ്തു എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആകക്കുടിയുള്ള പരിഷ്കാരം എന്നും[20] അതിൽ എഴുതിയതു് ഏതോ നിക്ഷിപ്തതാൽപ്പര്യം കൊണ്ടായിരിക്കണം. യാഥാർത്ഥ്യം അതല്ലെന്ന് മാത്യൂസ് അത്താനാസ്യോസ് പ്രസിദ്ധം ചെയ്തിട്ടുള്ള നമസ്കാരക്രമം, കുർബ്ബാനക്രമം എന്നിവയിൽ നിന്ന് സ്പഷ്ടമാണ്. കന്യകമറിയാമിനോടുള്ള അപേക്ഷ, വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള അപേക്ഷ ഇത്യാദി ഭാഗങ്ങളിൽ നവീകരണാശയങ്ങൾക്കനുസരണം തിരുത്തലുകൾ വരുത്തിയിരുന്നു. 1031 ൽ കൃപ നിറഞ്ഞ മറിയമേ എന്ന അപേക്ഷ ഇല്ലാത്ത നമസ്കാരപ്പുസ്തകം മത്യൂസ് അത്താനാസ്യോസ് സെമിനാരി പ്രസിൽ അച്ചടിച്ചു. അതുകൊണ്ടു് പുലിക്കോട്ടിൽ യൗസേഫ് കത്തനാർ ശരിയായ നമസ്കാരക്രമം കോഴിക്കോട്ടുനിന്ന് കല്ലച്ചിൽ അച്ചടിപ്പിച്ചു് വിതരണം ചെയ്യുകയുണ്ടായി.[21]

നവീകരണശ്രമങ്ങളിൽ പാലക്കുന്നത്തു മെത്രാൻ ഉത്സാഹിച്ചതായി റവ. സി.ഇ. എബ്രഹാം എഴുതിയിട്ടുണ്ടു്.[22] മൂസൽ ഇടവകയിൽ മത്യൂസ് അത്താനാസ്യോസ് പരിഷ്കാരനടപടികൾ നടത്തിയതായും അതിനാൽ മൂസൽ ഇടവകയിൽ നിന്ന് പരാതിയുണ്ടായതായും അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.[23] അതു കാരണം പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ തിരിച്ചുവിളിച്ചു് കല്പന അയച്ചപ്പോൾ അതനുസരിച്ചു് മുഖദാവിൽ പോയി ഉത്തരം പറയാതെ, ഒരു മറുപടി അയച്ചുകൊണ്ടു് നാട്ടിലേക്കു പോരികയാണല്ലോ ഉണ്ടായതു്. ആ മറുപടി

യുടെ പ്രസക്തഭാഗങ്ങൾ നോക്കുക: "... എന്നെ പൂർണ്ണസ്ഥാനിയാക്കി അയച്ചിരിക്കയാൽ എന്റെ ജോലിക്ക് ഞാൻ കഴിയുന്നതും വേഗം പോകുന്നതിനു തയ്യാറായിരിക്കുന്നു. മലബാറിൽ ഞാൻ എത്തിയാലും എന്നെ ഒരു സ്ഥാനിയായി അവിടെയുള്ള സർവ്വ ആളുകളും അംഗീകരിക്കു മെന്ന് ഞാൻ വിചാരിക്കുന്നില്ല. ... അന്ത്യോഖ്യാവിനും മലബാറിനും തമ്മിൽ സ്നേഹസംബന്ധവും സഹോദരത്വവും അല്ലാതെ അധികാര കർത്തവ്യം ഇല്ലാത്തതുകൊണ്ട് അവിടെ എത്തിയ ശേഷം എനിക്കു വലിയ പോരു പൊരുതുവാൻ സംഗതി വരുമെന്ന് ഞാൻ അറിയുന്നു. മാന്യ പിതാവിനാൽ എനിക്കു നൽകപ്പെട്ടിരിക്കുന്ന സ്ഥാനമുദ്രകളിൽ വച്ച് സ്താത്തിക്കോൻ എന്നെ സ്ഥാനം കെട്ടിയിരിക്കുന്നത് വാസ്തവമെന്നറിയാൻ ഒരു സാക്ഷിപത്രം മാത്രം ആയിരിക്കുന്നതല്ലാതെ ഇതു നിമിത്തം മലബാർ സഭകളിലെ സർവ്വാധികാരവും എനിക്കു സിദ്ധിക്കുന്നതല്ല. ... മാർ തോമാ യുടെ സിംഹാസനത്തിൽ നിന്നും അന്യാധീനമായിപ്പോയ ശ്ലീഹസാ സ്ഥാനത്തെ തിരിയെ അവിടേക്കു വഹിപ്പാൻ കാരണമായിത്തീർന്നതും അയോഗ്യനായ ഞാൻ മുഖാന്തരമത്രേ.'[24]

തൊണ്ണൂറു വയസ്സുള്ള പാത്രിയർക്കീസ് ബാവ നവീകരണത്തിന് ആഗ്രഹിക്കുന്നുവെന്നും ഈ തീവ്രയത്നത്തിൽ അദ്ദേഹത്തോടു സഹകരി ക്കുവാൻ ആരുമില്ലെന്നും ഇവിടെ വന്ന ഉടൻ പാലക്കുന്നത്തു മെത്രാൻ സതീർത്ഥ്യനായ റവ. ജോർജ്ജ് മാത്തന് എഴുതിയിരുന്നു.[25]

മത്ത്യൂസ് അത്താനാസ്യോസിന്റെ സതീർത്ഥ്യനായിരുന്ന ജോർജ്ജ് മാത്തൻ ശെമ്മാശ്ശൻ ആംഗ്ലേയസഭയിലേക്കു ചാഞ്ഞു. ഇതു് മത്ത്യൂസ് അത്താനാസ്യോസിന് ആദരണീയമായിരുന്നില്ല. ഞാൻ ജീവിക്കു ന്നെങ്കിൽ എന്റെ സഭയ്ക്കായി മാത്രമായിരിക്കും. എന്റെ മാതൃസഭയ്ക്കു വേണ്ടി ത്തന്നെ ഞാൻ ജീവിക്കും. അതിലെ കളകളെ വേരോടെ പറിച്ചു കളഞ്ഞു് അതിനെ അതിന്റെ ആദ്യ പരിശുദ്ധാവസ്ഥയിലേക്കും നിർമ്മലവിശ്വാസ ത്തിലേക്കും നയിക്കുന്നതിനായി ഞാൻ ജീവിക്കും' എന്ന് ഉറ്റ സ്നേഹിത നോടു് അന്നേ പറഞ്ഞതായി അദ്ദേഹത്തിന്റെ ജീവചരിത്രം വെളി പ്പെടുത്തിയിരിക്കുന്നു.[26] മതപരിഷ്കരണം ശെമ്മാശനായിരിക്കുമ്പോഴേ കർമ്മപദ്ധതിയായി അദ്ദേഹം മനസ്സിൽ കരുതിയതായാണല്ലോ ഇതു തെളിയിക്കുന്നതു്. നവീകരണത്തിലേക്ക് ശക്തിയായി എടുത്തു ചാടാതെ, ക്രമേണ അതിലേക്ക് ആളുകളെ നയിക്കുവാനുള്ള സൂത്രമായിരുന്നു മത്ത്യൂസ് അത്താനാസ്യോസിന്റെ കർമ്മപദ്ധതി.

നവീകരണത്തിനെതിരേ സഭയിൽ രൂപംകൊണ്ടിരുന്ന എതിർപ്പിൽ കോനാട്ടു് അബ്രഹാം മല്പാനും ഗണ്യമായ പങ്കുണ്ടായിരുന്നു. ആ മത പരിഷ്കാരത്തോടുള്ള പ്രതിരോധനീക്കത്തിന്റെ ഭാഗമായാണ് പുലി ക്കോട്ടിൽ യൗസേഫ് കത്താനാരെ മെത്രാൻസ്ഥാനമേൽപ്പിക്കുവാൻ

ഇടവരുത്തിയത്. പാലക്കുന്നത്തു മെത്രാൻ മതവിപരീതിയാകയാൽ വിളംബരം കൊടുക്കുന്നത് സങ്കടമെന്ന് കോനാട്ട് മല്പാൻ തുടങ്ങിയവർ ഹർജി അയയ്ക്കയും വാദിക്കയും ചെയ്തിരുന്നു. ഇക്കൂട്ടത്തിൽ ഇവർ മർദ്ദീനിലേക്കും എഴുതിയതിന്റെ അനന്തരഫലമായിരുന്നു യൂയാക്കീം മാർ കൂറീലോസിന്റെ വരവ്.

പുലിക്കോട്ടിൽ യൗസേഫ് കത്തനാർ ശീമയാത്രയ്ക്കു പുറപ്പെട്ട് കടമറ്റത്ത് എത്തിയ ശേഷം കോനാട്ട് അബ്രഹാം മല്പാനെ പോയി കണ്ടു. യാത്രാവിവരം ഗ്രഹിച്ച് മല്പാൻ സന്തോഷിച്ച് രോഗക്കിടക്കയിൽ ആയിരുന്നിട്ടും പാത്രിയർക്കീസ് ബാവായ്ക്ക് എഴുത്തു തയ്യാറാക്കി കൊടുത്തു.[27]

അബ്രഹാം മല്പാൻ ദീനം പിടിപെട്ട് മരണാസന്നനായിരിക്കുമ്പോൾ പാലക്കുന്നത്ത് മാത്യൂസ് അത്താനോസ്യോസ് അദ്ദേഹത്തെ സന്ദർശിച്ച് മടങ്ങിയിരുന്നു. അന്ത്യസമയത്ത് യൂയാക്കീം മാർ കൂറീലോസും മറ്റും കൂടിയാണ് ഒപ്രുശുമാ കഴിച്ചത്. അന്നേദിവസം (1863 തുലാം 15) അവർ തമ്മിൽ ഉണ്ടായിരുന്ന വഴക്കുകൾ പറഞ്ഞുതീർന്നതായി കണ്ടനാട് ഗ്രന്ഥവരിയുടെ കർത്താവ് ശീമോൻ മാർ ദീവന്നാസ്യോസിന്റെ സാക്ഷ്യമുണ്ട്. (പാലക്കുന്നത്തു മെത്രാനോടുള്ള മാർ കൂറീലോസിന്റെ അവസരവാദ നിലപാടുകളാകണം വഴക്കിനു കാരണമെന്ന് തോന്നുന്നു.) ശവസംസ്കാരത്തിന് മാർ കൂറിലോസ് അവിടെ ഉണ്ടായിരുന്നതുകൊണ്ട് പാലക്കുന്നത്തു മെത്രാൻ പോയില്ലെന്നും ശീമോൻ മാർ ദീവന്നാസ്യോസ് രേഖപ്പെടുത്തി.[28]

"ഗുണദോഷ സമ്മിശ്രമായിരുന്നു മിഷനറിപ്രവർത്തനങ്ങളുടെ ഫലങ്ങൾ. മലങ്കരസഭയിൽ ഭിന്നിപ്പുകൾ ഉണ്ടാകുന്നതിന് ഒരു കാരണം മിഷനറിപ്രവർത്തനങ്ങളായിരുന്നു. നവീകരണ ആശയങ്ങൾ മലങ്കരസഭയിൽ കേസുകൾക്ക് വഴി തെളിച്ച്' എന്ന നിരീക്ഷണം ശ്രദ്ധേയമാണ്.[29] നവീകരണാശയങ്ങളെ എതിർക്കുവാനും പൂർവ്വികമായ സത്യവിശ്വാസം നിലനിർത്തുവാനും പടപൊരുതിയ പണ്ഡിതനായ കോനാട്ട് അബ്രഹാം മല്പാൻ ആ കാലഘട്ടത്തിൽ അപൂർവ്വസിദ്ധികളുണ്ടായിരുന്ന ഒരു പ്രഗത്ഭനായിരുന്നു.

**അവലംബം**

ഇടവകപത്രിക, കോട്ടയം

ആത്തുങ്കൽ ഗീവറുഗീസ് കോർ എപ്പിസ്കോപ്പ, കുറുപ്പമ്പടി പള്ളിയുടെ ചരിത്രം, 1118, പ്രസിദ്ധീകരണം 1981

ജെ. വറുഗീസ്, മത്യൂസ് അത്താനാസ്യോസിന്റെ ജീവചരിത്രം, പബ്ലി. കെ.വി. വറുഗീസ്, എ.വി.ജി. പ്രസ്, കോട്ടയം. 1920

വെരി. റവ. കെ.വി. ഗീവർഗീസ് റമ്പാൻ, തിരുവാങ്കോട്ടു സുറിയാനിപ്പള്ളി ചരിത്രം.

ഇസഡ്. എം. പാറേട്ട്, മലങ്കരനസ്രാണികൾ 3, 1967

ഇസഡ്. എം. പാറേട്ട്, പുതുപ്പള്ളിപ്പള്ളി, 1972

റ്റി.സി. കോര, താഴത്ത്, മലങ്കരസഭാ നവീകരണത്തിന്റെ മുന്നോടികൾ, 1984
ജോർജ്ജ് വറുഗീസ്, മദ്രാസ്, പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് നവീകരണവിശ്വാസിയോ? എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം 1988
ത്രീസായ് ശ്രൂബഹോ സെന്റർ സ്മരണിക, 1993
കെ. ഐ. നൈനാൻ, സഭാചരിത്രവിചിന്തനങ്ങൾ ആംഗ്ലിക്കൻ കാലഘട്ടം, ക്രൈസ്തവസാഹിത്യസമിതി, തിരുവല്ല, 1997
കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ, മാർ കുറീലോസ് സുവനീർ, രണ്ടാം പതിപ്പ്, മുളന്തുരുത്തി പള്ളി, 2002
പുലിക്കോട്ടിൽ ദീവന്നാസ്യോസ്, ഒരു പരദേശയാത്രയുടെ കഥ, ആത്മപോഷിണി പബ്ലീഷേഴ്സ് കുന്നംകുളം, 2003
മലങ്കര മൽപ്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പ: വ്യക്തിയും കാലവും, എഡി. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, കോനാട്ട് ബന്ധുജനസംഗമം, 2007
ശെമവൂൻ മാർ ദീവന്നാസ്യോസ്, കണ്ടനാട് ഗ്രന്ഥവരി, എഡി. ഫാ. ഡോ. ജോസഫ് ചീരൻ, എം.ജെ.ഡി.പബ്ലീഷിങ് ഹൗസ്, കുന്നംകുളം, 2008

**കുറിപ്പുകൾ**

1. റവ. ഡോ. ബി. വറുഗീസ്, മലങ്കര മൽപ്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പ: വ്യക്തിയും കാലവും, എഡി. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, കോനാട്ട് ബന്ധുജനസംഗമം, 2007. പേ.14-56
2. വെരി. റവ. കെ.വി. ഗീവർഗീസ് റമ്പാൻ, തിരുവാങ്കോട്ടു സുറിയാനിപ്പള്ളി ചരിത്രം. പു. 12, 29, 79, 80
3. ആത്തുങ്കൽ ഗീവറുഗീസ് കോർ എപ്പിസ്കോപ്പ, കുറുപ്പമ്പടി പള്ളിയുടെ ചരിത്രം, 1118, പ്രസിദ്ധീകരണം 1981, പു.107
4. ഫാ. ടി.പി. ഏലിയാസ്, ത്രീസായ് ശ്രൂബഹോ സെന്റർ സ്മരണിക, 1993
5. കെ. ഐ. നൈനാൻ, സഭാചരിത്രവിചിന്തനങ്ങൾ ആങ്ഗ്ലിക്കൻ കാലഘട്ടം, ക്രൈസ്തവസാഹിത്യസമിതി, തിരുവല്ല, 1997 പു. 28
6. റവ.ഡോ. മാത്യൂ കുഴിവേലിൽ, അവതാരിക പു.2, മലങ്കരസഭാ നവീകരണത്തിന്റെ മുന്നോടികൾ, റ്റി.സി.കോര, താഴത്ത് 1984
7. റവ.ഡോ. റ്റി.സി. തോമസ്, റിട്ട. പ്രിൻസിപ്പൽ, അഭിപ്രായം, പു. 9, മലങ്കരസഭാ നവീകരണത്തിന്റെ മുന്നോടികൾ, റ്റി.സി. കോര, താഴത്ത്, 1984
8. മലങ്കരസഭാ നവീകരണത്തിന്റെ മുന്നോടികൾ, റ്റി.സി.കോര, താഴത്ത് 1984 പു. 18
9. ഇസഡ്. എം. പാറേട്ട്, മലങ്കരനസ്രാണികൾ 3, പു.146
10. ഇടവകപത്രിക 1075 മേടം പു.9 ല.4
11. ജോർജ്ജ് വറുഗീസ്, മദ്രാസ്, പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് നവീകരണവിശ്വാസിയോ? എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം 1988, പു.140-141
12. പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് നവീകരണവിശ്വസിയോ? എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം, 1988. പു. 136
13. ശെമവൂൻ മാർ ദീവന്നാസ്യോസ്, കണ്ടനാട്ട് ഗ്രന്ഥവരി, എഡി. ഫാ. ഡോ. ജോസഫ് ചീരൻ, എം.ജെ..ഡി.പബ്ലീഷിങ് ഹൗസ്, കുന്നംകുളം 2008. പു. 52
14. ജെ. വറുഗീസ്, മത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്ത, ഒന്നാം ഭാഗം, പബ്ലീ.

കെ.വി.വറുഗീസ്, എ.വി.ജി. പ്രസ്, കോട്ടയം, 1920. പു. 40

15. ടി. പു. 39, 58
16. ടി. പു. 57, 58
17. ടി. പു. 40, 41; ഇസഡ്. എം.പാറേട്ട്, മലങ്കര നസ്രാണികൾ 3. പു. 224
18. ജെ. വറുഗീസ്, മത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്ത, പു. 69
19 കണ്ടനാട്ട് ഗ്രന്ഥവരി പു. 54
20. ജോർജ്ജ് വറുഗീസ്, മദ്രാസ്, പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് നവീകരണവിശ്വാസിയോ? എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം 1988, പു. 248
21. കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ, മാർ കൂറീലോസ് സൂവനീർ, രണ്ടാം പതിപ്പ്, മുളന്തുരുത്തി പള്ളി, 2002, ഭാഗം 4 പു.15
22. റവ. സി.ഇ. എബ്രഹാം, സഭാചരിത്രസംഗ്രഹം, സി.എൽ.എസ്, 1983. പു. 358, 359, 360
23. ജെ. വറുഗീസ്, മത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്ത, ഒന്നാം ഭാഗം, പബ്ലീ. കെ.വി.വറുഗീസ്, എ.വി.ജി. പ്രസ്, കോട്ടയം, 1920. പു. 22, 23
24. ടി. പു. 24
25. ടി. പു. 34
26. ടി. പു. 10
27. പുലിക്കോട്ടിൽ ദീവന്നാസ്യോസ്, ഒരു പരദേശയാത്രയുടെ കഥ, ആത്മപോഷിണി പബ്ലീഷേഴ്സ് കുന്നംകുളം, 2003. പു. 41, 42
28. കണ്ടനാട് ഗ്രന്ഥവരി, പു.106, 107
29. കെ. ഐ. നൈനാൻ, സഭാചരിത്രവിചിന്തനങ്ങൾ: ആംഗ്ലിക്കൻ കാലഘട്ടം, ക്രൈസ്തവസാഹിത്യസമിതി, തിരുവല്ല, 1997, പു.59

# 9

# പുലിക്കോട്ടിൽ തിരുമേനിയും പാമ്പാക്കട പഠിത്തവീടും

*മലങ്കരസഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ദേഹവിയോഗ ശതാബ്ദിക്ക് പുറത്തിറക്കിയ യുഗതേജസ്സ് എന്ന പുസ്തകത്തിൽ ചേർത്ത ലേഖനം*

പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തെ സഭാചരിത്രം പരിശോധിച്ചാൽ പാമ്പാക്കടയ്ക്കും അവിടത്തെ കോനാട്ട് മല്പാൻ ഭവനത്തിനും ഗണ്യമായ ഒരു സ്ഥാനമുണ്ടെന്ന് കാണാം.

കോനാട്ട് മല്പാന്മാരുടെ പൂർവ്വികതറവാട് പിറവത്തിനടുത്തുള്ള മാമ്മലശ്ശേരിയിലാണ്. ശക്രുള്ള ബാവായുടെ കീഴിൽ അഭ്യസിച്ച കോനാട്ട് മല്പാൻ അവിടെ ഒരു പഠിത്തവീട് സ്ഥാപിച്ചു. ലഭ്യമായ ചരിത്രത്തിൽ കോനാട്ട കുടുംബത്തിലെ 17-ാമത് മല്പാൻ ഗീവറുഗീസ് കത്തനാരുടെ അനന്തരവനായ പാമ്പാക്കട ഇട്ടഞ്ചേരിൽ (പരീക്കമോളേൽ) അബ്രഹാം (ഉണ്ണിട്ടൻ) കത്തനാരുടെ കാലത്താണ് കോനാട്ട് മല്പാൻ ഭവനം പാമ്പാക്കടയിലേക്കു പറിച്ചു നട്ടത്. ഈ അബ്രഹാം മല്പാനെപ്പറ്റി (1780-1865) അന്യത്ര പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

### കോനാട്ട് യൂഹാനോൻ മല്പാൻ

അബ്രഹാം മല്പാന്റെ പിൻഗാമിയായ കോര യൂഹാനോൻ (ഉലഹന്നാൻ) മല്പാനും സഭയുടെ പൊതുവേദികളിൽ ശ്രദ്ധേയമായ സ്ഥാനമുണ്ടായിരുന്നു. അബ്രഹാം മല്പാന്റെ ആണ്ടുശ്രാദ്ധദിനത്തിൽ (1864 /1040 തുലാം 16) ഇദ്ദേഹത്തെ മല്പാൻസ്ഥാനം നൽകി മോതിരമിടുവിച്ചത് യൂയാക്കീം മാർ കൂറീലോസ് ആയിരുന്നു. (അബ്രഹാം മല്പാന്റെ 40-ാം ചരമദിനത്തിൽ പുലിക്കോട്ടിൽ തിരുമേനി മോതിരമിടുവിച്ച് മല്പാനാക്കി എന്ന് ത്രീസായ് ശ്രുബഹോ സെന്റർ സ്മരണികയിൽ ഫാ. മത്തായി നൂറനാൽ പറഞ്ഞത് ആധികാരികമോ എന്ന് സംശയമുണ്ട്.) താൻ മെത്രാൻസ്ഥാനമേറ്റു വന്നപ്പോൾ യോഹന്നാൻ മല്പാൻ വളരെ സഹായിച്ചതായി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പിന്നീട് പ്രശംസാപത്രത്തിൽ എഴുതി. (എം. എൽ. 414, കോനാട്ട് ഗ്രന്ഥശാല) മല്പാന്റെ ശ്രാദ്ധത്തിന് പുലിക്കോട്ടിൽ തിരുമേനി പലപ്പോഴും പങ്കെടുത്തുവെന്നത് മല്പാനുമായി അദ്ദേഹത്തിനുണ്ടായിരുന്ന അടുപ്പത്തിന്റെ തെളിവാണ്. മല്പാന് എബ്രായഭാഷയും

അറിയാമായിരുന്നു. പുന്നത്ര ചാണ്ടപ്പിള്ള കത്തനാർക്ക് പകരം വൈദിക ട്രസ്റ്റിയായി ഇദ്ദേഹത്തെ തെരഞ്ഞെടുത്തിരുന്നു. പാമ്പാക്കുടയിൽ സുറിയാനി പ്രസ് സ്ഥാപിക്കുവാൻ ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് വേണ്ട സഹായങ്ങൾ നൽകി. സാധുവായ പട്ടത്വത്തെക്കുറിച്ചുള്ള തർക്കം കൊണ്ടാകണം, ഇദ്ദേഹത്തിന് പത്രോസ് പാത്രിയർക്കീസ് ബാവ മുളന്തുരുത്തിയിൽ വച്ച് (കോനാട്ട് മാത്തൻ മല്പാന് പൂർണ്ണശെമ്മാശ്ശ പട്ടം നൽകിയ ദിവസം) പുനരായി കശ്ശീശാപട്ടം നൽകിയത്.

**പുലിക്കോട്ടിൽ കത്തനാരുടെ തെരഞ്ഞെടുപ്പ്**

മെത്രാന്മാരെയും റമ്പാന്മാരെയും അയച്ചുതരണമെന്ന അപേക്ഷ പാത്രിയർക്കീസ് ബാവായ്ക്ക് അയച്ചതിനു വന്ന മറുപടിയിൽ (1038 ഇടവം / 1863) കൊള്ളാവുന്ന രണ്ടോ മൂന്നോ കശ്ശീശന്മാരെ അയച്ചാൽ സ്ഥാനം കൊടുത്ത് അയയ്ക്കാമെന്നുണ്ടായിരുന്നു. അതിനെത്തുടർന്ന് കോലഞ്ചേരിയിലെ കോട്ടൂർ പള്ളിയിൽ കൂടിയ യോഗത്തിൽ, ഇവിടെ നിന്ന് പട്ടക്കാർ വരുന്നതിന് മടിയുണ്ടെന്നും, അവിടെനിന്ന് മെത്രാന്മാരെ അയയ്ക്കണമെന്നും, അതിന് സാദ്ധ്യതയില്ലെങ്കിൽ ഇവിടെ ഒന്നോ രണ്ടോ പേരെ വാഴിക്കുവാൻ കുറിലോസ് ബാവായ്ക്ക് അനുവാദം കൊടുക്കണമെന്നും മറുപടി എഴുതി തയ്യാറാക്കി. (1863 ധനു 11) അത് അയയ്ക്കുന്നതിനു മുമ്പാണ് കുന്നംകുളങ്ങര കമ്പോളത്തിൽ പുലിക്കോടൻ മേക്കാട്ടുകുളങ്ങര ഇട്ടൂപ്പ് കത്തനാരച്ചന്റെ അനന്തരവൻ യൗസേപ്പ് കത്തനാരച്ചൻ മർദ്ദീനിൽ പോകാമെന്നുള്ള കുന്നംകുളം ദേശത്തെ ആറു പള്ളിക്കാരുടെ എഴുത്തോടെ കുറിലോസിന്റെ അടുത്തെത്തിയത്. നേരത്തെ തയ്യാറാക്കിയിരുന്ന പള്ളിക്കാരുടെ എഴുത്തും മാർ കുറീലോസിന്റെ എഴുത്തും വാങ്ങിയാണ് യൗസേപ്പ് കത്തനാർ യാത്രയ്ക്കൊരുങ്ങിയത്. ഇടവഴിക്കൽ പീലിപ്പോസ് കത്തനാരാണ് പുലിക്കോട്ടിൽ കത്തനാരെ തെരഞ്ഞെടുത്ത് അയച്ചതെന്ന ഇ. എം. ഫിലിപ്പിന്റെ അവകാശവാദം[1] എത്രമാത്രം സാധുവാണെന്ന് പരിശോധിക്കേണ്ടതാണ്. പീലിപ്പോസ് കത്തനാരും ഈ നീക്കത്തിന് അനുഭാവിയായിരുന്നു എന്നതിനു സംശയമില്ല. പാത്രിയർക്കീസ് ബാവായുമായി അദ്ദേഹത്തിന് കത്തിടപാടുകളും ഉണ്ടായിരുന്നു. "... കല്പന വന്ന പ്രകാരം കുറീലോസ് ബാവ നൊസ്രാസു പള്ളിയിൽ സഭ കൂട്ടി ചിന്തിച്ച് ബാവായുടെ ശിഷ്യനും ... ആയ യൗസേപ്പ് കശ്ശീശായെ യോഗം തെരഞ്ഞടുത്ത് അയച്ച" എന്ന് പാലപ്പിള്ളിൽ അച്ചനും എഴുതിയിട്ടുണ്ട്.[2] പുലിക്കോട്ടിൽ യൗസേഫ് കത്തനാർക്ക് മർദ്ദീനിൽ പോകുവാൻ വടക്കുള്ള പള്ളിക്കാരുടെ എഴുത്തും സാമ്പദികതുണയും ഉണ്ടായിരുന്നു. പുലിക്കോട്ടിൽ തിരുമേനിയെ മെത്രാനാക്കിയ നടപടി, നവീകരണത്തെ അംഗീകരിക്കാത്ത മലങ്കരസഭയിലെ പള്ളികളുടെ സംഘടിതശ്രമമായിരുന്നു

വെന്നതിൽ ഒരു സംശയവും വേണ്ട. മറിച്ചുള്ള പ്രചാരണങ്ങൾ രേഖാടിസ്ഥാനമില്ലാത്തവയാണ്.

പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാന്റെ കാലത്തെ സഭാപ്രവർത്തനങ്ങളിൽ സജീവമായ പങ്ക് കോനാട്ട് യൂഹാനോൻ മല്പാനുണ്ടായിരുന്നു.

ഇദ്ദേഹം നിത്യനമസ്കാരക്രമം മലയാളത്തിൽ വിവർത്തനം ചെയ്യുകയും അത് പലവട്ടം പുലിക്കോട്ടിൽതിരുമേനി ഭേദപ്പെടുത്തി കോട്ടയത്തു മാർത്തോമ്മാ പ്രസിൽ നിന്ന് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.[3]

ഈ കാലഘട്ടത്തിൽ മലങ്കരസഭ കുഴഞ്ഞ അവസ്ഥയിലായിരുന്നു. 1850/1025 കർക്കടകം 15 ലെ തിരുവിതാംകൂർ രാജവിളംബരപ്രകാരം പാലക്കുന്നത്ത് അത്താനാസ്യോസിനെ പുത്തൻകൂർ സുറിയാനിക്കാരെല്ലാവരും അനുസരിച്ചു നടക്കേണ്ടിയിരുന്നു. 1855/1031 കന്നി 27 ൽ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് കാലം ചെയ്തു. 1863/1038 കുംഭം 27 ലെ ഉത്തരവനുസരിച്ച് പാലക്കുന്നത്തു മെത്രാന്റെ അധികാരത്തിൽ ഉൾപ്പെട്ട പള്ളികളിൽ കൂടിനടക്കുന്നതിന് മനസ്സില്ലാത്തവർ വേറെ പള്ളികൾ ഉണ്ടാക്കുകയും പഴയ പള്ളികളിലെ വല്ല അവകാശവും സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ അദാലത്തു മുഖേന തീർച്ച വരുത്തുകയും വേണ്ടിയിരുന്നു. പാലക്കുന്നത്തു മെത്രാനെ മുടക്കിയതായി പാത്രിയർക്കീസ് ബാവായുടെ കല്പന (1873 മകരം 11) പള്ളികൾക്ക് ലഭിച്ചിരുന്നു.[4] യൂയാക്കീം മാർ കൂറിലോസ് പാലക്കുന്നത്തു മെത്രാനെതിരേയുള്ള വിഭാഗത്തിന്റെ അംഗീകാരം നേടിയിരുന്നു. പലയിടത്തും, പ്രത്യേകിച്ച് വടക്ക്, ഇരുവിഭാഗത്തിലും പെട്ടവർ ഉള്ള പള്ളികളിൽ തർക്കങ്ങൾ പതിവായിരുന്നു. പാലക്കുന്നത്തു മെത്രാൻ സ്ഥാനം നല്കിയ തൊഴിയൂർമെത്രാൻ അദ്ദേഹവുമായി യോജിച്ചു നില്ക്കുകയായിരുന്നു.

ഇതിനിടയിലേക്കാണ് പുലിക്കോട്ടിൽ മെത്രാച്ചൻ (1864 ഏപ്രിൽ 3 ന്) സ്ഥാനമേറ്റു വന്നത്. (1039 മേടം 26 പുതുഞായറാഴ്ച സ്ഥാനമേറ്റുവെന്നാണ് പരദേശയാത്രയിൽ കാണുന്നത്. മേടം 18 നോമ്പുവീടലെന്നും പറഞ്ഞിട്ടുണ്ട്. ആ വർഷം ഈസ്റ്റർ മാർച്ച് 27 നായിരുന്നു.) വന്ന സമയത്ത് (1864/1040 ചിങ്ങം 23) പാലക്കുന്നത്തു മെത്രാൻ കോട്ടയം സെമിനാരിയിലും യൂയാക്കീം മാർ കൂറീലോസ് അങ്കമാലിയിലുമായിരുന്നു. കൊച്ചിയിൽ വന്നിറങ്ങിയ ശേഷം 1864/1041 ചിങ്ങം 25 ന് സമീപത്തുള്ള പള്ളിക്കാർക്കും പ്രമാണികളായ പട്ടക്കാർക്കും സ്ഥാനം കൈക്കൊണ്ട വിവരത്തിനും കൂടിക്കാണുന്നതിനും പുലിക്കോട്ടിൽ മെത്രാച്ചൻ കല്പന അയച്ചു.

**മാർ ക്രൂറീലോസ് ചുവടു മാറ്റുന്നു**

ഈ വിവരമറിഞ്ഞപ്പോൾ മാർ കൂറീലോസിന്റെ പ്രതികൂലപ്രതികരണം 1864 ചിങ്ങം 24 ന് അങ്കമാലിയിൽ നിന്ന് പള്ളികൾക്കുള്ള കല്പനയിലൂടെ

പുറത്തുവന്നു. "കീഴ്ജ്ജാളിലെ ചട്ടം പോലെ കൂട്ടംകൂടി നിശ്ചയിക്കുന്നതുവരെ അയാളെ അനുസരിക്കുകയും കല്പനകൾ പള്ളികളിൽ വായിക്കയുമരു തെന്ന" നിരോധനമായിരുന്നു അതിൽ. പാത്രിയർക്കീസ് ബാവായിൽ നിന്ന് പട്ടം കൊടുത്ത വിവരത്തിന് തനിക്ക് എഴുത്തു വരാത്തതും പുലി ക്കോട്ടിൽമെത്രാൻ തനിക്ക് കത്തയയ്ക്കാത്തതുമാണ് അതിനു കാരണമായി പറഞ്ഞത്. (പുലിക്കോട്ടിൽ കത്തനാർ മർദ്ദീനിലേക്കു പോകുമ്പോൾ കത്തെഴുതിക്കൊടുക്കുകയും പള്ളിക്കാരുടെ കത്തിന്മേൽ മുദ്ര പതിക്കു കയും ചെയ്ത ഇദ്ദേഹം, പിന്നീട് മെത്രാൻസ്ഥാനം അദ്ദേഹത്തിന് കൊടു ക്കരുതെന്ന് മർദ്ദീനിലേക്ക് കത്തയച്ചതായി ഇ.എം. ഫിലിപ്പ് എഴുതിയത് സത്യമെന്ന് കരുതാം.[5] അതിന്റെ ഫലമായി പള്ളിക്കാർ രണ്ടു പേരുടെ കല്പനകളും വേണ്ടപോലെ പരിഗണിച്ചില്ല. എന്നാൽ സമീപേയുള്ള പള്ളി ക്കാരും പാമ്പാക്കുട യൂഹാനോൻ മൽപ്പാന്റെ അനന്തരവൻ കുഞ്ഞുവർക്കി (ഗീവർഗീസ്) കത്തനാരും ഇടവഴിക്കൽ പീലിപ്പോസ് കത്തനാരുടെ മകൻ കത്തനാരും മറ്റും പുലിക്കോട്ടിൽ മെത്രാനെ പോയി കണ്ടു.

തുടർന്ന് 1864/1040 കന്നി 8 പെരുന്നാളിന് ആർത്താറ്റ് പള്ളിയിൽ യൗസേഫ് മാർ ഗീവന്നാസ്യോസിന്റെ സ്ഥാത്തിക്കോൻ വായിച്ചുകേട്ട് സുന്തോണീസോ ശുശ്രൂഷ നടന്നു.

**കോനാട്ട് ഗീവർഗീസ് കത്തനാർ**

പാമ്പാക്കുട യൂഹാനോൻ മല്പാന്റെ അനന്തരവൻ ഗീവർഗീസ് (കുഞ്ഞു വർക്കി) കത്തനാരും (പിന്നീട് തുമ്പമണ്ണിന്റെ യൂലിയോസ് മെത്രാ പ്പോലീത്ത) നവീകരണത്തിനെതിരേയുള്ള പോരാട്ടത്തിൽ പുലിക്കോട്ടിൽ തിരുമേനിയുടെ ഉത്തമസഹായിയായിരുന്നു. അദ്ദേഹം യൂയാക്കീം മാർ കൂറിലോസിന്റെ വിലക്കുണ്ടായിട്ടും പുലിക്കോട്ടിൽതിരുമേനിയെ സന്ദർ ശിച്ചത് മുകളിൽ സൂചിപ്പിച്ചല്ലോ. അതിനു ശേഷം അദ്ദേഹം ഏതാനും പേരുമായി ചേർന്ന് അങ്കമാലിയിലായിരുന്ന മാർ കൂറിലോസിനെ പാമ്പാക്കുടയിലേക്ക് ക്ഷണിച്ചു കൊണ്ടുവന്നു.

**പാമ്പാക്കുടയിൽ പള്ളിയോഗം**

കോനാട്ട് അബ്രഹാം മല്പാന്റെ ആണ്ടുശ്രാദ്ധത്തോടനുബന്ധിച്ച് (1864 തുലാം 15) വടക്കുള്ള എല്ലാ പള്ളിക്കാരിൽ പ്രമാണികളും പട്ടക്കാരും യോഹന്നാൻ മല്പാന്റെ ക്ഷണപ്രകാരം വന്നു ചേർന്നിരുന്നു. പുലിക്കോട്ടിൽ തിരുമേനിയുടെ കാര്യം തീരുമാനിച്ചു പിരിയണമെന്ന് നിശ്ചയിച്ച് 17 ന് ഞായറാഴ്ച യോഗം ചേർന്നു. മാർ കൂറിലോസും പുലിക്കോട്ടിൽ തിരുമേനി യുമായി യോജിച്ചു പോകണമെന്ന് തീരുമാനിച്ചു. അനുരഞ്ജനത്തിന് കോനാട്ട് മല്പാന്റെ പ്രേരണയും മുൻകൈയും ഉണ്ടായിരുന്നെന്ന് കരുതാം.

1864/1040 തുലാം 20 ന് പുലിക്കോട്ടിൽ മെത്രാനച്ചന്റെ കല്പനപ്രകാരം

പാമ്പാക്കുടയിൽ ഒരു പള്ളിയോഗം നടന്നതായി എം.പി. വർക്കി എഴുതിയ മാർ ദീവന്നാസ്യോസിന്റെ ജീവചരിത്രത്തിൽ നിന്ന് പാറേട്ട് ഉദ്ധരിക്കുന്നു. പാലക്കുന്നത്തു മെത്രാനെ അനുസരിച്ചു നടക്കണമെന്ന വിളംബരം പിൻവലിക്കേണ്ടതിന് ഹർജി കൊടുക്കുന്നതിനെപ്പറ്റി അതിൽ ആലോചിച്ചു.[6] ആദ്യം സൂചിപ്പിച്ച യോഗം തന്നെയാകാം ഇത്.

**മാർ ക്രൂറീലോസും പാലക്കുന്നത്തു മെത്രാനും**

പാമ്പാക്കുടയിൽ നിന്ന് മാർ കൂറീലോസിനെ വടകരപ്പള്ളിക്കാർ കൊണ്ടുപോയി. കോതമംഗലത്തായിരുന്ന പാലക്കുന്നത്തു മെത്രാനെ വടകരക്കാർ പോയി കൂട്ടിക്കൊണ്ടുവന്നു. തമ്മിൽ കണ്ടപ്പോൾ മെത്രാൻ എന്ന നിലയ്ക്കു മാർ കൂറീലോസ് ആചാരം ചെയ്യാതെ വർത്തമാനങ്ങൾ പറഞ്ഞു് രണ്ടുനാലു ദിവസം അവിടെ രണ്ടുപേരും കഴിഞ്ഞു. പിന്നെ മാർ കൂറീലോസിന്റെ ഭാഗത്തുള്ള പട്ടക്കാരും ജനങ്ങളും ആ പള്ളിയുടെ കുരിശുപള്ളിയായ കുഴിക്കാട്ടുകുന്നേൽപള്ളിയിലേക്കു മാറി. പാലക്കുന്നത്തു മെത്രാൻ പട്ടം കൊടുത്ത ചിലർക്ക് അവിടെ വച്ച് പട്ടം അഴിച്ചു കൊടുക്കുകയുമുണ്ടായി. പട്ടം അഴിച്ച് ഏറ്റവരിൽ ചിലരെ വടകരയിൽ തങ്ങിയിരുന്ന പാലക്കുന്നത്തു മെത്രാൻ മുടക്കുകയും ചെയ്തു.

പുലിക്കോട്ടിൽ മെത്രാനച്ചൻ വരുന്നതിന് മാർ കൂറീലോസിന്റെ നിർദ്ദേശപ്രകാരം കോനാട്ട് യോഹന്നാൻ മല്പാൻ കുന്നംകുളങ്ങരയ്ക്കു് എഴുതി. അതനുസരിച്ച് മെത്രാനച്ചൻ കൊച്ചിയിലെത്തിയിട്ട് വിവരം മല്പാനും വടക്കുള്ള പ്രമാണികളായ പട്ടക്കാർക്കും എഴുതി. ഈ വിവരങ്ങൾ അറിയിക്കുവാൻ മല്പാൻ മാർ കൂറീലോസിന്റെ അടുക്കൽ കുഴിക്കാട്ടുകുന്നിൽ ചെന്ന വിവരം അറിഞ്ഞു് പാലക്കുന്നത്തു മെത്രാൻ മല്പാനെ ആളയച്ചു വരുത്തി അരിശപ്പെട്ടു് അപമാനിച്ചു. അദ്ദേഹം ദുഃഖത്തോടെ തിരികെ പോന്നു.

ഉടനെ മാർ കൂറീലോസ് പാലക്കുന്നത്തു മെത്രാനുമായി ആലോചിച്ച് 1865 കുംഭം 12 ന് എല്ലാ പള്ളിക്കാരും കോലഞ്ചേരിയിൽ യോഗം കൂടുന്നതിന് വടക്കുള്ള പള്ളിക്കാർക്കും തെക്കരിൽ പ്രമാണികൾക്കും വെവ്വേറെ കല്പനകൾ രണ്ടു പേരും അയച്ചു. യോഗത്തിന്റെ കാര്യത്തിൽ രണ്ടു പേർക്കും വ്യത്യസ്തലക്ഷ്യങ്ങളായിരുന്നു.

**പാമ്പാക്കുടയിൽ പുലിക്കോട്ടിൽ മെത്രാനു് സ്വീകരണം**

ഇങ്ങനെ കോലഞ്ചേരിയിൽ യോഗം കൂടുന്നതിന് മല്പാൻ മുതലായവരോട് ആലോചിക്കാത്തതിനാലും കല്പനകളിൽ കൃത്യമായ യോഗോദ്ദേശ്യം കാണിക്കാതിരുന്നതിനാലും പാലക്കുന്നത്തുമെത്രാനുമായി സ്വരുമിച്ച കാര്യം മല്പാനും മറ്റും അറിയാതിരുന്നതിനാലും, പലരുമായും കൂടിയാലോചിച്ച് പുലിക്കോട്ടിൽമെത്രാനച്ചനെ കൊച്ചിയിൽ നിന്ന് പാമ്പാക്കുടയിലേക്ക് പിറവം, മാമലശ്ശേരി പള്ളികൾ വഴി ആഘോഷത്തോടെ

കൊണ്ടുവന്നു. പുലിക്കോട്ടിൽമെത്രാനച്ചൻ മാർ കൂറീലോസുമായി കൂടി ക്കാണുവാൻ ചെല്ലുന്ന കാര്യം ആളു വിട്ട് അദ്ദേഹത്തെ അറിയിച്ചപ്പോൾ അനുവദിച്ചില്ല. ഈ വിവരം പാലക്കുന്നത്തു മെത്രാൻ അറിഞ്ഞു് പോയ ആളുകളോട്ട് വടകരയിൽ വച്ച് അരിശപ്പെട്ട് ചീത്തവാക്കുകൾ പറഞ്ഞു.

തുടർന്ന് മല്ലാൻ കുറുപ്പംപടി മുതലായ പള്ളിക്കാരെ വരുത്തി ആലോ ചിച്ച് കോലഞ്ചേരി യോഗത്തിനു പോകരുതെന്ന് നിശ്ചയിച്ചു. കൂടാതെ മുളന്തുരുത്തിയിലോ മറ്റോ 1865 മേടം 15 നകം യോഗം കൂടി സ്ഥാത്തി ക്കോൻ വായിച്ച് പുലിക്കോട്ടിൽ മെത്രാപ്പോലീത്തായെ കൈക്കൊ ള്ളണമെന്നും തീരുമാനിച്ചു.

**മാർ ക്കുറീലോസ് മാർ ദീവന്നാസ്യോസ് അഭിമുഖം**

ഇതറിഞ്ഞ മാർ കൂറീലോസ് പാമ്പാക്കുടയിൽ വന്ന് പുലിക്കോട്ടിൽ മെത്രാപ്പോലീത്തായെ കണ്ട് തനിക്കോ പള്ളിക്കാർക്കോ കത്തുകൾ വല്ലതും കൊണ്ടുവന്നിട്ടുണ്ടോ എന്ന് തിരക്കി. സ്ഥാത്തിക്കോനല്ലാതെ ഒന്നുമില്ലെന്ന് പറഞ്ഞു് സ്ഥാത്തിക്കോൻ കാണിച്ചപ്പോൾ പാത്രിയർ ക്കീസ് ബാവായുടെ കൈയെഴുത്തും മുദ്രയുമാണെന്ന് സമ്മതിച്ചു. എന്നാൽ മെത്രാൻസ്ഥാനമുറയ്ക്ക് അദ്ദേഹത്തെ ആദരിച്ചില്ല. രാത്രിതന്നെ കുഴിക്കാട്ടു കുന്നിലേക്ക് മടങ്ങുകയും ചെയ്തു.

**മാർ ക്കുറീലോസും പാലക്കുന്നത്തു മെത്രാനും ഒന്നിച്ചു**

പിന്നീട് വടകരയിൽ മാർ കൂറീലോസും പാലക്കുന്നത്തു മെത്രാനും ഒന്നിച്ച് പെരുന്നാളിൽ സംബന്ധിച്ചു. പിന്നെ അവർ ഒരുമിച്ച് കോലഞ്ചേ രിക്ക് പുറപ്പെട്ടു. വഴിമദ്ധ്യേ മാർ കൂറീലോസ് മാത്രം പാമ്പാക്കുടയിൽ കയറി, കോലഞ്ചേരിയോഗത്തിന് പുലിക്കോട്ടിൽ മെത്രാനും മല്പാനും എത്തുവാൻ പറഞ്ഞു. കൂടെയുണ്ടായിരുന്ന പാലക്കുന്നത്തു മെത്രാൻ പാമ്പാ ക്കുട പള്ളിത്താഴത്ത് നിന്നതേയുള്ളൂ. തുടർന്ന് അവർ ഒന്നിച്ചു യാത്രചെയ്ത് കോലഞ്ചേരിയിലെത്തി, മാർ കൂറീലോസ് കോട്ടൂരും പാലക്കുന്നത്തു മെത്രാൻ കോലഞ്ചേരി പള്ളിയിലും താമസിച്ചു.

**കോലഞ്ചേരി യോഗവും ബഹിഷ്കരണവും**

യോഗത്തിലേക്ക് അഞ്ചൂരു കൂറീലോസ് മെത്രാനെയും വരുത്തുന്നതിന് കല്പന അയയ്ക്കുകയും സ്വീകരണത്തിന് ഏർപ്പാടു ചെയ്യുകയുമുണ്ടായി. എന്നാൽ രോഗം മൂലം അദ്ദേഹം വന്നില്ല. വന്നു ചേർന്ന പള്ളിക്കാരിൽ ചിലർ മാർ കൂറീലോസിനോട്ട് കാര്യം തിരക്കി. മേൽ നടത്തിപ്പു സംബ ന്ധിച്ച് അദ്ദേഹം തയ്യാറാക്കി വായിച്ച വ്യവസ്ഥക്രമം പള്ളിക്കാർക്ക് സമ്മതമായില്ല. അതിലും പുലിക്കോട്ടിൽ മെത്രാൻ വരാതിരുന്നതിലും അതൃപ്തനായ പാലക്കുന്നത്തു മെത്രാൻ, മാർ കൂറീലോസുമായി കൂടിയാ ലോചിച്ച്, പുലിക്കോട്ടിലച്ചൻ പോയി മെത്രാൻ സ്ഥാനമേറ്റു വരുന്നതിന്

എഴുത്തു കൊടുത്തില്ല എന്ന് പള്ളിക്കാരെക്കൊണ്ട് എഴുതിവയ്പിച്ച് യോഗം പിരിച്ചു. വടക്കുള്ള ചുരുക്കം പള്ളികളിൽ നിന്നേ പ്രതിനിധികൾ ഈ യോഗത്തിൽ വന്നിരുന്നുള്ളൂ. പാലക്കുന്നത്തു മെത്രാനും മാർ കൂറീലോസും അഞ്ഞൂരു മെത്രാനും യോജിച്ച് പുലിക്കോട്ടിൽ മെത്രാനെ പുറത്താക്കുവാനുള്ള ഒരു തന്ത്രമായിരുന്നു കോലഞ്ചേരി യോഗം എന്ന് കരുതാം. (നേരത്തേ 1856 കുംഭത്തിലും മാർ കൂറീലോസ് മത്യൂസ് അത്താനാസ്യോസുമായി ഇണക്കത്തിലായി സെമിനാരിയിൽ കുറേനാൾ താമസിക്കുകയും യോജിച്ച് പള്ളികൾക്ക് സാധനങ്ങൾ എഴുതുകയുമുണ്ടായി. ഇക്കാര്യം കോനാട്ട് മല്പാൻ അറിയാതെയായിരുന്നുവെന്ന് സമകാലീനനും സഭാരംഗത്ത് സക്രിയനുമായിരുന്ന ഒരു കത്തനാർ തന്റെ ദിനചരിതക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളതായി അറിയാം.) മാർ കൂറീലോസ് തികഞ്ഞ വഞ്ചകനായിത്തീർന്നപോലെ തോന്നുന്നു. ഇതു തിരിച്ചറിഞ്ഞ വടക്കുള്ള പള്ളിക്കാരും പ്രമാണികളും കോനാട്ടു മല്പാന്റെയും മറ്റും തീരുമാനപ്രകാരം യോഗം ബഹിഷ്കരിച്ചുവെന്ന് പറയാം. തുടർന്ന് പുലിക്കോട്ടിൽ മെത്രാൻ കോനാട്ടു മല്പാന്റെ ആലോചനയോടെ പള്ളികൾ സന്ദർശിച്ചു തുടങ്ങുകയും പട്ടംകൊടുക്കൽ ആദിയായ മേലദ്ധ്യക്ഷകർമ്മങ്ങൾ അനുഷ്ഠിച്ചുതുടങ്ങുകയും ചെയ്തു.

**പാമ്പാക്കുടയിൽ പള്ളിയോഗം രണ്ടാമതും**

1868/1044 ചിങ്ങം 22 ന് പുലിക്കോട്ടിൽ ദീവന്നാസ്യോസിന്റെ കല്പനപ്രകാരം പാമ്പാക്കുടയിൽ പള്ളിയോഗം ചേർന്നു. സഭയിലുള്ള കലഹം സംബന്ധിച്ച് മദ്രാസിൽ പോയി അന്യായം കൊടുക്കുവാനും അതിനുള്ള ചെലവിലേക്ക് യഥാശക്തി പിരിവുകൊടുക്കുവാനും തീരുമാനിച്ചു.

**ദീവന്നാസ്യോസിന്റെ നീക്കങ്ങളിൽ ക്രൂറീലോസിന് അസംതൃപ്തി**

1868/1044 തുലാം 8 ന് മദ്രാസിനു പോകുവാൻ എത്തിയ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് കൊച്ചി കോട്ടയിൽ ഉണ്ടായിരുന്ന മാർ കൂറീലോസുമായി കൂടിക്കണ്ടെങ്കിലും അതത്ര സന്തോഷകരമായിരുന്നില്ലെന്ന് ശീമോൻ മാർ ദീവന്നാസ്യോസ് രേഖപ്പെടുത്തിയിരിക്കുന്നു. പാലക്കുന്നത്തു മെത്രാനെതിരേയുള്ള നടപടികളിൽ മാർ കൂറീലോസ് സന്തോഷവാനായിരുന്നില്ലെന്ന് തോന്നുന്നു. അതുകൊണ്ടായിരിക്കാം പുലിക്കോട്ടിൽ തിരുമേനി തത്ക്കാലം യാത്ര മാറ്റി വച്ചു.[7]

**മെത്രാന്മാരിൽ ഒരാളെ ഒന്നാമനാക്കാൻ ഗൂഢനീക്കം**

തുടർന്ന് മാർ കൂറീലോസ് വടക്കൻപള്ളികളുടെ ഒരു യോഗം 1044 ധനു 15 ന് കരിങ്ങാച്ചിറയിൽ വിളിച്ചു. താൻ ചികിത്സയ്ക്കായി ബോംബേക്ക് പോകുന്നെന്നും അപ്പോൾ കാര്യാദികളുടെ നടത്തിപ്പിന് ഒരു അർക്കദയാക്കോ മേൽപ്പട്ടക്കാരനെ സ്ഥാനം കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നെന്നും അതിനെക്കുറിച്ച് ആലോചിക്കണമെന്നുമായിരുന്നു കല്പന.

ഏതാനും പള്ളിക്കാർ മാത്രം വന്നു ചേർന്ന ആ യോഗം മാർ കൂറീലോസിന്റെ ഗൂഢലക്ഷ്യത്തെ പിന്തുണച്ചില്ല. മാർ കൂറീലോസിന്റെ ഈ നീക്കവും ഒരു തന്ത്രമെന്ന് പലർക്കും അറിയാമായിരുന്നു.[8]

മാർ കൂറീലോസ് പുലിക്കോട്ടിൽ തിരുമേനിയെ ദുഷിച്ച് ചിലതെല്ലാം എഴുതി അയച്ചിരുന്നതായി ആയിടെ വന്ന പാത്രിയർക്കീസ് ബാവായുടെ കല്പനയിലും (ധനു 20 ന് കിട്ടിയതു്) മൂസലിൽ നിന്നുള്ള ഒരു എഴുത്തിലും (വൃശ്ചികം 3 ന് എഴുതിയതു്) കാണുന്നു. കൂറീലോസ് നവീകരണവിഭാഗത്തോടു് അനുഭാവനിലപാടുകൾ അക്കാലത്തു് സ്വീകരിച്ചിരുന്നു.[9] പാത്രിയർക്കീസ് ബാവ മലങ്കരയിലേക്കു വരുവാൻ ഒരുങ്ങുന്നതായി അറിയിച്ച മാർ കൂറീലോസിനുള്ള പ്രസ്തുത കല്പനയിൽ പള്ളിക്കാരുടെയും പുലിക്കോട്ടിൽ മെത്രാന്റെയും ഇടവഴിക്കൽ പീലിപ്പോസ് കശ്ശീശായുടെയും അപേക്ഷ പ്രകാരം വരുന്നുവെന്നാണ് പറയുന്നതു്. മാർ കൂറീലോസ് പാത്രിയർക്കീസിനെ കൊണ്ടുവരുന്ന ശ്രമത്തിൽ അപ്പോൾ പങ്കാളിയായിരുന്നില്ലെന്നർത്ഥം. തിരശ്ശീലയ്ക്കു പിറകിൽ മാർ കൂറീലോസ് ചിലതൊക്കെ കളിച്ചിരുന്നതായി സംശയിക്കണം. അതുകൊണ്ടൊക്കെയാകാം, യാക്കോബ് രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ അടിയന്തിരത്തിനും, പാത്രിയർക്കാതെരഞ്ഞെടുപ്പ് ലക്ഷ്യമിട്ടു് സിംഹാസനത്തിലേക്ക് മാർ കൂറീലോസ് പോകുന്നതിന് വഴിച്ചെലവു സ്വരൂപിക്കുന്നതിനുമായി അദ്ദേഹം പിന്നീട് വിളിച്ചു ചേർത്ത മുളന്തുരുത്തിയോഗത്തിനും (1871/1046 മീനം 15) മൂന്നു പള്ളിക്കാർ മാത്രമാണ് വന്നതു്. അതേസമയം പുലിക്കോട്ടിൽ മെത്രാൻ കുന്നംകുളത്തു നടത്തിയ നാല്പതടിയന്തിരത്തിന് (1871/1046 മേടം 5) കോനാട്ടു് യോഹന്നാൻ മല്പാനും വടക്കുള്ള പള്ളികളിലെ പല പട്ടക്കാരും സംബന്ധിക്കുകയും ചെയ്തു.

**പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മദ്രാസിനു്**

ഈ സമയത്തു് മുൻ നിശ്ചയപ്രകാരം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മദ്രാസിനു യാത്ര തിരിച്ചു. അദ്ദേഹത്തിന്റെ കൂടെ കോനാട്ടു് ഗീവർഗീസ് കത്തനാരും പാമ്പാക്കുട പാലപ്പിള്ളിൽ അബ്രഹാം കത്തനാരും പോയിരുന്നു. പക്ഷെ മദ്രാസിൽ നിന്ന് അനുകൂലമായ ഉത്തരവൊന്നും ലഭിച്ചില്ല. പാലപ്പിള്ളിൽ അബ്രാഹം മല്പാൻ പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തെ ഒരു പണ്ഡിതനും സുറിയാനി-മലയാള നിഘണ്ടുകാരനും, (മാന്നാനം യൗ.പു. ആശ്രമ അച്ചുകൂടത്തിൽ നിന്ന് 1898 ൽ പ്രസിദ്ധപ്പെടുത്തിയതു്) മാർതൊമ്മാചരിത്രം, (സൊബായുടെ മാർ ശെമഓൻ മെത്രാപ്പോലീത്തായുടെ നളാഗമത്തിൽ നിന്നു് തർജ്ജമ ചെയ്തതും പ്രാചീനചരിത്രങ്ങളിൽ നിന്ന് കൂട്ടിച്ചേർത്തതും, 1902) സുറിയാനി സമൂഹവൃത്താന്തം (പാത്രിയർക്കീസ് ബാവായുടെ കല്പനയാൽ പ്രസിദ്ധം ചെയ്തു, സുറിയാനി കൈയെഴുത്തു ചരിത്രപുസ്തകത്തിന്റെ തർജ്ജമ, കൊച്ചി

സെന്തോമസ് അച്ചുക്കൂടം, 1877) ഉപദേശസാരം (മാർത്തോമ്മാ അച്ചുക്കൂടം, കോട്ടയം, 1080/1905) എന്നീ പുസ്തകങ്ങളുടെ കർത്താവായ ചരിത്രകാരനും കോനാട്ട് മല്പാന്മാരുടെ ബന്ധുവും ആയിരുന്നു.[10]

**പാമ്പാക്കുടയിൽ നിന്ന് റസിഡണ്ടിന് നിവേദനം**

വട്ടിപ്പണം പാലക്കുന്നത്തു മെത്രാനും കൂട്ടർക്കും കൊടുക്കുവാൻ റസിഡണ്ട് ഉത്തരവിട്ടതിനെതിരേ പുലിക്കോട്ടിൽ മെത്രാനും, കോനാട്ടു മല്പാനും, അബ്രാഹംമല്പാന്റെ ശ്രാദ്ധത്തിനു വന്ന വടക്കൻ പള്ളിക്കാരും ചേർന്ന് മൂവാറ്റുപുഴയിൽ വച്ച് അദ്ദേഹത്തെ നേരിട്ടു കണ്ട് വാക്കാലും രേഖാമൂലവും പരാതിപ്പെട്ടു. കൊച്ചിയിൽ വച്ച് മെത്രാൻ നേരിട്ട് വീണ്ടും റസിഡണ്ടിനെ കുടിക്കണ്ടെങ്കിലും അനുകൂലമായി തീർച്ച ചെയ്തില്ല.

**പരുമല സെമിനാരിയുടെ ഉദയം**

1872/1047 മീനമാസം മുതൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് കോട്ടയം മുതലായ തെക്കുള്ള പള്ളികൾ സന്ദർശിച്ചു. സുറിയാനി മര്യാദകൾ പാലക്കുന്നത്തു മെത്രാൻ തെറ്റിക്കുന്നതുകണ്ട് ദുഃഖിച്ചു. സെമിനാരിയിൽ പഠിക്കുന്ന ശെമ്മാശന്മാർ വഴി സത്യവിശ്വാസം നശിച്ചു പോകുമെന്ന് തിരിച്ചറിഞ്ഞു് തെക്കേ ദിക്കിൽ ഒരു സെമിനാരി തുടങ്ങണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹമാണ് പരുമല സെമിനാരിയുടെ ഉദയത്തിനിടയാക്കിയത്.[11] മാത്യൂസ് അത്താനാസ്യോസ് നവീകരണാശയങ്ങളോട് ഒട്ടും അടുപ്പം കാണിച്ചിരുന്നില്ല; മരണപര്യന്തം അദ്ദേഹം സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തിൽ ഉറച്ചു നിന്നിരുന്നു എന്നെല്ലാം എം.ഓ.സി. പബ്ലിക്കേഷൻസിന്റെ മാത്യൂസ് അത്താനാസ്യോസ് എന്ന കൃതിയിൽ ഏറെ പുറങ്ങളിൽ ആവർത്തിച്ച് പ്രതിപാദിച്ചിട്ടുള്ളതു് മിതമായി പറഞ്ഞാൽ കണ്ണടച്ചിരുട്ടാക്കുന്ന സൂത്രമാണ്. ഏതോ നിക്ഷിപ്തതാല്പര്യം കൊണ്ടായിരിക്കണം അതു് എഴുതിയതു്. യാഥാർത്ഥ്യം അതല്ലെന്ന് മാത്യൂസ് അത്താനാസ്യോസ് പ്രസിദ്ധം ചെയ്തിട്ടുള്ള നമസ്കാരക്രമം, കുർബ്ബാനക്രമം എന്നിവയിൽ നിന്ന് സ്പഷ്ടമാണ്. കന്യകമറിയാമിനോടുള്ള അപേക്ഷ, വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള അപേക്ഷ ഇത്യാദി ഭാഗങ്ങളിൽ തത്സംബന്ധമായ തിരുത്തലുകൾ വരുത്തിയിരുന്നു. 1031 ൽ കൃപനിറഞ്ഞ മറിയമേ എന്ന അപേക്ഷ ഇല്ലാത്ത നമസ്കാരപുസ്തകം മാത്യൂസ് അത്താനാസ്യോസ് സെമിനാരി പ്രസിൽ അച്ചടിച്ചു. അതുകൊണ്ട് പുലിക്കോട്ടിൽ യൗസേഫ് കത്തനാർ ശരിയായ നമസ്കാരക്രമം കോഴിക്കോട്ടുനിന്ന് കല്ലച്ചിൽ അച്ചടിപ്പിച്ച് വിതരണം ചെയ്യുകയുണ്ടായി.[12] നവീകരണശ്രമങ്ങളിൽ പാലക്കുന്നത്തു മെത്രാൻ ഉത്സാഹിച്ചതായി റവ. സി.ഇ. എബ്രഹാം എഴുതിയിട്ടുണ്ട്.[13] മൂസൽ ഇടവകയിൽ മത്യൂസ് അത്താനാസ്യോസ് പരിഷ്കാരനടപടികൾ നടത്തിയതായും മൂസൽ ഇടവകയിൽ നിന്ന് പരാതിയുണ്ടായതായും അദ്ദേഹത്തിന്റെ ജീവചരിത്ര

ത്തിൽ ശ്രീ ജെ. വറുഗീസ് രേഖപ്പെടുത്തിയിട്ടുണ്ട്.[14] അതു കാരണം പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ തിരിച്ചുവിളിച്ചപ്പോൾ അനുസരിച്ച് മുഖദാവിൽ ഉത്തരം പറയാതെ, ഒരു മറുപടി അയച്ചുകൊണ്ട് നാട്ടിലേക്കു പോരികയാണല്ലോ ഉണ്ടായതു്. തൊണ്ണൂറു വയസ്സുള്ള പാത്രിയർക്കീസ് ബാവ നവീകരണത്തിന് ആഗ്രഹിക്കുന്നുവെന്നും ഈ തീവ്രയത്നത്തിൽ അദ്ദേഹത്തോടു സഹകരിക്കുവാൻ ആരുമില്ലെന്നും ഇവിടെ വന്ന ഉടൻ സതീർത്ഥ്യനായ റവ. ജോർജ്ജ് മാത്തന് എഴുതിയിരുന്നു.[15] നവീകരണത്തിലേക്ക് ശക്തിയായി എടുത്തു ചാടാതെ, ക്രമേണ അതിലേക്ക് ആളുകളെ നയിക്കുവാനുള്ള സൂത്രമായിരുന്നു മത്യൂസ് അത്താനാസ്യോസിന്റെ കർമ്മപദ്ധതി.

**പരുമല പള്ളിയോഗം**

സെമിനാരിയുടെ പണി തീരുംമുമ്പേ മാർ ദീവന്നാസ്യോസിന്റെ കല്പനപ്രകാരം അവിടെ വച്ച് 1873 ചിങ്ങം 25 (1049 ചിങ്ങം 27) ന് പള്ളിയോഗം കൂടി. എൺപതിലധികം പള്ളിക്കാർ അതിൽ സംബന്ധിച്ചു. വടക്കുള്ള 11 പള്ളിക്കാർ മാത്രമേ സംബന്ധിക്കാതിരുന്നുള്ളു. മാർ കൂറീലോസ് ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. അസോസ്യേഷനിലേക്ക് 12 കമ്മറ്റിക്കാരെ തെരഞ്ഞെടുത്തു. അതിൽ കോനാട്ട് ഗീവർഗീസ് മല്പാൻ ഒരംഗമായിരുന്നു.[16]

യൂയാക്കീം കൂറീലോസ് ബാവാ കാലം ചെയ്തതിനെത്തുടർന്ന് അദ്ദേഹത്തിന്റെ സ്വകാര്യവകകൾ മാർ കൂറീലോസിന്റെ അനുജൻ മക്കുദിശാ ഗബ്രിയേൽ അപഹരിച്ചു കൊണ്ടുപോയതായി പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കൊച്ചി ദിവാനോട് പരാതിപ്പെട്ടു. അതിന്റെ വിസ്താരവേളയിൽ ഇരുകൂട്ടരെയും രാജിയാക്കുവാൻ പരിശ്രമിച്ചവരിലൊരാൾ കോനാട്ട് ഗീവറുഗീസ് മല്പാനായിരുന്നു.[17] അവരുടെ മദ്ധ്യസ്ഥതയാൽ പ്രശ്നം രമ്യതയിൽ പരിഹൃതമായി.

1874/1050 തുലാം 15 ലെ കോനാട്ട് അബ്രഹാം മല്പാന്റെ ശ്രാദ്ധത്തിന് പുലിക്കോട്ടിൽ തിരുമേനി സംബന്ധിച്ചു. ഇക്കാലത്ത് വടക്കൻപ്രദേശത്ത് സഭാപ്രവർത്തനത്തിന്റെ കേന്ദ്രമായി പാമ്പാക്കുട മാറിയിരുന്നു.

**പത്രോസ് തൃതീയൻ ബാവ എത്തുന്നു**

പത്രോസ് പാത്രിയർക്കീസ് ബാവ ബോംബെയിൽ എത്തിയതായും കൊച്ചിയിൽ വരുമ്പോൾ എതിരേല്പ് നല്കണമെന്നും പുലിക്കോട്ടിൽ തിരുമേനി കല്പന അയച്ചതനുസരിച്ച് ചാത്തുരുത്തിൽ റമ്പാച്ചനും കോനാട്ട് ഗീവർഗീസ് കത്തനാരും മറ്റും കൊച്ചിയിൽ കാത്തുനിന്നു. പാത്രിയർക്കീസ് ബാവായുടെ യാത്രാപരിപാടി മാറ്റിയതിനെ തുടർന്ന് കുന്നംകുളത്ത് എത്തണമെന്ന കമ്പി ലഭിച്ചതിനാൽ അവർ കുന്നംകുളത്തേക്കു പോയി.[18]

കൂടെ അനന്തരവൻ കോനാട്ട് മാത്തൻ ശെമ്മാശനും ഉണ്ടായിരുന്നു. 1875 ഇടവം 29-ാം തീയതി പാത്രിയർക്കീസ് ബാവ കുന്നംകുളത്ത് എത്തി. മിഥുനം 5-ാം തീയതി വ്യാഴാഴ്ച ചിറളയം പള്ളിയിൽ വച്ച് കോനാട്ട് ഗീവർ ഗീസ് കത്തനാരെ ബാവ റമ്പാനാക്കി.[19]

കൈവയ്പിന്റെ സാധുത സംബന്ധിച്ച തർക്കം മൂലം കൂറിലോസ് ബാവാ പലർക്കും പട്ടം മാറിക്കൊടുത്തതറിഞ്ഞ് പാത്രിയർക്കീസ് ബാവായും അപ്രകാരം ചെയ്തിട്ടുണ്ട്. 1051 തുലാം 13-ാം തീയതി വ്യാഴാഴ്ച മാക്കാംകുന്ന് പള്ളിയിൽ വച്ച് ഓമല്ലൂരുള്ള നാലു പേർക്കും തുമ്പമണ്ണിലെ രണ്ടു പേർക്കും കോനാട്ട് ഗീവർഗീസ് റമ്പാനും പുനരായി കത്തനാർപട്ടം കൊടുത്തു.[20]

**സുറിയാനി അച്ചടിയിൽ പാമ്പാക്കുടക്കാരുടെ പങ്ക്**

സുറിയാനി ആദ്യാക്ഷരപുസ്തകവും നമസ്കാരപ്പുസ്തകവും കൊച്ചിയിൽ അച്ചടിപ്പിക്കുവാൻ കോനാട്ട് ഗീവറുഗീസ് റമ്പാനെ ചുമതലപ്പെടുത്തി പാത്രിയർക്കീസ് ബാവ അയച്ചിരുന്നു.[21] നേരത്തേ ബാവ കൊച്ചിയിൽ ആയിരിക്കുമ്പോൾ പാമ്പാക്കുട പാലപ്പിള്ളിൽ അബ്രഹാം കത്തനാരച്ചനെ സുറിയാനിപുസ്തകങ്ങൾ അച്ചടിപ്പിക്കുവാൻ ചുമതലപ്പെടുത്തിയിരുന്നു.[22] അദ്ദേഹം കുർബ്ബാനക്രമം 500 എണ്ണം അച്ചടിപ്പിക്കുകയും ചെയ്തു. ആ പുസ്തകം തിരുവനന്തപുരത്തുവച്ച് ബാവ കാണുകയും അതിൽ തെറ്റുകൾ ഉണ്ടെന്നു കണ്ടു് അതു വില്ക്കരുതെന്ന് കല്പിക്കുകയും ചെയ്തു.[23] അത് മലങ്കര ഉപയോഗിച്ചിരുന്ന ഹ്രസ്വമായ തുബ്ദേനകൾ കണ്ടിട്ടായിരിക്കാമെന്ന് ഫാ. ഡോ. ജോസഫ് ചീരൻ പറയുന്നു.[24] കോനാട്ട് റമ്പാൻ കൊച്ചിയിൽ വച്ച് പുസ്തകങ്ങൾ കല്ലച്ചിൽ അച്ചടിക്കുവാൻ ശ്രമിച്ചു. തെളിച്ചം പോരായ്ക യാൽ നമസ്കാരം മുതലായ പള്ളിക്രമപുസ്തകങ്ങൾ പുതിയ സുറിയാനി അക്ഷരം കൊത്തിച്ച് അച്ചടിക്കാമെന്നും ആദ്യാക്ഷരപുസ്തകം നിലവിലുള്ള സുറിയാനി അച്ചിൽ അടിക്കാമെന്നും നിശ്ചയിച്ച് ശ്രമം തുടങ്ങി.[25] അച്ചടി ക്കായി പള്ളികളിൽ നിന്ന് ധനശേഖരണവും നടന്നു. പിന്നീട് അച്ചടിക്ക് കരവട്ടുവീട്ടിൽ ശെമവൂൻ കോറിയും വേല ചെയ്തു. കോനാട്ട് ഗീവർഗീസ് റമ്പാൻ തന്റെ ഡയറിയിൽ അദ്ദേഹം പല സന്ദർഭങ്ങളിലും പാത്രിയർ ക്കീസ്ബാവായുടെ പ്രസംഗതർജ്ജമക്കാരനായിരുന്നുവെന്ന് എഴുതിയി ട്ടുണ്ട്.

**മുളന്തുരുത്തി സുന്നഹദോസ്**

മുളന്തുരുത്തി സുന്നഹദോസിൽ സമൂഹക്കാരായി 24 പേരെ തെരഞ്ഞെടു ത്തതിൽ പാമ്പാക്കുട കോനാട്ട് കോര ഉൾപ്പെട്ടിരുന്നു. കോനാട്ടെ മൂലകുടുംബ ഇടവകയായ മാമലശ്ശേരിയിൽ എടയത്ത് ചെറിയയും അതിൽ ഒരംഗമായിരുന്നു.[26] പട്ടക്കാർ മാർഗ്ഗ ചട്ടങ്ങൾക്കു വിരുദ്ധമായി നടക്കുന്നു ണ്ടോയെന്ന് പരിശോധിക്കുന്നതിന് തെക്കും വടക്കുമായി 12 പേരെ വീതം

തെരഞ്ഞെടുത്തതിൽ കോനാട്ട് ഗീവർഗീസ് റമ്പാൻ ഒരാളായിരുന്നു.[27]

**പാമ്പാക്കുടയിൽ മെത്രാൻ**

രജിസ്റ്റർ ഉടമ്പടി കൊടുത്താൽ കോനാട്ട് ഗീവർഗീസ് റമ്പാൻ, കടവിൽ പൗലോസ് റമ്പാൻ, ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാൻ, അമ്പാട്ട് ഗീവർഗീസ് റമ്പാൻ എന്നിവർക്ക് മെത്രാൻസ്ഥാനം കൊടുക്കാമെന്ന് പാത്രിയർക്കീസ് ബാവ കല്പിച്ചതനുസരിച്ച് രജിസ്റ്റർ ഉടമ്പടി കൊടുക്കുവാൻ തുടങ്ങുമ്പോൾ, സമൂഹക്കാരായി തെരഞ്ഞെടുത്തിരുന്നവരോട് ആലോചിക്കാതെ ചെയ്യുന്ന പക്ഷം, സമൂഹത്തിൽനിന്ന് തങ്ങളെ ഒഴിവാക്കണമെന്ന് തത്സമയം (1876 ചിങ്ങം 16 ന്) അപേക്ഷിച്ചവരിൽ കരവട്ട് ശെമവൂൻ കോറി, മുറിമറ്റത്തിൽ പൗലോസ് കത്തനാർ, പനയ്ക്കൽ ഐപ്പുരു, ചാലിൽ ചെറിയ, ചാത്തുരുത്തിൽ വർക്കി, കോനാട്ട് ഇട്ടൻ തുടങ്ങിയവർ ഉൾപ്പെടുന്നു.[28] പള്ളിയോഗത്തിന്റെ അവകാശത്തിന്മേലുള്ള പാത്രിയർക്കീസിന്റെ നടപടിയെ സ്ഥാനമേല്ക്കുവാനൊരുങ്ങിയവരുടെ കുടുംബാംഗങ്ങളും ഇടവകക്കാരുംതന്നെ എതിർത്തതു് ശ്രദ്ധേയമായിരിക്കുന്നു. അതിൽ രണ്ടു പേർ പിന്നീട് മെത്രാൻസ്ഥാനം ഏല്ക്കുകയും ചെയ്തു.

പാമ്പാക്കുട കോനാട്ട് ഗീവർഗീസ് റമ്പാനെയും കടവിൽ പൗലോസ് റമ്പാനെയും മെത്രാന്മാരായി വാഴിച്ച ശേഷം (1876 വൃശ്ചികം 22 ഞായർ) റീശീസാ പിരിക്കുന്നതിന് പാത്രിയർക്കീസ് ബാവാ കല്പന കൊടുത്ത് കോനാട്ട് മെത്രാച്ചനെ വടക്കൻ പള്ളികളിൽ അയച്ചു.

സെമിനാരിക്കേസിൽ സാക്ഷി എഴുതുവാനായി കോനാട്ട് യൂലിയോസ് മെത്രാച്ചൻ ആലപ്പുഴയ്ക്കു പോയിരുന്നു. സാക്ഷിവിസ്താരത്തിനു മുമ്പ് രോഗം മൂലം മടങ്ങിപ്പോന്നു.[29]

**പരുമല സുന്നഹദോസ്**

1053/1878 കുംഭം 6-ാം തീയതി നടന്ന പരുമല സുന്നഹദോസിൽ നാല്പതു പേരെ കമ്മറ്റിക്കാരായി തെരഞ്ഞെടുത്തതിൽ നേരത്തേതന്നെ കമ്മറ്റിയംഗങ്ങളായിരുന്ന കോനാട്ട് ഇട്ടൻ പിള്ളയും മാമ്മലശ്ശേരി എടയത്ത് ചെറിയയും ഉൾപ്പെട്ടു.[30]

**പാമ്പാക്കുടയിൽ അച്ചടി**

കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത (തുമ്പമൺ) പാമ്പാക്കുടയിൽ 1879 ൽ അച്ചുകൂടം (കേരളദീപം) സ്ഥാപിച്ച് സുറിയാനിയിലും മലയാളത്തിലും അച്ചടി തുടങ്ങി.[31] അച്ചടിവേലയിലുള്ള സന്തോഷത്താൽ പുലിക്കോട്ടിൽ മെത്രാച്ചൻ കൊച്ചിയിൽ നിന്ന് സുറിയാനി അക്ഷരങ്ങളുടെ ചെമ്പ് കൊടുത്തയച്ചിരുന്നു. എന്നാൽ ഉപയോഗിച്ചതു് പാമ്പാക്കുടയിൽ കൊത്തിച്ചതായിരുന്നു. മലയാളം അച്ചുകൾ കൊച്ചിയിലെ ദേവ്ജി ഭീംജിയിൽ നിന്ന് വിലയ്ക്കു വാങ്ങുകയും ചെയ്തു. സുറിയാനിയിൽ അമ്പതു

നോമ്പിലെ നമസ്കാരവും എവൻഗേലിയോന്റെ കുറിപ്പും അച്ചടിച്ച് പള്ളികൾക്ക് (1879/1055 തുലാം) അയച്ചുകൊടുത്തു. പിന്നീട് സുറിയാനിയിൽ പുത്തൻക്രമം അന്നീദായും മലയാളത്തിൽ നമസ്കാരക്രമവും അച്ചടിച്ചു.[32] അന്ത്യോഖ്യൻ ആരാധനക്രമങ്ങൾ മലങ്കരയിൽ പ്രചരിക്കുന്നതിന് ഈ അച്ചുകൂടം മുഖന്തരമായതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

**കോനാട്ട് മാത്തൻ മല്പാൻ**

പുലിക്കോട്ടിൽ ദീവന്നാസ്യോസ് തിരുമേനിയാണ് കോനാട്ട് മാത്തനെയും അനുജൻ പൈലിയെയും സുറിയാനി ആദ്യാക്ഷരങ്ങൾ എഴുതിച്ചത്. അവരിൽ കൂടുതൽ മിടുക്കനായ ആളിനെ പട്ടം ഏല്പിക്കാമെന്ന ധാരണ പ്രകാരം മാത്തന് കോറൂയോ സ്ഥാനം നൽകിയതും തിരുമേനി തന്നെ.

സെമിനാരിക്കേസിൽ സുറിയാനിക്കല്പനകളും പുസ്തകങ്ങളും തർജ്ജമ ചെയ്ത് ഹാജരാക്കുവാൻ കോനാട്ട് യോഹന്നാൻ മൽപ്പാനെ പുലിക്കോട്ടിൽ തിരുമേനി നിയോഗിച്ചു. ആ ചുമതല മല്പാനു വേണ്ടി നിർവ്വഹിച്ചത് മാത്തൻ ശെമ്മാശ്ശനായിരുന്നു.

കടവിൽ തിരുമേനിയുടെയും മുറിമറ്റത്തിൽ തിരുമേനിയുടെയും സാന്നിദ്ധ്യത്തിൽ മാത്തൻ മല്പാനെ മോതിരം ധരിപ്പിച്ച് മലങ്കര മല്പാനായി പ്രഖ്യാപിച്ചത് പുലിക്കോട്ടിൽ തിരുമേനിയാണ്.

കോട്ടയം സെമിനാരിയിൽ പഠനം പുനരാരംഭിച്ചപ്പോൾ വട്ടശ്ശേരിൽ മല്പാനോടൊപ്പം മാത്തൻ മല്പാനെയും പുലിക്കോട്ടിൽ തിരുമേനി നിയമിച്ചു. 1898 ൽ പുറത്തിറങ്ങിയ കുർബ്ബാനക്രമവും ക്യംതാനമസ്കാരവും ഈ മല്പാന്മാരുടെയും കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെയും കൂട്ടായ ശ്രമഫലമായിരുന്നു.

പുലിക്കോട്ടിൽ തിരുമേനിയുടെ അനുമതിയോടെ സുറിയാനി ആരാധനക്രമങ്ങൾ മാത്തൻ മല്പാൻ പാമ്പാക്കുടയിൽ നിന്ന് പ്രസിദ്ധീകരിച്ചുവന്നു. സുറിയാനി പുസ്തകങ്ങൾ പാമ്പാക്കുടയിലും, ഇടവകപത്രികയും മലയാള നമസ്കാരപുസ്തകങ്ങളും സെമിനാരിയിലും അച്ചടിക്കണമെന്നായിരുന്നു കല്പിച്ചിരുന്നത്.[33]

പാത്രിയർക്കീസ് ബാവാമാരുമായുള്ള പുലിക്കോട്ടിൽ തിരുമേനിയുടെ കത്തിടപാടുകൾക്ക് പിന്നീട് മാത്തൻ മല്പാൻ വളരെ സഹായിച്ചിട്ടുണ്ട്. മലങ്കര മെത്രാൻ എന്ന നിലയിലുള്ള പുലിക്കോട്ടിൽ തിരുമേനിയുടെ കല്പനകളുടെ നക്കലും അസ്സലും മാത്തൻ മല്പാൻ തയ്യാറാക്കി കൊടുത്തിരുന്നു.

1902 ൽ വടക്കുനിന്ന് മെത്രാൻസ്ഥാനത്തിന് യോഗ്യന്മാരാരൊക്കെയെന്ന് പുലിക്കോട്ടിൽ തിരുമേനി മല്പാനോടു തിരക്കി. വടക്കുനിന്നുള്ള സ്ഥാനാർത്ഥിയെ മല്പാൻ നിശ്ചയിച്ചാൽ തനിക്കു സമ്മതമാണെന്ന്

മല്പാന് 1903 ചിങ്ങം 18 ന് പുലിക്കോട്ടിൽ തിരുമേനി എഴുതി. അത്രയ്ക്ക് വിശ്വസ്തനായി തിരുമേനി മല്പാനെ കരുതിയിരുന്നു.

1908 ൽ രണ്ടു പേരെ മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുത്ത ശേഷം തത്സംബന്ധമായി പാത്രിയർക്കീസ് ബാവായ്ക്കയച്ച കത്തുകളെല്ലാം തയ്യാറാക്കിയതു് മാത്തൻ മല്പാനായിരുന്നു.

പുലിക്കോട്ടിൽ തിരുമേനിക്ക് കാതോലിക്കാസ്ഥാനം കൊടുപ്പിക്കുവാനുള്ള പരിശ്രമങ്ങളിൽ മാത്തൻ മല്പാന്റെ പങ്ക് അനിഷേദ്ധ്യമായി ചരിത്രരേഖകളിൽ ഉണ്ട്.[34]

പരുമലത്തിരുമേനി പാത്രിയർക്കീസ് ബാവായ്ക്ക് എഴുതിയ കത്തിൽ മാത്തൻ മല്പാൻ (1899 എപ്രിലിനു മുമ്പ്) നോമ്പിലെ നമസ്കാരം, ശവസംസ്കാരം, (മാർ യൂലിയോസിന്റെ പുസ്തകം രണ്ടാം പതിപ്പ്?) തൈലാഭിഷേകം, ഭവനകൂദാശ മുതലായവ, വേദവായനക്കുറിപ്പ്, അനാഫൂറാ, മാമോദീസാ, വിവാഹം പെങ്കീസാ മുതലായവ, കഷ്ടാനുഭവാഴ്ചയിലെ പാപമോചനത്തിന്റെ പുസ്തകം (?) എന്നിവ പാമ്പാക്കുടയിൽ അച്ചടിച്ചതായി കാണുന്നു. പിന്നീട് പെരുന്നാളുകളുടെ പുസ്തകം, കഷ്ടാനുഭവാഴ്ചയിലെ പ്രുമിയോൻ, നടപടിക്രമം, എന്നിവയും അച്ചടിച്ചു. മാമൂദീസായുടെ വ്യാഖ്യാനം, കുർബ്ബാന വ്യാഖ്യാനം, ദൈവമാതാവിന്റെ ചരിത്രം, മത്തായിയുടെ സുവിശേഷത്തിന്റെ നുഹറ, ഗീവർഗീസ് സഹദായുടെ ചരിത്രം, മത്തായിയുടെ സുവിശേഷം, പാമ്പാക്കുട നമസ്കാരം പുതിയ നിയമവ്യാഖ്യാനം എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്. പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കാലത്തു് കോനാട്ട് മാർ യൂലിയോസ്, മാത്തൻ മല്പാൻ എന്നിവരുടെ പരിശ്രമത്താലാണ് അന്ത്യോഖ്യൻ ആരാധനക്രമങ്ങൾ സുറിയാനിയിലും മലയാളത്തിലും അച്ചടിച്ച് പ്രചരിപ്പിച്ചതു്. ആരാധനയുടെ ഏകീകരണത്തിനും ചിട്ടയ്ക്കും അവയുടെ പങ്ക് നിസ്സാരമല്ല. മലങ്കരയിൽ അച്ചടിച്ച പുസ്തകങ്ങൾ സിറിയായിലും മറ്റും ഉപയോഗിക്കരുതെന്ന് അപ്രേം പാത്രിയർക്കീസ് ബാവ കല്പന ഇറക്കി (1957). അവ മൂസൽക്രമങ്ങൾ ആയതിനാലാകാം.[35]

സഭാപുരോഗതിയും പഠനവും ലക്ഷ്യമിട്ടു് രണ്ട് മാസികകൾ മാത്തൻ മല്പാൻ പ്രസിദ്ധീകരിച്ചിരുന്നു; സീമത്ഹായെയും (സുറിയാനി) ജീവനിക്ഷേപവും. സുറിയാനി മാസിക അത്യപൂർവ്വമായ ഒരു സംഭാവനയായിരുന്നു.

പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തും അതിനു മുമ്പും ശേഷവും സഭാരംഗത്തു് പാമ്പാക്കുടയും കോനാട്ട് പഠിത്തവീടും ശ്രേഷ്ഠമായ സേവനം അർപ്പിച്ചിട്ടുണ്ടെന്നതു് വിസ്മരിച്ചുകൂടാ.

**അവലംബം**

പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത, ഒരു പരദേശയാത്രയുടെ കഥ, ആത്മപോഷിണി പബ്ലീഷേഴ്സ്, കുന്നംകുളം, 2003.

പാലപ്പിള്ളിൽ അബ്രഹാം കത്തനാർ, സുറിയാനി സമൂഹവൃത്താന്തം, കൊച്ചി സെന്തോമസ് അച്ചുകൂടം, 1877.

ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ഡയറി, കോനാട്ട് ഗ്രന്ഥശേഖരം

കോനാട്ട് മാത്തൻ മല്പാന്റെ ഡയറി, കൈയെഴുത്ത് കോനാട്ട് ഗ്രന്ഥശേഖരം.

ഇടവകപത്രിക, കോട്ടയം.

ജെ. വറുഗീസ്, മാത്യൂസ് അത്താനാസ്യോസിന്റെ ജീവചരിത്രം, പബ്ലീ. കെ.വി. വറുഗീസ്, എ.വി.ജി.പ്രസ്, കോട്ടയം.

ഒ.എം. ചെറിയാൻ, പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കര നിധി, 1110, മലയാളമനോരമ പ്രസ്, 1936.

ഇ.എം.ഫിലിപ്പ്, മലങ്കരസഭയുടെ രഹസ്യപേടകം.

വെരി. റവ. കെ.വി. ഗീവർഗീസ് റമ്പാൻ, തിരുവാങ്കോട്ടു സുറിയാനിപ്പള്ളി ചരിത്രം.

ഗീവറുഗീസ് കോർ എപ്പിസ്കോപ്പ ആത്തുങ്കൽ, കുറുപ്പമ്പടി പള്ളിയുടെ ചരിത്രം, 1118.

ഇസഡ്.എം.പാറേട്ട്, മലങ്കര നസ്രാണികൾ 3, മുളന്തുരുത്തി സുന്നഹദോസ്.

റവ. സി.ഇ. എബ്രഹാം, സഭാചരിത്രസംഗ്രഹം, സി.എൽ.എസ്, 1983.

കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ, മാർ കൂറീലോസ് സൂവനീർ, രണ്ടാം പതിപ്പ്, മുളന്തുരുത്തി പള്ളി, 2002.

ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, എഡി., മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പ: വ്യക്തിയും കാലവും, കോനാട്ട് ബന്ധുജനസംഗമം, 2007.

റവ. ഫാ. ഡോ.ബി.വറുഗീസ്, മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പ: വ്യക്തിയും കാലവും, എഡി. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, കോനാട്ട് ബന്ധുജനസംഗമം, 2007.

ശെമവൂൻ മാർ ദീവന്നാസ്യോസ്, കണ്ടനാട്ട് ഗ്രന്ഥവരി, എഡി. ഫാ. ഡോ. ജോസഫ് ചീരൻ, എം.ജെ..ഡി.പബ്ലീഷിങ് ഹൗസ്, കുന്നംകുളം.

**കുറിപ്പുകൾ**

1. ഇ.എം.ഫിലിപ്പ്, മലങ്കരസഭയുടെ രഹസ്യപേടകം പു.114, 131
2. സുറിയാനി സമൂഹവൃത്താന്തം, പാലപ്പിള്ളിൽ അബ്രഹാം കത്തനാർ, കൊച്ചി സെന്തോമസ് അച്ചുകൂടം, 1877
3. ഇടവകപത്രിക 1910 പു.29 ല.8 പു.165, 166
4. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ഡയറി, കോനാട്ട് ഗ്രന്ഥശേഖരം
5. ഇ.എം.ഫിലിപ്പ്, മലങ്കരസഭയുടെ രഹസ്യപേടകം. പു.114
6. ഇസഡ്.എം.പാറേട്ട്, മുളന്തുരുത്തി സുന്നഹദോസ് പു. 47
7. ശെമവൂൻ മാർ ദീവന്നാസ്യോസ്, കണ്ടനാട്ട് ഗ്രന്ഥവരി, എഡി. ഫാ. ഡോ. ജോസഫ് ചീരൻ, എം.ജെ..ഡി.പബ്ലീഷിങ് ഹൗസ്, കുന്നംകുളം. പു. 128
8. കണ്ടനാട് ഗ്രന്ഥവരി, പു 129
9. കണ്ടനാട് ഗ്രന്ഥവരി, പു.131, 132

10. കണ്ടനാട്ട് ഗ്രന്ഥവരി, പു. 521
11. കണ്ടനാട്ട് ഗ്രന്ഥവരി, പു.186
12. കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ, മാർ കൂറീലോസ് സുവനീർ, രണ്ടാം പതിപ്പ്, മുളന്തുരുത്തി പള്ളി, 2002, ഭാഗം 4 പു.15
13. റവ. സി.ഇ. എബ്രഹാം, സഭാചരിത്രസംഗ്രഹം, സി.എൽ.എസ്, 1983. പു. 358, 359, 360.
14. ജെ. വറുഗീസ്, മാത്യൂസ് അത്താനാസ്യോസിന്റെ ജീവചരിത്രം, പബ്ലീ. കെ.വി.വറുഗീസ്, എ.വി.ജി.പ്രസ്, കോട്ടയം. പു.22, 23
15. ജെ. വറുഗീസ്, മാത്യൂസ് അത്താനാസ്യോസിന്റെ ജീവചരിത്രം, പബ്ലീ. കെ.വി.വറുഗീസ്, എ.വി.ജി.പ്രസ്, കോട്ടയം. പു.34
16. കണ്ടനാട്ട് ഗ്രന്ഥവരി, പു.199
17. ടി. പു. 238
18. ടി. പു. 256
19. ടി. പു. 257
20. ടി. പു. 274
21. ടി. പു. 280; ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ഡയറി, പു.81
22. സുറിയാനി സമൂഹവൃത്താന്തം, പു.90
23. കണ്ടനാട്ട് ഗ്രന്ഥവരി, പു. 280
24. ടി. പു. 563
25. ടി. പു. 280
26 ടി. പു.333
27. ടി. പു. 335
28. ടി. പു. 344
29. മാത്തൻ മല്പാന്റെ ഡയറി ഒന്നാം പുസ്തകം നമ്പർ 372
30. കണ്ടനാട്ട് ഗ്രന്ഥവരി, പു. 422
31. ടി. പു. 444
32. മാത്തൻ മല്പാന്റെ ഡയറി ഒന്നാം പുസ്തകം, നമ്പർ 372
33. ഇടവകപത്രിക 1900 പു.9, ല.11 പുറം.209
34. ഒ.എം. ചെറിയാൻ, പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കര നിധി, 1110, മലയാളമനോരമ പ്രസ്, 1936., റവ. ഡോ. ബി. വറുഗീസ്, പു.85; പി. തോമസ്, പു. 14-56, മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പ: വ്യക്തിയും കാലവും, എഡി. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, കോനാട്ട് ബന്ധുജനസംഗമം, 2007.
35. റവ. ഡോ. ബി. വറുഗീസ്, ടി. പു.93, 94

## 10

# കോനാട്ട് മാത്തൻ മൽപ്പാൻ: ഒരു വ്യത്യസ്തവീക്ഷണം

മലങ്കരസഭയുടെ വൈദികാദ്ധ്യക്ഷനിയമനങ്ങളിൽ സിറിയായിലെ ഓർത്തഡോക്സ് സഭാതലവന്മാരായ പാത്രിയർക്കീസ് ബാവാമാർ നേരിട്ടിടപെടുവാൻ തുടങ്ങിയ കാലം മുതലുള്ള സഭാചരിത്രത്തിൽ കോനാട്ട് മല്പാന്മാരുടെ പേരുകൾ പരാമർശിക്കുന്നുണ്ട്. സിറിയൻ പാത്രിയർക്കീസ് ഏലിയാസ് രണ്ടാമൻ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ മേൽപ്പട്ടക്കാരനായി വാഴിച്ചു. ഇംഗ്ലീഷ് മിഷനറിമാരുടെ നവീകരണശ്രമങ്ങളോട് അനുഭാവമുണ്ടായിരുന്ന കൂട്ടരുടെ ശ്രമഫലമായി വാഴിക്കപ്പെട്ട ഈ മെത്രാനോടുള്ള എതിർപ്പാണ് പുലിക്കോട്ടിൽ ജോസഫ്

---

കോനാട്ട് ബന്ധുജനസംഗമം 2006 ൽ പ്രസിദ്ധപ്പെടുത്തിയ മാത്തൻ കോറെപ്പിസ്കോപ്പ, വ്യക്തിയും കാലവും എന്ന പുസ്തകത്തിൽ ഈ ലേഖനം ചേർത്തിരുന്നു.

മലങ്കര സുറിയാനിസഭയ്ക്ക് വിലപ്പെട്ട സംഭാവന നൽകിയ സമാദരണീയ വ്യക്തിയായിരുന്ന മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്ക്കോപ്പായെ സംബന്ധിച്ച് ഈ ലേഖനം തയ്യാറാക്കുവാൻ ബഹുമാനപ്പെട്ട ഡോ. ജോൺസ് അബ്രഹാം അച്ചൻ വലിയ സഹായം ചെയ്തിട്ടുണ്ട്. ത്രീസായ് ശ്ലൂബഹോ സെന്ററിലെ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന മാത്തൻ മല്പാന്റെ ഡയറികളും, മല്പാനു ലഭിച്ചിട്ടുള്ള കത്തുകൾ മുതലായ പല രേഖകളും പരിശോധിക്കുവാൻ പൂർണ്ണമനസ്സോടെ അനുവദിച്ചു. കൂടാതെ പല രേഖകളും തർജ്ജമ ചെയ്തും മറ്റും വായിച്ചു മനസ്സിലാക്കുവാൻ സഹായിച്ചു. ത്രീസായ് ശ്ലൂബഹോ സെന്ററിന്റെ സ്മരണികയിലേക്ക് മാത്തൻ മല്പാനെ സംബന്ധിച്ച് ലേഖനം തയ്യാറാക്കിയ കാലം മുതൽ ഇക്കാര്യത്തിൽ അച്ചന്റെ സഹകരണവും പ്രോത്സാഹനവും ഞാൻ വളരെ വിലമതിക്കുന്നു. അച്ചൻ നൽകിയ എല്ലാ സഹായത്തിനും ഞാൻ നന്ദി പറയുന്നു.

മാത്തൻ മല്പാൻ എന്ന വ്യക്തിയെ യഥാർത്ഥരേഖകളുടെ അടിസ്ഥാനത്തിൽ പുനരവലോകനം ചെയ്യേണ്ടിയിരിക്കുന്നു. മാത്തൻ മല്പാനെകുറിച്ച് നിഷ്പക്ഷമായ ഒരു പഠനം നടത്തി അദ്ദേഹത്തെ കുറിച്ച് ഇതുവരെ നടത്തിയിട്ടുള്ള പഠനങ്ങളിൽ വിസ്മരിക്കപ്പെട്ടു പോയിട്ടുള്ള വശം വെളിപ്പെടുത്തുക എന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. ഇത്തരത്തിലുള്ള ഒരു പ്രാഥമികാന്വേഷണത്തിന്റെ ഫലങ്ങൾ നേരത്തേ പാമ്പാക്കുട ത്രീസായ് ശ്ലൂബഹോ സെന്റർ സ്ഥാപനസ്മരണികയിൽ (1993) പ്രസിദ്ധീകരിച്ചിരുന്നു. അത് 2007 ൽ പുസ്തകമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആ ലേഖനത്തിന് പലരിൽ നിന്നും ലഭിച്ച പ്രോത്സാഹനമാണ് കുറേക്കൂടി സമഗ്രമായ ഒരന്വേഷണത്തിന് വഴി ഒരുക്കിയത്. സത്യസന്ധമായ ചരിത്രത്തിന്റെ വെളിപ്പെടുത്തൽ മാത്രമാണ് ഞാൻ ഉദ്ദേശിച്ചിരിക്കുന്നത്. ദൂഷ്യവശങ്ങൾ ഉണ്ടെങ്കിലും ഒരു വ്യക്തിയുടെ നല്ല സംഭാവനകളും നാം കണക്കിലെടുക്കേണ്ടതുണ്ടെന്ന ചിന്തയാണ് എന്നെ നയിച്ചത്.

മാർ ദീവന്നാസ്യോസ് V, സിറിയൻ പാത്രിയർക്കീസിൽ നിന്ന് മേല്പട്ട മേൽക്കുവാൻ ഇടയാക്കിയത്. ഈ നീക്കങ്ങളിൽ കോനാട്ട് കോര യൂഹാനോൻ മല്പാൻ (1809-1890) സജീവമായ പങ്കു വഹിച്ചിട്ടുണ്ട്.

മാത്യൂസ് അത്താനാസ്യോസിന്റെ മുടക്കിനെ തുടർന്നും, രാജകീയ വിളംബരത്തിന്റെ പിൻബലത്തോടെ മലങ്കര സഭാസ്വത്തുക്കളിലും പള്ളികളിലും അദ്ദേഹത്തിന്റെ അധികാരം തുടരുകയായിരുന്നു. പാത്രിയർക്കീസ് വാഴിച്ചാക്കിയ പുലിക്കോട്ടിൽ മെത്രാന് അധികാരം നിയമാനുസൃതം ലഭിക്കുവാനുള്ള നടപടികൾക്കു ബലം കൂട്ടുവാൻ, മലങ്കരയിലേക്ക് വഴിച്ചെലവ് അയച്ചുകൊടുത്തു വരുത്തിയ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ കുന്നംകുളത്തു വന്നുചേരുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കുവാൻ അന്നത്തെ കോനാട്ട് ഗീവർഗ്ഗീസ് മല്പാനോടൊപ്പം കോനാട്ട് കോര മാത്തൻ ശെമ്മാശ്ശനും ഉണ്ടായിരുന്നു. അക്കാലം മുതൽ സഭാചരിത്രരേഖകളിൽ കഥാപുരുഷൻ സ്ഥാനം പിടിക്കുന്നുണ്ട്.

**ബാല്യവും വിദ്യാഭ്യാസവും**

1860 മീനം 17-ന് (മാർച്ച് 29) ആണ് ആ ധന്യജീവിതം ആരംഭിക്കുന്നത്. കോനാട്ട് കോര, അന്നം ദമ്പതികളുടെ നാലാമത്തെ സന്താനമായിരുന്നു മാത്തൻ. കുഞ്ഞളച്ചാർ, ചെറുച്ചി, കുഞ്ഞളച്ചി എന്നിങ്ങനെ മൂന്നു സഹോദരിമാർ ഉണ്ടായിരുന്നതിൽ കുഞ്ഞളച്ചാർ എന്നൊരു സഹോദരി ചെറുപ്പത്തിൽ തന്നെ മരിച്ചുപോയിരുന്നു. മറ്റ് രണ്ടുപേരിൽ ചെറുച്ചിയെ മുറന്തുക്കിൽ ഔസേപ്പും, കുഞ്ഞളച്ചിയെ ചാലിൽ കൊച്ചുകോരയും വിവാഹം ചെയ്തു. രണ്ടു സഹോദരന്മാർ ഉണ്ടായിരുന്നതിൽ ജ്യേഷ്ഠൻ ഇട്ടൻ (ഭാര്യ മാമലപാലത്തിങ്കൽ അന്നം) വൈദികവൃത്തിയിലേക്ക് തിരിഞ്ഞതേയില്ല. എന്നാൽ അനുജൻ പൈലിയെയും (ഭാര്യ കല്ലറയ്ക്കൽ കുഞ്ഞാമറിയം), മാത്തനെയും ഏതാണ്ട് ഒരേ കാലത്താണ് വിദ്യാഭ്യാസത്തിന് അയച്ചത്.

മത്തായി ആശാൻ എന്ന പ്രഗത്ഭനായ ആശാനാണ് മാത്തനെ എഴുത്തിനിരുത്തിയത്. അദ്ദേഹത്തിന്റെ കാലശേഷം അല്ലിക്കുഴി കോര ആശാൻ, ആണ്ടികുളത്തിൽ വർക്കി ആശാൻ, പുന്നാപ്പിള്ളി അയ്യപ്പൻ ആശാൻ എന്നിവരും മാത്തനെ പഠിപ്പിച്ചിരുന്നു. മാത്തൻ, പൈലി സഹോദരന്മാരിൽ പഠനത്തിൽ ശോഭിക്കുന്നയാളെ വൈദികനാക്കണമെന്ന് കല്പിച്ചുകൊണ്ട് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് തിരുമേനിയാണ് ഇരുവരെയും ഒരുമിച്ച് സുറിയാനി ആദ്യക്ഷരങ്ങൾ എഴുതിച്ചത്. എല്ലാത്തരത്തിലും തിളങ്ങിയിരുന്നത് മാത്തനായിരുന്നതിനാൽ, വൈദികപാരമ്പര്യമുള്ള കുടുംബത്തിലെ 21-ാം വൈദികനാകുവാൻ തക്കവിധം 1871 ഒക്ടോബർ 29-ന് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് തിരുമേനി മാത്തന് കോറൂയോ സ്ഥാനം നൽകി. തുടർന്ന് പിതൃസഹോദരൻ കോനാട്ട് ഗീവർഗീസ് മല്പാന്റെ (പിന്നീട് മാർ

യൂലിയോസ് മെത്രാപ്പോലീത്താ) ശിഷ്യനായി വൈദികപഠനം തുടർന്നു. ഗുരു, ഭാഷാപണ്ഡിതനായിരുന്നുവെങ്കിലും സുറിയാനിരാഗങ്ങളിൽ അത്ര നിപുണനല്ലാതിരുന്നതിനാൽ വെട്ടിക്കൽ ദയറായിൽ താമസിച്ച്, ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാനിൽ (പരുമല തിരുമേനി) നിന്നാണ് മാത്തൻ മല്പാൻ സുറിയാനി ഗീതങ്ങൾ അഭ്യസിച്ചത്. പള്ളിക്രമങ്ങൾ പലതും അഭ്യസിച്ചത് പത്രോസ് പാത്രിയർക്കീസ് ബാവായിൽ നിന്നും അദ്ദേഹത്തിന്റെ കൂടെ വന്ന അബ്ദുള്ള മാർ ഗ്രീഗോറിയോസ്, യൌസേപ്പ് ശെമ്മാശ്ശൻ എന്നിവരിൽ നിന്നുമായിരുന്നു. അങ്ങനെ ശെമ്മാശ്ശനായിരുന്നപ്പോൾ മുതലേ ആവശ്യമായ പള്ളിക്രമങ്ങളിലെല്ലാം അവഗാഹം സമ്പാദിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചിരുന്നു.

കോട്ടയത്തുനിന്ന് ഒരു ആശാനെ വരുത്തി ഇംഗ്ലീഷ് പഠിക്കാനുള്ള പരിശ്രമം ആദ്യകാലത്ത് നടത്തിയിരുന്നുവെങ്കിലും പഠനം വേണ്ടവിധം തുടരുവാൻ സാധിച്ചില്ല. കേരളത്തിലെ ആദ്യത്തെ ഇംഗ്ലീഷ് ബിഷപ്പായ ലോർഡ് ബിഷപ്പ് ജെ. എം. സ്പീച്ച്‌ലി സായ്പിനെ സുറിയാനി പഠിപ്പിക്കുവാൻ കൊച്ചപ്പൻ യൂഹാനോൻ മല്പാൻ നിയോഗിച്ചത് മാത്തൻ ശെമ്മാശനെയാണ്. സുറിയാനി പഠിപ്പിച്ചതിന് പ്രതിഫലമായി സ്പീച്ചലി സായ്പ് മാത്തൻ മല്പാനെ ഇംഗ്ലീഷ് പഠിപ്പിക്കുവാൻ അദ്ധ്യാപകനെ (എം.സി. ചാക്കോ) ഏർപ്പെടുത്തി.[1] പല ഗുരുക്കന്മാർ മാത്തൻ മല്പാനെ പഠിപ്പിച്ചിട്ടുണ്ടെങ്കിലും പ്രധാനഗുരുവായിരുന്ന സ്വന്തം പിതൃസഹോദരൻ ഗീവർഗീസ് മല്പാനുമായിട്ടുണ്ടായിരുന്ന ആത്മബന്ധം അത്യഗാധമായിരുന്നു.

മാത്തൻ മല്പാൻ നന്നേ ചെറുപ്പമായിരുന്നപ്പോൾതന്നെ (എട്ടു വയസ്സ്) സ്വന്തമാതാവ് ഇഹലോകവാസം വെടിഞ്ഞു. 16-ാം വയസ്സിൽ വസൂരി രോഗം പിടിപെട്ടതും അദ്ദേഹത്തിന്റെ ചെറുപ്പകാലത്ത് മാനസികാഘാതം ഏല്പിച്ച സംഭവമായിരുന്നു. പിന്നീട് സ്വന്തകുടുംബത്തിലും, പാമ്പാക്കട പ്രദേശത്തും വസൂരി രോഗം പടർന്നപ്പോൾ രോഗികളെ ശുശ്രൂഷിക്കുന്നതിന് മുൻകൈ എടുത്തവർ മാത്തൻ ശെമ്മാശ്ശനും, മുൻഗാമി കോനാട്ട് യോഹന്നാൻ മല്പാനുമായിരുന്നു.

**വിവാഹം**

പത്രോസ് പാത്രിയർക്കീസ് ബാവായിൽനിന്ന് പൂർണ്ണ ശെമ്മാശ്ശസ്ഥാനം ഏറ്റതിനു ശേഷമാണ് വടക്കൻ പറവൂർ ചെട്ടിപ്പീടികയിൽ യോഹന്നാന്റെ മകൾ ഏലിശ്ശുബായെ വിവാഹം കഴിച്ചത്. മലങ്കരസഭയിലെ വൈദികർ വിവാഹം കഴിക്കുന്ന പതിവ് നിന്നുപോയിരുന്നത് പുനഃസ്ഥാപിക്കുവാൻ പാത്രിയർക്കീസ് ശ്രമം നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. അതിനാൽ പൂർണ്ണ ശെമ്മാശ്ശസ്ഥാനം നല്കിയപ്പോഴേ പിന്നീട് വിവാഹം കഴിച്ചുകൊള്ളണം എന്ന നിർദ്ദേശം പാത്രിയർ

ക്കീസ് നല്കിയിരുന്നു. 1883 ജൂൺ 24-ന് വിവാഹിതനായ ശേഷം അതേ വർഷം വൃശ്ചികം 13 ഞായറാഴ്ച, കൊച്ചിക്കോട്ട പള്ളിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് ദിവന്നാസ്യോസ് V ൽ നിന്നുതന്നെ കശ്ശീശാ സ്ഥാനവും സ്വീകരിച്ചു.

മാത്തൻ മല്പാനും ഏലിശ്ബായ്ക്കും ആറ് പെൺമക്കളെയും ഒരു മകനെയും ദൈവം നല്കി. അന്നമ്മ, ഏലിപ്പിള്ള, കുഞ്ഞളച്ചാർ, മറിയാമ്മ, അച്ചാമ്മ, സാറാമ്മ എന്നീ പെൺമക്കളെ യഥാക്രമം കല്ലറയ്ക്കൽ കുഞ്ഞുവർക്കി, ചന്ദ്രത്തിൽ മാത്തു, പാലക്കാട്ട് യോഹന്നാൻ ശെമ്മാശ്ശൻ (പിന്നീട് ജോൺ കോറെപ്പിസ്ക്കോപ്പ), കുന്നത്ത് ചാണ്ടി, ചക്കാലമൂലയിൽ കുഞ്ഞുവർക്കി, അഞ്ചേരിൽ വർക്കി എന്നിവർ വിവാഹം ചെയ്തു. ഏകമകൻ അബ്രഹാം ശെമ്മാശ്ശൻ (പിന്നീട് മലങ്കര മല്പാൻ അബ്രഹാം കശീശ്ശ) വെട്ടിത്തറ കുഴികണ്ടത്തിൽ മറിയാമ്മയെ വിവാഹം ചെയ്തു.

**സെമിനാരിക്കേസിലെ പങ്കാളിത്തം**

മാത്തൻ മല്പാൻ ശെമ്മാശ്ശനായിരുന്നപ്പോൾതന്നെ സഭയുടെ പൊതുരംഗത്ത് ഗണ്യമായ സംഭാവന നല്കിയിട്ടുണ്ട്. നവീകരണക്കാരുമായി നടന്ന സെമിനാരിക്കേസിൽ ഹാജരാക്കിയ സുറിയാനി കല്പനകളും പുസ്തകങ്ങളും മറ്റും തർജ്ജമ ചെയ്ത് കോടതിയിൽ ഹാജരാക്കുവാനായി, പുലിക്കോട്ടിൽ മെത്രാച്ചന്റെ കല്പനപ്രകാരം കൊച്ചപ്പന്റെ (ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ) കാര്യസ്ഥൻ എന്ന നിലയിൽ ആലപ്പുഴയിൽ പല പ്രാവശ്യം പോകുകയും അവിടെ താമസിച്ച് വേണ്ടതെല്ലാം ചെയ്യുകയും ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് സുറിയാനി പുസ്തകങ്ങൾ നോട്ടീസ് പ്രകാരം കൊച്ചപ്പൻ മെത്രാന്റെ കാര്യസ്ഥനായി മാത്തൻ ശെമ്മാശ്ശൻ തന്നെയാണ് ഹാജരാക്കിയത്.[2] കാനൊനാ പഴയത് ഹാജരാക്കിയാൽ പാത്രിയർക്കീസുബാവ അച്ചടിപ്പിച്ച നടപടിക്രമത്തിന് എതിരായി വരുന്നതാകയാൽ വേറെ വേണമെന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ കല്പിച്ചതിനാൽ പഴയതിൽ നിന്നു ഭേദപ്പെടുത്തി പത്തുകേപ്പാലയോൻ ഞാനും ശേഷം ചാത്തുരുത്തി മെത്രാച്ചനും എഴുതി പഴതാക്കിയാണ് ഹാജരാക്കിയത് എന്ന് മല്പാന്റെ ഡയറിയിൽ ഉണ്ട്.[3]

പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്ത് പാത്രിയർക്കീസ് ബാവാമാരുമായുള്ള കത്തിടപാടുകൾ മാത്തൻ മല്പാൻ മുഖേനയാണ് നടന്നിരുന്നത്.[4] ഭരണരംഗത്ത് മലങ്കരമെത്രാൻ പുറപ്പെടുവിച്ച കല്പനകളുടെ നക്കലും അസ്സലും പാമ്പാക്കുടയിൽ വച്ച്, മാത്തൻ മല്പാൻ തയ്യാറാക്കി നല്കിയിരുന്നു.

പാത്രിയർക്കീസ് പക്ഷത്തും മാത്തൻ മല്പാൻ തന്നെയായിരുന്നു എഴുത്തുകുത്തുകളുടെ ചുമതലക്കാരൻ. 1927 കുംഭത്തിൽ ഇരുപക്ഷവും

പങ്കെടുത്ത രാജിയാലോചനകളുടെ ശേഷം നടന്ന ആലുവാ പള്ളിപ്രതി പുരുഷയോഗ തീരുമാനപ്രകാരം പാത്രിയർക്കീസ് ബാവായ്ക്ക് എതിർ കക്ഷികൾ (മെത്രാൻ കക്ഷി) കൊടുക്കുവാൻ നിശ്ചയിച്ച അപേക്ഷ മാത്തൻ മല്പാനാണ് തയ്യാറാക്കിയത് എന്നുള്ളത് കൗതുകകരമാണ്.[5]

**മലങ്കരമൽപ്പാൻ സ്ഥാനലബ്ധി**

1890-ൽ തന്റെ മുൻഗാമിയായിരുന്ന കോനാട്ട് യൂഹാനോൻ മല്പാൻ അന്തരിച്ചതിന്റെ 40-ാം ദിവസം മുൻ പാരമ്പര്യമനുസരിച്ച് മലങ്കര മെത്രാപ്പോലീത്ത മാത്തൻ കത്തനാരെ മലങ്കരമല്പാനായി പ്രഖ്യാപിച്ചു. മലങ്കരമല്പാൻ എന്ന സ്ഥാനനാമം ലഭിച്ച കോനാട്ടു കുടുംബത്തിലെ ആദ്യത്തെ മല്പാനായിരുന്നു മാത്തൻ കശ്ശീശ എന്നൊരു തെറ്റിദ്ധാരണ പരക്കുവാനിടയായിട്ടുണ്ട്.[6] എന്നാൽ കോനാട്ടു കുടുംബത്തിലെ അതതു കാലത്തെ മല്പാന്മാരെല്ലാം മലങ്കരമല്പാൻ എന്ന സ്ഥാനപ്പേരു വഹി ച്ചിരുന്നു എന്നതാണ് യാഥാർത്ഥ്യം.[7] മുൻ പാരമ്പര്യമനുസരിച്ച് വലിയ മെത്രാപ്പോലീത്താ പുലിക്കോട്ടിൽ തിരുമേനിയും കടവിൽ മാർ അത്താ നാസിയോസ്, മുറിമറ്റത്തിൽ മാർ ഈവാനിയോസ് എന്നീ മെത്രാ പ്പോലീത്തന്മാരും പാമ്പാക്കുട പള്ളിയിൽ എഴുന്നള്ളിവന്ന് മാത്തൻ കശ്ശീശയെ മോതിരം ധരിപ്പിച്ച് മെത്രാപ്പോലീത്തയുടെ വടിയും വേദ പുസ്തകവും പിടിപ്പിച്ച് മലങ്കര മല്പാൻ (മലയാളത്തിന്റെ മല്പാൻ) എന്ന് പ്രഖ്യാപിച്ചു.

പാമ്പാക്കുട ഗുരുകുലത്തിൽ തന്റെ പൂർവ്വികന്മാർ ചെയ്തിരുന്നതുപോലെ മാത്തൻ മല്പാനും വൈദികരെ അഭ്യസിപ്പിച്ചു പോന്നു. എന്നാൽ അപ്പോ ഴേക്കും കോട്ടയം പഴയ സെമിനാരി വൈദികവിദ്യാഭ്യാസത്തിന്റെ കേന്ദ്രമായി പരിണമിച്ചു തുടങ്ങിയിരുന്നു. 1886-ൽ നവീകരണക്കാരിൽ നിന്ന് പഴയ സെമിനാരി നടത്തിയെടുത്ത് വട്ടശ്ശേരിൽ ഗീവർഗീസ് മല്പാന്റെ കീഴിൽ വിദ്യാഭ്യാസം ആരംഭിച്ചിരുന്നു. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചപ്പോൾ മാത്തൻ കശ്ശീശായെയും കോട്ടയത്തേക്ക് നിയമിച്ചു. കശ്ശീശാസ്ഥാനമേറ്റ് മൂന്നു വർഷത്തിനകം കോട്ടയം സെമിനാരിയിൽ പഠിപ്പിക്കുവാൻ അദ്ദേഹത്തിന് ക്ഷണം ലഭിച്ചു. കേവലം 26-ാം വയസിൽ മലങ്കരസഭയുടെ സെമിനാരിയിൽ മല്പാനായി നിയമിക്കപ്പെടുവാൻമാത്രം പ്രഗത്ഭ്യം അദ്ദേഹത്തിന് ഉണ്ടായിരുന്നു. പാമ്പാക്കുട സെമിനാരിയിൽ പഠിപ്പിക്കുവാൻ തന്റെ മുൻഗാമി അന്ന് ഉണ്ടായിരുന്നതിനാൽ ആദ്യ കാലങ്ങളിൽ കോട്ടയത്തു പോയി താമസിക്കുവാൻ മാത്തൻ കശ്ശീശയ്ക്ക് പ്രയാസമുണ്ടായിരുന്നില്ല. തന്റെ മുൻഗാമി ക്ഷീണിതനായപ്പോൾ പാമ്പാക്കുടയ്ക്ക് തിരിച്ചുപോരേണ്ടി വന്നുവെങ്കിലും പിന്നീടും പലപ്പോഴും കോട്ടയത്തുപോയി ദീർഘകാലം താമസിച്ച് വൈദികരെ പരിശീലി പ്പിച്ചിരുന്നു.

**ഇടവക ഭരണത്തിലേക്ക്**

മുൻഗാമി കോനാട്ട് യൂഹാനോൻ മല്പാന്റെ നിര്യാണത്തോടെ പാമ്പാക്കുട സെയിന്റ് ജോൺസ് വലിയ പള്ളി ഇടവകയിലെ ഭരണവും മാത്തൻ മല്പാന്റെ പൂർണ്ണനിയന്ത്രണത്തിൽ വന്നു. 1825 ൽ പള്ളി സ്ഥാപിതമായതു മുതൽ കോനാട്ടുകുടുംബത്തിലെ മല്പാന്മാരുടെ നിയന്ത്രണത്തിൽ, കുടുംബ പള്ളി എന്ന നിലയിൽ ഭരിക്കപ്പെട്ടിരുന്ന ദേവാലയം അതേ രീതിയിൽ തന്നെ മാത്തൻ മല്പാനും ഭരണം ആരംഭിച്ചു. എന്നാൽ ജനാധിപത്യ പ്രവണതകൾക്ക് തന്റെ മനസ്സിലുണ്ടായിരുന്ന മുൻതൂക്കം കൊണ്ടായിരിക്കാം, രണ്ടു പ്രാവശ്യം പള്ളിയുടെ ഭരണം അദ്ദേഹം ഇടവക ജനങ്ങളെ ഏല്പിച്ചു. കുറെ നാൾ നോക്കി നടത്തിയ ശേഷം രണ്ടു പ്രാവശ്യവും ജനപ്രതിനിധികൾ താക്കോൽ മല്പാനെ തിരിച്ചേല്പിക്കയാണുണ്ടായത്. മാത്തൻ മല്പാന്റെ ഭരണക്രമങ്ങളിൽ ഇടവകജനങ്ങൾക്കുണ്ടായിരുന്ന മതിപ്പും, വിശ്വാസവും അത്രമാത്രമായിരുന്നു. മല്പാനെ നേരിൽ അറിഞ്ഞിട്ടുള്ള കാരണവന്മാർ ഇപ്പോഴും അദ്ദേഹത്തെ കുറിച്ച് അതിബഹുമാനത്തോടെ സംസാരിക്കുന്നതു കേൾക്കാം. ഇടവകക്കാരുടെ ആത്മികവും ലൗകികവുമായ ആവശ്യങ്ങളെ കുറിച്ച് അതീവ ശ്രദ്ധാലുവായിരുന്ന അദ്ദേഹം കുദാശാനുഷ്ഠാനങ്ങൾക്കു പുറമെ സഭയുടെ വിശ്വാസവും, സുറിയാനിഭാഷയും എല്ലാം ജനങ്ങളെ പഠിപ്പിച്ചിരുന്നു. സഭയിൽ സൺഡേസ്കൂൾ പ്രസ്ഥാനം ആരംഭിച്ച് അധികം വൈകാതെ തന്നെ 1905-ൽ പാമ്പാക്കുട വലിയപള്ളിയിൽ മല്പാൻ സൺഡേസ്കൂൾ ആരംഭിച്ചു. തുടർന്ന് അഞ്ചൽപ്പെട്ടിയിലും, പിറമാടത്തും, മേമ്മുറി ഭാഗത്തും ഓരോ സൺഡേസ്കൂൾ ആരംഭിച്ചു. സൺഡേസ്കൂൾ അദ്ധ്യാപകരെ കൂട്ടിവരുത്തി അവർക്ക് ക്ലാസ്സുകൾ എടുത്തിരുന്നതായി ഡയറിയിൽ പരാമർശിച്ചിട്ടുണ്ട്. കാക്കൂർ ഭാഗത്ത് മല്പാന്റെ നേതൃത്വത്തിൽ ആരംഭിച്ച വേദവായനസംഘം അനേകരുടെ ആത്മികവളർച്ചയ്ക്കു കാരണമായി.

**അങ്കമാലി ഭദ്രാസനത്തിന്റെ വികാരി ജനറൽ**

1891 മാർച്ച് 9 (1086 കുംഭം 25) അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് കാലംചെയ്ത ശേഷം കോട്ടയം ഭദ്രാസനമെത്രാപ്പോലീത്ത കടവിൽ പൗലൂസ് മാർ അത്താനാസ്യോസിന് അങ്കമാലിയുടെ ചുമതല കൂടി നല്കി. അതിനെ തുടർന്ന് അങ്കമാലി ഭദ്രാസനത്തിന്റെ വികാരി ജനറാൾ ആയി മാത്തൻ മല്പാനെ മാർ അത്താനാസ്യോസ് നിയമിച്ച് 1893 ചിങ്ങം 21 ന് കല്പന കൊടുത്തു.[8]

അകപ്പറമ്പ് അങ്കമാലി പീച്ചാനിക്കാട് മുതലായ പല പള്ളികളിലെയും കണക്ക് കേൾക്കുകയും തിരട്ടിന്റെ പ്രതി അടയാളപ്പെടുത്തിക്കൊടുക്കുകയും മറ്റും ചെയ്തതായി ഡയറിയിലുണ്ട്. പള്ളിത്തർക്കങ്ങൾ കേട്ടു തീരുമാനിക്കുകയും, ധിക്കരിച്ചവരെ മുടക്കുക മുതലായ ശിക്ഷണനടപടി

കൾ എടുക്കുകയുമൊക്കെ ചെയ്തതായും ഡയറിക്കുറിപ്പുകൾ വെളിവാക്കുന്നു.[9]

**കോറെപ്പിസ്കോപ്പ**

ഒരു വിവാഹിതപട്ടക്കാരന് എത്തിച്ചേരാവുന്നതിന്റെ പരമോന്നത പദവിയാണ് കോറെപ്പിസ്ക്കോപ്പാ സ്ഥാനം. ജീവിതസായാഹ്നത്തിൽ 1926 ഓഗസ്റ്റ് 16 ന് പാത്രിയർക്കീസ് ബാവായുടെ കല്പന പ്രകാരം സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കരിങ്ങാച്ചിറ പള്ളിയിൽ വച്ച് മാത്തൻ മല്പാന് കോറെപ്പിസ്ക്കോപ്പാ സ്ഥാനം നല്കി. പാത്രിയർക്കീസ് ബാവ അയച്ചുകൊടുത്ത കുരിശും മാലയുമാണ് തദവസരത്തിൽ കോറെപ്പിസ്ക്കോപ്പായെ അണിയിച്ചത്. ചില പ്രത്യേക അവകാശങ്ങളും ചിഹ്നവും മാത്തൻ മല്പാന് നല്കിയിരുന്നു. മേല്പട്ടക്കാരുടേതിന് അനുരൂപമായ ഒരു മുടിയും (മുകൾഭാഗം കൂർത്തതല്ലായിരുന്നു) വൈദികർ കുർബ്ബാന അർപ്പിക്കുമ്പോൾ മേല്പട്ടക്കാർ സന്നിഹിതരാണെങ്കിൽ അനുവർത്തിക്കാറുള്ള കർമ്മങ്ങളെല്ലാം അതുപോലെ നിർവ്വഹിക്കുവാനുള്ള അനുവാദവും കുക്കിലിയോൻ ചൊല്ലുമ്പോൾ വടി ഉപയോഗിക്കുവാനും പാത്രിയർക്കീസ് അദ്ദേഹത്തിന് പ്രത്യേക അനുമതി നല്കിയിരുന്നു.[10] കാൽകഴുകൽ ശുശ്രൂഷ നിർവ്വഹിക്കുവാൻ അനുവദിച്ചതുകൊണ്ട് 1927 മേടം 8ന് കാൽകഴുകൽ ശുശ്രൂഷ നിർവഹിച്ചു.[11]

കോറെപ്പിസ്ക്കോപ്പാസ്ഥാനമേറ്റ ശേഷം തിരികെ വരുന്ന വഴിയിൽ പിറവത്ത് എത്തിയപ്പോൾ അവിടത്തുകാർ ആഘോഷപൂർവം എതിരേറ്റ് ബാന്റ്, മുത്തുക്കുടകൾ മുതലായ ആഘോഷങ്ങളോടെ ചന്തവഴി വന്ന് ആ കുരിശിങ്കലും സിമ്മനാരി പള്ളിയിലും കയറി ലുത്തിനിയ കഴിപ്പിക്കുകയും ഓണക്കൂർവരെ അനുയാത്രയായി പോകുകയും ചെയ്തിരുന്നു. തുടർന്ന് പാമ്പാക്കുടക്കാർ അഞ്ചൽപെട്ടി മുതൽ വാദ്യമേളങ്ങളുടെ അകമ്പടിയോടെ ഉജ്ജ്വലസ്വീകരണം തന്നെ ഒരുക്കിയിരുന്നു.[12]

**മലബാർ ത്രിസ്സാസ് ശുബഹോ സമൂഹം**

സഭാതർക്കങ്ങളും മറ്റും മൂലം നമ്മുടെ സഭയ്ക്കുണ്ടായ അധഃപതനാവസ്ഥ ബോദ്ധ്യമായ മാത്തൻ മല്പാൻ സഭാപുരോഗതി ലക്ഷ്യമിട്ട് ഒരു സമൂഹം ആരംഭിക്കുവാൻ ആലോചിച്ചു.[13] അപ്രകാരം രൂപീകരിച്ചതാണ് മലബാർ ത്രിസ്സാസ് ശുബഹോ സമൂഹം. മലങ്കരസഭയിലെ ആദ്യത്തെ അദ്ധ്യാത്മിക പ്രസ്ഥാനമായിരുന്നു ഇത്. ആദ്യം ഒരു വൈദികസംഘമായി ആരംഭിച്ചെങ്കിലും പിന്നീട് അവൈദികർക്കും അംഗത്വമുള്ള സംഘടനയാക്കി.

മലബാർ ത്രീസാസ് ശുബഹോ സമൂഹം രൂപവത്ക്കരിക്കുന്ന കാര്യം ശിഷ്യന്മാരോടും മറ്റു പലരോടും മല്പാൻ ആലോചിക്കുകയുണ്ടായി. ഒരു പദ്ധതിയെപ്പറ്റി മറ്റുള്ളവരുമായി കൂടിയാലോചിച്ച് അതു നടപ്പാക്കുന്ന മല്പാന്റെ സഹകരണമനസ്ഥിതി ഇതിൽനിന്ന് അറിയാം.

ത്രിസ്സാസ് ശ്രുബഹോ സമൂഹത്തിന്റെ സംഘാടകനായ മാത്തൻ മല്പാൻ തന്നെയായിരുന്നു അതിന്റെ അദ്ധ്യക്ഷൻ. അതിന്റെ പ്രാരംഭച്ചെലവുകളും ഇടയ്ക്കിടെ പോരാതെ വന്ന ചെലവുകളും മല്പാൻ സ്വയം വഹിച്ചുപോന്നു. പില്ക്കാലത്ത് സമൂഹം വളർന്നു പന്തലിച്ചപ്പോൾ തന്നെക്കാൾ പ്രഗത്ഭരായവർ അദ്ധ്യക്ഷനായിരിക്കുവാനായി സ്ഥാനം ഒഴിയുവാൻ അദ്ദേഹം തയ്യാറായി. സ്ഥാനമോഹിയൊന്നുമായിരുന്നില്ല മല്പാനെന്നതിന് ഇത് തെളിവാണ്. അദ്ദേഹത്തിന്റെ കഴിവുകൾ തുടർന്നും ഉപയോഗിക്കുവാൻ സമൂഹാംഗങ്ങൾ രാജി പിൻവലിപ്പിക്കുകയാണുണ്ടായത്.

സഭാപ്രസിദ്ധീകരണങ്ങൾ, പൊതുവിദ്യാഭ്യാസം, മതവിദ്യാഭ്യാസം സുവിശേഷവേല തുടങ്ങിയ ബഹുമുഖ പ്രവർത്തനങ്ങൾ ഈ സമൂഹം ചെയ്തു. പിറവം സെമിനാരി, (ഇംഗ്ലീഷ് സ്കൂൾ) ആലുവാ സെമിനാരി തുടങ്ങിയവയുടെ സ്ഥാപനത്തിന് ഈ സമൂഹം പ്രേരണ നൽകി. സമൂഹം, പള്ളി പണിക്കും മറ്റും സഹായധനം നൽകിയിരുന്നു. ആലുവ സെമിനാരിപ്പള്ളിയുടെ മുഖവാരത്തിന്റെ പൂർത്തിയാകാതിരുന്ന പണികൾ സമൂഹത്തിന്റെ ധനസഹായത്താലാണ് നടന്നത്.[14] അങ്കമാലി ഭദ്രാസനാസ്ഥാനമായ ആലുവ സെമിനാരിയും പള്ളിയും ആ ഭദ്രാസനത്തിന്റെ മാത്രം ശ്രമം കൊണ്ടല്ല പണിതത്, അതിന് സഭയുടെ പൊതുവിലുള്ള സഹകരണങ്ങൾ ഉണ്ടായിട്ടുണ്ട്.

മലങ്കര യാക്കോബായ സുറിയാനി സുവിശേഷ പ്രചരണസംഘം ത്രീസാസ് ശ്രുബഹോ സമൂഹത്തിന്റെ പ്രവർത്തനങ്ങളുടെ അനന്തര ഫലമായി ഉടലെടുത്തതാണ്. ആ സംഘടനയുടെ ഉത്സാഹത്താൽ നൂറിലധികം സൺഡേ സ്കൂളുകൾ നടന്നുവന്നു.[15] പുറജാതിക്കാർക്കിടയിൽ സുവിശേഷപ്രവർത്തനം നടത്തുവാൻ ത്രീസാസ് ശ്രുബഹോ സമൂഹത്തിന്റെ കോതമംഗലംയോഗം തീരുമാനമെടുത്തു. അതും കൂടാതെ ഈ വേലയ്ക്ക് മല്പാനും ഏതാനും വൈദികപ്രമുഖരും തയ്യാറായി.

**സുവിശേഷതാത്പര്യം**

ആലുവാ ശിവരാത്രിക്ക് (ഈ സംഘടനയുടെ ആഭിമുഖ്യത്തിലാണെന്ന് തോന്നുന്നു) പതിവായി സുവിശേഷപ്രചരണ പ്രസംഗങ്ങൾ നടന്നുപോന്നതായും അതിൽ മാത്തൻ മല്പാനും സംബന്ധിച്ചിരുന്നതായും ദിനചരിതത്തിൽ രേഖയുണ്ട്.[16] ഇക്കാലത്ത് ആലുവാ മണല്പുറത്ത് അങ്ങനെയൊന്നു നടത്തുവാൻ ശ്രമിച്ചാൽ എന്തുണ്ടാകുമെന്ന് ചിന്തിച്ചു നോക്കുക.

1081 മകരത്തിൽ കാക്കുരു് കൊച്ചാലുംചുവട്ടിൽ കാളച്ചന്ത തുടങ്ങുന്നതിനുള്ള ആലോചനയിൽ മാത്തൻ മല്പാൻ നേതൃത്വം കൊടുത്തു. അതിന്റെ പരസ്യം എഴുതി തറപ്പിച്ചതായി ദിനചരിതത്തിൽ എഴുതിയിട്ടുണ്ട്.[17] ഫെബ്രുവരി 28 ന് ആദ്യത്തെ കാളച്ചന്ത തുടങ്ങുന്നതിന് പാമ്പാക്കുടയിൽ

നിന്നും കുടയും സ്ലീബായും എടുത്തു പോയി. പന്തലിൽ മല്പാൻ പ്രസംഗിച്ചു. കാക്കുരുള്ള കുരിശുപള്ളിയുടെ ആരംഭം ഇതുമായി ബന്ധപ്പെട്ടതാകാം. കാക്കുരു കാളച്ചന്ത മദ്ധ്യതിരുവിതാംകൂറിലെ അനേകം കർഷകർക്കു പ്രയോജനം ചെയ്ത പ്രശസ്തമായ കാളവയൽ ആയി അടുത്തകാലം വരെ നിലനിന്നു. നിലം ഉഴുവാൻ ട്രാക്ടറുകൾ വന്നതോടെ അത് നാമമാത്ര മായിപ്പോയി.

ഇതെല്ലാം തെളിയിക്കുന്നത് ആദ്ധ്യാത്മിക സാമൂഹ്യ പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളുടെ ഒരു മികച്ച സംഘാടകനായിരുന്നു മല്പാൻ എന്നാണ്.

**പത്രാധിപർ**

ആനുകാലിക പ്രസിദ്ധീകരണങ്ങൾ - അതും മതവിഷയത്തിൽ - അത്യപൂർവ്വമായിരുന്ന കാലത്ത് രണ്ടു മാസികകൾ, മലയാളത്തിൽ ജീവനിക്ഷേപവും, സുറിയാനിയിൽ സീമാത് ഹായേയും, മല്പാൻ പ്രസിദ്ധീകരിച്ചുപോന്നു. നമ്മുടെ സാഹിത്യചരിത്രത്തിൽ ഇവയ്ക്കു സ്ഥാനം ലഭിച്ചിട്ടില്ല.

പ്രഗത്ഭനായിരുന്ന മാത്തൻ മല്പാൻ തന്റെ ബഹുമുഖസിദ്ധികൾ സഭാശുശ്രൂഷയ്ക്കായി സമർപ്പിച്ചു. പുലിക്കോട്ടിൽ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത ഇപ്രകാരം ഒരു സാക്ഷ്യപത്രം നൽകി. "ഈ നമ്മുടെ വത്സലപുത്രൻ തന്റെ കുടുംബംവക നിലംപുരയിടങ്ങളെക്കാൾ കൂടുതലായി പുസ്തകങ്ങളെയും പള്ളിയെയും കരുതുന്നപ്രകാരം ബോദ്ധ്യപ്പെട്ടിരി ക്കുന്നതുകൊണ്ട് ദൈവം തന്റെ കരുണകളെ ഈ ആളുടെ മേലും കുടുബ ത്തിന്മേലും ചൊരിയട്ടെ."

**സംഗീതജ്ഞൻ, കവി**

മാത്തൻ മല്പാൻ സംഗീതത്തിൽ വിദഗ്ധനായിരുന്നു. പരുമലത്തിരു മേനിയും പത്രോസ് തൃതീയൻ പാത്രിയർക്കീസും, അദ്ദേഹത്തിന്റെ കൂടെ വന്ന മാർ ഗ്രീഗോറിയോസ് അബ്ദുള്ളയും യൗസേഫ് ശെമ്മാശനും, സുറിയാനി ആരാധനാസംഗീതത്തിലും പള്ളിക്രമങ്ങളിലും, അദ്ദേഹ ത്തിന്റെ ഗുരുക്കന്മാരായിരുന്നു. അദ്ദേഹം ഉപകരണസംഗീതത്തിൽ വൈദഗ്ധ്യം നേടിയിരുന്നുവെന്നത് അധികമാരും വെളിപ്പെടുത്തിയിട്ടില്ല. 1064 ചിങ്ങം 15 പെരുന്നാളിന് ആദ്യമായി വി. കുർബ്ബാനയ്ക്കു ഫിഡിൽ കൊട്ടി എന്ന് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അന്ന് മലങ്കരയിൽ അത്യപൂർവ മായിരുന്ന സംഗീതോപകരണത്തിന്റെ ഇത്തരം ഉപയോഗം. 1064 ചിങ്ങം 28 ന് വടകര പള്ളിയിലെ കപ്യാർ വന്നപ്പോൾ അയാളെക്കൊണ്ടും ഫിഡിൽ കൊട്ടിച്ചു.

മാത്തൻ മല്പാൻ കവി കൂടിയായിരുന്നു. കേസുകാര്യത്തിനു തിരുവനന്ത

പുരത്തു പോയപ്പോൾ രാജകൊട്ടാരത്തിൽ മഹാരാജാവിന്റെ ഷഷ്ടിപൂർത്തി പ്രമാണിച്ച് തിരുമുഖം കാണിച്ച് സുറിയാനിപദ്യങ്ങൾ കാഴ്ചവച്ചു.[19]

**പൊതുപ്രവർത്തനം**

സഞ്ചാരസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ മല്പാൻ നടത്തി. പാമ്പാക്കുടയുടെ വികസനത്തിന് ആവശ്യമായ റോഡുകൾ നിർമ്മിക്കുവാനുള്ള എല്ലാ പരിശ്രമങ്ങളും അദ്ദേഹം നടത്തി.[20]

മൂവാറ്റുപുഴ തഹസിൽദാരുടെ മേൽനോട്ടത്തിൽ തിരുവിതാംകൂർ മഹാരാജാവിന്റെ ഷഷ്ടിപൂർത്തിയാഘോഷത്തിൽ അദ്ധ്യക്ഷനായിരുന്നത് മാത്തൻ മല്പാനായിരുന്നു. അത്രയ്ക്കു ബഹുമാന്യനായിരുന്നു മല്പാൻ എന്നതിൽ തർക്കമില്ല.[21]

**പക്ഷപാതരഹിതൻ**

കണ്ടനാടു ഭദ്രാസനത്തിന് മെത്രാനായി ഒരാളെ തെരഞ്ഞടുക്കുവാനുള്ള നീക്കങ്ങൾ നടന്നപ്പോൾ ഔഗേൻ റമ്പാനെ തെരഞ്ഞെടുക്കുവാൻ അദ്ദേഹത്തിന്റെ അഭ്യുദയകാംക്ഷികൾ താല്പര്യമെടുത്തു. തത്സംബന്ധമായി ദിനചര്യക്കുറിപ്പിൽ ഇങ്ങനെ കാണാം. ഞാൻ കൂടി സഹായിക്കണമെന്ന് പറഞ്ഞു ചൊള്ളമ്പേൽ കത്തനാർ തുടങ്ങിയവർ സംസാരിച്ചു. ദൈവവിളിയും ഇഷ്ടവും അനുസരിച്ച് ആർക്ക് ഭാഗ്യം വരുന്നുവോ ആയാളിനെ ഞാനും സമ്മതിക്കയല്ലാതെ ഒരുവന്റെ അഭിപ്രായമനുസരിച്ച് ഈ കാര്യം പറവാനോ പ്രവർത്തിപ്പാനോ തയ്യാറില്ലെന്നും എല്ലാവരും സമ്മതിക്കുന്ന ആളിനെ ഞാനും സമ്മതിക്കും എന്നും മറുപടി പറഞ്ഞയച്ചു.[22] സ്വശിഷ്യനായ ഔഗേൻ റമ്പാനുമായി പ്രത്യേക അടുപ്പവും മറ്റും ഉണ്ടായിരുന്നുവെങ്കിലും തെരഞ്ഞെടുപ്പിനു സ്വാധീനം ചെലുത്തുവാനോ, പക്ഷപാതം കാണിക്കുവാനോ മല്പാൻ ഒരുങ്ങിയില്ലെന്നത് ശ്രദ്ധിക്കേണ്ട സ്വഭാവസവിശേഷതയാണല്ലോ.

**അക്ഷരങ്ങളുടെ ആരാധകൻ**

സിറിയായിലെ ദയറാകളിലും മറ്റുമുള്ള അപൂർവ്വ സുറിയാനിഗ്രന്ഥങ്ങൾ പകർത്തി എഴുതിച്ച് വരുത്തി ശേഖരിച്ച് പഠിക്കുവാനും സൂക്ഷിക്കുവാനും മല്പാന് അതീവതാല്പര്യമായിരുന്നു. മൂസലിൽ നിന്ന് അനേകം സുറിയാനി പുസ്തകങ്ങൾ വരുത്തിയിരുന്നതായി മലങ്കര ഇടവകപത്രികയിൽ നിന്ന് മനസ്സിലാക്കാം.[23]

മലങ്കര ഇടവകപത്രിക 1899 ഒദോർ ലക്കത്തിൽ സുറിയാനിപുസ്തകങ്ങൾ ശേഖരിക്കുവാൻ ചെയ്തുവരുന്ന പരിശ്രമത്തെ പ്രോത്സാഹിപ്പിക്കുവാൻ അങ്കമാലി കോട്ടയം ഇടവകകളുടെ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്ത 35 രൂപ സംഭാവന ചെയ്തതായും കാണാം. ആ കാലത്ത് ആരും തുനിയാത്ത അപൂർവ്വമേഖലയിലാണ് കഥാപുരുഷൻ കൈ വച്ചതും ധനവ്യയം ചെയ്തതും.

**കോനാട്ട് മല്പാനും വട്ടശ്ശേരിൽ മല്പാനും**

വട്ടശ്ശേരിൽ തിരുമേനിയുമായി മല്പാൻ വ്യക്തിവൈരാഗ്യത്തിലായിരുന്നു എന്നാണ് പൊതുവെ പറയപ്പെടുന്നത്. മല്പാന്റെ ദിനചര്യക്കുറിപ്പുകളിൽ അത്തരം വൈരാഗ്യത്തിന്റെ സൂചനകളൊന്നുമില്ല. മല്പാനോട് ദ്രോഹം ചെയ്തതായി സൂചിപ്പിക്കുന്ന ദിനചര്യക്കുറിപ്പുകളിൽ അത്തരം വ്യക്തികളോട് ദൈവം ചോദിക്കട്ടെ എന്ന് മാത്രം രേഖപ്പെടുത്തിയതായി കാണാം.

ഇരുവരും ഒരുമിച്ച് കോട്ടയം സെമിനാരിയിൽ പഠിപ്പിച്ചിരുന്ന കാലം മുതലേ മാത്തൻ മല്പാന് തന്റെ സഹപ്രവർത്തകനോട് വാശിയും അസൂയയും വഴക്കും ഉണ്ടായിരുന്നു എന്ന ചരിത്രകാരന്മാരുടെ നിഗമനം യഥാർത്ഥവസ്തുതകൾക്ക് നിരക്കുന്നതല്ല. ഈ കാലഘട്ടത്തിലെ വട്ടശ്ശേരിൽ മല്പാന്റെ ഡയറികുറിപ്പുകൾക്കായി അന്വേഷണം നടത്തിയെങ്കിലും അവയെല്ലാം നഷ്ടപ്പെട്ടുപോയതായി മനസ്സിലായി.[24] അവശേഷിക്കുന്നത് ഇതേ കാലഘട്ടത്തിൽ മാത്തൻ മല്പാൻ എഴുതിയിട്ടുള്ള ഡയറിക്കുറിപ്പുകളും, അദ്ദേഹത്തിനു ലഭിച്ച എഴുത്തുകളുമാണ്.

മാത്തൻ മല്പാന്റെ ഡയറിക്കുറിപ്പുകൾ പ്രധാന്യമർഹിക്കുന്ന രേഖയാണ്. എന്നാൽ, 1886 ൽ ഡയറി എഴുതുവാൻ ആരംഭിച്ചതു മുതൽ 1927 ൽ ശയ്യാവലംബിയാകുന്നതു വരെ എല്ലാ ദിവസവും കുറിപ്പുകൾ എഴുതിയിട്ടില്ല. ആഴ്ചകളോളം ഒരു വാചകം പോലും എഴുതാതിരുന്നിട്ടുണ്ട്. 1899 മുതൽ 1906 വരെ ഏഴു വർഷത്തോളവും, 1908 ചിങ്ങം മുതൽ 1916 ചിങ്ങം വരെ എട്ടു വർഷവും ഡയറിയിൽ വിടവു കാണുന്നു. ഇക്കാലത്തെ കുറിപ്പുകൾ പിന്നീടു നശിച്ചുപോയി എന്ന് കരുതാൻ കഴിയില്ല; കാരണം ഒന്നു മുതൽ 16 വരെ നമ്പരിട്ട് ഗ്രന്ഥശേഖരത്തിൽ അദ്ദേഹംതന്നെ ചേർത്തിരിക്കുന്ന പുസ്തകങ്ങളെല്ലാം ഇന്നും ലഭ്യമാണ്. അപ്പോൾ പ്രസ്തുത കാലഘട്ടങ്ങളിൽ അദ്ദേഹം ഒന്നും എഴുതാതിരുന്നതോ, എഴുതിയവ അദ്ദേഹത്തിന്റെ കാലത്തുതന്നെ നശിച്ചുപോയതോ ആകാം.

ലഭ്യമായ രേഖകളെല്ലാം പരിശോധിച്ചിട്ടും വട്ടശ്ശേരിൽ മല്പാനും, കോനാട്ടു മല്പാനും തമ്മിൽ വാശിയോ, വൈരാഗ്യമോ ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്നതായി കാണുന്നില്ല. മാത്തൻ മല്പാന്റെ മരുമകൻ പാലക്കാട്ട് ജോൺ ശെമ്മാശ്ശനെ എം. ഡി. സ്കൂളിൽ പരീക്ഷയ്ക്കിരിക്കുവാൻ സമ്മതിക്കാഞ്ഞതിനെ ചൊല്ലി, ഇരുവരും തമ്മിൽ ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതു 1908-ൽ വട്ടശ്ശേരിൽ മല്പാൻ മെത്രാൻസ്ഥാനം ഏറ്റതിനു ശേഷം നടന്ന സംഭവമാണ്. അതുപോലെ വേറെയും സന്ദർഭങ്ങളിൽ അഭിപ്രായവ്യത്യാസങ്ങൾ പലതിനെ സംബന്ധിച്ചും ഉണ്ടായിക്കാണാം. എന്നാൽ അവയൊന്നും ഇരുവരും തമ്മിൽ ശാശ്വത വൈരാഗ്യം ജനിപ്പിക്കുവാൻ തക്കവിധം രൂക്ഷമായി പരിണമിച്ചിരുന്നില്ല.

മാത്തൻ മല്പാനും പുലിക്കോട്ടിൽ തിരുമേനിയും തമ്മിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്.[25] പരിഭവിച്ചിട്ടുമുണ്ട്. എന്നാൽ ഇതൊന്നും ഭിന്നതയായി പരിണമിച്ചിട്ടില്ല. പുലിക്കോട്ടിൽ ദിവന്നാസ്യോസു മായിപ്പോലും ഉണ്ടായിരുന്ന മുഷിച്ചിലുകൾ രാത്രി രണ്ടു മണിവരെ ഇരുന്ന് പരസ്പരം പറഞ്ഞു തീർത്തതായി ഡയറിയിലുണ്ട്.[26] പിണക്കമുണ്ടായാൽ അതു മറന്ന് രമ്യതയിലാകുവാൻ മാത്തൻ മല്പാൻ മനസ്സുള്ളവനാ യിരുന്നുവെന്ന് ദിനചരിതക്കുറിപ്പുകൾ തെളിയിക്കുന്നുണ്ട്.

വട്ടശ്ശേരിൽ മല്പാൻ മലങ്കരമെത്രാന്റെ പിൻഗാമിയായി തെരഞ്ഞെടുക്ക പ്പെടാതിരിക്കുവാൻ മാത്തൻ മല്പാൻ പ്രവർത്തിച്ചിരുന്നതായി ഡോ. ജോസഫ് ചീരനച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്.[27] അഡ്വ. പി.സി. മാത്യു ഇതുതന്നെ ആവർത്തിക്കുന്നുണ്ടു.[28] മാത്തൻ മല്പാനെ ആ സംരംഭത്തിൽ നിന്ന് നാടകീയമായി പുലിക്കോട്ടിൽ തിരുമേനി പിന്തിരിപ്പിച്ചതായി, കരിങ്ങണാമറ്റത്തിൽ ജേക്കബ് കത്തനാർ രചിച്ച, ഇതുവരെയും പ്രസിദ്ധ പ്പെടുത്തിയിട്ടില്ലാത്ത ഒരു ലേഖനം ഉദ്ധരിച്ചുകൊണ്ട് പ്രസ്താവിച്ചിരിക്കുന്നു. തിരഞ്ഞെടുപ്പിന്റെ തലേദിവസം പുലിക്കോട്ടിൽ തിരുമേനി തന്ത്രപൂർവ്വം മാത്തൻ മല്പാനെ വിളിച്ച് വെള്ളിവടി, ചുവപ്പുകുപ്പായം മുതലായ ഉപഹാര ങ്ങൾ നല്കി തൃപ്തിപ്പെടുത്തി അഭിപ്രായം മാറ്റുകയായിരുന്നു എന്ന് ചീരൻ അച്ചൻ എഴുതിയിട്ടുണ്ട്. പ്രസ്തുത ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ അപ്പാടെ വിശ്വസിക്കുവാൻ സാധിക്കുമോ എന്ന് സംശയമാണ്.

മെത്രാൻസ്ഥാനത്തേക്ക് വട്ടശ്ശേരിൽ തിരുമേനി തെരഞ്ഞെടുക്ക പ്പെടുന്നതിനു (1908 ഫെബ്രുവരി 27) തൊട്ടുമുമ്പ് ഏതാണ്ട് ഒരു വർഷത്തെ ഡയറിക്കുറിപ്പുകൾ പരിശോധിച്ചിട്ടും ഒരു എതിർപ്പും നിലനിന്നിരുന്ന തായോ, വട്ടശ്ശേരിൽ മാല്പൻ മെത്രാൻസ്ഥാനത്തേക്കോ, മലങ്കര മെത്രാന്റെ പിൻഗാമി സ്ഥാനത്തേക്കോ, തെരഞ്ഞെടുക്കപ്പെടാതിരിക്കുവാൻ ഒരു പരിശ്രമവും മാത്തൻ മല്പാൻ നടത്തിയതായോ കാണുന്നില്ല.

വട്ടശ്ശേരിൽ മല്പാനെയും പൗലോസ് റമ്പാനെയും യഥാർത്ഥത്തിൽ മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുത്തതു് 1908-ൽ ആയിരുന്നില്ല; 1902 ഡിസംബർ 3-ന് പരുമല തിരുമേനിയുടെ 30-ാം ചരമദിവസം ഉച്ച കഴിഞ്ഞു് കൂടിയ മീറ്റിങ്ങിൽ വച്ചായിരുന്നു. മലങ്കര ഇടവക പത്രിക റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് ആ യോഗത്തിൽ വച്ച് രണ്ടു പേരുകൾ പ്രസ്താവിക്കപ്പെട്ടപ്പോൾ, വടക്കുനിന്ന് വന്നിരുന്ന പ്രതിനിധികൾ, രണ്ടു പേർ പോരെന്നും വടക്കും മെത്രാന്മാരെ ആവശ്യമുണ്ടെന്നും, എന്നാൽ യോഗത്തിൽ സന്നിഹിതരായവർക്ക് മെത്രാൻ സ്ഥാനത്തിനു യോഗ്യന്മാർ ആരെന്ന് നിശ്ചയമില്ലാത്തതിനാൽ, വലിയ തിരുമേനിയും മറ്റു തിരുമേനി മാരുംകൂടി തീരുമാനിച്ചാൽ മതിയെന്നും അഭിപ്രായപ്പെട്ടു.[29] തീരുമാനം എല്ലാവരും കൈയടിച്ചു പാസ്സാക്കി. ഈ തെരഞ്ഞെടുപ്പിനെ അടിസ്ഥാന

മായി സ്വീകരിച്ചുകൊണ്ടാണ് വട്ടശ്ശേരിൽ മല്പാനെ റമ്പാനാക്കിയതും, തുടർനടപടികൾ സ്വീകരിച്ചതും. 1908-ൽ നടന്നത് 1902 ലെ തെരഞ്ഞെടുപ്പിന്റെ ഔദ്യോഗികസ്ഥിരീകരണം മാത്രമായിരുന്നു.[30]

1902 വൃശ്ചികം 27-ന് പുലിക്കോട്ടിൽ ദിവന്നാസ്യോസ് V മല്പാന് അയച്ച ഒരു കത്തിൽ പരുമല വിശേഷങ്ങൾ വിശദീകരിച്ചിട്ട് വടക്കുനിന്നും മെത്രാൻസ്ഥാനത്തിന് യോഗ്യൻ ആരെന്ന് മല്പാന്റെ അഭിപ്രായം ആരായുന്നുണ്ട്. വീണ്ടും 1903 ചിങ്ങം 18-ന് ഒരു കത്തിൽ വടക്കുനിന്നുള്ള സ്ഥാനാർത്ഥിയെ മല്പാൻ നിശ്ചയിച്ചാൽ മതിയെന്നും ആരായാലും തനിക്ക് സമ്മതമാണെന്നും തിരുമേനി എഴുതി. മല്പാന്റെ മറുപടി എന്തായിരുന്നെന്ന് അറിയില്ലായെങ്കിലും ഈ വിഷയത്തിൽ പുലിക്കോട്ടിൽ ദിവന്നാസ്യോസ് V മാത്തൻ മല്പാനെ എത്രമാത്രം വിശ്വസ്തനായി കണ്ടിരുന്നു എന്ന് ഈ കത്തുകൾ തെളിയിക്കുന്നു. തന്നെയുമല്ല, ഇക്കാര്യത്തിൽ മല്പാൻ അത്ര സ്വാർത്ഥനായിരുന്നെങ്കിൽ തന്റെ ചൊല്പടിക്കു നില്ക്കുമായിരുന്ന രണ്ടോ മൂന്നോ പേരെ മെത്രാൻസ്ഥാനത്തേക്കു കയറ്റിവിടുവാൻ ലഭിച്ച സുവർണ്ണാവസരമായി ഇതിനെ കാണുമായിരുന്നു.

ഈ കാലയളവിൽ വട്ടശ്ശേരിൽ മല്പാൻ, മാത്തൻ മല്പാന് അയച്ച കത്തുകളിലും തുളുമ്പി നില്ക്കുന്നത് സ്നേഹം മാത്രമാണ്. പരുമലസമ്മേളനത്തെ പരാമർശിച്ച് 1902 ധനു 5-ന് അയച്ച കത്തിൽ ഗബ്‌യൂസോ (തിരഞ്ഞെടുപ്പ്) സംബന്ധമായി മല്പാന്റെ അഭിപ്രായത്തിന് നന്ദി പറയുകയും ദൈവനിശ്ചയമെങ്കിൽ സ്ഥാനം തനിക്ക് ലഭിക്കട്ടെയെന്ന് പ്രത്യാശിക്കുകയും ചെയ്തു. 1904 മിഥുനം 10-ന് എഴുതിയ കത്ത് ഇരുവരും തമ്മിലുണ്ടായിരുന്ന സ്നേഹത്തിന്റെ തെളിവാണ്. 1908 മകരം 12, മീനം 7 എന്നീ തീയതികളിലെ കത്തുകളും ഇരുവരും തമ്മിലുള്ള സ്നേഹം വിവരിക്കുന്നു. വട്ടശ്ശേരിൽ മല്പാന് എതിരായി മാത്തൻ മല്പാൻ ഒരു പ്രവർത്തനവും നടത്തിയതിന്റെ സൂചനകളൊന്നും എങ്ങും കാണുന്നില്ല. 1908-ലെ ഔദ്യോഗിക തിരഞ്ഞെടുപ്പിന് ശേഷവും മെത്രാൻവാഴ്ചയെ സംബന്ധിച്ച് പാത്രിയർക്കീസിന് പുലിക്കോട്ടിൽ തിരുമേനി അയച്ച കത്തുകളെല്ലാം തർജ്ജമ ചെയ്ത് ശരിപ്പെടുത്തിയത് മാത്തൻ മല്പാൻ തന്നെയാണ്. ഇവയെല്ലാം വായിച്ചു കഴിയുമ്പോൾ മാത്തൻ മല്പാനെ കുറിച്ച് ലഭിക്കുന്ന ചിത്രം വട്ടശ്ശേരിൽ മല്പാന്റെ ശത്രുവിന്റേതല്ല.

ഇനി കരിങ്ങണാമറ്റത്തിൽ യാക്കോബ് കശീശ്ശാ പറയുന്ന കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിക്കാം. 1908 കുംഭത്തിൽ നടന്ന തിരഞ്ഞെടുപ്പിന്റെ തലേന്ന് മാത്തൻ മല്പാൻ സെമിനാരിയിൽ എത്തി എന്ന് പറയുന്നതു തന്നെ കൃത്യമാണെന്ന് തോന്നുന്നില്ല. അസോസിയേഷനു മുമ്പ് ഏതാനും ആഴ്ചകളിൽ മല്പാന്റെ ഡയറിയിൽ ഒന്നും കുറിച്ചിട്ടില്ലാത്തതിനാൽ കൃത്യമായി പറയുവാൻ സാധിക്കുന്നില്ലെങ്കിലും 1908 മകരം 11-ന്

പുലിക്കോട്ടിൽ ദിവന്നാസ്യോസ് V അയച്ച കത്തിൽ, ഒരാഴ്ച മുമ്പെങ്കിലും മല്പാൻ എത്തിയിരിക്കണമെന്ന് നിർബ്ബന്ധമായി ആവശ്യപ്പെടുന്നുണ്ട്. വലിയ മെത്രാച്ചന്റെ നിർദ്ദേശം അദ്ദേഹം അവഗണിച്ചിരിക്കാൻ സാദ്ധ്യത കുറവാണ്.

തിരഞ്ഞെടുപ്പുദിവസത്തെ മാത്തൻ മല്പാന്റെ ഡയറിക്കുറിപ്പ് ഇപ്രകാരമാണ്: കോട്ടയത്ത് മെത്രാൻസ്ഥാനത്തിന്റെ തിരഞ്ഞെടുപ്പുയോഗം നടന്നു. കോതമംഗലം ചെറിയ പള്ളിക്കാർ വെള്ളി പൊതിഞ്ഞ പുസ്തകവും, ടി. വലിയ പള്ളിക്കാർ കഴുത്തിലിടുന്ന കുരിശും, ശെമ്മാശ്ശന്മാർ (ശിഷ്യർ) വെള്ളി വടിയും വലിയ തിരുമേനിയെകൊണ്ടു് തരുവിച്ചു.[31] അപ്പോൾ, യോഗദിവസം പുലിക്കോട്ടിൽ തിരുമേനിയുടെ കൈകളിൽക്കൂടി ലഭിച്ച സമ്മാനങ്ങൾ തിരുമേനിയുടേതായിരുന്നില്ല; കോതമംഗലം പള്ളിക്കാരുടേതും, സ്വന്തം ശിഷ്യന്മാരുടേതും ആയിരുന്നു. തന്നെയുമല്ല, ഈ സമ്മാനം നല്കുവാൻ കോതമംഗലംകാർ ഏതാണ്ടു് ഒന്നര കൊല്ലം മുമ്പ് നിശ്ചയിച്ചിരുന്നതായും ഡയറിയിൽ കാണുന്നുണ്ടു്.[32] മല്പാൻ വിവരിക്കുന്നതും കരിങ്ങണാമറ്റത്തിൽ അച്ചൻ വിവരിക്കുന്നതും ഒരേ സംഭവം തന്നെയോ? തലേന്നും പിറ്റേന്നും മല്പാന് ഉപഹാരങ്ങൾ ലഭിച്ചിരുന്നുവോ? ഉണ്ടെങ്കിൽ പിറ്റേന്ന് ലഭിച്ചവയെക്കുറിച്ച് തന്റെ ഡയറിയിൽ പരാമർശിച്ച മല്പാൻ, തലേന്ന് നടന്നതു് എന്തുകൊണ്ടു് വിട്ടുകളഞ്ഞു?

മല്പാന് തിരുമേനി ചുവപ്പുകുപ്പായം സമ്മാനിച്ചുവെന്നതും യുക്തിസഹമായി തോന്നുന്നില്ല. കാരണം അന്ന് അദ്ദേഹത്തിന് കോറെപ്പിസ്ക്കോപ്പ സ്ഥാനം ലഭിച്ചിരുന്നില്ല. ഇനി മലങ്കരമല്പാൻ സ്ഥാനത്തിനാണ് ചുവപ്പുകുപ്പായം അനുവദിച്ചതെങ്കിൽ അദ്ദേഹത്തിന് ആ സ്ഥാനം ലഭിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിരുന്നു. മാത്തൻമല്പാനു മാത്രമായി തിരുമേനി ഒരു പ്രത്യേക അനുമതി നല്കിയതായിരുന്നുവെങ്കിൽ അക്കാര്യം അദ്ദേഹത്തിന്റെ ഡയറിയിൽ പരാമർശിക്കാത്തതു് വിചിത്രമായി തോന്നുന്നു. കോറെപ്പിസ്ക്കോപ്പാസ്ഥാനം ലഭിച്ചപ്പോൾ ചില പ്രത്യേക അനുമതികൾ പാത്രിയർക്കീസ് നല്കിയതും, വില്ലാശിപായിമാരെ കൂടെ കൊണ്ടുനടക്കുവാൻ ഗവണ്മെന്റ് പ്രത്യേകാനുമതി നല്കിയതും[33] എല്ലാം അഭിമാനപൂർവ്വം ഡയറിയിൽ കുറിച്ചിട്ടിരിക്കുന്ന ആൾ ഇക്കാര്യം മാത്രം വിട്ടുകളഞ്ഞതു് അവിശ്വസനീയമായി തോന്നുന്നു.

കരിങ്ങണാമറ്റത്തിൽ അച്ചൻ തന്റെ ലേഖനം എന്നു് എഴുതിയെന്ന് അറിവില്ല. നന്നേ ചെറുപ്പത്തിൽ അദ്ദേഹം നേരിട്ട് വീക്ഷിച്ച ഒരു കാര്യം വർഷങ്ങൾക്കു ശേഷം തന്റെ ഓർമ്മയിൽനിന്ന് വിവരിച്ചതാണെങ്കിൽ ഇത്രയും ധാരണാപിശകുകൾ സ്വാഭാവികമാണ്. സമകാലീനരാരെങ്കിലും പറഞ്ഞുകേട്ടതാണെങ്കിൽ പൊടിപ്പും തൊങ്ങലും വർദ്ധിച്ചിരിക്കാനും സാദ്ധ്യത കുറവല്ല; പ്രത്യേകിച്ചും പില്ക്കാലസംഭവങ്ങളുടെ വെളിച്ചത്തിൽ

മുൻകാല സംഭവങ്ങൾ വിലയിരുത്തുമ്പോൾ. അപ്പോൾ വട്ടശ്ശേരിൽ മൽപ്പാൻ തിരഞ്ഞെടുക്കപ്പെടാതിരിക്കുവാൻ മാത്തൻ മല്പാൻ പ്രവർത്തിച്ചിരുന്നുവെന്ന് തെളിയിക്കുവാൻ നൽകുന്ന തെളിവിന്റെ അടിസ്ഥാനം ഉറപ്പുള്ളതായി തോന്നുന്നില്ല.[34]

ഇതു കൂടാതെ വട്ടശ്ശേരിൽ മല്പാനും, മാത്തൻ മല്പാനും തമ്മിൽ മുൻവൈരാഗ്യമുണ്ടായിരുന്നുവെന്ന പരാമർശങ്ങൾ വേറെയുമുണ്ട്. എങ്കിലും അവയെല്ലാം കലഹം മൂർച്ഛിച്ചതിനു ശേഷം മാത്രം ഉണ്ടായ രേഖകളാണ്. മാത്തൻ മല്പാന്റെ എതിർകക്ഷിയുടെ സാക്ഷികളിൽ ഒരാളായിരുന്ന മാമ്മൻ മാപ്പിള, കേസിലെ മൊഴിയിൽ മുൻവൈരാഗ്യത്തെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്.[35] ഇലഞ്ഞിക്കൽ ജോൺ 1910-ൽ എഴുതിയ ഒരു കത്തിൽ മാത്തൻ മല്പാൻ മലങ്കരമെത്രാന്റെ പൂർവ്വവിരോധിയായിരുന്നുവെന്ന് പ്രസ്താവിച്ചിട്ടുണ്ട്.[36] ഇരുവരും തമ്മിലുള്ള വ്യക്തിപരമായ പൂർവ്വവൈരാഗ്യമാണ് പ്രശ്നത്തിന്റെ ഏകകാരണം എന്ന് ഊന്നി പറയേണ്ടത് കേസിലെ എതിർകക്ഷിയുടെ ആവശ്യമായിരുന്നല്ലോ. അതുകൊണ്ടുതന്നെ ഈ മൊഴികളെ ചരിത്രസത്യങ്ങൾ എന്ന നിലയിൽ മുഖവിലയ്ക്കെടുക്കുവാൻ പ്രയാസമാണ്.

1893 ചിങ്ങം ഇടവക പത്രികയിൽ യാക്കോബായ സുറിയാനി മതോപദേശപാലനം എന്ന പുസ്തകം സ്തുത്യയോഗ്യമായുള്ളതാകുന്നുവെന്ന് മലങ്കരമല്പാൻ കോനാട്ടു് മാത്തൻ കത്തനാർ എഴുതി. ഈ പുസ്തകം വട്ടശ്ശേരിൽ മല്പാന്റേതായിരുന്നു.

ചുരുക്കി പറഞ്ഞാൽ വട്ടശ്ശേരിൽ തിരുമേനി മെത്രാൻസ്ഥാനമേറ്റ് തിരികെ എത്തിയ ശേഷം 1909-ൽ സുന്ത്രോണീസോ നടത്തുന്നതു വരെയും ഇരുവരും തമ്മിൽ സാരമായ വഴക്കുകളൊന്നും നിലനിന്നിരുന്നതായി കാണുന്നില്ല. വട്ടശ്ശേരിൽ തിരുമേനി മേല്പട്ടസ്ഥാനം സ്വീകരിച്ചു വന്നപ്പോൾ മാത്തൻ മല്പാൻ നടത്തിയ പ്രസംഗത്തിലും തിരുമേനിയുടെ മറുപടി പ്രസംഗത്തിലും സ്നേഹവും, സാഹോദര്യവും മാത്രമാണ് പ്രതിഫലിക്കുന്നത്.[37] സുന്ത്രോണീസോ സഭയുടെ ആനന്ദമുഹൂർത്തമായിട്ടാണ് ഫാ. വി.സി. ശമുവേൽ ചിത്രീകരിക്കുന്നത്.[38] ട്രസ്റ്റികൾ തമ്മിലുള്ള വഴക്കിന്റെ കാരണം അന്വേഷിക്കുന്ന ഡേവിഡ് ഡാനിയേൽ രണ്ടു കാരണങ്ങൾ മാത്രമേ കാണുന്നുള്ളു. (1) ബസ്ഗാസാ മുറിയുടെ താക്കോൽ സൂക്ഷിപ്പിനെ സംബന്ധിച്ച പ്രശ്നം (2) സഭയുടെ സ്ഥലം കൂട്ടുട്രസ്റ്റിമാരുടെ ആലോചന കൂടാതെ മെത്രാപ്പോലീത്താ വിറ്റതിനെ സംബന്ധിച്ചുണ്ടായ തർക്കം.[39] Z.M. പാറേട്ട് ഇവയോടൊപ്പം മൂന്നാമതൊരു കാരണം കൂടി കാണുന്നുണ്ട്. 1909 ഓഗസ്റ്റ് 30-ലെ മാനേജിംഗ് കമ്മറ്റിയിൽ ബെസ്ഗാസാ മുറിയുടെ താക്കോലുകൾ മെത്രാൻ ട്രസ്റ്റിതന്നെ സൂക്ഷിക്കണം എന്ന തീരുമാനം.[40]

ഈ കാരണങ്ങളൊന്നും വ്യക്തിപരമല്ല എന്നതു് ശ്രദ്ധേയമാണ്. മല്പാന്മാരെന്ന നിലയിൽ സെമിനാരിയിൽ പഠിപ്പിച്ചിരുന്നിടത്തോളം കാലവും, അതിനു ശേഷം ഒരാൾ മെത്രാപ്പോലീത്താസ്ഥാനമേറ്റ് സഭയുടെ നേതൃത്വം എറ്റെടുത്തപ്പോഴും എല്ലാം സഹകരിച്ചു നിന്നിരുന്നവർ, ഒരുമിച്ച് സഭാഭരണത്തിൽ ഏർപ്പെടാൻ തുടങ്ങിയപ്പോൾ പ്രശ്നങ്ങൾ തല പൊക്കാൻ തുടങ്ങി എന്നതല്ലേ സത്യാവസ്ഥ?

**വൈദികട്രസ്റ്റി**

മാത്തൻ മല്പാൻ സഭാഭരണരംഗത്തു് ഔദ്യോഗികചുമതലയിൽ വരുന്നതു് 33-ാം വയസിൽ 1892 മാർച്ച് 31 ന് വൈദികട്രസ്റ്റിയായി തെരഞ്ഞടുക്കപ്പെട്ടതു മുതലാണ്. അതിനു മുമ്പ് കോനാട്ട് കോര യൂഹാനോൻ മല്പാൻ വൈദികട്രസ്റ്റിയായിരുന്നു. 1886 ൽ നവീകരണവിഭാഗത്തിൽ നിലയുറപ്പിച്ച വൈദികട്രസ്റ്റി, താഴത്തു് ചാണ്ടപ്പിള്ള കത്തനാരുടെ സ്ഥാനത്തേക്കാണ് മാത്തൻ മല്പാനെ തെരഞ്ഞെടുത്തതു്. പക്ഷെ ഈ തെരഞ്ഞടുപ്പ് നടന്നപ്പോൾ ചാണ്ടപ്പിള്ള കത്തനാരെ നിയമാനുസൃതം നീക്കിയിരുന്നില്ല എന്ന കാരണത്താൽ മല്പാന്റെ തെരഞ്ഞടുപ്പിനു നിയമസാധുത ലഭിച്ചില്ല. തത്സംബന്ധമായ വ്യവഹാരത്തിനൊടുവിൽ, മൂന്നു വർഷം കഴിഞ്ഞു് 1895 നവം. 21, 22 ന് മലങ്കര അസോസിയേഷൻ ചേർന്ന് മാത്തൻ മല്പാനെ വൈദികട്രസ്റ്റിയായും കോര ഉലഹന്നാനെ അത്മായട്രസ്റ്റിയായും തെരഞ്ഞെടുത്തു് സ്ഥിരപ്പെടുത്തി.

വൈദികട്രസ്റ്റി, അത്മായട്രസ്റ്റി എന്നീ ഔദ്യോഗികചുമതലക്കാർ മലങ്കരസഭയുടെ പുരാതനചരിത്രത്തിൽ ഉണ്ടായിരുന്നില്ല. ഈ സഭയുമായി ചേർന്നു പ്രവർത്തിച്ച ഇംഗ്ലീഷ് മിഷനറിമാരുമായുള്ള ബന്ധം ഉലഞ്ഞതോടെയുണ്ടായ സഭാതർക്കത്തിൽ മദ്ധ്യസ്ഥതീരുമാനം ചെയ്ത 1840 ലെ കൊച്ചി പഞ്ചായത്തു വിധിയിലാണ് മലങ്കരസഭാസ്വത്തുക്കൾ മലങ്കര മെത്രാൻ, ഒരു വൈദികൻ, ഒരു അന്മേനി എന്നിവർ ട്രസ്റ്റിമാരായി കൈകാര്യം ചെയ്യണം എന്ന് വിധിച്ചതു്.

ഒരു ആലങ്കാരികപദവി എന്നതിനപ്പുറം സഭാഭരണരംഗത്തു് വലിയ പങ്കൊന്നും ഇന്നും ഇവർക്കില്ല. മലങ്കര അസ്സോസിയേഷൻ സെക്രട്ടറിയാണ് മലങ്കരസഭയുടെ സാമ്പത്തിക വരവുചെലവുകളുടെ കണക്ക് കൈകാര്യം ചെയ്യുന്നതു്.

മാത്തൻ മല്പാൻ വൈദികട്രസ്റ്റിയായി സ്ഥാനമേൽക്കുമ്പോൾ മെത്രാൻ ട്രസ്റ്റി അദ്ദേഹത്തിനു ശെമ്മാശുപട്ടവും കശീശ്ശപട്ടവും നൽകിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ആയിരുന്നു. പഴയസെമിനാരി ആസ്ഥാനമാക്കി പ്രവർത്തിച്ചുവന്ന ഈ മലങ്കരമെത്രാനോടൊന്നിച്ച് സെമിനാരി അദ്ധ്യാപകനായി പ്രവർത്തിച്ച വൈദികട്രസ്റ്റിയും അത്മായ

ട്രസ്റ്റിയും പൂർണ്ണസഹകരണത്തിലായിരുന്നു. സഭയുടെ പൊതുമുതലുകളുടെ സൂക്ഷിപ്പുമുറിയായിരുന്ന ബസ്ഗാസാ മുറിയുടെ താക്കോലുകളിൽ, അത്മായ വൈദിക ട്രസ്റ്റിമാരുടെ താക്കോലുകൾ മെത്രാന്റെ മുറിയിൽ തന്നെ വച്ചിട്ടു പോകുന്നതു് പതിവാക്കുന്നിടത്തോളം, സുദൃഢമായിരുന്നു ട്രസ്റ്റിമാരുടെ ഐക്യം.

പുലിക്കോട്ടിൽ തിരുമേനിയുടെ കാലശേഷം മലങ്കരമെത്രാൻട്രസ്റ്റി സ്ഥാനത്ത് എത്തിയ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസിന്റെ ഭരണാരംഭത്തിൽ തന്നെ - നാലു മാസത്തിനു ശേഷം - അബ്ദുള്ള പാത്രിയർക്കീസ് ബാവ കേരളത്തിലെത്തി. മലങ്കരസഭയിൽ ലൗകികാധികാരം ലഭിക്കണമെന്നുള്ള പാത്രിയർക്കീസ് ബാവായുടെ താല്പര്യത്തിന് മെത്രാനും, സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും, മാനേജിംഗ് കമ്മിറ്റിയും (1909 നവം. 25-27) വഴങ്ങിയില്ല.

അങ്ങനെ രൂപംകൊണ്ട സഭാഭിന്നതയിൽ മാത്തൻ മല്പാനും അത്മേനി ട്രസ്റ്റി സി. ജെ. കുര്യനും പാത്രയർക്കീസ് ബാവായുടെ പക്ഷത്താണ് നിലകൊണ്ടതു്. തുടർന്ന് 1911 ഓഗ. 30, സെപ്റ്റ. 1 ന് നടന്ന സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ അവരെ രണ്ടുപേരെയും അത്മായ വൈദിക ട്രസ്റ്റിസ്ഥാനങ്ങളിൽ നിന്ന് നീക്കി.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രപ്പോലീത്തായെ അബ്ദുള്ള പാത്രിയർക്കീസ് മുടക്കിയ ശേഷം 1911 ഓഗ. 30, സെപ്റ്റ. 1 തീയതികളിൽ ആലുവായിൽ കൂടിയ പാത്രിയർക്കീസ് പക്ഷത്തിന്റെ പള്ളിപ്രതിപുരുഷ യോഗം കൊച്ചുപറമ്പിൽ പൗലോസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായെ മലങ്കരമെത്രാനായി തെരഞ്ഞെടുത്തു. അങ്ങനെ മാത്തൻ മല്പാൻ, സി.ജെ കുര്യൻ എന്നിവരോടൊപ്പം അദ്ദേഹത്തെ മെത്രാൻട്രസ്റ്റിയായി പാത്രിയർക്കീസ് പക്ഷം കരുതി. സഭാവ്യവഹാരങ്ങൾ തുടർന്നു. ആ നിലയ്ക്ക് മാത്തൻ മല്പാൻ മരണം വരെ വൈദികട്രസ്റ്റിയായിരുന്നുവെന്ന് പറയാം.

**വിവാദങ്ങളിലേക്ക്**

കോനാട്ട് മാത്തൻ കോറെപ്പിസ്ക്കോപ്പായുടെ വ്യക്തിത്വത്തിന്റെ വിവിധവശങ്ങൾ സമഗ്രമായി വിലയിരുത്തുന്ന ഒരു പഠനം ഇതുവരെ ഉണ്ടായിട്ടില്ല എന്നതാണ് വാസ്തവം. പ. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ എതിർത്ത് അദ്ദേഹത്തിനെതിരായി കേസുകൾ നടത്തിയ വ്യക്തിയെന്ന നിലയിൽ മല്പാനെ മലങ്കരസഭയുടെ പ്രധാനചരിത്രകാരന്മാർ ശത്രുതാമനോഭാവത്തോടെ മാത്രമേ വീക്ഷിച്ചിട്ടുള്ളു. സഭയിൽ സമാധാനം പുനഃസ്ഥാപിച്ചു കാണുവാൻ മാത്തൻ മല്പാൻ നടത്തിയ പരിശ്രമങ്ങളും, തന്റെ അന്ത്യനാളുകളിൽ വട്ടശ്ശേരിൽ തിരുമേനിയെ ഒരിക്കൽക്കൂടി കാണുവാൻ ആഗ്രഹിച്ചതും എല്ലാം വളരെ പരിഹാസ്യമായി ചിത്രീകരിക്കുന്ന Z.M. പാറേട്ട്, മല്പാന്റെ മരണത്തെക്കുറിച്ച് എഴുതുന്നതു്

ഇപ്രകാരമാണ്: മലങ്കരയിൽ പ്രകാശരശ്മി പരത്താൻ സഹായിച്ച ഒരു സംഭവമായിട്ടാണല്ലോ അതിനെ ഇവിടെ ചേർക്കേണ്ടത്.[41] മാത്തൻ മല്പാനെ കുറിച്ച് പാറേട്ട് രൂപീകരിച്ച ഈ കറുത്ത രൂപം പിൽക്കാലത്തെ ചരിത്രകാരന്മാർ ആവർത്തിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.[42]

പുലിക്കോട്ടിൽ ദിവന്നാസ്യോസ് V ന്റെ പക്വവും നയപരവുമായ ഇടപെടലുകളും, വട്ടശ്ശേരിൽ തിരുമേനിയുടെ, മേല്പട്ടക്കാർക്ക് എപ്പോഴും മുൻകൈ വേണമെന്ന വാദവും തമ്മിലുള്ള അന്തരം സഭാവഴക്കിന്റെ ഒരു മുഖ്യകാരണമായിരുന്നുവെന്ന് പരാമർശിക്കുന്ന ജോസഫ് ചീരൻ അച്ചൻ കാര്യങ്ങൾ ഗ്രഹിച്ചിട്ടുണ്ടെങ്കിലും, ചില തെറ്റിദ്ധാരണകൾ അവശേഷിക്കുന്നു.[43] ഒരു ഭാഗത്തു നിന്നുള്ള രേഖകൾ മാത്രം അടിസ്ഥാനമാക്കി ചരിത്രം രചിക്കുമ്പോൾ സംഭവിക്കുന്നതാണിത്. പുലിക്കോട്ടിൽ തിരുമേനിയുടെ കാലശേഷം സഭയിൽ സംജാതമായ പ്രശ്നങ്ങളിൽ പ. വട്ടശ്ശേരിൽ തിരുമേനിക്ക് യാതൊരു പങ്കും ഉത്തരവാദിത്തവും ഇല്ലായിരുന്നുവെന്ന് കാണിക്കുവാൻ, സമസ്താപരാധങ്ങളും കുട്ടിട്രസ്റ്റിമാരുടെ തലയിൽ കെട്ടിവയ്ക്കുവാനാണ് പലരും ശ്രമിച്ചിട്ടുള്ളത്. സെമിനാരിയിൽ പഠിപ്പിച്ചിരുന്ന കാലത്ത് വട്ടശ്ശേരിൽ മല്പാനോട് കോനാട്ട് മല്പാന് ഉള്ളുകൊണ്ട് നീരസമായിരുന്നുവെന്ന് പ്രസ്താവിക്കുന്ന ചരിത്രകാരൻ, ഈ നീരസം എന്ന് ആരംഭിച്ചുവെന്നോ, അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്നോ വിശകലനം ചെയ്യാൻ കൂട്ടാക്കാതെ, വെറും വ്യക്തിവൈരാഗ്യമായി അതിനെ ചിത്രീകരിച്ചിട്ട് അതിന്റെ ഉത്തരവാദിത്തം മുഴുവൻ മാത്തൻ മല്പാനായിരുന്നു എന്ന നിലയിൽ മുന്നോട്ടു പോകുന്നു.[44] Z.M. പാറേട്ട് ഈ വഴക്കിന്റെ യഥാർത്ഥകാരണം കണ്ടുപിടിക്കേണ്ട ആവശ്യംതന്നെയില്ലെന്ന് പ്രസ്താവിച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത്.[45]

പുലിക്കോട്ടിൽ തിരുമേനിയെ കാതോലിക്ക ആക്കുവാൻ ശ്രമിച്ച മാത്തൻ മല്പാൻ പിന്നീട് ആ ശ്രമം തുടരാതിരുന്നത് വട്ടശ്ശേരിൽ തിരുമേനിയോടുള്ള മുൻവൈരാഗ്യം മൂലമാണെന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു.[46] ഏതു തരത്തിലുള്ള കാതോലിക്കേറ്റാണ് അന്നു സ്ഥാപിക്കുവാൻ ശ്രമിച്ചതെന്ന് മനസ്സിലാക്കാതെയാണ് ചരിത്രകാരൻ ഈ പ്രസ്താവന നടത്തുന്നത്. പുലിക്കോട്ടിൽ തിരുമേനിയുടെ പ്രവർത്തനത്തിന് ഒരു അംഗീകാരമെന്ന നിലയിൽ അദ്ദേഹത്തിനു മാത്രം കാതോലിക്ക എന്നോ, മപ്രിയാനാ എന്നോ ഒരു സ്ഥാനപ്പേരു നല്കുവാനാണ് ആദ്യകാലത്ത് പ്രധാനമായി ശ്രമം നടന്നിരുന്നത്.[47] ഭരണസ്വാതന്ത്ര്യമുള്ള ഒരു മപ്രിയാനേറ്റ് ആവശ്യമാണെന്ന ആശയം പിൽക്കാലത്താണ് വളർന്നു വന്നത്. അതുകൊണ്ടാണ് വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്ത് മല്പാൻ ആ ശ്രമം തുടരാതിരുന്നത്. തന്നെയുമല്ല, വട്ടശ്ശേരിൽ തിരുമേനി ഭരണമേറ്റ് അധികം താമസിയാതെ ഇരുവരും തമ്മിൽ തുറന്ന ഭിന്നത ആരംഭിക്കുകയും

ചെയ്തല്ലോ. അഡ്വക്കേറ്റ് പി.സി. മാത്യുവും കെ.വി. മാമ്മനും ചേർന്ന് പ്രസിദ്ധീകരിച്ച ആനപ്പാപ്പി എന്ന പുസ്തകത്തിൽ മറ്റൊരു സംഭവം വിവരിച്ചുകൊണ്ട് മാത്തൻ മല്പാൻ ദുരഭിമാനിയായിരുന്നുവെന്ന് ചിത്രീകരിക്കുവാൻ ശ്രമിക്കുമ്പോൾ, അതേ സംഭവത്തെക്കുറിച്ച് മാത്തൻ മല്പാൻ പ്രതികരിക്കുന്നുണ്ടോ എന്ന് ഒരന്വേഷണം നടത്തുവാൻ ചരിത്രകാരൻ ശ്രമിച്ചില്ല.[48] മല്പാന്റെ ജന്മദേശമായ പാമ്പാക്കുടയിൽ നിന്നോ അദ്ദേഹത്തിന്റെ എഴുത്തുകളിൽ നിന്നോ ഡയറിയിൽ നിന്നോ ഒരു വിവരവും ശേഖരിക്കുവാൻ ആരും ശ്രമിച്ചതായി അറിവില്ല.

കേസുകളുടെ നടത്തിപ്പിലുള്ള അദ്ദേഹത്തിന്റ പരിചയക്കുറവും അതിൽ വന്നുപോയ ചില അബദ്ധങ്ങളും വീഴ്ചകളും എടുത്തുകാണിക്കുവാനായി ജസ്റ്റീസ് ചാറ്റ് ഫീൽഡിന്റെ വിധിന്യായം ഉദ്ധരിക്കുന്ന അഡ്വ. പി.സി. മാത്യുവിന് മറ്റു മേഖലകളിൽ മാത്തൻ മല്പാന്റെ നൈപുണ്യങ്ങൾ വർണ്ണിക്കുന്ന സർട്ടിഫിക്കറ്റുകൾ (ഇവ പാമ്പാക്കുടയിൽ സൂക്ഷിച്ചിരിക്കുന്നു) പരിശോധിക്കാമായിരുന്നു. ഇംഗ്ലീഷ് ഭാഷ അദ്ദേഹത്തിന് വശമില്ലായിരുന്നുവെന്നത് ഒരു കുറവായി കാണുന്നവർ സുറിയാനിയിൽ അദ്ദേഹം അതിവിദ്വാനും വാഗ്മിയുമായിരുന്നു എന്നത് നിസ്സാരമാക്കി. സുറിയാനിഭാഷയിലുള്ള പ്രാവീണ്യം നിമിത്തം പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്ത് അന്ത്യോഖ്യ പാത്രിയർക്കീസുമായി സുപ്രധാന എഴുത്തുകുത്തുകൾ പലപ്പോഴും നടത്തിയിരുന്നത് മാത്തൻ മല്പാനാണ്.[49] മാർ അപ്രേം ബർസും പാത്രിയർക്കീസ്, സുറിയാനി സാഹിത്യത്തെ പരിപോഷിപ്പിച്ച പിതാക്കന്മാരെക്കുറിച്ച് എഴുതിയിട്ടുള്ള ബ്രഹത് ഗ്രന്ഥത്തിൽ (A History of Syriac Literature and Sciences, tr. M. Moosa, Pueblo 1956, p. 170-171) പേരു പ്രസ്താവിച്ചിട്ടുള്ള ഏക മലയാളി കോനാട്ട് മാത്തൻ മല്പാനാണ്. ഈ സദ്ഗുണങ്ങളുടെ എല്ലാം നേരേ ഫാ. ഡോ. വി. സി. ശമുവേലിനെ പോലുള്ള പ്രഗത്ഭരായ പണ്ഡിതന്മാർപോലും കണ്ണടച്ചു.[50]

മലങ്കരസഭയുടെ സ്വത്തുക്കൾ മൂന്നു ട്രസ്റ്റിമാരുള്ള ഒരു ട്രസ്റ്റിനാൽ ഭരിക്കപ്പെടണമെന്ന് നിശ്ചയിച്ച കൊച്ചിൻ അവാർഡിന്റെ (1840) പ്രധാനലക്ഷ്യം സഭാസ്വത്തുക്കളുടെ ഭരണത്തിൽ അത്മായ വൈദിക പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതായിരുന്നു. സി.എം.എസ്. മിഷനറിമാരുമായി സ്വത്ത് ഭാഗം വച്ചപ്പോൾ ഉണ്ടായ ഈ തീർപ്പിന്റെ അന്തഃസത്ത എന്നെങ്കിലും പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് സംശയമാണ്. വൈദിക അത്മായ ട്രസ്റ്റിമാർക്ക് നാമമാത്രമായ അധികാരങ്ങൾ മാത്രം നല്കിക്കൊണ്ട് മെത്രാപ്പോലീത്തൻ ട്രസ്റ്റിതന്നെ സർവ്വ അധികാരങ്ങളും കൈയാളുന്ന പ്രവണതയാണ് സഭാചരിത്രത്തിലുടനീളം നാം കാണുന്നത്. സി.എം.എസ്. മിഷനറിമാരുമായി പിരിഞ്ഞ ശേഷം സമ്പാദിച്ച സ്വത്തുക്കൾ മുഴുവനും ആദ്യം മുതലേ വേറൊരു ഷെഡ്യൂളായി കണ

ക്കാക്കി, കൂട്ടുട്രസ്റ്റിമാരെ തൊടാൻ അനുവദിക്കാതെ മെത്രാപ്പോലീത്താ യുടെ യുക്തം പോലെ കൈകാര്യം ചെയ്യുവാൻ സാധിക്കുംവിധമാക്കി തീർത്തു.[51] കൊച്ചിൻ അവാർഡിന്റെ അന്തഃസത്ത ഉൾക്കൊണ്ട് സഭാഭരണ ത്തിൽ അർഹമായ അത്മായ, വൈദിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള ഒരു നീക്കമായിരുന്നു സി. ജെ. കുര്യനും, മാത്തൻ മല്പാനും ചേർന്ന് ആവിഷ്കരിച്ചതെന്ന് ചിന്തിക്കാം. സുപ്രധാനമെന്നുതന്നെ വിശേ ഷിക്കപ്പെടാവുന്ന ഈ ലക്ഷ്യപ്രാപ്തിക്കു വേണ്ടി ആരംഭിച്ച ഒരു സംരംഭ ത്തെ വെറും വ്യക്തിവൈരാഗ്യമെന്നും അസൂയയെന്നും മുദ്ര കുത്തേണ്ടതില്ല.

കൂട്ടുട്രസ്റ്റിമാർ ആരംഭിച്ച ഈ സംരംഭം എതിർപ്പുകളെ സമ്പാദിച്ചപ്പോൾ ഇരുകൂട്ടർക്കും വാശിയേറി. 1909 ഓഗസ്റ്റിൽ നടന്ന മാനേജിംഗ് കമ്മറ്റി, ബെസ്ഗാസാ മുറിയുടെ താക്കോലുകൾ മെത്രാപ്പോലീത്താ തന്നെ കൈയിൽ വച്ചാൽ മതിയെന്നും, ട്രസ്റ്റിമാർ മൂവരും തമ്മിൽ അഭിപ്രായ ഭിന്നതയുണ്ടായാൽ മെത്രാപ്പോലീത്തൻ ട്രസ്റ്റിക്ക് സ്വന്ത അഭിപ്രായ മനുസരിച്ച് പ്രവർത്തിക്കാമെന്നും തീരുമാനിച്ചതു[52] കാര്യങ്ങൾ കൂടുതൽ വഷളാക്കി. കൂട്ടുട്രസ്റ്റിമാരുടെ സർവ്വ അധികാരങ്ങളും മരവിപ്പിച്ചു കളയുന്ന ഈ തീരുമാനം തികച്ചും അപ്രതീക്ഷിതമായിരുന്നു. ഈ മാനേജിംഗ് കമ്മറ്റിയിൽ എന്തു സംഭവിച്ചു എന്നും, അതിന്റെ കാരണങ്ങൾ എന്ത് എന്നും കോടതി മൊഴികൾ ഉദ്ധരിച്ചുകൊണ്ടാണ് പാറേട്ട് വെളിപ്പെടു ത്തുന്നത്. കേസ് ജയിക്കുക എന്ന ലക്ഷ്യത്തോടെ മാത്രം നൽകുന്ന കോടതിമൊഴികളിൽ നിന്ന് സത്യത്തിന്റെ എല്ലാ വശങ്ങളും ലഭിക്കണ മെന്ന് നിർബ്ബന്ധമില്ല. നിർഭാഗ്യവശാൽ ഈ കാലത്തെ മാത്തൻ മല്പാന്റെ ഡയറിക്കുറിപ്പുകൾ ലഭ്യമല്ലതാനും. മാനേജിംഗ് കമ്മിറ്റി പ്രസ്തുത തീരുമാനം ചെയ്യുവാനുള്ള കാരണം മെത്രാപ്പോലീത്തയുടെ അഭിമാനം രക്ഷിക്കുവാനായിരുന്നു എന്ന് എം. എ. ചാക്കോ, ഇ. ജെ. ജോൺ എന്നി വരുടെ മൊഴിയിൽ നിന്ന് പാറേട്ട് പ്രസ്താവിക്കുന്നു.[53] താക്കോൽ ഒരിക്കലും കോട്രസ്റ്റികളുടെ കൈയിൽ വന്നിട്ടില്ലായിരുന്നു എന്ന് വട്ടശ്ശേരിൽ തിരുമേനിയും മൊഴി നൽകിയിട്ടുണ്ട്.[54] എന്നാൽ സൗകര്യാർത്ഥം താക്കോലുകൾ മൂന്നും കുറേനാൾ സി.ജെ. കുര്യൻ തനിയെ സൂക്ഷിച്ചിരു ന്നതായി പാറേട്ടിന്റെ പുസ്തകത്തിൽതന്നെ പരാമർശിച്ചിട്ടുണ്ട്.[55] താക്കോ ലുകൾ ഓരോന്നും ഓരോ ട്രസ്റ്റിക്കും അവകാശപ്പെട്ടതായിരുന്നു എന്ന വസ്തുത ഇതുവരെയും ഒരു ചരിത്രകാരനും നിഷേധിച്ചിട്ടില്ല. അപ്പോൾ കൊച്ചിൻ അവാർഡിന്റെയും, സഭയിൽ അന്നുവരെ നിലനിന്നിരുന്ന കീഴ്വഴക്കത്തിന്റെയും അന്തഃസത്തയിൽ നിന്ന് വ്യതിചലിക്കുവാൻ മാനേജിംഗ് കമ്മറ്റിയെ പ്രചോദിപ്പിച്ച യഥാർത്ഥകാരണം മലങ്കര മെത്രാപ്പോലീത്തയുടെ അഭിമാനം സംരക്ഷിക്കുക എന്നതായിരുന്നു വെങ്കിൽ, അതുകൊണ്ട് മറ്റു രണ്ടു വ്യക്തികളുടെ അഭിമാനത്തിനാണ് മുറിവേറ്റത്.

കൂട്ടുട്രസ്റ്റിമാരെ തെരഞ്ഞെടുത്തത് മലങ്കര അസോസിയേഷൻ ആണെന്നും അതുകൊണ്ട് അവരുടെ അധികാരത്തിൽ എന്തെങ്കിലും കുറവു ചെയ്യാനുള്ള അധികാരം അസോസിയേഷൻയോഗത്തിനു മാത്രമാണെന്നും അതിനാൽ എത്രയും വേഗം ഒരു അസോസിയേഷൻ കൂടണമെന്നും അവർ വാദിച്ചുനോക്കി.[56] എന്നാൽ ആ വാദഗതിക്ക് ആരും വില നല്കിയില്ല. തങ്ങൾക്ക് ന്യായമായി അവകാശപ്പെട്ട താക്കോലുകൾ തിരികെ ലഭിക്കേണ്ടത് കൂട്ടുട്രസ്റ്റിമാരുടെ അഭിമാനത്തിന്റെ പ്രശ്നമായി മാറിയപ്പോൾ കടുത്ത നടപടികളിലേക്ക് നീങ്ങുവാനും, പിന്നീട് തങ്ങൾക്കുതന്നെ കൈവിട്ടുപോയ പ്രക്ഷോഭങ്ങളിലേക്ക് നയിക്കുവാനുമിടയായി. വാശിയുടെ പേരിൽ കാട്ടിക്കൂട്ടുന്ന എല്ലാ പ്രവൃത്തികളും നീതികരിക്കുക സാദ്ധ്യമല്ല. മാത്തൻ മല്പാനും ഈ സാഹചര്യങ്ങൾ സൃഷ്ടിച്ച പല ദുഷിച്ച പ്രവണതയ്ക്കും നേരേ കണ്ണടയ്ക്കേണ്ടതോ, കൂട്ടുനില്ക്കേണ്ടതോ ആയി വന്നിട്ടുണ്ടാകാം. കേസിൽ മൊഴി കൊടുത്ത സന്ദർഭങ്ങളിൽ പല ഒഴിഞ്ഞുമാറ്റങ്ങളും, തന്ത്രപൂർവ്വം മറുപടി കൊടുക്കേണ്ട സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്.

പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തും കൂട്ടുട്രസ്റ്റിമാർക്ക് ലഭിക്കേണ്ട ന്യായമായ അധികാരങ്ങളോ അവകാശങ്ങളോ ഫലത്തിൽ നല്കിയിരുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ നയത്തിന്റെ പാരമ്യതയിൽ, ഇല്ലാത്ത അധികാരം ഉണ്ടെന്ന് തോന്നിപ്പിക്കുവാൻ സാധിക്കുമായിരുന്നു. അതിനാൽ പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്ത് ട്രസ്റ്റിമാർ തമ്മിൽ ഒരു കലഹവും നിലനിന്നിരുന്നില്ല. തന്നെയുമല്ല മാത്തൻ മല്പാന് കോറൂയോപട്ടം മുതൽ നല്കിയ ഗുരുതുല്യനായിരുന്ന അദ്ദേഹം എന്തു ചെയ്താലും എതിർക്കാനുള്ള മനക്കരുത്ത് മല്പാന് ഉണ്ടായിരുന്നില്ല. എന്നാൽ വട്ടശ്ശേരിൽ തിരുമേനി ഭരണത്തിൽ വന്നതോടെ, വട്ടിപ്പണത്തിന് ഒപ്പിടുന്നതും, ബെസ്ഗാസാ മുറി തുറക്കുമ്പോൾ മൂകസാക്ഷികളായിരിക്കുന്നതും മാത്രമാണ് കൂട്ടുട്രസ്റ്റിമാരുടെ അധികാരം; ബാക്കിയെല്ലാം മെത്രാൻട്രസ്റ്റിയിൽ നിക്ഷിപ്തമാണെന്നുള്ള ഭാവേന കാര്യങ്ങൾ മുന്നോട്ടു നീങ്ങി. തലേന്നാൾ വരെയും സെമിനാരിയിൽ തന്റെ സഹപ്രവർത്തകനായിരുന്ന ഒരാൾ ഇങ്ങനെ പെരുമാറിയത് മാത്തൻ മല്പാന്റെ സഹനശക്തിക്കും അപ്പുറമായിരുന്നിരിക്കണം. പ്രത്യേകിച്ചും, വട്ടശ്ശേരിൽ തിരുമേനിയുടെ പരിശുദ്ധിയെ അംഗീകരിച്ചുകൊണ്ടുതന്നെ പറയാം; തിരുമേനിക്ക് മറ്റുള്ളവരുമായി ഇടപെടുമ്പോൾ അധികാരബോധം അല്പം കൂടുതലുണ്ടായിരുന്നു. അന്നത്തെ സഭാന്തരീക്ഷത്തിൽ, ഒരുപക്ഷേ അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യവും, അധികാരബോധവും, ആരെയും കൂസാത്ത പ്രകൃതവും, സഭയുടെ നിലനില്പിനും, സ്വാതന്ത്ര്യത്തിന്റെ സംരക്ഷണത്തിനും ആവശ്യമായിരുന്നിരിക്കാം. എന്നാൽ പലരെയും

തന്നിൽനിന്ന് അകറ്റുന്നതിനും ഈ സ്വഭാവം കാരണമായിതീർന്നു. കൂട്ടുട്രസ്റ്റിമാർക്ക് ഒരു സ്ഥാനവും അധികാരവും വകവച്ചു കൊടുക്കേണ്ടതില്ല എന്ന് വട്ടശ്ശേരിൽ തിരുമേനി വിശ്വസിച്ചിരുന്നതായി പാറേട്ട് രേഖപ്പെടുത്തിയിട്ടുണ്ട്.[57] അദ്ദേഹത്തോടൊപ്പം നിന്ന് യുദ്ധം ചെയ്ത മാമ്മൻ മാപ്പിള തന്റെ ജീവചരിത്രത്തിൽ ഇതു് വ്യക്തമാക്കിയിട്ടുണ്ട്. സ്വന്തം നിയന്ത്രണത്തിൽ നില്ക്കാത്ത പദ്ധതികൾ പ്രോത്സാഹിപ്പിക്കുവാനോ, ആളുകളെ ശ്ലാഘിക്കുവാനോ വട്ടശ്ശേരിൽ മല്പാന് സാധിക്കുമായിരുന്നില്ലെന്ന് മാമ്മൻ മാപ്പിള വ്യക്തമാക്കുന്നുണ്ട്.[58] മാമ്മൻ മാപ്പിളയുടെ ബുദ്ധിയിൽ ഉദിച്ചിരുന്ന നല്ല ആശയങ്ങളെ ആദ്യം അവഗണിച്ച ശേഷം പിന്നീട് അതു് സ്വന്തം ആശയമായി ഗീവർഗീസ് മല്പാൻ അവതരിപ്പിച്ച സംഭവവും, മലയാള മനോരമ പത്രത്തിലൂടെ തന്നെ ഒരു സ്വേഛാധിപതിയും അധികാരമോഹിയുമായി മാമ്മൻ മാപ്പിള ചിത്രീകരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തോട് കയർത്ത കാര്യവും മാമ്മൻ മാപ്പിള വിവരിക്കുന്നു.[59] ചൊല്പടിക്കു നില്ക്കാത്തവരെ ഒഴിവാക്കാനുള്ള പ്രവണതയും വട്ടശ്ശേരിൽ മല്പാന് ആദ്യകാലത്തു് ഉണ്ടായിരുന്നത്രേ. മാമ്മൻ മാപ്പിളയെ അദ്ദേഹം എം.ഡി. സ്കൂളിന്റെ പ്രിൻസിപ്പൽ സ്ഥാനത്തുനിന്ന് പുറത്താക്കിയപ്പോൾ സഹിക്കേണ്ടിവന്ന വേദനയും അപമാനവും ഇതേ പുസ്തകത്തിൽതന്നെ വിവരിക്കുന്നുണ്ട്.[60] മലങ്കരസഭ പരിശുദ്ധനായി പ്രഖ്യാപിച്ച ഒരു പിതാവിന്റെ വ്യക്തിത്വത്തിന്റെ പ്രത്യേകത സൂചിപ്പിക്കുന്നെന്നേയുള്ളു. ആ പരിശുദ്ധന്റെ കൂടെത്തന്നെ നിന്ന് പൊരുതിയ മാമ്മൻ മാപ്പിള വിവരിക്കുന്ന കാര്യങ്ങളിൽ പകുതിയെങ്കിലും യാഥാർത്ഥ്യമാണെങ്കിൽ, സഭാവഴക്കിന്റെ സകല ഉത്തരവാദിത്തവും കൂട്ടുട്രസ്റ്റിമാരിൽ കെട്ടിവയ്ക്കുവാൻ പ്രയാസമാണ്. കൂട്ടുട്രസ്റ്റിമാർ മെത്രാൻട്രസ്റ്റിക്ക് ഒരു നേതാവെന്ന സ്ഥാനം പോലും നൽകാതെ മൂവരും തുല്യ അവകാശികളാണെന്ന നിലപാടു സ്വീകരിച്ചതാണ് പ്രശ്നമായതു് എന്ന് പാറേട്ട് പറയുന്നുണ്ട്.[61] എന്നാൽ തുല്യാവകാശം പോയിട്ട് വേണ്ടപ്പെട്ട പല കാര്യങ്ങളും കൂടിയാലോചിക്കുകപോലും ചെയ്തിരുന്നില്ല എന്നതിന് സഭാവസ്തുക്കളുടെ പാട്ടച്ചീട്ട് പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തു് മൂന്നു ട്രസ്റ്റിമാരുടെയും പേരിൽ എഴുതിയിരുന്നതു് പിൻഗാമിയുടെ കാലത്തു് മെത്രാൻട്രസ്റ്റിയുടെ മാത്രം പേരിലായതു്[62] ഒരു ഉദാഹരണം മാത്രം. വട്ടിപ്പണത്തിന്റെ പലിശയെ സംബന്ധിക്കുന്നതൊഴിച്ച് മറ്റെല്ലാ കാര്യങ്ങളും സഭയിലെ അനേക മാന്യന്മാരോട് വേണമെങ്കിൽ മെത്രാപ്പോലീത്തയ്ക്ക് ആലോചിക്കാമെന്നതുപോലെ, വേണമെങ്കിൽ ട്രസ്റ്റിമാരോടും ആലോചിക്കാം എന്ന തന്റെ നിലപാട് ഒരവസരത്തിൽ വട്ടശ്ശേരിൽ തിരുമേനിതന്നെ വ്യക്തമാക്കുന്നുണ്ട്.[63]

എന്തെങ്കിലും ആവശ്യത്തിന് ബെസ്ഗാസാ മുറി തുറന്ന ശേഷം അതു

പൂട്ടി കൂട്ടുട്രസ്റ്റിമാരുടെ താക്കോലുകൾ അവർ മെത്രാപ്പോലീത്തയുടെ മേശപ്പുറത്തു വയ്ക്കുവാൻ ശ്രമിക്കുമ്പോൾ അവ അവർതന്നെ കൊണ്ടു പോകണമെന്ന് ശഠിക്കുമായിരുന്നു, പുലിക്കോട്ടിൽ തിരുമേനി. എന്നാൽ ആ സ്ഥാനത്ത് വന്ന കൊച്ചുമെത്രാച്ചൻ ഇവ നിങ്ങൾക്കു കൊണ്ടുപോകു വാൻ അവകാശമില്ല' എന്ന മനോഭാവം സ്വീകരിച്ചപ്പോൾ അത്മായ ട്രസ്റ്റിയും വൈദികട്രസ്റ്റിയും ഞെട്ടിപ്പോയിരിക്കാം. അടുത്തപടി താക്കോ ലുകൾ അവർക്ക് നൽകേണ്ടതില്ല എന്ന് മാനേജിംഗ് കമ്മറ്റിയെകൊണ്ട് നിശ്ചയിപ്പിക്കുകയായിരുന്നു. തുടർന്ന് കേസുകളുടെ നൂലാമാല ആയി രുന്നല്ലോ. ആദ്യഘട്ടത്തിലെല്ലാം വിജയം കൂട്ടുട്രസ്റ്റിമാർക്ക് തന്നെ ആയിരുന്നു എന്നതു് ശ്രദ്ധേയമാണ്. എന്നാൽ അവർ അന്ത്യോഖ്യ പാത്രിയർക്കീസിനെ കൂട്ടുപിടിച്ച് മെത്രാനെ മുടക്കുവാൻ ശ്രമിച്ചതു മുതൽ പ്രശ്നങ്ങൾ സങ്കീർണ്ണമാകുവാൻ തുടങ്ങി. കൂട്ടുട്രസ്റ്റിമാർ ... മെത്രാപ്പോലീ ത്തൻ ട്രസ്റ്റിയെ മൂക്കു കയറിട്ടു നിയന്ത്രിക്കുവാൻ പാത്രിയർക്കീസിനെ കരുവാക്കാമെന്നേ കരുതിയിരിക്കുവാനിടയുള്ളൂ. പക്ഷേ ക്രമേണ എല്ലാ വരുടെയും കൈകളിൽ നിന്നും കാര്യങ്ങൾ വഴുതിപ്പോയി എന്ന ജോസഫ് ചീരനച്ചന്റെ വാക്കുകൾ സത്യത്തോടു് അടുത്തതായി തോന്നുന്നു.[64]

**സഭാ കേസുകളിലെ പങ്കാളിത്തം**

മലങ്കരമെത്രാപ്പോലീത്തയെ തോല്പിക്കുവാൻ അന്ത്യോഖ്യ പാത്രി യർക്കീസിനെ കൂട്ടുപിടിച്ചപ്പോൾ, മുൻ തലമുറയിലെ മലങ്കരസഭാ നേതൃത്വം അവലംബിച്ച അതേ പാത തന്നെയാണ് സി.ജെ. കുര്യനും, മാത്തൻ മല്പാനും പിന്തുടർന്നതു്. മാത്യൂസ് അത്തനാസ്യോസിനെ തോല്പിക്കുവാൻ അന്ത്യോഖ്യ പാത്രിയർക്കീസിനെക്കൊണ്ട് അദ്ദേഹത്തെ മുടക്കിച്ച ശേഷം പുലിക്കോട്ടിൽ തിരുമേനി കേസു നടത്തി. തന്നെയുമല്ല കാനോൻ പുസ്തകത്തിൽ മാറ്റം വരുത്തുവാൻ പോലും അന്ന് മലങ്കരസഭാ നേതൃത്വം മടിച്ചില്ല. അന്ന് സഭാനേതൃത്വം തുടങ്ങിവച്ച അതേ കാര്യങ്ങൾ വീണ്ടും ആവർത്തിക്കപ്പെട്ടു. എന്നാൽ അന്ന് ചെയ്തതു് ന്യായീകരിക്കുവാൻ ചില ചരിത്രകാരന്മാർ ശ്രമിക്കുന്നുണ്ട്. മലങ്കരസഭയിൽ ആദ്യമായി കാനോൻ ഭേദഗതി വരുത്തിയതു് നവീകരണക്കാർക്കെതിരെയുണ്ടായ കേസി ലാണെന്ന് വ്യക്തമായിരിക്കേ, അന്നു മലങ്കരസഭ നടത്തിയ തിരുത്തൽ സാങ്കേതികം മാത്രമാണെന്നും, അതേസമയം പില്ക്കാലത്ത് നടത്തിയ 18 അക്കം കാനോന്റെ ഹാജരാക്കൽ മഹാപാപമാണെന്നും വ്യാഖ്യാ നിക്കപ്പെടുന്നുണ്ട്.[65] അന്ന് ആ തന്ത്രത്തെ വലിയ പ്രയാസം കൂടാതെ വിജയത്തിലെത്തിക്കുവാൻ പുലിക്കോട്ടിൽ തിരുമേനിക്ക് സാധിച്ചിരുന്നു. എന്നാൽ പുതിയ തലമുറയ്ക്ക് കാര്യങ്ങൾ അത്ര എളുപ്പത്തിൽ പരിഹരി ക്കുവാൻ സാധിച്ചില്ല. തന്നെയുമല്ല പാത്രിയർക്കീസ് സ്വന്തം കീശ വീർപ്പിക്കുവാൻ ഈ അവസരം മുതലെടുക്കുകയായിരുന്നു. മലങ്കര

സഭയുടെ സ്വാതന്ത്ര്യത്തെ വരെ ഹനിക്കുന്ന പ്രവൃത്തികൾക്ക് (പള്ളികൾ നേരിട്ട് പാത്രിയർക്കീസിന് ഉടമ്പടി ചെയ്തു കൊടുക്കുക മുതലായവ) കൂട്ടു നില്ക്കേണ്ട ഗതികേട് മാത്തൻ മല്പാനും വന്നു ചേർന്നു.

1911 മെയ് മാസത്തിൽ കോട്ടയം ജില്ലാ കോടതിയിൽ ആരംഭിച്ച സമരിക്കേസ് അന്ന് സഭാകേന്ദ്രമായിരുന്ന പഴയസെമിനാരിയുടെ കൈവശാവകാശത്തെ സംബന്ധിക്കുന്നതായിരുന്നു. സെമിനാരിമേൽ അവകാശം മെത്രാപ്പോലീത്തൻട്രസ്റ്റിക്കു മാത്രമാണോ അതോ മൂന്നു ട്രസ്റ്റിമാർക്കും കൂടിയാണോ എന്നതായിരുന്നു പ്രധാന തർക്കവിഷയം. 1911 സെപ്റ്റംബറിൽ വട്ടശ്ശേരിൽ തിരുമേനിക്ക് അനുകൂലമായി കോട്ടയം ജില്ലാ കോടതിയിൽ നിന്ന് വിധിയുണ്ടായി എങ്കിലും ഉടൻ തന്നെ കൂട്ടുട്രസ്റ്റിമാർ ഹൈക്കോർട്ടിൽ അപ്പീൽ കൊടുക്കുകയും അവർക്ക് അനുകൂലമായി വിധി സമ്പാദിക്കുകയും ചെയ്തു. തുടർന്ന് സെമിനാരി കൈയേറാനും, വട്ടശ്ശേരിൽ തിരുമേനിയെ അവിടെ നിന്ന് നിഷ്കാസനം ചെയ്യാനും നടത്തിയ ശ്രമങ്ങൾ ന്യായീകരിക്കുവാൻ സാധിക്കുന്നവയല്ല. വിധി കൂട്ടുട്രസ്റ്റിമാരുടെ അവകാശം നിലനിർത്തുന്നതായിരുന്നുവെങ്കിലും തിരുമേനിക്കുംകൂടി സെമിനാരിയുടെ മേൽ ഉണ്ടായിരുന്ന അധികാരം അസ്ഥിരപ്പെടുത്തിയിരുന്നില്ല. ആ സ്ഥിതിക്ക് പ്രശ്നങ്ങൾ മാന്യമായി തീർക്കുവാൻ ആ ഘട്ടത്തിൽതന്നെ സി.ജെ. കുര്യനും, മാത്തൻ മല്പാനും ശ്രമിക്കാമായിരുന്നു. എന്നാൽ അവരുടെ വാശി അതിനവരെ അനുവദിച്ചില്ല.

വട്ടിപ്പണത്തിന്റെ പലിശ ആരു സ്വീകരിക്കണം എന്നതു സംബന്ധിച്ച കേസ് 1913-ൽ തിരുവനന്തപുരം ജില്ലാകോടതിയിൽ ആരംഭിച്ചു. 1919-ൽ ഒരിക്കൽകൂടി ജില്ലാ കോടതി മെത്രാൻകക്ഷിക്ക് അനുകൂലമായി വിധി നൽകി. ഉടൻ തന്നെ ഹൈക്കോർട്ടിൽ ബാവാകക്ഷി അപ്പീൽ നല്കുകയും 1923-ൽ അവർക്ക് അനുകൂലമായി വിധി ലഭിക്കുകയും ചെയ്തു. ഇതിനെതിരേ 1926-ലാണ് വട്ടശ്ശേരിൽ തിരുമേനി റിവ്യൂ ഹർജി നല്കുന്നത്. അതിന്റെ വിധി വട്ടശ്ശേരിൽ തിരുമേനിക്ക് അനുകൂലമായിരുന്നുവെങ്കിലും അപ്പോഴേക്കും സി.ജെ. കുര്യനും, മാത്തൻ മല്പാനും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു കഴിഞ്ഞിരുന്നു. അപ്പോൾ, തങ്ങൾ സജീവമായി പങ്കെടുത്തു നടത്തിയ രണ്ടു പ്രധാന കേസുകളും വിജയിച്ചു നില്ക്കുന്ന സാഹചര്യത്തിലാണ് കൂട്ടുട്രസ്റ്റികൾ രണ്ടു പേരും മരണമടഞ്ഞത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. പില്ക്കാലത്ത് മാത്തൻ മല്പാൻ നടത്തിയ സമാധാന ശ്രമങ്ങൾ കേസുകൾ തോറ്റ് ഗത്യന്തരമില്ലാത്ത അവസ്ഥയിൽ നടത്തിയ നീക്കങ്ങളായി ചിത്രീകരിക്കുന്നത് സത്യം മറച്ചുവച്ചുകൊണ്ടാണ്.[66] മാത്തൻ മല്പാനുമായി അനുരഞ്ജനചർച്ചകൾക്കു മുതിർന്നവർ കേസ്സിൽ തോറ്റ അവസരത്തിലാണ് അതിനു മുതിർന്നതെന്ന് വേണമെങ്കിൽ പറയാമല്ലോ.

**സമാധാന ശ്രമങ്ങൾ**

കേസിന്റെ കാര്യത്തിൽ പല വിജയങ്ങളും കൈവരിക്കുവാൻ മാത്തൻ മല്പാന് സാധിച്ചുവെങ്കിലും സഭയുടെ പൊതുവായ അവസ്ഥ മോശമായി പോകുന്നതു് അദ്ദേഹത്തിന് വേദനയുളവാക്കി. കാര്യങ്ങൾ താൻ ഉദ്ദേശിച്ചതിൽനിന്നെല്ലാം വിഭിന്നമായി പോകുന്നതു് മനസ്താപത്തോടെ നോക്കി നില്ക്കേണ്ടി വന്നു അദ്ദേഹത്തിന്. ഈ സാഹചര്യത്തിലാണ് അദ്ദേഹം സഭാസമാധാനത്തിനായി തുറന്ന മനസ്സോടെ പ്രവർത്തിക്കുവാൻ തുടങ്ങിയതു്. ആദ്യകാലത്തു് സഭാസമാധാനം എന്നു് കേട്ടാൽ അതിനെ നഖശിഖാന്തം എതിർത്തിരുന്നയാളാണ് മല്പാൻ. 1920-ൽ അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തി ആഘോഷിച്ച അവസരത്തിൽ (ഈ സമയത്തു് ജില്ലാ കോടതി വിധി ബാവാകക്ഷിക്കു് പ്രതികൂലമായി നിൽക്കയായിരുന്നു എന്നു് ശ്രദ്ധിക്കുക) ചില വൈദികരും, അതിനു ശേഷം ഔഗേൻ റമ്പാച്ചനും എല്ലാം സമാധാന ആലോചനയ്ക്കു് പ്രേരിപ്പിച്ചിരുന്നുവെങ്കിലും, വട്ടശ്ശേരിൽ തിരുമേനി പാത്രിയർക്കീസിനു കീഴ്പ്പെട്ടു് അദ്ദേഹത്തിന്റെ മുടക്കു തീരാതെ ഒരു സമാധാനവും സാദ്ധ്യമല്ല എന്ന ഒറ്റ ഉത്തരമാണ് മല്പാൻ നൽകിയിരുന്നതു്.[67]

എന്നാൽ 1924 മുതൽ അദ്ദേഹത്തിന്റെ ആശയം മാറുവാൻ തുടങ്ങി. പാത്രിയർക്കീസിന്റെ സമീപം സഭാസമാധാനത്തിനായി സ്വാധീനം ചെലുത്തുവാൻ തുടങ്ങി. എന്നാൽ താൻ ആഗ്രഹിച്ചവിധം സമാധാനം യാഥാർത്ഥ്യമാകുന്നില്ലെന്നു് കണ്ടപ്പോൾ പശ്ചാത്താപത്തിന്റെ പാരമ്യത്തിൽ, വട്ടശ്ശേരിൽ തിരുമേനിയുടെ കാലുപിടിച്ചു് മാപ്പപേക്ഷിച്ച് സമാധാനം പുനഃസ്ഥാപിക്കുവാൻവരെയും ശ്രമിച്ചിരുന്നു.[68] എന്നാൽ ഈ ശ്രമങ്ങളുടെ വിശദവിവരങ്ങൾ ഒരു ചരിത്രകാരനും രേഖപ്പെടുത്തിയിട്ടില്ല. ആനപ്പാപ്പി എന്ന ഗ്രന്ഥത്തിലെ വിവരണം വായിച്ചാൽ കേസ് തോറ്റു് ഗത്യന്തരമില്ലാതെ വന്നപ്പോൾ മാത്രമാണ് മാത്തൻ മല്പാൻ സമാധാനാലോചന ആരംഭിച്ചതെന്നു് തോന്നും.[69] ജില്ലാ കോടതിയിൽ കേസ് തോറ്റു നിൽക്കുന്ന (1919) സാഹചര്യത്തിൽ സമാധാനത്തെ എതിർത്ത മല്പാൻ (1920) 1923-ൽ അനുകൂല വിധി ലഭിച്ചതിനു ശേഷം മാത്രമാണ് സമാധാന ശ്രമം ആരംഭിച്ചതു്.

1924-ൽ അത്മായട്രസ്റ്റി സി.ജെ. കുര്യന്റെ നിര്യാണത്തിനു (1924 കുംഭം 18 ഞായർ) ശേഷമാണ് മാത്തൻ മല്പാൻ സമാധാനാലോചന ആരംഭിക്കുന്നതു്. കുര്യന്റെ മരണം കഴിഞ്ഞു് 4 മാസത്തിനകം സമാധാനാലോചന തുടങ്ങി എന്ന സത്യം മനസ്സിലാക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വാധീനത്തിലാണോ മാത്തൻ മൽപ്പാൻ അതുവരെ സമാധാനശ്രമങ്ങൾ നടത്താതിരുന്നതെന്നു് തോന്നിപ്പോകുന്നു.

1924 മിഥുനം 3-ന് വട്ടശ്ശേരിൽ തിരുമേനിയുടെ കത്തു് ലഭിക്കുന്നതോടെ

ആലോചനകൾ തുടങ്ങുന്നു. പരുമല ചെന്ന് തിരുമേനിയെ കാണണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് അയച്ച കത്തിന് മല്പാൻ അനുകൂല മറുപടി കൊടുത്തുവെങ്കിലും പല കാരണങ്ങളാലും കൂടിക്കാഴ്ച നീണ്ടുപോയി. വട്ടശ്ശേരിൽ തിരുമേനിയെ പോയി കാണരുതെന്ന് പലരും തടസ്സം പറഞ്ഞതാവാം ഒരു കാരണം. ഏതായാലും 1924 ചിങ്ങം 24-ന് മാത്തൻ മല്പാൻ മണർകാട്ട് പള്ളിയിലെത്തി ശീമക്കാരായ മെത്രാന്മാരെ കണ്ട് സമാധാനാലോചനയ്ക്കു സമ്മതം വാങ്ങിയതായി ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനു ശേഷം കോട്ടയത്തെ ചില പ്രമുഖരുമായി കൂടി ആലോചിച്ചപ്പോൾ തല്ക്കാലം ദൂതന്മാർ മുഖാന്തരം ആലോചനകൾ നടത്തിയാൽ മതി എന്ന് അവർ അഭിപ്രായപ്പെട്ടു. അവരുടെ അഭിപ്രായങ്ങൾക്ക് എതിരായി മല്പാൻ വാദിച്ചുവെങ്കിലും ദൂതന്മാർ മുഖേനയുള്ള ആലോചന മാത്രമേ അപ്പോഴും സാദ്ധ്യമായുള്ളൂ.

സമാധാനശ്രമങ്ങൾക്കായി ഇരുവരും കൂടിക്കാണുന്നത് 1925 മകരം 3-ന് (ജനുവരി 16) പാമ്പാക്കുട ചെറിയ പള്ളിയിൽ വച്ചാണ്. മാത്തൻ മല്പാന്റെ കൂടെ 10 പള്ളിക്കാർ ഉണ്ടായിരുന്നതായും ഇരുവിഭാഗക്കാരും വളരെ സൗഹാർദ്ദമായി സംഭാഷണങ്ങൾ നടത്തിയതായും ഡയറിയിൽ കുറിച്ചിട്ടുണ്ട്. പൊതു സംസാരങ്ങൾ കഴിഞ്ഞ് വട്ടശ്ശേരിൽ തിരുമേനിയും മാത്തൻ മല്പാനും തനിയെ ഇരുന്നു സംസാരിച്ചു. ഇക്കാര്യം നെടുന്തള്ളിൽ ഗീവറുഗീസ് കത്തനാരുടെ ഡയറിയിലും രേഖപ്പെടുത്തിയിട്ടുള്ളതായി മകൻ ശ്രീ. എൻ.ജി. പൗലോസ് പറയുന്നു.[70] സമാധാനത്തിനു സാദ്ധ്യത തെളിഞ്ഞതായിത്തന്നെ മല്പാൻ രേഖപ്പെടുത്തിയിട്ടുണ്ട്. സമാധാന വ്യവസ്ഥകൾ കുറിച്ചിട്ടില്ല എങ്കിലും രാത്രി 10 മണി വരെയും ചർച്ചകൾ നടത്തി സമാധാനം ഉടൻ ഉണ്ടാകും എന്ന പ്രത്യാശയോടെയാണ് ഇരുകൂട്ടരും പിരിയുന്നത്. 13-ാം തീയതി തന്നെ വ്യവസ്ഥകൾ തർജ്ജമ ചെയ്ത് പാത്രിയർക്കീസിന് അയച്ചു. അക്കൂട്ടത്തിൽ സമാധാനം പ്രഖ്യാപിക്കുന്ന കല്പനയുടെ പകർപ്പു പോലും തയ്യാറാക്കി അയച്ചിരുന്നു (വരുവാനിരിക്കുന്ന കല്പന എന്നാണ് പറഞ്ഞിരിക്കുന്നത് ഇത് സമാധാന പ്രഖ്യാപനമാകാനാണ് സാദ്ധ്യത). എന്നാൽ പാത്രിയർക്കീസിന്റെ മറുപടി നിരാശാജനകമായിരുന്നു. പാത്രിയർക്കീസിന്റെ മറുപടി ലഭിച്ച ശേഷം 1925 മീനം 3 (മാർച്ച് 16) ന് മാത്തൻ മല്പാൻ പരുമല ചെന്ന് തിരുമേനിയെ കണ്ടു. മുടക്കു തീർക്കുവാൻ പാത്രിയർക്കീസ് അയച്ചുതന്ന പ്രാർത്ഥന ഒന്നു നടത്തി ഒക്സിയോസ് ചൊല്ലാൻ അനുവദിച്ചാൽ സകല പ്രശ്നങ്ങളും തീരുമെന്ന് മല്പാൻ പറഞ്ഞു. പക്ഷെ വട്ടശ്ശേരിൽ തിരുമേനിയെ സംബന്ധിച്ചിടത്തോളം അത് അചിന്ത്യമായ കാര്യമായിരുന്നല്ലോ. പ്രശ്നം തീരുന്നതിനു വേണ്ടി മാത്രം ഇക്കാര്യം സമ്മതിക്കണമെന്ന് യാചിച്ച് അക്ഷരാർത്ഥത്തിൽ തിരുമേനിയുടെ കാലുപിടിച്ചു എന്ന് തന്നെ ഡയറിയിൽ രേഖ

പ്പെടുത്തിയിട്ടുണ്ട്. ഈ സംഭവത്തിനു ശേഷം കുറച്ചു നാളത്തേക്ക് സമാധാനശ്രമം ഒന്നും നടന്നില്ല. എങ്കിലും കേസുകൾ അവസാനിപ്പിക്കണമെന്ന ആഗ്രഹം മല്പാന്റെ മനസ്സിൽ ബാക്കി നിന്നു.

ഈ പ്രവർത്തനങ്ങൾ എല്ലാം നടന്നത് വട്ടിപ്പണക്കേസിന്റെ റിവ്യൂ പെറ്റീഷൻ സ്വീകരിക്കുന്നതിനു മുമ്പാണെന്ന സത്യം ആനപ്പാപ്പിയുടെ ഗ്രന്ഥകർത്താക്കൾ ശ്രദ്ധിച്ചിട്ടുണ്ടാവില്ല. Z.M. പാറേട്ട് പറയുന്നതുപോലെ[71] 1926-27 കാലഘട്ടത്തിലല്ല സമാധാനദാഹം പ്രത്യക്ഷപ്പെട്ടത്, 1924-25 കാലത്താണ്.

1926 മീനം 3 ന് റിവിഷൻ പെറ്റീഷൻ സ്വീകരിച്ചു കഴിഞ്ഞിട്ടും മാത്തൻ മല്പാൻ സമാധാനശ്രമങ്ങൾ അവസാനിപ്പിച്ചില്ല. അതേ വർഷംതന്നെ ഡിസംബർ 29-ന് കോതമംഗലത്ത് ഒരു യോഗം കൂടുവാൻ മല്പാൻ നേതൃത്വം നല്കി. സഭയുടെ വിശ്വാസങ്ങൾക്കു കോട്ടം തട്ടാതെ സഭാതർക്കം അവസാനിപ്പിക്കുവാൻ നിശ്ചയിക്കുകയും അതിനായി എല്ലാ മെത്രാപ്പോലീത്തന്മാരെയും പോയികണ്ട് ആലോചന നടത്തുവാൻ ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ കമ്മറ്റിയുടെ പ്രധാന ചുമതലക്കാരനും മാത്തൻ മല്പാൻ തന്നെയായിരുന്നു.[72] 1927 മകരം 11 (ജനു. 24) ന് ഈ കമ്മറ്റി ആലുവായിൽ കൂടിയതായും, സമാധാനശ്രമങ്ങൾക്ക് എതിരു നിന്നിരുന്ന അത്താനാസ്യോസ് തിരുമേനിയെ കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തിയതായും ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് കമ്മറ്റിക്കാർ അടുത്ത ദിവസങ്ങളിൽ തെക്കോട്ട് യാത്ര തിരിച്ചു. മല്പാന്റെ പ്രവർത്തനങ്ങൾ ഇങ്ങനെ ഊർജ്ജിതപ്പെട്ടു വന്നപ്പോൾ സ്വന്തം കക്ഷിക്കാർതന്നെ അദ്ദേഹത്തെ കൂറുമാറിയതായി കുറ്റപ്പെടുത്തുവാൻ തുടങ്ങി.[73] ഈ ആരോപണങ്ങൾക്കു നടുവിലും പരുമല ചെന്ന് മാത്തൻ മല്പാൻ വട്ടശ്ശേരിൽ തിരുമേനിയെ കാണുകയും സന്ധിയാലോചന നടത്തുകയും ചെയ്തു.[74] വാർത്ത അറിഞ്ഞ് 100 ഓളം പേർ പരുമലയിൽ കൂടി. രണ്ടു ദിവസത്തെ തുടർച്ചയായ സംഭാഷണങ്ങൾക്കു ശേഷം മെത്രാന്മാരെ എല്ലാം സ്വീകരിക്കുവാൻ പാത്രിയർക്കീസിനോട്ട് അപേക്ഷിക്കുവാൻ തീരുമാനിച്ചു. എന്നാൽ ഉന്നതതലത്തിൽ എടുത്ത ഈ തീരുമാനം പള്ളിക്കാരെക്കൊണ്ടു, പ്രത്യേകിച്ച് വടക്കൻപ്രദേശങ്ങളിലെ പള്ളിക്കാരെക്കൊണ്ട്, സമ്മതിപ്പിക്കുവാൻ ആലുവായിൽ ഒരു പള്ളി പ്രതിപുരുഷയോഗം ചേരുവാനും നിശ്ചയിച്ചു. പരുമലനിശ്ചയങ്ങൾ കേസിനു ദോഷം ചെയ്യുമെന്ന ഉപദേശം പല ദിക്കിൽ നിന്നും ഉണ്ടായി എങ്കിലും മാത്തൻ മല്പാൻ തന്റെ അഭിപ്രായത്തിൽ ഉറച്ചു നിന്നു.[75]

ആലുവാ പള്ളിപ്രതിപുരുഷയോഗം നടത്തുവാനുള്ള ഒരുക്കങ്ങളെല്ലാം മല്പാൻ നടത്തി. അദ്ദേഹംതന്നെ യോഗത്തിന്റെ അദ്ധ്യക്ഷനായിരിക്കുവാൻ മെത്രാന്മാരിൽ നിന്നും കല്പന വാങ്ങുകയും, യോഗത്തിൽ ആരും സംബ

ഡിക്കരുതെന്ന് ആവശ്യപ്പെട്ട് അത്താനാസ്യോസ് തിരുമേനി പള്ളികൾക്കയച്ച കല്പനയെ മറികടന്ന് എല്ലാവരും വരണമെന്ന് ആഹ്വാനം ചെയ്ത് കത്തുകൾ അയയ്ക്കുകയും പലരെയും നേരിൽ കാണുകയും ചെയ്തു.[76]

അങ്ങനെ സ്വന്തംകക്ഷിയിൽ നിന്നുള്ള എതിർപ്പുകളുടെ നടുവിലും 1927 കുംഭം 5 (ഫെബ്രു.18) ന് ആലുവായോഗം മാത്തൻ മല്പാന്റെ അദ്ധ്യക്ഷതയിൽ നടന്നു. തെക്കുനിന്നും, വടക്കുനിന്നും വന്ന അനേകം പ്രതിപുരുഷന്മാർ പരുമല വച്ചു ക്രോഡീകരിച്ച നിശ്ചയങ്ങൾ ഐകകണ്ഠ്യേന അംഗീകരിച്ചു. എന്നാൽ ഈ തീരുമാനങ്ങൾ കത്തു മുഖേന പാത്രിയർക്കീസിനെ അറിയിക്കുന്നതിനു പകരം, ഒരു സംഘം പോയി അദ്ദേഹത്തെ നേരിൽ കണ്ട് കാര്യം സാധിക്കാനാണ് തീരുമാനിച്ചത്. ശീമയാത്രയ്ക്കായി മാത്തൻ മല്പാന്റെ നേതൃത്വത്തിൽ ഒരു സംഘത്തെയും തെരഞ്ഞെടുത്തു. യാത്രയ്ക്കായി പണപ്പിരിവ് നടത്തുകയും 1927 ഇടവം 15 (മെയ് 28) ന് മുമ്പ് പുറപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.[77] മേല്പട്ടസ്ഥാനാരോഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന ഔഗേൻ റമ്പാച്ചനും സംഘവും ആണ് ആദ്യം പുറപ്പെട്ടത്. അദ്ദേഹത്തിന്റെ മേല്പട്ടസ്ഥാനാരോഹണത്തിൽകൂടി സംബന്ധിക്കുവാൻ തക്കവണ്ണം മല്പാന്റെ നേതൃത്വത്തിലുള്ള സംഘം പിന്നാലെ പുറപ്പെടുവാനുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായി. പക്ഷെ ഔഗേൻ റമ്പാച്ചന്റെ സ്ഥാനാരോഹണം പ്രതീക്ഷിച്ചതിലും നേരത്തേ നടക്കുകയും ഉടൻ തന്നെ അഭിനവ മെത്രാപ്പോലീത്ത നാട്ടിലേക്കു മടങ്ങുന്നു എന്ന് വാർത്ത ലഭിക്കുകയും ചെയ്തതിനാൽ മാത്തൻ മല്പാന്റെ ശീമയാത്ര മാറ്റി വയ്ക്കപ്പെട്ടു. ഔഗേൻ മാർ തീമോത്തിയോസ് മടങ്ങിയെത്തി, വടകര പള്ളിയിൽ വച്ച് 1927 ഇടവം 23 ഞായറാഴ്ച ആദ്യമായി വി. കുർബ്ബാന അർപ്പിക്കുകയും, തിരുമേനിയുടെ സ്ഥാത്തിക്കോൻ മാത്തൻ മല്പാൻ തന്നെ തർജ്ജമചെയ്തു വായിക്കുകയും, ചടങ്ങുകൾക്കു നേതൃത്വം നല്കുകയും ചെയ്തു. എന്നാൽ അന്നേ ദിവസംതന്നെ വടകര വച്ച് മാത്തൻ മല്പാന് മൂഷികദംശനമേറ്റു; തുടർന്ന് രോഗിയായി തീരുകയും ഏതാനും മാസങ്ങൾക്കകം മരിക്കുകയും ചെയ്തു.

പാത്രിയർക്കീസിനെ നേരിൽ കണ്ട് സംസാരിച്ചാൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാമെന്ന ശുഭാപ്തിവിശ്വാസം മാത്തൻ മല്പാന് ഉണ്ടായിരുന്നിരിക്കാം. ഏതായാലും സമാധാനശ്രമവുമായി മുന്നോട്ട് പോയതിന്റെ പേരിൽ സ്വന്തകക്ഷിക്കാർതന്നെ മല്പാനെതിരെ പാത്രിയർക്കീസിന്റെ അടുത്ത് കുറ്റാരോപണം നടത്തുകയും ആ കുതന്ത്രങ്ങളിൽ വിശ്വസിച്ച പാത്രിയർക്കീസ് മല്പാനെ മുടക്കുമെന്ന് ഭീഷണിപ്പെടുത്തി കത്തയയ്ക്കുകയും ചെയ്തിരുന്നു.[78] സമാധാനാലോചനയിൽ മുന്തിയ പങ്ക് മല്പാന്റേതായിരുന്നു. തത്സംബന്ധമായി മലയാള മനോരമ 1102 കുംഭം 3-ന് ഒരു മുഖപ്രസംഗം എഴുതി.

സ്വന്തപക്ഷക്കാരുടെ ശക്തമായ എതിർപ്പുകളെ അവഗണിച്ചും മാത്തൻ മല്പാൻ സമാധാനസ്ഥാപനത്തിനായി നടത്തിയ ശ്രമം വിജയത്തിലെത്തിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചില്ല. എന്നാൽ ഈ ശ്രമങ്ങളുടെ പൂർണ്ണരൂപം കണ്ടെത്തുമ്പോൾ എത്രമാത്രം ആത്മാർത്ഥമായാണ് ഈ പരിശ്രമം തുടർന്നത് എന്ന് മനസ്സിലാക്കാം. സഭയിലെ ഭിന്നതകൾക്ക് താൻ കൂടെ കാരണക്കാരനായല്ലോ എന്ന പശ്ചാത്താപം ഈ ശ്രമങ്ങളുടെ പിന്നിൽ ഉണ്ടായിരുന്നിരിക്കാം. എന്നാൽ ഇത്രയും ആത്മാർത്ഥമായ ഒരു പരിശ്രമത്തെ, കേസ് തോറ്റ് അപ്പീലിന് പണമില്ലാതെ വന്നപ്പോൾ സ്വയരക്ഷയ്ക്കായി നടത്തിയ ഒരു പരാക്രമമായി ചിത്രീകരിക്കുന്നത് നീതിയല്ല.[79] സഭാഭിന്നതകളുടെ പരിഹാരത്തിനായി അനേകം സന്ധിസംഭാഷണങ്ങളിൽ സ്വന്ത സൗകര്യങ്ങൾ മാറ്റിവച്ച് യാത്രചെയ്ത് പങ്കെടുത്തതായി ഡയറി വെളിപ്പെടുത്തുന്നുണ്ട്. അവയിലൊക്കെ പങ്കെടുത്തത് യഥാർത്ഥ സമാധാനം ലക്ഷ്യമിട്ടു തന്നെയായിരുന്നു.

**ജീവിതാവസാനം**

ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി സ്ഥാനമേറ്റ് തിരികെ വന്നശേഷം അർപ്പിച്ച വി. കർബ്ബാനയിൽ സംബന്ധിച്ച ശേഷം വടകര പള്ളിയിൽ താമസിക്കുമ്പോൾ എലി കടിച്ചതാണ് രോഗകാരണം.[80] അധികം താമസിയാതെ ശയ്യാവലംബിയാവുകയും 1927 നവംബർ 8-ന് ഇഹലോകവാസം വെടിയുകയും ചെയ്തു. മരണത്തോടടുത്തപ്പോൾ ഒരിക്കൽകൂടി വട്ടശ്ശേരിൽ തിരുമേനിയെ കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു എങ്കിലും സാധിച്ചില്ല. തിരുമേനി പാമ്പാക്കുടയ്ക്കു വരുവാൻ ഒരുങ്ങിയെങ്കിലും അപ്പഴേക്കും മാത്തൻ മല്പാൻ മരിച്ചതായി വാർത്ത ലഭിച്ചു.[81] വട്ടശ്ശേരിൽ തിരുമേനിയോടു ക്ഷമാപണം നടത്തി മനഃസമാധാനത്തോടെ ഈ ലോകത്തിൽ നിന്നും പോകുവാൻ ദൈവം അനുവദിച്ചില്ല എന്ന് രേഖപ്പെടുത്തുന്ന ചരിത്രകാരന്മാർ ഒരു കാര്യംകൂടി അറിഞ്ഞിരിക്കണം. ഈ സംഭവത്തിന് ഏതാനും മാസങ്ങൾ മുമ്പ് പരുമല വച്ച് ഇരുവരും കൂടിക്കണ്ട് വളരെ സന്തോഷപൂർവ്വം, ഉടൻ സഭയിൽ സമാധാനം ഉണ്ടാകും എന്ന പ്രത്യാശയോടെയാണ് പിരിഞ്ഞത്. അതിനും ഒന്നര വർഷത്തോളം മുമ്പ് ഇരുവരും തമ്മിൽ സന്ധിച്ചപ്പോഴും വളരെ സ്നേഹപൂർവ്വമാണ് പിരിഞ്ഞത്. മാത്തൻ മൽപ്പാന് തിരുമേനിയോട്ട് എന്തെങ്കിലും ക്ഷമാപണം നടത്താനുണ്ടായിരുന്നെങ്കിൽ ഈ അവസരങ്ങൾ ഉപയോഗിച്ചിരുന്നിരിക്കാം.

പരുമല വച്ചു നടന്ന സമാധാനാലോചനയിൽ മാത്തൻ മല്പാനുമായി കൂടിക്കണ്ട ശേഷം വട്ടശേരിൽ മാർ ദിവന്നാസ്യോസ് തന്റെ സെക്രട്ടറി മണലിൽ അച്ചനോട്ട് ഞാനും മല്പാനുമൊന്നിച്ച് പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ വലിയ സ്നേഹമായിരുന്നു. മെത്രാനായപ്പോൾ ട്രസ്റ്റിയെന്ന

നിലയിൽ ശത്രുക്കളായി. ആ കാര്യങ്ങൾ തമ്മിൽ സംസാരിച്ച, പഴയ സ്നേഹത്തിലായി. എല്ലാം സംസാരിച്ച തീർന്ന, സന്തോഷമായി എന്ന് പറഞ്ഞുവെന്ന് മണലിൽ യാക്കോബ് കശീശയുടെ സഭാസ്മരണകളിൽ കാണാം.[82] മല്പാൻ രോഗാവസ്ഥയിൽ കിടക്കുമ്പോൾ വട്ടശ്ശേരിൽ തിരുമേനി അയച്ച കത്തിൽ മല്പാനുമായുള്ള വിരോധം തീർന്നതായി പറഞ്ഞിരുന്നു.[83]

വട്ടിപ്പണക്കേസിലെ ജഡ്ജി ജി. ശങ്കരപ്പിള്ളയുടെ വിധി ഉദ്ധരിച്ച കൊണ്ട് മാത്തൻ മല്പാൻ ദുർഗുണസമ്പൂർണ്ണമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നുവെന്ന് കാണിക്കുവാൻ Z.M. പാറേട്ട് ശ്രമം നടത്തുന്നുണ്ട്.[84] എന്നാൽ കോടതിവിസ്താരവേളയിൽ നടത്തുന്ന പല പ്രസ്താവനകളും മറ്റു സാഹചര്യങ്ങളിൽ നടത്തുന്ന പ്രസ്താവനകളിൽ നിന്ന് തികച്ചും വിഭിന്നമായിരിക്കുമെന്നതു് വ്യക്തമായ ഒരു കാര്യമാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ കാര്യത്തിൽപോലും കോടതിമൊഴികൾ ആ വ്യക്തിയുടെ യഥാർത്ഥവിശ്വാസത്തിന്റെ ഭാഗമായി കണക്കാക്കരുതു് എന്ന് വി.സി. ശാമുവേൽ അച്ചൻ എടുത്തു പറയുന്നുണ്ട്.[85] വട്ടശ്ശേരിൽ തിരുമേനിയുടെ മൊഴികൾ വായിച്ചാൽ പല സ്ഥലത്തും തന്ത്രപൂർവ്വമായ മറുപടികൾ നൽകുന്നതും ഒഴിഞ്ഞുമാറ്റങ്ങൾ നടത്തുന്നതും ആർക്കും ശ്രദ്ധിക്കുവാൻ കഴിയും. മാറി എഴുതിയ കാനോൻ ഉപയോഗിച്ചാണ് മലങ്കരസഭ പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തെ കേസുകൾ ജയിച്ചതെന്നിരിക്കേ, ആ കാനോൻതന്നെ വട്ടിപ്പണക്കേസിലും അവലംബിക്കാത്തതെന്തു് എന്ന ചോദ്യത്തിനു മുന്നിലും, മാർത്തോമ്മാസഭയുടെ പട്ടത്വത്തിന്റെ സാധുതയെ സംബന്ധിച്ച ചോദ്യങ്ങൾക്കു മുന്നിലും തിരുമേനിക്ക് നടത്തേണ്ടി വന്ന ഒഴിഞ്ഞുമാറ്റങ്ങൾ ശ്രദ്ധേയമാണ്.[86] കോടതിയിൽ ചോദ്യങ്ങളുന്നയിച്ച് സാക്ഷിയെ കുടുക്കുവാൻ ശ്രമിക്കുന്ന വക്കീലന്മാരുടെ മുമ്പിൽ ഒഴിഞ്ഞു മാറ്റങ്ങളും, വളച്ചുകെട്ടുകളും നടത്തുന്നതു് കേസ് ജയിക്കുവാൻ മാത്രമാണ്. എല്ലാത്തരത്തിലും സദ്ഗുണസമ്പൂർണ്ണനായിരുന്നു മാത്തൻ മല്പാൻ എന്നൊന്നും വാദിക്കുവാൻ ഇവിടെ മുതിരുന്നില്ല. ഏതൊരു മനുഷ്യനിലും കാണുന്നതുപോലെ, ശ്ലാഘനീയമല്ലാത്ത ചില പ്രവണതകൾ അദ്ദേഹത്തിലും ഉണ്ടായിരുന്നിരിക്കാം. എങ്കിലും, ജഡ്ജ്മെന്റിൽ പറഞ്ഞിരിക്കുന്നത്രയും അസത്യവാദിയും അധാർമ്മികനുമായിരുന്നു മാത്തൻ മല്പാനെന്ന് വട്ടശ്ശേരിൽ തിരുമേനി പോലും സമ്മതിക്കുമെന്ന് തോന്നുന്നില്ല.

സഭാകേസുകൾ നടന്നുവന്ന കാലത്തു് മല്പാന്റെ ഏകമകന് വട്ടശ്ശേരിൽ തിരുമേനി മുറന്തുക്കിൽ കത്തനാർ വഴി ഒരു മോതിരം സമ്മാനമായി നല്കിയതായി ഡയറിയിലുണ്ട്.[87] സഭാതർക്കത്തിനിടയിലും മല്പാനും തിരുമേനിയുമായുള്ള വ്യക്തിബന്ധം നഷ്ടമായിരുന്നില്ലെന്ന് സമ്മാനവും അതിന്റെ സ്വീകരണവും സൂചിപ്പിക്കുന്നു.

പുലിക്കോട്ടിൽ ദിവന്നാസ്യോസ് V ന്റെ കാലം മുതൽ കൂട്ടുട്രസ്റ്റിമാരായിരുന്ന സി.ജെ. കുര്യനും, മാത്തൻ മല്പാനും സാധാരണയിൽ കവിഞ്ഞ ബുദ്ധിസാമർത്ഥ്യവും, കാര്യശേഷിയും ഉണ്ടായിരുന്ന സഭാസ്നേഹികളായിരുന്നു എന്നത് പല ചരിത്രകാരന്മാരും അംഗീകരിക്കുന്നുണ്ട്.[88] ഒരു പ്രത്യേക സാഹചര്യത്തിൽ കാണിക്കേണ്ടിവന്ന ദുർവ്വാശി അപ്രതീക്ഷിതമായി പല പ്രശ്നങ്ങളിലേക്കും അദ്ദേഹത്തെ നയിക്കുകയും അദ്ദേഹത്തിന്റെ നല്ല ഗുണങ്ങളുടെ തിളക്കത്തെ ഒരു പരിധിവരെ കെടുത്തിക്കളയുകയും ചെയ്തുവെന്നത് ശരിതന്നെ. എങ്കിലും അനേകം സംഭാവനകൾ സഭയ്ക്കും, സമൂഹത്തിനും ചെയ്ത ഒരു വ്യക്തിയായിരുന്നു മാത്തൻ മല്പാൻ.

പട്ടത്വം, അധികാരമുള്ളവർ എടുത്തുകളഞ്ഞാൽ, അഥവാ മുടക്കിയാൽ, നഷ്ടമാകുമെന്ന് മാത്തൻ മല്പാൻ കരുതിയിരുന്നു. സഭാഭിന്നതയിൽ ഈ നിലപാട് ശുദ്ധമനഃസാക്ഷിയിൽ, ആത്മാർത്ഥമായിത്തന്നെ നിലനിറുത്തിയിരുന്നതായി കാണാം. പാത്രിയർക്കീസിനോടുള്ള വിധേയത്വം – അത് ഏതളവോളമെന്ന് കണ്ടെത്തുവാൻ എളുപ്പമല്ല – വേണമെന്നുതന്നെ മല്പാൻ കരുതിയിരുന്നു. മലങ്കരസഭയുടെ പുരാതന വിദേശസഭാബന്ധത്തെപ്പറ്റി – അത് റോമൻസഭയുമായുള്ളതോ, അന്ത്യോഖ്യൻസഭയുമായുള്ളതോ ആകട്ടെ – പില്ക്കാലത്ത് ഉണ്ടായിട്ടുള്ള രേഖകളിലെ പ്രസ്താവനകൾ, കേവലം അവ എഴുതപ്പെട്ട കാലത്തുള്ള, എഴുതിയവരുടെ ധാരണയ്ക്കോ ലക്ഷ്യത്തിനോ അനുസരിച്ച് അവസരോചിതമായി ഉണ്ടായവയാണ്. അത് ബന്ധപ്പെട്ടവരുടെ താത്പര്യമനുസരിച്ച് പുരാതനചരിത്രം സൃഷ്ടിക്കുവാനായി നിർമ്മിച്ചതാണ്. അവ എഴുതിയവർ പലപ്പോഴും സത്യാന്വേഷണത്തിലൂടെ വസ്തുതാടിസ്ഥാനത്തിൽ എഴുതിയവയല്ല. ഇത് മനസ്സിലാക്കാതെ പലപ്പോഴും തെറ്റായ ചരിത്രം വിശ്വാസസത്യം പോലെ സംവഹിക്കപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്. അന്ത്യോഖ്യൻസഭാബന്ധം സംബന്ധിച്ച് തെറ്റായ ചരിത്രധാരണ മാത്തൻ മല്പാനും അദ്ദേഹത്തിന്റെ തലമുറയും പേറിയിരുന്നു. അതിന്റെ ശേഷിപ്പ് ഇന്നും നമുക്കൊരു ബാദ്ധ്യതയാണല്ലോ.

സഭായോജിപ്പിന് രാജിയാലോചന നടത്തി, ഒരു തീരുമാനത്തിലെത്തിയിട്ട് അതിനു പൊതു അംഗീകാരം നേടുന്നതിന് ആലുവായിൽ പൊതുയോഗം വിളിച്ചുകൂട്ടുവാൻ തീരുമാനമുണ്ടാവുകയും, അതിന് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കല്പന പുറപ്പെടുവിക്കുകയും ചെയ്ത ശേഷം, ആ യോഗത്തിനു പോകരുതെന്ന് വിലക്കി കല്പന അയച്ച സ്വന്തകക്ഷിയിൽ പെട്ട മലങ്കരമെത്രാനായ പൗലോസ് മാർ അത്താനാസ്യോസിന്റെ കല്പന പരിഗണിക്കരുതെന്ന് പള്ളിക്കാർക്ക് പ്രസ്തുത കല്പന അയച്ച അതേ തപാലിൽ എഴുതുവാനുള്ള ധൈര്യവും, ആ യോഗം ഭംഗിയായി നടത്തുവാനും,

തീരുമാനമെടുത്തു മുന്നോട്ടുപോകുവാനുള്ള നിശ്ചയദാർഢ്യവും നേതൃത്വവും മല്പാനുണ്ടായിരുന്നു.[89] മെത്രാന്മാരുടെ അന്യായമായ നിലപാടിനെ ആവശ്യം വന്നാൽ എതിർക്കുമായിരുന്നു എന്ന് ഇതിൽനിന്ന് അറിയാം.

മലങ്കരസഭയുടെ പുരോഗതിയും നന്മയും മാത്തൻ കോറെപ്പിസ്ക്കോപ്പ ആഗ്രഹിച്ചിരുന്നു. ഉത്തമബോദ്ധ്യത്തോടെ ആത്മാർത്ഥമായി തന്റെ കഴിവുകൾ അദ്ദേഹം വിനിയോഗിക്കുകയും ചെയ്തു. എന്നാൽ മാത്തൻ മല്പാന്റെ സംഭാവനകൾക്ക് അർഹമായ പരിഗണന കിട്ടാതെ പോയതിനു കാരണം സഭയിലുണ്ടായ കക്ഷിവഴക്കാണ്. ആരംഭത്തിൽ പാത്രിയർക്കീസ് കക്ഷിയിൽ നിലയുറപ്പിച്ചതിനാൽ മെത്രാൻകക്ഷിക്കാർ അദ്ദേഹത്തെ കരുതാതെ പോയതിൽ അത്ഭുതമില്ല. എന്നാൽ കക്ഷിവഴക്ക് അവസാനിപ്പിക്കുവാനും രമ്യതയിലാകുവാനും, പരിശ്രമിക്കുകയും നേതൃത്വമേറ്റെടുക്കുകയും ചെയ്തതിന്റെ പേരിൽ പാത്രിയർക്കീസ് പക്ഷത്തിനും ഒടുവിൽ അദ്ദേഹം അനഭിമതനായി.

കക്ഷിവഴക്കിന്റെ കണ്ണാടിയിലൂടെയല്ലാതെ നോക്കി അദ്ദേഹത്തിന്റെ യഥാർത്ഥ നിലപാടു മനസ്സിലാക്കാൻ ശ്രമിച്ചാൽ അദ്ദേഹത്തിന്റെ ചിത്രം അതിന്റെ തനിരൂപത്തിൽ കാണാനൊക്കുമെന്നാണ് ഈയുള്ളവന്റെ പക്ഷം. മാത്തൻ മല്പാന്റെ വ്യക്തിമാഹാത്മ്യം എതിർകക്ഷിയിൽ പെട്ടവർക്കുപോലും അക്കാലത്തുതന്നെ ബോദ്ധ്യമായിരുന്നു. അദ്ദേഹത്തിന്റെ മരണാനന്തരം ശ്രീ കെ. സി. മാമ്മൻമാപ്പിള തന്റെ ജീവിതസ്മരണകളിൽ ഇപ്രകാരം എഴുതി: കോട്ടയത്തിനു വടക്കുള്ളവർ ബാവാപക്ഷത്തേക്കു ചേരാനുള്ള പ്രധാനകാരണം കോനാട്ടുമല്പാന്റെ അസാധാരണമായ വ്യക്തിമാഹാത്മ്യവും സ്വാധീനശക്തിയുമായിരുന്നു.

**കുറിപ്പുകൾ**

1. മാത്തൻ മല്പാൻ, ഡയറി, ബുക്ക് നമ്പർ 1 (കോനാട്ട് ഗ്രന്ഥശേഖരം, മലയാളം നമ്പർ 372).
2. Ibid.
3. Ibid.
4. മാത്തൻ മല്പാൻ, ഡയറി, 10 (381). 1906 സപ്തം. 21, 22, 26.
5. മാത്തൻ മല്പാൻ, ഡയറി, 16 (454), 1927 കുംഭം 19.
6. ഞാർത്താങ്കൽ കോരതു മല്പാന്റെ ജീവചരിത്രത്തിലും, അദ്ദേഹത്തിന്റെ സ്ഥാനാരോഹണത്തോട് അനുബന്ധിച്ച പ്രസിദ്ധീകരിച്ച പത്രറിപ്പോർട്ടിലും ഈ ആശയപിശക് കാണുന്നുണ്ട്. കൊച്ചു മറിയാമ്മ, മലങ്കരയുടെ മൽപ്പാനപ്പച്ചൻ, കോട്ടയം 2001, p. 227; മലയാള മനോരമ 1993 നവംബർ 26.
7. ശ്രീ. കുര്യൻ തോമസ് ഇതിനെക്കുറിച്ച് പഠിച്ച് വിശദമായ തെളിവുകൾ നിരത്തുന്നുണ്ട്. കുര്യൻ തോമസ്, മലങ്കര മല്പാൻ, in: മലങ്കരസഭ, ഒക്ടോബർ 2002, p. 18-20, 42
8. മാത്തൻ മല്പാൻ, ഡയറി, 4 (375)

9. മാത്തൻ മല്പാൻ, ഡയറി, 6 (377), 1895 കുംഭം 21-23. പീച്ചാനിക്കാട്ട് കുരിശിങ്കലെ മുൻ കൈക്കാരന്മാർക്ക് മുടക്ക് എഴുതി... അകപ്പറമ്പുകാർക്കും കുരിശിങ്കൽ വികാരിക്കും മുടക്കുവിവരത്തിന് എഴുതി. കുരിശിങ്കൽ കൈക്കാരൻ അരീക്കൽ ഇട്ടൂപ്പിനു തിരട്ട് അടയാളപ്പെടുത്തിക്കൊടുത്തു. പ്രതി അടയാളപ്പെടുത്തിയതു സ്വീകരിച്ചു.'
10. മാത്തൻ മല്പാൻ, ഡയറി, 15 (431), 1926 ചിങ്ങം 16, 19; തുലാം 11.
11. മാത്തൻ മല്പാൻ, ഡയറി, 16 (454)
12. മാത്തൻ മല്പാൻ, ഡയറി, 15 (431) 1926 ചിങ്ങം 19.
13. മാത്തൻ മല്പാൻ, ഡയറി, 3 (374) 1888 ചിങ്ങം 9.
14. കുര്യൻ കോറെപ്പിസ്ക്കോപ്പ, കണിയാമ്പറമ്പിൽ, പൗലൂസ് മാർ അത്താനാസ്യോസ്, p. 18
15. ഫിലിപ്പ്. ഇ. എം, മാർത്തോമ്മ ശ്ലീഹായുടെ ഇൻഡ്യൻ സഭ, tr. മാത്യു. ഇ. പി. ചിങ്ങവനം, 1977 p. 335.
16. മാത്തൻ മല്പാൻ, ഡയറി, 9 (380) 1900 കുഭം 16.
17. മാത്തൻ മല്പാൻ, ഡയറി, 10 (381) 1907 മകരം 16.
18. കോനാട്ട് ഗ്രന്ഥശേഖരം, മലയാളം നമ്പർ 414, 1903 ധനു 21 ന് എഴുതിയ കല്പനയിൽ നിന്ന്. മാത്തൻ കോറെപ്പിസ്കോപ്പ, വ്യക്തിയും കാലവും, കോനാട്ട് ബന്ധുജന സംഗമം 2006, അനുബന്ധം 1, p. 111-114.
19. മാത്തൻ മല്പാൻ, ഡയറി, 12 (383) 1092 മീനം 21.
20. മാത്തൻ മല്പാൻ, ഡയറി, 10 (381), 1081 ഇടവം 20, 1096 വൃശ്ചികം 25. വറുഗീസ് ജോൺ തോട്ടപ്പുഴ, in: മാത്തൻ കോറെപ്പിസ്കോപ്പ, വ്യക്തിയും കാലവും, കോനാട്ട് ബന്ധുജനസംഗമം 2006, p. 100, 101
21. മാത്തൻ മല്പാൻ, ഡയറി, 13 (384) 1917 കന്നി 11
22. മാത്തൻ മല്പാൻ, ഡയറി, 15 (431) 1926 തുലാം 3
23. ഇടവക പത്രിക 1898 (1074) ചിങ്ങം ലക്കത്തിലെ വാർത്ത
24. മണലിൽ അച്ചന്റെ കത്ത് in: ആനപ്പാപ്പി, കോട്ടയം 2000, പേജ് 28
25. Z.M.പാറേട്ട്, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ നിത്യാക്ഷരങ്ങൾ 1 (മലങ്കര നസ്രാണികൾ 8), p. 813-816, p. 730-731.
26. മാത്തൻ മല്പാൻ, ഡയറി, 2, (373), 1886 മീനം 25.
27. ഫാ. ജോസഫ് ചീരൻ, മലങ്കരസഭാ ചരിത്രത്തിലെ ചേര പുരണ്ട അദ്ധ്യായം in: മാത്യു പി.സി, മാമ്മൻ കെ.വി., ആനപ്പാപ്പി, കോട്ടയം 2000, p. 15
28. മാത്യു പി.സി, & മാമ്മൻ കെ.വി. ആനപ്പാപ്പി, കോട്ടയം 2000, പേജ് 132.
29. മലങ്കര ഇടവക പത്രിക പുസ്തകം 11, ലക്കം 11, p. 202.
30. മലങ്കര ഇടവക പത്രികയിലെ പല റിപ്പോർട്ടുകളിലും 1908 ന് മുമ്പുതന്നെ തിരഞ്ഞെടുപ്പ് കഴിഞ്ഞതായി പരാമർശിക്കുന്നുണ്ട്. പുസ്ത. 16, ല.1, 1907 മകരം; പു. 16, ല. 12, 1907 ധനു p. 225-227.
31. മാത്തൻ മല്പാൻ, ഡയറി 11 (കോനാട്ട് ഗ്രന്ഥശേഖരം, മലയാളം നമ്പർ 382), 1908 ഫെബ്രു. 27. ഇക്കാര്യം മലങ്കര ഇടവക പത്രികയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുസ്ത. 17, ലക്കം 2, p. 28
32. മാത്തൻ മല്പാൻ, ഡയറി 10 (കോനാട്ട് ഗ്രന്ഥശേഖരം, മലയാളം നമ്പർ 381), 1906

ഒക്ടോബർ 4, 5.

33. മാത്തൻ മല്പാൻ, ഡയറി 10 (കോനാട്ട് ഗ്രന്ഥശേഖരം, മലയാളം നമ്പർ 381), 1906 സെപ്റ്റം. 30, ഒക്ടോ. 13.
34. സാധാരണ ലേഖനങ്ങൾ എഴുതപ്പെടുന്നത് പ്രസിദ്ധീകരിക്കപ്പെടുന്നതിനാണ്. ചീരനച്ചൻ ഉദ്ധരിക്കുന്ന ലേഖനം വെളിച്ചം കാണാതെ പോയത് എന്തുകൊണ്ടാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരാൾ വെള്ളി കെട്ടിയ വടി എന്നുമാത്രം പറയുമ്പോൾ, അതു ചന്ദനക്കാതലിൽ കടഞ്ഞെടുത്തതായിരുന്നു എന്ന് മറ്റൊരാൾ ഊഹിക്കുന്നുണ്ട്. മാത്യു പി.സി, Op. cit. p. 133. കഥയ്ക്ക് പൊടിപ്പും തൊങ്ങലും വർദ്ധിക്കുന്നതിന് ഇതൊരു ഉദാഹരണമാണ്.
35. പാറേട്ട്, നിത്യാക്ഷരങ്ങൾ 1, Op. cit. p. 730-731.
36. പാറേട്ട്, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, p. 311.
37. Ibid., p. 151-154.
38. Fr.Dr. Samuel V.C., Truth Triumphs, Kottayam 1986, p. 37.
39. David D., The Orthodox Church of India, New Delhi, 1986, p. 207-208.
40. Samuel V.C, Op. Cit., p. 81 പാറേട്ടിനെ ഉദ്ധരിക്കുന്നു.
41. പാറേട്ട് Z.M, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, (മലങ്കര നസ്രാണികൾ 4) കോട്ടയം 1969, p. 645
42. Ibid., p. 103, 183-184, 641; മാത്യു പി.സി & മാമ്മൻ കെ.വി., ആനപാപ്പി, 2000, p. 132-134 etc.
43. ഫാ. ഡോ. ജോസഫ് ചീരൻ, Op. Cit., p. 16.
44. മാത്യു പി.സി. & മാമ്മൻ കെ.വി., Op. Cit., p. 132, 134.
45. പാറേട്ട് Z.M., നിത്യാക്ഷരങ്ങൾ 2 (മലങ്കര നസ്രാണികൾ - 9) കോട്ടയം, 1979 p. 264.
46. മാത്യു പി.സി, Op. Cit., p. 134.
47. 1904 മീനം 17-ന് വട്ടശ്ശേരിൽ മല്പാൻ മാത്തൻ മല്പാന് അയച്ച ഒരു കത്തിൽ ഈ കാര്യം വളരെ വ്യക്തമാണ്. കോനാട്ട് ലൈബ്രറിയിലുള്ള കത്തിൽ നിന്ന് ഏതാനും വരികൾ: ... നമുക്ക് മേലധികാരമോ അവകാശമോ വേണമെന്നോ ഈ സ്ഥാനത്തെ (മപ്രിയാനേറ്റ്) നിലനിർത്തിക്കൊണ്ടു പോകണമെന്നോ ആഗ്രഹവും അപേക്ഷയും ഇല്ലല്ലോ. വല്യതിരുമേനിയുടെ പ്രയത്നത്തിന്റെ സന്തോഷത്തിനു വേണ്ടി, തിരുമനസ്സിലേക്ക് മാത്രം ഒരു പേരു കൊടുക്കണമെന്നേ ഉള്ളല്ലോ. അതിനു തൃപ്തികേടാണെങ്കിൽ ബാവായുടെ തിരുവിഷ്ടം പോലെ വേറൊരു ബഹുമാനപ്പേരെങ്കിലും കൊടുക്കട്ടെ.'
48. മാത്യു പി.സി, Op. Cit., p. 133.
49. മാത്തൻ മല്പാന്റെ ഡയറിക്കുറിപ്പുകളിൽ വ്യക്തമായ സൂചനകളുണ്ട്. ഉദാ. മാത്തൻ മല്പാൻ, ഡയറി, 10 (കോനാട്ട് ഗ്രന്ഥശേഖരം, മലയാളം നമ്പർ 381), 1906 സെപ്റ്റംബർ 15, 21.
50. Fr.Dr. Samuel V.C, Op.Cit., p. 39, 81, 82.
51. Ibid. p. 81.
52. പാറേട്ട്, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, p. 184-188.
53. Ibid. p. 185, 187-188.

54. Ibid. p. 189.
55. Ibid. p. 340.
56. പാറേട്ട്, നിത്യാക്ഷരങ്ങൾ 1, p. 52.
57 പാറേട്ട്, നിത്യാക്ഷരങ്ങൾ 2, p. 264; ഫാ. ജോസഫ് ചീരൻ, Op.Cit., p. 16.
58. കെ.സി. മാമ്മൻ മാപ്പിള, ജീവിതസ്മരണകൾ. മനോരമ പബ്ലീഷിംങ് ഹൗസ്, കോട്ടയം.1977 പേ.56, 64
59. Ibid. p. 64, 65, 87
60. Ibid. p. 56, 64.
61. പാറേട്ട്, നിത്യാക്ഷരങ്ങൾ 1, ു. 50.
62. പാറേട്ട്, നിത്യാക്ഷരങ്ങൾ 2, ു.278
63. പാറേട്ട്, നിത്യാക്ഷരങ്ങൾ 1, ു. 276.
64. ഫാ. ജോസഫ് ചീരൻ, Op.Cit., p. 16.
65. ഫാ. ജോസഫ് ചീരൻ, Op.Cit., p. 14. അദ്ദേഹം ഫാ. ജോൺസ് അബ്രാഹാം കോനാട്ടിന്റെ ഒരു ലേഖനത്തിന് എഴുതിയ മറുപടിയിൽ ആദ്യത്തെ തിരുത്തൽ സാങ്കേതികം മാത്രമാണ് എന്ന് ന്യായീകരിക്കുന്നുണ്ട്. കാണുക; ഇടവക പത്രിക പുസ്തകം 1, ലക്കം 8, നവം. 2003, p. 26. പാമ്പാക്കട ചെറിയപള്ളിയിൽ വെച്ച് നടന്ന സമാധാനാലോചനയിൽ (1925 മകരം 3) 18 അക്കം കാനോൻ മുമ്പേ ഉള്ള താണെങ്കിലും വട്ടശ്ശേരിൽ തിരുമേനി അതിൽ സംബന്ധിച്ചിട്ടുണ്ടെന്നും അത് ആദ്യം പരുമലയാണ് ഇരുന്നതെന്നും പരസ്യമായി സംസാരിച്ചു എന്ന് ഡയറി യിൽ എഴുതിയിട്ടുണ്ട്. മാത്തൻ മല്പാൻ, ഡയറി 14 (കോനാട്ട് ഗ്രന്ഥശേഖരം, മലയാളം നമ്പർ 430)
66. പേജ് 168-172 കാണുക.
67. മാത്തൻ മല്പാൻ, ഡയറി നമ്പർ, 13 (384), 1920 മീനം 17, ഇടവം 14.
68. മാത്തൻ മല്പാൻ, ഡയറി നമ്പർ, 14 (430), 1925 മീനം 3.
69. മാത്യു പി.സി., Op.Cit., p. 137 ff.
70. പൗലോസ് എൻ.ജി., കൊച്ചച്ചൻ, ജനതാപ്രസ്, കോതമംഗലം, 1990. പേ. 10
71. പാറേട്ട്, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, p. 673.
72 പൗലോസ് എൻ.ജി., Op.Cit. p. 10
73. ഒരിക്കൽ രാത്രി 12 മണിക്ക് തിരുവല്ലായിൽ എത്തിയപ്പോൾ ഗത്യന്തരമില്ലാതെ മാമ്മൻ മാപ്പിളയുടെ ബാങ്കിൽ കയറിയതും മറ്റും തെറ്റിദ്ധാരണകൾക്ക് വഴിവച്ചു: മാത്തൻ മൽപ്പാൻ, ഡയറി, 16 (454), 1927 മകരം 11.
74. മാത്തൻ മല്പാൻ, ഡയറി, 16 (454) 1927 മകരം 12. എൻ.ജി. പൗലോസ്, Op.Cit. p. 10
75. മാത്തൻ മല്പാൻ, ഡയറി, 16 (454) 1927 മകരം 19, 21.
76. മാത്തൻ മല്പാൻ, ഡയറി, 16 (454) 1927 കുംഭം 25, മേടം 29.
77. Ibid.
78. ഇത് ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും സ്വപുത്രൻ കോനാട്ട് അബ്രാഹാം മല്പാൻ പറഞ്ഞിട്ടുള്ളതാണ്. ഇപ്രകാരം ഒരു പരാമർശം മാത്തൻ മല്പാൻതന്നെ നേരിട്ട പറഞ്ഞതായി എ. പീലിപ്പോസിന്റെ ഡയറിയിൽ നിന്ന് പാറേട്ട് ഉദ്ധരി ക്കുന്നുണ്ട്. പാറേട്ട്, നിത്യാക്ഷരങ്ങൾ 3, (മലങ്കര നസ്രാണികൾ - 10), കോട്ടയം,

1980, p. 274.

79. മാത്യൂ പി.സി, Op.Cit. p. 137-138; പാറേട്ട്, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, p. 673.

80. മാത്തൻ മല്പാൻ, ഡയറി, 16 (454) 1927, ഇടവം 23.

81. വട്ടശ്ശേരിൽ തിരുമേനിയുടെ ഡയറിയിൽ നിന്ന് പാറേട്ടും മാത്യൂ പി.സി. യും ഉദ്ധരിക്കുന്നുണ്ട്. പാറേട്ട്, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, p. 641-643.

82. മാമ്മൻ കെ. വി., മണലിലച്ചന്റെ സഭാസ്മരണകൾ, കോട്ടയം, 1992 p. 38.

83 പാറേട്ട്, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, p. 641-643.

84. പാറേട്ട്, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, p. 641.

85. Samuel V.C., op. cit., p. 73, 93 etc.

86. പാറേട്ട്, നിത്യാക്ഷരങ്ങൾ 1, p. 303, 304, 340, 342, 382, 383, 384.

87. മാത്തൻ മല്പാൻ, ഡയറി, 13 (384) 1097 (1921) തുലാം 5

88. പാറേട്ട്, നിത്യാക്ഷരങ്ങൾ 2, p. 464, Samuel.V .C, Op. Cit., p. 55.

89. മാത്തൻ മല്പാൻ, ഡയറി, 16, (454), 1927 കുംഭം 1-6.

# 11

# മലബാർ ത്രീസ്സേസ് ശൂബഹോ സമൂഹം: മലങ്കരസഭയിലെ ആദ്യ ആദ്ധ്യാത്മികപ്രസ്ഥാനം

മലങ്കരസഭയിൽ സഭാംഗങ്ങളുടെ അദ്ധ്യാത്മിക വളർച്ച ലക്ഷ്യമാക്കി പല സംഘടനകളും ഇന്നു പ്രവർത്തിക്കുന്നുണ്ട്. സൺഡേ സ്കൂൾ, യുവജന പ്രസ്ഥാനം, വനിതാസമാജം, സുവിശേഷസംഘം, പ്രാർത്ഥനായോഗം, വിദ്യാർത്ഥിപ്രസ്ഥാനം തുടങ്ങിയ സംഘടനകളിൽ ഏറ്റവും പഴക്കമുള്ളത് ഒരു പക്ഷെ 1908 മുതൽ സംഘടിതപ്രവർത്തനമുള്ള വിദ്യാർത്ഥിപ്രസ്ഥാനമാണ്. എന്നാൽ സംഘടിതവും ക്രമീകൃതവുമായ ഒരു പ്രസ്ഥാനം എന്ന നിലയിൽ സഭയിൽ പ്രവർത്തനം നടത്തിയ ഒരു സംഘടന 1888 തുലാം 14 ന് പാമ്പാക്കുടപ്പള്ളിയിൽ ആദ്യ യോഗം കൂടി ആരംഭിച്ച മലബാർ ത്രിസ്സേസ് ശൂബഹോ സമൂഹം ആണ്. ആദ്യം രൂപീകരിക്കുമ്പോൾ ഇതൊരു "വൈദികസംഘം' ആയിരുന്നു. തൊട്ടു പിന്നാലെ 18 വയസ്സായ പുരുഷന്മാർക്കും അംഗത്വം നല്കി, സഭ മുഴുവൻ പ്രവർത്തനപരിധിയിൽ വരുംവിധമാണ് ഈ സമൂഹം സംഘടിപ്പിച്ചത്.

"ഇനി നമ്മുടെ ഉറക്കത്തിൽ നിന്നുണരേണ്ട സമയവും നാഴികയും ആകുന്നു എന്നറിഞ്ഞുകൊൾവിൻ' എന്ന് റോമർ 13:11 ഉദ്ധരിച്ച് ആരംഭിക്കുന്ന ഈ സമൂഹത്തിന്റെ ആദ്യത്തെ പ്രവർത്തന റിപ്പോർട്ട് ഇപ്രകാരമാണ് തുടങ്ങുന്നത്:

"സുറിയാനിസഭയിൽ ഏകനടത്തയും അച്ചടി പഠിത്തം മുതലായവകളും ഇതരജാതിക്കാരെപ്പോലെ ഊർജ്ജിതമായും ക്രമമായും നടക്കാത്തതിനെക്കുറിച്ചുള്ള അളവറ്റ ദോഷത്തെയും ദുഃഖത്തെയും പരിഹരിക്കുന്നതിനായി ലോകപ്രസിദ്ധമായിട്ടും പ്രാബല്യമായിട്ടും അല്ലെങ്കിലും ക്രമേണ പൂർത്തീകരി·പ്പെട്ടുമെന്ന് കർത്താവിൽ ശരണം പ്രാപിച്ചുകൊണ്ട് ദിവ്യശ്രീ കോനാട്ടു മല്പാനച്ചൻ അവർകളാൽ ചേർക്കപ്പെട്ട സമൂഹമാകുന്നു ഇത്.'

"മലബാർ ത്രീസ്സേസ് ശൂബഹോ സമൂഹ'ത്തിന്റെ പിന്നീടുണ്ടായ നിയമാവലിയിൽ അതിന്റെ ഉദ്ദേശ്യങ്ങൾ ഇങ്ങനെ അക്കമിട്ട് പറയുന്നു:

1) മലങ്കര യാക്കോബായ സുറിയാനി സമുദായത്തിൽ ജ്ഞാനോപദേശങ്ങൾ പ്രബലീഭവിപ്പിക്കുന്ന വിഷയത്തിലുള്ള പരിശ്രമം. 2) അതിന് പുസ്തകപ്രസിദ്ധീകരണം മുതലായവ അഭിവൃദ്ധിപ്പെടുത്തുക. 3) ആയതിന്

അച്ചുക്കൂടം സ്ഥാപിക്കുക. 4) പള്ളിക്രമങ്ങളുടെ ഏകീകരണവും അച്ചടിയും പ്രസിദ്ധീകരണവും നടത്തുക.

ദീർഘകാലമായി നിലവിലിരുന്ന ഭിന്നതയും കേസുകളും മൂലം സഭ അധഃപതിച്ചുപോയി. മുളന്തുരുത്തി സുന്നഹദോസി മുതൽ റോയൽ കോടതി വിധി വരെയുള്ള കാലത്ത് നവീകരണവിഭാഗവുമായുള്ള തർക്കങ്ങൾ നേരിടുന്നതിലായിരുന്നു സഭയുടെ പൊതുശ്രദ്ധ. ആ ഘട്ടം തരണം ചെയ്തശേഷം ഇതര സമുദായങ്ങളോട്ട് താരതമ്യം ചെയ്തപ്പോൾ നമ്മുടെ അധഃപതനാവസ്ഥ കോനാട്ട് മാത്തൻ മല്പാനെപ്പോലുള്ളവർക്ക് ബോദ്ധ്യമായി. സഭയിലെ പ്രശ്നങ്ങളുടെ പരിഹാരവും പുരോഗതിയും ലക്ഷ്യമിട്ട് ശിഷ്യരെ അംഗങ്ങളാക്കി ഒരു സമൂഹം ആരംഭിക്കുന്നതിനുള്ള ആലോചന അദ്ദേഹം 1064 ചിങ്ങം 9 ന് (1888) ഡയറിയിൽ രേഖപ്പെടുത്തി.

1888 (ഒക്ടോബർ) തുലാം 14 ന് സമൂഹത്തിന്റെ ആദ്യയോഗം പാമ്പാക്കുടപ്പള്ളിമുറിയിലാണ് ചേർന്നത്. തുടർന്നുള്ള നാലു യോഗങ്ങളും അവിടെത്തന്നെ കൂടി. 1892 കന്നിയിലാണ് വിപുലമായ ഒരു സമ്മേളനം കോതമംഗലം ചെറിയ പള്ളിയിൽ കൂടിയത്. സമൂഹത്തിന് ഒരു പരിഷ്കരിച്ച നിയമാവലിയും ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായ പ്രവർത്തന പരിപാടിയും അവിടെ രൂപീകരിച്ചതായി പ്രസ്തുത യോഗത്തിന്റെ നടപടിക്രമങ്ങൾ നോക്കിയാൽ കാണാം.

സമൂഹത്തിന്റെ പ്രവർത്തനനിധി പ്രധാനമായും അംഗങ്ങളുടെ വരിസംഖ്യയായിരുന്നു. ഒരാൾക്ക് ഒരു മാസം രണ്ടു ചക്രം എന്നായിരുന്നു കണക്ക്. (പതിന്നാലു മാസത്തേക്ക് ഒരു രൂപ) മാസം തോറും ഈ സംഖ്യ കൊടുക്കുവാൻ കെല്പുള്ള പട്ടക്കാരും അന്മേനികളും സഭാപുരോഗതി ലക്ഷ്യമിട്ട് സ്വമനസ്സാ അംഗങ്ങളായി ചേർന്നുവെന്നത് ഇന്നത്തെ തലമുറയ്ക്ക് അത്ഭുതകരമായി തോന്നിയേ·ാം. വരിസംഖ്യയും മറ്റു സംഭാവനകളും ഉപയോഗിച്ച് ചിട്ടി ചേർന്നും, ചിട്ടിസംഖ്യ കിട്ടിയത് പലിശയ്ക്കു കൊടുത്തും, സമൂഹത്തിന്റെ പ്രവർത്തനങ്ങൾക്ക് പണമുണ്ടാക്കി.

1068 ആദ്യം മുതൽ (1892) പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ്, മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് എന്നിവരുടെ കല്പനകളോടെ മല്പാനും മറ്റും വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ച് പട്ടക്കാരുടെയും അന്മേനിപ്രമുഖരുടെയും സഹായത്തോടെ സമൂഹത്തിൽ അംഗങ്ങളെ ചേർത്തു. സമൂഹം രൂപീകരിച്ചിട്ട് നാലു വർഷം കഴിഞ്ഞു 1892 കന്നിയിൽ കോതമംഗലത്ത് സമൂഹത്തിന്റെ പൊതുയോഗം കൂടിയപ്പോൾ അംഗങ്ങൾ അഞ്ഞൂറിലധികം ആയതായി റിപ്പോർട്ടിൽ ഉണ്ട്. ഗതാഗതസൗകര്യം കഷ്ടിയായിരുന്ന അക്കാലത്ത് ഇത്രയും പേർ വിവിധ സ്ഥലങ്ങളിൽ നിന്ന് സഭാസേവനത്തിന്റെ പേരിൽ ഒത്തുകൂടിയതും ഇന്നത്തെ രീതികളും താരതമ്യം ചെയ്താൽ അത്ഭുതപ്പെട്ടു പോകും.

ഈ സമൂഹത്തിന്റെ ശാഖകൾ മാവേലിക്കര, തിരുവല്ല, കോട്ടയം, മുളന്തുരുത്തി, എന്നിവിടങ്ങളിൽ സ്ഥാപിക്കുവാൻ പരുമലത്തിരുമേനി ഒത്താശകൾ ചെയ്തിട്ടുണ്ട്. അച്ചടിച്ച പ്രസിദ്ധം ചെയ്ത സമൂഹം റിപ്പോർട്ടിന്റെ അവസാനഭാഗത്തു് (1892 വൃശ്ചികത്തിനു ശേഷം) 549 പേർ അംഗങ്ങളായി ഉണ്ടെന്നു് കാണാം.

പരുമലത്തിരുമേനിയുടെ നേതൃത്വത്തിൽ 1892 മിഥുനം 30 ന് നടന്ന കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനങ്ങളുടെ സംയുക്ത വൈദികയോഗം ഏതാണ്ട് ത്രിസ്സേസ് ശുബഹോ സമൂഹത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളോടെ "മലങ്കര സുറിയാനി വൈദികയോഗം' എന്ന പേരിൽ ഒരു വൈദികസംഘം രൂപീകരിച്ചു. ത്രിസ്സേസ് ശുബഹോ സമൂഹത്തിന്റെ സ്ഥാപനോദ്ദേശ്യങ്ങൾ പൊതുവേ പ്രാവർത്തികമാക്കുവാൻ സഭ താല്പര്യപ്പെട്ടുവെന്നു് ഇതിൽ നിന്നു് മനസ്സിലാക്കാം.

അക്കാലത്തെ മിഷനറി W.J. റിച്ചാർഡ്സ് ഇംഗ്ലണ്ടിലേയ്ക്ക് 1892 ഫെബ്രുവരി 13 ന് അയച്ച റിപ്പോർട്ടിൽ മലങ്കരസഭ ആദ്യമായി സുവിശേഷസംഘം ഉണ്ടാക്കി; സുവിശേഷകർക്ക് ശമ്പളം കൊടുക്കുന്നു എന്നെഴുതുകയുണ്ടായി. 1892 കന്നിയിൽ സമൂഹത്തിന്റെ കോതമംഗലത്തു ചേർന്ന യോഗം പല സുപ്രധാന പരിപാടികളും പ്രഖ്യാപിച്ചു. പുറജാതികളുടെ ഇടയിൽ സുവിശേഷവേല ചെയ്തു് അവരെ സഭയിൽ ചേർക്കണം എന്ന തീരുമാനമാണ് അതിലൊന്ന്. സുവിശേഷവേലയ്ക്കു് മാത്തൻ മല്പാനും ഏതാനും വൈദികപ്രമുഖരും സ്വമനസ്സാലെ തയ്യാറായപ്പോൾ സമൂഹം സന്തോഷത്തോടെ അവരെ അംഗീകരിച്ചു. പിള്ളാലത്തു് മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശ്ശൻ സഭയിലേക്ക് അധഃകൃതരെ ചേർക്കുവാൻ ഉദ്യമിച്ചതിനു പിന്നിൽ ഈ തീരുമാനത്തിന്റെ പിൻബലം ഉണ്ടായിരിക്കാനിടയുണ്ട്. മൂക്കഞ്ചേരിൽ ശെമ്മാശ്ശന്റെ പരിശ്രമങ്ങൾക്ക് അദ്ദേഹത്തിന്റെ കാലത്തു് സഭാംഗങ്ങളിൽനിന്നുപോലും എതിർപ്പുണ്ടായി. അതിനും വർഷങ്ങൾക്കു മുമ്പ് സമൂഹം എടുത്ത മിഷനറിപ്രവർത്തനത്തിന്റെ ഈ തീരുമാനം എത്രയോ വിപ്ലവകരമായിരുന്നു! അതിന്റെ സാമൂഹ്യപരിഷ്കാരലക്ഷ്യം എത്ര ദീർഘവീക്ഷണാടിസ്ഥാനത്തിലായിരുന്നു!

ഞായറാഴ്ച തോറും വിശ്വാസികളോടു് വേദം പ്രസംഗിക്കണം, വേദപഠനത്തിനും ക്രമീകരണം ചെയ്യണം എന്നൊക്കെ കോതമംഗലം യോഗം ഉദ്ബോധിപ്പിച്ചു. പാമ്പാക്കുട മാർ യോഹന്നാൻ പള്ളിയിലും ബഥേൽ പള്ളി മേടയിലും ഞായറാഴ്ചതോറും "തെവൌലോഗിയ പഠനങ്ങൾ' നടന്നുവന്നതായി സംഘത്തിന്റെ 1892 കന്നി വരെയുള്ള റിപ്പോർട്ടിലുണ്ട്. നമ്മുടെ ഇന്നത്തെ സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ തുടക്കം ഇവിടെനിന്നാകാം. സമൂഹസ്ഥാപനം നടന്നു് 2 വർഷം പിന്നിട്ടപ്പോൾ 1890 ൽ പുലിക്കോട്ടിൽ ദീവന്നാസ്യോസ് സൺഡേ സ്കൂൾ

പഠനത്തിന് ഒരു സംഘടിതശ്രമത്തിനുള്ള നീക്കം നടത്തി. അതിന്റെ പ്രചോദനം ത്രിസ്സേസ് ശ്രൂബഹോ സമൂഹത്തിൽ നിന്നായിരിക്കണം.

കോതമംഗലം യോഗത്തിനു ശേഷം "മലങ്കരസുറിയാനി സുവിശേഷ സമൂഹം' എന്ന പേരിൽ ഒരു പ്രസ്ഥാനം പ്രവർത്തനം ആരംഭിച്ചു. ആ സമൂഹം സൺഡേ സ്കൂളുകൾക്ക് ഗ്രാന്റ് കൊടുക്കുമെന്ന് ഇടവകപത്രിക യിൽ പരസ്യം ചെയ്തു. ഹിന്ദുക്കുട്ടികൾ ഉണ്ടെങ്കിൽ ഗ്രാന്റ് ഉയർന്ന നിരക്കിൽ നല്കുമായിരുന്നു.

ആവശ്യമായ സ്ഥലങ്ങളിലെല്ലാം പള്ളിക്കൂടങ്ങൾ സ്ഥാപിക്കണം എന്ന് കോതമംഗലം യോഗം തീരുമാനിച്ചത് വിദ്യാഭ്യാസരംഗത്ത് സഭയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ഉതകിയിരിക്കണം. സഭാപുരോഗതിയും പൊതുവിദ്യാഭ്യാസോന്നമനവും ബന്ധപ്പെട്ടവയായി സമൂഹം കരുതി.

1809 ആഗസ്റ്റ് 13 ഞായറാഴ്ച (985 ചിങ്ങം 1) ഏഴാം മാർത്തോമ്മായുടെ നാല്പതടിയന്തിരത്തോടനുബന്ധിച്ചുണ്ടായ "കണ്ടനാട്ട് പടിയോല'യിൽ വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാൻ തെക്കും വടക്കും ഓരോ "പഠിത്തവീട്" ഉണ്ടാക്കണം എന്ന് പ്രഖ്യാപിച്ചു. അങ്ങനെ തെക്ക് കോട്ടയം സെമിനാരി സ്ഥാപിച്ചു. വടക്കുള്ള സെമിനാരിയുടെ ആശയം ഉറങ്ങിക്കിടന്നത് കോതമംഗലം യോഗത്തിൽ ഉണർന്നു. സെമിനാരി സ്ഥാപിക്കുവാൻ ആലുവ, മൂവാറ്റുപുഴ, പിറവം, ഗീവർഗീസ് റമ്പാച്ചന്റെ ബസ്സ്സോക്കുന്ന് എന്നിവിടങ്ങൾ പരിഗണിക്കപ്പെട്ടു. ഏകാഭിപ്രായം ഉണ്ടാകാഞ്ഞതിനാൽ നറുക്കിട്ട് തീരുമാനിക്കാമെന്നായി. നറുക്ക് ആലുവായ്ക്കാണ് വീണത്. മറ്റു സ്ഥലങ്ങളിൽ ഓരോ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുവാനും തീരുമാനിച്ചു. നിർഭാഗ്യവശാൽ ആലുവായിൽ സെമി നാരി ഉടനെയൊന്നും സ്ഥാപിതമായില്ല. സെമിനാരിപ്പണി പൂർത്തിയാകും വരെ, നടന്നുവരുമ്പോലെതന്നെ പാമ്പാക്കുടയിൽ പഠനം തുടരണമെന്നും, മല്പാനെ സഹായിക്കുവാൻ യോഗ്യനായ ഒരാൾ കൂടി അവിടെ വേണ മെന്നും യോഗം തീരുമാനിച്ചു.

സെമിനാരി സ്ഥാപിക്കുവാൻ പരിഗണിച്ച സ്ഥലമായ പിറവത്ത് പിന്നീട് പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പരിശ്രമഫലമായി, അദ്ദേഹത്തിന്റെ ജൂബിലിസ്മാരകമായി ഒരു ഇംഗ്ലീഷ് സ്കൂളിന് 1901 ധനു 16 ന് അദ്ദേഹം തന്നെ കല്ലിട്ടു. 1903 മകരത്തിൽ സ്കൂൾ തുറന്ന് പ്രവർത്തനവും ആരംഭിച്ചു. ഇന്നത്തെ പിറവം എം.കെ.എം. ഹയർ സെക്കന്ററി സ്കൂളിന്റെ പൂർവ്വചരിത്രം ഇവിടെയാണ് തുടങ്ങുന്നത്. പിറവം സെമിനാരിയുടെയും ത്രിസ്സേസ് ശ്രൂബഹോ സമൂഹത്തിന്റെ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനത്തിന്റെയും മുൻകൈ ഇവിടെയും തെളിഞ്ഞു കാണാം.

പള്ളിക്രമങ്ങളുടെ ഏകീകരണവും അച്ചടിയും പ്രസിദ്ധീകരണവും സമൂഹത്തിന്റെ പ്രഖ്യാപിതലക്ഷ്യമായിരുന്നു. സുറിയാനി പള്ളിക്രമ പുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിച്ചത് ഇതിന്റെ തുടക്കം മാത്രം. "ആത്മീയ വിഷയങ്ങളും പട്ടക്കാരുടെ നടപടികളും പരിഷ്കരിപ്പാൻ കാര്യവിചാര ക്കമ്മറ്റിയിൽ (12 പട്ടക്കാരും 12 അന്മേനികളും ഉൾപ്പെട്ടത്) ഉൾപ്പെടാത്ത പട്ടക്കാരെയും ചേർക്കാൻ കോതമംഗലം യോഗം അനുമതി നല്കിയിരുന്നു.

അതിനായി പട്ടക്കാരുടെ യോഗം പിന്നീട് പിറവം സെമിനാരിയിലും കടമറ്റത്തും മെത്രാപ്പോലീത്താമാരുടെ നേതൃത്വത്തിൽ കൂടി ഒരു വൈദിക സംഘം രൂപീകരിച്ചു. അങ്ങനെ എഴുതിയുണ്ടാക്കിയ ക്രമമാണ് ഇന്നും നമ്മുടെ ഉപയോഗത്തിലിരിക്കുന്ന നടപടിക്രമം. നമസ്കാരക്രമങ്ങളെ പ്പറ്റിയും ഇങ്ങനെ ഒരു ബിൽ ഉണ്ടായി. ഇക്കാര്യങ്ങളിൽ ത്രിസ്സേസ് ശുബഹോ സമൂഹാദ്ധ്യക്ഷൻ മാത്തൻ മല്പാന്റെ സംഭാവന വളരെ വലുതാണ്.

വിശ്വാസികളുടെ മതബോധനം, വൈദികവിദ്യാഭ്യാസം, പുറജാതി കളുടെയിടയിലെ മിഷനറി പ്രവർത്തനം, ആരാധനയുടെ ഏകീകരണം, ഇവയ്ക്കെല്ലാം സഹായകമായ ഗ്രന്ഥനിർമ്മാണം, പ്രസിദ്ധീകരണം, പൊതുവിദ്യാഭ്യാസം തുടങ്ങിയ ഉന്നതലക്ഷ്യങ്ങൾവച്ച് സഭയിൽ ആദ്യ മായി രൂപംകൊണ്ട ഈ സമൂഹത്തിന്റെ എളിയ ചുവടുവയ്പുകൾ സഭയിൽ വലിയ പുരോഗമനത്തിനു വിത്തു പാകി എന്നത് നിസ്സംശയമാണ്.

സഭയുടെ സുറിയാനി പാരമ്പര്യം നിലനിറുത്തിക്കൊണ്ട് പരിഷ്കാരങ്ങൾ എന്നായിരുന്നു അന്നത്തെ ചിന്താഗതി എന്നു തോന്നുന്നു. ഉദാഹരണ ത്തിന് ഔദ്യോഗികഭാരവാഹികൾക്ക് പ്രസിഡണ്ട്, സെക്രട്ടറി, ഖജാൻ ജി മുതലായ പേരുകൾക്ക് യഥാക്രമം റീശ്ശ് ക്ലശ്ത്തോ, എപ്പിത്രൂപ്പോ, ഗീസബ്രെ എന്നീ സുറിയാനി നാമങ്ങളേ പാടുള്ളൂ എന്ന് നിയമാവലി നിർബന്ധിച്ചു. അംഗങ്ങളെ "ഹാദോമ്മകൾ' എന്നായിരുന്നു വിളിക്കേണ്ടത്. ഇതിൽ നിന്ന് എന്താണ് നമുക്ക് അനുമാനിക്കാവുന്നത്?

വളരെ ജനാധിപത്യരീതിയിലായിരുന്നു അന്ന് സംഘത്തിന്റെ പ്രവർത്തനം ഉദ്ദേശിച്ചത്. അംഗത്തിനോ, എക്സിക്യൂട്ടീവ് കമ്മറ്റിയംഗ ത്തിനോ യോഗത്തിൽ സംബന്ധിക്കുവാൻ അസൗകര്യമായാൽ അധി കാരപത്രത്തോടെ വന്നെത്തുന്ന പ്രതിപുരുഷന് അംഗത്തിനുള്ള എല്ലാ ചുമതലയും അധികാരവും വിനിയോഗിക്കാൻ വ്യവസ്ഥയുണ്ടായിരുന്നു സമൂഹത്തിന്റെ കാനോനിൽ.

ദീർഘവീക്ഷണമുണ്ടായിരുന്ന പട്ടക്കാരും അന്മേനികളും അടങ്ങുന്ന നമ്മുടെ മുൻഗാമികൾ ചെയ്തിരുന്ന ഇത്തരം പ്രവർത്തനങ്ങളെപ്പറ്റി അറിയുമ്പോൾ സഭാപുരോഗതിക്ക് അവർ കാണിച്ചുതന്ന വഴിയിലൂടെ മുന്നേറുവാനുള്ള പ്രചോദനം ദൈവത്തിന്റെ പരിശുദ്ധാത്മാവ് നല്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

*(മലങ്കരസഭ മാസികയിൽ (1997 ഫെബ്രുവരി) പ്രസിദ്ധീകരിച്ചത്)*

# 12

# സുറിയാനി നമസ്കാരക്രമങ്ങളുടെ മലയാളതർജ്ജമയും കോനാട്ട് മാത്തൻ മല്പാനും

*2010 നവമ്പർ 30-ന് കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ ഹിസ്റ്ററി അസോസിയേഷൻ നടത്തിയ പാമ്പാക്കുട നമസ്കാരത്തിന്റെ ശതാബ്ദി സെമിനാറിൽ അവതരിപ്പിച്ചത്*

മലങ്കരമല്പാൻ കോനാട്ട് കോര മാത്തൻ കോറെപ്പിസ്കോപ്പ തർജ്ജമ ചെയ്ത് 1910 ഒടുവിൽ പ്രസിദ്ധം ചെയ്ത നമസ്കാരക്രമത്തിന്റെ ശതാബ്ദി അനുസ്മരിക്കുമ്പോൾ സുറിയാനിസഭയുടെ നമസ്കാരക്രമങ്ങൾ മലയാളത്തിലേക്കു വന്നതിന്റെ ചരിത്രം പരിശോധിക്കേണ്ടതുണ്ട്.

**പൂർവ്വകാലം**

കേരളസുറിയാനിക്കാർ കൽദായസുറിയാനി ആരാധനക്രമങ്ങളാണ് ഉപയോഗിച്ചുവന്നതെന്നതിന് തർക്കമില്ല. പോർച്ചുഗീസുകാർ ഇവിടെ വരുമ്പോൾ തീർച്ചയായും കൽദായക്രമങ്ങളായിരുന്നു നടപ്പിലിരുന്നത്. പള്ളികളിൽ വൈദികർ ചൊല്ലി വന്ന നമസ്കാരങ്ങളിൽ സുറിയാനിഭാഷയിൽതന്നെ ജനങ്ങളും ചേർന്നു ചൊല്ലുകയായിരുന്നു അന്നത്തെ രീതി. കൗമാഭാഗങ്ങൾ, ആകാശങ്ങളിലിരിക്കുന്നതും നന്മ നിറഞ്ഞതും വിശ്വാസപ്രമാണവും മറ്റും, ജനങ്ങൾ സുറിയാനിയിൽതന്നെ ചൊല്ലിയിരുന്നതായാണ് ചരിത്രം വെളിപ്പെടുത്തുന്നത്.

കത്തോലിക്കാമിഷനറി വൈദികർ ജനങ്ങളുടെ വേദപഠനത്തിനായി ചില പുസ്തകങ്ങൾ മലയാളത്തിൽ ഉണ്ടാക്കുകയല്ലാതെ നമസ്കാരങ്ങളോ മറ്റോ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യുവാൻ കാര്യമായി ശ്രമിച്ചില്ല. സുറിയാനിയിലല്ലാതെ ആരാധന നടത്തുന്നത് അക്കാലത്ത് സ്വാഗതാർഹമായിരുന്നുമില്ല.

റോമൻകത്തോലിക്കർ ഉദയംപേരൂർസുന്നഹദോസ് കാലം മുതൽ ലത്തീൻക്രമങ്ങൾ സുറിയാനിയിലേക്ക് തർജ്ജമ ചെയ്ത് നടപ്പിലാക്കുവാനാണ് ശ്രമിച്ചത്. കൽദായസുറിയാനി ക്രമങ്ങളിൽ നെസ്തോറിയ വേദവിപരീതം ഉൾക്കൊള്ളുന്നുവെന്നായിരുന്നല്ലോ അവരുടെ ആക്ഷേപം. കൽദായക്രമങ്ങൾ തിരുത്തുവാൻ ആർച്ച് ബിഷപ്പ് മെനസ്സിസ് നസ്രാണികളുമായി ഒത്തുതീർപ്പുണ്ടാക്കിയെന്ന് കാർഡിനൽ തിസരാങ് പറയുന്നു.

(ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ, ദീപിക ബുക്ക് ഹൗസ്, കോട്ടയം, പു. 62)

റോമൻബന്ധത്തെ തിരസ്കരിച്ച മലങ്കരസുറിയാനിക്കാർ പൗരസ്ത്യ കൽദായക്രമങ്ങളും ലത്തീനിൽനിന്നുള്ള കൽദായക്രമങ്ങളും വിട്ട് ക്രമേണ പാശ്ചാത്യ സുറിയാനിക്രമങ്ങളിലേക്ക് വന്നെത്തി. സിറിയായിൽനിന്നുള്ള മേല്പട്ടക്കാരുമായുള്ള സമ്പർക്കമായിരുന്നു അതിനു കാരണം.

**കുടുംബാരാധന മലയാളത്തിലേക്ക്**

തുടർന്നുള്ള കാലത്ത് ഇംഗ്ലീഷ് മിഷനറിമാരുമായുള്ള സമ്പർക്കം കൊണ്ടും മറ്റും ആരാധന മാതൃഭാഷയിലാകണം എന്ന ചിന്ത കടന്നുവന്നു. പാശ്ചാത്യസുറിയാനിസഭയിൽ ശ്ഹീമ, ക്യംതാ, പെങ്കീസാ, മൂന്നു നോമ്പ്, വലിയ നോമ്പ് കഷ്ടാനുഭവാഴ്ച എന്നിങ്ങനെ ആറു നമസ്കാരക്രമങ്ങളാണല്ലോ ഉള്ളത്. ഇവയെല്ലാം വൈദികരുടെ നേതൃത്വത്തിൽ പള്ളികളിലും ദയറാകളിലും നടത്തേണ്ട ക്രമങ്ങളാണ്. കുടുംബങ്ങളിൽ അവൈദികർക്കു തന്നെ നമസ്കരിക്കുവാൻ പറ്റിയ തരം ക്രമങ്ങളൊന്നും സുറിയാനിയിലും ഇല്ല. ആ കുറവ് പരിഹരിക്കുവാനായി മല്പാന്മാർ കൗമാകളും മറ്റും സുറിയാനി നമസ്കാരത്തിൽ നിന്ന് മലയാളത്തിൽ എഴുതിയുണ്ടാക്കി ഉപയോഗിച്ചിരുന്നു. ഇത്തരം കൈയെഴുത്തു പ്രതികൾ അക്കാലത്തിനു മുമ്പും പ്രചാരത്തിലിരുന്നതായി കരുതാം. വൈദികവിദ്യാഭ്യാസം നൽകിയിരുന്ന മല്പാന്മാർ മലയാളത്തിലേക്ക് നമസ്കാരക്രമങ്ങളും വേദപുസ്തകഭാഗങ്ങളും അവിടവിടെ തർജ്ജമ ചെയ്ത് ഉപയോഗിച്ചിരുന്നവ ശിഷ്യന്മാരും മറ്റും പകർത്തി ഉപയോഗിച്ചിരുന്നുവെന്ന് കരുതുവാൻ തക്ക തെളിവുകൾ ചരിത്രത്തിൽ കാണാം. അത്തരത്തിൽപെട്ട ഒരു ക്രമം കോനാട്ട് അബ്രാഹം മല്പാൻ സെമിനാരിയിൽ വച്ച് 1820 ൽ തർജ്ജമ ചെയ്ത് എഴുതിയുണ്ടാക്കിയത് കോനാട്ട് ഗ്രന്ഥശേഖരത്തിലുണ്ട്. അതിന്റെ മൂലരൂപം ശ്ഹീമ നമസ്കാരക്രമമാകാം. അതിൽ കുർബ്ബാനക്രമവും ഉൾപ്പെടുത്തിയിട്ടുണ്ട്. പഴയ നമസ്കാരക്രമം എന്ന് പറയുന്ന പുസ്തകത്തിൽ കാണുന്നതിന്റെ മൂലരൂപം ഇതാണെന്ന് കരുതാം. കോനാട്ട് യോഹന്നാൻ മല്പാൻ തർജ്ജമ ചെയ്ത് പുലിക്കോട്ടിൽ യൗസേപ്പ് ദീവന്നാസ്യോസ് തിരുത്തുകയും ഭേദപ്പെടുത്തുകയും ചെയ്ത നിത്യനമസ്കാരക്രമമെന്ന പുസ്തകം കോട്ടയം മാർത്തോമ്മാ പ്രസിൽ അച്ചടിച്ചതായി ഫാ. ഡോ. ബി. വറുഗീസ് എഴുതിയിട്ടുണ്ട്. (മലങ്കരമല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പ: വ്യക്തിയും കാലവും, എഡി. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, കോനാട്ട് ബന്ധുജനസംഗമം, 2006, പു. 83) വളരെ ലളിതവും ഹ്രസ്വവുമായ ഈ ക്രമം ഇന്നും സഭയിലെ ബഹുഭൂരിപക്ഷം ഭവനങ്ങളിലും ഉപയോഗിക്കുന്നു. അതിൽ പതിപ്പു തോറും പരിഷ്കാരങ്ങൾ വന്നുകൊണ്ടിരുന്നു. ഇപ്പോഴും വരുന്നു.

**മാത്തൻ മല്പാന്റെ നമസ്കാരക്രമം**

ഈ ഘട്ടത്തിലാണ് കോനാട്ട് മാത്തൻ മല്പാന്റെ നമസ്കാരക്രമം പുറത്തുവന്നത്. 1081 മകരം 26 (1907 ഫെബ്രു. 8) നാണ് അതിന്റെ എഴുത്തു തുടങ്ങിയതെന്ന് മല്പാന്റെ ദിനചരിതക്കുറിപ്പു പുസ്തകത്തിലുണ്ട്.

അതിനു മുമ്പ് മാത്തൻ മല്പാനും വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനും ചേർന്ന് തർജ്ജമ ചെയ്തു കണ്ടത്തിൽ ഗീവറുഗീസ് മാപ്പിള ഗീതങ്ങൾ രചിച്ച് കൊട്ടാരത്തിൽ ശങ്കുണ്ണിയും മറ്റും ഭാഷാശുദ്ധി വരുത്തിയ ക്യംതാ നമസ്കാരക്രമവും കർബ്ബാനക്രമവും മലയാളത്തിൽ പുറത്തുവന്നിരുന്നു (1903).

പഴയ നമസ്കാരക്രമത്തിൽ സങ്കീർത്തനഭാഗങ്ങളൊന്നും ഉണ്ടായിരുന്നില്ല. ക്യംതായിൽ അവയും എക്ബോ, കോലോ, ബോവൂസോ മുതലായവയും ഉൾക്കൊള്ളിച്ചു. (നേരത്തേ സൂചിപ്പിച്ച പാമ്പാക്കുട കൈയെഴുത്തു നമസ്കാരക്രമത്തിൽ ചില സങ്കീർത്തനങ്ങൾ പ്രത്യേകമായി ചേർത്തിട്ടുണ്ട്.)

പഴയ നമസ്കാരക്രമത്തിലെ ഭാഷയ്ക്കു പരിഷ്കാരം വരുത്തിയും സങ്കീർത്തനങ്ങൾ ഉൾക്കൊള്ളിച്ചും ശ്ഹീമ, ക്യംത, പെങ്കീസാ, നോമ്പുകൾ, കഷ്ടാനുഭവാഴ്ച എന്നീ സുറിയാനിക്രമങ്ങളിൽനിന്ന് യുക്തമായ ഭാഗങ്ങൾ ചുരുക്കമായി ചേർത്തുമാണ് മാത്തൻ മല്പാൻ തർജ്ജമ നിർവ്വഹിച്ചത്.

പട്ടക്കാർ ഉപയോഗിക്കുന്ന ദൈർഘ്യമുള്ള സുറിയാനി നമസ്കാരക്രമം അപ്പാടെ തർജ്ജമ ചെയ്തു മലയാളത്തിലാക്കിയാൽ സാധാരണജനങ്ങൾക്ക് അതു ഉപയോഗപ്രദമാകില്ലെന്ന് ഉയിർപ്പിന്റെ ക്രമം തയ്യാറാക്കിയതിൽനിന്ന് മനസ്സിലായതായി നമസ്കാരക്രമത്തിന്റെ മുഖവുരയിൽ മാത്തൻ മല്പാൻ രേഖപ്പെടുത്തി. അതുകൊണ്ട് അന്മേനികൾക്ക് ഉപയോഗയോഗ്യമാംവിധം നമസ്കാരത്തിന്റെ ചില അംശങ്ങൾ മാത്രമേ തർജ്ജമ ചെയ്തുള്ളൂ.

അന്മേനികൾക്ക് ഇത്തരം ചില ഇളവുകൾ ഉള്ളതായി ഹൂദായ കാനോൻ 5-ാം അദ്ധ്യായം 5-ാം ഖണ്ഡികയിൽ ഹൂദായ എന്ന തലക്കെട്ടിൽ കാണാം. എഴു നേരത്തെ പ്രാർത്ഥന അവർക്ക് മൂന്നു നേരം മതി. (അതുകൊണ്ട് പാമ്പാക്കുട നമസ്കാരം എളുപ്പത്തിനു വേണ്ടി വൈദികർ ഉപയോഗിച്ചുകൂടെന്ന് പറയാം.)

ചില അംശങ്ങൾ മാത്രം ചേർക്കുമ്പോൾ മല്പാൻ സ്തുത്യർഹമായ തെരഞ്ഞെടുപ്പു നടത്തി എന്ന് കാണാം. സുറിയാനിക്രമത്തിന്റെ സംവിധാനം വിട്ടുകളയാതെ കൗമായുടെ കൂടെ സ്ലൂസോ, സങ്കീർത്തനങ്ങൾ, എക്ബോ, കോലോകൾ, ബോവൂസോ എന്നിവയിൽനിന്ന് പ്രസക്തവും അനിവാര്യവുമായ ഭാഗങ്ങൾ കണ്ടെത്തി ഹ്രസ്വമായി ഉൾക്കൊള്ളിച്ച്

എല്ലാ ദിവസത്തേക്കും ഉപയോഗിക്കത്തക്കവിധം ഒരു ക്രമം ഉണ്ടാക്കി. എനിയോനോ, മാവ്വർബോ, മാനീസോ, ബോത്തേദ്ഹാശോ തുടങ്ങിയ ഭാഗങ്ങളും യുക്തമായി പ്രത്യേക ദിവസങ്ങൾക്കായി ഉൾക്കൊള്ളിച്ചു. അതതു ദിവസത്തേക്ക് പ്രത്യേകമായുള്ള കോലോകൾ, ബോവൂസോകൾ എന്നിവയിൽനിന്ന് തെരഞ്ഞെടുത്ത് സന്ധ്യയ്ക്കും പ്രഭാതത്തിനുമായി ചേർത്തു. ഇതിന്റെ ക്രോഡീകരണത്തിൽ മാത്തൻ മൽപ്പാന്റെ മുൻഗാമികളായ അബ്രഹാം മല്പാൻ, യൂഹാനോൻ മല്പാൻ എന്നിവരുടെ സംഭാവനകൾ ഉൾക്കൊള്ളിച്ചിരിക്കാമെന്ന് തോന്നുന്നു.

**നമസ്കാരാനുഷ്ഠാനരീതികൾക്കുള്ള നിർദ്ദേശം**

പഴയ നമസ്കാരക്രമത്തിൽ നമസ്കാര രീതികളൊന്നും കാര്യമായി സൂചിപ്പിച്ചിരുന്നില്ല. സുറിയാനി ശ്ഹീമായുടെ ആമുഖത്തിൽനിന്നും മറ്റുമായി നമസ്കാരാനുഷ്ഠാനരീതികളും നടപടിയും ശൈലിയും ആദ്യമായി രേഖപ്പെടുത്തിക്കാണുന്നതു് ഈ ക്രമത്തിലാണ്. ആവർത്തിക്കുന്ന സുറിയാനിപദങ്ങളുടെ അർത്ഥവും ഇതിൽ ഉൾക്കൊള്ളിച്ചു. കൗമായിലും മറ്റും എവിടെയൊക്കെ വണങ്ങണം, കുരിശു വരയ്ക്കണം, കുമ്പിടണം ഇത്യാദി നിർദ്ദേശങ്ങൾ മലയാളത്തിൽ ആദ്യമായി ലഭ്യമായതു് ഈ പുസ്തകത്തിൽ നിന്നാണ്. ഇന്നും പലർക്കും അതൊക്കെ അറിയില്ലെന്നതു് നിരീക്ഷിച്ചാൽ ആർക്കും മനസ്സിലാക്കാം.

**ആദ്യപതിപ്പ്**

പാലക്കാട്ട് യോഹന്നാൻ ശെമ്മാശൻ പ്രസാധകനായി പുറത്തുവന്ന ആദ്യപതിപ്പിൽ ഇന്നത്തെ പുസ്തകത്തിലെ ഒന്നും രണ്ടും ഭാഗങ്ങളേ ഉണ്ടായിരുന്നുള്ളു. അതായത് നിത്യനമസ്കാരക്രമവും, അതിന്റെ കൂടെ ഓരോ ദിവസത്തേക്കും പ്രത്യേകമായ പ്രാർത്ഥനകളും രണ്ടു നോമ്പുകൾക്കുമുള്ള നമസ്കാരങ്ങളും ഹാശാനമസ്കാരവും. പിന്നീട് കൂടുതൽ ഭാഗങ്ങൾ ചേർത്ത് വിപുലീകരിക്കാമെന്ന ഉദ്ദേശ്യവും അതിൽ വെളിപ്പെടുത്തിയിരുന്നു. ഭാഷാപരമായ പരിഷ്കാരം ക്ലിപ്തകാലത്തോളം വരുത്തുകയില്ലെന്ന് മാത്തൻ മൽപ്പാൻ ആദ്യപതിപ്പിൽ വെളിപ്പെടുത്തിയിരുന്നു. ചൊല്ലിച്ചൊല്ലി മനഃപാഠമാകുന്ന ഭാഗങ്ങൾ ഇടയ്ക്കിടെ മാറ്റം വരുത്തുന്നതു് നല്ലതല്ലെന്ന് മല്പാൻ കരുതിയിരിക്കാം.

**വിപുലീകരണം**

വിപുലീകരണത്തിന്റെ ഭാഗമായി, കൂടുതൽ സമയം ദൈവസംസർഗ്ഗത്തിൽ കഴിയണമെന്നുള്ള താപസികൾക്കും മറ്റും ഉപയോഗിക്കുവാൻ മാബൂഗിലെ പീലക്സീനോസ് ബാവായുടെ ദിനം തോറും ഏഴു നേരത്തേക്കുള്ള പ്രാർത്ഥനകൾക്കും എഴു ദിവസവും എഴു നേരത്തേക്കുമുള്ള രഹസ്യപ്രാർത്ഥനകൾക്കും മാത്തൻ മല്പാൻ പുതിയ തർജ്ജമയുണ്ടാക്കി പിന്നീട് ഉൾക്കൊള്ളിച്ചു.

കുമ്പസാരമുറയും നാലു മൗദ്യോനൃസോകളും പത്തു കല്പനകൾ, സഭയുടെ കല്പനകൾ മുതലായവയും അനുതാപത്തിന്റെ ഏഴു മസുമൂറാകളും അതിൽ കൂട്ടിച്ചേർത്തു. പ്രത്യേകസന്ദർഭങ്ങളിൽ ഓരോരോ ആവശ്യങ്ങൾക്ക് മസുമൂറാകൾ ഉപയോഗിക്കുന്നതിനുള്ള കുറിപ്പും അതിൽ ചേർത്തു.

ഓരോരോ കാര്യങ്ങൾക്കായുള്ള പ്രാർത്ഥനകൾ ഉൾക്കൊള്ളിച്ചിരിക്കുന്നതു് ഈ പുസ്തകത്തിന്റെ സവിശേഷതയാണ്. മുഖം കഴുകുന്നതു മുതലുള്ള ദൈനംദിന കൃത്യങ്ങൾക്കും ജോലികൾക്കുമുള്ളവ ഇതിലുണ്ട്.

ദുഃഖത്തിലിരിക്കുന്നവർക്കും വഴിയാത്രക്കാർക്കും രോഗികൾക്കും സഭയ്ക്കും പട്ടക്കാർക്കും ഭരണാധികാരികൾക്കുമൊക്കെ വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനകൾ ഇതിൽ ചേർത്തിരിക്കുന്നു.

ഗുരുക്കന്മാർ, കച്ചവടക്കാർ, വൈദ്യന്മാർ, വിദ്യാർത്ഥികൾ രോഗികൾ എന്നിവർക്കെല്ലാം ഉപയോഗിക്കാവുന്ന പ്രാർത്ഥനകൾ ഇതിലുണ്ട്.

സുറിയാനിസഭയുടെ ആരാധനക്രമങ്ങൾ മലയാളത്തിൽ തർജ്ജമ ചെയ്തിട്ടുള്ളവയിലൊന്നും ഇവ കാണുന്നില്ല. ഇവയുടെ മൂലസ്രോതസ്സ് ഏതാണെന്ന് അറിയുന്നില്ല. കൽദായനമസ്കാരക്രമങ്ങളിൽ ഇങ്ങനെ ചിലതെല്ലാം കാണാം. ഇംഗ്ലീഷുകാരുടെ Book of Common Prayer ഓ മറ്റോ ഇക്കാര്യത്തിൽ പ്രേരണ നൽകിയോ എന്നുമറിയില്ല.

മരണാസന്നർ പിൻഗാമികളെ അനുഗ്രഹിക്കുന്ന ക്രമവും മരണസമയത്തെ മുറകളും പ്രാർത്ഥനകളും ഇതിലുൾപ്പെടുത്തിയതു് മറ്റു് ആരാധനക്രമങ്ങളിൽ ലഭ്യമല്ല.

ദൈവമാതാവിനോടുള്ള പ്രത്യേക നമസ്കാരം ഇതിന്റെ മൂന്നാം ഭാഗത്തു് ഉൾപ്പെടുത്തി. നോമ്പുകണക്കും പെരുന്നാൾ പട്ടികയും ഉൾക്കൊള്ളിച്ചു.

നാലാം ഭാഗമായി ഉറക്കസമയത്തേക്കുള്ള പ്രത്യേക നമസ്കാരവും യേശുനഹറാ, വസന്തപ്രാർത്ഥന, അനുതാപത്തിന്റെ മെമ്രാ എന്നിവയുടെ ഗീതരൂപത്തിലുള്ള പുതിയ തർജ്ജമയും ചേർത്തു. ഈ ഗീതങ്ങൾ ശരിയാക്കുന്നതിൽ ചാലിൽ സി. വറുഗീസ് ശ്രമിച്ചിരുന്നു. 1927 മുതൽ ഇന്നത്തെ രൂപത്തിൽ നാലു ഭാഗമായി ഈ നമസ്കാരക്രമം പുറത്തിറക്കിത്തുടങ്ങി.

എന്നാൽ ഇടക്കാലത്ത് കുർബ്ബാനക്രമം കൂടി ഉൾപ്പെടുത്തി ചില പതിപ്പുകൾ ഉണ്ടായിട്ടുണ്ട്.

ചുരുക്കത്തിൽ ഒരു വിശ്വാസിയുടെ ഭവനത്തിൽ ആവശ്യമായ എല്ലാ നമസ്കാരങ്ങളും, അപേക്ഷകളും മദ്ധ്യസ്ഥപ്രാർത്ഥനകളും അനുതാപക്രമവും കുമ്പസാരമുറയും ഒക്കെ ഉൾക്കൊള്ളുന്നതും നോമ്പ് പെരുന്നാളുകളുടെ വിവരങ്ങളെല്ലാം ഉള്ളതുമായ ഒരു ഗ്രന്ഥമാണ് മാത്തൻ മല്പാൻ വിഭാവന ചെയ്തു് സഭയ്ക്കു നൽകിയതു്. അക്കാലത്തു് അദ്ദേഹത്തിനല്ലാതെ മറ്റാർക്കുംതന്നെ അങ്ങനെ ഒരു പദ്ധതി നടപ്പിലാക്കുവാനുള്ള അടിസ്ഥാന

സൗകര്യങ്ങൾ ഇല്ലായിരുന്നുവെന്നതും സത്യമാണ്. അതു മൂലം വീടുകളിലെ ആരാധന ഏകീകരിക്കപ്പെടുവാനും ക്രമപ്പെടുവാനും ഇടയായി.

പാമ്പാക്കുട ജൂലിയോസ് പ്രസിൽ അച്ചടിച്ചിരുന്ന ഈ നമസ്കാരക്രമത്തിന്റെ പ്രസിദ്ധീകരണാവകാശം പിൽക്കാലത്ത് കോനാട്ട് അബ്രഹാം കത്തനാർ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് നൽകിയതിനു ശേഷം സഭയുടെ പ്രസിദ്ധീകരണവിഭാഗം പുറത്തിറക്കിക്കൊണ്ടിരിക്കുകയാണ്.

**ഉദയഗിരിപ്പതിപ്പ്**

എന്നാൽ 1990 ലെ പ. സാഖാ പാത്രിയർക്കീസ് ബാവായുടെ അനുവാദ പ്രകാരം ഈ നമസ്കാരക്രമത്തിന്റെ പരിഷ്കരിച്ച പതിപ്പ് 1992 മുതൽ ഉദയഗിരി സെമിനാരി പ്രസിദ്ധീകരിക്കുന്നു. അതിൽ മാത്തൻ മല്പാന്റെ സൂചകത്തിനുതന്നെ രൂപഭേദം വരുത്തി. ഒമ്പതാം മണി നമസ്കാരങ്ങൾ കൂടുതൽ ചേർത്തു. അമ്പതുനോമ്പിന്റെ പാതിരാനമസ്കാരം ഭേദപ്പെടുത്തി. അതിൽ പാതിരായുടെ മൂന്നാം കൗമാ കൂടുതൽ ചേർത്തു. അന്നേനിക്ക് അത്യാവശ്യം വേണ്ടതു മതിയെന്ന മാത്തൻ മല്പാന്റെ ദർശനം പരിഷ്കരിക്കുന്നവർക്കില്ലെന്ന് സ്പഷ്ടം. മാറ്റങ്ങൾ വരുത്തിയെങ്കിലും ഗ്രന്ഥകർത്താവായി മാത്തൻ മല്പാന്റെ പേരു തന്നെയാണ് അതിൽ കാണുന്നത്.

**കൂടുതൽ ആരാധനക്രമങ്ങൾ മലയാളത്തിൽ**

ഈ നമസ്കാരക്രമം ആദ്യം പുറത്തിറങ്ങിയ കാലത്തിനടുത്തു മുതൽ കൂടുതൽ ആരാധനക്രമങ്ങൾ മലയാളത്തിൽ വന്നുതുടങ്ങി.

സ്ലീബാ മുതൽ കൃംതാ വരെയുള്ള ഞായറാഴ്ച നമസ്കാരം (അത് ശ്ഹീമായിലെ ബുധനാഴ്ചയുടേതാണല്ലോ) ഗീതരൂപത്തിൽ പുറത്തുവന്നു.

കുടുംബാരാധനക്രമം എന്ന പേരിൽ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് ഒരു നമസ്കാരക്രമം പ്രസിദ്ധീകരിച്ചു (1974). മാത്തൻ മല്പാന്റെ ക്രമത്തെക്കാൾ ചുരുക്കിയും പഴയ നമസ്കാരക്രമത്തെക്കാൾ അല്പം വിപുലപ്പെടുത്തിയതുമാണ് അതിന്റെ ഘടന. നോമ്പുകളുടെയും ഹാശായുടെയും മറ്റൊരു ക്രമവും പിന്നീട് സുന്നഹദോസ് പുറത്തിറക്കി (1987).

കോനാട്ട് അബ്രഹാം മല്പാൻ കൃംതാനമസ്കാരത്തിന്റെ ഒരു പുതിയ ക്രമവും (ആദ്യത്തെ കൃംതായിലെപ്പോലെ തന്നെ, പെങ്കീസായിലുള്ളതും മാറിമാറി ഉപയോഗിക്കേണ്ടതുമായ എട്ടു കൃംതാക്രമങ്ങളിൽ നിന്ന് തെരഞ്ഞെടുത്തത്) ശ്ഹീമാ നമസ്കാരവും പദ്യരൂപത്തിൽ തർജ്ജമ ചെയ്ത് പുറത്തിറക്കി (1978). ശ്ഹീമായുടെ ഒരു ഗദ്യവിവർത്തനം കൊച്ചിയുടെ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ പ്രകാശിപ്പിച്ചു. ഈ പുസ്തകങ്ങളിലൊന്നും ശ്ഹീമാ മുഴുവനായി ചേർത്തിട്ടില്ല. അതിലെ മെന്ഓലാം ഭാഗം വിട്ടുകളഞ്ഞിരിക്കയാണ്. മലങ്കര കത്തോലിക്കർ ഗദ്യരൂപത്തിൽ ശ്ഹീമ പുറത്തിറക്കിയതിലും (1970) ശ്ഹീമയുടെ

സുറിയാനി-ഇങ്ഗ്ലീഷ് ദ്വിഭാഷപ്പതിപ്പ് സീരി (കോട്ടയം) പുറത്തിറക്കിയതിലും അതുണ്ട്.

നമസ്കാരക്രമങ്ങളുടെ വിവർത്തനം വേറെയും ഉണ്ടായി. ഹാശാ നമസ്കാരം മുഴുവൻ പ. ഔഗേൻ കാതോലിക്കാ ബാവാ തർജ്ജമ ചെയ്തു് പുറത്തിറക്കി (1971). അതു പിന്നീട് പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പരിഷ്കരിച്ചതാണ് (1980) ഇന്ന് ഉപയോഗത്തിലുള്ളത്. ഹാശാ നമസ്കാരത്തിന്റെ ഒരു ഗദ്യരൂപം യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ തർജ്ജമ ചെയ്തു പുറത്തിറക്കി (1982).

നോമ്പിലെ നമസ്കാരം പദ്യരൂപത്തിൽ കോനാട്ട് അബ്രഹാം കത്തനാർ പ്രസിദ്ധപ്പെടുത്തി (1984). ഗദ്യവിവർത്തനം കൊച്ചിയുടെ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടേതായുണ്ട് (1989). ഇവയുടെയെല്ലാം ഗീതഭാഗങ്ങളുടെ രചന പരേതനായ ശ്രീ സി.പി. ചാണ്ടി സാറിന്റേതാണ്.

നോമ്പിലെ നമസ്കാരം, ദുഃഖവെള്ളിയാഴ്ചയിലെ നമസ്കാരവും സ്ലീബാരാധനയും, കഷ്ടാനുഭവാഴ്ചയിലെ പ്രൊമിയോൻ എന്നിവ റവ.ഫാ. ഡോ. ബി. വറുഗീസ് സുറിയാനിയിൽ നിന്ന് ഇങ്ഗ്ലീഷിലാക്കി എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (2011)

അമ്മേനികളുടെ ഉപയോഗത്തിനും കുടുംബാരാധനയ്ക്കുമായി മാത്തൻ മല്പാൻ രൂപപ്പെടുത്തിയ നമസ്കാരക്രമം എന്തുകൊണ്ടും അനന്യമായ ഗുണമേന്മയുള്ളതാണ്. ഭവനങ്ങളിൽ നമസ്കാരം പൊതുവേ നടപ്പിലാകുവാനും അംഗീകരിക്കപ്പെടുവാനും ഏകീകൃതമാകുവാനും ജനസമ്മതമാകുവാനും അതു തീർച്ചയായും പ്രയോജനപ്പെട്ടു.

# 13

# പിറവംപള്ളിയും മലങ്കരസഭയും പിറവത്തേക്കുള്ള നസ്രാണികുടിയേറ്റവും പള്ളിസ്ഥാപനവും

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഏഴ പള്ളികളിൽ നിന്ന് പിരിഞ്ഞു് സ്ഥാപിതമായ പള്ളികളിൽ പഴക്കംകൊണ്ടു് ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം പിറവം പള്ളിക്കുണ്ട്. കടുത്തുരുത്തി, കുറവിലങ്ങാട്ട്, മൈലക്കൊമ്പ് എന്നീ പള്ളികൾക്കിടയിൽ ആദ്യം സ്ഥാപിതമായതാണ് പിറവം പള്ളി. കടമറ്റം, ആരക്കുഴ, വടകര എന്നീ പള്ളികൾ സ്ഥാപിതമാകും മുമ്പ് പിറവം പള്ളി ഉണ്ട്. മുളക്കുളം, മാമ്മലശ്ശേരി, വടയാപ്പറമ്പ്, ഓണക്കൂർ, കാരിക്കോട്ട് പ്രദേശത്തെ പള്ളികൾ പിറവത്തുനിന്നും പിരിഞ്ഞവയാണ്.

ആദിമക്രൈസ്തവ സമൂഹത്തിന്റെ ജനസംഖ്യാവളർച്ചയും കൂടുതൽ മെച്ചമായ തൊഴിലന്വേഷണവും മറ്റും തീരദേശങ്ങളിൽ നിന്ന് ഉൾനാട്ടുകളിലേക്ക് നസ്രാണികൾ കുടിയേറുവാൻ കാരണമായി. പള്ളിപ്പുറത്തുനിന്നാണ് പ്രധാന കുടിയേറ്റം പിറവത്തേക്ക് ഉണ്ടായതെന്ന് പല കുടുംബങ്ങളുടെയും പൂർവ്വചരിത്രത്തിൽ നിന്നറിയാം. ഉദയംപേരൂർ, കടുത്തുരുത്തി, മുളന്തുരുത്തി എന്നിവിടങ്ങളിൽ നിന്നും കുടിയേറ്റമുണ്ടായി. 9-ാം നൂറ്റാണ്ടിനടുത്ത് വൻതോതിൽ കുടിയേറ്റം നടന്നതായി ചരിത്രമുണ്ട്. ന്യൂനപക്ഷമായ തെക്കുംഭാഗരും കുടിയേറ്റക്കാരിൽ പെടുന്നു.

തിരുവിതാംകോട്ടിലും മറ്റും അവശേഷിച്ചിട്ടുള്ള തരുതായ്ക്കൾ (ധരിയായ്ക്കൾ, തരീസാക്കൾ) എന്ന കൂട്ടരിൽ നിന്നും വന്ന ചില കുടുംബക്കാരും പിറവത്തുണ്ട്.

ഉൾനാട്ടുകളിൽ കുടിയേറിയ നസ്രാണികൾ തങ്ങളുടെ താവഴി കേന്ദ്രങ്ങളിൽ കുരിശടികളും കുഴിമാടങ്ങളും ഉണ്ടാക്കിയിരുന്നു. അവിടങ്ങളിലാണ് പിൽക്കാലത്ത് പള്ളികൾ ഉണ്ടായത്. പിറവം പള്ളി 5, 6 നൂറ്റാണ്ടുകൾക്കിടയിൽ സ്ഥാപിതമായി എന്ന് കരുതപ്പെടുന്നു. 9-ാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്ന് വന്ന മാർ സാബോർ, മാർ ഫ്രോത്ത് എന്നിവരിൽ മാർ ഫ്രോത്ത് ഉദയംപേരൂർ കേന്ദ്രമാക്കിയാണ് പ്രവർത്തിച്ചിരുന്നത്. ഈ പിതാവിന്റെ പേര് പിറവം പള്ളിയോടു ബന്ധപ്പെട്ടതായി (ഫ്രോത്ത്പള്ളി>പ്രവത്തുപള്ളി >പോറോത്തുപള്ളി) ഊഹിക്കുന്നവരുണ്ട്.

**പിറവത്തിന്റെ പിറവി**

പള്ളിയുടെ പേരിൽ നിന്നാകാം പിറവം എന്ന സ്ഥലപ്പേരിന്റെ പിറവി. ആദ്യകാലരേഖകളിൽ പ്രത്തു്, പൊറോത്തു്, പ്രവത്തു്, പൊരൊത്തു് എന്നിങ്ങനെയെല്ലാം കാണാം. സംസാരഭാഷയിൽ ഇന്നും പൊറോം എന്നാണ്. ഊരകം പോലെയുള്ള ഏതെങ്കിലും അകത്തിന്റെ പുറത്തെ (പിറത്തെ) പള്ളിയാണോ, ആറ്റുപുറത്തെ പള്ളിയാണോ, കോട്ടപ്പുറത്തെ പള്ളിയാണോ എന്നൊക്കെ ഗവേഷണത്തിനു പറ്റിയ വിഷയമാണ്. തിരുവിതാംകൂറിലെ സർവ്വേരേഖകൾക്കു ശേഷമാണ് പൊറോം (പ്രവം) പിറവം എന്ന് വികസിപ്പിച്ച് എഴുതിത്തുടങ്ങുന്നത്. പ്രമാടം പിറമാടമായും പ്രാവ് പിറാവായും എഴപ്രം എഴപ്പുറമായും രൂപഭേദം ഉണ്ടല്ലോ.

**പിറവം പള്ളി പ. കന്യകറിയാമമ്മയുടെ നാമത്തിൽ**

പൂർവ്വികസഭയുടെ പാരമ്പര്യപ്രകാരം പരിശുദ്ധ കന്യകമറിയാമിന്റെ നാമത്തിലാണ് ഈ പള്ളി സ്ഥാപിതമായത്. പള്ളിയുടെ ബലിപീഠത്തിന്റെ പിന്നിലെ റവുത്തളിൽ (മേശക്കു പിറകിലുള്ളത് – റിയോ ടാബുലം, റാത്തൾ, എറത്താൾ, എറത്താഴ് എന്നൊക്കെ രൂപപരിണാമം) പ്രധാനമായി നടുവിൽ ചിത്രീകരിച്ചിരിക്കുന്നത് യേശുക്കുഞ്ഞിനെ കൈയിൽ വഹിച്ചിരിക്കുന്ന ദൈവമാതാവിന്റെ ചിത്രമാണ്. കിഴക്കൻ സഭാപാരമ്പര്യം മാതാവിനെ ഒറ്റയ്ക്ക് ചിത്രീകരിക്കാറില്ലല്ലോ. പോർട്ടുഗീസ് കാലഘട്ടത്തിൽ പുനർനിർമ്മിച്ചപ്പോൾ ഉണ്ടാക്കിവച്ച ഇതിൽ മാതാവിനെ പ്രധാനസ്ഥാനത്തു് ചിത്രീകരിച്ചത് അന്ന് മാതാവിന്റെ നാമത്തിലാണ് പള്ളി എന്നറിയാവുന്നതുകൊണ്ടാണ്. 1939 ൽ ഈ പള്ളിയിൽ എഴുതിയ ഉടമ്പടിയിൽ ഈ പള്ളി മ്ശ്ശശെ രാജശ്രേഷ്ഠന്മാർ കാഴ്ചകളോടെ വണങ്ങുന്ന ഉണ്ണിമിശിഹാ തമ്പുരാനെ പേറിയിരിക്കുന്ന വി. കന്യക മറിയാമമ്മയുടെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ളതാണെന്ന് അക്കാലത്തെ ധാരണ രേഖപ്പെടുത്തി.

**രാജാക്കളുടെ പള്ളി എന്നതിന്റെ ആഗമം**

റവുത്തൾ ചിത്രീകരണങ്ങളിൽ കീഴ്നിരയിൽ തെക്കുഭാഗത്ത് മ്ശ്ശശന്മാർ (മ്ശ്ശശരാജാക്കൾ, വിദ്വാൻമാർ, ജ്ഞാനികൾ: ഇപ്പോൾ മ്ശ്ശശരാജാക്കൾ കൂജരാജാക്കളായും വീണ്ടും പൂജ രാജാക്കളായും രൂപഭേദം വന്നിരിക്കുന്നു) കാഴ്ച സമർപ്പിക്കുന്ന സന്ദർഭം ചിത്രീകരിച്ചിട്ടുണ്ട്. (മ്ശ്ശശന്മാർ പേർഷ്യയിൽ നാട്ടുവാഴിത്തവും പൗരോഹിത്യവും ഉണ്ടായിരുന്ന ജോതിഷജ്ഞാനികളായ സമൂഹമാണ്. പോറസിലെ, അഥവാ പേർഷ്യയിലെ ജ്ഞാനികൾ എന്ന് സുറിയാനി ആരാധനാക്രമത്തിൽ കാണാം.)

ആദിമസഭയിലെ രണ്ടു പ്രധാന പെരുന്നാളുകളിൽ ഒന്നായ ദനഹ (എപ്പിഫനി, രാക്കുളിപ്പെരുന്നാൾ) യേശുവിന്റെ ജനന വെളിപ്പെടലുകളുടെ സംയുക്ത ആഘോഷമായിരുന്നു. ജനനപ്പെരുന്നാൾ പിന്നീടാണ് നടപ്പി

ലായത്. പോർട്ടുഗീസ് കാലഘട്ടത്തിൽ റോമൻ കത്തോലിക്കാവിഭാഗ ത്തിലേക്ക് കൂറുമാറിയവരിൽ ഒരു ന്യൂനപക്ഷം പിറവം പള്ളിയിൽതന്നെ തങ്ങളുടെ ആത്മിയാവശ്യങ്ങൾ നടത്തുന്നത് തുടർന്നു. ആ കാലയളവിൽ റോമൻകത്തോലിക്കാക്രമമനുസരിച്ച് ആരാധനകളും പെരുന്നാളുകളും അക്കൂട്ടർ പിന്തുടർന്നു. അതുവരെ പിന്തുടർന്ന ജൂലിയൻ കലണ്ടറും അവർ ഉപേക്ഷിച്ച് ഗ്രീഗോറിയൻ കലണ്ടർ സ്വീകരിച്ചു. ഇവ തമ്മിൽ 10, 13 ദിവസങ്ങളുടെ വ്യത്യാസമുണ്ടായിരിക്കും. കത്തോലിക്കാവിഭാഗം മ്ഗുശ രാജാക്കൾ കാഴ്ചയർപ്പിക്കുന്നതിന് പ്രാധാന്യമുള്ള എപ്പിഫനി ആഘോഷി ക്കുമ്പോൾ പൂർവ്വികസഭാംഗങ്ങൾ ജനനപ്പെരുന്നാളാകും ആഘോഷിക്കുക. (ഏതാണ്ട് 1957 വരെ എങ്കിലും വ്യത്യസ്തതീയതികളിൽ പെരുന്നാൾ ആച രിച്ചിരുന്നത് മുൻതലമുറയിൽപെട്ടവർക്ക് ഓർമ്മയുണ്ടാകും.) ആ ഇടക്കാ ലത്തെ പ്രചാരണങ്ങളാലാണ് ഈ പള്ളി രാജാക്കളുടെ നാമത്തിൽ അറിയപ്പെട്ടുവാൻ ഇടയാക്കിയത്. സുറിയാനിപാരമ്പര്യത്തിൽ രാജാ ക്കളുടെ നാമത്തിൽ പള്ളി സ്ഥാപിക്കുവാൻ സാദ്ധ്യത വളരെ വിരളമാണ്. എന്നാൽ റോമൻകത്തോലിക്കാ പാരമ്പര്യത്തിൽ സാദ്ധ്യതയുണ്ട്. പിറവം കൊച്ചുപള്ളി അങ്ങനെ ഹോളി മാഗി പള്ളിയായി. മൂവാറ്റുപുഴ, പാലാ എന്നി വിടങ്ങളിലും ആ പേരിൽ കത്തോലിക്കാപ്പള്ളികളുണ്ട്. ചിലർ സൂചിപ്പി ക്കുന്നതുപോലെ പിറവം പള്ളി വി. രാജാക്കളുടെ പേരിൽ ആയിരുന്നില്ല സ്ഥാപിതമായത്. പില്ക്കാലത്ത് പാത്രിയർക്കീസ് മാതാവിന്റെ പേരിൽ പുനർനാമകരണം ചെയ്തു എന്ന് പറയുന്നവർ പാത്രിയർക്കീസിനെ വെറുതേ ഇതിലേക്ക് വലിച്ചിഴയ്ക്കുകയാണ്. സംശയമുള്ളവർ റവുത്തളിൽ മദ്ധ്യഭാഗത്ത് ചിത്രീകരിച്ച മാതാവിനെ സൂക്ഷിച്ചു നോക്കുക. (അവിടെ രാജാക്കന്മാരില്ലല്ലോ.) ആ ചിത്രീകരണം പതിനാറാം നൂറ്റാണ്ടിലേതാ ണല്ലോ. പിന്നീട് രംഗത്തു വന്ന പാത്രിയർക്കീസ് എപ്പോൾ, എന്തിന് പേരു മാറ്റണം?

ആ കാലഘട്ടത്തിൽ കത്തോലിക്കാവിഭാഗത്തിന്റെ സ്വാധീനത്തിൽ എഴുതപ്പെട്ടുവെന്ന് കരുതാവുന്ന പെരുന്നാൾപട്ടിക പള്ളിയുടെ തെക്കേ ത്രോണാസിനരുകിൽ തെക്കേ ഭിത്തിയിൽ കാണാം. ധനു 18, 21 (മാർ ത്തോമ്മാ ശ്ലീഹ) കന്നി 8 ദൈവമാതാവ് തുടങ്ങിയ പെരുന്നാളുകൾ കത്തോലിക്കാസ്വാധീനം വെളിപ്പെടുത്തുന്നു. രാജാക്കന്മാരുടെ പെരുന്നാ ളിനെക്കുറിച്ചൊന്നും അതിൽ സൂചനയില്ല. മലയാള അക്കങ്ങളിൽ പത്ത്, ഇരുപത്, മുപ്പത്, നാല്പത്, ഇവകൾക്കൊക്കെ പ്രത്യേക അക്കം നിലനിന്ന കാലത്താണ് ഇത് എഴുതപ്പെട്ടിരിക്കുന്നത്. മലയാളത്തിൽ ആദ്യം അച്ചടിക്കപ്പെട്ട വേദപുസ്തകത്തിലെ (1811) ലിപികളോട്ട് ഇതിന് അടുപ്പ മുണ്ട്.

മലങ്കരമെത്രാനായിരുന്ന പുന്നത്ര മാർ ദിവന്നാസിയോസ് മൂന്നാമന്റെ

അപേക്ഷയെത്തുടർന്ന് റോമൻവിഭാഗത്തിലെ തെക്കുംഭാഗരുടെ പിറവം പള്ളിയിലെ കുട്ടവകാശം നീക്കി തിരുവിതാംകൂർ റാണി പാർവ്വതി ഭായി വിളംബരം ചെയ്തു. (1821 ധനു 8) തുടർന്ന് 1821 ഇടവം 21 ന് വിശുദ്ധ രാജാക്കളുടെ നാമത്തിൽ കൊച്ചുപള്ളി സ്ഥാപിച്ച് അവർ പിരിഞ്ഞു. (1653 മുതൽ പള്ളികളിൽ നടന്നുവന്നിരുന്ന ഇരുവിഭാഗവും തമ്മിലുള്ള തർക്ക ങ്ങൾ 19-ാം നൂറ്റാണ്ടു മദ്ധ്യം വരെയും പലയിടങ്ങളിലും തുടർന്നിരുന്നുവെന്ന് ഓർക്കേണ്ടതാണ്.)

**മലങ്കരസഭയുടെ ഇതര സഭാബന്ധങ്ങൾ**

ഇൻഡ്യൻ ക്രൈസ്തവസമൂഹം കിഴക്കൻ സുറിയാനി സഭാപാരമ്പര്യ മാണ് പിന്തുടർന്നു വന്നത്. പേർഷ്യൻ ക്രിസ്ത്യാനികളുടെ കേരളത്തിലേ ക്കുള്ള കുടിയേറ്റം ഈ ബന്ധത്തിന് ശക്തി പകർന്നിട്ടുണ്ട്. പോർട്ടുഗീസു കാരുടെ ആക്രമണം വരെയുള്ള സഭാചരിത്രം നോക്കിയാൽ ഇക്കാര്യം സുവ്യക്തമാണ്. അതേ സമയം അക്കാലത്തിനിടയ്ക്ക് സഭയിൽ ഉണ്ടായ വേദശാസ്ത്രതർക്കങ്ങളിലും അതിലുള്ള സാമ്രാജ്യാധിപതികളുടെ ഇടപെടലു കൾ മൂലമുണ്ടായ ഭിന്നിപ്പുകളിലും ഭാരത ക്രൈസ്തവസമൂഹം പങ്കുചേർ ന്നിരുന്നില്ല. തർക്കങ്ങൾ ഉടലെടുക്കുംമുമ്പുള്ള വിശ്വാസവും ആരാധനാ സമ്പ്രദായങ്ങളും ഇവിടെ നിലനിന്നു.

പോർട്ടുഗീസ് കോളനി സ്ഥാപിക്കുവാനും റോമൻ സഭാപാരമ്പര്യം ഇവിടെ ഉറപ്പിക്കുവാനും നടത്തിയ ശ്രമങ്ങളെ അന്നത്തെ ക്രൈസ്തവ സമൂഹം എതിർത്തു. പക്ഷെ സൈന്യബലവും അവർ പാട്ടിലാക്കിയ നാട്ടുരാജാക്കന്മാരുടെ സ്വാധീനവും മൂലം എതിർപ്പുകൾ മന്ദീഭവിപ്പിച്ച് റോമൻപാരമ്പര്യം അടിച്ചേൽപ്പിക്കുവാൻ ഗോവ ആർച്ചുബിഷപ്പ് ഉദയം പേരൂരിൽ പള്ളിയോഗം വിളിച്ചുകൂട്ടി. എന്നാൽ ആ സുന്നഹദോസ് ആരംഭിച്ചത് പേർഷ്യൻ (വകുദാശി, ബാഗ്ദാദ്) പാത്രിയർക്കീസിന്റെ പേരു കുർബ്ബാനയിൽ ഓർത്തുകൊണ്ടാണ്. പേർഷ്യൻസഭ റോമിന്റെ കീഴിലാ യിരുന്നതിനാൽ റോമിന് ഈ സഭയിൽ കോയ്മ ഉണ്ടായിരുന്നുവെന്നും, അല്ല പേർഷ്യൻസഭ അന്ത്യോഖ്യൻസഭയുടെ കീഴിലായിരുന്നുവെന്നും അതതു പാരമ്പര്യത്തോടു കൂറുള്ളവർ ഇന്നു വാദിക്കുന്നത് അന്നത്തെ സഭാസാഹചര്യങ്ങളെക്കുറിച്ച് വിസ്മരിച്ചുകൊണ്ടാണ്. രാഷ്ട്രീയസാഹചര്യ ങ്ങളാൽ പ്രധാന സഭാകേന്ദ്രങ്ങളായി വളർന്ന അന്ത്യോഖ്യ, റോമ, അലക്സാന്ത്രിയ, കസ്തന്തീനോസ്പോലീസ് എന്നിവയോട് വിശ്വാസ ഐക്യമില്ലാതിരുന്ന (4-ാം നൂറ്റാണ്ടു മുതലേ) പേർഷ്യയിലെ (കൽദായ) സെലൂക്യയുമായാണ് മലങ്കരസഭയ്ക്ക് വൈദികബന്ധമുണ്ടായിരുന്നത്. ഇതിലൊന്നിന്റെയും കോയ്മ കൽദായസഭയിൽ ഉണ്ടായിരുന്നില്ല.

റോമൻമിഷനറിമാരോടുള്ള എതിർപ്പ് കെട്ടടങ്ങാതിരിക്കേ പൂർവ്വിക പാരമ്പര്യത്തിലേക്കു മടങ്ങാൻ മലങ്കരസഭ ഉദയംപേരൂർ സുന്നഹ

ദോസിനു ശേഷവും പരിശ്രമിച്ചുകൊണ്ടിരുന്നു. യൂറോപ്യന്മാരല്ലാത്ത മെത്രാന്മാരാരും ഈ നാട്ടിൽ വന്നുചേരാതിരിക്കുവാൻ കടലിലും കരയിലും പോർട്ടുഗീസുകാരുടെ കണ്ണുണ്ടായിരുന്നു. അലക്സാന്ത്രിയ, അന്ത്യോഖ്യാ, പേർഷ്യ എന്നീ സഭകളിൽ നിന്ന് മേല്പട്ടക്കാരെ വരുത്തുവാൻ ഈ സഭ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. പള്ളികൾ സ്ഥാപിക്കുവാനും വൈദികർക്കു പട്ടം കെട്ടുവാനും വൈദികമേലദ്ധ്യക്ഷനെ ലഭിക്കുകയായിരുന്നു അന്നത്തെ ആവശ്യം. ഒരു പ്രത്യേക സഭയോടു മാത്രമല്ലാതെ ഇതിന് അഭ്യർത്ഥന നടത്തിയതു് ഒരു കേന്ദ്രത്തോടും നമുക്ക് വിധേയത്വമില്ലായിരുന്നു എന്നതിന്റെ തെളിവാണല്ലോ.

**സിറിയൻ സഭാബന്ധം**

റോമൻമിഷനറിമാരോടുള്ള എതിർപ്പ് ഒടുവിൽ പൊട്ടിത്തെറിയിലെത്തിയതു് വിദേശത്തുനിന്ന് വന്ന ഒരു സുറിയാനിമേല്പട്ടക്കാരനെ മട്ടാഞ്ചേരിയിൽ പോർട്ടുഗീസുകർ കടലിൽ കെട്ടിത്താഴ്ത്തി കൊന്നുകളഞ്ഞു എന്ന വാർത്ത മൂലമായിരുന്നു. (ഈ മേല്പട്ടക്കാരൻ ഏതു പാരമ്പര്യത്തിൽ നിന്നുള്ള ആളായിരുന്നുവെന്ന് തീർച്ചയാക്കുവാൻ ചരിത്രരേഖകൾ വ്യക്തമല്ല. ഏതായാലും സിറിയൻ അന്ത്യോഖ്യാ പാത്രിയർക്കീസ് അല്ലായിരുന്നുവെന്ന് പാത്രിയർക്കീസുമാരുടെ പട്ടികയിൽ നിന്ന് വ്യക്തമായറിയാം, അങ്ങനെ ഇന്നും ചിലർ ആണയിടുന്നുണ്ടെങ്കിലും.) തുടർന്നുണ്ടായ പള്ളിയോഗങ്ങൾ മിഷനറിമാരുമായും റോമുമായും ഇടക്കാലത്തുണ്ടായ ബന്ധങ്ങൾ പറിച്ചെറിഞ്ഞു. അന്ന് പൊതു സഭാനേതൃത്വം വഹിച്ചിരുന്ന അർക്കദിയാക്കോനെ മേല്പട്ടക്കാരനായി വാഴിക്കുകയും ചെയ്തു. ഈ മേല്പട്ടക്കാരന്റെ കൈവെപ്പിന്റെ ന്യൂനതയെക്കുറിച്ച് റോമൻപക്ഷം ഉന്നയിച്ച ആരോപണം മറികടക്കുവാൻ ഈ സഭ വീണ്ടും ഇതര സഭാമേലദ്ധ്യക്ഷന്മാരോട് സഹായം അഭ്യർത്ഥിച്ചു. അതിന്റെ ഫലമായി അന്ത്യോഖ്യൻ സുറിയാനിസഭയുമായി നമുക്ക് ബന്ധമുണ്ടായി. തുടർന്നുള്ള കാലഘട്ടത്തിൽ മേലദ്ധ്യക്ഷന്മാരുടെ ചുമതലകൾ ഇവിടെ നിർവ്വഹിക്കുവാൻ ക്ഷണിക്കപ്പെട്ടും അല്ലാതെയും വന്ന പിതാക്കന്മാർ വിവിധ സഭാപാരമ്പര്യത്തിൽ നിന്നുള്ളവരായിരുന്നു. അലക്സാന്ത്രിയ, അന്ത്യോഖ്യാ, തെഗ്രിസ്, പേർഷ്യൻ (നെസ്തോർ കൽദയ, അതിൽതന്നെ കത്തോലിക്കാസഭയിൽ ചേർന്നവർ) സഭകളിൽ നിന്നായിരുന്നു അന്നു വന്നിരുന്ന മേല്പട്ടക്കാർ. എന്നാൽ ക്രമേണ അന്ത്യോഖ്യൻസഭയുമായി ബന്ധം ശക്തിപ്പെടുകയും, അക്കൂട്ടത്തിൽ നിന്ന് വന്ന പിതാക്കന്മാരിലൂടെ അന്ത്യോഖ്യൻ ആരാധനാക്രമം (പാശ്ചാത്യസുറിയാനി) ഇവിടെ വേരൂന്നുകയും ചെയ്തു. ആർച്ച് ബിഷപ്പ് മെനസീസ് കൽദായസുറിയാനി ആരാധനാക്രമങ്ങൾ മാറ്റി ലത്തീൻക്രമത്തിന്റെ സുറിയാനിരൂപം പ്രചരിപ്പിക്കുവാൻ ശ്രമിച്ചിട്ടും 100 വർഷത്തോളം മുമ്പും പേർഷ്യൻ (കൽദയ)

ആരാധനാക്രമങ്ങൾ പഴയ പള്ളികളിലൊക്കെ ഉണ്ടായിരുന്നു.

ആംഗ്ലിക്കൻമിഷനറിമാരുടെ വരവും അവരും മലങ്കരസഭയുമായുള്ള സമ്പർക്കവും അതിന്റെ ശൈഥില്യവും പിന്നീട് അന്ത്യോഖ്യൻബന്ധം ഉറപ്പിച്ചു പ്രഖ്യാപിക്കുവാൻ ഇടയാക്കി. പോർട്ടുഗീസുകാരെപ്പോലെ തന്നെ ആംഗ്ലിക്കൻസഭയിലെ പിൽക്കാലമിഷനറിമാർ രാജകീയപിൻബലത്തോടെ ഈ സഭയിൽ അധീശത്വം നേടുവാൻ ശ്രമിച്ചപ്പോൾ, അതിൽ നിന്നുള്ള രക്ഷാമാർഗ്ഗം എന്ന നിലയിൽ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ നേതൃത്വം ഈ സഭ പ്രഖ്യാപിക്കുകയായിരുന്നു. ആ നടപടികളുടെ പരിണതഫലമാണ് സിറിയൻസഭയുടെ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ കേരളത്തിൽ വരുവാൻ ഇടയായത്. മിഷനറിമാരുടെ സഭാനവീകരണശ്രമങ്ങളെ ചെറുക്കുവൻ ബാവായുടെ നേതൃത്വത്തിൽ മലങ്കര പള്ളിയോഗം മുളന്തുരുത്തിയിൽ ചേരുകയും ഇന്നുള്ള ഭരണസംവിധാനങ്ങളുടെ ആദ്യ രൂപരേഖ ഉണ്ടാകുകയും ചെയ്തു.

**മലങ്കര പള്ളിയോഗങ്ങൾ**

മലങ്കരസഭയിലെ ആരാധനാചാരാനുഷ്ഠാനങ്ങളും ഭരണക്രമങ്ങളും കാലാനുസൃതം നിശ്ചയിച്ച് ക്രമവത്ക്കരിക്കുവാൻ മുമ്പും പള്ളിയോഗങ്ങൾ ചേർന്ന് തീരുമാനങ്ങളെടുത്തിട്ടുണ്ട്. ആലങ്ങാട്, പുത്തൻകാവ്, കണ്ടനാട്, ആർത്താറ്റ്, മാവേലിക്കര തുടങ്ങിയ സ്ഥലങ്ങളിൽ ചേർന്ന പള്ളിയോഗങ്ങൾ എഴുതിവച്ച പടിയോലകൾ സഭാചരിത്രരേഖകളിൽ കാണാം. ഇന്നത്തെ സഭാഭരണഘടനയുടെ മൂലരൂപങ്ങൾ ഇവയിൽ കണ്ടെത്താം. അത്തരം യോഗതീരുമാനങ്ങളോട് ഇടവകപ്പള്ളികൾക്ക് തികഞ്ഞ വിധേയത്വം ഉണ്ടായിരുന്നു.

**പിറവം പള്ളി സന്ദർശിച്ചവർ**

പിറവംപള്ളി സന്ദർശിച്ച ആദ്യ സഭാമേലദ്ധ്യക്ഷന്മാർ പേർഷ്യൻ പിതാക്കന്മാരായ മാർ സാബോർ, മാർ ഫ്രോത്ത് എന്നിവരാകാം.

ഗോവൻ ആർച്ച് ബിഷപ്പ് മെനസ്സീസ് തന്റെ ജൈത്രയാത്രയിൽ ഇവിടെ സന്ദർശിച്ചതായി രേഖയുണ്ട്.

കല്ലട മുത്തപ്പൻ അന്ത്രയോസ് ബാവയുടെ രണ്ടു സഹോദരന്മാർ ഈ പള്ളിയിൽ ശുശ്രൂഷകരായിരുന്നത് അദ്ദേഹത്തിന്റെ സന്ദർശനത്തെത്തുടർന്നാകാം.

1846 ൽ വന്ന് മുളന്തുരുത്തിയിൽ കബറടക്കപ്പെട്ട യൂയാക്കിം മാർ കൂറിലോസിന്റെ സഹോദരൻ മല്ക്ക് ഗബ്രിയേൽ മക്കുദിശാ പള്ളിയുടെ ശ്രാമ്പിയിൽ താമസിച്ച് ശുശ്രൂഷ ചെയ്തിരുന്നു.

1877 ഫെബ്രുവരിയിൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ പരുമല തിരുമേനിയോടൊപ്പം ഇവിടെ താമസിച്ച് സഭാഭരണ ക്രമ

വത്കരണ കല്പനകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1958 ൽ കക്ഷിവഴക്കുകൾ തീർന്ന ശേഷം ശാന്തമായ സഭാന്തരീക്ഷത്തിൽ 1964 ൽ ഔഗേൻ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണത്തെത്തുടർന്ന് അദ്ദേഹത്തോടൊപ്പം യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ ഈ പള്ളി സന്ദർശിച്ചു.

കണ്ടനാട്ട് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ (പിന്നീട് മലങ്കരയിലെ ഒന്നാം കാതോലിക്കാ ബാവ) പൗലോസ് മാർ ഈവാനിയോസ് ഈ പള്ളിയിൽ ദീർഘകാലം താമസിച്ചിരുന്നു. സഭയിലെ പ്രശ്നകലുഷിതമായ കാലഘട്ടത്തിൽ മാർ അബ്ദുള്ള ബാവ അദ്ദേഹത്തെ ഭരണചുമതലയിൽനിന്ന് വിടർത്തിയ വിവാദകല്പന ഇവിടെ വച്ചാണ് പരസ്യപ്പെടുത്തിയത്.

**പിറവം പള്ളി മലങ്കര സഭാചരിത്രത്തിൽ**

പൊതുസഭാരംഗത്ത് ശ്രദ്ധേയസംഭാവനകൾ അധികം പിറവത്തുനിന്ന് ഉണ്ടായിട്ടില്ലെന്ന് തോന്നുന്നു. എന്നാൽ നേതൃപാടവവും ജ്ഞാനവുമുള്ള വൈദികർ ഉണ്ടായിട്ടുണ്ട്. കോട്ടയം പഴയ സെമിനാരിയിൽ മല്പാന്മാരിൽ ഒരാളായി പിറവത്തെ കാരാമ്മേൽ കത്തനാർ ഉണ്ടായിരുന്നുവത്രേ.

ആംഗ്ലിക്കൻ മിഷനറിമാരുടെ ഒത്താശയോടെ മലങ്കര മെത്രാപ്പോലീത്താ ദിവന്നാസിയോസ് നാലാമന് (ചേപ്പാട്ട്) എതിരേ പള്ളി ഭരണത്തിൽ നിന്ന് അദ്ദേഹം വിടർത്തിയവർ പരാതിപ്പെട്ടിട്ട് മെത്രാനെ ബന്തവസ്സിൽ വച്ച് വിസ്തരിച്ച അത്യപൂർവ്വ സംഭവത്തിന് പിറവം സാക്ഷ്യം വഹിച്ചിട്ടുണ്ട്. മിഷനറിമാരിലൂടെ സർക്കാരിൽ സമ്മർദ്ദം ചെലുത്തിയാണ് മെത്രാനെ വിസ്തരിപ്പിച്ചത്. ദൈവഗത്യാ മെത്രാൻ കുറ്റക്കാരനല്ലെന്ന് തീരുമാനിക്കപ്പെട്ടു. (സ്വാർത്ഥതാത്പര്യങ്ങൾക്കു വേണ്ടി സഭാപിതാക്കന്മാരെ വേദനിപ്പിക്കുന്നതിൽ പിറവത്തിന്റെ കറുത്ത കഥ തുടർക്കഥ തന്നെയാണല്ലോ.)

ആംഗ്ലിക്കൻ മിഷനറിമാരുടെ ഒത്താശയോടെ മലങ്കരമെത്രാനെതിരേ, സഭയിൽ ഉള്ള ദോഷങ്ങളെക്കുറിച്ച് കർണൽ പ്രെഡർ സായ്പിനയച്ച പരാതിയിൽ, പിറവത്തുകാരൻ തൊമ്മൻ കത്തനാർ ഒപ്പിട്ടിരുന്നു. എങ്കിലും തുടർന്ന് നവീകരണവിഭാഗത്തിന് ഇവിടെ വേരുപിടിച്ചില്ല.

**പള്ളിയോഗങ്ങളിലെ പങ്കാളിത്തം**

ഉദയംപേരൂർ സുന്നഹദോസിൽ ഈ പള്ളിയിൽ നിന്നുള്ള പ്രതിനിധികൾ ഉണ്ടായിരുന്നു.

1887 ഫെബ്രുവരിയിൽ കരിയാറ്റിൽ യൗസേഫ് മെത്രാന്റെ കാലശേഷം റോമൻസഭാവിഭാഗത്തില ഭിന്നത വർദ്ധിച്ച് കൽദായ സുറിയാനി മേലദ്ധ്യ

ക്ഷന്മാരുമായി ബന്ധം പുനഃസ്ഥാപിക്കുവാൻ പാറേമ്മാക്കൽ ഗവർണ ദോറിന്റെ നേതൃത്വത്തിൽ അങ്കമാലിയിൽ പള്ളിയോഗം കൂടി. ഗവർണ ദോരിനെ സഹായിക്കുവാൻ 12 കാനോനിസ്റ്റന്മാരെ നിശ്ചയിച്ച രേഖയിൽ പിറവത്തെ റോമൻവിഭാഗത്തിലെ ഒരു ശെമ്മാശ്ശൻ ഒപ്പുവച്ചിട്ടുണ്ട്.

മുളന്തുരുത്തി സുന്നഹദോസിൽ ഇവിടെ നിന്നുള്ള പ്രതിനിധികളായി കാരാമ്മേൽ അബ്രാഹാം കത്തനാരും പുത്തൻപുരയ്ക്കൽ തോമാ ശെമ്മാശനും പങ്കെടുത്തു.

**ആവർത്തിക്കുന്ന കക്ഷി വഴക്ക്**

1972 നു ശേഷം മലങ്കര സഭാന്തരീക്ഷത്തിൽ ഉണ്ടായ കാറ്റും കോളും ഈ ഇടവകയെയും ബാധിച്ചിട്ടുണ്ട്. 1982 ലെ ഇടവക ഭരണസമിതി തെരഞ്ഞെടുപ്പ് 1934 ലെ സഭാഭരണഘടന അനുസരിച്ചല്ലെന്ന് ചൂണ്ടിക്കാണിച്ച് തുടങ്ങിയ വ്യവഹാരം ഇപ്പോഴും തുടരുന്നു.

അരനൂറ്റാണ്ടു നീണ്ട കക്ഷിവഴക്കുകൾക്കൊടുവിൽ 1958 ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇരുവിഭാഗങ്ങൾ തമ്മിൽ സഭാ ഭരണഘടന അംഗീകരിക്കുന്ന യോജിപ്പുണ്ടായി. തുടർന്ന് ഭരണഘടന പ്രകാരം നടന്നിട്ടുള്ള മലങ്കര അസോസിയേഷൻ യോഗങ്ങളിൽ മലങ്കര സഭയിലെ എല്ലാ പള്ളികളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. പിറവത്തുനിന്നും ആ അസോസിയേഷൻ യോഗങ്ങളിൽ പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്.

കണ്ടനാടു ഭദ്രാസനത്തിലെ എല്ലാ പള്ളികളിലും ഭരണഘടനപ്രകാരം എല്ലാ കാര്യങ്ങളും നടത്തണമെന്ന് 1958 ലെ സമാധാനത്തിനു ശേഷം ഇടവക മെത്രാപ്പോലീത്ത കൽപ്പന പുറപ്പെടുവിച്ചിരുന്നു. അപ്രകാരം സഭാ ഭരണഘടന അംഗീകരിക്കുന്നതായി ഈ പള്ളിപ്പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്.

1809 ലെ കണ്ടനാടു പടിയോലയിലെ നിർദ്ദേശമാണ്, മെത്രാന്റെ പ്രതിനിധിയായി ഒരു ഇടവകപ്പട്ടക്കാരൻ കൈസ്ഥാനികളോടൊപ്പം വേണമെന്നതും, ചെലവുകൾ ചെയ്യുന്നത് മെത്രാൻ, വികാരി, പൊതുയോഗം ഇവയുടെ അനുവാദത്തോടെ വേണമെന്നതും.

1886 ൽ അന്നത്തെ ഭദ്രാസനമെത്രാപ്പോലീത്തായ്ക്ക് പിറവത്തെ പള്ളിച്ചുമതലക്കാർ എഴുതിവച്ച ഉടമ്പടിയിൽ സുറിയാനി അസോസിയേഷനോടും ഭദ്രാസനമെത്രാപ്പോലീത്തായോടും നിരുപാധികവിധേയത്വം പ്രഖ്യാപിച്ചിട്ടുണ്ട്. മെത്രാനെയും പൊതുസഭയെയും കൂടാതെ സ്വതന്ത്ര ഇടവക എന്ന ചിന്തയൊന്നും അക്കാലത്തില്ല. പൊതുസഭയോടു ചേർന്നേ ഇടവകയ്ക്കു നിൽക്കാവൂ.

1939 ൽ അന്നത്തെ ഇടവക മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ

ഭരണസമിതിയിൽപെട്ടവർ ഉണ്ടാക്കിയ ഉടമ്പടിയിൽ കണക്കു കേൾപ്പിക്കാത്ത കൈക്കാരന്മാരെ നീക്കി. കണക്കുകൾ മാസം തോറും മെത്രാപ്പോലീത്തായ്ക്കു സമർപ്പിക്കണമെന്നും, കൽപ്പനപ്രകാരമേ കരണങ്ങളും വ്യവഹാരങ്ങളും പാടുള്ളുവെന്നും സമ്മതിച്ചു. യോഗം പാസ്സാക്കുന്ന കാര്യങ്ങളിൽ മെത്രാന് പരിശോധനാധികാരവും ചുമതലക്കാരെ മാറ്റി നിയമിക്കാനുള്ള മെത്രാന്റെ അധികാരവും ഉടമ്പടിയിൽ സമ്മതിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഇന്നത്തെ സഭാഭരണഘടനയിലുള്ളതിനെക്കാൾ കവിഞ്ഞ അധികാരങ്ങൾ അന്ന് മെത്രാനിൽ നിക്ഷിപ്തമാക്കിയിരുന്നു. മെത്രാൻ മലങ്കരസഭയുടെ അധികാരം കൈയാളിയിരുന്ന മലങ്കരമെത്രാപ്പോലീത്തായുടെയും അസോസിയേഷന്റെയും പ്രതിനിധിയുമായിരുന്നു. പൊതുസഭയോടു ചേർന്നല്ലാതെ ഇടവകയ്ക്കു നിലനില്പില്ലല്ലോ. മെത്രാനെയും വികാരിയെയും ഇടവകക്കാർ സാഹചര്യം പോലെ കണ്ടെടുക്കുന്ന സമ്പ്രദായം സുറിയാനി സഭയിലില്ല. പിറവം വലിയപള്ളിയിൽ ഇതുവരെ നടന്ന വ്യവഹാരങ്ങളിൽ, മലങ്കര അസോസിയേഷനാലും അതിന്റെ മാനേജിംഗ് കമ്മറ്റിയാലും അംഗീകരിക്കപ്പെട്ട ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്തനാസ്യോസ് ആണെന്നും ഈ പള്ളി സഭാഭരണഘടനപ്രകാരം അദ്ദേഹത്താലും അദ്ദേഹം നിയമിച്ച വികാരി ബ. വട്ടയ്ക്കാട്ടിൽ സ്കറിയ കത്തനാരാലും ഭരിക്കപ്പെടേണ്ടതാണെന്നും വിധി പ്രസ്താവിച്ചിട്ടുണ്ട്. പിന്നീട് അതനുസരിച്ചു നടന്നിട്ടുള്ള പള്ളി ഭരണസമിതി തെരഞ്ഞെടുപ്പുകളിൽ 1934 ലെ ഭരണഘടനയോട് വിധേയത്വം പ്രഖ്യാപിച്ച് സത്യവാങ്മൂലം കോടതിക്കു നൽകിയവരാണ് വോട്ടവകാശം നേടിയതും ഭരണസമിതിയിൽ വന്നതും. ഭരണസമിതിയിലേക്കു തെരഞ്ഞെടുക്കപ്പെട്ട ശേഷം ഭരണഘടനയ്ക്കു നേരെ കൊഞ്ഞനം കുത്തുന്നതും സമാന്തര ഭരണത്തിനു ശ്രമിക്കുന്നതും സ്വന്തം സത്യവാഗ്ദാനത്തോട് വിശ്വസ്തത പുലർത്താത്ത കള്ളത്തരം തന്നെയാണ്.

1958 ലെ സുപ്രീംകോടതി വിധിയിൽ തീരുമാനിക്കപ്പെടാത്ത പുതിയ ഒരു വിഷയവും 1972 മുതലുള്ള കക്ഷിവഴക്കിൽ ഉന്നയിക്കപ്പെട്ടിട്ടില്ല. സഭാനിയമങ്ങളോ, വേദശാസ്ത്രമോ, സഭാചരിത്രമോ സാമാന്യനീതിയോ ഒന്നും ഈ വഴക്കിന് മതിയായ കാരണമായി പറയാനില്ല. 1995 മുതൽ പല ഘട്ടങ്ങളിലായി സുപ്രീം കോടതിയിൽ നിന്നുണ്ടായ വിധികളിൽ, ആവർത്തിച്ച് ഉന്നയിച്ച എല്ലാ വാദങ്ങളും തള്ളിക്കളഞ്ഞിട്ടുമുണ്ട്. എന്നിട്ടും വസ്തുതകൾ വളച്ചൊടിച്ചുള്ള ദുഷ്പ്രചരണങ്ങളിൽ വിശ്വാസികളെ തമ്മിലടിപ്പിച്ച് സ്വാർത്ഥന്മാർ പള്ളിസമ്പത്ത് സ്വേഷ്ടംപോലെ കൈകാര്യം ചെയ്യുകയാണ്.

**കോടതിവിധി എന്ന മദ്ധ്യസ്ഥ തീരുമാനം**

നാട്ടുനടപ്പും നിയമവും നീതിയുമനുസരിച്ചുണ്ടാകുന്നതാണ് വ്യവഹാര

ങ്ങളിൽ ഉണ്ടാകുന്ന വിധികൾ. സഭാപാരമ്പര്യം തെളിവുകളോടെ ഇരു വിഭാഗവും മദ്ധ്യസ്ഥതീരുമാനത്തിന് ചുമതലയുള്ള കോടതികളിൽ ബോധിപ്പിച്ച ശേഷം ഉണ്ടാകുന്നവയാണ് ഇത്തരം വിധികൾ. കേസുകളിൽ കക്ഷിചേരുന്ന മാന്യന്മാർ കോടതിവിധികൾ അംഗീകരിക്കാനുള്ള മാന്യത കാണിക്കാതെ കൈയൂക്കിനു ശ്രമിക്കുന്നതും ന്യായമായ അവകാശികളെ എങ്ങനെയും പുറത്തു നിർത്തി അന്യായകൈവശം സ്ഥാപിക്കുവാൻ പേശിബലം കാണിക്കുന്നതും തനി കാട്ടാളത്തമാണ്. നിയമവാഴ്ചയുള്ള ഒരു രാജ്യത്തും അതിന് എക്കാലത്തേക്കുമുള്ള നിലനിൽപ്പില്ലെന്നത് കണ്യാട്ടുനിരപ്പ്, തൃശ്ശൂർ, കത്തിപ്പാറത്തടം തുടങ്ങിയ പള്ളികളിൽ നടന്ന കാര്യങ്ങളിൽ നിന്ന് മനസ്സിലാകും. ഇനിയും കണ്ണു തുറക്കാത്തവർ ഉറക്കം നടിക്കുന്നവരും പാവം വിശ്വാസികളെ വഴിതെറ്റിക്കുന്നവരുമായ സ്വാർത്ഥമതികളാണ്. മലങ്കര ഓർത്തഡോക്സ് സഭ ഒരു ഇടവകപ്പള്ളിയിലും ഒരു വിശ്വാസിയെയും പുറംതള്ളുവാനോ ഭരണഘടനയ്ക്കപ്പുറമുള്ള നടപടിക്കോ മുതിരുകയില്ല. മലങ്കരസഭയുടെ ഒരു പള്ളിയും അതിന്റെ ഭരണഘടനയോടു കൂറു പുലർത്താത്തവർക്കു പങ്കിട്ടു കൊടുക്കുവാൻ ഓർത്തഡോക്സ് സഭ സമ്മതിക്കുകയുമില്ല.

ഒരു പള്ളിയിലെ വിശ്വാസികളിൽപെട്ടവർ സൗകര്യാർത്ഥം പിരിഞ്ഞു സ്ഥാപിക്കുന്നവയാണ് ഓരോ പള്ളിയും. അവയ്ക്കോരോന്നിനും പൊതുസഭയോടുള്ള ബന്ധത്തിൽ ഒരു ഐക്യമുണ്ട്. ഇങ്ങനെ സ്ഥാപിക്കപ്പെടുന്ന പള്ളികളുടെയെല്ലാം സ്ഥാപനലക്ഷ്യം പരമ്പരാഗതമായ വിശ്വാസാചാരങ്ങൾ പാലിക്കുക എന്നതാണ്. ക്രൈസ്തവ സ്നേഹാധിഷ്ഠമായ പരസ്പര സംബന്ധമല്ലാതെ മതമേൽക്കോയ്മയൊന്നും സഭാപാരമ്പര്യത്തിലില്ല. വേദശാസ്ത്രപരവും വിശ്വാസപരവുമായ ഈ സത്യം മനസ്സിലാക്കിയാൽ അനാവശ്യതർക്കങ്ങളും വഴക്കുകളും തീരും. തെറ്റായ ചരിത്രപരാമർശങ്ങൾ വിശ്വാസസത്യമെന്ന് പ്രഖ്യാപിച്ച് അതിനു വേണ്ടി പോരാടുവാൻ പാവം മനുഷ്യരെ വഴിതെറ്റിക്കുന്ന കപട ഇടയന്മാരെയും പിണിയാളുകളെയും തിരിച്ചറിയുവാൻ ദൈവാത്മാവുതന്നെ നമ്മെ നയിക്കേണ്ടതുണ്ട്.

# 14

# നമ്മുടെ പെരുന്നാളുകളും പിറവംപള്ളിയിലെ പെരുന്നാൾ പട്ടികയും

ഇരുന്നൂറു കൊല്ലമെങ്കിലും മുമ്പ് കേരളസുറിയാനിസഭയിൽ ആചരിച്ചു വന്ന പെരുന്നാളുകളെപ്പറ്റി പഠിക്കുവാൻ പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയുടെ തെക്കേ ഭിത്തിയിൽ തെക്കുവശത്തെ ത്രോണോസിനരുകിൽ രേഖപ്പെടുത്തിയിരിക്കുന്ന പെരുന്നാൾപട്ടിക സഹായിക്കും.

**എഴുതപ്പെട്ട കാലം**

ഇരുന്നൂറുവർഷത്തെ പഴക്കമെങ്കിലും ഇതിനുണ്ടെന്ന് ഊഹിക്കാം. ആദ്യം മലയാളത്തിൽ അച്ചടിച്ച (1811) റമ്പാൻ ബൈബിളെന്ന് വിളിക്കുന്ന വേദപുസ്തകത്തിലെ ലിപികളും അക്കങ്ങളും ഏതാണ്ട് ഇതേ രൂപത്തിൽ തന്നെയാണ്. എന്നാൽ പത്ത്, ഇരുപത്, മുപ്പത്, നാല്പത് ഇവയ്ക്കെല്ലാം പ്രത്യേക അ·ക്കങ്ങളാണ് ഇതിലുള്ളത്. തുടർന്ന് ഒറ്റയുടെ സ്ഥാനത്തെ സംഖ്യകളും കാണാം. ഉദാഹരണത്തിന് ഇരുപത്തൊന്നിന് രണ്ടും പിന്നെ ഒന്നും കൂട്ടിയെഴുതുന്ന രീതിയല്ല; ഇരുപതിന്റെ അക്കവും പിന്നെ ഒന്നുമാണ് ഉള്ളത്. അക്കങ്ങൾ ഒറ്റ, പത്ത് തുടങ്ങിയ സ്ഥാനക്രമത്തിൽ എഴുതിത്തുടങ്ങിയ കാലത്തിനു മുമ്പ്, പത്തിനും ഇരുപതിനും മറ്റും പ്രത്യേക അക്കങ്ങൾ ഉപയോഗിച്ചിരുന്ന കാലത്താണ് ഇത് എഴുതപ്പെട്ടതെന്ന് ചുരുക്കം.

മലയാളമാസവും തീയതിയുമാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിലും ചിങ്ങം മുതലല്ല തുടക്കം. മകര (ജനുവരി) മാസത്തിൽ തുടങ്ങി ധനു (ഡിസമ്പർ) വിൽ അവസാനിച്ചിരിക്കുന്നു. പാശ്ചാത്യ ഗ്രീഗോറിയൻ കലണ്ടർ പ്രയോഗത്തിൽ വരുത്തിയിട്ടും മാസങ്ങളുടെ പേരുകൾ പഴയപടി കൊല്ലവർഷക്കണക്കിൽ തുടർന്നുപോന്ന കാലത്താണ് ജനുവരി മുതൽ ആരംഭിക്കുന്ന ക്രമത്തിൽ പെരുന്നാൾപട്ടിക എഴുതപ്പെട്ടത്.

**കർത്താവിനടുത്ത (മാറാനായ) പെരുന്നാളുകൾ**

സുന്നത്തിട്ടത് (മകരം 1) മാമോദീസ (മകരം 6) കാഴ്ചവയ്പ്പ് (കുംഭം 2) അറിയിപ്പ് (മീനം 25) വെളിച്ചമാക്കൽ (ചിങ്ങം 6) പിറവി (ധനുവം 25) എന്നിങ്ങനെ ആറെണ്ണമാണ് നമ്മുടെ കർത്താവിന്റെ പെരുന്നാളുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. തീയതിമുറയ്ക്ക് വരാത്ത ഉയിർപ്പ് തുടങ്ങിയവ ആ കാരണംകൊണ്ടുതന്നെയാകണം രേഖപ്പെടുത്താഞ്ഞത്.

**മാതാവിന്റെ പെരുന്നാളുകൾ**

എല്ലാ പഴയ പള്ളികളും എന്നപോലെ തന്നെ വി. കന്യകമറിയാമിന്റെ

നാമത്തിൽ സ്ഥാപിക്കപ്പെട്ടതാണ് പിറവം പള്ളി. മാതാവിന്റെ എട്ടു പെരുന്നാളുകൾ പട്ടികയിൽ ഉണ്ട്. അവ വിത്തുകൾക്കു വേണ്ടിയുള്ളത് (മകരം 15) കതിരുകൾ മേലുള്ളത് (മേടം 23) പള്ളി പണിയപ്പെട്ടത് (മിഥുനം 15?) ആകാശത്തിന്നെഴുന്നള്ളിയത് (ചിങ്ങം 15) പിറവി (കന്നി 8) കാഴ്ചവയ്പ്പ് (വൃശ്ചികം 21) എന്നിങ്ങനെയാണ്. കൂടാതെ ധനുവം 8 അമ്മയെ ഗർഭനിച്ച പെരുന്നാളും, കന്നിയാസ്ത്രിയമ്മയുടെയും (പുകഴ്ച?) എസ്തപ്പനോസ് സഹദായുടെയും ഒരുമിച്ച് ഒരു പെരുന്നാളും (ധനുവം 26) ഉണ്ട്.

**ശ്ലീഹാമാരുടെ പെരുന്നാളുകൾ**

ശ്ലീഹാമാരുടെ പെരുന്നാളുകളായി മത്തായി ശ്ലീഹ (കുംഭം 24) പീലിപ്പോസും മാർ യാക്കോയും (എടവം 1 ) മാർ പത്രോസും മാർ പൗലോസും (മിഥുനം 29) പന്ത്രണ്ട് ശ്ലീഹന്മാർ (മിഥുനം 30) മാർ തോമാശ്ലീഹാ (കർക്കടകം 3) മാർ യാക്കോ (കർക്കടകം 25) മത്തായി (മത്തിയാസ്?) ശ്ലീഹ (കന്നി 24) മാർ ശെമഓനും മാർ യൂദായും (തുലാം 28) അന്ത്രയോസ് (വൃശ്ചികം 30) യോഹന്നാൻ ഏവൻഗേലിസ്ഥാ (ധനു 27) എന്നിവ കാണാം. ഇന്നുപയോഗിക്കുന്ന നമ്മുടെ പട്ടികയിൽ യാക്കോബ് എന്ന പേരുള്ള ശ്ലീഹാമാരുടെ ഓർമ്മ തുലാം 23 നും (ഹല്പായിയുടെ പുത്രൻ) ഇടവം 1 നും (സബ്ദിയുടെ പുത്രൻ) ആണല്ലോ. പീലിപ്പോസ് ശ്ലീഹായുടെ ഓർമ്മ വൃശ്ചികം 14 നാണ് നമുക്കിപ്പോൾ. യോഹന്നാൻ ഏവൻഗേലിസ്ഥായുടെ ഓർമ്മ ധനു 27 എന്ന് കാണുന്നത് ലത്തീൻക്രമപ്രകാരമാണ്. നമുക്ക് അത് ഇടവം (മെയ്) 8 ന് വരും.

**പരിശുദ്ധന്മാരുടെ പെരുന്നാളുകൾ**

സഹദാമാരുടെയും പരിശുദ്ധന്മാരുടെയും പെരുന്നാളുകൾ: മകരം 1 മാർ ബസ്സേലിയോസും മാർ ഗ്രീഗോറിയോസും, മീനം 8 നാല്പതു സഹദേന്മാർ, മേടം 23, 24 ഗീവറുഗീസ് സഹദാ, തുലാം 7 മാർ സർഗീസും വാക്കോയും, വൃശ്ചികം 1 ശുദ്ധമാക്കപ്പെട്ടവരെല്ലാം, ധനു 26 എസ്തപ്പാനോസ് സഹദാ, ധനു 27 ഹേറോദേസ് കൊല്ലിച്ച പൈതങ്ങൾ എന്നിവയാണ്. നമുക്ക് ഇപ്പോൾ ശിശുവധപ്പെരുന്നാൾ ധനു 27 നാണ്. എസ്തപ്പാനോസിന്റെ പെരുന്നാൾ നമുക്കിപ്പോൾ മകരം (ജനു.) 8 ന് ആണല്ലോ.

**മറ്റുള്ളവ**

യോഹന്നാൻ മാംദാനയുടെ പെരുന്നാൾ മിഥുനം 24; കൂടാതെ മകരം 7 (പുകഴ്ച) ചിങ്ങം 29 (തല കണ്ടിച്ചത്) എന്നിങ്ങനെയാണ്.

സ്ലീബായുടെ പെരുന്നാൾ കന്നി 14 നു തന്നെ. കന്നി 29 ന് മീഖായേൽ മാലാഖയുടെ പെരുന്നാൾ കാണുന്നു. അതും ഇപ്പോഴത്തെ നമ്മുടെ പട്ടികയിൽ ഇല്ല.

വൃശ്ചികം 2 ന് മരിക്കപ്പെട്ട വിശ്വാസക്കാരായവരെല്ലാവരുടെയും പെരുന്നാൾ ആണ്. നമ്മുടെ കണക്കിൽ ഇതിനു തുല്യമായ പെരുന്നാൾ

തീയതിക്കണക്കിനല്ലാതെ വലിയ നോമ്പിന്റെ പേത്രത്തായുടെ തലേ ഞാറാഴ്ചയാണല്ലോ.

**മാർത്തോമ്മാ ശ്ലീഹായും ദുക്റാനപ്പെരുന്നാളും**

കർക്കടകം 3 ന് മാർത്തോമ്മാശ്ലീഹായുടെ പെരുന്നാൾ ഉണ്ടെന്ന് സൂചിപ്പിച്ചല്ലോ. കൂടാതെ ധനു 18 ന് ആദമ്പമലയിൽ സ്ലീബാ കണ്ടെത്തിയ പെരുന്നാൾ എന്നും, ധനു 21 ന് ഉറഹായുടെ പള്ളിയിൽ മാർതൊമ്മാ ശ്ലീഹാ കബറടങ്ങിയ ഗൊഴിപ്പിനുടെ പെരുന്നാൾ എന്നും രണ്ടെണ്ണം കൂടി കാണുന്നുണ്ട്. ധനു 18 ന് ശ്ലീഹാ അസ്ത്രമേറ്റതിന്റെയും 21 ന് രക്തസാക്ഷിയായതിന്റെയും ഓർമ്മയാണെന്ന ഇന്നത്തെ ബോദ്ധ്യമല്ല ഇതു രേഖപ്പെടുത്തിയ കാലത്ത് സഭയ്ക്കുണ്ടായിരുന്നത് എന്നർത്ഥം. പോർട്ടുഗീസ് സ്വാധീനത്തിൽ പെടാത്ത റോമൻസഭാചരിത്രകാരന്മാരോ, കിഴക്കൻ സഭകളിലേതെങ്കിലുമോ, ഈ തീയതികൾ ശ്ലീഹായുടെ രക്തസാക്ഷിത്വവുമായി ബന്ധമുള്ളതായി അംഗീകരിക്കുന്നില്ല. അക്കാലത്ത് റോമൻ സഭ മാത്രമാണ് ഡിസമ്പർ 21 മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിദിനമായി ആചരിച്ചുവന്നത്. അവരിൽനിന്ന് പിരിഞ്ഞവരായതുകൊണ്ടാണ് ആങ്ഗ്ലിക്കൻ സഭകളും അതിൽനിന്ന് പിരിഞ്ഞവരും ആ തീയതി തന്നെ സ്വീകരിച്ചത്. എന്നാൽ റോമൻസഭ ഇടക്കാലത്ത് അവർക്കു പറ്റിയ തെറ്റ് മനസ്സിലാക്കിയശേഷം, ഇപ്പോൾ (1972 മുതൽ) ജൂലൈ 3 തന്നെ ദുക്റാനപ്പെരുന്നാളായി ആഘോഷിക്കുവാൻ ക്രമപ്പെടുത്തിയിരിക്കുന്നു.പോർട്ടുഗീസുകാർ വന്ന കാലത്ത് തോമാശ്ലീഹായുടെ പെരുന്നാൾ അവർ ആഘോഷിക്കുന്ന തീയതിയുമായി (ഡിസ. 21) ഒത്തുപോകത്തക്കവണ്ണം കഥകൾ ഉണ്ടാക്കിയെന്നാണ് തോന്നുന്നത്. പോർട്ടുഗീസുകാർ 1547 ൽ മൈലാപ്പൂരിൽ കണ്ടെത്തിയ പേർഷ്യൻ കുരിശ് 1551 ൽ ബലിപീഠത്തിന്റെ പിൻഭാഗത്ത് സ്ഥാപിച്ചു. 1557 ഡിസമ്പർ 18 ന് അതിൽ അദ്ഭുതകരമായി രക്തം പനിച്ചു. പിന്നീട് ആണ്ടുതോറും അതു പതിവായി. പിന്നീട് ആ തീയതിക്ക് പെരുന്നാൾ ആഘോഷിക്കുവാൻ ആർച്ച് ബിഷപ്പ് മെനസീസ് കല്പന പുറപ്പെടുവിച്ചു. ഈ പെരുന്നാൾ പട്ടികയിൽ "ധനു 18 ആദമ്പമലയിൽ കുരിശു കണ്ടെത്തിയ പെരുന്നാൾ' എന്ന് തന്നെ പറഞ്ഞിരിക്കുന്നു. 18 -ാം തീയതി ശ്ലീഹായ്ക്ക് അസ്ത്രമേറ്റ കഥ ഇത് എഴുതുമ്പോൾ പുറത്തുവന്നിരുന്നില്ലേ? പോർട്ടുഗീസുകാർ അവരുടെ പെരുന്നാൾ തീയതിക്ക് പ്രാധാന്യം കൊടുത്തതോടൊപ്പം നമ്മുടെ ജൂലൈ 3 ദുക്റാനപ്പെരുന്നാളിനെ ഉറഹായിലേക്കുള്ള അസ്ഥിമാറ്റവുമായി ബന്ധിപ്പിച്ച് പറയുകയായിരിക്കണം ഉണ്ടായത്. (ഈ പെരുന്നാൾ പട്ടികയിൽ കഥ നേരെ തിരിച്ചുവച്ചിരിക്കുന്നു. ധനു 21 ആണ് ഉറഹായിൽ കബറിലേക്കുള്ള അടക്കത്തിന്റെ ഘോഷം.) അല്ലെങ്കിൽ നമുക്കുള്ളതുപോലെ ഉറഹായിലും രണ്ടു പെരുന്നാൾ ഉണ്ടേയേനെ; അസ്ഥികൾ സ്ഥാപിച്ചുവെന്ന് പറയുന്ന ജൂലൈ 3 ഉം, നേരത്തെ തന്നെ ആചരിക്കേണ്ടിയിരുന്ന ഡിസ. 21 ഉം. എന്നാൽ അവിടങ്ങളിൽ


ഡിസ. 21 ആഘോഷിക്കുന്നില്ലല്ലോ.അപ്പോൾ അതുവരെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കാതിരുന്ന തങ്ങളുടെ പിതാവിന്റെ അസ്ഥികൾക്കു വേണ്ടിയാണോ അവർ ബദ്ധപ്പെട്ടത്? ഒന്നുകിൽ ശ്ലീഹായുടെ യഥാർത്ഥ ദുക്റാനയ്ക്കു തന്നെ അവിടെ അസ്ഥികൾ സ്ഥാപിക്കപ്പെട്ടു; അഥവാ പരിശുദ്ധന്റെ നാമത്തിൽ പരിഗണിക്കപ്പെട്ട പള്ളിയിൽ പെരുന്നാൾ കൊണ്ടാടാൻ ആരംഭിച്ചു എന്ന് കരുതുന്നതാണ് യുക്തിസഹമായിട്ടുള്ളത്. (വിശദാംശങ്ങൾ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനയും അസ്ഥിമാറ്റവും എന്ന ലേഖനത്തിലുണ്ട്.)

"ഇൻഡ്യാക്കാരൻ ജോസഫി'ന്റെ രേഖകളിൽ "ജൂലൈയിൽ തോമാവിൻ ഉത്സവം' എന്ന് കാണുന്നു. നമ്മുടെ പാരമ്പര്യത്തിൽ പഴക്കമുള്ളതായി പറയുന്ന റമ്പാൻ പാട്ടിൽ "എഴുപത്തിരണ്ടാം കർക്കിടകത്തിൽ മൂന്നാം ദിവസം ... കാലംചെയ്തിതു മാർത്തോമ്മാ' എന്നാണ് കാണുന്നത്. നമ്മുടെ മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ നമസ്കാരക്രമത്തിൽ കാണുന്ന തീയതികൾ ആധികാരികമെന്ന് വിചാരിച്ചുകൂടാ. അത് സുറിയാനി മൂലത്തിൽ നിന്നുള്ള തർജ്ജമയാണോ? പാശ്ചാത്യ സുറിയാനിക്കാർക്ക് ഡിസ. 21 പെരുന്നാൾ ഇല്ലെന്നതും ഓർക്കുക.

**പെരുന്നാൾ പട്ടികയിലെ റോമൻസ്വാധീനം**

മേടം 25 മർക്കോസ് ഏവൻഗേലിസ്ഥാ, ഇടവം 1 ശ്ലീഹാമാരായ പീലിപ്പോസും യാക്കോയും (ലത്തീൻ ഇടവം 3), കന്നി 8 മാതാവിന്റെ പിറവി, കന്നി 29 മീഖായേൽ മാലാഖ, തുലാം 28 ശെമഓൻ, യൂദാ (തദ്ദായി) ശ്ലീഹാമാർ, വൃശ്ചി. 1 ശുദ്ധമാക്കപ്പെട്ടവർ, വൃശ്ചി. 2 മരിക്കപ്പെട്ടവർ, വൃശ്ചി. 21 മാതാവിന്റെ കാഴ്ചവയ്പ്പ്, വൃശ്ചി. 30 അന്ത്രയോസ് ശ്ലീഹ, ധനു 8 അമ്മയെ ഗർഭനിച്ചത്, ധനു. 26 എസ്തപ്പാനോസ് സഹദാ, ധനു 27 യോഹന്നാൻ ശ്ലീഹ, ധനു 28 ഹേറോദേസ് കൊല്ലിച്ച പൈതങ്ങൾ, എന്നിവ റോമൻ ലത്തീൻ പാരമ്പര്യത്തിലുള്ള പെരുന്നാളുകളാണ്. (മേടം 23 ഗീവർഗ്ഗീസ് സഹദാ, ഇടവം 14 മത്ഥിയാസ് ശ്ലീഹ, കർക്ക. 25 മാർ യക്കോബ് ശ്ലീഹ, കന്നി 21 മത്തായി ശ്ലീഹ, തുലാം 17 അന്ത്യോഖ്യയിലെ ഇഗ്നാത്തിയോസ്, തുലാം 18 ലൂക്കോസ് ഏവൻഗേലിസ്ഥാ, ഇവയും റോമൻ ലത്തീൻ കണക്കിൽ വരുന്നവയാണ്. പെരുന്നാൾ പട്ടികയിലെ റോമൻ സ്വാധീനത്തിനു കാരണം കൂനൻകുരിശു സത്യത്തിന്റെ കാലശേഷം പിറവം പള്ളിയിൽ തെക്കുംഭാഗരായ കത്തോലിക്കരും കൂട്ടവകാശമായി ആരാധന നടത്തിവന്നിരുന്നതാണ്. ആ വിഭാഗത്തിന്റെ മേൽനോട്ടത്തിലാകാം ഈ പട്ടിക എഴുതപ്പെട്ടത്. തിരുവിതാംകൂർ റാണിയുടെ ഉത്തരവുപ്രകാരം 1821 ഇടവം 21 നാണ് അവർ വേറെ പള്ളി വച്ച് പിരിഞ്ഞുപോയത്.

(1984 ൽ മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് വാല്യം II, നമ്പർ 2, മാർച്ച് 14 ൽ പ്രസിദ്ധീകരിച്ച ലേഖനം പരിഷ്കരിച്ചതാണിത്.)



പിറവം പള്ളിയിലെ തെക്കേ ത്രോണോസിന്റെ തെക്കേ ഭിത്തിയിലെ
പെരുന്നാൾ പട്ടിക

# 15

# സഭാപാരമ്പര്യപശ്ചാത്തലത്തിൽ ഇടവകയും പൊതുസഭയും

സഭാഭിന്നതകളുടെ പശ്ചാത്തലത്തിൽ ഇടവകകളും പൊതുസഭയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും, അടിസ്ഥാന ക്രൈസ്തവവിശ്വാസപ്രമാണങ്ങളും മൂല്യങ്ങളും സംബന്ധിച്ചും സഭയുടെ അച്ചടക്കം ഭരണസംവിധാനം എന്നിവയെപ്പറ്റിയും തെറ്റായ ധാരണകളും കീഴ്വഴക്കങ്ങളും രൂപപ്പെട്ടു വരുന്നതായി കാണാം. തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇടയിൽ അടിസ്ഥാന ക്രൈസ്തവമൂല്യങ്ങൾ വിസ്മരിക്കപ്പെടുന്നു; അവ ചോദ്യം ചെയ്യപ്പെടുന്നു. തത്സംബന്ധമായ ചില ചിന്തകളാണ് ചുവടെ വെളിപ്പെടുത്തുവാൻ ശ്രമിക്കുന്നത്.

### സഭാംഗം ക്രിസ്തുശരീരമായ സഭയുടെ ഭാഗം

ഒരാൾ മാമോദീസായിലൂടെ സഭാംഗമായിത്തീരുമ്പോൾ ക്രൈസ്തവസഭയുടെ സാർവ്വത്രികതലത്തിൽ യേശുക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഭാഗമായിത്തീരുന്നു. സഭയുടെ കുർബ്ബാന, ആദിയായ കൂദാശകളിലുള്ള സംബന്ധം മാത്രമല്ല, മരണാനന്തരം ക്രൈസ്തവ ശവസംസ്കാരത്തിനും ഓർമ്മയുടെ അനുഷ്ഠാനത്തിനും അടിയന്തിരങ്ങൾക്കും ഈ സഭാംഗം അവകാശിയായിത്തീരുന്നു. ഒരുവൻ മാമോദീസായേറ്റ സഭയുടെ സാന്നിദ്ധ്യമില്ലാത്ത സാഹചര്യങ്ങളിൽ പൂർണ്ണ വിശ്വാസൈക്യമില്ലാത്ത ഇതരസഭകളിൽ നിന്ന് പോലും കൂദാശകൾ സ്വീകരിക്കുവാനുള്ള സൗകര്യം മുൻകാലങ്ങളിൽ നിഷേധിക്കപ്പെട്ടിരുന്നില്ല. സഭാഭിന്നതയുടെയും കക്ഷിവഴക്കിന്റെയും സാഹചര്യങ്ങളിൽ അച്ചടക്കത്തിന്റെയും ഊരുവിലക്കിന്റെയും പേരിൽ മൂല്യബോധം നഷ്ടപ്പെട്ട് ഇത്തരം കാര്യങ്ങളിൽ ഇന്ന് സങ്കുചിതമനോഭാവം പ്രദർശിക്കപ്പെടുന്നു.

വിശ്വാസിയായ ഒരുവന്റെ സന്തതിക്ക് സഭയുടെ ഏതിടവകയിലും മാമോദീസാ നൽകുന്നതിന് ഒരു തടസ്സവുമില്ല. മാതാപിതാക്കളുടെ ഇടവകയിൽ മാത്രമല്ല, വൈകാരികമായ തീരുമാനത്താൽ വഴിപാടു നേർന്ന് പ്രശസ്തമായ ഇടവകകളിലും കേന്ദ്രങ്ങളിലും മാതാപിതാക്കളുടെ സഭാംഗമെന്ന പദവിയെ മാത്രം ആശ്രയിച്ച് ശിശുക്കൾക്ക് മാമോദീസ നൽകപ്പെടുന്നു. ഇടവക എന്ന സങ്കുചിതാതിർത്തിക്കു വെളിയിൽ കൂദാശകൾ സ്വീകരിക്കുവാനുള്ള അവകാശമുണ്ടെന്നത് ഇതിൽ നിന്ന് വ്യക്തമാണ്. ഇടവക

യുടെ പരിധി അതിനു തടസ്സമല്ല. (ഇടവകയിൽ നടത്തപ്പെടേണ്ട കൂദാശ ഇങ്ങനെ യുക്തിസഹമല്ലാത്ത കാരണങ്ങളാൽ മാത്രം മറ്റിടങ്ങളിൽ നട ത്തേണ്ടതുണ്ടോ എന്നത് ചിന്തിക്കേണ്ട വിഷയം. മാമോദീസാ ഇന്ന ഇടത്തിൽ നടത്താം എന്ന് വഴിപാട് നേരുന്നതുപോലെ ശവസംസ്കാര ത്തിന് അന്ത്യാഭിലാഷം വെളിപ്പെടുത്തുന്ന രീതിയും മേലിൽ ചിലപ്പോൾ ഉണ്ടായേക്കാം. നാടും വീടും വിട്ട് അന്യദേശങ്ങളിൽ താമസമാക്കുന്നവർക്ക് മാതാപിതാക്കളുടെ കല്ലറകളോട് ചേർന്ന് അടക്കപ്പെടുവാൻ വൈകാരികാ ഭിലാഷം തോന്നിയേക്കാം. പേരുകേട്ട പുണ്യവാന്മാരുടെ കബറിടമുള്ള പള്ളികളിൽ അവരോടു ചേർന്ന് അടക്കപ്പെടുന്നതിന് വിൽപ്പത്രം ഉണ്ടാക്കാം. അത്തരം പള്ളികൾക്ക് ഇക്കാര്യത്തിന് വളരെ ഉയർന്ന നിരക്കിൽ കുഴിക്കാണം നിശ്ചയിച്ചാൽ നൂതന വരുമാനമാർഗ്ഗവുമാകും. ഇതൊക്കെ വഴിപാടുമാമോദീസായുടെ അർത്ഥശൂന്യതയ്ക്ക് ഇതു് ഒരു ഭ്രാന്തൻ അനുബന്ധചിന്തയെന്നേയുള്ളു.)

**ഇടവക പൊതുസഭയുടെ പ്രാദേശിക പ്രവർത്തനമണ്ഡലം**

ജീവിതവ്യാപാരസംബന്ധമായി നാടുവിട്ട് താമസമാക്കുന്നവർക്ക് അവിടെയുള്ള ഇടവകയിൽ ആത്മിയാവശ്യങ്ങളും കൂദാശകളും നടത്തിക്കി ട്ടുന്ന അവസ്ഥ സഭയുടെ പാരമ്പര്യമാണ്. അതിന് സഭാംഗമാണെന്ന് ബോദ്ധ്യം വരേണ്ട കാര്യമേയുള്ളൂ. അക്കാര്യത്തിൽ മുൻ ഇടവകയിൽ നിന്ന് പരിചയപ്പെടുത്തുന്ന എഴുത്ത് അച്ചടക്കത്തിന്റെ പേരിൽ ആവശ്യ പ്പെടാം. ആത്മിയാവശ്യങ്ങളുടെ കാര്യങ്ങളിൽ ചെന്നുചേരുന്ന ഇടവക യിലെ ഒരംഗമെന്നപോലെതന്നെ ആ വ്യക്തി പരിഗണിക്കപ്പെടും. സഭ യുടെ സാർവ്വത്രികതയുടെ ഒരു തെളിവും ലക്ഷണവുമാണിത്. ചെന്നുചേ രുന്ന ഇടവകയുടെ ഭരണസംബന്ധമായ പൊതുയോഗത്തിലും മറ്റും അംഗ മായിരിക്കുവാനും ഒരു വ്യക്തിക്കു സാധിക്കും. അതിന് മെത്രാന്റെ അനു വാദമാണ് വേണ്ടത്. രണ്ടിടവകയിൽ ഒരേ സമയം ഭരണസംബന്ധമായ കാര്യങ്ങളിൽ ഇടപെടേണ്ട കാര്യമില്ലെന്നതിനാലും രണ്ടിടവകകളും ഇക്കാര്യം അറിയണമെന്നതിനാലും അച്ചടക്കം പാലിക്കുന്നതിനു വേണ്ടി ഈ വ്യവസ്ഥ വന്നുചേർന്നു. സഭയുടെ ഏതിടവകയിലും ഒരു സഭാംഗ ത്തിന് ഇങ്ങനെ പൊതുസഭയുടെ പരിധിയിൽ നിന്ന് അവകാശങ്ങൾ അനുഭവിക്കാനാകും. കേരളത്തിനു വെളിയിലുള്ള പള്ളികളിൽ ഇതു് സർവ്വ സാധാരണമാണല്ലോ. ഇതും ഇടവകകൾ പൊതുസഭയുടെ പ്രാദേശിക പ്രവർത്തനമണ്ഡലം മാത്രമാണ്; തനതായ സ്വതന്ത്രകേന്ദ്രങ്ങളല്ല എന്ന തിന് തെളിവാണ്.

**പള്ളികൾ രൂപം കൊള്ളുന്നത്**

പുതിയ പള്ളികൾ രൂപം കൊള്ളുന്നതിനെക്കുറിച്ച് ചിന്തിച്ചാൽ ഇക്കാര്യം കൂടുതൽ വ്യക്തമാകും. ഏതെങ്കിലും ഇടവകാംഗങ്ങളായ സഭാം

ഗങ്ങളാണ് പുതിയ പള്ളികൾ സ്ഥാപിക്കുവാൻ മുൻകൈയെടുക്കുക. അവർ വിഭവങ്ങളും പണവും സംഭരിച്ച് മെത്രാന്റെ അനുവാദത്തോടെ പള്ളി പണിയും. അത് മെത്രാൻ കൂദാശ ചെയ്ത് മെത്രാനും ജനവും പ്രതിനിധാനം ചെയ്യുന്ന സഭയുടെ ഒരു പള്ളിയാകും. പള്ളിസ്ഥാപനത്തിന് മുൻകൈ എടുക്കുകയും ധനവ്യയം ചെയ്യുകയും ചെയ്തവരുടെ തനതായ സ്വത്തായിരിക്കില്ല, മേലിൽ ആ സ്ഥാപനം. ആ പള്ളിസ്ഥാപകർ ഉൾപ്പെട്ടിരുന്ന സഭയുടെ ഭാഗമായിരിക്കും. പള്ളിയുടെ സ്ഥാപനലക്ഷ്യം പൊതുസഭയുടെ സ്ഥാപനലക്ഷ്യം തന്നെയാണ്. പള്ളിസ്ഥാപനത്തിന് വാങ്ങുന്ന സ്ഥലത്തിന്റെ ആധാരം പലപ്പോഴും സഭാമേലദ്ധ്യക്ഷന്റെ പേരിലാകും. ഇടവകാംഗങ്ങളുടെ മുഴുവന്റെയും പേരിലാകില്ല. ഇടവകപ്പള്ളി ഇടവക ജനങ്ങളുടേതാണ്, മേലദ്ധ്യക്ഷന്മാർക്ക് അതിൽ കാര്യമൊന്നുമില്ലെന്ന് ആണയിടുന്ന ശ്രീ. ജോസഫ് പുലിക്കുന്നേലിനെപ്പോലുള്ള പണ്ഡിതന്മാർ ഇടവകക്കാരുടെ മുഴുവന്റെയും പേരിൽ പതിയപ്പെട്ട ഏതെങ്കിലും ഒരു പഴയ പള്ളിയുടെയെങ്കിലും കാര്യം വെളിപ്പെടുത്തി ആ വാദം സമർത്ഥിക്കണം. പള്ളി സഭയുടെ ഭാഗമായാണ് ഉണ്ടാകുന്നത്. സഭയുടെ പൊതുനിയന്ത്രണത്തിലാണ് അത് നിലനിൽക്കുന്നത്. പൊതുസഭയെ പ്രതിനിധികരിക്കുവാൻ മേലദ്ധ്യക്ഷനല്ലാതെ വേറാരുമില്ലെന്നതുകൊണ്ടാണ് അവരുടെ പേരിൽ ആധാരം ഉണ്ടായി വന്നത്. പള്ളിസ്ഥലം ഏതെങ്കിലും ഒരു പ്രത്യേക സാഹചര്യത്തിൽ ഏതെങ്കിലും വ്യക്തികളുടെ പേരിൽ ആധാരം ചെയ്താലും പിന്നീട് വ്യക്തിയോ വ്യക്തികളോ അതിന് അവകാശമുന്നയിക്കുന്നത് കേട്ടുകേൾവിയില്ലാത്ത കാര്യം. നേരത്തേ സൂചിപ്പിച്ചതുപോലെ അവിടെയുള്ള സഭാംഗങ്ങൾക്ക് അവിടെ കൗദാശികാനുഭവത്തിനും ഇടവകയുടെ തനതായ ഭരണരംഗങ്ങളിൽ പങ്കു ചേരുന്നതിനും അവകാശം ലഭിക്കും. പള്ളിസ്ഥാപനത്തിന് മുൻകൈ എടുത്തവരുടെ സംഭാവന പള്ളി ഭണ്ഡാരത്തിൽ വഴിപാടിട്ടതു പോലെയാണ്. ഭണ്ഡാരസംഖ്യ വിനിമയം ചെയ്യുന്നതിൽ പണമിട്ടവന് പ്രത്യേകമായ അവകാശമില്ലല്ലോ.

**പള്ളി യും സ്വത്തുക്കളും പൊതു സഭയുടെ ഭാഗം**

പള്ളികളിൽ വൈദികരും ഭരണസമിതിയും ഇടവകയുടെ സർവ്വാധിപതികളെന്ന ചിന്ത പാരമ്പര്യത്തിന് അന്യമാണ്. പള്ളിക്കുണ്ടാകുന്ന സ്വത്തുക്കളും മറ്റും പൊതുസഭയുടെ ഭാഗമാണ്. മുൻകാലങ്ങളിൽ ഭരണസംബന്ധമായി ഉണ്ടായിട്ടുള്ള ഉടമ്പടികളിൽ കൈക്കാരന്മാരും ഭരണസമിതിയും മെത്രാന്റെ അനുവാദമില്ലാതെ പ്രവർത്തിക്കില്ലെന്നും, പ്രവർത്തിക്കുന്നപക്ഷം അവരെ നീക്കി പുതിയവരെ നിയമിക്കാൻ മെത്രാന് അധികാരമുണ്ടെന്നും വ്യവസ്ഥ ചെയ്തുവന്നത് ഇക്കാരണത്താലാണ്. (ആ വ്യവസ്ഥ പിറവം പള്ളിയിൽ നടപ്പിൽ വരുത്തി പുതിയ ഭരണസമിതിയെ നിയോഗിച്ച് ഭണ്ഡാരം കൈകാര്യം ചെയ്തതിനെതിരേ, ആംഗ്ലിക്കൻ മിഷ

നറിമാർക്ക് തിരുവിതാംകൂർഭരണത്തിൽ ഉണ്ടായിരുന്ന സ്വാധീനം ഉപ യോഗിച്ച്, മലങ്കരമെത്രാൻ ചേപ്പാട് ദീവന്നാസ്യോസ് നാലാമനെപ്പറ്റി പരാതി ഉന്നയിക്കുകയും മെത്രാന്റെ പദവിയുടെ പ്രത്യേകാവകാശം പോലും റദ്ദു ചെയ്ത് അദ്ദേഹത്തെ തടവിലാക്കി വിസ്തരിക്കുകയും ചെയ്ത കാര്യം ഓർക്കുക. ഊരാക്കുടുക്കിൽ നിന്ന് മെത്രാൻ രക്ഷപെട്ടു.)

മലങ്കരസഭയുടെ ഭരണഘടനയിൽ ഇത്തരം വ്യവസ്ഥകൾ ചേർത്തത് ഈ പാരമ്പര്യപ്രകാരമാണ്. കത്തോലിക്കാസഭയുടെ ഭരണരീതിയും ഇതിന് തെളിവാണ്. ഇടവകയിലെ ധനശേഷി ഇടവകയുടെ പുരോഗ തിക്കും പൊതുസഭയുടെ ഗുണത്തിനുമായി ചെലവഴിക്കുന്നതിന് വേണ്ട തീരുമാനങ്ങൾ ചെയ്യുവാൻ ഈ രീതി തടസ്സമല്ല. പൊതുസഭയുടെ ഭാഗ മല്ല ഇടവക എന്ന രീതിയിൽ പ്രവർത്തിക്കുന്നതാണ് പാരമ്പര്യാനുസര ണമല്ലാത്തത്. ഇടവകകളിൽ മറ്റ് ഇടവകാംഗങ്ങളായ വൈദികർ സേവനം ചെയ്യുന്നതും ഇതര ഭദ്രാസനവൈദികർ പൊതുസ്ഥാപനങ്ങളുടെ ചുമതല ക്കാരാകുന്നതും ഭദ്രാസനമെത്രാപ്പോലീത്തമാരായിത്തീരുന്നതും എല്ലാം സഭ ഒന്നാണെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്. ഇടവക ഇടവക ക്കാരുടേത് എന്ന് വാദത്തിനു വേണ്ടി ശഠിക്കുന്നവരും ഇതെല്ലാം ചെയ്തുവ രുന്നുണ്ട്.

**സഭാഭിന്നതയ്ക്കിടയിലും ക്രൈസ്തവമൂല്യം**

വേദശാസ്ത്രസംബന്ധമായും രാഷ്ട്രീയമായും മറ്റുമുള്ള കാരണങ്ങളാൽ പൊതുസഭയിൽ ഭിന്നിപ്പുണ്ടായിട്ടും ആദ്യകാലങ്ങളിൽ ക്രൈസ്തവമൂല്യ ങ്ങളിൽ വിശ്വസിച്ചിരുന്ന തലമുറ വൈദികശുശ്രൂഷകരെ സഭാവ്യത്യാസം പരിഗണിക്കാതെ സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. സഞ്ചാരികളെയും സന്ദർശകരെയും മിഷനറിമാരെയും എന്നുവേണ്ട ധന ശേഖരത്തിനും കച്ചവടത്തിനും വന്നവരെപ്പോലും ആദരിച്ചിരുന്നു. സഞ്ചാ രത്തിനും പ്രവർത്തനത്തിനും മദ്ധ്യേ നിര്യാതരാകുന്നവർക്ക് അതതിട ങ്ങളിൽ മാന്യമായ സംസ്കാരം നടത്തപ്പെട്ടു. കേരളത്തിൽ പേർഷ്യയിൽ നിന്ന്, സിറിയായിൽനിന്നല്ല, 905-ൽ മാർ ദനഹയുടെ കൂടെ വന്ന 4 പേരിൽ യൗനാൻ ഉദയംപേരൂർപള്ളിയിലും, റാബാൻ നിരണത്ത് ഒരു വീട്ടിലും, ദനഹ കൊടശ്ശേരി നാട്ടിൽ കണ്ണംകുളം മാപ്പിളയുടെ വീട്ടിലും, മാറാവാൻ തേവലക്കര പള്ളിയിലും സംസ്കരിക്കപ്പെട്ടു. (അക്കാലത്ത് പള്ളിയിൽ മാത്രം സംസ്കാരം എന്ന രീതിക്ക് സാദ്ധ്യതക്കുറവുണ്ടായിരുന്നു. ഇന്ന് മൊബൈൽ മോർച്ചറിയും വിമാനവുമൊക്കെ ഉള്ളതിനാൽ സംസ്കാരം നീട്ടിവയ്ക്കാം. അന്ന് ജലവാഹനമല്ലാതെ ഒന്നുമില്ല. കാൽനടയും മേനാവും മഞ്ചലുമാണ് കര യാത്രയ്ക്ക് ആശ്രയം. ചക്രങ്ങളുള്ള വണ്ടികളോ അതിനു പറ്റിയ വഴികളോ ഇവിടെയില്ല. ശരീരം അഴുകുന്നതിനു മുമ്പ് അടക്കുകയേ നിവൃത്തിയുണ്ടാ യിരുന്നുള്ളു.)

1496-ൽ വന്ന മാർ യോഹന്നാൻ ഇവിടെ നിര്യാതനായി. (+1504) കബറിടം അറിവില്ല.

**വൈദേശിക സംസ്കാരമാതൃക**

1545-ൽ കൽദായസഭയിൽ നിന്ന് വന്ന് 1597-ൽ കാലം ചെയ്ത മാർ അബ്രാഹാം അങ്കമാലി കിഴക്കേ സെയിന്റ് ഹൊർമീസ് പള്ളിയിൽ അടക്കപ്പെട്ടു. കത്തോലിക്കനായി രണ്ടുവട്ടം വിശ്വാസപ്രഖ്യാപനം ചെയ്യുവാൻ നിർബ്ബന്ധിതനായ ഇദ്ദേഹത്തിന്റെ കബറിടത്തിൽ അത് തിരിച്ചറിയാനുതകുന്ന ഒരു കല്ലുപോലും ശ്രദ്ധയിൽപെടുംവിധം ഇല്ലാത്തത് സഭാഭിന്നതയുടെ ബാക്കിപത്രവും, മരിച്ചവരോടുള്ള ആദരമെന്ന ക്രൈസ്തവനന്മ മരിച്ചതിന്റെ തെളിവും.

1665-ൽ വന്ന മാർ അബ്ദുൾ ജലീൽ (കബറിടം വടക്കൻ പറവൂർ) അടക്കപ്പെട്ടത് ആദ്യം മദ്ബഹായിൽ ആയിരുന്നു. (അത് പത്രോസ് പാത്രിയർക്കീസ് ബാവ പൊളിച്ചെന്നും, അല്ല, 1856 ൽ വന്ന യെരുശലേമിലെ ഗ്രീഗോറിയോസ് മാറ്റിസ്ഥാപിച്ചുവെന്നും പറയപ്പെടുന്നു. പത്രോസ് തൃതീയൻ ബാവ അങ്ങനെ വേറെ ഇടങ്ങളിലും കബറിടം പൊളിക്കൽ നടത്തിയതായി രേഖയുള്ളതിനാൽ സംഗതി സത്യമായിരിക്കാം. പാത്രിയർക്കീസ് അങ്ങനെ ചെയ്തത് ആ ദേഹം സിറിയൻ പാരമ്പര്യത്തിലുള്ള മെത്രാനല്ലെന്ന് അറിഞ്ഞിട്ടോ?) 1678-ൽ വന്ന മാർ അന്ത്രയോസ് (പാത്രിയർക്കീസ്) 1692-ൽ കാലം ചെയ്ത് കല്ലടപ്പള്ളിയിൽ അടക്കി. ഇദ്ദേഹം പട്ടക്കാരൻ പോലുമായിരുന്നോ എന്ന് സംശയിക്കപ്പെടുന്നുണ്ട്.

1708-ൽ വന്ന് 1731-ൽ കാലം ചെയ്ത കൽദായസഭയിലെ മാർ ഗബ്രിയേൽ കോട്ടയം ചെറിയപള്ളിയിൽ കബറടക്കപ്പെട്ടു.

ഇവരുടെയെല്ലാം സംസ്കാരം നമ്മുടെ മുൻതലമുറ മാന്യമായി നടത്തുകയും അവരുടെ ഓർമ്മ നടത്തുകയും ചെയ്യുന്നു.

(വരാപ്പുഴ വികാരി അപ്പോസ്തോലിക്ക ഫ്ലോരൻസിയൂസ് മെത്രാന്റെ സംസ്കാരത്തിൽ കർമ്മലീത്തർ സുറിയാനിക്കാരെ അകറ്റി നിറുത്തിയത് വിദേശസംസ്കാരത്തിന്റെ പ്രത്യേകതയാണ്; അത് ഒരു അപവാദം. പിൽക്കാലത്ത് കത്തോലിക്കാസഭയിൽനിന്ന് മലങ്കരസഭയിൽ ചേരുകയും മെത്രാപ്പോലീത്തായായി വാഴിക്കപ്പെടുകയും ചെയ്ത അൾവാറീസ് മാർ യൂലിയോസിന് റോമൻ കത്തോലിക്കാസഭയുടെ പീഡനത്തിന് വിധേയനായി തടവിൽകിടന്ന് ജീവിതം അവസാനിപ്പിക്കേണ്ടിവന്നു. കത്തോലിക്കാ സെമിനാരിയുടെ തെമ്മാടിക്കുഴിയിലാണ് അദ്ദേഹത്തിന്റെ ഭൗതികശരീരം അടക്കം ചെയ്തത്. വിദേശസംസ്കാരത്തിന്റെ മറ്റൊരു ദുഷിച്ച രീതിയാണത്. കരിയാറ്റിൽ മെത്രാന് ഗോവയിൽ മാന്യമായ സംസ്കാരം നടന്നുവോ?)

ഇവിടെ നിന്ന് പോയിട്ട് വിദേശത്ത് മരണമടഞ്ഞവർക്കും അക്കാലത്ത് അവിടങ്ങളിലെ സഭ മാന്യമായ സംസ്കാരം നടത്തി. 1857-ൽ കുടക്കച്ചിറ അന്തോണിക്കത്തനാർ കേരള കത്തോലിക്കർക്ക് പൗരസ്ത്യസുറിയാനി പാത്രിയർക്കീസിൽ നിന്ന് മെത്രാനെ വേണമെന്ന നിവേദനവുമായി പോയപ്പോൾ ബാഗ്ദാദിൽ മരണമടഞ്ഞു. പിൽക്കാലത്ത് മേൽപ്പട്ടം സ്വീകരിക്കുവാൻ പോയ പുലിക്കോട്ടിൽ യൗസേഫ് കത്തനാർ അവിടെ കൽദായപ്പള്ളിയിൽ അദ്ദേഹത്തിന്റെ ശവകുടീരം കണ്ടു. മാർ ഔഗേൻ റമ്പാൻ മേൽപ്പട്ടത്തിനായി ശീമയ്ക്കു പോകുമ്പോൾ അനുഗമിച്ച വടകര ചൊള്ളമ്പേൽ യോഹന്നാൻ കത്തനാരും യെരുശലേമിൽ മരിച്ച് അവിടെ അടക്കപ്പെട്ടു. പുലിക്കോട്ടിൽ യൗസേഫ് കത്തനാർ മേൽപ്പട്ടമേൽക്കുവാൻ പോകുമ്പോൾ കൂടെപ്പോയ മട്ടമ്മേൽ ഗീവറുഗീസ് കത്തനാർ വയറിളക്കവും പനിയും പിടിച്ച് മർദ്ദീനിൽ മരിച്ചു. അവിടെ സംസ്കാരം നടത്തി.

ഇതൊക്കെ സൂചിപ്പിച്ചത് ആത്മിയാവശ്യങ്ങൾ സഭാംഗങ്ങൾക്ക് ഏതിടവകയിലും നടത്തിക്കൊടുക്കുന്നതും നടത്തേണ്ടതും അവയിലെല്ലാം ബന്ധപ്പെട്ടവരെ സംബന്ധിപ്പിക്കേണ്ടതും ക്രൈസ്തവപാരമ്പര്യവും നന്മയുമാണെന്ന് സൂചിപ്പിക്കുവാനാണ്.

**മൂല്യം മറക്കുന്ന വാശി**

അതേ സമയം 1958 ന മുമ്പ് നടന്നുവന്ന കക്ഷിവഴക്കിന്റെ പേരിൽ തൃപ്പൂണിത്തുറ നടമേൽ ഇടവകാംഗമായ ബ. വടയാടിയിൽ പൗലോസ് കത്തനാരെ ആ പള്ളിയിൽ അടക്കിയില്ല. അദ്ദേഹത്തെ ഓണക്കൂർ സെയിന്റ് മേരീസ് പള്ളിയിൽ കൊണ്ടുവന്ന് സംസ്കരിക്കേണ്ടി വന്നു. ഇത്തരം ക്രൂരതയ്ക്ക് ഒരു ക്രൈസ്തവപാരമ്പര്യവും മാപ്പ് നൽകില്ല.

1972 ന ശേഷം ഉണ്ടായ കക്ഷിവഴക്കിൽ പോത്താനിക്കാട്ട് ഉമ്മിണിക്കുന്ന് ഇടവകയിലെ ഐസക് കത്തനാരുടെ പിതാവിന്റെ നിര്യാണത്തെത്തുടർന്നും ഇത്തരം ഒരു സംഭവം നടന്നു. ഇടവകപ്പള്ളിയിൽ അദ്ദേഹത്തെ അടക്കില്ലെന്ന് ക്രൈസ്തവമൂല്യം മറന്ന ഇടവകസമൂഹത്തിൽ ചിലർ വാശിപിടിച്ചു. ഒടുവിൽ ഏതാനും നാൾ കഴിഞ്ഞ് പാമ്പാക്കുട ചെറിയ പള്ളിയിലാണ് അദ്ദേഹത്തിന്റെ മൃതദേഹം അടക്കിയത്.

പള്ളി അവിടെ ആത്മിയാവശ്യങ്ങൾ നടത്തുന്ന പ്രാദേശികസഭാംഗങ്ങളുടെ സ്വന്തമാണെന്ന അപക്വാശയത്തിന് വശംവദരായവരാണ് ഇങ്ങനെ പള്ളി അടക്കിപ്പിടിക്കുവാൻ ശ്രമിക്കുന്നത്. ഒരു പള്ളിയിൽ കൂടിവരുന്നവരുടെ, ഇതര ഇടവകകളിൽ കൂടിവരുന്ന ബന്ധുക്കൾക്കും മറ്റും ഓരോരോ സന്ദർഭങ്ങളിൽ ആത്മിയാവശ്യങ്ങൾ നടത്തേണ്ട ആവശ്യം വരും. കുർബ്ബാന, മാമോദീസ, വിവാഹം, ശവസംസ്കാരം, പെരുന്നാൾ തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം അന്യ ഇടവകക്കാരെ ഒഴിവാക്കാനാവില്ല. പഴയ ഇടവക പിരിഞ്ഞ് പുതിയ ഇടവക സ്ഥാപിച്ചവർക്ക് തീർച്ചയായും തങ്ങളുടെ

പിതാക്കന്മാരുടെ കല്ലറ സ്ഥിതിചെയ്യുന്ന പള്ളിയിലേക്ക് തറവാട്ടിലേക്കു കടന്നുവരുന്ന കുടുംബക്കാരെപ്പോലെ അവകാശത്തോടെ കടന്നുവരാം. ഇതെല്ലാം ഇടവകപ്പള്ളി പൊതുസഭയുടെ പ്രാദേശികപ്രവർത്തനരംഗം മാത്രമാണ്; സ്വതന്ത്രമല്ല എന്നുള്ളതിന്റെ തെളിവാണ്. അതുകൊണ്ട് ഇന്ന് ഒരു ഇടവകയിലുള്ളവർ മറ്റൊന്നിലേക്കു മാറുകയോ അവിടെ നിന്നുള്ളവർ ഇവിടെ അംഗമായിത്തീരുകയോ ചെയ്യാം.

**ഇടവക പരദേശിസമൂഹം, തീർത്ഥയാത്രികർ**

ഇടവക എന്നതിലെ ഇട (എട) വാക്ക് പ്രാദേശിക നാടുവാഴിയുടെ അധികാരാതിർത്തിയെയാണ് സൂചിപ്പിക്കുന്നത്. അതിന് ക്രൈസ്തവമൂല്യമില്ല. എന്നാൽ സമാനമായ parish എന്ന വാക്ക് പരദേശി എന്ന് അർത്ഥമുള്ള paroikoi എന്ന ഗ്രീക്കുവാക്കിൽ നിന്ന് ഉരുത്തിരിഞ്ഞ paroikia (പരദേശി സമൂഹം) എന്നതിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. സ്വർഗ്ഗനാട്ടിലെ സ്വന്തവീട്ടിലേക്കു യാത്ര ചെയ്യുന്ന സീയോൻ സഞ്ചാരിയായ ക്രൈസ്തവന് ലോകത്തിലും ഇടവകയിലെ ആരാധനാകേന്ദ്രത്തിലും സ്ഥിരാവകാശമൊന്നുമില്ലെന്നത് parish എന്ന പദം ദ്യോതിപ്പിക്കും; ഇടവക ദ്യോതിപ്പിക്കില്ല. ഇന്നത്തെ ഇടവകാംഗം നാളെ ഉണ്ടാകില്ല. ഇന്നില്ലാത്തവൻ നാളെ അവിടെ അംഗമാകും. അവർക്കു കൂടി ബാധകമായ തീരുമാനങ്ങൾ, പൊതുസഭയുടെ സമ്പ്രദായങ്ങളോടു പൊരുത്തപ്പെടാതെയും, സ്ഥാപനകാലത്തെ രീതികളോട് ഇണങ്ങാത്തവിധവും എടുക്കുവാനും നടപ്പിൽ വരുത്തുവാനും ഇന്നത്തെ താൽക്കാലിക പരദേശിസമൂഹത്തിന് അവകാശമില്ലല്ലോ.

പള്ളികൾ സംബന്ധിച്ച തർക്കങ്ങളും വ്യവഹാരങ്ങളും കേരളത്തിൽ പണ്ടും ഉണ്ടായിട്ടുണ്ട്. അക്കാലങ്ങളിലൊന്നും ഇന്നത്തെ രീതിയിലുള്ള വാദങ്ങൾ ഉന്നയിച്ചിരുന്നില്ല. പള്ളികൾ പൊതു ട്രസ്റ്റുകളാണോ സ്വകാര്യ ട്രസ്റ്റുകളാണോ എന്ന തർക്കങ്ങൾ നടക്കുന്ന പശ്ചാത്തലത്തിൽ മേൽ വിവരിച്ച സംഗതികൾക്ക് പ്രസക്തിയുണ്ടെന്ന് തോന്നുന്നു. തങ്ങൾക്കു താൽപ്പര്യമില്ലാത്തവരെ ഊരുവിലക്കി പുറത്താക്കിക്കൊണ്ട് വിശ്വാസസംരക്ഷണം നടത്തുന്നവർ പരീശസംസ്കാരത്തിന് ഉടമകളാണ്. പുറത്താക്കലല്ല ഉൾക്കൊള്ളലാണ് ക്രൈസ്തവ മൂല്യം. സഭയുടെ പാരമ്പര്യങ്ങളോട് തെല്ലും ആദരവില്ലാതെ ഒന്നോ ഒന്നരയോ നൂറ്റാണ്ടിന്റെ സിറിയൻ സഭാബന്ധം പുരാതനമെന്നും അത് വിശ്വാസസത്യമെന്നും തെറ്റിദ്ധരിപ്പിക്കുകയും മലങ്കരസഭയുടെ പാരമ്പര്യവും അച്ചടക്കവും ലംഘിച്ച് നേടിയ സ്ഥാനങ്ങൾ നിലനിർത്തുവാൻ ഏതു വളഞ്ഞ മാർഗ്ഗവും സ്വീകരിക്കുകയും ചെയ്യുന്ന കപട ഇടയന്മാരുടെ തൊണ്ട വിറപ്പിച്ചുള്ള നുണക്കഥകൾ സത്യമെന്ന് കരുതുന്ന കുഞ്ഞാടുകൾ കണ്ണുതുറന്ന് സത്യം ഗ്രഹിക്കണമെന്ന് ഈയുള്ളവൻ പ്രാർത്ഥിക്കുന്നു.

# 16

# യൂദകുലശേഖരൻ (അദീനായുടെ കത്തുകൾ): രണ്ടാം ഭാഗം മലയാളത്തിൽ

റവ. ജെ.എച്ച്. ഇൻഗ്രഹാം എൽഎൽ.സി. (Rev. J.H. Ingraham LL.D) എന്ന മഹാത്മാവെഴുതിയ The prince of the House of David or the Three Years in the Holy City എന്ന കൃതി യൂദകുലശേഖരൻ' എന്ന പേരിൽ റവ. കോരുത് കോരുതു് പാദ്രി മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് സി.എം. എസ്. പ്രസിൽ നിന്ന് 1875 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. "യൂദകുലശേഖരൻ അഥവാ അദീനായുടെ കത്തുകൾ' എന്ന പേരിൽ മറ്റൊരു മലയാളം പതിപ്പും ഈ കൃതിക്ക് ഉണ്ടായതായി തോന്നുന്നു. യോഹന്നാൻ മാംദാനായുടെ പ്രസംഗം മുതൽ യേശുവിന്റെ സ്വർഗ്ഗാരോഹണം വരെയുള്ള വേദപുസ്തകസംഭവങ്ങളുടെ ചിത്രീകരണം ഉൾക്കൊള്ളുന്നതാണ് ഈ ഗ്രന്ഥം.

അലക്സന്ത്രിയാക്കാരനായ മനശ്ശെ ബന്യാമിൻ എന്ന യഹൂദന്റെ മകളാണ് അദീന. മനശ്ശെ ന്യായപ്രമാണം അഭ്യസിച്ചതു് യെരുശലേമിലായിരുന്നു. എബ്രായതിരുവെഴുത്തുകളുടെ യവനായ തർജ്ജമയ്ക്കായി അലക്സന്ത്രിയായിൽ വന്ന 70 യഹൂദശാസ്ത്രികളിൽ ഒരുവനായ ദാവീദ് എസ്ദ്രസ, മനശ്ശെയുടെ കാരണവനായിരുന്നുവെന്നാണ് കഥ. പിതാക്കന്മാരുടെ നാടായ യെരുശലേമിൽ തന്നെപ്പോലെ മകളെയും വിദ്യാഭ്യാസം ചെയ്യിക്കണമെന്നു നിശ്ചയിച്ച് മനശ്ശെ ബന്യാമിൻ മകളെ യെരുശലേമിലേക്ക് അയച്ചു. അദീനായുടെ പഠനകാലത്താണ് യേശുവിന്റെ പരസ്യപ്രവർത്തനം ഉണ്ടായതു്. യേശുവിന്റെ പരസ്യപ്രവർത്തനങ്ങൾ നേരിൽ കണ്ട അദീനാ അതിനെപ്പറ്റി പിതാവിനെ എഴുതി അറിയിക്കുന്ന 39 കത്തുകളുടെ രൂപത്തിലാണ് റവ. ഇൻഗ്രഹാമിന്റെ കൃതി.

ഈ വിശിഷ്ടകൃതി അങ്ങേയറ്റം രസകരമായി തോന്നിയ ശ്രീ കിഴക്കുംകര എം. പൗലൂസ്, (മാമലശ്ശേരി) യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ശ്ലീഹന്മാർ ചെയ്ത വിസ്മയസംഗതികളും വിശുദ്ധ പൗലൂസിന്റെ അദ്ഭുതകരമായ മനസ്സുതിരിവും മറ്റും ചേർത്ത് ഇതിനൊരു രണ്ടാം ഭാഗം മൂലഗ്രന്ഥത്തിന്റെ രീതിയിൽതന്നെ ചമയ്ക്കണമെന്ന് തീർച്ചയാക്കി.' (ഗ്രന്ഥകർത്താവ് മുഖവുരയിൽ)

1099 (1923) മുതൽ നാലു വർഷം കൊണ്ടാണ് രചന പൂർത്തിയാക്കി 1103 ധനു 13 ന് (1927) പ്രസിദ്ധീകരിച്ചതെന്ന് മുഖവുരയിൽ കാണുന്നു. മൂവാറ്റുപുഴയിൽ നിന്നാണ് പ്രസിദ്ധീകരിച്ചത്. "അനുഗ്രഹീതക്രൈസ്തവ കവി' എന്ന് പുസ്തകകർത്താവിനെ പ്രസാധകൻ വിളിക്കുന്നു. (ആദിയും അന്ത്യവും ഇല്ലാത്ത ഒരു പ്രതിയാണ് എന്റെ കൈയിലെത്തിയതെന്ന തിനാൽ പ്രസാധകന്റെ പൂർണ്ണവിവരങ്ങൾ അറിഞ്ഞുകൂടാ.)

എഴുതിത്തുടങ്ങി 11 കത്തുകൾ പൂർത്തിയായപ്പോൾ ഇത് "ക്രൈസ്തവ മഹിളാമണി' മാസികയിൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ചു തുടങ്ങി. ഗ്രന്ഥ കർത്താവ് വേറെയും രചനകൾ നടത്തിയതായി പറയുന്നെങ്കിലും അവയെക്കുറിച്ച് കൂടുതൽ അറിയാൻ കഴിഞ്ഞില്ല. ഗ്രന്ഥകാരന്റെ സാഹി ത്യകൃതികൾ അക്കാലത്ത് മലയാള മനോരമ, കേരളീയ ദേശാഭിമാനി, എന്നിവയിലും മറ്റും വെളിച്ചം കണ്ടിരുന്നതായി പറയപ്പെടുന്നു. മനോരമ യിൽ ചെറുകഥകളും മറ്റും എഴുതിയിരുന്നത്രേ. ക്ലായിത്തോമ്മായുമായി ബന്ധപ്പെട്ട തിരുവരങ്കൻ കഥ അങ്ങനെ പ്രസിദ്ധം ചെയ്തതിൽ പെടുന്നു. കുന്നംകുളം എ.ആർ.പി. പ്രസിൽ നിന്ന് ഇദ്ദേഹത്തിന്റെ ട്രിപ്പൊളി എന്ന നോവൽ 1931 ൽ പുറത്തുവന്നിട്ടുണ്ട്. അതിനെക്കുറിച്ച് മനോരമയിൽ പുസ്തകാഭിപ്രായം രേഖപ്പെടുത്തിയിരുന്നുവത്രേ.

അപ്പൊസ്തലന്മാരുടെ നടപടികളും മറ്റും നേരിട്ടു കണ്ടവരും മറ്റും വിവരിക്കുന്നതാണ് അദീനയുടെ കത്തുകളുടെ' ഈ രണ്ടാംഭാഗത്തിന്റെ ഉള്ളടക്കം. മൂലകൃതിയിലെപ്പോലെതന്നെ സംഭവങ്ങൾ അദീനാ പിതാ വിനെ എഴുതി അറിയിക്കുന്ന രീതിയിലാണ് രചന. പുത്രിയുടെ ക്ഷേമാ ന്വേഷണാർത്ഥം പിതാവ് യെരുശലേമിൽ വന്നതു വിവരിച്ചുകൊണ്ടാണ് തുടക്കം. അദ്ദേഹം ഏതാനും നാൾ മകളോടൊപ്പം യെരുശലേമിൽ തങ്ങി. യേശുവിന്റെ മരണ പുനരുത്ഥാനങ്ങൾ യഥാർത്ഥ യെഹൂദനായ ബന്യാ മിന് ആദ്യം വിശ്വാസമായിരുന്നില്ല. എന്നാൽ മകളുടെ വിശദീകരണം കൊണ്ട് അതു വിശ്വസിച്ചിട്ടാണ് അദ്ദേഹം സ്വദേശത്തേക്കു പോയത്.

വേദപുസ്തകസംഭവങ്ങളുടെ വിവരണത്തിൽ സഭാചരിത്രം, ആദിമ സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങൾ മുതലായവയിലുള്ള വസ്തുതകളോ ടൊപ്പം ഗ്രന്ഥകാരന്റെ ഭാവനയും സ്ഥാനം പിടിച്ചിരിക്കുന്നു. ലാസറിന്റെ ഭവനം, കന്യകമാതാവിന്റെ വസതി തുടങ്ങിയ പല ഇടങ്ങളും കഥന പശ്ചാത്തലമാണ്. ചിത്രീകരണസൗകര്യാർത്ഥം പുതിയ കഥാപാത്ര ങ്ങളും പ്രത്യക്ഷപ്പെടുന്നുണ്ട്. സുവിശേഷത്തിലെ സംഭവങ്ങളുടെ പുന രവതരണവും കാണാം.

കന്യകമറിയാമിന്റെ ബാല്യം മുതലുള്ള സംഭവങ്ങളും മറ്റും ഇതര ക്രൈസ്തവ ഗ്രന്ഥങ്ങളിൽ നിന്ന് യുക്തമായി ചേർത്തിട്ടുള്ള മറിയാമിന്റെ പൂർണ്ണജീവചരിത്രംതന്നെ ഈ കത്തുകളിൽ ഉണ്ട്. യേശുവിന്റെ ജനനം,

മ്ഗ്ദശന്മാരുടെ വരവ്, ശിശുവധം, മിസ്രയീം യാത്ര ഇവയെല്ലാം ഇതിൽ വിവരിക്കുന്നു.

ശിശുവധം നടത്തുന്നതിനിടയിൽ ഹേരോദാരാജാവ് ശിശുവായ സ്നാപകയോഹന്നാനെ തെരഞ്ഞുപോയിട്ട് പിതാവായ സ്കറിയാപുരോഹിതനെ ദേവാലയത്തിൽ വച്ച് വധിക്കുന്നത് ഇതിൽ വായിക്കാം.

മെസ്രയിം യാത്രയ്ക്കിടയിലെ അദ്ഭുതസംഭവങ്ങൾ ദീർഘമായി കത്തുകളിലുണ്ട്. യേശുവിന്റെ ശൈശവത്തിലെ അദ്ഭുതപ്രവൃത്തികൾ മാതാവിന്റെ വാക്കുകളിലൂടെയും മറ്റും വർണ്ണിച്ചിരിക്കുന്നു. പീലാത്തോസിന്റെ ഭാര്യ, നിക്കോദീമോസ് എന്നിവരുടെ പില്ക്കാലവിശേഷങ്ങളും ഭാവനാത്മകമായി ചേർത്തിരിക്കുന്നു. യേശുവിന്റെ മാതാവും ശിഷ്യരുമായുള്ള കൂടിക്കാഴ്ചകളുടെ നാടകീയരംഗങ്ങൾ ചിത്രീകരിച്ചിട്ടുണ്ട്. ശൗലിന്റെ മാനസ്സാന്തരം, യാക്കോബിന്റെ വധം, മുതലായവ സർഗ്ഗാത്മകയോടെ വിവരിച്ചിരിക്കുന്നു. ഇവയെല്ലാം തന്നെ സംഭവസ്ഥലത്തുണ്ടായിരുന്നവരുടെ വാക്കുകളിലാണ് വെളിപ്പടുത്തുന്നത്. അപ്പൊക്രിഫാകൃതികളെ രചയിതാവ് നല്ലപോലെ ആശ്രയിച്ചിട്ടുള്ളതായി തോന്നുന്നു.

കൂടെ യാത്രചെയ്തവരുടെ കത്തുകൾ ഉദ്ധരിച്ചാണ് വി.പൗലൂസിന്റെ യാത്രാവിവരണം അദീനാ എഴുതുന്നത്.

അവസാനഭാഗത്തെ 21 മുതലുള്ള കത്തുകളിൽ കന്യകമറിയാമിന്റെ അന്ത്യകാലമാണ് വിവരിക്കുന്നത്. (24-ാം കത്തു വരെയുള്ളവയേ കാണാൻ സാധിച്ചിട്ടുള്ളൂ. പുസ്തകം പൂർണ്ണരൂപത്തിലല്ല ലഭിച്ചത്.)

അനേക ഗ്രന്ഥങ്ങൾ പഠിച്ച് അപ്പൊസ്തലന്മാരുട കാലത്തെ ചരിത്രവും, സുവിശേഷസംഭവങ്ങളും പുതിയനിയമ അപ്പോക്രിഫാപുസ്തകങ്ങളിലെ വിവരണങ്ങളും പിതാക്കന്മാരുടെ എഴുത്തുകളും സഭാചരിത്രവും സ്വന്ത ഭാവനയും എല്ലാം സമഞ്ജസമായി സമ്മേളിപ്പിച്ച് മനോഹരമായി രചിച്ച ഈ ഗ്രന്ഥം അധികം പേർക്കും ഇന്ന് ലഭ്യമാകയില്ല. മുഴുരൂപത്തിലുള്ള ഒരു പകർപ്പിനായി ലൈബ്രറികളിലെ അന്വേഷണം വിഫലമായി. പുനഃപ്രസിദ്ധീകരണാർഹമെന്നു കരുതുന്ന ഇതിന്റെ കോപ്പി കൈവശമുള്ളവർ അറിയിച്ചാൽ നല്ലത്.

ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭദശയിൽ ഒരു നാട്ടുമ്പുറക്കാരന്റെ പരിമിത സാഹചര്യത്തിൽ ഇത്തരം വിപുലമായ പഠനവും ഉദാത്തമായ സർഗ്ഗശക്തിയും ഭാഷാസ്വാധീനവും വേണ്ട ഒരു രചനയ്ക്കൊരുങ്ങിയ ഈ പണ്ഡിതൻ ഇന്ന് ശ്രദ്ധിക്കപ്പെടാതെ വിസ്മൃതനായതെങ്ങനെ എന്ന് നാം അദ്ഭുതപ്പെടേണ്ടതുണ്ട്